N12<526908121 021
ubTÜBINGEN
LSS

ഭൂമിശാസ്ത്രം

GEOGRAPHY

BY THE

REV. JOSEPH PEET.

COTTAYAM:
PRINTED AT THE CHURCH MISSION PRESS.

1853.

C i XIV 40 a

൦൫ ഭ്രമിശാസ്ത്രത്തിൽ ഉൾപ്പെട്ടിരിക്കുന്ന

വൃത്താന്തങ്ങളെ കുറിച്ചുള്ള വിവരങ്ങൾ.

സംഗതികൾ. ഉത്തരത്തെ കാണിക്കുന്ന പുറം.

ആദിത്യനെ കുറിച്ച പറഞ്ഞിരിക്കുന്നത എന്ത. - - - - ൫
ഭ്രമി ആദിത്യനെ ചുറ്റി സഞ്ചരിക്കുന്നുണ്ടോ. - - - - ൬
ഗ്രഹങ്ങളെ കുറിച്ച. - - - - - - - - - - - ൯
നക്ഷത്രങ്ങളെ കുറിച്ച. - - - - - - - - - - ൧൦
ഗ്രഹണങ്ങളുടെ കാരണം എന്ത. - - - - - - - ൧൩
വേലിയേറ്റം ഇറക്കങ്ങളെ കുറിച്ച. - - - - - - - ൧൭
ആണ്ടുകളായിട്ടും മാസങ്ങളായിട്ടും ആഴ്ചകളായിട്ടുമുള്ള കാല
വിഭാഗത്തെ കുറിച്ച. - - - - - - - - - - ൨൧
ഭ്രമിയുടെ രൂപം എന്ത. - - - - - - - - - - ൨൬
ഭ്രമിയുടെ വലിപ്പത്തെയും ഗമനത്തെയും കുറിച്ച. - - - ൨൮
കരയുടെ വിഭാഗങ്ങളെ കുറിച്ച. - - - - - - - ൩൨
വെള്ളങ്ങളുടെ വിഭാഗങ്ങളെ കുറിച്ച. - - - - - - ൩൫
ആസിയാ എന്ന വൻകര എവിടെ. - - - - - - - ൩൭
ആസിയായിൽ എത്ര പ്രധാന അംശങ്ങൾ ഉണ്ട. - - - ൩൭
ധവളഗിരി എന്ന മലനിരയിൽ ആകുന്ന അത എന്തിനായിട്ട
കേൾവിപ്പെട്ടിരിക്കുന്നു. - - - - - - - - - ൩൭
ആസിയായിലുള്ള തുർക്കി എവിടെ. - - - - - - - ൩൯
ചെറിയ ആസിയാ എവിടെ. - - - - - - - - ൪൨
ക്രൈമെട്ട എന്നുള്ളത എന്ത. - - - - - - - - ൪൫
ധാന്യവെള്ളം എന്നുള്ളത എന്ത. - - - - - - - ൪൮
ഒമസ്സോസ എന്ന വിശേഷ നഗരം എവിടെ. - - - - ൪൯
അന്തിയോഖിയാ എന്ന പട്ടണം ഏത ദേശത്തിൽ ആകുന്നു. ൫൦
ഫൊനിക്കയക്കാരെ കുറിച്ച എന്ത വിശേഷമായിട്ട പറയപ്പെ
ട്ടിരിക്കുന്നു. - - - - - - - - - - - - ൫൨
പലെസ്തീൻ എന്ന ദേശം എവിടെ. - - - - - - - ൫൨
അർമെനിയ എന്ന ദേശം എവിടെ. - - - - - - ൫൪
ബശാര എന്ന പട്ടണം എവിടെ. - - - - - - - ൫൬
അറാബിയ എന്ന ദേശം എവിടെ. - - - - - - ൫൭
മെക്കാ എന്നും മെദിനാ എന്നുമുള്ള പട്ടണങ്ങൾ എവിടെ എ
ന്നിന്ന കേൾവിപ്പെട്ടിരിക്കുന്നു. - - - - - - - ൫൮
കറവാൻ എന്ത. - - - - - - - - - - - ൫൯
പാർസിയ എന്ന രാജ്യം എവിടെ. - - - - - - - ൬൦
ക്തിസ്സ എന്ന പട്ടണത്തെ കുറിച്ച എന്ത പറയുന്നു. - - - ൬൨
സൈമൂൻ എന്നത എന്ത. - - - - - - - - - ൬൭

പാർസിയക്കാരുടെ പണ്ടത്തെ മതം എന്ത. - - - - - - ൫൭
നാഫ്ത്താ എന്നുള്ളത എന്ത. - - - - - - - - - - ൫൭
അപ്പാനിസ്ഥാൻ എവിടെ. - - - - - - - - - - ൫൮
ബെലൂചിസ്ഥാൻ എവിടെ. - - - - - - - - - - ൫൯
ഇന്ദ്യാ എവിടെ. - - - - - - - - - - - - - - ൬൦
ഇന്ദ്യായിൽ എത്ര പ്രധാന അംശങ്ങൾ ഉണ്ട. - - - - ൬൦
ഇന്ദ്യായിലുള്ള ഏററവും വലിയ ആറ ഏത. - - - - ൬൨
കാശ്മീർ എവിടെ. - - - - - - - - - - - - - ൬൫
സെർമൂർ എവിടെ - - - - - - - - - - - - - ൬൫
ഗുർവാൽ എവിടെ. - - - - - - - - - - - - - ൬൬
നെപ്പാളം എവിടെ. - - - - - - - - - - - - ൬൭
സാളഗ്രാമക്കല്ല എന്തിന്ന കേൾവിപ്പെട്ടിരിക്കുന്നു. - - - ൬൮
ലഹോർ അല്ലെങ്കിൽ പഞ്ചാബ എവിടെ. - - - - - ൬൮
ദെല്ഹി എന്ന ദേശം എവിടെ. - - - - - - - - - ൭൦
ദെല്ഹി എന്ന പട്ടണത്തെ കുറിച്ച എന്ത വിശേഷമായിട്ട പറയപ്പെട്ടിരിക്കുന്നു. - - - - - - - - - - - - ൭൦
അയോധ്യ ദേശം എവിടെ. - - - - - - - - - ൭൧
ബാഹാർ എന്ന ദേശം എവിടെ. - - - - - - - - - ൭൨
ഗായാ എന്ന പട്ടണത്തെ കുറിച്ചുള്ള വിശേഷം എന്ത. - - ൭൨
ബെങ്കാൾ എന്ന ദേശം എവിടെ. - - - - - - - - ൭൩
കല്ക്കത്താ എവിടെ ഏത ദേശത്തിന്റെ തലസ്ഥാനം - - ൭൪
സിഖിം എന്ന ദേശം എവിടെ. - - - - - - - - - ൭൬
കൂച്ചബാഹാർ എവിടെ. - - - - - - - - - - - ൭൬
ബിജ്ജി എന്ന ദേശം എവിടെ. - - - - - - - - - ൭൭
ജെന്ത്യാ എന്ന ദേശം എവിടെ. - - - - - - - - ൭൭
കാച്ചാർ എന്ന ദേശം എവിടെ. - - - - - - - - ൭൮
മൂൽത്താൻ എന്ന ദേശം എവിടെ. - - - - - - - - ൭൮
അജ്മീർ എന്ന ദേശം എവിടെ. - - - - - - - - - ൭൯
ചിത്തോർ എന്ന പട്ടണം എവിടെ എന്തിന കേൾവിപ്പെട്ടിരിക്കുന്നു. - - - - - - - - - - - - - - ൭൯
അഗ്രാ എന്ന ദേശം എവിടെ. - - - - - - - - - ൮൦
അള്ളഹബാദ എന്ന ദേശം എവിടെ. - - - - - - - ൮൨
ബെനാരെസ എന്ന പട്ടണം എവിടെ എന്തിനായിട്ട കേൾവിപ്പെട്ടിരിക്കുന്നു. - - - - - - - - - - - - ൮൨
സിന്ധ എന്ന ദേശം എവിടെ. - - - - - - - - - ൮൪
കുച്ച എന്ന ദേശം എവിടെ. - - - - - - - - - ൮൫
ഗുജെറാത്ത എന്ന ദേശം എവിടെ. - - - - - - - - ൮൬
പത്തൻ സോമ്നാത എന്ന പട്ടണം എന്തിന്ന കേൾവിപ്പെട്ടിരിക്കുന്നു. - - - - - - - - - - - - - - ൮൬
മാൽവാ എന്ന ദേശം എവിടെ. - - - - - - - - ൮൭
കാൻഡെഷ എന്ന ദേശം എവിടെ. - - - - - - - - ൯൦
ഗുന്ദ്വാന എന്ന ദേശം എവിടെ. - - - - - - - - ൯൧
മഹാദ്യൊ എന്ന പട്ടണം എന്തിന്ന കേൾവിപ്പെട്ടിരിക്കുന്നു. - ൯൨
ഓറീസാ എന്ന ദേശം എവിടെ. - - - - - - - - ൯൨

ജഗന്നാഥം എന്ന പട്ടണം എവിടെ എന്തിന്ന കേൾവിപ്പെട്ടിരിക്കുന്നു. - - - - - - - - - - - - - - ൻ൩
ബെറാർ എന്ന ദേശം എവിടെ. - - - - - - - - ൻ൪
അസ്സായി എന്ന പട്ടണം എന്തിന്ന ശ്രുതിപ്പെട്ടിരിക്കുന്നു. - - ൻ൫
ഓറങ്ങബാദ എന്ന ദേശം എവിടെ. - - - - - - - ൻ൬
ബൊംബെ എവിടെ ആകുന്നു എന്തിന്ന കേൾവിപ്പെട്ടിരിക്കുന്നു ൻ൭
നാസ്സൎക്ക എന്ന പട്ടണം എന്തിന്ന ശ്രുതിപ്പെട്ടിരിക്കുന്നു. - - ൻ൭
ബെദെർ എന്ന ദേശം എവിടെ. - - - - - - - - ൻ൮
ഹൈദ്രബാദ എന്ന ദേശം എവിടെ. - - - - - - - ൻൻ
ഗോൽകൊണ്ടാ എന്ന പട്ടണം എന്തിന്ന കേൾവിപ്പെട്ടിരിക്കുന്നു ൻൻ
വടക്കെ സൎക്കാൎസ എന്ന ദേശം എവിടെ. - - - - - - ൧൦൦
ഗഞ്ചാം എന്ന പട്ടണം എവിടെ. - - - - - - - - ൧൦൧
രാജമന്ദ്രി എന്ന പട്ടണം എന്തിന്ന കേൾവിപ്പെട്ടിരിക്കുന്നു. - ൧൦൧
കോറിങ്ങ എന്താകുന്നു. - - - - - - - - - - - - ൧൦൧
കൊങ്കാൻ എന്നും ബെജപൂര എന്നുമുള്ള ദേശങ്ങൾ എവിടെ. ൧൦൨
പൂനാ എന്ന പട്ടണം എന്തിന്ന കേൾവിപ്പെട്ടിരിക്കുന്നു. - - ൧൦൨
ഗോവാ എവിടെ. - - - - - - - - - - - - - ൧൦൩
ദ്വാബ എന്ന ദെശം എവിടെ. - - - - - - - - - ൧൦൪
ബെല്ലൊം എന്ന പട്ടണം എവിടെ. - - - - - - - ൧൦൪
സിദെദ ദിക്കുകൾ എവിടെ. - - - - - - - - - - ൧൦൫
കഡപ്പ എന്ന പട്ടണം എന്തിന്ന കേൾവിപ്പെട്ടിരിക്കുന്നു. - ൧൦൭
വടക്കെ കാർനാററിക്ക എവിടെ. - - - - - - - - ൧൦൭
കനറാ എന്ന ദേശം എവിടെ. - - - - - - - - - ൧൦൭
മംഗലൂർ എന്ന പട്ടണം എന്തിന്ന കേൾവിപ്പെട്ടിരിക്കുന്നു. - ൧൦൭
മൈസൂർ എന്ന ദേശം എവിടെ. - - - - - - - - - ൧൦൭
സിമൂഗ എന്ന പട്ടണം എന്തിന്ന കേൾവിപ്പെട്ടിരിക്കുന്നു. - ൧൦൮
ശ്രീരംഗപട്ടണം എന്നും ബംഗളൂര എന്നുമുള്ള നഗരങ്ങൾ എന്തിന്ന വിശേഷപ്പെട്ടിരിക്കുന്നു. - - - - - - - - ൧൦൮
ബരമഹാൽ എന്ന ദേശം എവിടെ. - - - - - . - ൧൧൦
നടുവിലത്തെ കാർനാററിക്ക എവിടെ. - - - - - - ൧൧൦
മദ്രാസ എന്ന പട്ടണം എവിടെ എന്തിന്ന വിശേഷപ്പെട്ടിരിക്കുന്നു. - - - - - - - - - - - - - - - - ൧൧൧
പുതുച്ചേരി എന്ന പട്ടണം എന്തിന്ന കേൾവിപ്പെട്ടിരിക്കുന്നു. - ൧൧൨
കുടഗ എന്ന ദേശം എവിടെ, - - - - - - - - - - ൧൧൨
സേലം എന്ന ദേശം എവിടെ. - - - - - - - - - ൧൧൩
മലബാർ എന്ന ദേശം എവിടെ. - - - - - - - - - ൧൧൪
കണ്ണൂര എന്ന പട്ടണം എന്തിന്ന കേൾവിപ്പെട്ടിരിക്കുന്നു. - ൧൧൪
കോയംബത്തൂര എന്ന ദേശം എവിടെ. - - - - - - - ൧൧൫
തിരുവിതാംകോട എന്ന ദേശം എവിടെ. - - - - - - ൧൧൭
കൊച്ചി എന്ന പട്ടണം എന്തിന്ന കേൾവിപ്പെട്ടിരിക്കുന്നു. - ൧൧൭
തെക്കെ കാർനാററിക്ക എവിടെ. - - - - - - - - ൧൧൮
ത്രിശ്ശിനാപ്പള്ളി എവിടെ എന്തിന്ന കേൾവിപ്പെട്ടിരിക്കുന്നു. - ൧൧ൻ
മഥുര എന്ന പട്ടണം എന്തിന്ന കേൾവിപ്പെട്ടിരിക്കുന്നു. - - ൧൧ൻ
രാമേശ്വരം എവിടെ. - - - - - - - - - - - ൧൨൦
ലക്ഷദ്വീപുകളും മലദ്വീപുകളും എവിടെ. - - - - - - ൧൨൧

സെലോൻ എന്ന ദ്വീപ എവിടെ. - - - - - - - - ൧൨൧
താൎത്തറി എന്ന ദേശം എവിടെ. - - - - - - - - ൧൨൨
ഖിവാ എന്ന ദേശം എവിടെ. - - - - - - - - - ൧൨൩
കോകാനും ബൊക്കാറായും എന്ന ദേശങ്ങൾ എവിടെ. - - ൧൨൪
തുൎക്കൊമനിയാ എന്ന ദേശം എവിടെ. - - - - - - - ൧൨൫
കൂണ്ടൂസും ചീനതാൎത്തറിയും എന്ന ദേശങ്ങൾ എവിടെ. - - ൧൨൬
തിബെത്ത എന്ന ദേശം എവിടെ. - - - - - - - - ൧൨൭
ലാസ്സാ എന്ന പട്ടണം എവിടെ എന്തിന്ന കേൾവിപ്പെട്ടിരിക്കുന്നു ൧൨൮
ചീന എന്ന ദേശം എവിടെ. - - - - - - - - - ൧൩൦
കോറെയാ എന്ന ദേശം എവിടെ. - - - - - - - - ൧൩൨
യാപ്പാൻ എന്ന ദേശം എവിടെ. - - - - - - - - ൧൩൨
ബൂത്താൻ എന്ന ദേശം എവിടെ. - - - - - - - - ൧൩൩
ആസ്സാം എന്ന ദേശം എവിടെ. - - - - - - - - ൧൩൪
അറാക്കാൻ എന്ന ദേശം എവിടെ. - - - - - - - - ൧൩൫
ബൂൎമ്മാ എന്ന ദേശം എവിടെ. - - - - - - - - - ൧൩൬
റാൻഗ്രൻ എന്ന പട്ടണം എന്തിന്ന കേൾവിപ്പെട്ടിരിക്കുന്നു. ൧൩൭
ശാൻ ദേശം എവിടെ. - - - - - - - - - - - ൧൩൮
കാശ്യൈ എന്ന ദേശം എവിടെ. - - - - - - - - - ൧൩൮
അണ്ടാമൻ എന്നും നിക്കോബാർ എന്നുമുള്ള ദ്വീപുകൾ എവിടെ. ൧൩൮
കൊച്ചിൻ ചീന എന്ന ദേശം എവിടെ. - - - - - - - ൧൪൦
സിയാം എന്ന ദേശം എവിടെ. - - - - - - - - - ൧൪൧
യങ്കസെലൊൻ എന്ന ദേശം എവിടെ: - - - - - - - ൧൪൨
മലയി എന്ന ദേശം എവിടെ. - - - - - - - - - ൧൪൩
കിഴക്കൻ ദ്വീപുകൾ എവിടെ. - - - - - - - - - ൧൪൪
ബോൎന്നിയൊ എന്ന ദ്വീപ എവിടെ. - - - - - - - - ൧൪൫
മോളുക്കസ എന്നും ബണ്ടാ എന്നും സണ്ട എന്നുമുള്ള ദ്വീപുകൾ
എവിടെ. - - - - - - - - - - - - - - - ൧൪൬
ഓസ്ട്രാലിയ എന്ന ദേശം എവിടെ. - - - - - - - - ൧൪൭
ന്യൂസീലാണ്ട എന്ന ദ്വീപുകൾ എവിടെ. - - - - - - - ൧൪൭
പൊലിനെസിയ എന്ന ദ്വീപുകൾ എവിടെ. - - - - - ൧൪൮
മാക്വെസാസ എന്നും സാണ്ട്വിച്ച എന്നും കറോലിനാ എന്നും
ലദ്രോസ്സ എന്നുമുള്ള ദ്വീപുകൾ എവിടെ - - - - ൧൫൦
യൂറോപ്പ എന്ന വൻകര എവിടെ. - - - - - - - - ൧൫൧
ഇംഗ്ലാണ്ട എവിടെ. - - - - - - - - - - - - ൧൫൪
കൌന്തി എന്നത എന്ത. - - - - - - - - - - - ൧൫൪
ഇംഗ്ലാണ്ടിലെ വിശേഷത എന്ത. - - - - - - - - ൧൫൬
വേത്സ എന്ന ദേശം എവിടെ. - - - - - - - - - ൧൫൭
സ്നോദോൻ എന്ന മല എന്തിന്ന കേൾവിപ്പെട്ടിരിക്കുന്നു. - - ൧൫൭
സ്കൊത്തൂാണ്ട എന്ന ദേശം എവിടെ. - - - - - - - ൧൫൮
ഇർലാണ്ട എന്ന ദേശം എവിടെ. - - - - - - - - ൧൬൨
റുസ്സിയാ എന്ന ദേശം എവിടെ. - - - - - - - - - ൧൬൫
പെറെറസ്ബുൎഗ്ഗ എന്ന പട്ടണം എവിടെ-എന്തിന്ന ശ്രുതിപ്പെട്ടി
രിക്കുന്നു. - - - - - - - - - - - - - - - ൧൬൫
ഓഡെസ എന്ന നഗരം എവിടെ-എന്തിന്ന കേൾവിപ്പെട്ടി
രിക്കുന്നു. - - - - - - - - - - - - - - - ൧൬൬

കടിഞ്ഞാൺകല എന്തൊരു മാതിരി മൃഗം ആകുന്നു. - - - കന്നു
സ്വെദൻ എന്ന ദേശം എവിടെ. - - - - - - - - കന്നുവ
നോവെ എന്ന ദേശം എവിടെ. - - - - - - - - - കന്നുവ
സ്റ്റൊക്ക്ഹോലം എന്ന പട്ടണം ഏത രാജ്യത്തിലെ തലസ്ഥാനം
ആകുന്നു. - - - - - - - - - - - - - കന്നൻ
നോവെയിലെ തലസ്ഥാനം ഏത. - - - - - - - - കന്നൻ
ഏററവും നല്ല ഇരിമ്പ എവിടെനിന്ന വരുന്നു. - - - - കഴം
ഡെന്മാക്ക എന്ന ദേശം എവിടെ. - - - - - - - - കഴം
കോപെൻഹഗെൻ എന്ന പട്ടണം ഏത രാജ്യത്തിൻെറ തല
സ്ഥാനം ആകുന്നു. - - - - - - - - - - - കഴ.ക
ഫ്രാൻസ എന്ന രാജ്യം എവിടെ. - - - - - - - - കഴവ
പാറീസ എന്ന കേൾവിപ്പെട്ടിരിക്കുന്ന പട്ടണം ഏത രാജ്യ
ത്തിൻെറ തലസ്ഥാനം ആകുന്നു. - - - - - - - - കഴവ
നാന്തെസ എന്ന പട്ടണം എന്തിന്ന കേൾവിപ്പെട്ടിരിക്കുന്നു. - കഴവ
സ്വാസ്സ്വ് എന്ന പട്ടണത്തിൽ എന്ത വിശേഷപ്പെട്ട പണി ഇ
രിക്കുന്നു. - - - - - - - - - - - - - കഴന്ന
ഖത്തൊലൊമാ എന്ന പേരുള്ള ദിവസത്തിൽ എന്ത ക്രൂരത
ചെയ്യപ്പെട്ടിരുന്നു. - - - - - - - - - - - കഴരു
ഹോലാണ്ട എന്ന ദേശം എവിടെ. - - - - - - - കഴരു
അംസ്റ്റെഡ്ഡാം എന്ന പട്ടണം ഏത ദേശത്തിലെ തലസ്ഥാനം
ആകുന്നു. - - - - - - - - - - - - - കഴള
ഹോലാണ്ടിൽ എന്ത ക്രൂരത ചെയ്യപ്പെട്ടിരുന്നു. - - - - കഴന്ന
ബെല്ജിയം എന്ന ദേശം എവിടെ. - - - - - - - - കഴള
വാട്ടേല്ലൂ എന്ന സ്ഥലം എവിടെ എന്തിന്ന കീർത്തിപ്പെട്ടിരിക്കു
ന്നു. - - - - - - - - - - - - - - കഴള
സ്വിത്സ്സ്ല്ലാണ്ട എന്ന ദേശം എവിടെ എന്തിന്ന കേൾവിപ്പെ
ട്ടിരിക്കുന്നു. - - - - - - - - - - - കഴവ
ആൽപ്സ എന്ന മലകൾ എവിടെ. - - - - - - - - കഴവ
വില്ലിയംതെൽ ആരായിരുന്നു എന്തിന്ന കീർത്തിപ്പെട്ടിരിക്കുന്നു. കഴൻ
അവലാഞ്ഞ്സ എന്നത എന്ത. - - - - - - - - - കഴം
ജെർമ്മനി എന്ന ദേശം എവിടെ. - - - - - - - - കഴം
ഓസ്ത്രിയ എന്ന രാജ്യം എവിടെ. - - - - - - - കഴവ
ബൊഹേമീയാ എന്ന ദേശം എവിടെ. - - - - - - - കഴവ
കൊൻസ്താൻസ് എന്ന പട്ടണം എന്തിന്ന കേൾവിപ്പെട്ടിരിക്കുന്നു. കഴവ
മോറവിയാ എന്ന ദേശം എവിടെ. - - - - - - - - കഴവന
ഹൻഗറി എന്ന ദേശം എവിടെ. - - - - - - - - കഴവന
ലൊംബാഡി എന്തിന്ന ശ്രുതിപ്പെട്ടിരിക്കുന്നു. - - - - - കഴവന
വെനീസ എവിടെ എന്തിന്ന കേൾവിപ്പെട്ടിരിക്കുന്നു. - - കഴവരു
വീയെന്ന എന്ന പട്ടണം എവിടെ. - - - - - - - - കഴവരു
ഓസ്ത്രിയ രാജ്യത്തിലെ പ്രധാന ഇറമുഖ പട്ടണത്തിൻെറ പേ
ർ എന്ത. - - - - - - - - - - - - - കഴവരു
പ്രുസ്സിയാ എന്ന ദേശം എവിടെ. - - - - - - - - കഴവരു
ബെല്ലിൻ എന്ന പട്ടണം എവിടെ. - - - - - - - കഴവള
സക്സൊനി എന്ന ദേശം എവിടെ. - - - - - - - - കഴവള
സക്സൊനിയിലെ തലസ്ഥാനപട്ടണത്തിൻെറ പേർ എന്ത. - കഴവന

ടെസ്റ്റൺ എന്ന പട്ടണം എന്തിന്ന കേൾവിപ്പെട്ടിരിക്കുന്നു. – ൫൭൯
ബാവറിയാ എന്ന ദേശം എന്തിന്ന പ്രസിദ്ധപ്പെട്ടിരിക്കുന്നു. – ൫൭൯
വിട്ടെംബുൎഗ്ഗ എന്ന ദേശം എവിടെ. – – – – – – – ൫൭൯
ഹനൊവെർ എന്ന ദേശം എവിടെ. – – – – – – – ൫൭൯
ബാഡെൻ എന്ന സംസ്ഥാനം എവിടെ. – – – – – – – ൫൭൯
ബ്രൂൻസ്വിക്ക എന്ന ദേശം എവിടെ. – – – – – – – ൫൭൯
ഹാംബൂൎഗ്ഗ എന്ന പട്ടണം എവിടെ. – – – – – – – ൫൭൰
സ്പെയിൻ എന്ന ദേശം എവിടെ. – – – – – – – ൫൭൰
മദ്രിഡ എന്ന പട്ടണം ഏത ദേശത്തിലെ തലസ്ഥാനം ആകുന്നു ൫൭൰
പോൎത്തുഗാൽ എന്ന ദേശം എവിടെ. – – – – – – – ൫൮൧
ലിസ്ബൊൻ എന്ന പട്ടണത്തിന്ന നാശം വന്നത എങ്ങിനെ. – ൫൮൧
ഇത്താലി എന്ന ദേശം എവിടെ. – – – – – – – – ൫൮൨
റോം എന്ന പട്ടണം എവിടെ. – – – – – – – – – ൫൮൩
യൂറോപ്പിലെ തുൎക്കി എവിടെ. – – – – – – – – ൫൮൭
തുൎക്കിയിലെ തലസ്ഥാനപട്ടണത്തിൻെറ പേർ എന്ത. – – ൫൮൭
ഗ്രെക്ക എന്ന രാജ്യം എവിടെ. – – – – – – – – ൫൮൮
അഫ്രിക്ക എന്ന വൻകര എവിടെ. – – – – – – – – ൫൮൮
നീൽ എന്ന ആറ എവിടെ. – – – – – – – – – ൫൯൦
എജിപ്ത എന്ന ദേശം എവിടെ. – – – – – – – – – ൫൯൧
നുബിയ എന്ന ദേശം എവിടെ. – – – – – – – – ൫൯൨
അബിസീനയാ എന്ന ദേശം എവിടെ. – – – – – – – ൫൯൨
ബാൎബറി നാട്ടുകൾ എവിടെ. – – – – – – – ൫൯൩
സാഹാറാ എന്ന വനം എവിടെ. – – – – – – ൫൯൪
സിയറലിയൊൻ എവിടെ എന്തിന കേൾവിപ്പെട്ടിരിക്കുന്നു. ൫൯൫
കേപ്പുകൊലോനി എവിടെ. – – – – – – – – – ൫൯൭
സാൻഗിബാർ എവിടെ. – – – – – – – – – – ൫൯൭
മഡഗാസ്കർ എവിടെ. – – – – – – – – – – ൫൯൮
അമെരിക്കാ എവിടെ. – – – – – – – – – – ൫൯൮
കനഡ എവിടെ. – – – – – – – – – – – ൫൯൯
ന്യൂഫൌണ്ടലാണ്ട എവിടെ. – – – – – – – – ൬൦൦
ബെമ്മുഡസ എന്ന ദ്വീപുകൾ എവിടെ. – – – – – ൬൦൦
ഐക്യ നാട്ടുകൾ എവിടെ. – – – – – – – – – ൬൦൧
മെക്കിക്കൊ എവിടെ. – – – – – – – – – – ൬൦൩
തെക്കിയസ എവിടെ. – – – – – – – – – – ൬൦൪
അമസൊൻ എന്ന ആറ എന്തിന്ന കേൾവിപ്പെട്ടിരിക്കുന്നു. – ൬൦൫
കൊലംബിയ എവിടെ. – – – – – – – – – – ൬൦൫
പെറു എവിടെ. – – – – – – – – – – – ൬൦൬
ചിലി എന്ന ദേശം എവിടെ. – – – – – – – – ൬൦൭
പത്താഗോനിയാ എവിടെ. – – – – – – – – ൬൦൭
ലാപ്ലാത്താ എവിടെ. – – – – – – – – – ൬൦൮
ബ്രസ്സീൽ എവിടെ. – – – – – – – – – – ൬൦൮
ഗീയാനാ എവിടെ. – – – – – – – – – – ൬൦൮
പറാഗ്വൈ എവിടെ. – – – – – – – – – ൬൦൯
പടിഞ്ഞാറെ ഇന്ത്യയസ്സ എന്ന പേരുള്ള ദ്വീപുകൾ എവിടെ. ൬൦൯

ഭൂമിശാസ്ത്രം

ചോ. ഭൂമിശാസ്ത്രം എന്നുള്ളത എന്താകുന്നു?

ഉ. ഭൂമിശാസ്ത്രം എന്നത, ഭൂമിയെയും അതിലുള്ള ചരാചരങ്ങളെയും കുറിച്ചുള്ള വണ്ണനം ആകുന്നു. എന്നാൽ സൂയ്യൻ മുതലായവ ഭൂമിയോട സംബന്ധിച്ചിരിക്കകൊണ്ട അവയെയും കുറിച്ച കൂടെ അല്പം വിസ്തരിച്ച പറയുന്നുണ്ട.

ആദിത്യനെ കുറിച്ച.

ചോ. ആദിത്യൻ എന്ത?

ഉ. ആദിത്യൻ തന്റെ തേജസ്സുകൊണ്ട ശോഭിക്കുന്നതും ഭൂമി മുതലായ ഗ്രഹങ്ങളോട യോജിക്കുന്നതുമായുള്ള ഒരു വസ്തു ആകുന്നു.

ചോ. ആദിത്യന്ന എത്ര വലിപ്പം ഉണ്ട?

ഉ. നമ്മുടെ ഭൂമിയെ പോലെയുള്ള പത്ത ലക്ഷം ഭൂമികളോളം ആദിത്യന്ന വലിപ്പം ഉണ്ട. അത എന്തെന്നാൽ ആദിത്യൻ ഭൂമിയെക്കാൾ പത്ത ലക്ഷം പ്രാവശ്യം വലിപ്പമുള്ളതാകുന്നു.

ചോ. ആദിത്യൻ അനങ്ങാതെ തന്നെ നില്ക്കുന്നവൊ?

ഉ. ആദിത്യന്ന നില്ക്കുന്ന സ്ഥലത്തിൽനിന്ന മാറ്റം ഇല്ല എങ്കിലും നില്ക്കുന്ന നിലയിൽ തന്നെ ചവിട്ട ചക്രം പോലെ ഏകദേശം ഏഴ ദിവസം കൊണ്ട ഒരു പ്രാവശ്യം ചുറ്റിതിരിയുന്നു.

ചോ. ആദിത്യൻ നില്ക്കുന്ന നിലയിൽ തിരിയുന്നു എന്ന എങ്ങിനെ അറിയാം?

ഉ. പുകകൊണ്ട നന്നായി കറപ്പിച്ച കണ്ണാടിയിൽ കൂടി നോക്കിയാൽ ആദിത്യന്റെ ബിംബത്തിൽ ചില ഇടങ്ങൾ കറുത്ത നിറമായി കാണാം. ആ ഇടങ്ങളെ സൂക്ഷിച്ചാൽ അവ സ്ഥലം മാറുന്നു എന്നും ഏകദേശം ഏഴ ദിവസം കഴിയുമ്പോൾ മുമ്പിൽനിന്ന സ്ഥലത്തിൽ വരുന്നു എന്നും കാണുന്നു. അതകൊണ്ട ആ സമയത്തിൽ ആദിത്യൻ ഒരു പ്രാവശ്യം ചുറ്റിതിരിയുന്നു എന്ന നിശ്ചയിക്കാം.

ചോ. ആദിത്യൻ ഭൂമിയിൽനിന്ന എത്ര ദൂരമായിരിക്കുന്നു?

ഉ. ആദിത്യൻ ഭൂമിയിൽനിന്ന ഒമ്പത കോടി അമ്പത്തൊന്ന ലക്ഷത്തിഎഴപത്ത മൂവായിരം ഇംഗ്ലീഷ നാഴിക ദൂരം ആകുന്നു.

ചോ. ആദിത്യൻ ഭൂമി മുതലായവയോട സംബന്ധിച്ചിരിക്കുന്നത എങ്ങിനെ?

ഉ. ആദിത്യൻ തന്റെ രശ്മികൾകൊണ്ട ഭ്രമി മുതലായ ഗ്രഹങ്ങളെ പ്രകാശിപ്പികയും ഉഷ്ണിപ്പികയും ചെയ്യുന്നു. അത തന്നെയുമല്ല ആദിത്യൻ തന്റെ ആകഷ്ണ ശക്തികൊണ്ട ഭ്രമി മുതലായ ഗ്രഹങ്ങളെ എല്ലായ്പോഴും രാശിചക്രവഴിയായിട്ട തന്നെ ചുറി സഞ്ചരിപ്പികുന്നു. അങ്ങിനെ ഭ്രമി മുതലായ ഗ്രഹങ്ങൾ നില്ക്കാതെ ആദിത്യന്ന ചുറും നടകുന്നുണ്ട.

ചോ. രാശിചക്രം എന്നുള്ളത എന്ത?

ഉ. ഭ്രമി ആണ്ട തോറും ആദിത്യന്ന ചുറും സഞ്ചരികുന്നത എല്ലായ്പോഴും ഭേദം കൂടാതെ ഒരു വഴിയെ തന്നെ ആകുന്നതിനാൽ ആ വഴിക്കും അതിന്ന ഓരൊവശത്ത അഞ്ഞൂററി ചിലാനം ഇംഗ്ലീഷ നാഴിക വിസ്താരത്തിനും മേൽ നില്ക്കുന്ന നക്ഷത്രങ്ങളുള്ള സ്ഥലം രാശി ചക്രം എന്ന പേർ പറഞ്ഞവരുന്നു. ജ്യോതിക്ഷകാർ ആ വൃത്തത്തിലുള്ള നക്ഷത്രങ്ങളെ പന്ത്രണ്ടായി പകുത്തിരികുന്നു. ഓരൊ പങ്കിൽ നില്ക്കുന്ന നക്ഷത്രങ്ങളുടെ കൂട്ടത്തിന്ന സാമാന്യമായിട്ട രാശി എന്നും അവയെ പ്രത്യേകം അറിവാനായിട്ട ഓരോന്നിന്ന ഓരൊ പേരും കൂടെ താഴെ വരുന്ന പ്രകാരം ഇട്ടിരിക്കുന്നു അത എന്തെന്നാൽ

മകരം	ഇടവം	കന്നി
കുംഭം	മിഥുനം	തുലാം
മീനം	കർക്കടകം	വൃശ്ചികം
മെടം	ചിങ്ങം	ധനു.

ആദിത്യനെ ചുറി സഞ്ചരികുന്ന ഭ്രമി മുതലായ ഗ്രഹങ്ങൾ മേൽ പറഞ്ഞ ഓരോരൊ കൂട്ടത്തിന്റെ നേരെ ചെല്ലുമ്പോൾ അത ആ രാശിയിൽ നില്ക്കുന്ന എന്നും പറഞ്ഞ വരുന്നു. ഭ്രമി ആദിത്യനെ ചുറി സഞ്ചരികുയാൽ ആദിത്യൻ ചുറുന്ന പ്രകാരം തോന്നുന്നതകൊണ്ട ആദിത്യനും ഓരോരൊ രാശിയിൽ നില്ക്കുന്ന എന്ന സാമാന്യമായിട്ട പറഞ്ഞ വരുന്നു.

ചോ. ഭ്രമി ആദിത്യനെ ചുറി നടക്കുന്നു എന്ന പറയുന്നത അതിശയം തന്നെ. ആദിത്യൻ ഭ്രമിയെ ചുറി സഞ്ചരികുന്നു എന്ന ചില ആളുകൾ പറയുന്നില്ലയൊ?

ഉ. പറയുന്നുണ്ട സത്യം തന്നെ എന്നാൽ ഇപ്രകാരം നിശ്ചയിച്ച പറയുന്നത ബോധത്തിൻ പ്രകാരം അല്ല കാഴ്ചപ്രകാരം അത്രെ ആകുന്നത.

ചോ. ഭ്രമി ചുറിസഞ്ചരികുന്നതല്ലാതെ ആദിത്യൻ ചുറി സഞ്ചരികാത്ത പ്രകാരമുള്ള സാക്ഷികൾ ഉണ്ടൊ?

ഉ. അതിന്ന ബോധം വരുത്തുക സാക്ഷികൾ ഉണ്ട. എന്നാൽ ഇവയെ എല്ലാം നല്ലപോലെ തിരിച്ചറിയുന്നതിന്ന പഠിതം വേണ്ടുന്നത കൊണ്ട ഇപ്പോൾ എളുപ്പത്തിൽ മനസ്സിൽ ആകുതക്കവണ്ണമുള്ള രണ്ട മൂന്ന സാക്ഷികളെ പറയുന്നുള്ളു.

ഒന്നാമത. ഗ്രഹങ്ങൾക്ക നമ്മൾ സൂക്ഷിച്ചാൽ അറിയതക്കവണ്ണം രണ്ട ഗതികൾ ഉണ്ട. അതിൽ ഒന്ന ചവിട്ട ചക്രം അച്ചുതണ്ടിന്മേൽ തിരിയുന്നത പോലെയും, മറേറത വണ്ടി മുമ്പോട്ട പോകുന്ന പ്രകാരം വളഞ്ഞ വഴിയായിട്ടും ആദിത്യനെ ചുറി സഞ്ചരികുന്നു. എന്നാൽ നമ്മു

ടെ ഭൂമി ഗ്രഹങ്ങളിൽ ഒന്നാകുന്നു: മററ ഗ്രഹങ്ങൾ എന്ന പോലെ ആദിത്യനോട സംബന്ധിച്ചിരിക്കുമ്പോൾ അവയെ പോലെ ഗമിക്കാതെ അത മാത്രമെ നില്ക്കുന്നുള്ളു എന്ന തോന്നുവാൻ ഇടയില്ല.

രണ്ടാമത. ആദിത്യൻ ഭൂമിയെക്കാൾ പത്ത ലക്ഷം പ്രാവശ്യം വലിപ്പമുള്ളതാകുന്നു. വലിയ വസ്തു ചെറിയ വസ്തുവിനെ ആകർഷിക്കുന്നതല്ലാതെ ചെറിയതിന്ന വലിയതിനെ ആകർഷിപ്പാൻ കഴിയുന്നതല്ല എന്ന അല്പം പഠിച്ചിരിക്കുന്ന പൈതൽ പോലും അറിഞ്ഞിരിക്കുന്നു. ഏററം ഇറക്കം മുതലായവയാൽ ആദിത്യന്റെ ആകർഷണ ശക്തി നമ്മുടെ ഭൂമിയെ പിടിച്ചുകൊള്ളുന്നു എന്ന അറിവാൻ ഇടയുണ്ട. ഭൂമി സഞ്ചരിക്കാതെ ഇരുന്നാൽ ആദിത്യൻ തന്റെ അടുക്കലേക്ക അതിനെ വലിച്ച ദഹിപ്പിച്ച കളയും ഭൂമിയുടെ സഞ്ചാര ശക്തികൊണ്ട അതിനെ നശിപ്പിക്കതക്ക വണ്ണമായിട്ട ആദിത്യന്ന തന്റെ അടുക്കൽ ഭൂമിയെ വലിപ്പാൻ കഴിയുന്നതല്ല.

മൂന്നാമത. എല്ലാവരുടെ സമ്മതപ്രകാരം ബുധൻ എന്നും ശുക്രൻ എന്നും ഉള്ള രണ്ട ഗ്രഹങ്ങളുടെ ചക്രഗതി ഭൂമിക്കും ആദിത്യന്നും ഇടയിൽ ആകുന്നു. അങ്ങിനെ ഇരിക്കുമ്പോൾ ഭൂമി സഞ്ചരിക്കുന്നില്ലെങ്കിൽ മേൽ പറഞ്ഞ രണ്ട ഗ്രഹങ്ങളെ എല്ലാപ്പൊഴും ആദിത്യന്ന ഇപ്പുറം കാണേണമെല്ലൊ. എന്നാൽ ചിലപ്പോൾ അവ ആദിത്യന്ന അപ്പുറം ഇരിക്കുന്നു എന്ന തോന്നും അപ്രകാരം കാണുന്നത ഭൂമി ആദിത്യനെ ചുററി സഞ്ചരിക്കുന്നതകൊണ്ടത്രെ ആകുന്നത.

ഗ്രഹങ്ങളെ കുറിച്ച.

ചോ. ഗ്രഹങ്ങൾ എത്ര ഉണ്ട. അവയുടെ പേർ എന്ത അവ എത്ര കാലംകൊണ്ട ആദിത്യനെ ചുററി സഞ്ചരിക്കുന്നു?

ഉ. ഗ്രഹങ്ങൾ ൧൧ ഉണ്ട അവയുടെ പേർ എന്തെന്നാൽ ബുധൻ എന്നും ശുക്രൻ എന്നും ഭൂമി എന്നും ചൊവ്വാ എന്നും സീറീസ്സ എന്നും പല്ലസ്സ എന്നും ജൂനൊ എന്നും വെസ്ഥ എന്നും വ്യാഴം എന്നും ശനി എന്നും ജോൎജ്ജ്യം സൈദസ്സ എന്നും ആകുന്നു.

എല്ലാററിലും ആദിത്യനോട അടുത്തിരിക്കുന്ന ബുധൻ ആദിത്യനെ ചുററി സഞ്ചരിക്കുന്നതിന്ന ൮൭ ദിവസങ്ങളും ൨൩ മണിക്കൂറുകളും വേണ്ടിയിരിക്കുന്നു. അത ബുധന്റെ സംവത്സരം ആകുന്നു. അങ്ങിനെ ഓരൊ ഗ്രഹത്തിന്റെ സംവത്സരം ആദിത്യനെ ചുററി സഞ്ചരിക്കുന്ന കാലം ആകുന്നു.

ശുക്രൻ ആദിത്യനെ ചുററി സഞ്ചരിക്കുന്ന കാലം ൨൨൪ ദിവസങ്ങളും ൧൭ മണിക്കൂറുകളും ൪൯ വിനാഴികകളും ആകുന്നു.

ഭൂമിയുടെ സംവത്സരം ൩൬൫ ദിവസങ്ങൾ ആകുന്നു.

ചൊവ്വായുടെ സംവത്സരം ൬൮൭ ദിവസങ്ങളും ൩൯ മണിക്കൂറുകളും ൩൦൫ വിനാഴികകളും ആകുന്നു.

സീറീസ്സ എന്നും പല്ലസ്സ എന്നും ജൂനൊ എന്നും വെസ്ഥ എന്നും ജോൎജ്ജ്യം സൈദസ്സ എന്നുമുള്ള അഞ്ച ഗ്രഹങ്ങൾ കണ്ടെത്തപ്പെട്ടിട്ട കുറെ കാലമെ ആയുള്ളു.

സീറീസ്സ എന്ന ഗ്രഹം ആദിത്യനെ ചുററി സഞ്ചരിക്കുന്നതിന്ന ൪ സം

വത്സരങ്ങളും ൩൬൫ ദിവസങ്ങളും ൬൫ മണിക്രൂറുകളും ൯ മാത്രകളും വേണ്ടുന്നതാകുന്നു.

പല്ലസ്സ എന്ന ഗ്രഹം ചുറ്റി സഞ്ചരിക്കുന്നതിന്ന ൪ സംവത്സരങ്ങളും ൭ മാസങ്ങളും ൧൫ ദിവസങ്ങളും വേണ്ടുന്നതാകുന്നു.

ജൂനൊ എന്ന ഗ്രഹം ചുറ്റി സഞ്ചരിക്കുന്നതിന്ന ൪ സംവത്സരങ്ങളും ൩൫൭ ദിവസങ്ങളും വേണ്ടുന്നതാകുന്നു.

വെസ്ത എന്ന ഗ്രഹം ചുറ്റി സഞ്ചരിക്കുന്നതിന്ന ൩ സംവത്സരങ്ങളും ൽപ്പ ദിവസങ്ങളും ൪ മണിക്രൂറുകളും വേണ്ടുന്നതാകുന്നു.

വ്യാഴം എന്ന ഗ്രഹം ചുറ്റി സഞ്ചരിക്കുന്നതിന്ന ൧൨ സംവത്സരങ്ങളും ൩൧൪ ദിവസങ്ങളും ൧൯ മണിക്രൂറുകളും ൩൨ വിനാഴികകളും ൯ മാത്രകളും വേണ്ടുന്നതാകുന്നു.

ശനി എന്ന ഗ്രഹം ചുറ്റി സഞ്ചരിക്കുന്നതിന്ന ൨൯ കദേശം ൩൦ സംവത്സരങ്ങൾ വേണ്ടുന്നതാകുന്നു.

ജോജ്ജും സൈദസ്സ എന്നഗ്രഹം മറ്റ ഗ്രഹങ്ങളെക്കാൾ ആദിത്യനിൽ നിന്ന ഇലോം ദൂരമുള്ളതാകുന്നു ആദിത്യനെ ചുറ്റി സഞ്ചരിക്കുന്നതിന്ന വളര സംവത്സരം വേണ്ടിയിരിക്കുന്നു.

നക്ഷത്രങ്ങളെ കുറിച്ച.

ചോ. രാത്രിയിൽ കാണപ്പെടുന്ന നക്ഷത്രങ്ങൾ എന്ത?

ഉ. ആദിത്യനെ പോലെയുള്ള വസ്തുക്കൾ ആകുന്നു. എങ്കിലും അവ ആദിത്യനെക്കാൾ ഇലോം ദൂരമാകകൊണ്ട ഏറവും ചെറുതായിട്ട കാണപ്പെടുന്നു.

ചോ. നക്ഷത്രങ്ങൾക്ക നമ്മുടെ ഭ്രമിയോടെങ്കിലും ആദിത്യനോടെങ്കിലും സംബന്ധം ഉണ്ടൊ?

ഉ. ഗ്രഹങ്ങൾ അല്ലാതുള്ള നക്ഷത്രങ്ങൾ ആദിത്യനിൽനിന്നും ഭ്രമിയിൽനിന്നും വളരെ ദൂരമാകയാൽ അവയോട സംബന്ധം ഉണ്ടെന്ന തോന്നുവാൻ ഇടയില്ല.

ചോ. നക്ഷത്രങ്ങൾ മിന്നുന്ന കാരണം എന്ത?

ഉ. നക്ഷത്രങ്ങൾ ഭ്രമിയിൽനിന്ന ഇലോം ദൂരമാകകൊണ്ടും ആവിയാകുന്ന ലഘുവായിട്ടുള്ള മേഘങ്ങൾ നമുക്കും അവക്കും ഇടയിൽ ആകാശത്തിൽ ക്രുടി സഞ്ചരിക്കുന്നതകൊണ്ടും നക്ഷത്രങ്ങൾ ഇള്ളുന്നതായി കാണപ്പെടുന്നു.

ചോ. നക്ഷത്രങ്ങളാൽ നമുക്ക പ്രയോജനങ്ങൾ ഉണ്ടൊ?

ഉ. നാം ദൈവത്തിന്റെ മഹത്വത്തെ കുറിച്ച നന്നായി വിചാരിപ്പാനും ഇരുട്ടിനാൽ വരുന്ന മനോവിഷാദം കളവാനായിട്ടും വടക്ക ഭാഗത്തിരിക്കുന്ന ധ്രുവൻ എന്ന പേരുള്ള നക്ഷത്രത്താൽ യാത്രക്കാക്കും കപ്പല്ലുകാക്കും വളരെ ഉപകാരം ഉണ്ട.

ചോ. നക്ഷത്രങ്ങളാൽ എങ്കിലും ഗ്രഹങ്ങളാൽ എങ്കിലും നമുക്ക ഉപദ്രവം ഉണ്ടൊ?

ഉ. ശാസ്ത്രികാർ അറിവില്ലാത്തവരെ വഞ്ചിപ്പാനായിട്ട പറയുന്നതപോലെ അല്ല ഗ്രഹങ്ങൾ മുതലായവസ്തു പ്രാണൻ ഇല്ലല്ലൊ: അതകൊ

ണ്ട മനുഷ്യർ പിറക്കുമ്പോൾ അവ എങ്ങിനെ അറിയും? മനുഷ്യർ ജനിച്ചിരിക്കുന്ന സമയം അറിയുന്നില്ലെങ്കിൽ ജീവപര്യന്തം അവരെ ഉപദ്രവിപ്പാൻ ജീവനില്ലാത്ത നക്ഷത്രങ്ങൾക്കു എങ്കിലും ഗ്രഹങ്ങൾക്കു എങ്കിലും എങ്ങിനെ കഴിയും? എന്നാൽ ആദിത്യനും ചന്ദ്രനും ഭൂമിക്കു അടുത്താകകൊണ്ട അവ വെള്ളങ്ങളിലെ ഏറ്റവും ഇറക്കവും ഉണ്ടാക്കുകയും ആദിത്യനിൽനിന്ന വരുന്ന ഉഷ്ണം മൂലം കാറ്റ ഊതുകയും ചെയ്യുന്ന വായുവിൻ ശക്തികൊണ്ടെങ്കിലും വസന്ത കാറ്റകൊണ്ടെങ്കിലും ഉപദ്രവം വന്നാൽ ഏത ഗ്രഹങ്ങളുടെ കീഴിൽ ജനിച്ചിരിക്കുന്ന ആളുകൾ ഒരു പോലെ അപകടത്തിൽ അകപ്പെട്ടിരിക്കുന്നു. അതകൊണ്ട ആർക്കെങ്കിലും അനർത്ഥം വന്നാൽ അത അവന്റെ ഗ്രഹപ്പിഴയാകുന്നു എന്ന പറയുന്നത ബുദ്ധിമാന്മാർ പറഞ്ഞ കൂടാ.

ഗ്രഹണങ്ങളെ കുറിച്ച.

ചോ. ഗ്രഹണങ്ങളുടെ കാരണം എന്ത?

ഉ. ഭൂമി മുതലായ ഗ്രഹങ്ങൾക്കും അവയുടെ ചന്ദ്രന്മാർക്കും വെളിച്ചം വരുന്നത ആദിത്യനിൽനിന്നാകുന്നു. ഗ്രഹത്തിന്റെ ഒരു ഭാഗംപ്രകാശിക്കപ്പെടുമ്പോൾ അതിന്റെ മറുഭാഗത്തിനു നിഴലിൽ ഉണ്ടാകുന്നു ആ നിഴൽ കൂടി മറ്റ ഗ്രഹങ്ങൾ എങ്കിലും ചന്ദ്രന്മാർ എങ്കിലും സഞ്ചരിക്കുമ്പോൾ ആ നിഴൽകൊണ്ട അവ ഇരുണ്ടവയായി പോകും അത തന്നെ ഗ്രഹണത്തിന്റെ കാരണം.

ചോ. സൂര്യഗ്രഹണം എന്ത?

ഉ. ചന്ദ്രൻ സൂര്യന്റെയും ഭൂമിയുടെയും ഇടയിലുള്ള ഒരു രേഖയിൽ കൂടി സഞ്ചരിക്കുമ്പോൾ ചന്ദ്രന്റെ നിഴൽ ഭൂമിയിന്മേൽ വീഴും ചന്ദ്രൻ ആ രേഖയിൽ കൂടി കടക്കുവോളത്തേക്ക അതിനു നേരെയുള്ള ആദിത്യന്റെ അംശങ്ങളെ നമുക്ക കാണാൻ കഴികയില്ല. അതിനു സൂര്യഗ്രഹണം എന്ന പേർ പറയുന്നു.

ചോ, സൂര്യഗ്രഹണം എപ്പോൾ ഉണ്ടാകും?

ഉ. ചന്ദ്രൻ സൂര്യന്റെയും ഭൂമിയുടെയും ചൊവ്വെ ഇടയിലിരിക്കുമ്പോൾ അത ചന്ദ്രനെ കാണാത്ത ദിവസം ആകുന്ന കറുത്ത വാവ ആകുന്നു അന്ന അല്ലാതെ സൂര്യഗ്രഹണം ഉണ്ടാകയില്ല.

ചോ. സോമഗ്രഹണം എന്ത?

ഉ. കറുത്ത വാവുനാൾ ചന്ദ്രൻ ആദിത്യന്റെ പ്രകാശത്തെ ഭൂമിയിൽ നിന്ന മറെക്കുന്ന പ്രകാരം തന്നെ വെളുത്ത വാവുനാൾ ഭൂമി ആദിത്യന്റെയും ചന്ദ്രന്റെയും ചൊവ്വെ ഇടയിൽ ഇരിക്കുന്നു. ഭൂമി ആദിത്യന്റെ പ്രകാശത്തെ ചന്ദ്രനിൽനിന്ന മറെക്കുന്നു. അത തന്നെ സോമഗ്രഹണം. പൂർണ്ണ ചന്ദ്രനുള്ള ദിവസത്തിൽ അല്ലാതെ സോമഗ്രഹണം ഉണ്ടാകയില്ല.

ചോ. അപ്രകാരം ആകുന്നു എങ്കിൽ മാസം തോറും ഗ്രഹണം വരാത്തത എന്ത?

ഉ. ചന്ദ്രൻ സഞ്ചരിക്കുന്ന വഴിയും ഭൂമി സഞ്ചരിക്കുന്ന വഴിയും ഒരു നിരപ്പായിരുന്നു എങ്കിൽ മാസം തോറും ഗ്രഹണങ്ങൾ വന്നെ കഴിയു

എന്നാൽ ആ വഴികൾ എങ്ങിനെയിരിക്കുന്നു എന്ന എളുപ്പത്തിൽ മന്സ്സിലാക്കുവാൻ ദൃക്ഷ്ടാന്തം പറയുന്നത എന്തെന്നാൽ ഭൂമി പോകുന്ന വഴിയെ കാണിപ്പാനായിട്ട അണ്ഡാകൃതിയായിട്ട ഒരു വലിയ വളയത്തെയും ചന്ദ്രൻ പോകുന്ന വഴിയെ കാണിപ്പാനായിട്ട ഒരു ചെറിയ വളയത്തെയും ഉണ്ടാക്കി ചെറിയ വളയത്തിന്റെ നേർപാതി വലിയ വളയത്തിലുള്ള ഒരു ഭാഗത്തിന്റെ മുകളിലും നേർപാതി താഴയും ആകത്തക്കവണ്ണം ചെറിയ വളയം വെച്ചാൽ അതിന്റെ നടുവിൽ രണ്ട സ്ഥലത്തിൽ അല്ലാതെ എങ്ങും തൊടുകയില്ലല്ലൊ. അങ്ങിനെ തന്നെ ചന്ദ്രൻ സഞ്ചരിക്കുന്ന മാർഗ്ഗത്തിന്റെ പാതി ഭൂമി സഞ്ചരിക്കുന്ന മാർഗ്ഗത്തിന്റെ മീതെയും മറ്റെ പാതി താഴെയും ഇരിക്കുന്നു. അതിനാൽ ചന്ദ്രൻ പോകുന്ന വഴിയുടെ നടുവിൽ അല്ലാതെ എങ്ങും തമ്മിൽ തൊടുന്നില്ല. ഭൂമിയുടെയും ചന്ദ്രന്റെയും തമ്മിൽ ചേരുന്ന സ്ഥലങ്ങളിൽ ഒന്നിന്ന രാഹു എന്നും ഒന്നിന്ന കേതു എന്നും പേർ പറഞ്ഞ വരുന്നു. എന്നാൽ രാഹു എന്നും കേതു എന്നുമുള്ള മേൽ പറഞ്ഞ രണ്ട സന്ധികൾ കറുത്ത വാവ നാളിൽ എങ്കിലും വെളുത്ത വാവ നാളിൽ എങ്കിലും ആദിത്യന്റെ നടുവിലത്തെ ഭാഗത്തോട ചേരുന്ന ഒരു രേഖയിൽ തന്നെ നില്ക്കുമ്പോൾ സൂര്യനും ചന്ദ്രനും ഭൂമിയും ചൊവ്വെ നിരയിൽ ഇരിക്കുന്നു അപ്പോൾ കറുത്ത വാവാകുന്നു എങ്കിൽ ചന്ദ്രന്റെ നിഴൽ ഭൂമിയിന്മേൽ വീഴും വെളുത്ത വാവ ആകുന്നു എങ്കിൽ ഭൂമിയുടെ നിഴൽ ചന്ദ്രന്റെ മേൽ വീഴുകയും ചെയ്യും. എന്നാൽ ചന്ദ്രൻ മേൽ പറഞ്ഞ സന്ധികളിൽനിന്ന മാറുമ്പോൾ കറുത്ത വാവ എങ്കിലും വെളുത്ത വാവ എങ്കിലും വന്നാൽ ഗ്രഹണങ്ങൾ ഉണ്ടാകുവാൻ കഴികയില്ല എന്തുകൊണ്ടെന്നാൽ ചന്ദ്രൻ ഭൂമി പോകുന്ന വഴിയുടെ മീതെ എങ്കിലും താഴെ എങ്കിലും നില്ക്കുന്നതകൊണ്ട അതിന്റെ നിഴൽ ഭൂമിയിന്മേൽ വീഴുവാൻ വഹിയ ഭൂമിയുടെ നിഴൽ ചന്ദ്രന്റെ മേൽ വീഴുവാൻ കഴിയുന്നതുമല്ല എന്നാൽ രാഹു എന്നും കേതു എന്നുമുള്ള രണ്ട സന്ധികൾ എല്ലായ്പ്പോഴും മാറുന്നു. ഏൻ സംവത്സരം കൊണ്ട ഒരു പ്രാവിശ്യം ചുറ്റിസഞ്ചരിക്കുന്നു. അതകൊണ്ട ഏൻ സംവത്സരം കഴിഞ്ഞാൽ ചന്ദ്രനും ഗ്രഹങ്ങളും മുമ്പിലത്തെ ഏൻ സംവത്സരത്തിൽ ഉണ്ടായിരുന്ന നിലയിൽ തന്നെ നില്ക്കുയും ചെയ്യും.

വേലിയേറ്റം ഇറക്കങ്ങളെയും കുറിച്ച.

ചോ. വേലിയേറ്റം ഇറക്കം എന്നുള്ളത എന്താകുന്നു?

ഉ. സമുദ്രം മുതലായ സ്ഥലങ്ങളിൽ നാം കാണുന്ന വെള്ളം ദിവസം തോറും അധികമായി പൊങ്ങുന്നതിന്ന വേലിയേറ്റം എന്നും കുറഞ്ഞ താഴ്ന്നതിന്ന വേലി ഇറക്കം എന്നും പേർ പറഞ്ഞുവരുന്നു.

ചോ. ഒരു ദിവസത്തിൽ എറ്റം ഇറക്കം എത്ര ഉണ്ട?

ഉ. ഒരു ദിവസത്തിൽ രണ്ട എറ്റവും രണ്ട ഇറക്കവും ഉണ്ട.

ചോ. എറ്റം ഇറക്കം ഉണ്ടാകുന്ന കാരണം എന്ത?

ഉ. ആദിത്യന്റെയും ചന്ദ്രന്റെയും ആകൎഷണ ശക്തി തന്നെ അത എങ്ങിനെ എന്നാൽ ഭൂമി ഉരുണ്ട വസ്തുവാകകൊണ്ടും ദിവസത്തോറും ചവിട്ട ചക്രം പോലെ കിഴക്കോട്ട തിരയുന്നത കൊണ്ടും ചന്ദ്രൻ നാം കാ

ന്നുന്ന പ്രകാരം അതിനെ ചുറ്റുവാൻ പടിഞ്ഞാറോട്ട സഞ്ചരിക്കയാൽ ആ വഴിയായിട്ട വെള്ളങ്ങളെ ആകഷ്ടിക്കുന്നതകൊണ്ട ദിവസവുമുള്ള വ്യത്യാസം ഇറക്കങ്ങളെ ഉണ്ടാക്കുന്നു. ചന്ദ്രൻ ആദിത്യന്റെയും ഭൂമിയുടെയും ഇടയിൽ ഒരു രേഖയിൽ കൂടെ എന്ന പോലെ കടക്കുന്നതകൊണ്ട അപ്പോൾ ഇരുവരുടെയും ആകഷ്ടണ ശക്തി ഒരു വഴിയായിട്ട പറ്റുന്നതകൊണ്ട ആ ശക്തിയുടെ കിഴെയുള്ള വെള്ളം അധികമായി പൊങ്ങി വലിയ വേലിയേറ്റം ഉണ്ടാക്കുന്നു. വെളുത്ത വാവുനാൾ ചന്ദ്രൻ ഭൂമിയുടെ മറുപുറത്ത കടക്കുമ്പോൾ ആദിത്യന്റെ ശക്തി ഒരു വശത്തും ചന്ദ്രന്റെ ശക്തി മറുപുറത്ത വിപരീതമായിട്ടും ആകഷ്ടിക്കുന്നതകൊണ്ട കറുത്ത വാവു നാളത്തെ പോലെ വെള്ളം പൊങ്ങുകയും ചെയ്യുന്നു. എന്നാൽ ചന്ദ്രന്റെ ഏഴാം പക്കത്തിലും ഇരുപത്തൊന്നാം പക്കത്തിലും ചന്ദ്രൻ നന്നായി ആകഷ്ടിക്കുന്നു. എങ്കിലും ആദിത്യൻ മറൊരു വഴിയായി ആകഷ്ടിക്കുന്നതകൊണ്ട ഏറ്റം ഏറെ ഉണ്ട എങ്കിലും വാവുനാൾ എന്ന പോലെ ഉണ്ടാകുന്നില്ല.

ചോ. വേലിയേറ്റം ചന്ദ്രൻ ആകഷ്ടിക്കുന്ന ശക്തികൊണ്ട ആകുന്നു എങ്കിൽ ദിവസം തോറും ചന്ദ്രൻ ഭൂമിയിലുള്ള ഓരൊ സ്ഥലത്തിങ്കീതെ ഒരിക്കൽ കടന്ന പോകെ ഉള്ളു. അതകൊണ്ട ദിവസം തോറും ഒരു പ്രാവശ്യം ഒരു വേറ്റം കാണുമെ ഇടയുള്ളു. എന്നാലൊ ദിവസം തോറും രണ്ട വേറ്റവും രണ്ട ഇറക്കവും ഉണ്ട. അത എങ്ങിനെ?

ഉ. പ്രകാരം വരുന്നത ഭൂമിയുടെ ഭ്രമത്താലും സഞ്ചാരത്താലും ആദിത്യ ചന്ദ്രന്മാരുടെ ശക്തിയാലും ആകുന്നു. ഒരു വസ്തുവളയം വഴിയായിട്ട സഞ്ചരിക്കുന്നത അതിൽ ഇട്ടിരിക്കുന്ന രണ്ട പ്രകാരമുള്ള ശക്തികൊണ്ടാകുന്നു. ദൃഷ്ടാന്തം എന്തെന്നാൽ ഒരു ചവുട്ട ചക്രം തിരിയുമ്പോൾ അത നില്ക്കുന്ന സ്ഥലത്തിൽനിന്ന നീങ്ങാത്തത അച്ചതടിയിന്മേൽ ഉറച്ചിരിക്കുന്നതകൊണ്ട ആകുന്നു. അച്ചതടി പൊട്ടിയാൽ ഇട്ട ശക്തി ഉള്ളപ്പോൾ വണ്ടി ചൊവ്വെ വഴിയായിട്ട മുമ്പോട്ട ഓടും. അങ്ങിനെ തന്നെ ഭൂമി ഉരുണ്ട വസ്തുവാകകൊണ്ടും എല്ലായ്പ്പോഴും കിഴക്കോട്ട തിരിയുന്നതകൊണ്ടും അതിന്റെ പുറവശത്തിലുള്ള വെള്ളം ചൊവ്വെ വഴിയായിട്ട ഭൂമിയിൽ നിന്ന പാഞ്ഞോടുവാൻ ശ്രമിക്കുന്നു. ഭൂമിയിലെ ആകഷ്ടണ ശക്തികൊണ്ട വെള്ളം ഭൂമിയിൽനിന്ന വീഴുന്നില്ല താനും. ചന്ദ്രന്റെ ശക്തി ഭൂമിയുടെ ഒരു വശത്ത കിടക്കുന്ന വെള്ളത്തെ ആകഷ്ടിക്കുമ്പോൾ ഭൂമിയുടെ മറെറ വശത്ത അന്യവസ്തുവിനെകൊണ്ട ആകഷ്ടണം ഇല്ലാത്തിനാൽ വെള്ളം അവിടെ കുമ്പായിട്ട കൂടുവാൻ ശ്രമിക്കും. ചന്ദ്രന്റെ ആകഷ്ടണശക്തികൊണ്ട ചന്ദ്രന്റെ കീഴെയുള്ള വെള്ളം പൊങ്ങുന്ന പ്രകാരം ഭൂമിയുടെ മറെറ വശത്തിരിക്കുന്ന വെള്ളം പൊങ്ങുകയും ചെയ്യും.

കാലങ്ങളുടെ സംഖ്യയെ കുറിച്ച.

ചോ. സംവത്സരത്തിന്ന ഇത്ര ദിവസങ്ങൾ ഉണ്ടെന്ന നിശ്ചയിക്കുന്നത എങ്ങിനെ?

ഉ. ഭൂമി ആദിത്യനെ ഒരു പ്രാവശ്യം ചുറ്റി സഞ്ചരിക്കുന്നത ഒരു സം

വത്സരം ആകുന്നു എന്ന നിശ്ചയിക്കപ്പെട്ടിരിക്കുന്നു. അതിന്ന ചിലപ്പോൾ ൩൬൫ ദിവസങ്ങളായിട്ടും ചിലപ്പോൾ ൩൬൬ ദിവസങ്ങളായിട്ടും കൂട്ടിവരുന്നു. എന്തെന്നാൽ ഭൂമിക്ക ആദിത്യന്ന ചുററുമുള്ള ഓട്ടം ഏകദേശം ൩൬൫ ദിവസം കൊണ്ട തീരുന്നു.

ചോ. മാസത്തിന്റെ സംഖ്യ നിശ്ചയിക്കുന്നത എങ്ങിനെ?

ഉ. ഭൂമിയെ ചുററിയുള്ള ചന്ദ്രന്റെ സഞ്ചാരത്താൽ തന്നെ.

ചോ. ഇത്ര നാഴികകൊണ്ട ഒരു ദിവസം ഉണ്ടാകുന്നു എന്ന നിശ്ചയിക്കുന്നത എങ്ങിനെ?

ഉ. ഇംഗ്ലീഷ കണക്കിൻപ്രകാരം ൨൪ മണിക്കൂറായിട്ടും മലയാള കണക്കിൻപ്രകാരം ൬൦ നാഴികയായിട്ടും ഭൂമി ചവിട്ട ചക്രം പോലെ ഒരു വട്ടം ചുററിതിരിയുന്നതകൊണ്ട അതിന്ന അഹോരാത്രം എന്ന എങ്കിലും ദിവസം എന്നെങ്കിലും പേർ പറഞ്ഞ വരുന്നു.

ചോ. ആഴ്ചവട്ടത്തിന്ന ഇത്ര ദിവസങ്ങൾ ഉണ്ടെന്ന നിശ്ചയിക്കുന്നത എങ്ങിനെ?

ഉ. അത സകല മനുഷ്യജാതിയുടെയും ആദ്യമാതാപിതാക്കന്മാർക്ക ദൈവം കൊടുത്ത കല്പന പ്രകാരം നിശ്ചയിക്കപ്പെട്ടതാകുന്നു. ആറ ദിവസം കൊണ്ട ദൈവം ആകാശത്തെയും ഭൂമിയെയും സമുദ്രത്തെയും അവയിലുള്ള സകലത്തെയും ഉണ്ടാക്കി ഏഴാം ദിവസം സ്വസ്ഥമായി: അതകൊണ്ട ദൈവം ആ ഏഴാം ദിവസത്തെ അനുഗ്രഹിച്ച അതിനെ ശുദ്ധീകരിച്ചു അതിനെ ശുദ്ധീകരിക്കേണമെന്ന കല്പന കൊടുത്തതിനാൽ മനുഷ്യജാതിയുടെ ആദ്യമാതാപിതാക്കന്മാർ ൦൦ം കല്പനയെ അനുസരിക്കയും അപ്രകാരം ചെയ്യണമെന്ന തങ്ങളുടെ സന്തതികളോടും കല്പിക്കയും ചെയ്തു. ഇങ്ങിനെ എല്ലാ ദേശങ്ങളിലും ദിവസങ്ങൾ ഏഴായിട്ട കൂട്ടുന്നതിന്ന ഇട വന്നു.

ഭൂമിയുടെ രൂപത്തെ കുറിച്ച.

ചോ. ഭൂമിയുടെ രൂപം എന്ത?

ഉ. ഒരു നാരെങ്ങാപോലെ ഏകദേശം ഉരുണ്ടാകുന്നു.

ചോ. ഭൂമിയുടെ ഭാഷ ഉരുണ്ടതാകുന്നു എന്നുള്ളതിന്ന ദൃഷ്ടാന്തങ്ങൾ ഉണ്ടൊ?

ഉ. പല പല ദൃഷ്ടാന്തങ്ങൾ ഉണ്ട. രണ്ട മൂന്ന പറയാം.

൧. ഏതൊരു വസ്തുവിന്റെയും നിഴൽ കണ്ടാൽ അതിന്റെ രൂപം ഇന്നതെന്ന നിശ്ചയിക്കാമെല്ലൊ. എന്നാൽ എപ്പോഴെങ്കിലും സോമഗ്രഹണം ഉണ്ടാകുമ്പോൾ ഭൂമിയുടെ നിഴൽ ചന്ദ്രന്റെ മേൽ കാണാം. ആ നിഴൽ സമചതുരമെങ്കിലും മൂന്ന മൂലയായിട്ടെങ്കിലും പലകപോലെ നീളത്തിൽ എങ്കിലും അല്ല ഉരുണ്ടത്രെ ഇരിക്കുന്നത അതകൊണ്ട ഭൂമിയുടെ ഭാഷ ഉരുണ്ടതാകുന്നു എന്ന അറിയാമല്ലൊ.

൨. കപ്പൽ ദൂരത്തിൽനിന്ന വരുന്നു എന്ന കാണുമ്പോൾ ഒന്നാമത അതിന്റെ പായ്ക്കളെ കാണുന്നുള്ളു. അപ്പോൾ കപ്പൽ വെള്ളത്തിൽ മുങ്ങിയിരിക്കുന്ന പോലെയും അത അടുത്തുവരുന്തോറും ക്രമേണ പൊങ്ങുന്ന പോലെയും തോന്നുന്നത ഭൂമിയുടെ ഭാഷ ഉരുണ്ടിരിക്കകൊണ്ടത്രെ ആകുന്നത.

൩. നാം കിഴക്കോട്ട എങ്കിലും പടിഞ്ഞാറോട്ടെങ്കിലും കപ്പൽ വഴി

Dumphy & Sinclair Lith. Madras.

Dumphy & Sindair Lith. Madras.

യായിട്ട സഞ്ചരിച്ചാൽ ഏവിടെനിന്ന പുറപ്പെട്ടുന്നുവൊ ആ സ്ഥലത്തേക്ക തന്നെ തിരികയും വരും അതും ഭ്രമിയുടെ ഭാക്ഷ ഉരുണ്ടതാകുന്നു എന്നുള്ളതിന്റെ സാക്ഷി ആകുന്നു.

൫. വടക്കെ അറ്റത്തിൽനിന്നും തെക്കെ അറ്റത്തിൽനിന്നുമുള്ള ഭ്രമിയുടെ മദ്ധ്യഭാഗത്തിന്റെ പേർ സമരേഖ എന്നാകുന്നു. എന്നാൽ സമരേഖ എന്ന സ്ഥലത്തിൽനിന്ന വടക്കോട്ട സഞ്ചരിച്ചാൽ ആകാശത്തിലെ വടക്ക ഭാഗത്തിരിക്കുന്ന ധ്രുവൻ സപ്തർഷി മുതലായ നക്ഷത്രങ്ങൾ മേല്പോട്ട മാറിപോകുന്നു എന്ന തോന്നും അപ്രകാരം കാണുന്നത നക്ഷത്രങ്ങൾ സ്ഥലം മാറുന്നത കൊണ്ടല്ല ഭ്രമിക്ക ചാഞ്ചു ഉണ്ടാകുന്നതകൊണ്ടത്രെ ആകുന്നത.

ചോ. ഭ്രമി ഉരുണ്ടിരിക്കുന്നു എന്ന മേൽ പറഞ്ഞ ദൃഷ്ടാന്തങ്ങൾകൊണ്ട അറിവാൻ ഇടയുണ്ട. എന്നാൽ ഭ്രമിയുടെ കുടിയാന്മാരായ നാം അകത്തൊ പുറത്തൊ ഏത ഭാഗത്ത പാക്കുന്നു?

ഉ. നാം എല്ലാവരും പാക്കുന്നത ഭ്രമിയുടെ പുറഭാഗത്ത തന്നെ ആകുന്നു എന്നാൽ ഭ്രമി ഉരുണ്ടതാകുന്നു എങ്കിലും മനുഷ്യർ മൃഗാദികൾ മുതലായവ ഭ്രമിയിലെ പുറമെയുള്ള എല്ലാ സ്ഥലങ്ങളിൽ പാക്കുന്നു എങ്കിലും ഭ്രമിയുടെ ആകർഷണമാകുന്ന ശക്തികൊണ്ട ഒന്നിനും ഭ്രമിയിൽനിന്ന വീഴുവാൻ കഴിയുന്നതും അല്ല.

ഭ്രമിയുടെ വലിപ്പത്തെയും ഗമനത്തെയും കുറിച്ച.

ചോ. ഭ്രമിക്ക എത്ര വലിപ്പം ഉണ്ട?

ഉ. ഏകദേശം എണ്ണായിരം ഇംഗ്ലിഷ നാഴിക മദ്ധ്യളവും ഇരുപത്തയ്യായിരം നാഴിക ചുറ്റളവും ഉണ്ട.

ചോ. ഭ്രമിക്ക എത്ര ഗതികൾ ഉണ്ട?

ഉ. രണ്ട. എന്തെന്നാൽ ഒന്നാമത, ഒരു ദിവസംകൊണ്ട അത ഒരു അച്ചതണ്ടിന്മേൽ എന്ന പോലെ ഒരിക്കൽ ചുറ്റി തിരികയും രണ്ടാമത, ഒരു സംവത്സരംകൊണ്ട വളഞ്ഞ വഴിയായിട്ട മുമ്പോട്ട ഒരു പ്രാവശ്യം ആദിത്യനെ ചുറ്റി സഞ്ചരിക്കയും ചെയ്യുന്നു.

കരെക്ക പറഞ്ഞ വരുന്ന പേരുകളുടെ വിവരത്തെ കുറിച്ച.

ചോ. കരകൾക്ക എന്തെല്ലാം നാമങ്ങൾ പറഞ്ഞ വരുന്നു?

ഉ. വൻകര എന്നും ദ്വീപ എന്നും കരനാക്ക എന്നും കരയിട്ടുക എന്നും മുനമ്പ എന്നും പർവ്വതം എന്നും കുന്ന എന്നും പേർ പറയുന്നു.

വൻകര എന്നുള്ളത കടൽ കൊണ്ട വേർതിരിക്കാത്ത പല നാട്ടുകളുള്ള വിസ്തീർണ്ണ ഭ്രമി ആകുന്നു.

ദ്വീപ എന്നുള്ളത കടൽകൊണ്ട ചുറ്റിയിരിക്കുന്ന ഭ്രമി ആകുന്നു.

കരനാക്ക എന്നുള്ളത കടൽകൊണ്ട മിക്കവാറും ചുറ്റിയിരിക്കുന്ന ഭ്രമി ആകുന്നു.

കരയിട്ടക്ക എന്നുള്ളത രണ്ട കരയെ ക്രട്ടി ചേക്കുന്ന വിസ്താരം കുറഞ്ഞ ഭ്രമി ആകുന്നു. അതിന്ന സാമാന്യമായിട്ട കഴുത്ത എന്ന പേർ പറയുന്നു.

മുനമ്പ എന്നുള്ളത കടലിലേക്ക നീണ്ടിയിറങ്ങിയിരിക്കുന്ന കരയുടെ അറ്റം ആകുന്നു. അത ഉയരമുള്ളതാകുന്നു എങ്കിൽ അതിന്റെ പേർ പ്രൊമൊന്തറി എന്നാകുന്നു.

കുന്ന എന്നുള്ളത പവ്വതങ്ങളെക്കാൾ ചെറുതായുള്ള ഉയന്ന ഭ്രമി ആകുന്നു.

ചോ. വൻകരകൾ എത്ര ഉണ്ട?

ഉ. വൻകരകൾ രണ്ടെയുള്ളു. ആയത കിഴക്കെ വൻകര എന്നും പടിഞ്ഞാറെ വൻകര എന്നും ആകുന്നു. * എന്നാൽ കിഴക്കെ വൻകര തുലോം വലിയതാകകൊണ്ട അതിനെ മൂന്നായിട്ട വിഭജിച്ചിരിക്കുന്നു. ഓരൊ ഭാഗത്തിന്ന വൻകര എന്ന സാമാന്യമായിട്ട പേർ പറയുന്നതല്ലാതെ ഓരോന്നിന്ന പ്രത്യേകമായി പേർ പറയുന്നത എന്തെന്നാൽ യൂറോപ്പ എന്നും ആസിയാ എന്നും അഫ്രിക്ക എന്നും ആകുന്നു.

പടിഞ്ഞാറെ വൻകരയ്ക്ക അമെരിക്ക എന്ന പേർപറയുന്നു. എന്നാൽ അമെരിക്ക വടക്കേതും തെക്കേതും ഇങ്ങിനെ രണ്ടായിട്ട പകുത്തിരിക്കുന്നു. അങ്ങിനെ യൂറോപ്പ എന്നും ആസിയാ എന്നും അഫ്രിക്ക എന്നും അമെരിക്ക എന്നുമുള്ള നാല വൻകരകൾ ഉണ്ട എന്ന സാമാന്യമായിട്ട പറഞ്ഞ വരുന്നു.

കടൽ മുതലായ വെള്ളങ്ങൾക്ക പറഞ്ഞ വരുന്ന നാമങ്ങളെ കുറിച്ച.

ചോ. കടൽ മുതലായ വെള്ളങ്ങൾക്ക എന്തെല്ലാം നാമങ്ങൾ പറഞ്ഞ വരുന്നു?

ഉ. പെരുങ്കടൽ എന്നും കടൽ എന്നും കായൽ എന്നും ഉൾക്കടൽ എന്നും കടൽ കൈവഴി എന്നും നദി എന്നും തോട എന്നും ആകുന്നു.

ചോ. പെരുങ്കടൽ എന്നുള്ളത എന്ത?

ഉ. പെരുങ്കടൽ എന്നുള്ളത കരയെ ചുറ്റുന്ന വെള്ളത്തിന്റെ വലിയ കൂട്ടം ആകുന്നു.

ചോ. കടൽ എന്നുള്ളത എന്ത?

ഉ. കടൽ എന്നുള്ളത കരകൊണ്ട മിക്കവാറും ചുറ്റിയിരിക്കുന്ന പെരുങ്കടലിന്റെ ഒരു ഭാഗം ആകുന്നു.

ചോ. കായൽ എന്നുള്ളത എന്ത?

---

* കിഴക്കെ വൻകര പഴയതും പടിഞ്ഞാറെ വൻകര പുതിയതും ആകുന്നു എന്ന പറഞ്ഞ വരുന്നു. ഇതിന്ന കാരണം എന്തെന്നാൽ യുറൊപ്പുകാരനായ കൊലുംബസ എന്ന നാമമുള്ള കീർത്തിപ്പെട്ട കപ്പല്ലുകാരൻ കിഴക്കെ വൻകരയിൽ നിന്ന പടിഞ്ഞാറോട്ട കപ്പൽ ഓടിച്ചപ്പോൾ ൧൪൯൨ സംവത്സരത്തിന്ന മുമ്പെ അമെരിക്കയെ ഒന്നാമത കണ്ടു അതിന്ന മുമ്പെ ആ വൻകര ഉണ്ടെന്ന അറിയാഞ്ഞതകൊണ്ട അത പുതിയ വൻകര എന്ന പറഞ്ഞ വരുന്നു.

ഉ. കായൽ എന്നുള്ളത കരകൊണ്ട് ചുറ്റിയിരിക്കുന്ന വെള്ളത്തിന്റെ വലിയ ക്വട്ടം ആകുന്നു. ആയത തന്നെ ചെറിയതാകുന്നു എങ്കിൽ തടാകം എന്ന പേർ പറയുന്നു. എന്നാൽ കരയ്ക്കുത്തുക്കുടെ ഒഴുകുന്ന സമുദ്രത്തിന്റെ ഒരു കൈവഴി കായൽ ആകുന്നു എന്ന രണ്ടും സംസ്ഥാനത്തിൽ സാമാന്യമായിട്ട പറഞ്ഞ വരുന്നു.

ചോ. ഉൾക്കടൽ എന്നുള്ളത എന്ത?

ഉ. ഉൾക്കടൽ എന്നുള്ളത സമുദ്രത്തിലെ ഒരു ഭാഗം കരയ്ക്കുത്തേക്ക കേറുമ്പോൾ അതിന്ന ഉൾക്കടൽ എന്ന പേർ പറഞ്ഞ വരുന്നു,

ചോ. കടൽ കൈവഴി എന്നുള്ളത എന്ത?

ഉ. കടൽ കൈവഴി എന്നുള്ളത രണ്ട സമുദ്രങ്ങളെ ചേർക്കുന്ന കടലിന്റെ വിസ്താരം കുറഞ്ഞ ഭാഗം ആകുന്നു.

ചോ. നദി എന്നുള്ളത എന്ത?

ഉ. നദി എന്നുള്ളത ഉറവകളിൽനിന്ന പുറപ്പെടുകയും സമുദ്രത്തിലേക്ക എങ്കിലും മറ്റ സ്ഥലങ്ങളിലേക്ക എങ്കിലും ഒഴുകുകയും ചെയ്യുന്ന വെള്ളത്തിന്റെ ഒഴുക്ക ആകുന്നു.

ചോ. തോട എന്നുള്ളത എന്ത?

ഉ. തോട എന്നുള്ളത വെള്ളം ഒഴുകുവാൻ തക്കവണ്ണം തോണ്ടി ഉണ്ടാക്കിയ കൈവഴിയാകുന്നു.

ചോ. ദ്വീപുകൾ വളരെ ഉണ്ടൊ?

ഉ. അനേകായിരം ദ്വീപുകൾ ഉണ്ട. എന്നാൽ ലോകത്തിലേക്ക മഹാവലിയതായുള്ളത ഓസ്ത്രാലിയ എന്ന പേരുള്ള ദ്വീപാകുന്നു. ചിലപ്പോൾ അതിന്ന ന്യൂഹൊലാണ്ട എന്ന പേർ പറയും.

ചോ. പെരുങ്കടലുകൾ എത്ര ഉണ്ട?

ഉ. സാക്ഷാൽ പെരുങ്കടൽ ഒന്നെയുള്ള. എങ്കിലും അഞ്ചായിട്ട വകുത്തിരിക്കുന്നു. അവയുടെ പേരുകൾ ഏതേതെന്നാൽ അത്ലാന്തിക്കസമുദ്രം എന്നും പാസിഫിക്ക സമുദ്രം എന്നും ഇന്ത്യാസമുദ്രം എന്നും ആർക്ടിക്ക സമുദ്രം എന്നും അൻതാർക്ടിക്ക സമുദ്രം എന്നും ആകുന്നു.

ചോ. അത്ലാന്തിക്ക സമുദ്രം എവിടെ ആകുന്നു?

ഉ. അത യൂറോപ്പിൽനിന്നും ആഫ്രിക്കയിൽനിന്നും അമെറിക്കായെ വേർതിരിക്കുന്നു. ആയത യൂറോപ്പും ആഫ്രിക്കയും അത്ലാന്തിക്ക സമുദ്രത്തിന്റെ കിഴക്കെ ഭാഗത്തും അമെറിക്കാ അതിന്റെ പടിഞ്ഞാറെ ഭാഗത്തും ആകുന്നു. ആ സമുദ്രത്തിന്ന വടക്കുദേശം മുതൽ ഇംഗ്ലീഷ നാഴിക വീതി ഉണ്ട. മേൽ പറഞ്ഞ സമുദ്രത്തെ രണ്ടായിട്ട വിഭജിച്ചിരിക്കുന്നത എന്തെന്നാൽ ഭൂമിയുടെ മദ്ധ്യരേഖയിൽ നിന്ന വടക്കെ ഭാഗത്തിരിക്കുന്ന സമുദ്രത്തിന്ന വടക്കെ അത്ലാന്തിക്ക സമുദ്രം എന്നും തെക്കെ ഭാഗത്തിരിക്കുന്നതിന്ന തെക്കെ അത്ലാന്തിക്ക സമുദ്രം എന്നും പേർ പറയുന്നു.

ചോ. പാസിഫിക്ക സമുദ്രം എവിടെ ആകുന്നു?

ഉ. അത ആസിയായിൽനിന്നും ഓസ്ത്രാലിയായിൽനിന്നും അമെറിക്കായെ വേർതിരിക്കുന്നു. ആയത അമെറിക്കാ, പാസിഫിക്ക സമുദ്രത്തിന്റെ കിഴക്കെ ഭാഗത്തും ആസിയായും ഓസ്ത്രാലിയായും അതിന്റെ പടിഞ്ഞാറെ ഭാഗത്തും ആകുന്നു. ആ സമുദ്രത്തിന്ന വടക്കുദേശം മുതൽ ഇംഗ്ലീഷ നാഴിക വീതി ഉണ്ട. ഇതും വടക്കെ പാസിഫിക്ക എന്നും തെക്കെ പാസിഫിക്ക എന്നും പേരുള്ള രണ്ട ഭാഗമായിട്ട വകുക്കപ്പെട്ടിരിക്കുന്നു.

ചോ. ഇന്ത്യാ സമുദ്രം എവിടെ?

ഉ. അത ഇന്ത്യായിൽനിന്നും ഓസ്ത്രാലിയായിൽനിന്നും അഫ്രിക്കായെ വേർതിരിക്കുന്നു. ആയത ഇന്ത്യായും ഓസ്ത്രാലിയായും ഇന്ത്യാ സമുദ്രത്തിന്റെ കിഴക്കെ ഭാഗത്തും അഫ്രിക്ക അതിന്റെ പടിഞ്ഞാറെ ഭാഗത്തും ആകുന്നു.

ചോ. ആക്ടിക സമുദ്രം എവിടെ ആകുന്നു.

ഉ. അത ഭ്രമിയുടെ വടക്കെ അറ്റത്തിൽനിന്ന തെക്കോട്ട ഉന്നൽ * ഡിഗ്രികൾ വരെ ചുറ്റിയിരിക്കുന്ന സമുദ്രം ആകുന്നു.

ചോ. അൻതാക്ടിക സമുദ്രം എവിടെ?

ഉ. ഭ്രമിയുടെ തെക്കെ അറ്റത്തിൽ നിന്ന വടക്കോട്ട ഉന്നൽ ഡിഗ്രികൾ വരെ ചുറ്റിയിരിക്കുന്ന സമുദ്രം ആകുന്നു.

---

* ഒരു ഡിഗ്രീ എന്നത സുന്നൽ ഇംഗ്ലീഷ നാഴിക ആകുന്നു.

ഭൂമിയിലുള്ള പ്രധാന ദേശ ങ്ങ ൾ മുതലായവയുടെ പ്രത്യേകമായുള്ള പേരുകൾ.

നാമങ്ങൾ.	വിവരങ്ങൾ.
ആയൽബോഷ്ട	ഡെന്മാക്കിലുള്ള ജ്യൂത്ലാണ്ടിലെ പ്രധാന പട്ടണം
ആയർഹൂസ	ഡെന്മാക്കിലെ ഒരു തുറമുഖ പട്ടണം
അബിവിൽ	ഫ്രാൻസിൽ ഒരു പട്ടണം
അബെർക്കോൺ	സ്കോട്ലാണ്ടിലെ ഒരു ചെറിയ പട്ടണം
അബേഡീൻ	സ്കോട്ലാണ്ടിലെ ഒരു തുറമുഖ പട്ടണം
അബെർഡ്വെണ്ണി	ഇംഗ്ലാണ്ടിലുള്ള മോന്മൌത്ഷയറിലെ ഒരു പട്ടണം
അബൊ	ഫിന്ലാണ്ടിലെ പഴയ തലസ്ഥാനം
അബ്രൊക്കർ	എജിപ്തിൽ ഒരു കോട്ടയും ടീപിനും ഉൾക്കടലിനും ംരം പേരുണ്ട്.
അബ്ബൊമി	അഫ്രിക്കയിൽ ദഹോമി എന്ന രാജ്യത്തിന്റെ തലസ്ഥാനം
അബ്രാന്തെസ്	പൊർത്തുഗാലിലെ ഒരു പട്ടണം
അബിഡൊസ	ആസിയായിലെ തുർക്കിയിൽ ഒരു കോട്ടയും പട്ടണവും
അബിസീനിയാ	അഫ്രിക്കയിൽ ഒരു വലിയ ദേശം
അക്കപുല്ക്കൊ	മെക്സിക്കൊ ദേശത്തിലെ ഒരു നഗരം
അച്ചിൻ	സുമാത്ര എന്ന ടീപിൽ ഒരു ചെറിയ ദേശം
ആക്കർ	ഫൊനിക്കിയ എന്ന ദേശത്തിലുള്ള ഒരു നഗരം
അഡേൻ	അറാബിയായിൽ ഒരു തുറമുഖ പട്ടണം
അദ്രിയാനോപ്പൾ	യൂറോപ്പിലെ തുർക്കിയിൽ ഒരു നഗരം
അപ്പ്ലാനിസ്യാൻ	ആസിയായിൽ ഒരു ദേശം
അഫ്രിക്ക	വൻകരകളിൽ ഒന്ന
ആഗെവ്ഹൂസ	നോർവെയിലെ ഒരു ദേശം
അജിൻകോട്ട്	ഫ്രാൻസിലെ ഒരു ഗ്രാമം
അഗ്രാ	ഇന്ത്യായിൽ ഒരു മഹാ പട്ടണം
അഹെമ്മദബാദ	ഇന്ത്യായിൽ ഒരു നഗരം
അഹെമ്മദനഗർ	ഇന്ത്യായിൽ ഒരു നഗരം
അയിലാശാപ്പൽ	പ്രൂസ്സിയാ എന്ന രാജ്യത്തിൽ ഒരു നഗരം
അജ്മീർ	ഇന്ത്യായിൽ ഒരു ദേശം
അലാബാമാ	വടക്കെ അമെരിക്കായിലെ ഐക്യനാടുകളിൽ ഒന്ന
അല്ബാനൊ	ഇത്താലിയിൽ ഒരു പട്ടണം
അല്ബാനിയാ	യൂറോപ്പിലെ തുർക്കിയിൽ ഒരു ദേശം
അല്ബാനി	ന്യൂയോർക്കിലെ ഒരു പട്ടണം

അൽബി	ഫ്രാൻസിലെ ഒരു പഴയ നഗരം
ആലെപ്പൊ	സുറിയായിലെ തലസ്ഥാനം
അലെക്സാന്ത്രിയാ	എജിപ്തിലെ ഒരു പട്ടണം
അല്ജീസ്	ബാൎബ്ബെറിയിലെ ഒരു ദേശം
അള്ളഹബാദ	ഇന്ദ്യായിലെ ഒരു ദേശം
ആൽപ്സ	യൂറോപ്പിൽ ഒരു പൎവ്വതനിര
അൽത്തായൻ മലകൾ	ആസിയായിൽ ഒരു വലിയ പൎവ്വത നിര
അമരപുരം	ബൂൎമ്മാ രാജ്യത്തിലെ പഴയ തലസ്ഥാനം
അമാസിയാ	ആസിയായിലുള്ള തുൎക്കിയിലെ ഒരു നഗരം
അമസൊൻ	തെക്കെ അമെറിക്കായിൽ ഒരു ആർ, അത ലോകത്തിലുള്ളതിലും വലിയതാകുന്നു
അമസോനിയാ	തെക്കെ അമെറിക്കായിൽ ഒരു വലിയ ദേശം
അമെറിക്കാ	വൻകരകളിൽ ഒന്ന
അംസ്റ്റേൎഡാം	ഹോലാണ്ടിലെ തലസ്ഥാനവും തുറമുഖ പട്ടണവും
അന്നാം	ആസിയായിൽ ഒരു ദേശം
അണ്ടാലൂസിയാ	സ്പേയിനിലെ ഒരു ദേശം
അണ്ടാമൻ ദ്വീപുകൾ	ബെങ്കാള ഉൾക്കടലിന്റെ കിഴക്ക വശത്തുള്ള ദ്വീപുകളുടെ കൂട്ടം
അണ്ടെസ	തെക്കെ അമെറിക്കായിൽ ഒരു വലിയ പൎവ്വത നിര
സെന്തഅന്ദ്രയോസ	സ്കോത്ത്ലാണ്ടിൽ ഒരു നഗരവും തുറമുഖവും
അന്ഗ്ലെൽസി	വേത്സിൽ ഒരു ദ്വീപും കൌന്തിയും
അൻഗോലാ	അഫ്രിക്കയിൽ ഒരു ദേശം
അൻജാർ	ഇന്ദ്യായിലെ ഒരു പട്ടണം
അൻജ്രൂ	ഫ്രാൻസിൽ ഒരു ദേശം
അന്ത്യോക്ക	സുറിയായിലെ ഒരു പട്ടണം.
അന്തിപാറൊസ	ഗ്രേക്ക ആൎക്കിപെലേഗോയിൽ ഒരു തുരുത്ത
അന്ത്വെപ്പ്	ബെല്ജിയമിലെ ഒരു സമുദ്രതീര നഗരം
അപ്പെനീൻസ്	യൂറോപ്പിൽ ഒരു പൎവ്വത നിര
അറാബിയ	ആസിയായിൽ ഒരു ദേശം
അറാക്കാൻ	ആസിയായിൽ ഒരു ദേശം
അറാഗൊൻ	സ്പേയിനിൽ ഒരു ദേശം
അറാറാത്ത	അൎമ്മെനിയായിൽ ഒരു പൎവ്വതം
അൎബ്ബെല്ലാ	ആസിയായിലെ തുൎക്കിയിൽ ഒരു പട്ടണം.
അൎക്കാഡിയാ	ഗ്രേക്കിൽ ഇപ്പോൾ മോറിയ എന്ന പറയപ്പെടുന്ന ദേശം
അൎക്കാൻജെൽ	റുസ്സിയായിൽ ഒരു വലിയ ദേശം
ആൎക്കിപെലെഗൊ	ചെറിയ ആസിയായിക്കും ഗ്രേക്കിന്നും ഇടയിൽ കിടക്കുന്ന ദ്വീപുകളുടെ കൂട്ടം
അൎക്കാട്ട	ഇന്ദ്യായിലുള്ള ഒരു വിശേഷപ്പെട്ട പട്ടണം
അൎഗ്ഗോസ	ഗ്രേക്കിലെ ഒരു നഗരം
അൎഗ്ഗൈല്ലയർ	സ്കോത്ത്ലാണ്ടിലെ ഒരു കൌന്തി
അൎമ്മാ	ഇർലാണ്ടിലെ ഒരു കൌന്തി

അർമ്മേനിയാ	ആസിയായിൽ ഒരു വലിയ ദേശം
ആക്ഷാന്നീ	അഫ്രിക്കയിലുള്ള ഗിനിയിലെ ഒരു രാജ്യം
ആസിയാ	വൻകരകളിൽ ഒന്ന
ആസ്സാം	ഗംഗയ്ക്കു അപ്പുറത്ത ഇന്ത്യായിലെ ഒരു ദേശം
അസ്സായി	ഇന്ത്യായിലുള്ള ഒരു പട്ടണം
അതെനയ	ഗ്രേകിൽ ഒരു ശ്രുതിപ്പെട്ട നഗരം
അത്തോസ	അഫ്രിക്കയിൽ ഒരു ഉയന്ന പവ്തം
ഓസ്സബുക്ക	സാവരിയായിലെ ഒരു നഗരം
ഓറങ്ങബാദ	ദെക്കാനിലെ ഒരു നഗരം
ഓസ്നെല്ലിസ്സ	മോറെ വ്യായിലെ ഒരു ചെറിയ പട്ടണം
ഓസ്ത്രാലിയ	ലോകത്തിലേക്കും വലിയ ഒരു ദ്വീപ
ഓസ്ത്രിയ	യൂറോപ്പിൽ ഒരു വലിയ ദേശം
ആവ	ആസിയായിലെ ഒരു ദേശം
അവിഞ്ഞോൻ	ഫ്രാൻസിലെ ഒരു നഗരം
അയർല്ലയർ	സ്കോത്ത്ലാണ്ടിലെ ഒരു കൌന്തി
ആസോഫ്ഫ	ഒരു ഉൾക്കടലും യൂറോപ്പിലെ റുസ്സിയായിൽ ഒരു പട്ടണവും
അസോസ്	അത്ലാന്തിക്ക സമുദ്രത്തിൽ കൂടികിടക്കുന്ന ഒമ്പത ദ്വീപുകൾ
ബാബെൽമണ്ടെൽ	അബിസിനിയായിക്കും അറബിയായ്ക്കും ഇടയിൽ ഒരു ഇടുക്കം
ബാഡെൻ	സ്വാബിയായിലെ ഒരു ദിക്ക സിത്സെർല്ലാണ്ടിൽ ഒരു പട്ടണം താഴത്തെ ഓസ്ത്രിയായിൽ ഒരു പട്ടണം
ബഫിൻസ്ഉൾക്കടൽ	ഹഡ്സൻസ് ഉൾക്കടലിന്റെ വടക്ക ഒരു വലിയ ഉൾക്കടൽ
ബഗ്ദാദ	ആസിയായിലുള്ള തുക്കിയിൽ ഒരു നഗരം
ബഹാമസ്ദ്വീപുകൾ	അത്ലാന്തിക്ക സമുദ്രത്തിൽ ബ്രിത്തീശകാർക്കുള്ള വ
ബാഹാർ	ഇന്ത്യായിൽ ഒരു വലിയ ദേശം
ബഹാവല്പൂർ	ഇന്ത്യായിൽ ഒരു പട്ടണം
ബജദോർ	അഫ്രിക്കയുടെ തീരത്തിൽ ഒരു മുനമ്പ
ബാൻകാ	സുമാത്രായിക്ക അടുക്കലുള്ള ഒരു ദ്വീപ
ബാൻകൊക്ക	സിയാം എന്ന ദേശത്തിലെ ഒരു നഗരം
ബംഗളൂരു	ഇന്ത്യായിലെ ഒരു പട്ടണം
ബാന്താം	യാവായിലുള്ള ഒരു പട്ടണം
ബാർബഡോസ	പടിഞ്ഞാറെ ഇന്ത്യസ്സിലെ ദ്വീപുകളിൽ ഒന്ന
ബാബ്ബറി	അഫ്രിക്കയിൽ ഒരു പ്രദേശം
ബാസ്സെലോനിയ	സ്പേയിനിൽ ഒരു നഗരം
ബാസൽ	സിത്സെർല്ലാണ്ടിൽ ഒരു ദേശം
ബട്ടാവിയാ	യാവായിൽ ഒരു നഗരവും തുറമുഖവും
ബാവറിയാ	ജെർമ്മനിയിൽ ഒരു ദേശം
ബെജപ്പൂർ	ഇന്ത്യായിൽ ഒരു ദേശം

ബെല്ഫാസ്റ്റ	ഇർലാണ്ടിൽ ഒരു തുറമുഖപട്ടണം
ബെല്ജിയം	യൂറോപ്പിൽ ഒരു ദേശം
ബെനാരെസ	ഇന്ദ്യായിൽ ഒരു നഗരം
ബെങ്കാൾ	ഇന്ദ്യായിൽ ഒരു ദേശം
ബെനിൻ	ഗിനിയിലെ ഒരു ദേശം
ബെൻലൊമോണ്ട	സ്കോത്ത്യാണ്ടിൽ ഒരു പൎവ്വതം
ബെൻനെവിസ്സ	ബ്രിത്തെനിലേക്കും ഉയൎന്ന പൎവ്വതം
ബെറാർ	ഇന്ദ്യായിൽ ഒരു ദേശം
ബെൎല്ലിൻ	ജെൎമ്മനിയിലെ ഒരു നഗരം
ബെൎമ്മൂഡസ	അത്ത്രാന്തിക്ക സമുദ്രത്തിൽ നാല ദ്വീപുകൾ
ബേൻ	സ്വിത്സൎല്ലാണ്ടിൽ ഒരു ദിക്ക
ബേൎവിക്ക	ഇംഗ്ലാണ്ടിന്റെയും സ്കോത്ത്യാണ്ടിന്റെയും ഇടയിൽ ഒരു ദിക്ക
ബെയിഹാർ	ഇന്ദ്യായിൽ ഒരു പട്ടണം
ഭൂൎത്തപൂര	ഇന്ദ്യായിൽ അഗ്രായിലെ ഒരു പട്ടണം
ബൂൎമ്മാ	ആസിയായിൽ ഒരു വലിയ രാജ്യം
ബെൎമ്മിങ്ങാം	ഇംഗ്ലാണ്ടിൽ ഒരു പട്ടണം
ബിസ്കെ	സ്പേയിനിലെ ഒരു ദേശം അത്ത്രലാന്തിക്ക സമുദ്രത്തിൽ ഒരു വലിയ കടൽ കൈവഴി
കറുത്തവനം	ജെൎമ്മനിയിൽ സ്വാബിയായുടെ പടിഞ്ഞാറുള്ള വനം
കരിങ്കടൽ	ഒരു വലിയ ഉൾക്കടൽ
ബ്ലെൻഹെം	ബാവറിയായിലെ ഒരു ചെറിയ ഗ്രാമം
ബൊഹെമിയാ	ജെൎമ്മനിയിൽ ഒരു രാജ്യം
ബൊക്കാറാ	താത്തറി എന്ന ദേശത്തിൽ ഒരു പ്രദേശം
ബോലിവ്യാ	തെക്കെ അമെറിക്കായിൽ ഒരു ദേശം
ബൊംബെ	ഇന്ദ്യായിലെ ഒരു തലസ്ഥാനം
ബൂത്താൻ	വടക്കെ ഇന്ദ്യായിൽ ഒരു സ്വയാധിപത്യം
ബോൎന്നിയൊ	ആസിയായിലുള്ള ഒരു വലിയ ദ്വീപ
ബോൎന്നൌ	അഫ്രിക്കയുടെ നടുവിൽ ഒരു ദേശം
ബോസ്നിയ	യൂറോപ്പിലെ തുൎക്കിയിൽ ഒരു പ്രദേശം
ബോത്തനി ഉൾക്കടൽ	ന്യൂസൌത്തവേത്സിന്റെ കിഴക്കെ തീരത്തിങ്കൽ ഒരു ഉൾക്കടൽ
ബോത്നിയാ	ബാല്ത്തിക്ക കടലിന്റെ ഒരു ഭാഗം
ബുലോങ്ങ	ഫ്രാൻസിലെ ഒരു തുറമുഖ പട്ടണം
ബൌസാ	അഫ്രിക്കയിൽ ഒരു ദേശം
ബ്രാബാന്ത	ഹോലാണ്ടിലുള്ള ഒരു പ്രദേശം
ബ്രാഗാൻസാ	പോൎത്തുഗാലിൽ ഒരു നഗരം
ബ്രാൻഡെൻബൂൎഗ	പ്രുസ്സിയായിലെ ഒരു പ്രദേശം
ബ്രാഹ്മപുത്രാ	ഇന്ദ്യായിലുള്ള ഒരു വലിയ ആറ
ബ്രസ്സീൾ	തെക്കെ അമെറിക്കായിൽ ഒരു ദേശം
ബ്രെമെൻ	ജെൎമ്മനിയിലെ ഒരു പട്ടണം
ബ്രയത്തൊൻ	സുസ്സെക്സിലെ ഒരു പട്ടണം
ബ്രിസ്റ്റോൽ	ഗ്ലൌസ്റ്റെൎശയരിൽ ഒരു നഗരവും തുറമുഖവും

ബ്രിത്തെൻ	ഇംഗ്ലാണ്ടും സ്കോത്ത്രാണ്ടും എന്ന ദേശങ്ങൾക്കുള്ള പേര
ബ്രൂജ്ജെസ്സ	ബെല്ജിയമ്മിലെ ഒരു നഗരം
ബ്രൂൻസ്വിക്ക	ജെൎമ്മനിയിൽ ഒരു ദിക്ക
ബ്രൂസ്സെത്സ	ബെല്ജിയം എന്ന ദേശത്തിലെ തലസ്ഥാനം
ബൂധാ	ഹൻഗറിയിലെ തലസ്ഥാനം
ബ്യൂയെനോസെറിയസ	തെക്കെ അമെറിക്കായിൽ ഒരു വലിയ ദേശം
കാബെസ	തുനീസിലെ ഒരു തുറമുഖവും നഗരവും
കാബുൽ	അഫ്ഫാനിസ്ഥാനിലെ ഒരു പ്രദേശം
കാഡീസ	സ്പേയിനിലെ ഒരു നഗരവും തുറമുഖവും
കാഫ്രറിയാ	അഫ്രിക്കയിൽ ഒരു പ്രദേശം
കയിറൊ	എജിപ്തിലെ തലസ്ഥാന പട്ടണം
കലീസ	ഫ്രാൻസിലെ ഒരു തുറമുഖ പട്ടണം
കല്ക്കത്താ	ഇന്ദ്യായിലെ ഒരു തലസ്ഥാനം
ന്യൂകലെദോനിയാ	തെക്കെപാസിപ്പിക്ക സമുദ്രത്തിൽ ഒരു ദ്വീപ
കലിപോൎന്യാ	വടക്കെ അമെറിക്കായിൽ ഒരു ദേശം
കാംബെ	ഇന്ദ്യായിലെ ഒരു പട്ടണവും ഉൾക്കടലും
കാംബോഡിയ	കൊച്ചിൻ ചീനയിലെ ഒരു ദേശം
കാംബ്രെ	ഫ്രാൻസിലെ ഒരു നഗരം
കാംബ്രിഡ്ജ	കാംബ്രിഡ്ജശയരിലെ തലസ്ഥാനം
കനഡ	വടക്കെ അമെറിക്കായിലെ ഒരു വലിയ ദേശം
കനറിദ്വീപുകൾ	വടക്കെ അത്ത്രാന്തിക്ക സമുദ്രത്തിലുള്ള ൧൫ ദ്വീപുകൾ
കണ്ടഹാർ	അഫ്ഫാനിസ്ഥാനിലെ ഒരു ദേശം
കാണ്ടി	സെലോനിലെ ഒരു ദേശം
കാന്തെർബുരി	കെന്തിലെ തലസ്ഥാന നഗരം
കാന്തോൻ	ചീനത്തെ ഒരു നഗരവും തുറമുഖവും
ഗ്രഡ്ഹോപ്പ എന്ന മുനമ്പ	അഫ്രിക്കായുടെ തെക്കെ അററത്ത ഒരു ദിക്ക
കാരാമനിയ	ആസിയായിലെ തുൎക്കിയിൽ ഒരു ദേശം
വടക്കൻകാറോലിനാ	അമെറിക്കായിലെ ഐക്യദേശങ്ങളിൽ ഒന്ന
കാൎപ്പതിയൻമലകൾ	ജെൎമ്മനിയിലുള്ള മലകൾ
കാഷെൽ	ഇർലാണ്ടിൽ ഒരു നഗരം
കാശ്മീർ	ഇന്ദ്യായിലെ ഒരു ദേശം
കാസ്സെൽ	ജെൎമ്മനിയിലെ ഒരു നഗരം
കാബ്ദൽ	ആസിയായുടെ നടുവിൽ ഒരു പ്രദേശം
കൊക്കസസ്സ	ആസിയായിലെ ഒരു പൎവ്വതം
കോൻപൂര	ഇന്ദ്യായിലെ ഒരു പട്ടണം
സെലൊൻ	ഇന്ദ്യാ സമുദ്രത്തിൽ ഒരു വലിയ ദ്വീപ
ചെശയർ	ഇംഗ്ലാണ്ടിലെ ഒരു കൌന്തി
ചില്ലി	തെക്കെ അമെറിക്കായിലെ ഒരു ദേശം
ചീന	ആസിയായിലെ ഒരു വലിയ ദേശം
ചീനതാൎത്തറി	തീബെട്ടിൻെറ വടക്കവശത്തുള്ള ദേശം
ക്രിസ്ത്യാനിയാ	നോൎവ്വെയിലെ തലസ്ഥാനം
സിൻസിനത്തി	അമെറിക്കായിലെ ഐക്യദേശങ്ങളിൽ ഒന്ന

സിയുഡാഡ്റൊദ്രിഗൊ	സ്പേയിനിലെ ഒരു നഗരം
കൊച്ചിൻ ചീന	ആസിയായിലെ ഒരു ദേശം
കോയംബത്തൂർ	തെക്കെ ഇന്ത്യായിലെ ഒരു ദേശം
കോല്ലെസ്സർ	ഏസെക്സിലുള്ളതിലേക്കും വലിയ പട്ടണം
കൊലംബിയാ	തെക്ക അമെറിക്കായിലെ ഒരു ദേശം
കൊളെത്രൻ	ഇന്ത്യായിലുള്ള ഒരു ആറ
കൊൻഗൊ	അഫ്രിക്കയുടെ പടിഞ്ഞാറെ തീരത്തിങ്കൽ ഒരു ദേശം
കൊനെക്തികൂത്ത	വടക്കെ അമെറിക്കായിലെ ഐക്യദേശങ്ങളിൽ ഒന്ന
കൊൻസ്റ്റാന്തിന	അല്ലിയെസ്സിലെ ഒരു ദേശം
കൊൻസ്റ്റാന്തിനൊപ്പൾ	യൂറോപ്പിൽ ഒരു മഹാ വലിയ നഗരവും തുക്കി മഹാരാജ്യത്തിന്റെ തലസ്ഥാനവും
കോപെൻഹഗൻ	ഡെന്മാക്കിലെ തലസ്ഥാനം
കോഡ്വ	സ്പേയിനിൽ അണ്ടാലൂസ്യായിലെ ഒരു നഗരം
കോറെയാ	ആസിയായിൽ ചീനെയ്ക്കും യാപ്പാനും ഇടയിൽ ഒരു കരനാക്ക
കോറിന്ത	ഗ്രേക്കിലെ ഒരു ശ്രുതിപ്പെട്ട നഗരം
കോക്ക	ഇർലാണ്ടിലെ ഒരു കൌന്തി
കോൻവാൽ	ഇംഗ്ലാണ്ടിലെ ഒരു കൌന്തി
കോസ്കികാ	മെഡിത്തെറെനിയാനിൽ ഒരു വലിയ ദ്വീപ
കോത്തൊനാ	നേപ്പല്സിലെ ഒരു നഗരവും തുറമുഖവും
കൊവെന്ത്രി	വാവ്കശയരിലെ ഒരു നഗരം
കൌസ്സ	വൈത്ത ദ്വീപിലെ ഒരു തുറമുഖ പട്ടണം
ക്രാക്കൌ	യൂറോപ്പിന്റെ നടുവിൽ ഒരു സ്വയാധിപത്യവും പട്ടണവും
ക്രെമാനാ	ഇത്താലിയിൽ ഒരു നഗരം
ക്രിമെയാ	ഒസ്സിയായുടെ തെക്കെ ഭാഗത്ത ഒരു കുഴത്ത
ക്യൂബാ	പടിഞ്ഞാറെ ഇന്ദിയസ്സിലുള്ളതിലേക്കും വലിയ ദ്വീപ
കുംബെല്ലാണ്ട	ഇംഗ്ലാണ്ടിലെ ഒരു കൌന്തി
കുത്താക്ക	ഇന്ത്യായിലെ ഒരു ദിക്ക
ടാക്കാ	ബെംഗാളിലെ ഒരു നഗരം
ടാഹൊമി	ഗിനിയിലെ ഒരു ദേശം
ടാല്മത്തിയാ	യൂറോപ്പിലെ ഒരു ദേശം
ടമസ്കൊസ	സുറിയായിലെ ഒരു നഗരം
ടാന്സ്റ്റിക്ക	പ്രുസ്സിയായിലെ ഒരു നഗരം
ടാന്യൂബ	യൂറോപ്പിൽ ഒരു വലിയ ആറ
ടാട്ടനെസ്സ	കൊൻസ്റ്റാന്തിനൊപ്പലിന്ന അടുക്കലുള്ള ഇടുക്കം
ടാവിസ ഇടുക്കം	ഗ്രീൻല്ലാണ്ടിന്നും വടക്കെ അമെറിക്കായിക്കും ഇടയിൽ
ടീൽ	കെന്തിലെ ഒരു തുറമുഖം
ടെലാവാർ	അമെറിക്കായിലെ ഐക്യനാടുകളിൽ ഒന്ന

ഡെല്ഹി ഇന്ത്യായിലെ ഒരു ദേശം
ഡെലൊസ ഗ്രേക്കിലെ ഒരു ചെറിയ ദ്വീപ
ഡെല്ഫി ഗ്രേക്കിൽ ഒരു ശ്രുതിപ്പെട്ട നഗരം
ഡെന്മാക്ക യൂറോപ്പിലെ ഒരു ദേശം
ഡേബിശയർ ഇംഗ്ലാണ്ടിലെ ഒരു കൌന്തി
ഡെർപെന്ത ഡെബിശയർലെ ഒര ആറ
ഡെവോൻശയർ ഇംഗ്ലാണ്ടിലെ ഒരു കൌന്തി
ഡയർബെക്കർ ആസിയായിലുള്ള തുക്കിയിലെ ഒരു ദേശം പണ്ടത്തെ മെസൊപൊത്താമിയാ
ദിയെപ്പ ഫ്രാൻസിലെ ഒരു തുറമുഖം
ദിനാഗെപൂര ഇന്ത്യായിലെ ഒരു ദിക്ക
ദൊമിൻഗൊ പടിഞ്ഞാറെഇന്ദിയസ്സിൽ ഒരു ദ്വീപ അരിന്ന ഹേത്തി എന്ന പേർ ഇപ്പോൾ പറയുന്നു
ദൊമിനിക്കാ കരീബദ്വീപുകളിൽ ഒന്ന
ദൊൻ ഉസ്സിയായിലെ ഒരു വലിയ ആറ
ദൊനെഗാൽ ഇർലാണ്ടിലെ ഒരു കൌന്തി
ദൊസ്തുയർ ഇംഗ്ലാണ്ടിലെ ഒരു കൌന്തി
ദൊവെർ കെന്തിലെ ഒരു തുറമുഖ പട്ടണം
ദ്രെസ്ദൻ ജെർമ്മനിയിലെ ഒരു നഗരം
ദ്രൊഹെദാ ഇർലാണ്ടിലെ ഒരു തുറമുഖം
ദുബ്ലിൻ ഇർലാണ്ടിലെ തലസ്ഥാനം
ദുംബാർത്താൻശയർ സ്കോത്ലാണ്ടിലെ ഒരു കൌന്തി
ദുംഫ്രിശയർ സ്കോത്ലാണ്ടിലെ ഒരു കൌന്തി
ദുർഹം ഇംഗ്ലാണ്ടിലെ ഒരു കൌന്തി
ദ്വാരകാ ഗുജെറാത്തിലെ ഒരു പട്ടണം
ദ്വിനാ ഉസ്സിയായിലെ ഒര ആറ
ദിനാപൂര ബാഹാറിലെ ഒരു പട്ടണം
എഡെർ ഗുജെറാത്തിലെ ഒരു പട്ടണം
എദിൻബൂർഗ് സ്കോത്ലാണ്ടിലെ തലസ്ഥാനം
എജിപ്ത ആഫ്രിക്കായിലെ ഒരു ദേശം
എല്ബ ജെർമ്മനിയിലെ ഒര ആറ
എലെഫാന്ത ഇന്ത്യായിൽ പടിഞ്ഞാറെ തീരത്തിങ്കൽ ഒരു ചെറിയ ദ്വീപ
എലോരാ ഇന്ത്യായിലെ ഒരു ഗ്രാമം
എൽസ്നൂർ ജെർമ്മനിയിലെ രണ്ട ആറുകളുടെ പെര
ഇംഗ്ലാണ്ട ഗ്രേട്ടബ്രിത്തെൻ എന്ന ദ്വീപിൻറെ തെക്കെ ഭാഗം
എപ്പിറുസ്സ ഗ്രേക്കിൻറെ വടക്കുപടിഞ്ഞാറ ഒരു വലിയ ദേശം
എസ്സെക്സ ഇംഗ്ലാണ്ടിലെ ഒരു കൌന്തി
എത്തിയൊപ്പിയ ആഫ്രിക്കയിൽ ഒരു വലിയ ദേശം
എറ്റ്ന സിസിലിയിലെ ഒരു അഗ്നി പർവ്വതം
എവുപ്രാത്തേസ ആസിയായിലെ തുക്കിയിൽ ഒരു വലിയ ആറ
എക്സ്തെർ ദിവൻശയരിലെ തലസ്ഥാനവും തുറമുഖവും

യൂറോപ്പ	വൻകരകളിൽ ഒന്ന
ഫൊല്ക്കലാണ്ടദ്വീപുകൾ	അത്ലാന്തിക്ക സമുദ്രത്തിൽ രണ്ട ദ്വീപുകൾ
ഫല്മൌത്ത	കൊൎന്ന്വാലിലെ ഒരു തുറമുഖം
ഫെസ്സ	മൊറൊക്കോയിലെ ഒരു നഗരം
ഫെസ്സാൻ	അഫ്രിക്കയുടെ ഉള്ളിൽ ഒരു ദേശം
ഫിനിസ്റ്റെർ എന്ന മുനമ്പ	സ്പേയിനിൻെറ പടിഞ്ഞാറെ അററം
ഫിൻലാണ്ട	റുസ്സിയായിലെ ഒരു ദേശം
ഫിരൊസബാദ	അഗ്രായിലെ ഒരു പട്ടണം
ഫ്ലാണ്ടെൎസ്	ബെല്ജിയമ്മിലെ ഒരു ദിക്ക
ഫ്ലിന്ത്ശയർ	വേത്സിലെ ഒരു കൌന്തി
ഫ്ലോറെൻസ	തുസ്കനിയിലെ തലസ്ഥാനം
ഫ്ലൊറിദ	വടക്കെ അമെറിക്കായിലെ ഒരു ദേശം
ഫോൎമ്മൊസ	ചീനസമുദ്രത്തിൽ ഒരു ദ്വീപ
ഫോക്സ്ദ്വീപുകൾ	അമെറിക്കായുടെ പടിഞ്ഞാറെ തീരത്തിങ്കൽ
ഫ്രാൻസ	യൂറോപ്പിലെ പ്രധാന ദേശങ്ങളിൽ ഒന്ന
ഫ്രാങ്കപൊൎട്ട	ജെൎമ്മനിയിലെ ഒരു വിശേഷപ്പെട്ട പട്ടണം
ഫ്രിട്ടൌൻ	ഗിനിയിലെ ഒരു തുറമുഖ പട്ടണം
ഫ്രെണ്ടിദ്വീപുകൾ	തെക്കെ പാസിഫിക്ക സമുദ്രത്തിൽ
ഫ്ലൂനെൻ	ഡെന്മാൎക്കിലെ ഒരു ദ്വീപ
ഫൂറക്കബാദ	അഗ്രായിലെ ഒരു നഗരം
ഫുത്തിപൂര	അള്ളഹബാദിലെ ഒരു പട്ടണം
ഫിസാബാദ	അയോധ്യയിലെ ഒരു ഉൾപട്ടണം
ഗൈയിത്താ	നെപ്പല്സിലെ ഒരു കേൾവിപ്പെട്ട നഗരം
ഗോല്വയി	ഇർലാണ്ടിലെ ഒരു കൌന്തി
ഗലിസിയാ	സ്പേയിനിലെ ഒരു പ്രദേശം
ഗാംബിയ	അഫ്രിക്കയിലെ ഒരു വലിയ ആറ
ഗംഗ	ഇന്ദ്യായിലെ ഒരു ശ്രുതിപ്പെട്ട ആറ
ഗഞ്ചാം	ഇന്ദ്യായിലെ ഒരു പട്ടണവും തുറമുഖവും
ഗാവല്ഗർ	ഇന്ദ്യായിലെ ഒരു കോട്ട
ജെനെവാ	സ്വിത്സൎല്ലാണ്ടിലെ ഒരു കാന്തോനും പട്ടണവും കായലും
ജെനൊവ	ഇത്താലിയായിലെ ഒരു ഡുച്ചി
ജ്യോൎജ്ജിയാ	ആസിയായിലെ ഒരു ദേശം
ജെൎമ്മനി	യൂറോപ്പിലെ ഒരു വലിയ ദേശം
ഘാസിപൂര	ഇന്ദ്യായിലെ ഒരു ദിക്ക
ഘെന്ത	ബെല്ജയിമ്മിലെ ഒരു നഗരം
ഘുസ്നി	അഫ്ഘാനിസ്ഥാനിലെ ഒരു നഗരം
ജിബ്രാൽത്തെർ	സ്പേയിനിൽ ഗ്രേട്ടബ്രിത്തേന്നുള്ള ഒരു പട്ടണവും കോട്ടയും
ഗ്ലമോൎഗ്ഗൻശയർ	വേത്സിലെ ഒരു കൌന്തി
ഗ്ലാസ്ഗൌ	സ്കോത്ലാണ്ടിലെ ഒരു നഗരം
ഗ്ലൌസെസ്തൎശയർ	ഇംഗ്ലാണ്ടിലെ ഒരു കൌന്തി
ഗോവാ	ഇന്ദ്യായിലുള്ള കൊങ്കാനിലെ ഒരു നഗരം
ഗോധാവരി	ഇന്ദ്യായിലെ ഒരു വലിയ ആറ

ഗോൽകൊണ്ട	ഇന്ത്യായിലെ ഒരു പ്രദേശം
ഗോല്ല്യകോസ്സു	ഗിനിയിലെ ഒരു സമുദ്രതീരപട്ടണം
ഗോണ്ടാർ	അബിസീനിയായിലെ തലസ്ഥാനം
ഗുണ്ടി	ഇന്ത്യായിലെ ഒരു ആറ
ഗോരുക്കപ്പുർ	ഇന്ത്യായിലെ ഒരു ടിക്ക
ഗോത്തുണ്ട	സ്പേദനിലെ ഒരു ദേശം
ഗോത്തെൻബുർഗ്	സ്പേദനിലുള്ള വിശേഷ കച്ചവട പട്ടണം
ഗ്രെൻകോസ്സു	ഗിനിയിലെ ഒരു ദേശം
ഗ്രനഡാ	സ്പേയിനിലുള്ള ഒരു പട്ടണം
ഗ്രേക്ക	യൂറോപ്പിലെ ഒരു ദേശം
ഗ്രീൻലാണ്ട	ആക്ടിക്കസമുദ്രത്തിലുള്ള ഒരു ദേശം
ഗ്രെനോബൽ	ഫ്രാൻസിലെ ഒരു നഗരം
ഗ്രൊണ്ടോ	ഉസ്സിയായിലുള്ള ഒരു പട്ടണം
ഗവാലിയൂർ	ഇന്ത്യായിലെ ഒരു പട്ടണം
ഗവാത്തെമാല	അമെരിക്കായുടെ നടുവിലുള്ള ഒരു ദെശം
ഗയിയാനാ	തെക്കെ അമെരിക്കായിൽ ഒരു വലിയ ദേശം
ഗിനി	അഫ്രിക്കയിൽ ഒരു വലിയ ദേശം
ന്യൂഗിനി അല്ലെങ്കിൽ പാപ്പുവാ	തെക്കെ പാസിഫിക്ക സമുദ്രത്തിൽ ഒരു ദ്വീപ
ഹജെരാത്ത	ഇന്ത്യായിലെ ഒരു ദേശം
ഹന്ദാന	ഇന്ത്യായിലെ ഒരു ദേശം
ഹന്നൂർ	ഇന്ത്യായിലെ ഒരു പട്ടണം
ഹരാ	ഇന്ത്യായിലെ ഒരു പട്ടണം
ഹർവാൽ	ഇന്ത്യായിലെ ഒരു ദേശം
ഹലിഫാക്സ്	യോർക്കശയരിലെ ഒരു പട്ടണം. അമെരിക്കായിൽ ഒരു പട്ടണം
ഹാംബുർഗ്	ജെർമ്മനിയിലെ ഒരു നഗരം
ഹാനപശയർ	ഇംഗ്ലാണ്ടിലെ ഒരു കൌന്തി
ഹനൊവെർ	ജെർമ്മനിയിലെ ഒരു ടിക്ക
ഹാവ്വിച്ച	എസെക്സ്സിലെ ഒരു തുറമുഖം
ഹസ്സിങ്ങ്സ	സസെക്സ്സിലെ ഒരു പട്ടണം
ഹവന്നാ	ക്യൂബായിലെ ഒരു പട്ടണവും തുറമുഖവും
ഹെബ്രൈഡീസ	സ്കോത്തുണ്ടിന്റെ പടിഞ്ഞാറെ വശത്തുള്ള ദ്വീപുകൾ
ഹെക്ലാ	ഐസ്ലാണ്ടിലെ ഒരു അഗ്നി പവ്വതം
സന്തഹെലെന	അത്ലാന്തിക്ക സമുദ്രത്തിൽ ഒരു ദ്വീപ
ഹെക്ട്രലനെയം	നെപ്പിള്സിലെ ഒരു പഴയ പട്ടണം
ഹെറെഫോഡ്ശയർ	ഇംഗ്ലാണ്ടിലെ ഒരു കൌന്തി
ഹെർത്ഫൊഡ്ശയർ	ഇംഗ്ലാണ്ടിലെ ഒരു കൌന്തി
ഹെസി	ജെർമ്മനിയിലെ ഒരു ദേശം
ഹിമാലയ	ആസിയായിലെഒരുമഹാവലിയപവ്വതനിര
ഇന്ദുസ്ഥാൻ	ആസിയായിലുള്ള ഒരു വലിയ ദേശം
ഹോബാർട്ടൌൻ	വാൻഡീമൻ ദേശത്തിലെ തുറമുഖപട്ടണം
ഹോലാണ്ട	യൂറോപ്പിലെ ഒരു ദേശം

ഹോൽസ്റ്റിൻ	സക്സൊനിയിലെ ഒരു ഡുച്ചി
ഹ്രഗ്ഗി	ഇന്ദ്യായിലെ ഒരു ദിക്കും ആറും
ഹൊൻ എന്ന മുനമ്പ	തെക്കെ അമെറിക്കായുടെ തെക്കെ അററം
ഹുഡ്സസ്സ ഉൾക്കടൽ	വടക്കെ അമെറിക്കായിൽ
ഹ്യൂഫൊ	അന്നാം രാജ്യത്തിലെ തലസ്ഥാനം
ഹൽ	യൊക്കശയരിലെ ഒരു തുറമുഖം
ഹംബെർ	ഇംഗ്ലാണ്ടിലെ ഒര ആറ
ഹൻഗറി	യൂറോപ്പിലെ ഒരു ദേശം
ഹന്തിങ്ങദോൻശയർ	ഇംഗ്ലാണ്ടിലെ ഒരു കൌന്തി
ഹൂദ്ദ്വാർ	ഇന്ദ്യായിലെ ഒരു പട്ടണം
ഹൈദ്രബാദ	ഇന്ദ്യായിലെ ഒരു ദേശം
ഐസ്ലാണ്ട	നോർവ്വെയുടെ വടക്ക ഡെന്മാർക്കാർക്കുള്ള ഒരു വലിയ ദ്വീപ
ഇന്ദ്യാ	ആസിയായിലെ ഒരു ദേശം
പടിഞ്ഞാറെഇന്ദിയസ്സ	തെക്കേതും വടക്കേതുമായ അമെറിക്കായുടെ മദ്ധ്യെയുള്ള ദ്വീപുകൾ
ഇന്ദസ്സ	ആസിയായിൽ ഒര ആറ
ഇംഗ്രിയാ	റസ്സിയായിലെ ഒരു ദിക്ക
ഇൻവേൻസ്സശയർ	സ്കോത്ലാണ്ടിലെ ഒരു വലിയ കൌന്തി
ംരംയൊനിയാൻ ദ്വീപുകൾ	മെഡിത്തെറെനിയൻ സമുദ്രത്തിൽ
ഇറാക്കഅറബിയ	ആസിയായിലെ തുക്കിയിൽ ഒരു ദേശം
ഇർലാണ്ട	യൂറോപ്പിൽ ഗ്രേട്ടബ്രിത്തെന്റെ പടിഞ്ഞാറെ ദ്വീപ
ഇസ്ലാമബാദ	ഇന്ദ്യായിൽ ചിത്താഗൊംഗിലെ ഒരു പട്ടണം
ഇസ്പഹാൻ	പാർസിയായിലെ ഒരു നഗരം
ഇത്താലി	യൂറോപ്പിലെ ഒരു ദേശം
ഇവിക്ക	മെഡിത്തെറെനിയനിൽ ഒരു ദ്വീപ
ഐവെറികോസ്റ്റ	ഗിനിയിലെ ഒരു ദേശം
യാഫ്ണപട്ടണം	സെലൊനിലെ ഒരു തുറമുഖം
യമയക്കാ	പടിഞ്ഞാറെ ഇന്ദിയസ്സിലെ ഒരു ദ്വീപ
യാപ്പാൻ	ആസിയായുടെ കിഴക്കെ അററത്ത ഒരു ദേശം
യാവാ	ആർക്കിപെലെഗോയിൽ ഒരു നല്ല ഫലമുള്ള ദ്വീപ
യെദൊ	യാപ്പാനിലെ തലസ്ഥാനം
യെല്ലലാബാദ	അഫ്ഘാനിസ്താനിലെ ഒരു പട്ടണം
ജേസീ	ഫ്രാൻസിന്റെ അടുക്കൽ ഇംഗ്ലീഷകാർക്കുള്ള ഒരു ദ്വീപ
ജെയപൂര	ഇന്ദ്യായിലെ ഒരു നഗരം
ജലം	ഇന്ദ്യായിലെ ഒര ആറ
യുവാൻപൂര	അള്ളഹബാദിൽ ഒരു പട്ടണം
ജഗന്നാഥം	ഓറിസ്സായിലെ ഒരു പട്ടണം
യൂലിയെസ്	വെസ്പാലിയായിലെ ഒരു ഡുച്ചി
യമുനാ	ഇന്ദ്യായിലെ ഒരു ആറ

യുനാഗർ	ഗുജറാത്തിലെ ഒരു പട്ടണം
ജൂത്താണ്ട	ഡെന്മാർക്കിലെ ഒരു കരനാക്ക
കാല്പി	ആഗ്രായിലെ ഒരു വലിയ പട്ടണം
കാംചാട്ക്ക	സിബെരിയായിലെ ഒരു കരനാക്ക
കാനെഞ്ജ	ഇന്ത്യായിലെ ഒരു പട്ടണം
കെലാത്ത	ബെലൂചിസ്ഥാനിലെ തലസ്ഥാനം
കെന്ത	ഇംഗ്ലാണ്ടിലെ ഒരു കൌന്തി
കെന്തക്കി	അമെരിക്കായിലെ ഐക്യനാട്ടുകളിൽ ഒന്ന
കൊറാസാൻ	പാർസിയയിലെ ഒരു ദിക്ക
കയൻക്യൂ	ആസിയയിലേക്കും വലിയ ആറ
കൃഷ്ണാ	ഇന്ത്യായിലെ ഒരു ആറ
കുർദിസ്ഥാൻ	ആസിയായിലെ തുർക്കിയിൽ ഒരു ദേശം
കൂറിൽദ്വീപുകൾ	കംചാട്ക്കയിക്ക സമീപെ ദ്വീപുകളുടെ ഒരു കൂട്ടം
കച്ച	ഇന്ത്യായിലെ ഒരു ദിക്ക
ലബ്രദോർ	വടക്കെ അമെരിക്കായിലെ ഒരു മലപ്രദേശം
ലക്കദ്വീപുകൾ	ഇന്ത്യാസമുദ്രത്തിൽ കിടക്കുന്ന ദ്വീപകളുടെ ഒരു സമൂഹം
ലാദോഗാ	റുസ്സിയായിലെ ഒരു കായൽ
ലദ്രോസ്സ	പാസിഫിക്ക സമുദ്രത്തിൽ ചില ദ്വീപുകൾ
ലഹോർ	ഇന്ത്യായിലെ ഒരു വലിയ ദേശം
ലാനാക്കശയർ	സ്കോട്ലാണ്ടിലെ ഒരു കൌന്തി
ലംഗ്രെ	ഫ്രാൻസിലെ ഒരു പട്ടണം
ലാപ്പൊ	ആസിയായിലെ ഒരു ദേശം
ലാപ്ലാണ്ട	യുരോപ്പിലെ ഒരു ദേശം
ലാസ്സാ	തിബെത്തിലെ തലസ്ഥാനം
ലത്താക്കിയ	പഴെലയൊദിക്കെയാ എന്ന പേർ പറയപ്പെട്ട പട്ടണം
ലൊസാൻ	സിത്സ്ലാണ്ടിലെ ഒരു നഗരം
സന്തലോറൻസ	വടക്കെ അമെരിക്കായിലെ ഒരു വലിയ ആറ
ലബാനോൻ	ആസിയായിൽ എത്രയും വലിയതും കീർത്തി പെട്ടതുമായ ഒരു പർവതനിര
ലീഡ്സ	യോൎക്കശയരിലെ ഒരു പട്ടണം
ലെഗ്ഹോൺ	തുസ്കിനിയിലെ ഒരു ബലമുള്ള പട്ടണം
ലൈൻസ്റ്റർ	ഇർലാണ്ടിലെ ഒരു ദേശം
ലൈസ്സിക്ക	സക്സോനിയിലെ ഒരു ശ്രുതിപെട്ട നഗരം
ലീത്ത	സ്കോട്ലാണ്ടിലെ ഒരു തുറമുഖം
ലെമ്നോസ	ആൎക്കിപെലഗോയിലെ ഒരു ദ്വീപ
ലെയൊൻ	സ്പേയിനിലെ ഒരു ദേശം
ലെപന്തൊ	യുരോപ്പിലുള്ള തുൎക്കിയിലെ ഒരു തുറമുഖം
ലെവാന്ത	മെഡിത്തെറനിയാ സമുദ്രത്തിന്റെ കീഴക്കെ ഭാഗം
ലെയിടെൻ	ഹോലാണ്ടിലെ ഒരു ശ്രുതിപെട്ട നഗരം
ലിബൊ	റുസ്സിയായിലെ ഒരു തുറമുഖം

ലിയജ — ബെല്ജിയത്തിലെ ഒരു ദേശം

ലിയൌകിയൌ — ചീന സമുദ്രത്തിലെ ദ്വീപുകൾ

ലീമ — പെറുവിലെ തലസ്ഥാനം

ലിമെറിക്ക — ഇർലാണ്ടിലെ ഒരു കൌന്തി

ലിപരിദ്വീപുകൾ — മെഡിത്തെറെനിയായിൽ കിടക്കുന്ന ദ്വീപുകളുടെ ഒരു സമൂഹം

ലിസ്ബൊൻ — പോർത്തുഗാലിലെ തലസ്ഥാനം

ലിഥുയനിയ — പോലാണ്ടിനോട ചേരുന്നതായി യൂറോപ്പിൽ ഒരു ദേശത്തിന്റെ പണ്ടത്തെ പേർ

ലിവെർപൂൽ — ഇംഗ്ലാണ്ടിലെ ഒരു തുറമുഖം

ലിവോനിയ — റുസ്സിയായിലെ ഒരു ദേശം

ലോടി — ലൊംബാർഡിയിലെ ഒരു നഗരം

ലോയിർ — ഫ്രാൻസിലെ ഒരുപ്രധാന ആറ

ലൊംബാർഡി — ഇത്തൂലിയുടെ ഒരു ഭാഗം

ലൊണ്ടോൻ — ഗ്രേട്ടബ്രിത്തെന്നും ഇർലാണ്ടുമാകുന്ന ഐക്യ ദേശത്തിന്റെ തലസ്ഥാനം

ലോക്കാ — സ്പേയിനിലെ ഒരു നഗരം

ലൂസിയാനാ — അമെരിക്കായിലെ ഐക്യനാടുകളിൽ ഒന്ന

ലുക്ക — ഇത്തൂലിയിലെ ഒരു ഡുച്ചി

ലുക്നൌ — ഇന്ദ്യായിലെ ഒരു പട്ടണം

ലക്ഷംബുഗ് — ഹോലാണ്ടിനോടും ബെല്ജിയത്തിനോടും ചേരുന്ന ഒരു വലിയ ഡുച്ചി

ലീയൊൻസ — ഫ്രാൻസിലെ ഒരു നഗരം

മക്കൌ — ചീനത്ത പൊർത്തുഗാൽകാക്കുള്ള ഒരു നഗരം

മക്കെൽഫീല്ല — ചെക്സയരിലുള്ള ഒരു പട്ടണം

മക്കെടോനിയ — യൂറോപ്പിലുള്ള തുക്കിയിലെ ഒരു ദേശം

മഡഗാസ്ക്കർ — ഇന്ദ്യാസമുദ്രത്തിൽ ഒരു ദ്വീപ

മദേറ — വടക്കെ അത്ലാന്തിക്ക സമുദ്രത്തിൽ പോർത്തുഗാൽകാക്കുള്ള ഒരു ദ്വീപ

മദ്രാസ — ഇന്ദ്യായിലെ തലസ്ഥാനങ്ങളിൽ ഒന്ന

മദ്രിഡ — സ്പേയിനിലെ തലസ്ഥാനം

മധുര — ഇന്ദ്യായിലെ ഒരു നഗരം

മായൽസ്രൂം — നോവെയുടെ തീരത്തിങ്കൽ ഒരു അപകടമായ നീർച്ചുഴലി

മായസ്ത്രിക്ക — ഹോലാണ്ടിലെ ഒരു പട്ടണം

മെയൻ — അമെരിക്കായിലെ ഐക്യനാടുകളിൽ ഒന്ന

മലബാർ — തെക്കെ ഇന്ദ്യായിലെ പടിഞ്ഞാറെ തീരത്തിങ്കൽ ഒരു ദേശം

മളാക്കാ — ആസിയായിലെ ഒരു വലിയ കരനാക്ക

മലഗാ — സ്പേയിനിലെ ഒരു നഗരം

മലദ്വീപുകൾ — ഇന്ദ്യാ സമുദ്രത്തിൽ ചെറിയ ദ്വീപുകളുടെ ഒരു കൂട്ടം

മോല്ത്താ — മെഡിത്തെറെനിയൻ സമുദ്രത്തിൽ ഒരു ദ്വീപ

മനയാർ — ഇന്ദ്യാസമുദ്രത്തിൽ ഒരു ചെറിയ ദ്വീപ

മഞ്ചെസ്റ്റർ	ലങ്കാശയറിലെ ഒരു വലിയ പട്ടണം
മാന്തുവാ	ഓസ്ട്രിയക്കാർക്കുള്ള ഇത്താലിയിലെ ഒരു പട്ടണം
മാൽമോറാ	ആസിയായിക്കും യൂറോപ്പിന്നും മദ്ധ്യേ ഒരു ഉൾക്കടൽ
മാക്കെസാസ	പാസിഫിക്ക സമുദ്രത്തിൽ അഞ്ചു ദ്വീപുകൾ
മസ്സെല്ല	ഫ്രാൻസിലെ ഒരു നഗരം
മാൎത്താബാൻ	ബ്രഹ്മരാജ്യത്തിലുള്ള ഒരു പട്ടണം
മാൎത്തിനിക്ക	വിൻഡ്വാർദ്വീപുകളിൽ ഒന്ന
മറിലാണ്ട	അമെരിക്കായിലെ ഐക്യനാടുകളിൽ ഒന്ന
മസച്ചുസെൎട്ട	അമെരിക്കായിലെ ഐക്യനാടുകളിൽ ഒന്ന
മധുര	ഇന്ത്യായിൽ ഒരു പുണ്യസ്ഥലമായ പട്ടണം
മൊറീക്യസ	ഇന്ത്യാസമുദ്രത്തിൽ ഗ്രേട്ടബ്രിത്തെന്നുള്ള ഒരു ദ്വീപ
മെക്കാ	അറബിയയിലെ ഒരു നഗരം
മെക്ലൻബുൎഗ്ഗ	ജൎമ്മനിയിലെ ഒരു ദിക്ക
മെദയാ	ആസിയായിലെ ഒരു പ്രധാന ദേശം
മെദീനാ	അറബിയയിലെ ഒരു പട്ടണം
മെഡിത്തെറനിയൻ	യൂറോപ്പിനും ആഫ്രിക്കയിക്കും നടുവിൽ ആസിയാവരയ്ക്കും എത്തുന്ന ഒരു കടൽ
മെദൈ	സൂറിയായിലെ ഒരു ആറ
മീത്ത	ഇൎല്ലായിൽ ഒരു പട്ടണം
മെമ്മെൽ	പ്രുസ്സിയായിലെ ഒരു പട്ടണം
മെൎസ്സ	ജൎമ്മനിയിലെ ഒരു ദേശവും പട്ടണവും
മെസി	ഇംഗ്ലാണ്ടിലെ ഒരു ആറ
മെസ്സിന	സിസ്സിലിയിലെ ഒരു നഗരവും തുറമുഖവും
മെസൊപൊത്താമിയാ	ആസിയായിലെ ഒരു ദേശം
മെൎത്സ	ഫ്രാൻസിലെ ഒരു നഗരം
മെക്സികൊ	വടക്കെ അമെരിക്കായിലെ ഒരു ദേശം
മൈയാക്കൊ	യാപ്പാൻ മഹാ രാജ്യത്തിലെ ഒരു വലിയ നഗരം
സന്തമീകായത്സ ഉൾക്കടൽ	പനാമ എന്ന ഉൾക്കടലിന്റെ കിഴക്കവശത്ത
മിലാൻ	ഇപ്പോൾ ഓസ്ട്രിയാക്കാർ ചേരുന്ന ഇത്താലിയിലെ ഒരു ഡുച്ചി
മിനോക്കാ	മെഡിത്തെറനിയൻസമുദ്രത്തിൽഒരുദ്വീപ
മെർസാപൂര	ഇന്ത്യായിലെ ഒരു പട്ടണം
മിസിസ്സിപ്പി	അമെരിക്കായിലെ ഐക്യനാടകളിൽ ഒന്നും അവിടത്തെ ആറും
മൊക്കാ	അറബിയയിലെ ഒരു നഗരം
മോൽദാവിയാ	യൂറോപ്പിലുള്ള തുൎക്കിയിലെ ഒരു ദേശം
മോളുക്കസ	ഇന്ത്യാസമുദ്രത്തിൽ ദ്വീപുകളുടെ ഒരു കൂട്ടം
മോൻഗോലിയ	ചീനയ്ക്ക ചേരുന്നതായി ആസിയായുടെ വടക്കുകിഴക്കെ ഭാഗത്ത ഒരു ദേശം

മോന്തപിഡിയൊ	തെക്കെ അമെറിക്കായിലെ ഒരു നഗരവും തുറമുഖവും
മോന്തപെല്ലിയർ	ഫ്രാൻസിലെ ഒരു നഗരം
മോന്ത്രൊസ	സ്കോത്ത്ലാണ്ടിലെ ഒരു തുറമുഖം
മോറവിയാ	ഓസ്ത്രിയ മഹാ രാജ്യത്തിലെ ഒരു ദേശം
മോറെയാ	പണ്ടപെലൊപ്പോനിസസ്സുഎന്ന വിളിക്കപ്പെട്ടത
മോറോക്കൊ	അഫ്രിക്കയിലെ ഒരു മഹാ രാജ്യം
മോസ്കൊ	റുസ്സിയായിലെ പഴയ തലസ്ഥാനം
മൂലെൻസ	ഫ്രാൻസിലെ ഒരു പട്ടണം
മൂൽമേൻ	ബൂമ്മാരാജ്യത്തിലുള്ള ഒരു പട്ടണം
മോസാംബീക്ക	കാപ്രിതീരത്തുകൽ ഒരു ദേശം
മുന്നിക്ക	ബാവരിയായിലെ തലസ്ഥാന നഗരം
മൻസ്റ്റെർ	ഇർലാണ്ടിലെ ഒരു ദേശം
മുസ്സാത്ത	അറബിയയിലെ ഒരു നഗരവും തുറമുഖവും
മൈസൂർ	തെക്കെ ഇന്ത്യായിലെ ഒരു വലിയ ദേശം
മിലെന	ആസിയായിലുള്ള തുക്കിയിലെ ഒരു ദ്വീപ
നാഗോർ	ഇന്ത്യായിലെ ഒരു പട്ടണം
നാഗപൂർ	ഇന്ത്യായിലെ ഒരു നഗരം
നാമൂർ	ബെല്ജിയമ്മിലെ ഒരു വിളവുള്ള ദേശം
നാൻസി	ഫ്രാൻസിലെ ഒരു നഗരം
നഞ്ചിധ്രുഗ	മൈസൂരിൽ ഒരു ബലമുള്ള കോട്ട
നാങ്കിൻ	ചീനത്തെ ഒരു നഗരം
നാന്തെസ	ഫ്രാൻസിലെ ഒരു കച്ചവടസ്ഥലം
നെപ്പല്ല	ഇത്താലിയുടെ തെക്കെഭാഗത്ത ഒരു ദേശം
നാഞ്ചോൻ	ഫ്രാൻസിലെ ഒരു നഗരം
നാവ്	റുസ്സിയായിലെ ഒരു ബലമുള്ള നഗരം
നസ്സോ	ജെൎമ്മനിയിലെ ഒരു ദേശം
നാത്തോലിയ	ആസിയായിലുള്ള തുക്കിയിലെ ഒരു ദേശം
നവറീന്നൊ	ഗ്രെക്കിലെ ഒരു തുറമുഖം
നവാർ	സ്പേയിനിലെ ഒരു ഭാഗം
നസറത്ത	ആസിയായിലുള്ള തുക്കിയിൽ ഒരു ചെറിയ പട്ടണം
നീലഗിരിമലകൾ	തെക്കെ ഇന്ത്യായിൽ മലകളുടെ ഒരു സമൂഹം
നെപ്പാൽ	വടക്കെ ഇന്ത്യായിലെ ഒരു രാജ്യം
നബ്ബദ	ഇന്ത്യായിലെ ഒര ആറ
നിയഫ്ലാത്തെൽ	സ്വിത്സ്ലാണ്ടിലെ ഒരു ദേശം
ന്യൂപാക്ക്	നൊട്ടിങ്ങാംശയരിലെ ഒരു ദിക്ക
ന്യൂബ്രൂൻസ്വിക	വടക്കെ അമെറിക്കായിലെ ഒരു ദേശം
ന്യൂകാസൽ	നോത്തംബല്ലാണ്ടിലെ ഒരു തുറമുഖം
ന്യൂഫൌണ്ടലാണ്ട	വടക്കെ അമെറിക്കായുടെ കിഴക്കെതീരത്തിൽ ഒരു ദ്വീപ
നീസ	ഇത്താലിയിൽ സാർദീനിയക്കാൎക്കുള്ള നഗരവും തുറമുഖവും

നിക്കൊബാർ	ഇന്ദ്യാസമുദ്രത്തിലുള്ള ദ്വീപുകളുടെ ഒരു സമൂഹം
നിക്കൊപോലീസ	യൂറോപ്പിലുള്ള തുർക്കിയിലെ ഒരു പട്ടണം
നിജേർ	അഫ്രിക്കയിലെ ഒരു വലിയ ആറ
നിഗ്രിത്തിയാ	അഫ്രിക്കയുടെ ഉള്ളിൽ ഒരു വലിയ ദേശം
നീൽ	അഫ്രിക്കയിലെ ഒരു ശ്രുതിപെട്ട ആറ
നീമ്സ	ഫ്രാൻസിലെ ഒരു നഗരം
നോർഫ്ഫോക്ക	ഇംഗ്ലാണ്ടിലെ ഒരു കൌന്തി
വടക്കൻകടൽ	ബ്രിത്തെന്റെയും നോർവേയുടെയും വടക്കോട്ട കിടക്കുന്ന അത്ഭാന്തിക്ക സമുദ്രത്തിന്റെ ആ ഭാഗം ജെർമ്മൻ കടലിനും ചിലപ്പോൾ ംരം പേർ പറയും
നോർവെ	യൂറോപ്പിലെ ഒരു ദേശം
നൂബിയാ	അഫ്രിക്കയിലെ ഒരു ദേശം
നൂരെംബെർഗ്ഗ	ജെർമ്മനിയിലെ ഒരു നഗരം
ഓദേർ	ജെർമ്മനിയിലെ ഒര ആറ
ഓഡെസ	റുസ്സിയായിലെ ഒരു നഗരവും തുറമുഖവും
ഓഹിയൊ	ഐക്യഒര ആറ
ഒലെറൊൻ	ഫ്രാൻസിലെ ഒരു ദ്വീപ
ഒലീമ്പുസ	ആസിയായിലുള്ള തുർക്കിയിലെ ഒരു ശ്രുതിപെട്ട പർവ്വതം
ഒപ്പൊർട്ടോ	പോർത്തുഗാലിലെ ഒരു വിശേഷപ്പെട്ട നഗരവും തുറമുഖവും
ഓറീസാ	ഇന്ദ്യായിലെ ഒരു ദേശം
ഓർക്ക്നിദ്വീപുകൾ	സ്കോത്ത്രാണ്ടിന്റെ വടക്ക ദ്വീപുകളുടെ ഒരു കൂട്ടം
ഓല്ലീയൻസ	ഫ്രാൻസിലെ ഒരു നഗരം
ഓർമ്മുസ	പാർസിയൻ ഉൾക്കടലിന്റെ തുടസ്സത്തിങ്കൽ ഒരു ശ്രുതിപ്പെട്ട ദ്വീപ
ഓസ്ത്രെണ്ട	ബെല്ജിയമ്മിലെ ഒരു തുറമുഖം
ഓസ്ത്രിയ	പാപ്പാദേശങ്ങളിലെ ഒരു പട്ടണവും തുറമുഖവും
ഒത്താഹീത്തി	പാസിഫിക്ക സമുദ്രത്തിൽ ഒരു ദ്വീപ
അയോധ്യ	ഇന്ദ്യായിൽ ഒരു വലിയ വിളവുള്ള ദേശം
ഔസ	യോർക്കശയരിലെ ഒര ആറ
ഓവൈഹി	പാസിഫിക്ക സമുദ്രത്തിലുള്ള സാണ്ടിച്ച ദ്വീപുകളിലേക്കും തുലോം വലിയത
പാസിഫിക്കസമുദ്രം	ആസിയായിക്കും അമെറിക്കായ്ക്കും ഇടയിലുള്ള വെള്ളങ്ങളുടെ കൂട്ടം
പാഡുവാ	ഓസ്ത്രിയാക്കാർക്കുള്ള ഇത്താലിയിലെഒരുനഗരം
പയിസ്ലി	സ്കോത്ത്രാണ്ടിൽ രെമ്പ്രിശയരിലെ ഒരു വലിയ പട്ടണം
പാലാർ	ഇന്ദ്യായിലെ ഒര ആറ
പലാർമ്മൊ	സിസ്സിലിയിലെ തലസ്ഥാനം

പാല്ലീസർ ദ്വീപുകൾ	പാസിഫിക്ക സമുദ്രത്തിൽ
പാല്മാ	കനറിദ്വീപുകളിൽ ഒന്ന
പാല്മെസ്റ്റൊൻദ്വീപുകൾ	പാസിഫിക്ക സമുദ്രത്തിൽ
പാല്മീറാ	സുറിയായിലെ ഒരു നഗരം
പനാമ	കൊലംബിയായിലെ ഒരു നഗരം
പറാഗ്വൈ	തെക്കെഅമെറിക്കായിലെ ഒരആറുംദേശവും
പാറിയാ	തെക്കെ അമെറിക്കായിലെ ഒരു ദേശം
പാറിസ	ഫ്രാൻസിലെ തലസ്ഥാനം
പാൎമ്മ	ഇത്താലിയിലെ ഒരു ഡുച്ചി
പാൎന്നാസുസ്സ	ഗ്രേക്കിലെ ഒരു പൎവതം
പാറൊസ	ആൎക്കിപെലെഗോയിലെ ഒരു ദ്വീപ
പത്താഗൊനിയാ	തെക്കെ അമെറിക്കായുടെ തെക്കെ അററത്തെ ദേശം
പത്മുസ	ഗ്രേക്ക ആൎക്കിപെലെഗോയിലെ ഒരു ദ്വീപ
പാവിയാ	ഇത്താലിയിൽ ഓസ്ട്രിയായിക്കുള്ള ഒരു നഗരം
പെഗു	ആസിയായിലെ ഒരു ദേശം
പെക്കിൻ	ചീന മഹാരാജ്യത്തിന്റെ തലസ്ഥാനം
പെല്യൂദ്വീപുകൾ	പാസിഫിക്ക സമുദ്രത്തിൽ ദ്വീപുകളുടെ ഒരു കൂട്ടം
പെൻസിൽവനിയ	അമെറിക്കായിലെ ഐക്യനാടകളിലേക്കുംവലിയതും വിശേഷപ്പെട്ടതും
പെൻസാൻസ	കൊൎന്ന്വാലിലെ ഒരു പട്ടണം
പാർസിയ	ആസിയായുടെ മദ്ധ്യത്തിങ്കൽ ഒരു വലിയദേശം
പെറു	തെക്കെ അമെറിക്കായിൽ ഒരു ദേശം
പെസ്റ്റ	ഹൻഗറിയിലെ ഒരു നഗരം
പെറേറൎസ്ബുൎഗ്ഗ	റുസ്സിയായിലെ തലസ്ഥാനം
ഫിലദെല്പിയാ	പെൻസിൽ വനിയായിലെ തലസ്ഥാനം
പീയഡ്മൊന്ത	ഇത്താലിയിലെ ഒരുദേശം
പിസാ	തുസ്തനിയിലെ ഒരു നഗരം
പിററകയൻസ ദ്വീപുകൾ	പാസിഫിക്ക സമുദ്രത്തിൽ ഒരു ചെറിയ ദ്വീപ
ലാപ്ലാത്താ	തെക്കെ അമെറിക്കായിലെ ഒരു ദേശം
രീയൊദെലാപ്ലാത്താ	തെക്കെഅമെറിക്കായിലെ ഒര ആറ
പ്ലിമൌത്ത	ദിവോൻശയരിലെ ഒരു തുറമുഖം
പോലാണ്ട	യൂറോപ്പിലെ ഒരു ദേശം
പൊലിനെസിയ	പാസിഫിക്ക സമുദ്രത്തിൽ ബഹു ദ്വീപുകൾക്കകൂടെയുള്ള പേര
പൊമ്പിയൈ	നെപ്പല്സിലെ ഒരു പഴയ നഗരം
പൂനാ	ഇന്ദ്യായിലെ ഒരു നഗരം
പൊൎട്ട്സ്മൌത്ത	ഹാമ്പശയരിലെ ഒരു ശ്രുതിപ്പെട്ടതുറമുഖം
പോൎത്തുഗാൽ	യൂറോപ്പിന്റെ പടിഞ്ഞാറെ ഭാഗത്ത ഒരു ദേശം
പോത്തസ്ദാം	പ്രുസ്സിയാ ദേശങ്ങളിലെ ഒരു പട്ടണം

പ്രാഗ്ഗ	ബോഹെമിയായിലെ തലസ്ഥാനം
പ്രുസ്സിയാ	യൂറോപ്പിലെ ഒരു ദേശം
പ്സകൊഫ്ഫ	റുസ്സിയായിലെ ഒരു ദേശം
പുല്ത്തൊവാ	റുസ്സിയായിലെ ഒരു ദേശം
ക്വീബെക്	താഴത്തെ കനഡായിലെ തലസ്ഥാനം
ക്വിത്തൊ	തെക്കെ അമെറിക്കായിലെ ഒരു ദേശം
രാംഗൂർ	ബെങ്കാളിലെ ഒരു ദേശം ബാഹാറിലും ഓറീസായിലും ഓരൊ പട്ടണം
രാംസെയി	വേത്സിന്റെ തീരത്തിങ്കൽ ഒരു ദ്വീപ
രാത്തിസ്ബൊൻ	ബാവറിയായിലെ ഒരു നഗരം
രാവെന്നാ	പാപ്പാദേശത്തിലെ ഒരു നഗരം
രെഡിങ്ങ	ബേക്കശയരിലെ തലസ്ഥാനം
ചെങ്കടൽ	അഫ്രിക്കയ്ക്കും അറബിയ ദേശത്തിന്നും മദ്ധ്യെ
രെഗ്ഗിയൊ	നെപ്പല്സിലെ ഒരു നഗരവും തുറമുഖവും
രെൻപ്രൂശയർ	സ്കോത്ത്ലാണ്ടിലെ ഒരു കൌന്തി
രീമ്സ	ഫ്രാൻസിലെ ഒരു നഗരം
രീൻ	യൂറോപ്പിലെ വലിയ ആറുകളിൽ ഒന്ന
രോഡദ്വീപ	അമെറിക്കായിലെ ഐക്യനാടകളിൽ ഒന്ന
രോൻ	യൂറോപ്പിലെ ഒരു വലിയ ആറ
രിച്ചോണ്ട	സുറിയായിലെ ഒരു ഭംഗിയുള്ള പട്ടണം
രിഗാ	റുസ്സിയായിലെ ഒരു പട്ടണം
രീയൊജനയിരൊ	ബ്രാസിലിലെ ഒരു ആറ
രൊശ്ഫോർത്ത	ബെല്ജിയമിലെ ഒരു പട്ടണം
രൊച്ചെസ്ത്തർ	കെന്തിലെ ഒരു നഗരം
റോം	ഇത്താലിയിലെ ഒരു നഗരം
രോസ്സ	സ്കോത്ത്ലാണ്ടലെ ഒരു കൌന്തി
രുവെൻ	ഫ്രാൻസിലെ ഒരു നഗരം
രുഗ്ബി	വാർവിക്കശയരിലെ ഒരു പട്ടണം
രങ്ങപൂർ	ബെങ്കാളിലെ ഒരുപട്ടണം
റുസ്സിയാ	യൂറോപ്പിലും ആസിയായിലും കൂടെയുള്ള ഒരു മഹാവലിയദേശം
രൈഡ	വൈത്തദ്വീപിന്റെ വടക്കകിഴക്കവശത്ത ഒരു പട്ടണം
സൊഫ്ഫി	മോറോക്കൊയിലെ ഒരുനഗരവും തുറമുഖവും
സാലാമാങ്ക	സ്പേയിനിലെഒരുനഗരം
സാമാർകാണ്ട	സ്വയാധിപത്യമുള്ള താർത്തറിയിലെഒരുനഗരം
സാമോസ	ഈജ്ജിയൻ കടലിലെ ഒരു ദ്വീപ
സാണ്ട്വിച്ചദ്വീപുകൾ	പാസിഫിക്ക സമുദ്രത്തിൽ ദ്വീപുകളുടെ ഒരു സമൂഹം
സാർദിനിയാ	മെഡിത്തെറെനിയാ സമുദ്രത്തിൽ ഒരു ദ്വീപ
സാർക്ക	ഇംഗ്ലീഷകടൽ കൈവഴിയിൽ ഒരു ചെറിയ ദ്വീപ
സാവോയി	ഫ്രാൻസിന്നും ഇത്താലിക്കും ഇടയിൽ യൂറോപ്പിലെ ഒരു ഡുച്ചി

സക്സൊനി	യൂറോപ്പിന്റെ നടുവിൽ ഒരു ദേശം
സ്കാബൊറ	യോർക്കശയരിന വടക്ക ഒരു തുറമുഖ പട്ടണം
ശെല്ഡ	ഫ്രാൻസിലെ ഒര ആറ
സില്ലിദ്വീപുകൾ	ഇംഗ്ലീഷ കടൽ കൈവഴിയുടെ പ്രവെശനത്തിങ്കൽ നവ്വ ദ്വീപുകൾ
സ്ലാവൊനിയ	ഓസ്ത്രിയായിക്ക ചേരുന്ന ഒരു ദേശം
സ്കൊത്ത്രാണ്ട	ഗ്രേട്ടബ്രിത്തെൻ എന്ന ദ്വീപിന്റെ വടക്കെ ഭാഗം
സന്തസെബാസ്ത്തിയൻ	സ്പേയിനിലെ ഒരു തുറമുഖ നഗരം
സെദാൻ	ഫ്രാൻസിലെ ഒരു ബലമുള്ള പട്ടണം
സെയിൻ	ഫ്രാൻസിലെ ഒര ആറ
സെനെഗാൽ	അഫ്രിക്കയിലെ ഒര ആറ
സീറിസ	യൂറോപ്പിലുള്ള തുർക്കിയിലെ ഒരു വലിയ പട്ടണം
ശ്രീരംഗപട്ടണം	ഇന്ദ്യായിലെ ഒരു നഗരം
സെവീയ	ദാന്യൂബിമ്മേൽ ഒരു ദേശം
സെത്തൊജ്ജ	വടക്കെ ഇന്ദ്യായിലെ ഒരു ദേശം
സെവെൻ	ഇംഗ്ലാണ്ടിലെ ഒര ആറ
സെവിൽ	സ്പേയിനിലെ ഒരു നഗരം
ഷാന്നൊൻ	ഇർലാണ്ടിലെ ഒര ആറ
ഷീയെൻസ്സ	കെന്തിലെ ഒരു പട്ടണം
ഷെത്ത്ലാണ്ട	സ്കോത്ത്ലാണ്ടിന വടക്കകിഴക്കുള്ള ദ്വീപുകളുടെ പേര
ഷീൽദ്സ	നോർത്തംബല്ലാണ്ടിലെ ഒരു തുറമുഖം
ഷ്രൂസ്ബുറി	ഷ്രൊപ്പശയരിലെ തലസ്ഥാനം
സിയാം	ആസിയായിലെ ഒരു ദേശം
സിബെറിയ	ആസിയായിലെ ഒരു ദേശം
സീസ്സിലി	മെഡിത്തെറേനിയായിൽ ഒരുവലിയ ദ്വീപ
സിയറലിയൊൻ	ഗിനിയുടെ പടിഞ്ഞാറെ ഭാഗത്ത ഒരു പര ദേശ കുടിയിരിപ്പ
സിലിസിയാ	പ്രൂസ്സിയായിലെ ഒരു ദിക്ക
സിസ്ലൊൻ	ഇത്താലിയിലെ ഒരു പർവ്വതം
സിന്ധ	ഇന്ദ്യായിലെ ഒരു ദേശം
സിങ്ങാപൂർ	മലയദേശത്തിന്റെ തെക്കെ അററത്ത ഗ്രേട്ടബ്രിത്തേനുള്ള ഒരു ദ്വീപ
സിവാ	അഫ്രിക്കയിലെ ഒരു ദേശം
സ്ലൈഗൊ	ഇർലാണ്ടിലെ ഒരു കൌന്തി
സ്മൊലെൻസ്കൊ	യൂറോപ്പിലുള്ള റുസ്സിയായിലെ ഒരു ദേശം
സ്മൎന്നാ	ആസിയായിലുള്ള തുർക്കിയിലെ ഒരു പഴയ നഗരവും തുറമുഖവും
സ്നോദോൻ	വേത്സിലെ ഒരു പർവ്വതം
സൊക്കോത്രാ	ഇന്ദ്യാസമുദ്രത്തിൽ ഒരു ദ്വീപ
സൊലഥൻ	സ്വിത്സ്സെല്ലാണ്ടിലെ ഒരു കാന്തൊൻ
സൊല്വെഫ്രിത്ത	കുമ്പല്ലാണ്ടിന്നും ദമ്പ്രിശയരിന്നും ഇടയിൽ ഒരു കടൽ കൈവഴി

സൂലൂ	ഇന്ദ്യാസമുദ്രത്തിൽ ഒരു ദ്വീപ
സൌതാമ്പ്ത്തൊൻ	ഹാമ്പശയരിലെ ഒരു പട്ടണം
സ്പെയിൻ	യൂറോപ്പിലെ ഒര വലിയ ദേശം
സ്പിഥെഡ	ഇംഗ്ലീഷ കടൽ കൈവഴിയിൽ കപ്പൽ നില്ക്കുന്ന ഇടം
സ്പിത്സബെഗ്ഗെൻ	യൂറോപ്പിലേക്കും വടക്കെ അററത്തെ ദേശം
സ്ഥാഫ്ഫാ	സ്കോത്ത്രാണ്ടിലെ ഒരു ദ്വീപ
സ്ഥൊക്ഹൊലം	സ്വേദെനിലെ തലസ്ഥാന നഗരം
സ്ഥൌർ	എസെക്സിന്നും സഫ്ഫോക്കിന്നും ഇടയിലുള്ള ഒര ആറ
സ്ത്രാസ്ബുഗ്	ഫ്രാൻസിലെ ഒരു നഗരം
സ്തുത്തട	വിൎത്തംബെഗ്ഗിലെ തലസ്ഥാനം
സൂയെസ	എജിപ്തിലെ ഒരു പട്ടണവും തുറമുഖവും
സുമാത്രാ	ഇന്ദ്യാസമുദ്രത്തിൽ ഒരു ദ്വീപ
സണ്ടദ്വീപുകൾ	ഇന്ദ്യാസമുദ്രത്തിൽ തെക്കകിഴക്ക ഭാഗത്തിൽ
സണ്ടെൎബണ്ട്സ	ഇന്ദ്യായിൽ ഒരു ദിക്ക
സണ്ടെൎല്ലാണ്ട	ഡുൎഹാം എന്ന, കൌന്തിയിൽ ഒരു തുറമുഖം
സുർ	സുറിയായിലെ ഒരു പട്ടണം
സൂറാത്ത	ഗുജെറാത്തിലെ ഒരു പഴയ നഗരം
സ്വെദൻ	യൂറോപ്പിലെ ഒരു ദേശം
സ്വിത്സൎല്ലാണ്ട	യൂറോപ്പിലെ ഒരു ദേശം
സുറിയാ	ആസിയായിലെ ഒരു വലിയ ദേശം
സിഡ്നി	ഓസ്ത്രാലിയയിലെ ഒരു പട്ടണം
താബ്രിസ്സ	പാർസിയായിലെ ഒരു നഗരം
താഗുസ്സ	സ്പേയിനിലെ ഒര ആറ
തലാവെറാ	സ്പേയിനിലെ ഒരു പട്ടണം
താഞ്ചിയേർ	മോറോക്കൊയിലെ തുറമുഖപട്ടണം
തഞ്ചൂര	ഇന്ദ്യായിലെ ഒരു ഗ്രാമം
തറാഗോനാ	സ്പേയിനിലെ ഒരു നഗരവും തുറമുഖവും
താൎത്തറി	ആസിയായിലെ ഒരു ദേശം
തെപ്ലീസ	ആസിയായിലുള്ള റുസ്സിയായിലെ പ്രധാന പട്ടണം
തെനാസറിം ദിക്കുകൾ	ഗംഗയ്ക്കഅപ്പുറമുള്ള ഇന്ദ്യായിൽ വിസ്താരമുള്ള പ്രദേശങ്ങൾ
തെനേറിഫ്ഫ	കനറിദ്വീപുകളിൽ ഒന്ന
തെക്സിയസ	വടക്കെ അമെറിക്കായിലെ സ്വതന്ത്രമുള്ള ഒരു ദേശം
തേമ്സ	ബ്രിത്തെനിലെ പ്രധാനപ്പെട്ട ആറ
തീബ്സ	മേലത്തെ എജിപ്തിലെ ഒരു പഴയ നഗരം
തെസ്സാലി	യൂറോപ്പിലുള്ള തുൎക്കിയിലെ ഒരു ദേശം
തിബെത്ത	ആസിയായിലെ ബഹുവിസ്താരമുള്ള ഒരു ദേശം
തീബെർ	ഇത്താലിയിലെ ഒരു കീൎത്തിപെട്ട ആറ
തിംബുക്തു	മദ്ധ്യഅഫ്രിക്കയിലെ ഒരു പട്ടണം
തിമോർ	കിഴക്കൻ ആൎക്കിപെലെഗോയിൽ ഒരു ദ്വീപ

തൊബൊൽസ്ക	റഷ്യാമഹാരാജ്യത്തിലെ ഒരു ദേശം
തൊലെഡൊ	സ്പേയിനിലെ ഒരു നഗരം
തൊൻകിൻ	ആസിയായിലെ ഒരു ദേശം
തോറോന്തൊ	മേലത്തെകനഡയിലെ തലസ്ഥാനം
തുലോൻ	ഫ്രാൻസിലെ ഒരു കോട്ടയുള്ള നഗരവും തുറമുഖവും
തുലൈസ്സ	ഫ്രാൻസിലെ ഒരു വലിയ നഗരം
ത്രാൻസിൽവാനീയാ	ഓസ്ത്രിയമഹാരാജ്യത്തിലെ ഒരു ദേശം
തിരുവിതാങ്കോട	തെക്കെ ഇന്ത്യായിലെ ഒരു സംസ്ഥാനം
ത്രെബിസോണ്ട	ആസിയായിലുള്ള തുർക്കിയിലെ ഒരു നഗരം
ത്രെന്ത	ഓസ്ത്രിയായിലെ ഒരു പ്രഭുവാധിപത്യം
ത്രെസ്സ	പ്രുസ്സിയായിലെ ഒരു ദേശം
ത്രിനിദാദ	തെക്കെഅമെരിക്കായുടെ വടക്കെ കിഴക്കെദിശത്തിങ്കൽ ഒരു ദ്വീപ
ത്രീപ്പോലി	ബാബ്ബറിദേശങ്ങളിലേക്കും കിഴക്കേത
ത്രോയെസ	ഫ്രാൻസിലെ ഒരു നഗരം
തുനീസ	ബാബ്ബറിയിലെ ഒരു ദേശം
തുർക്കോമനിയാ	സ്വതന്ത്രതാർത്തറിയിലെ ഒരു ദേശം
തുർക്കി	യൂറോപ്പിലും ആസിയായിലും ആഫ്രിക്കയിലും കൂടിയുള്ള ഒരു മഹാരാജ്യം
തുസ്കനി	ഇത്താലിയിലെ ഒരു വലിയ ഡുഛി
യുക്രാൻ	പോലാണ്ടിന്റെയും റുസ്സിയായുടെയും ചെറിയ താർത്തറിയുടെയും അതൃത്തിയിങ്കൽ ഒരു ദേശം
ഐക്യനാട്ടുകൾ	വടക്കെ അമെരിക്കായിൽ
യൂറാൽ പർവതങ്ങൾ	റുസ്സിയായിൽ ഒരു പർവത നിര
ഉത്രെക്ക	ഹോലാണ്ടിൽ കോട്ടയുള്ള ഒരു നഗരം
വാലായിസ	സ്വിത്സ്സ്ലാണ്ടിലെ ഒരു കാന്തൊൻ
വെനെൻസിയാ	സ്പേയിനിലെ പ്രധാന അംശങ്ങളിൽ ഒന്ന
വലെത്താ	മോല്ത്തായിലെ തലസ്ഥാന നഗരം
വല്ലറായിസൊ	ചില്ലിയിലെ പ്രധാന തുറമുഖപട്ടണം
വാൻദീയമസ്സദേശം	സൗത്തവേത്സിന്റെ തെക്കെ തീരത്തിങ്കൽ ഒരു ദ്വീപ
വെനീസ	ഓസ്ത്രിയായ്ക്കു ചേരുന്ന ഇത്താലിയിലെ ഒരു ദേശം
വെനീസുൾക്കടൽ	യൂറോപ്പിൽ ഇത്താലിയുടെയും തുർക്കിയുടെയും ഇടയിൽ
വെറാക്രൂസ	മെക്സിക്കോയിലെ ഒരു സംസ്ഥാനം
കേയ്പ്പവേർഡ്ദ്വീപുകൾ	ആഫ്രാന്തിക്ക സമുദ്രത്തിൽ
വെർമ്മൊന്ത	അമെരിക്കായിലെ ഐക്യനാട്ടുകളിൽ ഒന്ന
വേറൊനാ	ഇത്താലിയിൽ ഓസ്ത്രിയായിക്കുള്ള ഒരു നഗരം
വേസെൽസ്സ	ഫ്രാൻസിലെ ഒരു പട്ടണം
വെസൂവിയുസ്സ	ഇത്താലിയിലെ ഒരു അഗ്നിപർവ്വതം
വീയെന്ന	ജെർമ്മനിയിലെ ഒരു നഗരം
വിൻസെന്തെന്നമുനമ്പ	പോർത്തുഗാലിന്റെ തെക്കു പടിഞ്ഞാറുള്ള പ്രൊമൊന്തറി

വെജ്ജിൻദ്വീപുകൾ	പടിഞ്ഞാറെ ഇന്ദിയസ്സിൽ
വെജ്ജിനിയാ	അമെറിക്കായിലെ ഐക്യനാടുകളിൽ ഒന്ന
വാലാക്കിയ	യൂറോപ്പിലുള്ള തുക്കിയിലെ ഒരു സംസ്ഥാനം
വാല്ചറെൻ	ഹൊലാണ്ടകാൎക്കുള്ള ഒരു ദ്വീപ
വേത്സ	ഇംഗ്ലാണ്ടിന പടിഞ്ഞാറ ഒരു ദേശം
ന്യൂസൌത്തവേത്സ	ഓസ്ത്രാലിയായുടെകിഴക്കെ ഭാഗത്തുള്ള ദേശം
വാൎസാ	പോലാണ്ടിലെ ഒരു നഗരം
വഷിങ്ങ്ത്തൊൻ	അമെറിക്കായിലെ ഐക്യനാടുകളുടെ സംസ്ഥാനം
വാട്ടേൎല്ലൂ	ബെല്ജിയമിലെ ഒരു ഗ്രാമം
വെസ്തമിൻസ്തർ	മിഡിൾസെക്സിലെ ഒരു നഗരം
വിണ്ടൊർ	ബേൎക്കശയരിൽ രാജവാസമുള്ള ഒരു ഗ്രാമം
വോഹഹു	സാണ്ട്വിച്ചദ്വീപുകളിൽ ഒന്ന
യാക്കണ്ട	ചീനതുൎക്കെസ്താനിലെ പ്രധാന നഗരം
മഞ്ഞൾകടൽ	വടക്കെ പാസിഫിക്ക സമുദ്രത്തിന്റെ ഒരു കൈവഴി
യെമൻ	അറബിയഫെലിക്സിലെ ഒരു ദേശം
യോൎക്ക	യോൎക്കശയരിലെ തലസ്ഥാന നഗരം
ന്യൂയോൎക്ക	അമെറിക്കായിലെ ഐക്യനാടുകളിൽ ഒന്ന
സാൻഫാറാ	അഫ്രിക്കയിലെ ഒരു ദേശം
സാന്ത	ംരംയൊനിയദ്വീപുകളിൽ ഒന്ന
സാൻഗ്വെബാർ	അഫ്രിക്കയുടെ കിഴക്കെ തീരത്തിങ്കൽ ഒരു ദേശം
സീലാണ്ട	ഡെന്മാൎക്കിലെ ഒരു ദ്വീപ
ന്യൂസീലാണ്ട	പാസിഫിക്ക സമുദ്രത്തിൽ ദ്വീപുകളുടെ സമൂഹം
സുഗ്ഗ	സ്വിത്സെൎല്ലാണ്ടിലേക്കും ചെറിയ കാന്തോൻ
സൂറിക്ക	സ്വിത്സെൎല്ലാണ്ടിലെ ഒരു കാന്തോൻ

ക്രിസ്ത്യാനിവേദത്തിലുള്ള ദേശസമുദ്രം മുതലായവയുടെ പ്രത്യേകമായുള്ള പേരുകൾ.

നാമങ്ങൾ	വിവരങ്ങൾ
അബാനാ	ദമസ്കോസിലെ ഒരു നദി
ആബാറിം	മൊവാബദേശത്തിന്റെ വടക്കെ അതിരാകുന്ന ഒരു പൎവ്വത നിര
ആബെൽ	ഫലിസ്തിയാ എന്ന ദേശത്തിലുള്ള പലനഗരങ്ങൾക്കും പേർ
അബെസ	ഇസ്സാഖാറിനുള്ള അതൃത്തിയിൽ ഒരു പട്ടണം
ആബിലിനി	ലബാനോൻ എന്നും അന്തിലബാനോൻ എന്നുമുള്ള മലകളുടെ ഇടയിൽ ഒരു ദിക്ക

അകെൽദമ	യെറുശലെമിൻെറ തെക്കെ മതിലിന പുറത്ത ഒരു സ്ഥലം
അഖായ	ഗ്രെക്കദേശത്തിൽ ഒരു പ്രദേശം
ആഖൊർ	യെറിഹോയിലെ ഒരു മല ഇട്ടക
അഷ്ദിഖ	ആശെറിനുള്ള അതൃത്തിയിൽ ഒരു നഗരം യെഹ്രദായുടെ അതൃത്തിയിൽ മറൊന്ന
അകശാപ്പ	ആശെറിനുള്ള അതൃത്തിയിൽ ഒരു നഗരം
അദാദാ	യെഹ്രദായ്ക്കുള്ള അതൃത്തിയിൽ ഒരു നഗരം
അദ്മാ	അഗ്നിയാൽ നശികപ്പെട്ട അഞ്ച നഗരങ്ങളിൽ ഒന്ന
അദൊരയീം	യെഹ്രദായ്ക്കുള്ള അതൃത്തിയിൽ ഒരു പട്ടണം
അദുമ്മിയം	ചെറിയ ആസിയായിൽ മൂസിയായിലെ ഒരു സമുദ്രതീര പട്ടണം
അദ്രിയ	അദ്രിയത്തിക കടൽ
അദുല്ലാം	യെഹ്രദായ്ക്ക ഉള്ള അതൃത്തിയിൽ ഒരുനഗരം
അദുമ്മീം	യെറിഹോയുടെ വനത്തിൻെറ തുടക്കത്തിൽ ഒരു ഉയൎന്ന സ്ഥലം
അയിനോൻ	ഇത ഇന്നിടത്ത എന്ന തിട്ടമില്ല
അഹവാ	അസൂറിയായിലെ ഒര ആറ
ആയി	ബെതേലിന അട്ടകൎൽ പഴയ കനാനിലെ ഒരു നഗരം
അയാലൊൻ	ദാന്നുള്ള അതൃത്തിയിലെ ഒരു നഗരം
അലക്സന്ത്രിയ	എജിപ്തിലെ ഒരു ശ്രുതിപെട്ട നഗരം
അമാദ	ആശെറിനുള്ള അതൃത്തിയിൽ ഒരു നഗരം
അമാമം	യെഹ്രദായ്ക്കുള്ള അതൃത്തിയിൽ ഒരുനഗരം
അമാനാ	ഇത ഇന്നിടത്ത എന്ന നിശ്ചയമില്ല
അംഫിപോലിസ	മകെദോനിയായികും ത്രെസിനും ഇടയിൽ ഒരു നഗരം
അനാഖ	യെഹ്രദായിക്ക ഉള്ള അതൃത്തിയിൽ ഒരു നഗരം
അനനിയ	ഫലിസ്ത്യായിലെ ഒരു നഗരം
അനാതോത്ത	ബെന്യാമിന്നുള്ള അതൃത്തിയിൽ ഒരു നഗരം
അനെർ	മനശ്ശെയുടെ അതൃത്തിയിൽ ഒരു നഗരം
ആനിം	യെഹ്രദായിക്ക ഉള്ള അതൃത്തിയിൽ ഒരു നഗരം
അന്തിയോഖിയാ	ക സുറിയായിലെ തലസ്ഥാനം
അന്തിയോഖിയാ	ഖ പിസിദ്യിയായിൽ
അന്തിപത്രീസ	യെറുശലെമിൽനിന്ന കൈസൎയ്യ പൊകും വഴിയിൽ ഒരു ചെറിയ നഗരം
അഫേക	നേം പേരായിട്ട പല നഗരങ്ങൾ ഉണ്ട വിവരം
അഫേക	ക യെഹ്രദായുടെ ഗൊത്രത്തിനുള്ള അതൃത്തിയിൽ
അഫേക	ഖ യെസ്രെയെലിലെ താഴ്വരയിൽ

അഫേക്ക	൩ ആശെറിന്റെ ഗോത്രത്തിനുള്ള അതൃത്തിയിൽ
അഫേക്ക	൪ സുറിയായിലെ ഒരുനഗരം
അപ്പൊലൊനിയ	മക്കെദോനിയാപ്രൈമായിലെ ഒരുനഗരം
അറാബിയ	ആസിയായിൽ ഒരുദേശം
അറാദ	ഫലിസ്തിയായുടെ തെക്കെഭാഗത്തഒരുനഗരം
അറാറാത്ത	അർമെനിയായിൽ ഒരുപൎവ്വതം
അൎഗ്ഗോബ	യോർദാന്റെഅക്കരെ മനശ്ശെയ്ക്കുള്ള ഒരുനഗരം
അറിമതിയാ	യോസേഫ പാൎത്തിരുന്ന ഒരു ചെറിയ പട്ടണം
അൎമ്മഗെദൊൻ	ഇത ഇന്നിടത്തഎന്ന തിട്ടമില്ല
അർമെനിയ	ആസിയായിൽ ഒരു ദേശം
അൎന്നൊൻ	മൊവാബദേശത്തിന്റെ വടക്കെഅതിരിങ്കൽ ഒരു നദിയും താഴ്വരയും
ആറോയെർ	൧ അൎന്നൊൻനദിയുടെ മട്ടെക്കഒരുനഗരം
ആറോയെർ	൨ യെഹ്രദായുടെഗോത്രത്തിനുള്ള ഒരുനഗരത്തിന്റെപേർ
അൎപ്പാദ	സുറിയായിൽഒരുദേശവുംനഗരവും
അറുബ്ബാത	യെഹ്രദായുടെഗോത്രത്തിനുള്ള ഒരുനഗരം
അൎവ്വാദ	എല്ലൂതെറൂസ്സഎന്ന ആററമുഖത്ത ഒരുചെറിയദ്വീപ
ആസിയാ	മഹാഭൂഖണ്ഡങ്ങളിൽ ഒന്ന
അസ്കലൊൻ	അശ്ദോദിന്നുംഗാസായിക്കും നടുവെഒരുനഗരം
അസ്സുസ	മുസിയായിലെ ഒരുസമുദ്രതീരപട്ടണം
അസ്സുറിയാ	ആസിയായിലെഒരുദേശം
അതെനയ	ഗ്രേക്കിലെഒരു ശ്രുതിപെട്ടനഗരം
അത്താലിയാ	പംഫുലിയായിലെഒരു സമുദ്രതീരപട്ടണം
ആസെക്കാ	യെറുശലെമിന്ന തെക്ക യെഹ്രദായിക്കുള്ള ഒരു നഗരം
ആസൊത്തുസഅശ്ദൊദ	യെഹ്രദിയായിലെ ഒരു നഗരം
ബാൽഗാദ	ലബാനോൻ താഴ്വരയിലുള്ള ഒരു നഗരം
ബാബെലൊൻ	കൽദെയായിലെ തലസ്ഥാനം
ബാശാൻ	ഗലിലെയാ കടലിന്റെ കിഴക്കവശത്ത
ബെറോത	ബെന്യാമിന്റെഗോത്രത്തിന്നുള്ളഒരുനഗരം
ബെർശെബാ	പരിശുദ്ധനാട്ടിന്റെ തെക്കെ അതിര
ബെറോയാ	മക്കെദോനിയായിലെ ഒരു നഗരം
ബെറോതായി	ഇത ഇന്നിടത്ത എന്ന തിട്ടമില്ല
ബെതബാറ	യൊൎദാനിലെ കടത്തൽ സ്ഥലം
ബെതാനിയാ	൧ യെഹ്രദിയായിലെ ഒരു പട്ടണം ൨ യോൎദാന്റെ അക്കരെ ഒരു ഗ്രാമം
ബെത-ആവെൻ	ആയിയിൽനിന്ന ദൂരമല്ലാതെ ഒരു പട്ടണം ബെതൽ തന്നെ

ബെതലഹെം	യെറുശലെമിൽനിന്ന ആറ നാഴിക തെക്ക പടിഞ്ഞാറ
ബെതപ്പാഗാ	ഒലിവമലയുടെ താഴ്ചരയിൽ ഒരു ഗ്രാമം
ബെതസായിദാ	൧ ഗലിലെയായിൽ
ബെതസായിദാ	൨ തീബെറിയോസ കടലിന്റെ കിഴക്ക വശത്ത
ബെത-ശാൻ	മനശ്ശെയുടെ പാതിഗോത്രത്തിന്ന ഉള്ള നഗരം
ബെതശേമെശ	൧ യെഹൂദായുടെ അതൃത്തിയിൽ ലേവിയക്കാർക്കുള്ള ഒരു നഗരം
ബെതശേമെശ	൨ ഇസ്സാക്കാറിന്റെ അതൃത്തിയിൽ ഒരു നഗരം
ബെതശേമെശ	൩ നപ്താലിയുടെ അതൃത്തിയിൽ ഒരുനഗരം
ബെതശേമെശ	൪ എജിപ്തിൽ ഒരു നഗരം
ബിതിനിയ	ചെറിയ ആസിയായിലെ ഒരു പ്രദേശം
ബോസ്രാ	ഏദോമിലെ ഒരു ശ്രുതിപെട്ട നഗരം
കൈസറിയാ	൧ മെഡിത്തെറെനിയാൻ കടൽ തീരത്ത ഒരു നഗരം
ഫീലിപ്പോസ കൈസറിയാ	൨ യോർദാൻ നദിയുടെ ഉറവിങ്കൽ
കാനാ	ഗലിലെയായിലെ ഒരു ചെറിയ പട്ടണം
കപ്പൎന്നഹൊം	ഗലിലെയായിലെ ഒരു പട്ടണം
കപ്പദൊക്കിയാ	ആസിയായിലെ ഒരു ദേശം
ഖർഖെമീശ	എവുപ്രാത്തെസ നദിയിന്മേൽ കോട്ടയുള്ള ഒരു നഗരം
ഖാസിഫിയാ	ഇത പക്ഷെൽ കസ്പിയൻ സമുദ്രത്തിന്ന അരികെ ഒരു ദേശമാകുന്നു
കെദ്രോൻ	യെഹോശാഫാത്ത താഴ്ചരയിൽ കൂടെ ഒഴുകുന്ന ഒര ആറ
കെങ്ക്രിയാ	കൊറിന്തകരയിടുക്കിന്ന കിഴക്കവശത്ത ഒരു തുറമുഖം
കൽദെയ	തീഗ്രീസും എവുപ്രാത്തെസും തമ്മിൽ കൂടുന്നിടത്ത ഒരു ദേശം
ഖെബാർ	മെശൊപൊത്താമിയായിലെ ഒര ആറ
ഖിയുസ	ഹംജ്യാൻ കടലിലെ ഒരു ദ്വീപ
ഖിത്തിം	മെഡിത്തെറെനിയാൻ സമീപത്തുള്ള ദ്വീപ മുതലായ്പക്കുള്ള സാമാന്യപേര
കൊറാസിൻ	ഗലിലെയായിലെ കടലിന്റെ പടിഞ്ഞാറെ തീരത്ത ഒരു ചെറിയ പട്ടണം
കിലിക്കിയാ	ചെറിയ ആസിയായിലെ ഒരു ദേശം
ക്നിദുസ	കാറിയായിലെ ഒരു നഗരം
കൊലോസ്സെ	ചെറിയ ആസിയായിലെ ഒരു നഗരം
കൊസ	ഹംജ്യാൻ സമുദ്രത്തിൽ ഒരു ദ്വീപ
കൊറിന്ത	ഗ്രേക്കിലെ ഒരു ശ്രുതിപെട്ട നഗരം

ക്രെത്ത	മെഡിത്തെറെനിയാനിൽ ഒരു ദ്വീപ
ഖൂശ	എജിപ്തിന്റെ തെക്കേതും കിഴക്കേതുമായ അതൃത്തികൾ
കുപ്രൊസ	മെഡിത്തെറെനിയാൻസമുദ്രത്തിൽഒരുദ്വീപ
ക്രൂറെൻ	ലിബിയായിലെ പ്രധാന നഗരം
ദൽമാത്തിയാ	അദ്രിയാത്തിക്ക കടലിന്റെ കിഴക്ക വശത്ത ഒരു പ്രദേശം
ദമസ്കോസ	ലബാനോന്നും അന്തിലബാനോന്നും ഇടയിൽ ഒരു നഗരം
ദാൻ	യെഹ്രദിയായുടെ വടക്കെ അററത്തഒരു നഗരം
ദെക്കപ്പൊലീസ	പേറിയാ എന്ന ദേശത്തിൽ ഒരു ഭാഗമെന്ന തോന്നുന്നു
ദെബ്ബി	ലുക്കയോനിയായിലെ ഒരു നഗരം
ദോർ	കാനാനിലെ ഒരു പ്രദേശം
ദൂറാ	ഇത ഇന്നിടത്ത എന്ന തിട്ടമില്ല
എബാൽ	എഫ്രായിം പൎവ്വതത്തിന്റെ വടക്കെ കൊടുമുടി
എക്കബട്ടണാ	എസ്രാ ൬: ൨ൽ അഹ്മതാ എന്ന പറയുന്ന മെദയായിലെ ഒരു നഗരം
ഏദെൻ	൧ ഇത ഇന്നിടത്ത എന്ന തിട്ടമില്ല
ഏദെൻ	൨ സുറിയായിലെ ഒരു നഗരം
ഏദെൻ	൩ മെശൊപോത്താമിയായിലെ ഒരു ദേശം
എക്രോൻ	അശ്ദൊദിന്നും യാമ്നിയായിക്കും ഇടയിൽ ഒരു നഗരം
ഏലാ	ബേതലഹേമിന സമീപെ ഒരു താഴ്വര
ഏലൊത	എദുമിയായിലെ ഒരു തുറമുഖപട്ടണം
എലിശാ	ഗ്രേക്കിൽ ഒരു ദേശം
എൽകോശ	നാഹ്രമിന്റെ ജന്മ സ്ഥലം ഇത ഇന്നിടത്ത എന്ന തിട്ടമില്ല
എമ്മയുസ	യെഹ്രദിയായിലെ ഒരു ചെറിയ ഗ്രാമം
എൻ-ദോർ	മനശ്ശെയുടെ പാതിഗോത്രത്തിന്നുള്ള ഒരു നഗരം
എൻ-എഗ്ലായിം	നാശകടലിന്റെ വടക്കെ അററത്ത ഒരു ദേശം
എൻ-ഗദി	നാശകടലിന്റെ തെക്കെ അററത്തിന്ന സമീപം
അയിനോൻ	ശാലിമിന്ന സമീപത്ത ഒരു സ്ഥലം
എൻ-രോഗെൽ	യെറുശലെമിന്ന തെക്കകിഴക്ക ഒര ഉറവ
എഫെസദമ്മിമിം	ശൊഖോയിക്കും അസെക്കായിക്കും ഇടയിൽ ഒരു സ്ഥലം
എഫെസുസ	ചെറിയ ആസിയായിലെ ഒരു വിശേഷ പട്ടണം
എഫ്രായിം	൧ യെഹ്രദിയായിലെ ഒരു ശ്രുതിപെട്ട നഗരം

എഫ്രായിം മല	൨ യെഹൂദായുടെ മലകൾക്കു നേരെ
എഫ്രാത്താ	ബെത്തലഹേമിന്നുള്ള മറ്റൊരു പേര
എത്താം	൧ ബെത്തലഹേമിന്നും തെക്കോയായിക്കും ഇടയിൽ ഒരു നഗരം
എത്താം	൨ ഒരു പാറ
എത്താം	൩ യിസ്രാഎൽക്കാർ മിസ്രയീമിൽനിന്നു തിരിച്ചശേഷം ൩മത താമസിച്ചിടം
എഥിയോഫിയാ	കൂശ എന്നുള്ളതു നോക്കിക്കൊൾക
എവുപ്രാത്തേസ	ആസിയായിലെ വലിയതും ശ്രുതിപെട്ടതുമായ ഒരു ആറു
എസിയോൻ-ഗെബർ	എട്ടുമിയായിലെ ഒരു തുറമുഖം
നല്ല തുറമുഖങ്ങൾ	ക്രേത്ത സമുദ്രതീരത്തിങ്കൽ
ഗായശ	എഫ്രായിമിന്റെ അതൃത്തിയിലുള്ള ഒരു കുന്നു
ഗദറാ	൬൫൫൦൧൭ എന്നു പറയുന്നതിൽ ഒരു നഗരം
ഗലാത്തിയാ	ചെറിയ ആസിയായിലെ ഒരു ദേശം
ഗലിലെയ	ശമര്യായുടെ വടക്കു വശത്തു
ഗാസ	ഫല്സ്ത്യരുടെ അഞ്ചു പ്രധാന നഗരങ്ങളിൽ ഒന്നു
ഗാസ-ഹെഫർ	സെബൂലൂന്റെ അതൃത്തിയിൽ ഒരു പട്ടണം
ഗാസാ	യെരൂശലേമിനു തെക്കു പടിഞ്ഞാറു ഒരു ശ്രുതിപെട്ട നഗരം
ഗെബാൽ	ഒരു പർവ്വതത്തിന്നും നഗരത്തിന്നും ഒരു ദേശത്തിന്നും ൟരും പേരുണ്ടു
ഗെനെസാറെത്ത	ൟരും സ്ഥലം ൟരും പേരു തന്നെയുള്ള ഇടക്കടലിന്റെ താഴെ ആകുന്നു
ഗറിസിം	ഏബാൽ പർവ്വതത്തിന നേരെ ഒരു പർവതം
ഗെശൂറ	യോർദ്ദാന്റെ കിഴക്കു വശത്തു ഒരു പ്രദേശം
ഗത്തസെമാനെ	ഒലിവമലയുടെ ചുവട്ടിൽ ഒരു തോട്ടം
ഗിബെയാ	ബെന്യാമീന്റെ അതൃത്തിയിൽ ഒരു നഗരം
ഗിബയോൻ	ഗിബയോൻകാരുടെ തലസ്ഥാന നഗരം
ഗീഹോൻ	൧ പഴുദീസായിലെ നാല ആറുകളിൽ ഒന്നു
ഗീഹോൻ	൨ യെരൂശലേമിന അരികെ ഒരു നീരുറവു
ഗിൽബൊയാ	ഒരു പർവതം
ഗിലയാദ	യോർദ്ദാന്റെ അക്കരെ ഒരു പർവതവും നഗരവും
ഗില്ഗാല	യെറിഹോയിക്കു കിഴക്കു ഒരു ശ്രുതിപെട്ടസ്ഥലം
ഗൊൽഗൊത്താ	യെരൂശലേം നഗരത്തിന പുറത്തു ഒരു സ്ഥലം
ഗൊമൊറാ	നാശകടലായി തിന്ന നാല നഗരങ്ങളിൽ ഒന്നു
ഗൊഷ്ഷൻ	താഴത്തെ എജിപ്തിൽ ഒരു ദേശം
ഗൊസാൻ	മെസൊപോത്താമിയായിൽ ഒരു നഗരം
വലിയ സമുദ്രം	മെഡിത്തെറെനിയൻ തന്നെ

ഗ്രേക്ക	യൂറോപ്പിലെ ഒരു ദേശം
ഹദ്രാക്ക	ഇത ഇന്നിടത്ത എന്ന നിശ്ചയമില്ല
ഹായി	ആയി എന്ന നോക്കികൊൾക
ഹലഹ	അസൂറിയായിലെ ഒരു ദേശം
ഹമാത്ത	കാനാൻെറ വടക്കെ അതിര
ഹാറാൻ	മെശൊപോത്താമിയായുടെ വടക്ക ഭാഗത്ത ഒരു നഗരം
ഹാറൊശേത	മെറൊം എന്ന പൊയ്ക്കയുടെ അരികെ ഒരു നഗരം
ഹവിലാ	൧ യെമെൻ എന്ന ദേശത്തിൽ രണ്ട ദിക്കുകൾ
ഹവീലാ	൨ പൊന്നുള്ള ഒരു ദേശം പക്ഷെൽ പണ്ടത്തെ കോൽക്കിസ ആകുന്നു
ഹെബ്രൊൻ	യെഹ്രദിയായിൽ ഒരു നഗരം
ഹെല്ബോൻ	സുറിയായിലെ ഒരു നഗരം
ഹെന	മെശൊപോത്താമിയായിലെ ഒരു നഗരം
ഹെൎമ്മൊൻ	അന്തിലബാനോൻ എന്ന പൎവ്വതത്തിൻെറ തുലോം ഉയൎന്നിടം
ഹെഷ്ബൊൻ	സീഹോൻെറ രാജ്യത്തിലെ തലസ്ഥാന നഗരം
ഹിദക്കൽ	പറുദീസായെ നനെച്ച നാല ആറുകളിൽ ഒന്ന
യെറപ്പൊലിസ	ഫ്രിഗിയായിലെ ഒരു നഗരം
ഹൊർ	൧ ഏദൊമിൻെറ അതിരുങ്കൽ ഒരു പൎവ്വതം
ഹൊർ	൨ ലബാനോനിൽ ഒരു പൎവ്വതം
ഹൊറെബ	സീനായി പൎവ്വതത്തിന സമീപെ തന്നെ
ഇക്കോനിയും	ലുക്കയോനിയായിലെ ഒരു നഗരം
ഇദുമിയ	യെഹ്രദിയായുടെ തെക്കെ ഭാഗം
ഇല്ലിറിക്കും	അദ്രിയാത്തിക്ക സമുദ്രത്തിൻെറ കിഴക്കെ തീരത്തുള്ള ദേശം
പുറജാതികൾക്കുള്ള ദ്വീപുകൾ	പക്ഷെൽ മെഡിത്തെറെനിയാൻ കടലരികെയുള്ള പല ദിക്കുകളാകുന്നു
ഇത്താലിയാ	യൂറോപ്പിലെ ഒരു ദേശം
ഇത്തുറിയാ	ത്രക്കൊനിത്തിദേശത്തിന്ന തെക്ക
യബ്ബൊക്ക	യോൎദ്ദാനിൽ വീഴുന്ന ഒരു നദി
യാബേശ	യോൎദ്ദാന്ന അക്കരെ ഒരു നഗരം
യാസെർ	യൎദ്ദെന്ന അക്കരെ ഒരു നഗരം
യഹൊശാഫാത്ത	യറുശലെമിന കിഴക്ക ഒരു താഴ്വര
യെറിഹോ	ബെന്യാമിൻെറ അതൃത്തിയിൽ ഒരു ശ്രുതിപെട്ട നഗരം
യറുശലെം	യെഹ്രദിയായിലെ ഒരു വിശേഷപ്പെട്ട പട്ടണം
യെസ്രെയെൽ	മനശ്ശെയുടെ പാതി ഗോത്രത്തിന്നുള്ള ഒരു പട്ടണം
യോക്തയെൽ	യെഹ്രദായുടെ ഗോത്രത്തിനുള്ള ഒരു നഗരം

യൊപ്പാ	ഫലിസ്ത്യായിലെ ഒരു തുറമുഖം
യൊർദ്ദാൻ	ഫലിസ്ത്യായിലെ പ്രധാന ആറ
കാദേശ	ഹെബ്രോന്നു തെക്കു ഒരു നഗരം ആകുന്നു
കെദിയൊത	യെഹ്രദായുടെ ഗോത്രത്തിനുള്ള ഒരു പട്ടണം
കിയ്യാത	ഇതിന്നു നഗരം എന്ന അർത്ഥം- ബെന്യാമിന്റെ ഗോത്രത്തിൽ ഒരു നഗരം
കിയ്യാതായീം	രൂബന്റെ ഗോത്രത്തിനുള്ള ഒരു നഗരം
കിയ്യാതഹ്സോത	മൊവാബിലെ ഒരു നഗരം
കിയ്യാത-യെയാരീം	യെഹ്രദായുടെയും ബെന്യാമിന്റെയും അതൃത്തി അതിരികൽ ഒരു നഗരം
കിയ്യാത-സന്നാ	യെഹ്രദായുടെ അതൃത്തിയിൽ ഒരു നഗരം
കിയ്യാത-സെഫർ	യെഹ്രദായുടെ അതൃത്തിയിൽ ഒരു നഗരം
ലയൊദിക്കെയാ	ചെറിയ ആസിയായിലെ ഒരു പ്രധാന നഗരം
ലശെയ	ഇത ഇന്നിടത്ത എന്നു രിട്ടമില്ല
ലബാനോൻ	ഫലിസ്ത്യായിലെ ഒരു പ്രധാന പവ്തം
ലിബിയാ	അഫ്രിക്കയിൽ ഒരു ദേശം
ലുക്കയോനിയാ	ചെറിയ ആസിയായിൽ ഒരു ദേശം
ലുദ	യോപ്പായിക്കു സമീപെ ഒരു വലിയ ഗ്രാമം
ലുസ്ത്രാ	ലുക്കയോനിയായിലെ ഒരു നഗരം
മക്കെദോനിയാ	ഗ്രേക്കിലെ ഒരു ദേശം
മാക്കിരുസ	യോർദ്ദാന്നു കിഴക്കു ഒരു നഗരം
മക്കഫെലാ	ഒരു ഗുഹയുടെ പേർ
മഗ്ദലാ	ഗെനെസാറെത്ത ഇടകടലിന്റെ പടിഞ്ഞാറു വശത്ത ഒരു നഗരം
മഹനായീം	ഗാദിന്റെ അതൃത്തിയിൽ യോർദ്ദാന്നു അക്കരെ ഒരു നഗരം
മഗ്രൊ	ഒരു താഴ്വര
മാറാ	അറാബിയവനത്തിൽ ഒരു സ്ഥലം
മാറെശാ	യെഹ്രദായുടെഅതൃത്തിയിൽ ഒരു നഗരം
മെദബാ	രൂബന്റെ അതൃത്തിയിൽ ഒരു നഗരം
മെദയാ	ആസിയായിലെ ഒരു വലിയ പ്രദേശം
മെഗിദ്ദൊ	ഇസ്സക്കാരിന്റെ അതൃത്തിയിൽ മനശ്ശെയുടെ ഒരു പട്ടണം
മെലിത്തെ	മെഡിത്തെറെനിയാനിൽ ഒരു ദ്വീപ
മെംഫീസ	ഈജിപ്തിലെ മുമ്പിലത്തെ തലസ്ഥാനം
മറിബാ	സിൻ എന്ന വനത്തിലെ ഒരു നീരുറവ
മെറൊം	യൊർദ്ദാൻ നദിയുടെ തലയ്ക്കൽ ഒരു പൊയ്ക എന്ന തോന്നുന്നു
മെശൊപോത്താമിയാ	തിഗ്രീസ എന്നും എവ്യ്പ്രാത്തെസ എന്നുമുള്ള നദികളുടെ ഇടയിൽ ഒരു പ്രദേശം
മിഖമാശ	എഫ്രായിമിന്റെ അതൃത്തിയിൽ ഒരു പട്ടണം
മിദ്യാൻ	അറാബിയായിൽ ഒരു സ്ഥലം
മിഗ്ദോല	താഴത്തെ ഈജിപ്തിലെ ഒരു പട്ടണം

മെലെതുസ	ചെറിയ ആസിയായിലെ ഒരു തുറമുഖ പട്ടണം
മിതുലേന	ലെസബോസ എന്ന ദ്വീപിലെ ഒരു നഗരം
മിസാർ	സോവാറിൽനിന്ന ദൂരമല്ലാതെ ഒരു ചെറിയ മല
മിസ്രയിം	അഫ്രിക്കയിലെ ഒരു ദേശം
മിസ്പെ	൧ യെഫ്രദായുടെ അതൃത്തിയിൽ ഒരു നഗരം
മിസ്പെ	൨ ഗിലയാദിലുള്ള ഒരു സ്ഥലം
മിസ്പെ	൩ ബെന്യാമിന്റെ ഗോത്രത്തിൽ ഒരു നഗരം
മിസ്പെ	൪ ലബാനോൻ പൎവതത്തിന്റെ പ്രദേശങ്ങളിൽ ഒരു താഴ്വര
മോറിയാ	യെറുശലെം ദൈവാലയം പണിയപ്പെട്ടിരുന്നിടത്ത ഒരു പൎവതം
മീറാ	ലിക്കിയായിലെ ഒരു നഗരം
മുസിയാ	ആസിയായിലെ ഒരു ദേശം
നായിൻ	ഗലിലെയായിലെ ഒരു ചെറിയ നഗരം
നസറെത്ത	താഴത്തെ ഗലിലെയായിൽ ഒരു ചെറിയ നഗരം
നെയപ്പൊലിസ	ശെഖെം എന്നുള്ളത നോക്കികൊൾക
നെബൊ	൧ യോൎദാന്ന അക്കരെ ഒരു പൎവതം
നെബൊ	൨ രൂബന്റെ അതൃത്തിയിലുള്ള ഒരു നഗരം
നെബൊ	൩ യെഫ്രദായുടെ അതൃത്തിയിൽ ഒരു നഗരം
നിക്കൊപ്പൊലിസ	ഇപ്പിറസ്സിൽ ഒരു നഗരം
നിനവാ	അസൂറിയാരാജ്യത്തിന്റെ പ്രധാന നഗരം
നൊ	മേലത്തെ എജിപ്തിലെ തലസ്ഥാനം
നൊഫ	മിസ്രയിമിലെ ഒരു തലസ്ഥാനം
ഒലിവ	മൊറിയാ പൎവതത്തിന്റെ കിഴക്ക വശത്ത ഒരു പൎവതം
ഒഫീറ	ഇത ഇന്നിടത്ത എന്ന നിശ്ചയമില്ല
പാദാൻ ആറാം	മെശൊപോത്താമിയ എന്നുള്ളത നോക്കികൊൾക
പംഫുലിയ	ചെറിയ ആസിയായിലെ ഒരു ദേശം
പാഫൊസ	കുപ്രൊസ എന്ന ദ്വീപിലെ തലസ്ഥാനം
പറുദീസാ	ഇത ഇന്നിടത്ത എന്ന തിട്ടമില്ല
പാറാൻ	ഒരു വനപ്രദേശം
പത്തറാ	സുറിയായിലെ ഒരു തുറമുഖം
പത്രൊസ	മിസ്രയിമിലെ ഒരു ദേശവും നഗരവും
പത്മുസ	ംരംജ്യാൻ കടലിലുള്ള ഒരു ദ്വീപ
പെൎഗ്ഗാ	പംഫുലിയായിലുള്ള ഒരു നഗരം
പെൎഗ്ഗമുസ	മുസിയായുടെ പണ്ടത്തെ തലസ്ഥാനം
പാർസിയാ	ആസിയായിലെ ഒരു ദേശം
പാർഫാറ	ദമസ്കോസിലെ ഒര ആറ
ഫീലദെല്പിയാ	ചെറിയ ആസിയായിലെ ഒരു നഗരം

ഫീലിപ്പായി	മക്കെദോനിയായിലെ ഒരു നഗരം
ഫൊനിക്കിയ	സുറിയായിലെ ഒരു ദേശം
ഫ്രിഗിയാ	ചെറിയ ആസിയായിലെ ഒരു ദേശം
ഫിസ്ഗാ	നാശക്കടലിന്ന അരികെ ഒരു പർവ്വതം
പിസിദിയാ	ചെറിയ ആസിയായിൽ ഒരു ദേശം
പീശൊൻ	ഏദേനെന്ന തോട്ടത്തെ നനെച്ച നാലാറുകളിൽ ഒന്ന
പൊന്തൂസ	ചെറിയ ആസിയായിലെ ഒരു ദേശം
പ്പൊലൈമാ	മെഡിത്തെറനിയാൻ കടൽക്കരയിലുള്ള ഒരു പുരമുഖ പട്ടണം
റമസെസ	ഗോഷൻ ദേശത്ത ഒരു നഗരം
റബ്ബാത	൧ യോദ്ദാന അക്കരെ ഒരു നഗരം
റബ്ബാതമൊവാബ	൨ ആർ എന്ന നദിക്കരികെ ഒരു നഗരം
റാമാ	ബെന്യാമിന്റെ അതൃത്തിയിൽ ഒരു ചെറിയ നഗരം
റാമൊത	ഗിലയാദ പർവതത്തിൽ ഒരു നഗരം
ചെങ്കടൽ	അറാബിയായിക്കും എജിപ്തിനും ഇടയിൽ ഒരു കടൽ
റെഫിദിം	സീനായപർവത്തിന്റെ അടിക്ക ഒരു പാറ
റെഗിയൊൻ	ഇത്താലിയായുടെ തെക്കപടിഞ്ഞാറ ഒരു സമുദ്രതീര നഗരം
റൊദെസ	ലെവാന്തിൽ ഒരു ദ്വീപും നഗരവും
റിബ്ലാ	സുറിയായിലെ ഒരു നഗരം
റിമ്മൊൻ	൧ ശിമയൊന്റെ ഗോത്രത്തിനുള്ള ഒരു നഗരം
റിമ്മൊൻ	൨ ഗിബെയായിക്ക സമീപെ ഒരു പാറ
റിമ്മൊൻ	൩ സെബുലുന്റെ ഗോത്രത്തിനുള്ള ഒരു നഗരം
റിമ്മൊൻ	൪ യിസ്രാഎൽക്കാർ വനത്തിൽ പരിനാറാമത താമസിച്ചിടം
റോമ	ഇത്താലിയായുടെ തലസ്ഥാനം
സലമിസ	കുപ്രൊസ എന്ന ദ്വീപിലെ പ്രധാന നഗരം
ശാലെം	൧ യെറുശലെം എന്നുള്ളതിന്ന മറൊരുപേർ
ശാലിം	൨ യോദ്ദാന്റെ മട്ടെന്നുൽ ഒരു സ്ഥലം
സല്മൊൻ	ക്രേത്ത എന്ന ദ്വീപിലെ ഒരു സമുദ്രതീര നഗരം
ശമരിയാ	യെഹൂദിയായിക്കും ഗലിലെയാന്നും ഇടയിൽ
സാമൊസ	ആക്കിപെലെഗൊയിൽ ഒരു ദ്വീപ
സമൊത്രാക്കിയാ	ംരംജ്യൻ കടലിൽ ഒരു ദ്വീപ
സർദ്ദിസ	ലൂദിയായിലെ പ്രദേശങ്ങളിൽ ഒരു നഗരം
സറെപ്ത	സിദൊനിൽ ഒരു നഗരം
സാറൊൻ	ലൂദിയായിൽ ഒരു നഗരം
ശെഖെം	ശിഖെമെന്നുള്ളത നോക്കികൊൾക
സെയിർ	൧ നാശകടലിന്ന തെക്ക ഒരു പർവതനിര

സെയിർ	൧ യെഹ്രഭായുടെയും ൪൯൯൫യും അതൃത്തിക ളുടെ അതിരിങ്കൽ ഒരു പവ്വതം
ശെയിറാത	ചൈതെലിന്ന അടുക്കൽ എന്ന തോ ന്നുന്ന
സെലാ	നാശകടലിന്നരികെ കിടക്കുന്ന
കെല്ലുക്കിയാ	സുറിയായിലെ ഒരു നഗരം
സെഫവ്വായിം	ഇത പക്ഷെൽ മെശൊപൊത്താമിയായിൽ ആകുന്നു
ശാറെൻ	കൈസറിയ മുതൽ യോപ്പാവരെക്കും ഒരു താഴ്വര
ശെബാ	അറാബിയായുടെ തെക്ക വശത്ത ഒരു പ്രദേശം
ശെശക്ക	ബാബെലിന്നുള്ള മറെറാരു പേർ
ശിലൊഹ	എഫ്രായിമിൻെറ അതൃത്തിയിൽ ഒരു നഗരം
ശിനാർ	ബാബെലിലെ ഒരു പ്രദേശം
ശ്രൂനെം	ഇസ്സാഖാരിൻെറ അതൃത്തിയിൽ ഒരു നഗരം
ശ്രൂശൻ	ഏലാമിലെ ഒരു ദേശം
ശിഖെം	ബെന്യാമിൻെറ അതൃത്തിക്കകത്ത ഒരു നഗരം
സിട്ടീം	ഒരു താഴ്വര
സിദ്ദൊൻ	ഫലിസ്ത്യായിലെ ഒരു ശ്രുതിപെട്ട നഗരം
ശിഹൊർ	ഫലിസ്ത്യായിലെ ഒര ആറ
ശിലൊഹാം	ഒരു കുളം
സിൻ	൧ എജിപ്തിലെ ഒരു നഗരം
സിൻ	൨ ഒരു വനത്തിൻെറ പേർ
സീനാ	൧ സീനാ പവ്വതത്തിൻെറ അടുക്കൽ ഒരു വനം
സീനാ	൨ അറാബിയായിൽ ഒരു പവ്വതം
സിനിം	ഫലിസ്ത്യായിൽനിന്ന ബഹു ദൂരത്ത ഒരു ദേശം
സുന്നാ	ചെറിയ ആസിയായിലെ ഒരു നഗരം
സൊദൊം	സമഭ്രമികളിലെ അഞ്ചുനഗരങ്ങളിൽ ഒന്ന
സ്പെയിൻ	യൂറോപ്പിലെ ദേശങ്ങളിൽ ഒന്ന
സുഖൊത	൧ ഗാദിൻെറ അതൃത്തിയിൽ ഒരു നഗരം
സുഖൊത	൨ യിസ്രാഎൽകാർ മിസ്രയിമിൽനിന്ന തിരിച്ച ഒന്നാമത പാർത്തിടം
ശ്ലൂക്കാർ	ശിഖെമെന്നുള്ളത നോക്കികൊൾക
ശെവെനെ	മിസ്രയിമിലെ തെക്കെ അതിരിങ്കൽ ഒരു നഗരം
സുറക്കൂസ	സിസ്സിലിയുടെ കിഴക്കെ തീരത്തിങ്കൽ ഒരു കീർത്തിപെട്ട നഗരം
സുറിയാ	ആസിയായിലെ ഒരു ദേശം
സുറിയാഫെനിക്കിയാ	ഇത ഫെനിക്കിയാ തന്നെ
താബൊർ	ഫലിസ്ത്യായിലെ ഒരു പവ്വതം
തദമൊര	സുറിയായിലെ ഒരു നഗരം
തഹപനെസ	താഴത്തെ എജിപ്തിലെ ഒരു ശ്രുതിപെട്ട നഗരം

തൎശിശ	സ്പെയിനായിലെ ഒരു നഗരവും ദേശവും
തർസുസ	കിലിക്കിയായിലെ തലസ്ഥാനം
തെക്കൊയാ	യെറുശലെമിന തെക്ക കിഴക്ക ഒരു ഗ്രാമം
തെൽ അബിബ	ഇത ഇന്നിടത്ത എന്ന നിശ്ചയമില്ല
തെബെസ	എഫ്രായിമിൻെറ അതൃത്തിയിൽ ഒരു നഗരം
തെലശാര	അസ്സൂറിയായിലെ ഒരു ദേശം
തെസ്സലോനിക്ക	മക്കെദോനിയായിലെ ഒരു വലിയ നഗരവും തുറമുഖവും
തിശ്ബി	നപ്താലിയുടെ അതൃത്തിയിൽ ഒരു നഗരം
തീയത്തീറാ	ചെറിയ ആസിയായിലെ ഒരു നഗരം
തീബെറിയൊസ	ഗലിലെയായിലെ ശ്രുതിപെട്ട നഗരങ്ങളിൽ ഒന്ന
തിപ്സഹാ	എവുപ്രാത്തെസനദിയുടെ പടിഞ്ഞാറെ വക്കത്ത ഒരു നഗരം
തിർസാ	എഫ്രായിമിൻെറ ഒരു വിശേഷപ്പെട്ട നഗരം
തൊഗർമാ	വടക്ക ഒരു ദേശം
ത്രൊവാസ	മുസിയായിലെ ഒരു സമുദ്രതീരപട്ടണം
ത്രൊഗില്ലിയോൻ	മുക്കൽ പൎവതത്തിൻെറ അടിവാരത്തിങ്കൽ
തൂറ	ഫെനിക്കിയായിലെ ഒരു ശ്രുതിപെട്ട നഗരവും തുറമുഖവും
ഊര	മെശൊപൊത്താമിയായിലെ ഒരു നഗരം
ഉസ	യോബ പാൎത്ത ദേശം
സറഫാത	സറെപ്പ എന്ന നോക്കുക
സെബൊയിം	സിദ്ദിമിൻെറ താഴ്വരയിൽ ഒരു നഗരം
സിക്ലാഗ	യെഹ്രദായുടെ അതൃത്തി അററത്ത ഒരു നഗരം
സീൻ	ഫലിസ്തിയായുടെ തെക്ക ഒരു പൎവതം
സീയൊൻ	യെറുശലെം നഗരത്തിൽ ഉയൎന്ന ഒരു പൎവതം
സിഫ	യെഹ്രദായിലെ ഒരു നഗരം
സൊവാൻ	താഴത്തെ എജിപ്തിൽ ഒരു പഴയ നഗരം
സൊവാർ	നാശകടലിൻെറ തെക്കെ അററത്ത ഒരു നഗരം
സൊബാ	സൂറിയായിലെ ഒരു നഗരം

ആസിയാ.
ആഫ്രിക്കാ
അമേരിക്കാ
ഓസ്ത്രാലിയാ
ഇന്ത്യാ മഹാരാജ്യം
ചൈനാ
ജപ്പാൻ
തിബ്ബത്ത്
മംഗോലിയ
തുർക്കിസ്ഥാൻ
പെർസ്യാ
അറേബ്യാ
മെക്കാ
ബാബെൽമന്തെബ്കടൽ
ചെങ്കടൽ
പേർഷ്യൻ കടൽ
അറേബ്യൻ കടൽ
ബങ്കാൾ ഉൾക്കടൽ
ചീനക്കടൽ
ജപ്പാൻ കടൽ
ഓഖോത്സ്കായ കടൽ
ബേറിങ്ങ് കടൽ
ഹിന്ദുസ്ഥാൻ
ഗോവാ
കാശ്മീർ
ലക്കദീവുകൾ
മലദീവുകൾ
സിലോൻ
കാണ്ടി
ബാലി
ജാവാ
സുമാത്രാ
ബോർണിയോ
ഫിലിപ്പീൻ
ന്യൂഗിനി
ന്യൂഹോളണ്ട്
ന്യൂസിലാന്ത്
ടാസ്മേനിയാ
ഹിമാലയാ
കാരക്കോറം
ഹിന്ദുകുശ്
കാസ്പിയൻ കടൽ
അരാൽ കടൽ
ബൈക്കാൽ
ഗോബി മരുഭൂമി
ഗംഗാനദി
ഇന്ദുനദി
ബ്രഹ്മപുത്രാനദി
യാങ്ങ്സിക്യാങ്ങ്
ഹൊയാങ്ങ്ഹൊനദി
മെകോങ്ങ്
ഐരാവതി
സാൽവീൻ
യാങ്ങ്ത്സിക്യാങ്ങ്
യാങ്ങ്ത്സിക്യാങ്ങ് കടൽ
പെക്കിൻ
നാകിൻ
കാന്റോൻ
ഫോർമോസ
ഫിലിപ്പീൻ കടൽ
ജാവാ കടൽ
ഓസ്ത്രാലിയൻ കടൽ
ടിമോർ കടൽ
ടിമോർ
ഓസ്ത്രാലിയാ
ഓസ്ത്രാലിയൻ മരുഭൂമി
ഓസ്ത്രാലിയൻ കടൽ
ഓസ്ത്രാലിയൻ കടൽ
ഓസ്ത്രാലിയൻ കടൽ

ആസിയാ എന്ന വൻ കരയെ കുറിച്ചു.

അതിരുകൾ.—ആസിയാ വടക്കു നീരുറച്ച സമുദ്രം എന്ന പേർ പറയുന്ന ആർക്ടിക സമുദ്രത്താലും, തെക്കു ഇന്ത്യാ സമുദ്രത്താലും, കിഴക്കു പാസിഫിക്ക സമുദ്രത്താലും, പടിഞ്ഞാറു യൂറൊപ്പിനാലും അതിരിയാക്കപ്പെട്ടിരിക്കുന്നു.

പ്രധാന അംശങ്ങൾ.—ഈ വൻകരയിൽ ഏഴു പ്രധാന ദേശങ്ങൾ ഉണ്ട്. അവയുടെ കിടപ്പും പേരുകളും എന്തെന്നാൽ.

വടക്കു ൧. ആസിയായിലെ റുസ്സിയാ അല്ലെങ്കിൽ റുസ്സിയതാർത്തറി എന്നും.

കിഴക്കു ൨. ചീന എന്നും മൊൻഗോലിയ അല്ലെങ്കിൽ ചീനതാർത്തറി എന്നും കിഴക്കെ കരയുടെ അരികെയുള്ള യാപ്പാൻ എന്നും.

തെക്കു ൩. ഇന്ത്യാ എന്നും ബ്രഹ്മാ എന്നും സിയാം എന്നും മലയി എന്നും

നടുവിൽ ൪ തിബ്ബെത്ത എന്നും സ്വാതന്ത്ര്യതാർത്തറി എന്നും പാർസിയ എന്നും അപ്ഘാനിസ്ഥാൻ എന്നും.

പടിഞ്ഞാറു ൫. തുർക്കി എന്നും അറാബിയ എന്നും ആകുന്നു.

പ്രധാന ദ്വീപുകൾ.—ആർക്ടിക സമുദ്രത്തിലുള്ള നൊവ സെംബ്ല്യാ എന്നും മെഡിത്തെറനിയൻ കടലിലുള്ള കുപ്രൊസ എന്നും റൊദെസ എന്നും ഇന്ത്യാ സമുദ്രത്തിലുള്ള സെലൊൻ എന്നും മല ദ്വീപുകൾ എന്നും ലക്ഷ ദ്വീപുകൾ എന്നും അണ്ടൊമൻ ദ്വീപുകൾ എന്നും നികൊബാർ ദ്വീപുകൾ എന്നും ചീനയുടെ കിഴക്കു വശത്തു യാപ്പാൻ എന്ന പേരുള്ള രാജ്യമായിരിക്കുന്ന ദ്വീപുകൾ എന്നും സാഗാലിയൻ ദ്വീപ എന്നും ചീനയുടെ തെക്കെ അതിരിക്കു അടുക്കൽ ഹയിനാൻ എന്നും ഫോർമൊസ എന്നും മക്കൌ എന്നും ഹൊങ്കൊൻഗ എന്നും ആകുന്നു.

൦രം ദ്വീപുകൾ ക്രമാതെ ആസിയായിൽ മറ വളരെ ദ്വീപുകൾ ഉണ്ട്. പാസിഫിക്ക സമുദ്രത്തിലുള്ള ദ്വീപുകളെ കുറിച്ച വിവരപ്പെടുത്തുമ്പോൾ അവയെ കുറിച്ച പറകയും ആം.

പ്രധാന പർവ്വതങ്ങൾ.—ആസിയായുടെ നടുവിലത്തെ ഭാഗം ഏറ്റവും ഉയരമുള്ളതും മുകൾ പരപ്പുള്ളതുമായൊരു ദേശം ആകുന്നു അൽതായൻ എന്നും യബ്ലൊനി എന്നും പേരുള്ള രണ്ടു പർവ്വതങ്ങൾ അതിന്റെ വടക്കെ ഭാഗത്തും ഹിമാലയ പർവ്വത നിരകൾ അതിന്റെ തെക്കെ ഭാഗത്തും തൊറുസ എന്നും കൊകസസ്സ എന്നുമുള്ള പർവ്വതനിരകൾ അതിന്റെ പടിഞ്ഞാറെ ഭാഗത്തും ആകുന്നു.

൦രം ക്രമങ്ങളായ പർവ്വതങ്ങൾ അല്ലാതെ ആസിയായിൽ കീർത്തിപ്പെട്ടിരിക്കുന്ന ഒറ പർവ്വതങ്ങൾ വളരെ ഉണ്ട്. ഇവയിൽ പ്രധാനപ്പെട്ട എന്തെന്നാൽ ഹിമാലയ പർവ്വത നിരയിൽ ലോകത്തിൽ തുലോം ഉയരമുള്ള ധവളഗിരി പർവ്വതം എന്നും അറാറാത്ത എന്നും സീനാ എന്നും ഹോറെബ എന്നും ലബാനോൻ എന്നും ആകുന്നു.

കടലുകളും ഉൾകടലുകളും.—ഒബ്ബൊസ്സ എന്ന കടൽ വടക്കെ പാസിഫിക്ക സമുദ്രത്തിലുള്ള കാംചാട്ക എന്ന ദേശത്തിന്നും ചീനതാർത്തറിക്കും ഇടയിൽ ആകുന്നു. യാപ്പാൻ കടൽ യാപ്പാൻ എന്ന ദേശത്തിന്നും ചീനതാർത്തറിക്കും ഇടയിൽ ആകുന്ന മഞ്ഞൾ കടൽ ചീനയു

ടെയും കോറെയായുടെയും ഇടയിൽ ആകുന്നു. ചീനകടൽ ചീനയുടെയും ഫോമ്മൊസ്സ എന്നും ഫിലിപ്പിയൻ ദ്വീപുകൾ എന്നും ബൊർണിയൊ എന്നും പേരുള്ള ദ്വീപുകളുടെ ഇടയിലും ആകുന്നു. ബെങ്കാൾ കടൽ ബ്രഹ്മായുടെയും ഇന്ദ്യായുടെയും ഇടയിലുള്ള ഇന്ദ്യാസമുദ്രത്തിലെ ഒരു ഭാഗംആകുന്നു. അറാബിയ കടൽ അറാബിയായുടെയും ഇന്ദ്യായുടെയും ഇടയിലുള്ള ഇന്ദ്യാ സമുദ്രത്തിലെ ഒരു ഭാഗം ആകുന്നു. ചെങ്കടൽ അറാബിയായുടെയും അഫ്രിക്കയുടെയും ഇടയിൽ ആകുന്നു. കസ്പിയൻ കടൽ താർത്തറിയുടെ പടിഞ്ഞാറെ വശത്ത ആകുന്നു. അറാൽ എന്ന പേരുള്ള കടൽ താർത്തറിയിൽ ആകുന്നു. പാർസിയൻ എന്നും കാംബെ എന്നും സിയാം എന്നും തൊൻകിൻ എന്നും സിന്ധ അല്ലെങ്കിൽ കച്ച എന്നുമുള്ളവ ഉൾക്കടലുകൾ ആകുന്നു.

കടൽ കൈവഴികൾ.—ബേറിങ്ങ എന്ന കൈവഴി അമെറിക്കയുടെയും ആസിയായുടെയും ഇടയിൽ ആകുന്നു. കോറെയാ എന്ന കൈവഴി കോറെയായുടെയും യാപ്പാൻറെയും ഇടയിൽ ആകുന്നു. മക്കാസ്സാർ എന്ന കൈവഴി ബോർണിയൊ എന്നും സെലെബ്സ എന്നുമുള്ള രണ്ട ദ്വീപുകളുടെ ഇടയിൽ ആകുന്നു. മനാർ എന്ന കൈവഴി സെലോൻ എന്ന ദ്വീപിൻറെയും തെക്കെ ഇന്ദ്യായുടെയും ഇടയിൽ ആകുന്നു. ബാബെൽമണ്ടെൽ എന്ന കൈവഴി ചെങ്കടലിൻറെ തെക്കെ ഭാഗം ആകുന്നു. ഓർമ്മുസ എന്ന കൈവഴി പാർസിയൻ ഉൾക്കടലിൻറെ കിഴക്ക ഭാഗം ആകുന്നു. സുണ്ട എന്ന കൈവഴി സുമാത്രയും എന്നും യാവാ എന്നുമുള്ള രണ്ട ദ്വീപുകളുടെ ഇടയിൽ ആകുന്നു. മലാക്കാ എന്ന കൈവഴി മലയി എന്ന ചേരുള്ള കരനാക്കിൻറെയും സുമാത്രയുടെയും ഇടയിൽ ആകുന്നു.

പ്രധാന തുറുകൾ.—ലെനാ എന്നും ഒബി എന്നും യെനസി എന്നുമുള്ള ആറുകൾ അൽത്തായൻ പവ്തങ്ങളിൽനിന്ന പുറപ്പെട്ട വടക്കോട്ട ഒഴുകി ആക്ടിക സമുദ്രത്തിലെക്ക വീഴുന്നു.

അമൂർ എന്ന ആറ അൽത്തായൻ പവ്തങ്ങളിൽനിന്ന പുറപ്പെട്ട ചീനതാർത്തറിയിൽ കൂടി കിഴക്കോട്ട ഒഴുകി ഒഖ്ഹോസ്ക എന്ന കടലിലേക്ക വീഴുന്നു.

ഹൊവാംഗൊ എന്നും കയങ്കു എന്നുമുള്ള ആറുകൾ തിബെത്ത പവ്തങ്ങളിൽനിന്ന പുറപ്പെട്ട ചീനയിൽ കൂടെ കിഴക്കോട്ട ഒഴുകി ചീന കടലിലേക്ക വീഴുന്നു.

ബ്രഹ്മ പുത്ര എന്നും ഇറാവാഡി എന്നും ഗംഗ എന്നുമുള്ള ആറുകൾ തിബെത്ത പവ്തങ്ങളിൽനിന്ന പുറപ്പെട്ട തെക്കോട്ട ഒഴുകി ബെങ്കാൾ ഉൾക്കടലിലേക്ക വീഴുന്നു.

ഇന്ദസ്സ എന്ന ആറ തിബെത്ത പവ്തങ്ങളിൽനിന്ന പുറപ്പെട്ട അറാബിയ കടലിലേക്ക വീഴുന്നു.

എവുപ്രാത്തേസ എന്നും തീഗ്രീസ എന്നുമുള്ള ആറുകൾ തുർക്കിയിലുള്ള പവ്തങ്ങളിൽനിന്ന പുറപ്പെട്ട തെക്കോട്ട ഒഴുകി പാർസിയൻ ഉൾകടലിലേക്ക വീഴുന്നു.

ആസിയായിലുള്ള തുർക്കി എന്ന രാജ്യത്തെ കുറിച്ച.

ചോ. തുർക്കി എന്ന പറഞ്ഞാൽ പോരായൊ? എന്തിന്ന ആസിയാ

യിലുള്ള തുർക്കി എന്ന പറയുന്നത?

ഉ. തുർക്കി രാജ്യം വലിയതാകകൊണ്ടും ചില ഭാഗങ്ങൾ യൂറോപ്പിലും ചില ഭാഗങ്ങൾ ആസിയായിലും ആകകൊണ്ടും ആ രാജ്യത്തെ കുറിച്ച വിവരമായിട്ട പറഞ്ഞാൽ പറയുന്ന സ്ഥലം ഏത വൻകരയിൽ ആകുന്നുവൊ, ആ വൻകരയുടെ പേരും കൂട്ടി യൂറോപ്പിയിലുള്ള തുർക്കി എന്നെങ്കിലും ആസിയായിലുള്ള തുർക്കി എന്നെങ്കിലും ഇങ്ങിനെ പേർ പറഞ്ഞവരുന്നു. ഇവ കൂടാതെ തുർക്കി രാജ്യത്തിന്റെ ചിലഭാഗങ്ങൾ ആഫ്രിക്കയിൽ ഉണ്ട.

അതിരുകൾ.—അതിന്റെ വടക്കെ ഭാഗം കരിങ്കടലിനാലും കിഴക്കെ ഭാഗം പാർസിയയാലും തെക്കെ ഭാഗം അറാബിയയാലും പടിഞ്ഞാറെ ഭാഗം മെഡിത്തെറെനിയൻ കടലിനാലും അതൃത്തിയാക്കപ്പെട്ടിരിക്കുന്നു.

ചോ. ആസിയായിലുള്ള തുർക്കി ആരുടെ കീഴിൽ ഇരിക്കുന്നു?

ഉ. അതിൽ മിക്കതും ഇപ്പോൾ തുർക്കി മഹാ രാജാവിന്റെ കീഴിൽ ആകുന്നു. എന്നാൽ പണ്ടത്തെ കാലങ്ങളിൽ ആ പ്രദേശങ്ങളിൽ വല കേൾവിപ്പെട്ടിരുന്ന രാജ്യങ്ങളുണ്ടായിരുന്നതുകൊണ്ട അവയുടെ നാമങ്ങളെയും വർത്തമാനങ്ങളെയും കുറിച്ച വിവരമായിട്ട അല്പം പറയുന്നു.

ചോ. അവയുടെ നാമങ്ങൾ എന്ത?

ഉ. ചെറിയ ആസിയാ എന്നും സുറിയാ എന്നും പലെസ്തീൻ എന്നും അർമെനിയ എന്നും ഇറാക്ക അറാബിയ എന്നും ആകുന്നു.

ചെറിയ ആസിയായെ കുറിച്ച.

അതിരുകൾ.—അതിന്റെ വടക്കെ ഭാഗം കരിങ്കടലിനാലും തെക്കെ ഭാഗം മെഡിത്തെറെനിയൻ കടലിനാലും പടിഞ്ഞാറെ ഭാഗം * ആർക്കിപെലെഗൊ എന്ന പേരുള്ള ദ്വീപുകളാലും അതൃത്തിയാക്കപ്പെട്ടിരിക്കുന്നു.

ചൊ. ചെറിയ ആസിയായിക്ക വേറെ പേരുണ്ടൊ?

ഉ. ഉണ്ട. പടിഞ്ഞാറെ ഭാഗത്തിന്റെ പേർ അനഥൊലിയ എന്നും വടക്ക കിഴക്കെ ഭാഗത്തിന്റെ പേർ റുമെലിയാ എന്നും തെക്ക കിഴക്കെ ഭാഗത്തിന്റെ പേർ കറമെനിയ എന്നും ആകുന്നു.

ചോ. ചെറിയ ആസിയായിലുണ്ടായിരുന്ന പണ്ടത്തെ പ്രധാന പ്രദേശങ്ങളുടെ പേരുകൾ എന്ത?

ഉ. ബിതിനിയ എന്നും പപ്ലഗൊനിയ എന്നും ഗലാത്തിയാ എന്നും പൊന്തുസ എന്നും മെഒയാ എന്നും ലുദിയാ എന്നും കറിയാ എന്നും ലുസ്സിയാ എന്നും പംഫുലിയ എന്നും ഫ്രിഗിയാ എന്നും കപ്പടൊക്കിയാ എന്നും ആകുന്നു.

പ്രധാന നഗരികൾ.—പ്രധാന തലസ്ഥാനങ്ങളുടെ ഇപ്പൊഴത്തെ പേരുകൾ സ്മൎന്നാ എന്നും ത്രെബിസോന്ദ എന്നും ആകുന്നു.

---

* ആർക്കിപെലെഗൊ എന്നത ഗ്രേക്കിന്നും ചെറിയ ആസിയായിക്കും ഇടയിൽ മെഡിത്തെറെനിയൻ കടലിൽ ഇരിക്കുന്ന ചെറിയ ദ്വീപുകളുടെ ഒരു വലിയ കൂട്ടം ആകുന്നു.

സ്മൎന്നാ അനഥോലിയായിലും ത്രെബിസോന്ദ റുമെലിയായിലും ആകുന്നു ഇവ കൂടാതെ ചെറിയ ആസിയായിൽ ഉൾപ്രധാന നഗരങ്ങൾ ഉണ്ട. അവ ഏതേതെന്നാൽ ബ്ലൂസ്സ എന്നും കൊനിയാ എന്നും തൊക്കാത്ത എന്നും സിവ എന്നും ഇപ്പോൾ പേർ പറയുന്ന പട്ടണങ്ങൾ ആകുന്നു.

മലകൾ.—ചെറിയ ആസിയായിലുള്ള പ്രധാന മലകളുടെ പേരുകൾ തൊറുസ്സ എന്നും ഐഡർ എന്നും ഓലിമ്പുസ എന്നും ആകുന്നു.

ദ്വീപുകൾ.—ഇവയിൽ കേൾവിപ്പെട്ടവ പത്മുസ എന്നും മിതുലേന എന്നും സീയൊ എന്നും സാമോസ എന്നും തെനിദൊസ എന്നും റൊദെസ എന്നും കുപ്രൊസ എന്നും ആകുന്നു.

ആറുകൾ.—ഹെലിയസ എന്ന പണ്ടത്തെ പേരായ കിസ്സിൽ ഏമാക്ക എന്ന ആറ കരിങ്കടലിലേക്ക ഒഴുകുന്നു. ഹെമുസ എന്ന പണ്ടത്തെ പേരായ സാറാബാത്ത എന്നും മീയാണ്ടർ എന്ന പണ്ടത്തെ പേരായ മീണ്ടർ എന്നുമുള്ള രണ്ട ആറുകൾ പടിഞ്ഞാറ വശത്തുള്ള കടലിലേക്ക ഒഴുകുന്നു. ഇവ കൂടാതെ സ്കമാണ്ടർ എന്നും ഗ്രനിക്കസ എന്നും സീമൊയ എന്നും പേരുള്ള കേൾവിപ്പെട്ട ആറുകൾ ഉണ്ട

ദേശരൂപം.—ചെറിയ ആസിയാ മലപ്രദേശം ആകുന്നു ആ മലകൾക്ക വിശേഷമായ മുകൾപരപ്പുകൾ ഉണ്ട. കടലരികെയുള്ള ഭൂമിനല്ല വിളവുള്ള മൈതാന ഭൂമി ആകുന്നു.

ക്ലൈമെട്ട.*—ഇത നല്ല സുഖമുള്ളതും സന്തുഷ്ടിയുള്ളതും ആകുന്നു

---

* ഭൂമിയുടെ സമ രേഖ മുതൽ അതിന്റെ മുനകൾ വരെ ഒരുമുനയിങ്കൽ ആറ മാസത്തേക്ക ഇരിട്ടാകുവോളം മറെറ മുനയിങ്കൽ ആറ മാസത്തേക്ക പകൽ ഏറുന്നു. എങ്ങിനെ എന്നാൽ സമ രേഖയ്ക്ക അടുത്തുള്ള ദേശങ്ങളിൽ രാവും പകലും എല്ലായ്പ്പൊഴും തുല്യമാകുന്നു. എന്നാൽ സമ രേഖയിൽനിന്ന ഏകദേശം ൭൦ം ഇംഗ്ലീഷ നാഴിക ദൂരമുള്ള ദേശങ്ങളിൽ ആണ്ടിൽ ഒരു ദിവസം പകൽ സമയത്തിന്ന ൧൬ നാഴിക കൂടെ കൂടുവോളത്തിന്ന പകൽ ക്രമത്താലെ ഏറുന്നു. അങ്ങിനെ സമ വരയിൽനിന്നുള്ള അകലം പോലെ ഒരു രാപകലത്തെ ഇട മുഴുവനും ഇരിട്ടില്ലാതെ ഇരിക്കുന്നത വരെക്കും പകൽ ക്രമേണ ഏറുന്നു. അവിടെനിന്നും ഭൂമിയുടെ മുന വരെക്കും പകൽ സമയത്തെ കണക്ക കൂട്ടുന്നത മാസം കൊണ്ട ആകുന്നു. അത എങ്ങിനെ എന്നാൽ. ഒന്നാമത. ഒരു മാസത്തെ സമയം പകലുള്ള ഇടം. രണ്ടാമത രണ്ടമാസത്തെ. ഇങ്ങിനെ മുനയിങ്കൽ ആറ മാസത്തേക്ക ഇരിട്ടില്ലാതെ ഇരിക്കുന്നു. സമരേഖയുടെ വടക്ക വശത്ത പകൽ സമയം ഏറുന്തോറും തെക്കവശത്ത അത്രയും കുറയും തെക്കുവശത്ത പകൽ കൂടുംതോറും വടക്കവശത്ത പകൽ കുറയും. അങ്ങനെ ആണ്ടിൽ ഓരൊസ്ഥലത്തന്ന രാപകലുകളുടെ സമയം തുല്യമായിരിക്കുന്നു. സമരേഖയിൽനിന്ന ഓരൊ മുനവരെക്കും പകൽ ഭേദങ്ങൾ ഓരോരൊ വശത്ത മുപ്പത ഇടകളായിട്ട പകുക്കപ്പെട്ടിരിക്കുന്നു. ൦൧ം പകൽഭേദങ്ങളിൽ ഓരോന്ന വരുന്ന ദേശത്തിന്ന ക്ലൈമെട്ട എന്ന പേർ ഇടുന്നു. അങ്ങിനെ ഭൂമി മുഴുവനും കൂടെ ൭൦ ക്ലൈമെട്ടുകൾഉണ്ട. ഇത കൂടാതെ ശീതോഷ്ണ ഭേദങ്ങളുള്ള ഓരൊ ചെറിയ ദിക്കിന്നും കൂടെ ക്ലൈമെട്ട എന്ന പേർ പറഞ്ഞ വരുന്നു.

ഉദ്ഭവങ്ങൾ.—പലതരമായ പഴങ്ങളും ഗ്വാബ എന്ന പേരുള്ള മരുന്നും മലകളിൽ പലവക വിശേഷ വൃക്ഷങ്ങളും പ്രത്യേകമായിട്ടു കാരകിൽ വൃക്ഷങ്ങളും പുങ്ങമരങ്ങളും ംരം ദേശത്തിലും ചുറ്റുമുള്ള ദേശങ്ങളിലും വിശേഷ കലിവ വൃക്ഷങ്ങളും വളരെ ഉണ്ട. ഇവിടെ സിംഹങ്ങളും കനായ്ക്കളും നരികളും കാട്ടുപന്നികളും മാനുകളും മുയലുകളും അംഗോറ ആടുകളും ഉണ്ട. അവയുടെ രൊമം മഹാ മൃദുത്വമുള്ളതും മഹാ കേൾവിപ്പെട്ടതുമാകുന്നു. തൊക്കാത്തിന്റെ ആടുകൾ ചെമ്പുറുങ്കൾ ഉണ്ട ബുസ്സ എന്ന പട്ടണത്തിന്നരികെ മഹാ ശ്രുതിപെട്ടിരിക്കുന്ന ചൂട്ട * ധാതുവെള്ളങ്ങൾ ഉണ്ട.

കൈവേലകളും വ്യാപാരങ്ങളും.—മോടിയുള്ള പരുവിധാനികളും പട്ടുകളും അംഗോറ ആട്ടരോമം കൊണ്ടുള്ള ശീലകളും തോലുകളും ചെമ്പുപാത്രങ്ങളും ഉണ്ട. ംരം ദേശത്തിൽനിന്ന പഴങ്ങളെയും ഗ്വാബ മുതലായ മരുന്നുകളെയും കലിവ എണ്ണയെയും പരവിധാനികളെയും അംഗോം ആട്ടരോമത്തെയും പോക്ക ചരക്കായിട്ട കേറി അയക്കുന്നു.

പഠിതവും മതവും.—ംരം ദേശത്തിലും ചുറ്റുമുള്ള ദേശങ്ങളിലും പഠിതം ഏറ ഇല്ല. അവിടത്തെ കുടിയാന്മാരുടെ മതം എന്തെന്നാൽ വളരെ ക്രിസ്ത്യാനികൾ അവിടെ പാർക്കുന്നുണ്ട. എന്നാൽ ഇതിലോം അധികമായിട്ടുള്ളവർ മഹമ്മദകാർ ആകുന്നു.

വിശേഷാദികൾ.—ഫ്രോയി എന്ന മഹാ കേൾവിപ്പെട്ട

---

* എല്ലാ മാതിരി വെള്ളങ്ങളോട മറുവസ്തുക്കൾ ചേരുന്നുണ്ട. എന്നാൽ വെള്ളത്തിന്റെ ലക്ഷണങ്ങൾക്ക ഭേദം വരുത്തി ചില രോഗങ്ങളെ പൊറുപ്പിപ്പാൻ തക്കവണ്ണം ഒരു ധാതു ദ്രവ്യം എങ്കിലും പല ധാതുദ്രവ്യങ്ങൾ എങ്കിലും വെള്ളത്തോട കൂടി ചേരുമ്പോൾ ആ മാതിരി വെള്ളത്തിന്ന ധാതുവെള്ളം എന്ന പേർ പറഞ്ഞ വരുന്നു. എങ്ങിനെ എന്നാൽ പച്ചവെള്ളം തന്നെ കുടിച്ചാൽ ശരീരം തണുക്കും അസാരം ചായയുള്ള വെള്ളത്തിൽ ഒഴിച്ച കുടിച്ചാൽ ശരീരം ഉഷ്ണിക്കുമെല്ലൊ ഉപ്പിട്ട കുടിച്ചാൽ വയറിളിൽനിന്ന ഒഴിയും ഇതിന്റെ കാരണം വെള്ളത്തിന്റെ ലക്ഷണങ്ങൾക്ക ഭേദം വന്നതകൊണ്ടത്രെ ആകുന്നത എന്നാൽ ചില ഭിക്കുകളിൽ ഇരിമ്പ എങ്കിലും പലവകയായ മണ്ണുകൾ കല്ലുകൾ എങ്കിലും കാരം മുതലായവ എങ്കിലും ഉള്ളിടത്ത വെള്ളം അവയിൽ കൂടി ഒഴുകുമ്പോൾ അവയിൽനിന്ന തുലോം ചെറിയ അണുക്കൾ വെള്ളത്തോട ചേരുന്നത തന്നെയുമല്ല തമ്മിൽ കൂടി കലന്ന അവയുടെ പ്രകൃതിമാറി ഒരു പുതിയ വസ്തുവായി തീരുകയും ചെയ്യും ഇരിമ്പ മുതലായ വസ്തുക്കൾ ഇപ്രകാരം വെള്ളത്തോട ചേരുമ്പോൾ ആ വെള്ളം ശരീര സൌഖ്യത്തിന്ന ഏറവും ഉപകാരമുള്ളതാകുന്നു. ചില വസ്തുക്കൾ മേൽ പറഞ്ഞ പ്രകാരം വെള്ളത്തോട ചേരുമ്പോൾ ഒന്നിച്ച ചേരുവാൻ എത്രയും ആഗ്രഹമായിരിക്കയാൽ ചൂട പുറപ്പെടീച്ച വെള്ളം തിളെയ്ക്കുകയും ചെയ്യും ഇതിന്ന ദൃക്ഷാന്തം ചുണ്ണാമ്പ ഉണ്ടാക്കുവാനായിട്ട വെന്ത കക്കായിൽ വെള്ളത്തെ തളിക്കുമ്പോൾ ഉടനെ വളരെ ചൂട പുറപ്പെട്ട വെള്ളവും കക്കായും കൂടി ചുണ്ണാമ്പ എന്ന വേറൊരു വസ്തുവായി തീരുകയും ചെയ്യും.

നഗരം ംരം ദേശത്തിൽ ആയിരുന്നു. അത ഹെലെസ്പൊന്ത എന്ന പേരുള്ള കടൽ കൈവഴിയുടെ അടുക്കൽ പണിയപ്പെട്ടിരുന്നു. ഗ്രേക്കുകാർ മശിഹാ കാലത്തിന്ന ക്രമവും സംവത്സരം മുമ്പെ അതിനെ നശിപ്പിക്കയും ചെയ്തു.

൨ ബിതിനിയയിലുള്ള ഗ്രനിക്കുസ എന്ന പേരുള്ള നദി അരികെ വച്ച മഹാനായ അലക്സന്ത്രൊയാസ പാർസിയക്കാരെ തോല്പിച്ചു. ഒരു റോമപടത്തലവൻ ഇവിടെ വച്ച മഹാനായ മിത്രിദേത്തസ്സ എന്ന രാജാവിന്റെ സേനകളെ തീരുമാനം നശിപ്പിക്കയും ചെയ്തു.

൩ അപ്പൊസ്തൊലനായ യോഹന്നാൻ, പേത്രത്തിന്റെ ഒരു ഭാഗമായ അരിയിപ്പ എന്ന പേരുള്ള പുസ്തകത്തിൽ പ്രത്യേകമായിട്ട ഓരൊ കുറികളെ ഏഴതിയിരിക്കുന്ന ഏഴ സഭകളും ചെറിയ ആസിയായിലെ പണ്ടത്തെ പ്രധാനപ്പെട്ട ഏഴ പട്ടണങ്ങളിൽ ആയിരുന്നു. അവയുടെ പേരുകൾ എന്തെന്നാൽ എഫെസുസ എന്നും സ്മ്ന്യാ എന്നും പെഴ്ഗമുസ എന്നും തീയത്തീറാ എന്നും സർദ്സ എന്നും ഫീലദെല്പിയാ എന്നും ലയൊദിക്കയാ എന്നും ആയിരുന്നു. എന്നാൽ അവയിൽ ചില പട്ടണങ്ങൾ ഇപ്പോൾ മുടിവായി കിടക്കുന്നു.

൪ മഹാനായ അലക്സന്ത്രയൊസ ചെറിയ ആസിയായെ എല്ലാം കീഴടക്കി അവൻ മരിച്ചതിന്റെ ശേഷം അവന്റെ പടത്തല വൻ രാജ്യഭാരം ചെയ്കയും ചെയ്തു. പിന്നത്തെതിൽ കാര്യരായ റോമക്കാർ ആ ദേശത്തെ എല്ലാം പിടിച്ചു. അത റോമ മഹാ രാജ്യത്തിൽ ഒരു ഭാഗമായി തീന്നു. ഒടുക്കം സുല്ലാൻ എന്ന പേർപെട്ട തുക്കി മഹാ രാജാവ ആ ദേശത്തെ എല്ലാം പിടിച്ച കൈക്കലാക്കി ഇന്നവരെയും അതിനെ ഭരിക്കയും ചെയ്തു.

൫ ബിതിനിയയിലുള്ള നിക്കിയാ എന്ന പേരുള്ള പട്ടണത്തിൽ കൊൻസ്തന്തൈൻ എന്ന പേരുള്ള റോമ മഹാ രാജാവ മശിഹാ കാലം ൩൨൫ ആണ്ടിൽ ക്രിസ്ത്യാനി സഭക്കായ്തിന്ന വേണ്ടി സുനോദ എന്ന പേരുള്ള സംഘത്തെ വരുത്തി കൂട്ടുകയും ചെയ്തു.

സുറിയായെയും കൊലി സുറിയാ അല്ലെങ്കിൽ കൂഴിയുള്ള സുറിയായെയും കുറിച്ച.

അതിരുകൾ.—സുറിയാ എന്ന ദേശത്തിന്റെ കിഴക്കെ ഭാഗം എവ്വ്പ്രാത്തേസ എന്ന പേരുള്ള നദിയാലും വടക്കെ ഭാഗം തൊറുസ എന്ന മലയാലും പടിഞ്ഞാറെ ഭാഗം മെഡിത്തെറനിയൻ കടലിനാലും തെക്കെ ഭാഗം അറാബിയയാലും അതൃത്തിയാക്കപ്പെട്ടിരിക്കുന്നു. കൊലി സുറിയാ ലബാനോൻ എന്നും അന്തിലബാനൊൻ എന്നും പേരുള്ള രണ്ട മലകളുടെ ഇടയിൽ ആകുന്നു.

പ്രധാന നഗരങ്ങൾ.—അന്തിയൊഖിയയും കൊലിസുറിയായിലുള്ള ഭമസ്സൊസും ആലപ്പൊയും ത്രിപ്പൊലിയും ആകുന്നു. എന്നാൽ ഇപ്പോൾ ഇവയിൽ പ്രധാനമായുള്ളത ആലപ്പൊ എന്ന പട്ടണം ആകുന്നു.

മലകൾ.—തൊറുസും ലബാനൊനും അന്തിലബാനൊനും ആകുന്നു.

ആറുകൾ.—ഈ രാജ്യത്തിൽ പല ആറുകൾ ഉണ്ട. എന്നാൽ അവയിൽ കേൾവിപ്പെട്ടത ഒറൊന്തിസ എന്ന പേരുള്ള ആറ ആകുന്നു.

ദേശത്രുപം.—സുറിയാ മലപ്രദേശം ആകുന്നു. വിശേഷാഫല മുള്ളതും ആകുന്നു.

കൈവേലകർത്തും വ്യാപാരങ്ങർത്തും.—ചെറിയ ആസിയായിലുള്ളവ ക്രടാതെ ഉമസ്സൊസ എന്ന പട്ടണം ഉമാസ്സ എന്ന പേരുള്ള പട്ടകൾക്കും പനിനീരുകൾക്കും ഉരുക്കുകൊണ്ട തീർക്കപ്പെട്ട വാളുകൾ കത്തികൾ മുതലായ വസ്തുക്കൾക്കും മഹാ കേൾവിപ്പെട്ടതാകുന്നു.

മതം.—കൂടിയാന്മാർ മിക്കവരും മഹമ്മദകാരാകുന്നു. എന്നാൽ വളരെ ക്രിസ്ത്യാനികളും അവിടെ പാർക്കുന്നുണ്ട. എങ്കിലും അവർ റോമ മതക്കാർ എന്ന പോലെ ബിംബവന്ദനക്കാർ ആകുന്നു.

വിശേഷാധികം.—ലബാനോൻ എന്ന മലയിൽ വിശേഷപ്പെട്ട കാരകിൽ വൃക്ഷങ്ങൾ ഉണ്ട അനേകം ജനങ്ങളും അവിടെ പാർക്കുന്നു.

൨ ക്രിസ്തുമതക്കാർ അന്തിയൊഖിയായിൽ വച്ച ഒന്നാമത ക്രിസ്ത്യാനികൾ എന്ന പേർ വിളിക്കപ്പെട്ട.

൩ സുറിയായിൽ തമ്മമൊർ എന്നും ബല്ബെക എന്നും രണ്ട പണ്ടെയുള്ള വിശേഷപ്പെട്ട പട്ടണങ്ങൾ ഉണ്ടായിരുന്നു. അവ ഏറിയകാലമായി നശീകപ്പെട്ടിരിക്കുന്നു. എങ്കിലും അവയുടെ ഇടിഞ്ഞ തൂണുകൾ മുതലായ മുടിവുകൾ മഹാ അതിശയമായുള്ളതാകുന്നു.

൪ ഫൊനിക്കിയ എന്ന രാജ്യം സുറിയായിൽ മെഡിത്തെറെനിയൻ കടലിന്റെ കിഴക്കെ വശത്ത പണ്ട കേൾവിപ്പെട്ട രാജ്യം ആയിരുന്നു അതിൽ ഉറ എന്നും സിദൊൻ എന്നും പേരുള്ള ഏറവും ശ്രുതിപ്പെട്ട നഗരങ്ങൾ ഉണ്ടായിരുന്നു. ഫൊനിക്കയക്കാർ നല്ല അദ്ധ്വാനികളും വിദ്വാന്മാരും ആയിരുന്നു. അവർ അക്ഷരങ്ങൾ എന്ന സമ്പ്രദായം ആദ്യം നിരൂപിച്ച ഉണ്ടാക്കി എന്ന വർത്തമാനപുസ്തകങ്ങളിൽ പറഞ്ഞിരിക്കുന്നു. അവരിൽ പലപല ആളുകൾ കുഡുംബങ്ങളായിട്ട അന്യദേശങ്ങളിൽ കുടിയിരിപ്പാനായിട്ട പുറപ്പെട്ട പോയി ചിലർ പോയവരിൽ ചിലർ മെഡിത്തെറെനിയൻ കടലിന്റെ തെക്കെ വശത്തുള്ള അഫ്രിക്കയിൽ കുടിയിരുന്നു. അവർ അവിടെ കാർതെജ എന്ന പേരുള്ള പട്ടണത്തെ ഉണ്ടാക്കി അതിനാൽ അവർ കാർതെജ്യക്കാർ എന്ന പേർ വിളിക്കപ്പെട്ട. മഹാ കേൾവിപ്പെട്ടവരായി തീരുകയും ചെയ്തു.

പലെസ്തീൻ എന്ന രാജ്യത്തെ കുറിച്ച.

അതിരുകൾ.—അതിന്റെ വടക്കെ ഭാഗം ഫൊനിക്കയയാലും തെക്കെ ഭാഗം അറാബിയയാലും പടിഞ്ഞാറെ ഭാഗം മെഡിത്തെറെനിയൻ കടലിനാലും അതൃത്തിയാക്കപ്പെട്ടിരിക്കുന്നു.

ചോ. പലെസ്തീന മറെ പേരുകൾ ഉണ്ടൊ?

ഉ. ഉണ്ട. എന്തെന്നാൽ കനാൻ എന്നും ശുദ്ധമുള്ള ദേശം എന്നും യിസ്രാഎലിന്റെ ദേശം എന്നും യെഹൂദാ ദേശം എന്നും വാഗ്ദത്തത്തിന്റെ ദേശം എന്നും പേർപെട്ടിരുന്നു.

പ്രധാന നഗരികൾ.—യറുശലെം എന്നും ശമരിയാ എന്നും ഗലിലെയാ എന്നും ആയിരുന്നു. ഇപ്പൊഴത്തെ പ്രധാന പട്ടണം യറുശലെം ആകുന്നു.

ആറുകൾ.—ആ ദേശത്തിൽ വിശേഷപ്പെട്ട ആറ യോർദ്ദാൻ ആകുന്നു.

ദേശത്രുപം —പലെസ്തീൻ മലപ്രദേശം ആകുന്നു.

മതം.—അവിടത്തെ കുടിയാന്മാർ മിക്കവരും മഹമ്മദകാർ ആകുന്നു. എങ്കിലും യെഹൂദന്മാരും വളരെ ഉണ്ട.

വ്യവശേഷാദികൾ.—പലെസ്തീൻ ദൈവത്തിന്നെറ പണ്ടുള്ള സയോകുന്ന യെഹൂദന്മാരുടെ ദേശം ആയിരുന്നതകൊണ്ട വളരെ വിശേഷ വർത്തമാനം അവരെയും അവർ പാർത്ത പ്രദേശത്തെയും കുറിച്ച ക്രിസ്ത്യാനിവേദത്തിൽ ഉൾപ്പെട്ടിരിക്കുന്നു. അവിടെ സത്യാവതാരം ഉണ്ടായി ആയത യേശു ക്രിസ്തു മനുക്ഷ്യജാതിയാകുന്ന പാപികളെ രക്ഷിപ്പാനായിട്ട ജനിച്ച കഷ്ടമനുഭവിച്ച മരിച്ച പിന്നെ മരിച്ചവരിൽനിന്ന ഉയിർത്ത സ്വർഗ്ഗമോക്ഷത്തിലെക്ക ആ ടികിൽനിന്ന കനേറുകയും ചെയ്തു. യെഹൂദന്മാർ ക്രിസ്തുവിനെ ഉപേക്ഷിച്ച കുരിശിന്മേൽ തൂക്കികൊന്നത കൊണ്ട ദൈവം ആ നാട്ടിൽനിന്ന അവരെ തള്ളികളഞ്ഞു. എല്ലാ ദേശങ്ങളിലും അവരെ ചിതറിപ്പിച്ചു. അവരുടെ ശിക്ഷെക്കായിട്ട അവരുടെ ശത്രുക്കളായ മഹമ്മദകാർ അവരുടെ നാടിനെ പിടിപ്പാനും കുടിയിരിപ്പാനും ദൈവം സമ്മതിച്ചിരിക്കുന്നു.

തുർക്കൊമനിയ എന്ന ഇപ്പോൾ പേർ പറയുന്ന അർമെനിയ ദേശത്തെ കുറിച്ച.

അതിരുകൾ.—അർമെനിയ സുറിയായുടെ കിഴക്ക വടക്കെ ഭാഗത്ത ആകുന്നു.

വിശേഷാദികൾ.—അത മലപ്രദേശം ആകുന്നു. അവിടെയുള്ള മലകളുടെ പേരുകൾ തൊറുസ എന്നും അന്തിതൊറുസ എന്നും ആകുന്നു. ആ മലകളിൽനിന്ന എവ്യുപ്രാത്തേസ എന്നും തിഗ്രീസ എന്നും പേരുള്ള മഹാ കേൾവിപ്പെട്ടിരിക്കുന്ന രണ്ട ആറുകൾ പുറപ്പെട്ട അർമെനിയായിലും ഇറാക്ക അറാബിയയിലും കൂടെ തെക്കോട്ട ഒഴുകി പാർസിയൻ ഉൾകടലിൽ വീഴുകയും ചെയ്യുന്നു. ഒരു മലകളിൽ അറാറാത്ത എന്ന പേരുള്ളോരു സ്ഥലത്ത ജലപ്രളയത്തിന്നെറ അവസാനത്തിങ്കൽ പെട്ടകം ആയ കപ്പൽ ഉറെക്കയും നോഹ ഇറങ്ങി കുടിയിരിക്കയും ചെയ്തു. അർമെനിയായിക്കും അടുത്ത ദേശങ്ങൾക്കും ഓരൊ സമയത്ത അതുത്തികളും പേരുകളും വേറെ വേറെ ആയിരുന്നു.

കുർദിസ്ഥാൻ എന്ന ഇപ്പോൾ പേർ പറയുന്ന അസ്സുറിയാ എന്ന ദേശത്തെ കുറിച്ച.

അതിരുകൾ.—കുർദിസ്ഥാന്നെറ വടക്കെ ഭാഗം അർമെനിയായാ

ലും കിഴക്കെ ഭാഗം മെദയായാലും തെക്കെ ഭാഗം ഇറാക്ക അറാബിയയായാലും പടിഞ്ഞാറെ ഭാഗം തിഗ്രീസ എന്ന ആറിനാലും അതിർത്തിയാക്കപ്പെട്ടിരിക്കുന്നു.

പ്രധാന നഗരികൾ.—കൂടിസ്ഥാൻ എന്നും ബെൽഡീസ്സ എന്നും ആകുന്നു.

വിശേഷാദികൾ.—പണ്ടത്തെ കാലങ്ങളിൽ അസ്സൂറിയാ മഹാ കേൾവിപ്പെട്ടതും ശക്തിയുള്ളതുമായ രാജ്യം ആയിരുന്നു. നിനവ എന്ന പേരുള്ള പട്ടണം അതിന്റെ പ്രധാന നഗരി ആയിരുന്നു.

ഇറാക്ക അറാബിയ എന്ന ഇപ്പോൾ പേർ പറയുന്ന ബാബൈലൊൻ എന്ന ദേശത്തെ കുറിച്ച.

അതിരുകൾ.—ഈ ദേശം പാർസിയൻ ഉൾക്കടൽ അടുക്കൽ ആകുന്നു.

പ്രധാന നഗരികൾ.—ബസ്സോറ എന്നും ബശാദ എന്നും ആകുന്നു. അവ രണ്ടും പാർസിയൻ ഉൾക്കടൽ അടുക്കൽ തിഗ്രീസ എന്ന ആറിന്റെ വക്കത്ത പണിയിക്കപ്പെട്ടിരിക്കുന്നു.

കൈവേലകളും വ്യാപാരവും.—ബശാദ ഇപ്പോൾ വലിയ കച്ചവടസ്ഥലം ആകുന്നു അവിടെ ചുവപ്പ നിറവും മഞ്ഞൾ നിറവുമുള്ള തോലും പട്ടകളും പഞ്ഞികൊണ്ടുള്ള തുണികളും ഉണ്ടാക്കപ്പെടുന്നു. ആണ്ടുതോറും വളരെ കച്ചവടക്കപ്പലുകൾ ആലപ്പുഴ മുതലായ ദിക്കുകളിൽനിന്ന ബശാദിന്ന പോകയും വരികയും ചെയ്യുന്നു. ആ കപ്പലുകൾ യൂറോപ്പ ചീന ഇന്ദ്യാ മുതലായ രാജ്യങ്ങളിലുള്ള ചരക്കുകളെ ബശാദിന്ന കൊണ്ടുപോകയും പാർസിയ കുതിരകളെയും അല്വാ എന്ന പേരായി ഒട്ടകപ്പാൽകൊണ്ട ഉണ്ടാക്കിയ മധുരമുള്ള പലഹാരത്തെയും മുന്തിരിങ്ങാപ്പഴങ്ങളെയും ഈന്തപ്പഴങ്ങളെയും പട്ടകളെയും തോലിനെയും മറ്റ പല ചരക്കുകളെയും ബശാദിൽനിന്ന കൊണ്ടുപോകയും ചെയ്യുന്നു.

വിശേഷാദികൾ.—കൽദെയയിലെ പണ്ടത്തെ പ്രധാന നഗരി ബാബൈലൊൻ എന്ന പേരുള്ള മഹാ വിശേഷപ്പെട്ട നഗരി ആയിരുന്നു. ബശാദ കാലിപ്പിന്മാരുടെ പണ്ടത്തെ തലസ്ഥാനം ആയിരുന്നു. ബാബൽ എന്ന പേരുള്ള കേൾവിപ്പെട്ട തുലോം പണ്ടുള്ള ഗോപുരത്തിന്റെ മുടിവുകൾ ഇവിടെ ഉണ്ട. അതിന്ന സമീപെ പണ്ടുള്ള ബാബൈലൊൻ എന്ന പട്ടണത്തിന്റെ മുടിവുകളും ഉണ്ട.

ദൈയബെക്കർ എന്ന ദേശത്തെ കുറിച്ച.

അതിരുകൾ.—ദൈയബെക്കർ എന്നുള്ള ദേശം കൽദയയുടെ വടക്കെ ഭാഗത്ത ആകുന്നു.

പ്രധാന നഗരികൾ.—മൊസുൽ* എന്നും ദൈയബെക്കർ

* പണ്ടത്തെ കാലങ്ങളിൽ നല്ല നേരിയ ശീലകൾ ആ പട്ടണത്തിൽ ഉണ്ടാക്കിയതുകൊണ്ട അതിന്ന മുസ്ലിൻ എന്ന പേർ പറകയും ചെയ്യു.

എന്നും ആകുന്നു. മൊസൂൽ നിനവായുടെ ഇടിവുകളുടെ അടുക്കൽ ആകുന്നു.

മതം.—ംനം ദേശങ്ങളിൽ പാൎക്കുന്ന കുടിയാന്മാർ മിക്കവരും മഹമ്മദകാർ ആകുന്നു. എങ്കിലും ക്രിസ്ത്യാനികളും യെഹൂദന്മാരും അവിടെ ഉണ്ട.

വിശേഷാദികൾ.—ംനം ദേശത്തിലുള്ള പണ്ടത്തെ നഗരങ്ങൾ കേൾവിപ്പെട്ട ഏദെസ്സ എന്നും അബ്രാഹാം പാൎത്ത ഊർ എന്നും ഹാറാൻ എന്നും പേരുള്ളവയായിരുന്നു.

അറാബിയയെ കുറിച്ച.

അതിരുകൾ.—അറാബിയയുടെ വടക്കെ ഭാഗം സുറിയായാലും തെക്കെ ഭാഗം ഇന്ത്യാകടലിനാലും കിഴക്കെ ഭാഗം പാൎസിയൻ ഉൾകടലിനാലും പടിഞ്ഞാറെ ഭാഗം ചെങ്കടലിനാലും സൂയെസ എന്ന പേരുള്ള കര ഇട്ടകിനാലും അതുത്തിയാക്കപ്പെട്ടിരിക്കുന്നു. എന്നാൽ സൂയെസ എന്ന കര ഇട്ടക അഫ്രിക്കയോട ആസിയായെ ചെൎക്കുന്നു.

പ്രധാന അംശങ്ങളും നഗരങ്ങളും.—ംനം ദേശം സാമാന്യെന മൂന്ന ഭാഗമായിട്ട പകുക്കപ്പെട്ടിരിക്കുന്നു. അവ എന്തെന്നാൽ വടക്കെ ഭാഗം അറാബിയ പെത്രിയ എന്നും നടുവിലത്തെ ഭാഗം അറാബിയ ദെസൎത്ത എന്നും തെക്കെ ഭാഗം അറാബിയ ഫെലിക്സ എന്നുമുള്ള പേരുകളാൽ വിഭജിക്കപ്പെട്ടിരിക്കുന്നു.

പെത്രിയ എന്ന വാക്കിന്റെ അൎത്ഥം പാറയുള്ള ഭ്രമി എന്നും ദെസൎത്ത എന്നതിന്റെ അൎത്ഥം മരു ഭ്രമി എന്നും ഫെലിക്സ എന്നതിന്റെ അൎത്ഥം സുഖമുള്ള ഭ്രമി എന്നും ആകുന്നു. എന്നാൽ അറാബിയക്കാർ ഇപ്പോൾ തങ്ങളുടെ ദേശത്തെ നാലായിട്ട പകുക്കുന്നു ആയവ എന്തെന്നാൽ ഹെജസ്സ എന്നും യമെൻ എന്നും ഒമ്മൊൻ എന്നും നെൎഡ്ഡ എന്നും ആകുന്നു.

ഹെജസ്സ എന്നുള്ള ടിക്ക അറാബിയയുടെ വടക്ക പടിഞ്ഞാറെ ഭാഗം ആകുന്നു അത പാറയുള്ള പ്രദേശം ആകുന്നു. എങ്കിലും താഴ്വരകളിൽ അനേകം ജനങ്ങൾ കുടിയിരിക്കുന്നു. അതിന്റെ തലസ്ഥാനങ്ങൾ മെക്കയും മെദിനായു ജെദയും ആകുന്നു.

ചെങ്കടലിന്റെ വടക്കെ അറ്റത്തിന സമീപെ സൂയെസ എന്ന ഒരു ചെറിയ പട്ടണം ഉണ്ട.

യമെൻ എന്നപേരുള്ള പ്രദേശം അറാബിയയുടെ തെക്ക പടിഞ്ഞാറെ ഭാഗത്താകുന്നു. അതിന്റെ തലസ്ഥാനങ്ങളുടെ പേരുകൾ മൊക്കാ എന്നും യെദൻ എന്നും ആകുന്നു.

ഒമ്മൊൻ എന്ന പേരുള്ള പ്രദേശം അറാബിയയുടെ തെക്ക കിഴക്ക ഭാഗത്ത ആകുന്നു. അതിന്റെ തലസ്ഥാനത്തിന്റെ പേർ മസ്കാത്ത എന്ന ആകുന്നു. ഇത ഓൎമ്മസ എന്ന പേരുള്ള ഉൾകടലിന്ന സമീപെ ആകുന്നു. എന്നാൽ ഓൎമ്മസ എന്ന ഉൾകടൽ പാൎസിയൻ ഉൾകടലിന്റെയും ഇന്ത്യാ കടലിന്റെയും ഇടയിൽ ആകുന്നു.

നെൎഡ്ഡ എന്ന പേരുള്ള പ്രദേശം അറാബിയയുടെ നടുവിലത്തെ ഭാഗം ആകുന്നു.

മലകൾ.—ചെങ്കടലിന്റെ വടക്കു പടിഞ്ഞാറെ വശത്തുള്ള രണ്ടു കൈവഴികളുടെ ഇടയിൽ സീനാ എന്നും ഹൊറെബ എന്നുമുള്ള ശ്രുതിപെട്ട രണ്ടു മലകൾ ഉണ്ടു. യിസ്രായേൽക്കാർ എജിപ്തിൽനിന്നു പുറപ്പെട്ടു രണ്ടു സംവത്സരമായിട്ടു സഞ്ചരിച്ചു ശൂന്യപ്രദേശം ഇവയ്ക്കു അരികെ ആകുന്നു.

കടലുകളും ഉൾക്കടലുകളും.—ചെങ്കടൽ എന്നും പാർസീയൻ ഉൾക്കടൽ എന്നും ആകുന്നു.

ദേശരൂപം.—ഈ ദേശത്തിന്റെ മിക്കഭാഗങ്ങൾ മൈതാനമായുള്ളവയും മണലുള്ളവയും ആകുന്നു. ആറുകൾ ഇല്ലായ്കകൊണ്ടു അതു മിക്കതും കാനൽ പ്രദേശം ആകുന്നു.

ക്ലൈമെട്ടു.—അറാബിയ ആകാശം നല്ല തെളിവുള്ളതും ശരീരസൌഖ്യത്തിന്നുകൊള്ളാകുന്നതും ആകുന്നു. തെക്കെ ഭാഗങ്ങളിൽ പകൽ സമയം ഉഷ്ണമുള്ളതാകുന്നു എങ്കിലും രാത്രിയിൽ തണുപ്പുള്ളതാകുന്നു. ഉയർന്ന ഭിക്കുകളിൽ വൎഷകാലം ഉണ്ടു. താഴത്തെ ഭിക്കുകളിൽ മഴ തുലോം കുറഞ്ഞെയുള്ളു. ചിലപ്പോൾ ഏറിയ ആണ്ടുകൾക്കു മഴ ഒട്ടും ഇല്ല.

ഉത്പന്നങ്ങളും വ്യാപാരവും.—അറാബിയ കുതിരകൾ മഹാവിശേഷപ്പെട്ടവയാകുന്നു. ഒന്നാം തരം ഒട്ടകങ്ങൾ അവിടെ ഉണ്ടു. അറാബിയയിലെ കാപ്പി മറ്റുള്ളിക്കിലുണ്ടാകുന്നതിനെക്കാൾ ഏറ്റവും നല്ലതാകുന്നു. അപ്രകാരം തന്നെ ചെന്നിനായകവും കുന്തുരുക്കവും നറുപശയും അവിടെ നല്ലവണ്ണം ഉണ്ടാകുന്നു. എന്നാൽ ഈന്തപ്പഴം മുന്തിരിങ്ങാപഴം അലുവാ മുതലായി മേൽ പറഞ്ഞ ചരക്കുകൾ ഒക്കെയും അറാബിയക്കാർ ആലപ്പുഴ മുതലായ സ്ഥലങ്ങളിൽ വില്പാനായിട്ടു ആണ്ടുതോറും കൊണ്ടുവരികയും ചെയ്യുന്നു.

മതം.—അറാബിയക്കാർ മിക്കവരും മഹമ്മദുകാർ ആകുന്നു.

വിശേഷാദികൾ. അറാബിയയിൽ രാജാവില്ല. എന്നാൽ ഓരോ ഭിക്കിൽ ഒരോ ഗോത്രത്തിന്നു പ്രത്യേകമായിട്ടുള്ള മൂപ്പാളകളും സ്വയാധിപരിമാരും ഉണ്ടു. ആധിപത്യം വലിയതാകുന്നു എന്നവരിക്കിൽ ഇമാൻ എന്നും ചെറിതാകുന്നു എങ്കിൽ ശേക്കു എന്നും അധിപതിക്കു പേർ പറഞ്ഞു വരുന്നു. അവയിൽ ഓരോരുത്തൻ അവനവന്റെ പ്രജകൾക്കു രാജാവിന്റെയും ആചാൎയ്യന്റെയും അധികാരത്തെ നടത്തിവരുന്നു. എന്നാൽ അറാബിയയുടെ വടക്കെ ഭിക്കിൽ പാൎക്കുന്നവർ തുൎക്കി മഹാരാവിന്റെ കീഴിൽ ആകുന്നു. അവന്റെ പേർക്കു അവരെ ഭരിക്കുന്നവരിൽ ഓരോരുത്തനു ബഷാ എന്ന പേർ പറഞ്ഞുവരുന്നു.

മെക്ക എന്ന പട്ടണത്തിൽ മഹമ്മദു ജനിച്ചു. അവന്റെ ബഹുമാനത്തിന്നായിട്ടു കാബാ എന്ന പേരുള്ള ഒരു വലിയ പള്ളി അവിടെ ഉണ്ടു. അനേകായിരം മഹമ്മദുകാർ പുണ്യത്തെ ലഭിക്കും എന്ന ഭോക്തുപ്രമായി വിചാരിച്ചിട്ടു ആണ്ടുതോറും മെക്ക പള്ളിയിൽ വന്ദിപ്പാനായി പല രാജ്യങ്ങളിൽനിന്നു ചെല്ലുന്നു. അത വലിയ പുണ്യവും മാനവും എന്ന വച്ചു മെക്കക്കു പോകുന്ന യാത്രക്കാൎക്കു തനത പേരിനോടു അജ്ജി എന്നും കൂടെ കൂട്ടി പേർ വിളിക്കയും ചെയ്യുവരുന്നു.

മെദിനാ എന്ന പട്ടണത്തിൽ മഹമ്മദിന്റെ ശവം അടക്കിയിരി

ക്കുന്നു. അവിടെ രണ്ടു തൂണുകളിന്മേൽ പണിയപ്പെട്ടിരിക്കുന്ന ഒരു വിശേഷമായ മഹമ്മദ വള്ളി ഉണ്ട്. ആയതിൽ നാലു വെള്ളി വിളക്കുകൾ എല്ലായ്പോഴും കൊളുത്തി നിറുത്തിയിരിക്കുന്നു. അവന്റെ ശവപ്പെട്ടി പൊന്നുംനീരാളം കൊണ്ട പൊതിഞ്ഞ വെള്ളിനീരാളം കൊണ്ടുള്ള മേല്പട്ടിയുടെ കീഴെ വെക്കപ്പെട്ടിരിക്കുന്നു.

൨ അറാബിയയിലുള്ള കൂതിരകൾ എത്രയും വിശേഷമുള്ളവയാകുന്നു. അവിടെ ഒട്ടകങ്ങളും വളരെ ഉണ്ട്. എന്നാൽ ആ പ്രദേശം വെള്ളം കുറഞ്ഞും മണൽ അധികമായുള്ളതാകയാൽ ജനങ്ങൾ ഒട്ടകത്തിന്മേൽ കേറിയും സാമാനങ്ങൾ കേറ്റിയും സഞ്ചരിച്ച വരുന്നു. ഒട്ടകത്തിന്ന വനക്കപ്പൽ എന്ന പേർ വിളിക്കയും ചെയ്യുന്നു.

കച്ചവടക്കാരും വഴിയത്രക്കാരും കള്ളന്മാരിൽനിന്ന ഭയം കൂടാതെ സഞ്ചരിപ്പാനായിട്ട വളരെ ഒട്ടകങ്ങളെ കൂട്ടമാക്കികൊണ്ട സഞ്ചരിക്കുന്നു. ആ കൂട്ടത്തിന്ന കറവാൻ എന്ന പേർ വിളിക്കയും ചെയ്യുവരുന്നു.

പാർസിയയെ കുറിച്ച.

ആതിരുകൾ.—പാർസിയയുടെ വടക്കെ ഭാഗം കസ്പിയൻ സമുദ്രത്താലും താത്തറി എന്ന ദേശത്താലും കിഴക്കെ ഭാഗം അപ്ഗാനിസ്ഥാൻ എന്നും ബെലൂചിസ്ഥാൻ എന്നും പറയുന്ന ദേശങ്ങളാലും തെക്കെ ഭാഗം ഇന്ത്യാ സമുദ്രത്താലും പാർസിയ എന്നും ഓമ്മ്സ എന്നും പറയുന്ന ഉൾകടലുകളാലും പടിഞ്ഞാറെ ഭാഗം ആസിയായിലെ തുകി എന്നും അറാബിയ എന്നും പറയുന്ന ദേശങ്ങളാലും അതിരിയാക്കപ്പെട്ടിരിക്കുന്നു.

പ്രധാന നഗരികൾ.—പാർസിയയിലെ ഇപ്പോഴത്തെ പ്രധാന നഗരി ക്ഷിറാസ്സ എന്നാകുന്നു. പണ്ടത്തെ പ്രധാന നഗരി ഇസ്പഹാൻ എന്ന ആയിരുന്നു കസ്പിയൻ കടലരികെ താഹരാൻ എന്ന പേരുള്ള കേൾവിപ്പെട്ട ഒരു പട്ടണം ഉണ്ട.

മലകൾ.—പാർസിയയിലെ മലകൾ ആ ദേശത്തിൽ കൂടി കിഴക്ക പടിഞ്ഞാറായിട്ട കിടക്കുന്നു. അവ തൊറുസ എന്നെങ്കിലും ഇന്ദുകൊക്ഷ എന്നെങ്കിലും കൊക്കസ്സസ്സ എന്നെങ്കിലും പേരുള്ള വലിയ മലകളുടെ കൂട്ടത്തിൽ ഒരു പക്ഷ ആകുന്നു.

നദീപുകൾ.—പാർസിയൻ ഉൾകടലിലുള്ള ഓമ്മ്സ എന്നും കിഷ്യാ എന്നും കാറക്ക എന്നും ആകുന്നു.

പ്രധാന ആറുകൾ.—പാർസിയയിലെ പ്രധാന ആറുകൾ ക്രറ എന്നും അറാസ എന്നും പേരുള്ളവ ആകുന്നു. ഇവ അറാറാത്ത എന്ന മലയിൽനിന്ന ഒഴുകിവന്ന കസ്പിയൻ സമുദ്രത്തിൽ വീഴുന്നു.

ദേശ രൂപം.—പാർസിയ ഒരു മലപ്രദേശം ആകുന്നു എങ്കിലും അവിടെ വിസ്താരമുള്ള മുകൾ പരപ്പുകൾ വളരെ ഉണ്ട. താണ മൈതാന ഭ്രമികളും വളരെ ഉണ്ട എങ്കിലും മികവയും വൃക്ഷമില്ലാത്ത വനം തന്നെ ആകുന്നു.

ക്ലൈമെട്ട.—കസ്പിയൻ കടലരികെയുള്ള ദിക്കുകളിൽ വേനൽകാലം ബഹു ഉഷ്ണമുള്ളതാകുന്നു. വൎക്കകാലം ഏറെ ശീതമുള്ളതല്ല എങ്കി

ലും അവിടെയുള്ള ആകാശം എല്ലായ്പ്പോഴും നേരംമുള്ളതാകുന്നു. ഉയരമുള്ള ഭിക്കുകളിൽ വേനൽ കാലം വളരെ ഉഷ്ണമുള്ളതാകുന്നു. ചിലപ്പോൾ വർഷസമയം ബഹു തണുപ്പുള്ളതാകുന്നു. ഈ ദേശത്തിലും അടുത്തുള്ള ദേശങ്ങളിലും സൈമൂൻ എന്ന പേർ പറയുന്ന കാറ്റ കൂടെ കൂടെ ഉണ്ടാകുന്നു. ഈ കാറ്റ ബഹു ഉഷ്ണമുള്ളതും വിഷമുള്ള വസ്തുക്കൾ കൂടി കലർന്നതുമായിരിക്കകൊണ്ട അതിനെ സഹിപ്പാൻ പ്രയാസം തന്നെ ചിലപ്പോൾ അത വെളിയിലുള്ള മനുഷ്യരെയും മൃഗജാതിയെയും മുടിച്ചകളകയും ചെയ്യുന്നു.

ഉത്ഭവങ്ങൾ.—പാർസിയയിലെ പൂകൾ മഹാ വിശേഷമുള്ളവ ആകുന്നു. സോമനാഭികായവും മറ്റ ചില പ്രയോജനമുള്ള ഔഷധങ്ങളും അത്തിപ്പഴങ്ങളും മാതളനാരെങ്ങകളും മധുരനാരെങ്ങകളും മറ്റ വിശേഷപഴങ്ങളും ഈ ദേശത്തിൽ നല്ലവണ്ണം ഉണ്ടാകുന്നു. ക്ഷിരാസ്സ വീഞ്ഞ പെരുത്ത നല്ലതാകുന്നു. പാർസിയയിലെ കുതിരകളും കോവർകഴുതകളും നല്ല വിശേഷമുള്ളവയാകുന്നു. പാർസിയ ആടുകൾക്ക വലിയ വാലുകൾ ഉണ്ട അവയിൽ ചിലവാലുകൾക്ക മുപ്പതിൽ ചിലാനം റാത്തൽ തൂക്കം വരെ ഉണ്ട. ആ ആടുകളുടെ മാംസം നല്ല രുചിയുള്ളതും അവയുടെ രോമം നല്ല നേരിയതും ആകുന്നു. പാർസിയക്കാർ പാർസിയ ഉൾകടലിൽനിന്ന മത്സ്യങ്ങളെ വാരുകയും തീരങ്ങളിൽനിന്ന ഈയത്തെയും ഇരിമ്പിനെയും കുഴിച്ചെടുക്കുകയും ചെയ്യുന്നു.

കൈവേലകളും വ്യാപാരവും.—പ്രധാന കൈവേലകൾ പരവിധാനികളും സാലുവകളും ആകുന്നു. അവിടെ മഹാ കേൾവിപ്പെട്ടിരിക്കുന്ന വില്ലുകളെ ഉണ്ടാകുന്നു. ഇണ്ടി ശീലമുതലായവയും നല്ല ചായം ഇട്ടുന്നതിനും തുണികളുകളെ പട്ടമിട്ടുന്നതിനും അവർ നല്ല മിടുക്കന്മാരാകുന്നു. പാർസിയക്കാർ പട്ടുകളെയും പരവിധാനികളെയും കുതിരകളെയും കോവർകഴുതകളെയും വിഞ്ഞിനെയും പലതരം പഴങ്ങളെയും ഔഷധികളെയും പോകചരക്കായിട്ട കേറി അയക്കുകയും യൂറോപ്പിലെ ചരക്കുകളെ വരവ ചരക്കായിട്ട ഇറക്കുകയും ചെയ്യുവരുന്നു.

മതം.—പാർസിയക്കാർ മിക്കവരും മഹമ്മദക്കാർ ആകുന്നു പാർസിയയിലെ പണ്ടത്തെ മതം അഗ്നി വന്ദന ആയിരുന്നു. ഈ മതക്കാർ സൊരൊയാസ്ഥർ എന്നവന്റെ ശിഷ്യന്മാരും ഗീബ്സ്സ എന്നും പാർസിയക്കാർ എന്നും പേർ പറയുന്നവരും ആകുന്നു. അവർ പാർസിയയിലും ബൊംബെയിലും മറ്റ ചില സ്ഥലങ്ങളിലും ഇപ്പോൾ പാർക്കുന്നുണ്ട.

വിശേഷാദികൾ.—കസ്പിയൻ കടലിന്റെ പടിഞ്ഞാറെ വശത്തുള്ള ഭിക്ക, ഭൂമിയിൽനിന്ന എടുക്കപ്പെടുന്ന നാഫ്ത്താ എന്ന പേരുള്ള മണ്ണെണ്ണയ്യായിട്ട കേൾവിപ്പെട്ടതാകുന്നു. ആ പ്രദേശത്തിലെ മണ്ണ ഉണങ്ങിയതും ഭൂമി പാറയുള്ളതും ആകുന്നു. ഭൂമിയിൽ ചെറിയ കുഴിയെ എങ്കിലും കുഴിച്ച അതിന്റെ ദ്വാരത്തിൽ ഒരു തിരി കൊളുത്തി ഇട്ടാൽ അഗ്നിജ്വാല പുറപ്പെട്ടും ആയതിനെ കെടുത്തുന്നില്ല എങ്കിൽ എല്ലായ്പ്പോഴും ജ്വലിക്കയും ചെയ്യും. കുടിയാന്മാർ ഇതകൊണ്ട തങ്ങളുടെ

ഭക്ഷണസാധനങ്ങളെ വേവിക്കയും തങ്ങൾക്ക വെളിച്ചമാക്കി തീക്കയും ചെയ്യുന്നു. ആ ഭിക്കിൽ പണ്ടെയുള്ള ചില ചെറിയ ക്ഷേത്രങ്ങൾ ഉണ്ട്. അവയിൽ ജ്വാലകൾ എല്ലായ്പോഴും ജ്വലിക്കയും പാർസിയക്കാർ ആ ജ്വാലകളെ വന്ദിക്കയും ചെയ്യുന്നു. ആ പ്രദേശത്തിൽ അനേകം കിണറുകൾ ഉണ്ട. നാഫ്താ വെള്ളത്തിന്റെ മേൽ പൊങ്ങി കിടക്കുന്നു. അതിനെ ഒന്നാമത എടുക്കുമ്പോൾ വളരെ ദേശം വെള്ളംപോലെ ആയിരിക്കുന്നു. പിന്നത്തെതിൽ അത നിറത്തിലും ഘനത്തിലും നെയ്യ പോലെ ആയി തീരുന്നു.

പണ്ടത്തെ ഏതാനും രാജ്യങ്ങൾ ഇപ്പോഴത്തെ പാർസിയ രാജ്യത്തിൽ ഉൾപ്പെട്ടിരിക്കുന്നു എന്തെന്നാൽ.

൧ ഹക്കേനിയ. ൦രം രാജ്യംകസ്പിയൻ കടലിന്റെ തെക്ക കിഴക്കെ വശത്ത ആയിരുന്നു. അതുകൊണ്ട കസ്പിയൻ കടൽ പണ്ടത്തെ കാലങ്ങളിൽ ഹക്കേനിയ കടൽ എന്ന പേർ ലഭിച്ചു. ൦രം ദേശത്തിൽ നായിക്കൾ മനുഷ്യരുടെ ശവങ്ങളെ ഭക്ഷിച്ചകളയുന്നതിന്നുള്ള ചട്ടം ഉണ്ടായിരുന്നു.

൨ സുസിയാന. ഇപ്പോഴത്തെ പേർ കുദ്സ്താൻ. ൦രം രാജ്യം പാർസിയൻ ഉൾകടലിന്റെ അടുക്കൽ ആകുന്നു.

൩ പാർതിയ ഇപ്പോഴത്തെ പേർ ഇറാക്ക. അത മെദയായുടെ തെക്കെ വശത്ത ആകുന്നു.

൪ മെദയാ എന്ന പണ്ടെ കേൾവിപ്പെട്ട രാജ്യം കസ്പിയൻ കടലിന്റെ തെട്ടുക്ക വശത്ത ആയിരുന്നു. അതിന്റെ തലസ്ഥാനത്തിന്റെ പേർ എക്ബത്ന എന്ന ആയിരുന്നു. ഇപ്പോൾ ആ പട്ടണത്തിന്ന ഹാമാദൻ എന്ന പേർ പറഞ്ഞ വരുന്നു.

പാർസിയ രാജ്യത്തിന്റെ ആരംഭം ക്രുശിനാൽ ക്രിസ്തുവിന്റെ കാലത്തിന്ന ൬൫൰ സംവത്സരത്തിന്ന മുമ്പെ ആയിരുന്നു. അസ്സിരിയ മഹാരാജ്യം നശിച്ചതിന്റെ ശേഷം പാർസിയ, മഹാ വലിയ രാജ്യമായി തീന്നു. മഹാനായ അലക്സന്ത്രയോസ അതിനെ നശിപ്പിക്കയും ചെയ്തു.

അഫ്ഘാനിസ്ഥാൻ എന്ന ദേശത്തെ കുറിച്ച.

അതിരുകൾ.—അഫ്ഘാനിസ്ഥാന്റെ വടക്കെ ഭാഗം താർത്തറിയിൽ നിന്ന അതിനെ വേർതിരിക്കുന്ന പവ്തങ്ങളുടെ കുട്ടങ്ങളാലും കിഴക്കെ ഭാഗം കാശ്മീർ എന്ന ദേശത്താലും ഇന്ദുസ്സ എന്ന ആറിനാലും തെക്കെ ഭാഗം സിന്ധിയാലും ബെലൂചിസ്ഥാൻ എന്ന ദേശങ്ങളാലും പടിഞ്ഞാറെ ഭാഗം പാർസിയയാലും അതുത്തിയാക്കപ്പെട്ടിരിക്കുന്നു. ൦രം ദേശത്തിന്ന യൂറോപ്പകാർ കാബൂൽ എന്നും പാർസിയക്കാർ അഫ്ഘാനിസ്ഥാൻ എന്നും പേർ പറഞ്ഞ വരുന്നു.

പ്രധാന അംശങ്ങൾ.—ഹിറാത്തും കാബൂലും പെഷവാറും കണ്ടഹാറും ആകുന്നു. ഹിറാത്തിന്റെ പണ്ടത്തെ പേർ അറിയാ എന്നൊ അർതവന എന്നൊ ആയിരുന്നു.

പ്രധാന നഗരികൾ.ഹിറാത്തും കാബൂലും ബാമിയാനും പെശവാരും ജ്വലാമുഖിയും ഘസ്നിയും കണ്ടഹാറും ആകുന്നു.

മലകൾ.—൦രം പ്രദേശം മിക്കതും പവ്തങ്ങളെ കൊണ്ട നിറ

ഞ്ഞിരിക്കുന്നു. അവയിൽ പ്രധാന പർവതങ്ങൾ ഇന്തുകൊഹ് എന്നോ ഇന്ത്യാ കൊക്കസസ്സ് എന്നോ പറയുന്നവയാകുന്നു.

ആറുകൾ—കാബൂലും ഹെൽമന്ദയും ഉത്ഭവിക്കുന്നു.

ക്ലൈമെട്ട്.—ഹിമം ദേശത്തെ വഹിയ പർവതങ്ങൾ ഉണ്ടാകകൊണ്ടും മറും ചില കാരണങ്ങളെ കൊണ്ടും ഓരോരൊ പ്രദേശങ്ങളിലെ ശീതോഷ്ണാദികൾ ഓരോരൊ വിധം ആകുന്നു. ചില ദിക്കുകളിൽ ഹിമം വളരെ ഉണ്ട മറ പ്രദേശങ്ങൾ ബഹു ഉഷ്ണമുള്ളവ ആകുന്നു.

ഉത്ഭവങ്ങൾ.—ഹിമ ദേശത്തിലെ പ്രധാന ധാന്യങ്ങൾ കോതമ്പും യവവും നെല്ലും ആകുന്നു. യൂറോപ്പിലും ആസിയായിലും ഉണ്ടാകുന്ന സസ്യാദികൾ പോലെ ഒക്കെയും ഇവിടെയും ഉണ്ടാകുന്നു. വിശേഷിച്ച പടിക്കാരവും വെടിയുപ്പും ഗന്ധകവും അഞ്ജനക്കല്ലും ഇരിമ്പും ചെമ്പും പൊന്നും അവിടെ കണ്ടെത്തപ്പെട്ടിരിക്കുന്നു. ആന ഒഴികെ ഇന്ത്യായിലുള്ള മൃഗജാതികൾ എല്ലാം അവിടെ ഉണ്ട നഷ്ടായും കല്ലുരിയും പെക്ഷവാ എന്ന ദിക്കിന്ന അടുക്കൽ കണ്ടെത്തപ്പെട്ടിരിക്കുന്നു. ഹിമ സ്ഥലത്ത പട്ടണൂൽ ഉണ്ടാക്കുന്ന പുഴുക്കളെയും വളർത്തി സൂക്ഷിച്ചവരുന്നു.

മതം.—അഫ്ഘാൻകാർ മഹമ്മദകാർ ആകുന്നു. എന്നാൽ ഇന്ത്യായിൽനിന്നും പാർസിയായിൽനിന്നും ചില ജനങ്ങൾ ഇവിടെ വന്ന പാർക്കുന്നു.

വിശേഷാദികൾ.—അഫ്ഘാൻകാരെ ഇന്ത്യായിലുള്ളവർ സാമാന്യമായിട്ട പട്ടാണികൾ എന്നും ദെല്ലിയുടെ സംസ്ഥാനത്തുള്ളവർ രോഹില്ലക്കാർ എന്നും പേർ പറഞ്ഞ വരുന്നു. അഫ്ഘാൻകാർ മഹാ ശൌര്യവാന്മാരും പലപ്പോഴും പാർസിയയെയും ഇന്ത്യായിൽ ചില ഭാഗങ്ങളെയും ജയിച്ചിരുന്നവരും ആകുന്നു. എന്നാൽ അവരുടെ പ്രമാണികൾ പലർ ആകയാൽ തമ്മിൽ തമ്മിൽ ശണ്ഠ ഹേതുവായിട്ട ആ രാജ്യം ഏറവും ക്ഷീണിച്ച പോയിരിക്കുന്നു. അവക്ക എല്ലാവക്കും കൂടി ഒരു മഹാ രാജാവില്ല. എന്നാൽ ഓരോ ദിക്കിന്ന പ്രത്യേകം ചട്ടവും അധിപതിയുമുള്ളതാകയാൽ പല പല ഭാഗമായിട്ട വിഭജിച്ചിരിക്കുന്നു.

ബെലൂചിസ്ഥാൻ എന്ന ദേശത്തെ കുറിച്ച.

അതിരുകൾ.—ബെലൂചിസ്ഥാന്റെ വടക്കെ ഭാഗം അഫ്ഘാനിസ്ഥാനാലും കിഴക്കെ ഭാഗം സിന്ധിൽനിന്ന അതിനെ വേർതിരിക്കുന്ന ബ്രഹോഹി പർവതങ്ങളാലും തെക്കെ ഭാഗം ഇന്ത്യാ സമുദ്രത്താലും പടിഞ്ഞാറെ ഭാഗം പാർസിയായാലും അതൃത്തിയാക്കപ്പെട്ടിരിക്കുന്നു.

പ്രധാന നഗരികൾ.—സറവാനും ക്വൊവലും കെലാത്തും ആകുന്നു. എന്നാൽ കെലാത്തും ബെലൂചിസ്ഥാന്റെ തലസ്ഥാനം ആകുന്നു.

ക്ലൈമെട്ട.—ഹിമ ദേശം പർവതങ്ങളെ കൊണ്ട നിറഞ്ഞിരിക്കുന്നതാകയാൽ ശീതകാലത്ത അധികമായ തണുപ്പും ഏറവും വളരെ ഹിമവും ഉള്ളതാകുന്നു.

ഉത്ഭവങ്ങൾ.—ഈ ദേശത്തിലെ വിളവുകൾ അപ്പ്ലാനിസ്ഥാനിലുള്ളവ എന്ന പോല തന്നെ ആകുന്നു.

മതം.—ഈ ദേശത്തിലെ കുടിയാന്മാർ മിക്കവരും മഹമ്മദകാർ ആകുന്നു.

വിശേഷാദികൾ.—ഇതിന്റെ അധിപതിക്ക പേർ കാൻ എന്ന ആകയാൽ ജനങ്ങൾ അവനെ സാമാന്യമായിട്ട കെലാററിലെ കാൻ എന്ന വിളിച്ചവരുന്നു. ഈ ദേശം മഹമ്മദകാർ ജയിക്കുന്നതിന്ന മുമ്പെ ഇന്ദുക്കാരുടെ ആധീനത്തിലായിരുന്നു. അതിനാൽ അവിടെ ഇപ്പോഴും വളരെ ഇന്ദുക്കാർ പാൎത്ത വരുന്നു.

ഇന്ദ്യാ എന്ന ദേശത്തെ കുറിച്ച.

അതിരുകൾ.—ഇന്ദ്യാ ആസിയായുടെ തെക്കെ ഭാഗം ആകുന്നു. എന്നാൽ അതിന്റെ വടക്ക ഭാഗം ഹിമാലയ പൎവ്വതങ്ങളാലും കിഴക്ക ഭാഗം ബൃത്താൻ എന്നും ആസ്സാം എന്നും ബൂൎമ്മാ എന്നും അറാക്കാൻ എന്നുമുള്ള ദേശങ്ങളാലും ബെങ്കാൾ ഉൾക്കടലിനാലും തെക്കെ ഭാഗം ഇന്ദ്യാസമുദ്രത്താലും പടിഞ്ഞാറെ ഭാഗം * അറാബിയ കടലിനാലും ബെലൂചിസ്ഥാനിൽനിന്നും അപ്പ്ലാനിസ്ഥാനിൽനിന്നും ഇന്ദ്യായെ വേൎതിരിക്കുന്ന ഇന്ദസ്സ എന്ന ആററിനാലും അതൃത്തിയാക്കപ്പെട്ടിരിക്കുന്നു.

പ്രധാന അംശങ്ങൾ.—വടക്കെ ഇന്ദുസ്ഥാൻ എന്നും സാക്ഷാൽ ഇന്ദുസ്ഥാൻ എന്നും ഡെക്കൻ എന്നും തെക്കെ ഇന്ദ്യാ എന്നും ഇങ്ങിനെ നാലായിട്ട ആകുന്നു. വടക്കെ ഇന്ദുസ്ഥാൻ എന്നത, ഹിമാലയ പൎവ്വതങ്ങളുടെ തെക്കെ ഭാഗത്ത കിഴക്ക പടിഞ്ഞാറ നീളത്തിലുള്ള ദേശങ്ങൾ ആകുന്നു.

ഇതിന്റെ പ്രധാന ഭാഗങ്ങളുടെ പേരുകൾ കാശ്മീർ എന്നും സെൎമൂർ എന്നും ഗുൎവാൽ അല്ലെങ്കിൽ ശ്രീനാഗർ എന്നും കുമാവൊൻ എന്നും നെപ്പാളം എന്നും ആകുന്നു.

സാക്ഷാൽ ഇന്ദുസ്ഥാൻ എന്നത, വടക്കെ ഇന്ദുസ്ഥാന്റെയും നൎബുദ എന്ന ആററിന്റെയും ഇടയിലുള്ള ദേശം ആകുന്നു. അത എന്തെന്നാൽ നൎബുദ എന്ന ആറും നൎബുദ പുറപ്പെടുന്ന ദിക്കിൽനിന്നും ഹ്രഗ്ലി എന്ന ആറ കടലിൽ വീഴുന്നിടത്തോളം കിഴക്കോട്ട മേൽ പറഞ്ഞ ഇന്ദുസ്ഥാന്റെ തെക്കെ അതൃത്തിയാകുന്നു. ഇതിന്റെ പ്രധാന ഭാഗങ്ങളുടെ പേരുകൾ ലഹോർ അല്ലെങ്കിൽ പഞ്ചാബ എന്നും ദെല്ഹി എന്നും അയൊധ്യ എന്നും ബാഹാർ എന്നും ബെങ്കാൾ എന്നും മൂൽതാൻ എന്നും അജ്മീർ എന്നും അല്ലെങ്കിൽ രാജ്പൂത്തനാ എന്നും അഗ്രാ എന്നും അള്ളഹ

---

* അറാബിയ കടൽ എന്ന പറഞ്ഞത അറാബിയയ്ക്കും ഇന്ദ്യായുടെ പടിഞ്ഞാറെ ഭാഗത്തിന്നും മദ്ധ്യത്തിങ്കലുള്ള കടൽ ആകുന്നു. ബെങ്കാൾ എന്ന പറഞ്ഞ ഉൾക്കടൽ ഇന്ദ്യായുടെ കിഴക്ക ഭാഗത്തിന്നും ബൂൎമ്മാ എന്നും സീയാം എന്നുമുള്ള രാജ്യങ്ങൾക്കും മദ്ധ്യേ ഉള്ള കടൽ ആകുന്നു. എന്നാൽ ഈ കടലുകൾ രണ്ടും ഇന്ദ്യാ പെരുങ്കടലിന്റെ ഒരു ഭാഗം തന്നെ ആകുന്നു.

ബാദ എന്നും സിന്ധ എന്നും കച്ച എന്നും ഗുജറാത്ത എന്നും മാൽവാ എന്നും ആകുന്നു.

ഡെക്കൻ എന്ന പറഞ്ഞത, വടക്ക വശത്ത സാക്ഷാൽ ഇന്ദുസ്ഥാൻ എന്നും തെക്ക വശത്ത തുംഭദ്ര എന്നും തുംബുദ്ര എന്നും കൃഷ്ണാ എന്നും ഗൻണ്ടിഗാമാ എന്നും ഉള്ള ആറുകൾക്കും മദ്ധ്യത്തിലുള്ള ദേശം ആകുന്നു. അത കാൻഡെഷ എന്നും ഗന്ധാന എന്നും ഓറിസാ എന്നും ബെറാർ എന്നും ഔറങ്ങബാദ എന്നും ബെദർ എന്നും ഹൈദ്രബാദ എന്നും വടക്കെ സർക്കാസ് എന്നും ബെജപൂർ എന്നുമുള്ള സംസ്ഥാനങ്ങളായിട്ട വിഭജിക്കപ്പെട്ടിരിക്കുന്നു.

തെക്കെ ഇന്ദ്യാഎന്നത, ഡെക്കന്റെ തക്കോട്ടുള്ള ഇന്ദ്യായുടെ ദേശം മുക്കയും ആകുന്നു. അതിന്റെ പ്രധാന സംസ്ഥാനങ്ങൾ ദ്രാബ എന്നും സീദ്ദിദ ഭിക്കുകൾ എന്നും വടക്കെ കാർനാററിക്ക എന്നും കനറാ എന്നും മൈസൂർ എന്നും ബറമഹാൽ എന്നും നടുവിലത്തെ കാർനാററിക്ക എന്നും കൂടഗ എന്നും സേലം എന്നും മലബാർ എന്നും കോയംബത്തൂർ എന്നും തിരുവിതാംകോട എന്നും തെക്കെ കാർനാററിക്ക എന്നുമുള്ളവ ആകുന്നു.

ഇന്ദുസ്ഥാന്റെ പടിഞ്ഞാറെ വശത്ത ബൊംബെയിൽ തുടങ്ങി കന്യാകുമാരിവരെയുള്ള കടൽ തീരത്തെ യൂറോപ്പകാർ മലബാർ തീരം എന്നും കിഴക്കെ വശത്തെ തീരത്തെ കൊറൊമണ്ടൽ തീരം എന്നും പേർ പറഞ്ഞുവരുന്നു.

പ്രധാന ആറുകൾ.—അവയിൽ പ്രമാണപ്പെട്ടവ ഒന്നാമത്തേത ഇന്ദസ്സ എന്ന ആകുന്നു. ഇന്ദ്യാക്കാർ അതിനെ സിന്ധു എന്നും മഹമ്മദ എഴുത്തുകാർ ഹിന്ദ എന്നും പേർ വിളിച്ചുവരുന്നു. ൦൦൦ ആറ ഹിമാലയ പവ്തങ്ങളിൽനിന്ന പുറപ്പെട്ടുകയും കാശ്മീരിന്റെയും ലഹോറിന്റെയും മൽതാന്റെയും വശത്ത ക്രൂടെ ഒഴുകുകയും തെക്കോട്ടസിന്ധിയിൽ ക്രൂടെ ഒഴുകുകയും അറാബിയകടലിൽ വീഴുകയും ചെയ്യുന്നു. ൦൦൦ ആറ ഏകദേശം ൧൭൦൦ നാഴിക നീളമുള്ളതും ലഹോരിലോളം കപ്പലുകൾ സഞ്ചരിപ്പാൻ തക്കവണ്ണം അത്ര വലിയതും ആകുന്നു.

൨ ഗ്രേക്ക എഴുത്തുകാർ ഹയിസിദ്രസ എന്ന പറഞ്ഞിരുന്ന സത്തുജ എന്ന പേരുള്ള ആറ ഹിമാലയ പവ്തങ്ങളുടെ വടക്കവശത്തനിന്ന പുറപ്പെട്ട ലഹോറിന്റെ കിഴക്ക വശത്ത ക്രൂടെ ഒഴുകി മൽതാനിൽ ചെന്ന ചെനബ എന്ന ആറിൽ വീഴുകയും ചെയ്യുന്നു. അത ഏകദേശം ൪൦൦ നാഴിക നീളമുള്ളതും ആകുന്നു.

൩ യമുനാ എന്ന ആറ ഗംഗയുടെ പടിഞ്ഞാറെ വശത്തിന്റെ അടുക്കൽ ഹിമാലയ പവ്തങ്ങളിൽനിന്ന പുറപ്പെട്ട ഗ്രുവാലിന്റെയും ഡെല്ലിയുടെയും അഗ്രായുടെയും സംസ്ഥാനങ്ങളിൽ ക്രൂടെ ഒഴുകി അള്ള ഹബാദിൽ ചെന്ന ഗംഗയിൽ വീഴുന്നു. അത ഏകദേശം നീളത്തിൽ ൭൦൦ നാഴികയോളം ഉള്ളത ആകുന്നു.

൪ ഗംഗ എന്ന ആറ ഹിമാലയ പവ്തങ്ങളുടെ തെക്കവശത്തിൽനിന്ന പുറപ്പെട്ട ഹട്ട്വാറിന്റെ അരികെ ഡെല്ലിയുടെ സംസ്ഥാനത്തിൽ പ്രവേശിച്ച അഗ്രായിലും അയൊധ്യയിലും അള്ളഹബാദിലും ബാഹാറിലും ബെങ്കാളിലും ക്രൂടെ ഒഴുകി ബെങ്കാൾ എന്ന ഉൾക്കടലിൽ വീഴുകയും ചെയ്യുന്നു. ഗംഗ ബെങ്കാൾ ഉൾക്കടലിൽ എത്തുന്നതിന്ന മുമ്പെ പല കൈവഴിയായി ഭിന്നിച്ചിരിക്കുന്നു. അവയിൽ പടിഞ്ഞാറുള്ള രണ്ട

കൈവഴികൾ ഒന്നിച്ച ക്രൂടി ഗ്രൂറ്റി എന്ന പേരുള്ള ഒര ആറായി തീ ന്ന ബെങ്കാൾ ഉൾക്കടലിലേക്ക വീഴുകയും ചെയ്യുന്നു. ൦൦൦ ആറ ഒഴുകു ന്ന വളഞ്ഞ വഴിയെ അളന്നാൽ ഏകദേശം ൧൭൦൦ നാഴിക നീളം ഉണ്ട.

൪ ബ്രഹ്മപുത്ര എന്ന ആറ ഇന്ത്യായിലുള്ള ആറകളിൽ വച്ച ഏററ വും വലിയ ആറാകുന്നു. അത ഹ മാലയ പവ്തങ്ങളുടെ വടക്ക വശ ത്തുനിന്ന പുറപ്പെട്ട തിബ്ബെത്ത എന്ന ദേശത്തിൽ ക്രൂടെ ഒഴുകി തി ബ്ബെത്തിനെ ആസ്സാമിൽനിന്ന വേർതിരിക്കുന്ന പവ്തങ്ങളെ ഛുറിയി രിക്കുന്നു. അത പിന്നെ പടിഞ്ഞാറോട്ട തിരിഞ്ഞ ആസ്സാമിൽ കേറി ഒ ഴുകി രംഗമത്തിയുടെ അരികെയുള്ള ബെങ്കാൾ സംസ്ഥാനത്തിലേക്ക പ്ര വേശിച്ച ബെങ്കാൾ എന്ന ഉൾക്കടലിന്റെ അരികെ വച്ച ഗംഗയോട ചേരുന്നു. ൦൦൦ ആറ ഒഴുകുന്ന വളഞ്ഞ വഴിയെ അളന്നാൽ ഏകദേ ശം ൧൩൦൦ നാഴിക നീളം ഉണ്ട.

ക്രിസ്തുവിന്റെ കാലത്തിന്ന പിമ്പ (൯൭൨) ആണ്ടിൽ ൦൦൦ ആറ ബെക്കർ ഗംഗ എന്ന പ്രദേശത്തിൽ വക്ക കവിഞ്ഞ ഒഴുകി വെള്ളത്തി ന്റെ കലശൽ കൊണ്ട (൯൭൦൦) ജനങ്ങളെ നശിപ്പിക്കുകയും ചെയ്തു.

൯ നബ്ദ എന്ന ആറ ഗ്രന്ഥാന സംസ്ഥാനത്തിൽനിന്ന പുറപ്പെട്ട ന്നു. അത മാൽവായുടെയും കാൻഡെഷിന്റെയും മദ്ധ്യേ ക്രൂടെ ഗുജെ റാത്തിൽ ചെന്ന ഖാറോ ആകിന്ന അരികെയുള്ള കടലിൽ വീഴുകയും ചെയ്യുന്നു. ൦൦൦ ആറിന്റെ വളവുകൾ ഉൾപ്പടെ ഏകദേശം ൭൪൦ നാഴിക നീളം ഉണ്ട.

൭ ഇപ്പി എന്ന ആറ ബെരാറിന്റെ വടക്ക പവ്തങ്ങളിൽനിന്ന പു റപ്പെട്ടന്നു. അത കാൻഡെഷും ഗുജെറാത്തും എന്ന സംസ്ഥാനങ്ങളിൽ ക്രൂടി പടിഞ്ഞാറോട്ട ഒഴുകി ഏകദേശം ൪൦൦ നാഴിക നീളമായിട്ട സൂ റാത്തിന്ന അരികെയുള്ള കടലിൽ വീഴുന്നു.

൮ മഹാ നദി എന്ന ആറ, കൈറാഗരി സമീപെ ഗ്രന്ഥാന സം സ്ഥാനത്തിൽനിന്ന പുറപ്പെട്ടന്നു. അത ഗ്രന്ഥാനായിലും ഓറീസായിലും ക്രൂടി കിഴക്കോട്ട ൪൫൦ നാഴിക നീളത്തിൽ വളഞ്ഞ വഴിയായിട്ട ഒഴു കി കട്ടാക്ക എന്ന ദേശത്തിൽ വച്ച ബെങ്കാൾ എന്ന ഉൾക്കടലിൽ വീ ഴുകയും ചെയ്യുന്നു. ൦൦൦ ആറിൽനിന്ന വിശേഷമായുള്ള വൈരക്കല്ലുക ൾ എടുത്ത വരുന്നു.

൯ ഗോധാവരി എന്ന ആറ ബൊംബെയിൽനിന്ന ഏകദേശം ൭൦ നാഴിക വടക്ക കിഴക്കുള്ള പടിഞ്ഞാറെ മലകൾ എന്നവയിൽനിന്ന പു റപ്പെട്ടന്നു. അത ഔറങ്ങബാദ എന്നും ബെരാർ എന്നുമുള്ള സംസ്ഥാ നങ്ങളിൽ ക്രൂടി കിഴക്കോട്ട ഒഴുകി തെക്ക മാറി അത വേർതിരിക്കുന്ന ഗ്രന്ഥാനയും ഹൈദ്രബാദും ആകുന്ന സംസ്ഥാനങ്ങളുടെ മദ്ധ്യത്തി ൽകൂടി ഒഴുകി വടക്കെ സക്കാസിൽ ക്രൂടി ചെന്ന ബെങ്കാൾ എന്ന ഉൾക്കടലിലേക്ക വീഴുകയും ചെയ്യുന്നു. ൦൦൦ ആറിന്റെ വളഞ്ഞ വഴിക ൾ ഉൾപ്പടെ ഏകദേശം ൭൦൦ നാഴിക നീളം ഉണ്ട.

൧൦ കൃഷ്ണാ എന്ന ആറ, പടിഞ്ഞാറെ മലകളുടെ സമീപത്തനിന്ന ഉണ്ടായിട്ട ബെരാറിന്റെ തെക്കെ വശത്ത ക്രൂടി ഒഴുകി ഹൈദ്രബാദി ലും വടക്കെ സക്കാസിൽ ക്രൂടിയും ഒഴുകി ബെങ്കാൾ എന്ന ഉൾക്കടലി ൽ വീഴുകയും ചെയ്യുന്നതാകുന്നു. ൦൦൦ ആറിന്റെ വളവുകൾ ഉൾപ്പ ടെ ഏകദേശം ൭൦൦ നാഴിക നീളം ഉണ്ട.

൧൧ തുംബുദ്രാ എന്ന ആറ തുംഗ എന്നും ബുദ്രാ എന്നും പേരുള്ള രണ്ട ആറുകൾ തമ്മിൽ കൂടുന്നതിനാൽ ഉണ്ടാകുന്നു.

തുംഗ എന്ന ആറ ബദ്ദനൊറിന തെക്കെ വശത്ത പടിഞ്ഞാറെ മലകളിൽനിന്ന പുറപ്പെടുന്നു.

ബുദ്രാ എന്ന ആറ മംഗലൂറിന നേരെയുള്ള പടിഞ്ഞാറെ മലകളുടെ കിഴക്കുള്ള ബാബാഭൂദൻ മലകൾ എന്ന വിളിക്കപ്പെടുന്നവയിൽനിന്ന പുറപ്പെടുന്നു. ൦൦ ആറുകൾ രണ്ടും മൈസൂർ സംസ്ഥാനത്തിലുള്ള ഹ്രൂലി ഊനൂറിന സമീപെ കൂറിലിയിൽ വച്ച തമ്മിൽ ഒന്നിച്ച കൂടി തുംബുദ്രാ എന്ന ചൊല്ലുന്ന ആറായി തീരുന്നു. ഇവിടെനിന്ന തുംബുദ്രാ വടക്കോട്ടും വടക്ക കിഴക്കോട്ടും വളഞ്ഞ ഒഴുകി കുർനൂലിന കുറെ അപ്പുറത്ത വച്ച കൃഷ്ണായിൽ വീഴുകയും ചെയ്യുന്നു.

൧൨. പെണ്ണാർ എന്ന ആറ മൈസൂർ സംസ്ഥാനത്തിലുള്ള മലകളിൽനിന്ന പുറപ്പെട്ട വടക്കേതും നടുവിലേതുമായ കാർനാററിക്കിന്ന മദ്ധ്യത്തിൽ കൂടി ഒഴുകി ബെങ്കാൾ എന്ന ഉൾക്കടലിൽ വീഴുകയും ചെയ്യുന്നു.

൧൩. പാലാർ എന്ന ആറ പെണ്ണാറിന അരികെയുള്ള മലകളിൽനിന്ന പുറപ്പെട്ട തെക്കോട്ട മൈസൂറിലും നടുവിലത്തെ കാർനാററിക്കിലും കൂടി ഒഴുകി ബെങ്കാൾ ഉൾക്കടലിൽ വീഴുന്നു.

൧൪. കാബെരീസ എന്ന വിളിക്കപ്പെട്ട കാവെരീ. കുടഗിന്റെ പടിഞ്ഞാറെ മലകളിൽനിന്ന പുറപ്പെട്ട സേലത്തിനും, കോയംബത്തൂറിനും മദ്ധ്യെ കൂടി തെക്കെ കാർനാററിക്കിലോട്ട ഒഴുകുന്നു.

ത്രിച്ചിനാപ്പള്ളിൽ വച്ച അത രണ്ട കൈവഴികളായിട്ട പിരിയുന്നു. അതിൽ കൊളെരൂൻ എന്ന പേരുള്ള വടക്കെ കൈവഴി ദേവിക്കോട്ടയിൽ വച്ച ബെങ്കാൾ ഉൾക്കടലിൽ വീഴുന്നു. കാവെരീ എന്ന തന്നെയുള്ള തെക്കെ കൈവഴി തഞ്ചൂരിൽ കൂടി പല കൈവഴികളായിട്ട ബെങ്കാൾ ഉൾക്കടലിൽ വീഴുന്നു. ൦൦ ആററിന്റെ വളവുകൾ ഉൾപ്പടെ ഏകദേശം ൯൭൦ നാഴിക നീളം ഉണ്ട.

പൎവ്വതങ്ങൾ.—ഇന്ദുസ്താനിൽ തുലോം കീൎത്തിപ്പെട്ട പൎവ്വതങ്ങൾ താഴെ പറയുന്നവ ആകുന്നു.

(൧മത.) ഹിമാലയ പൎവ്വതനിര ആകുന്നു. അതിലുള്ള ചില പൎവ്വതങ്ങൾ ലോകത്തിൽ മഹാ ഉയരമുള്ളവയും അവയിൽ ഒരു പൎവ്വതം ൨൭൦൦൦ അടി പൊക്കമുള്ളതും ആകുന്നു. ഹിമാലയ പൎവ്വതനിര ഇന്ദ്യായുടെ വടക്കെ വശത്ത ആകുന്നു. തിബെത്തിൽനിന്ന ഇന്ദ്യായെ വേർതിരിക്കയും ചെയ്യുന്നു.

൨. കുമാവൊന്റെയും ഗുൎവ്വാലിന്റെയും മദ്ധ്യത്തിങ്കലുള്ള കുമാവൊൻ പൎവ്വതങ്ങൾ.

൩. ഗുൎവ്വാലിൽനിന്ന ദെല്ഹിയെ വേർതിരിക്കുന്ന സിവാലിക്ക പൎവ്വതങ്ങൾ.

൪. നൎബുദയുടെ വടക്കെ വശത്ത നീളത്തിൽ ബാഹാറിലും അള്ള ഹബാദിലും മാൽവായിലും കൂടെ ഏകദേശം ഇന്ദുസ്താന്റെ പടിഞ്ഞാറെ തീരത്തോളം കിടക്കുന്ന വിന്ധ്യ പൎവ്വതങ്ങൾ.

൫. തുപ്ലി എന്ന ആറുമുതൽ കന്യാകുമാരിവരെയുള്ള പടിഞ്ഞാറെ പൎവ്വതങ്ങൾ അല്ലെങ്കിൽ പടിഞ്ഞാറെ ഗാഥകൾ. അവയിൽ തുലോം പൊ

ക്കമുള്ള ഭാഗത്തിന്ന കടൽ നിരപ്പിൽനിന്ന മേല്പോട്ട ൩൦൦൦ അടി ഉയരം ഉണ്ട.

൩. കൃഷ്ണാ എന്ന ആറു തുടങ്ങി കാവെരീവരെയുള്ള കിഴക്കെ മലകൾ അല്ലെങ്കിൽ കിഴക്കെ ഗാഥകൾ. അവയിൽ തുലോം പൊക്കമുള്ളതിന്ന ൩൦൦൦ അടി ഉയരം ഉണ്ട.

൭. നീലഗിരി പൎവ്വതങ്ങൾ എന്നവ കോയംബത്ത്രൂർ സംസ്ഥാനത്തിൽ കൂടി കിഴക്കെതും പടിഞ്ഞാറെതുമായ പൎവ്വതങ്ങളെ കൂട്ടിചേൎക്കുന്നവയാകുന്നു. അവയിൽ തുലോം പൊക്കമുള്ള ഭാഗത്തിന്ന കടൽ സമംമുതൽ വ്വവ്വം അടി ഉയരം ഉണ്ട.

ഉത്ഭവങ്ങൾ.—ഇന്ദ്യായിൽ വളരെ വനങ്ങൾ ഉണ്ട പടിഞ്ഞാറെ മലകളിൽ വൃക്ഷങ്ങൾ അധികം ഉയരത്തിൽ വളരുന്നു. അവയിൽ തേക്കുകളത്രേ പ്രത്യേകമായ ട്ട വളരുന്നത. ഇന്ദ്യായിൽ പലതരം വൃക്ഷങ്ങളുള്ളവയിൽ ഏറയും തേക്കും പേരാലും തെങ്ങും പനയും മുളയും ആകുന്നു. അവിടത്തെ പ്രധാന ഫലങ്ങൾ വാഴപ്പഴവും മാങ്ങായും ജോനകനാരെങ്ങായും പേരെയ്ക്കായും ആകുന്നു. അവിടത്തെ പ്രധാന ധാന്യം നെല്ലാകുന്നു.

ഇന്ദ്യായിലുള്ള കാട്ടുമൃഗങ്ങളിൽ പ്രധാനമായിട്ടുള്ളവ ആനകളും കാണ്ഡാമൃഗങ്ങളും കടുവായും കരടിയും പുള്ളിപ്പുലികളും വള്ളിപ്പുലികളും പുള്ളിമാനും ഹൈനാകളും ചെന്നായ്ക്കളും കന്നുകളും കടമാനും പന്നികളും പലതരമായുള്ള കലകളും കുരങ്ങുകളും കരിമന്തികളും നരികളും കുറുനരികളും ആകുന്നു. അവിടത്തെ ഇണക്കമുള്ള മൃഗങ്ങൾ ഒട്ടകങ്ങളും കുതിരകളും കഴുതകളും കാളകളും ആടുകളും കോലാടുകളും തുടങ്ങിയുള്ളവ ആകുന്നു. അവിടെ പലതരം പറവകളുള്ളവയിൽ പ്രധാനമായിട്ടുവ മയിൽകളും കഴുകനും കാക്കകളും പരുന്തുകളും ആകുന്നു.

ഇന്ദ്യായിൽ പലതരം ഇഴഞ്ഞുനടക്കുന്ന ജീവജന്തുക്കൾ ഉണ്ട. അവയിൽ പെരുമ്പാമ്പും മുതലയും എത്രയും കടുപ്പമുള്ളവ ആകുന്നു.

ഇന്ദ്യായിലെ ധാതുദ്രവ്യങ്ങൾ സ്വൎണ്ണവും ചെമ്പും ഇരിമ്പും ൦രംയവും വൈരക്കല്ലും മററ വില ഏറിയ കല്ലുകളും ആകുന്നു. അവിൽ സ്വൎണ്ണത്തെ ചില ആറുകളിൽനിന്ന എടുത്തുവരുന്നുണ്ട അപ്രകാരം മററ സ്ഥലങ്ങളിൽനിന്ന ചെമ്പുമുതലായവയെയും എടുത്തുവരുന്നു.

ക്ലൈമെട്ട.—ഇന്ദ്യാ സമുദ്രത്തിന്റെ നിരപ്പുമുതൽ ഹിമാലയന്റെ കൊടുമുടി വരെ പലവിധമായിട്ട ഉയര ഭേദമുള്ളതായിരിക്കയാൽ അവിടവിടെ ഉഷ്ണവും ശീതവും പലവിധമായിരിക്കുന്നു.

ചില ദേശങ്ങളിൽ മഴ എല്ലാ മാസങ്ങളിലും പതിവായിട്ട പെയ്യുവരുന്നു. എന്നാൽ ഇന്ദ്യായിൽ കാലവൎഷങ്ങളിൽ സാമാന്യമായിട്ടെ പെയ്യുന്നുള്ളു കാലവൎഷത്തിൽ ഇടിമിന്നലും പെരുങ്കാററും മഴയും മഹാ കടുപ്പമുള്ളതാകകൊണ്ട ആ സമയം മൊൻസൂൻ എന്ന പേർ പറഞ്ഞ വരുന്നു. മിഥുനമാസം മുതൽ തുലാമാസം വരെ കാററ തെക്ക പടിഞ്ഞാറിൽനിന്ന നടപ്പായി ഊതി ഇന്ദ്യാ സമുദ്രത്തിൽനിന്ന മലബാർ ദേശങ്ങളിലേക്ക മഴയെ വരുത്തി പെയ്യിക്കയും ചെയ്യുവരുന്നു. തുലാമാസത്തിലും വൃശ്ചികമാസത്തിലും കാററ വടക്കകിഴക്കിൽനിന്ന നടപ്പായി ഊതി ബെങ്കാൾ ഉൾക്കടലിൽനിന്ന ചോളമണ്ഡല ദേശങ്ങളിലേക്ക മഴയെ വരുത്തി പെയ്യിക്കയും ചെയ്യുവരുന്നു.

വടക്കെ ഇന്ദുസ്ഥാനിലെ പ്രധാന ദേശങ്ങളുടെ വിവരം.

൧. കാശ്മീർ എന്ന ദേശത്തെ കുറിച്ച.

അതിരുകൾ.—കാശ്മീരിന്റെ വടക്കും കിഴക്കും ഹിമാലയ പർവതങ്ങളാലും തെക്ക, ലഹോറിനാലും പടിഞ്ഞാറ, അപ്പ്ഗാനിസ്ഥാനിൽനിന്ന കാശ്മീരിനെ വേർതിരിക്കുന്ന ഇന്ദസ്സ എന്ന ആറിനാലും, അതുഞ്ഞിയാക്കപ്പെട്ടിരിക്കുന്നു.

പ്രധാന നഗരികൾ.—കാശ്മീർ എന്നും ഇസ്ലാമാബാദ എന്നും ആകുന്നു. കാശ്മീർ എന്ന പട്ടണത്തിന്റെ പണ്ടത്തെ പേർ ശ്രീനാഗർ എന്നായിരുന്നു. അത ഇപ്പോൾ ആ ദേശത്തിന്റെ തലസ്ഥാനവും ആകുന്നു.

ആറുകൾ.—കാശ്മീരിലെ പ്രധാന ആറ ജലം എന്ന പേരുള്ളതാകുന്നു. അത ആ ദേശത്തിൽ കൂടി കിഴക്കു പടിഞ്ഞാറായിട്ട ഒഴുകുകയും ചെയ്യുന്നു. ഇത കൂടാതെ അവിടെ വള്ളങ്ങൾ പോകത്തക്കവയായിട്ടും ദേശത്തെ മുഴുവനും നല്ലവണ്ണം നനെക്കുന്നതായുമുള്ള പല നീരൊഴുക്കുകളും തടാകങ്ങളും ഉണ്ട.

ദേശ രൂപം.—ഓരം ദേശം പർവതങ്ങൾ കൊണ്ട ചുറിയിരിക്കുന്ന മല പ്രദേശം ആകുന്നു. അതിന്റെ ഇരിപ്പിനെ കുറിച്ചും നിലയുക്തിയെ കുറിച്ചും ഏററവും നല്ലതെന്ന ആസിയായിൽ എല്ലാടവും കേൾവിപ്പെട്ടിരിക്കുന്നു. എന്നാൽ ഭൂകമ്പങ്ങൾ അവിടെ വളരെ ആകകൊണ്ട വീടുകൾ ഇളക്കികളയപ്പെടാതിരിക്കേണ്ടുന്നതിന്ന അവ മിക്കവയും മരം കൊണ്ട പണിയപ്പെട്ടിരിക്കുന്നു.

ഉത്ഭവങ്ങളും കൈവേലകളും.—നെല്ലും കോതമ്പും യവവും നല്ല മാതിരി മഞ്ഞളും യൂറോപ്പിലും ആസിയായിലും ഉണ്ടാകുന്ന പലതരമായ പഴങ്ങളും പൂക്കളും ഓരം ദേശത്തിൽ ഉണ്ടാകുന്നു. ചുറ്റുമുള്ള മലകളിൽ നല്ല ജാതി ഇരിമ്പ എടുപ്പുണ്ട. കാശ്മീർകാർ തിബെത്ത രാജ്യത്തിൽനിന്ന കൊണ്ടവരുന്ന ആട്ടിൻ രോമം കൊണ്ട വിശേഷപ്പെട്ട ശാലുവാകളെ ഉണ്ടാക്കുവാൻ സാമർത്ഥ്യമുള്ളവരാകുന്നു. ഓരം സംസ്ഥാനം സീക്കകാരുടെ അധികാരത്തിൻ കീഴിൽ ഇരിക്കുന്നു.

മതം.—കാശ്മീരിലെ പ്രധാന മതം മഹമ്മദ മതം ആകുന്നു എങ്കിലും അനേകം ഇന്ദുമതക്കാർ അവിടെ പാർക്കുന്നു. ഓരം ദേശം മുഴുവനും ശുദ്ധമുള്ള ദേശം ആകുന്നു. എന്ന അവർ ഇന്നവരെയും വിചാരിക്കയും ചെയ്യുന്നു.

൨. സെർമൂർ എന്ന ദേശത്തെ കുറിച്ച.

അതിരുകൾ.—സെർമൂറിന്റെ വടക്കഭാഗം ഹിമാലയ പർവതങ്ങളാലും കിഴക്കയമുനാ എന്ന ആറിനാലും തെക്കെല്ലി എന്ന ദേശത്താലും

പടിഞ്ഞാറ സത്തുജ എന്ന ആറിനാലും അതൃത്തിയാക്കപ്പെട്ടിരിക്കുന്നു.

പ്രധാന നഗരികൾ.—സിംലാ എന്നും സുബാതു എന്നും നാഹാൻ എന്നും പേരുള്ളവ ആകുന്നു.

ആറുകൾ.—സത്തുജ എന്നും പബർ എന്നും തൊൻസ് എന്നും യമുനാ എന്നും പേരുള്ളവ ആകുന്നു.

ദേശ രൂപം.—സെർമൂർ മലപ്രദേശം ആകുന്നു.

ഉത്ഭവങ്ങൾ.—നാഹാൻ എന്ന പട്ടണത്തിന്റെ അരികെയുള്ള ഭൂമിയിൽനിന്ന കല്ലുപ്പ് എടുത്തുവരുന്നുണ്ട്.

സെർമൂർ സ്വാതന്ത്ര്യമുള്ള രാജ്യം ആകുന്നു. അത ഒരു രാജാവിന്റെ അധികാരത്തിൻ കീഴിരിക്കുന്നു.

മതം.—സെർമൂർകാർ ഇന്ദുമതക്കാരാകുന്നു.

൨. ഗ്വാൽ എന്ന ദേശത്തെ കുറിച്ച.

അതിരുകൾ.—ഗ്വാലിന്റെ വടക്ക ഭാഗം ഹിമാലയ പർവതങ്ങളാലും കിഴക്ക കുമാവൊനാലും തെക്ക ദെല്ലിയാലും പടിഞ്ഞാറ യമുനാ എന്ന ആറിനാലും അതൃത്തിയാക്കപ്പെട്ടിരിക്കുന്നു.

പ്രധാന നഗരികൾ.—ഗ്വാലിലെ പ്രധാന നഗരിഖാറഹാട്ട എന്ന ആകുന്നു. അതിന്റെ പണ്ടത്തെ പ്രധാന പട്ടണം ശ്രീനാഗർ എന്ന ആയിരുന്നു. ചിലർ ൦രം ദേശത്തിന്ന ഒക്കെക്കും കൂടി ശ്രീനാഗർ എന്ന പേർ പറയുന്നു.

പ്രധാന ആറുകൾ.—യമുനായും ഭാഗീരഥിയും അൽകനാണ്ടയും ആകുന്നു. ഭാഗീരഥി എന്നും അൽകനാണ്ട എന്നും പേരുള്ള രണ്ട ആറുകൾ ഹിമാലയ പർവതങ്ങളിൽനിന്ന പുറപ്പെട്ട തെക്ക പടിഞ്ഞാറായിട്ട ഒഴുകി ദേവപ്രയാഗ എന്ന സ്ഥലത്ത കൂടി ചേൻ ഗംഗ എന്ന നദിയെ ഉണ്ടാക്കുകയും ചെയ്യുന്നു.

ദേശ രൂപം.—ഗ്വാൽ എന്ന ദേശം കുന്നുകൾ കൊണ്ട നിറഞ്ഞിരിക്കുന്നു. ഇവയിൽ ചില കുന്നുകൾ വൃക്ഷാദികൾ കൊണ്ട മൂടിയിരിക്കുന്നു. ചില കുന്നുകൾ ഒന്നും ഉണ്ടാകാതവണ്ണം കല്ലുള്ളവയും ആകുന്നു.

ഉത്ഭവങ്ങൾ.—൦രം ദേശത്തിൽ കരുവേലക വൃക്ഷങ്ങളും തേവതാര വൃക്ഷങ്ങളും കൊണ്ട നിറഞ്ഞിരിക്കുന്നു അനേകം വനങ്ങളും ചെമ്പ എടുക്കുന്ന ഉരുക്കങ്ങളും ഉണ്ട.

കുടിയാന്മാർ ഏറെ ഇല്ല. ൦രം സംസ്ഥാനം സ്വാതന്ത്ര്യമുള്ള രാജ്യം ആകുന്നു. ഇത ഒരു രാജാവിന്റെ കീഴിൽ ഇരിക്കുന്നു.

മതം.—ഗ്വാൽക്കാർ ഇന്ദുമതക്കാർ ആകുന്നു.

൩. കുമാവൊൻ എന്ന ദേശത്തെ കുറിച്ച.

അതിരുകൾ.—കുമാവൊന്റെ വടക്ക ഭാഗം ഹിമാലയ പർവത

ങ്ങളാലും കിഴക്കു നെപ്പാളത്തിനാലും തെക്കു ബ്രെട്ടിയാലും പടിഞ്ഞാറു ഗ്വാലിനാലും അയൊധ്യയാക്കപ്പെട്ടിരിക്കുന്നു.

പ്രധാന നഗരികൾ.—അതിന്റെ പ്രധാന നഗരി അൽമൊറ എന്ന ആകുന്നു.

പ്രധാന ആറുകൾ.—കുമാവൊനിലെ ആറുകൾ, പടിഞ്ഞാറെ വശത്ത ഗംഗയും കിഴക്കു വശത്ത കാളിയും ആകുന്നു.

ദേശ രൂപം.—കുമാവൊൻ മലയുള്ള പ്രദേശം ആകുന്നു.

ഉത്ഭവങ്ങൾ.—ഇവിടെ വൃക്ഷാദികൾ പലതരമായിട്ട ഉണ്ട. പ്രധാന ധാന്യങ്ങൾ കോതമ്പും യവവും ആകുന്നു മലകളിൽ പൊന്ന ഉണ്ടെന്നും തോന്നുന്നു.

ഓരം സംസ്ഥാനം ഇംഗ്ലീഷ സർക്കാരുടെ അധികാരത്തിൻ കീഴിൽ ഇരിക്കുന്നു. കുടിയാന്മാർ ഏറ ഇല്ല താനും.

മതം.—കുമാവൊൻകാർ ഇന്തുമതക്കാർ ആകുന്നു.

൪. നെപ്പാളം എന്ന ദേശത്തെ കുറിച്ച.

അതിരുകൾ.—നെപ്പാളത്തിന്റെ വടക്ക ഭാഗം ഹിമാലയ പവതങ്ങളാലും കിഴക്കു സിഖിമിനാലും തെക്കു ബൈങ്കാളിനാലും ബാഹാറിനാലും അയൊധ്യയാലും പടിഞ്ഞാറു ബ്രെട്ടിയാലും കുമാവൊനാലും അയൊധ്യയാക്കപ്പെട്ടിരിക്കുന്നു.

പ്രധാന നഗരികൾ.—നെപ്പാളത്തിലെ പ്രധാന പട്ടണം ജെഷ്ടാ എന്ന ആകുന്നു. ഓരം സംസ്ഥാനത്തിലെ മറെറ നഗരികളുടെ പേരുകൾ മാലിബം എന്നും ഛൂക്കാ എന്നും കാഠ്മൻഡു എന്നും ലലിതപട്ടൻ എന്നും മുക്ത്വൻപൂർ എന്നും വീജാപൂർ എന്നും ആകുന്നു.

പ്രധാന ആറുകൾ.—ഓരം ദേശത്തിലെ ആറുകളുടെ പേരുകൾ കാളി എന്നും സരയൂർ എന്നും ഗണ്ഡക എന്നും ആകുന്നു. ഗണ്ഡക എന്ന ആറ ഹിമാലയ പവതങ്ങളിൽനിന്ന പുറപ്പെടുകയും പട്ന്നാ എന്ന നഗരത്തിന്റെ അടുക്കൽ ഗംഗയിൽ വീഴുകയും ചെയ്യുന്നു.

ദേശ രൂപം.—അയൊധ്യയുടെയും ബാഹാറിന്റെയും അതിരായും തുരിയാണി എന്ന പേരായുമിരിക്കുന്ന ഇതിന്റെ താഴത്തെ ഭാഗം നീളത്തിൽ ഒരുതാണ മൈതാന ഭൂമി ആകുന്നു. ഇതിന്നപ്പുറത്ത ഏകദേശം അതുയും വീതിയിൽ വടക്കോട്ട ക്രമത്തോലെ പൊക്കമുള്ള കുന്നുകളും മലയിടുക്കുകളും ഉണ്ട. വടക്കെ ഭാഗം ഹിമാലയൻ വരെക്കും എത്തുന്നവയായ ഉയൎന്ന പവതങ്ങളാകുന്നു. നെപ്പാളം എന്ന താഴ്വര പണ്ട വിസ്താരമുള്ള ഒരു തടാകം ആയിരുന്നു. എന്ന ഇന്തു പുരാണങ്ങളിൽ പറയപ്പെടുന്നു.

ഉത്ഭവങ്ങൾ.—പല തരമായ ധാന്യങ്ങളും സസ്യങ്ങളും വൃക്ഷങ്ങളും പഴങ്ങളും ഓരം നാട്ടിൽ ഉണ്ടാകുന്നു. ആനകൾ വളരെ ഉണ്ട. ഒരു മാതിരി വലിയ ആടുകൾ അവിടെ ഉണ്ട. അവയുടെ രോമം പെരുത്ത നല്ലതാനു. നല്ല ഇരിമ്പും ചെമ്പും ഓരംയവും ഓരം സംസ്ഥാനത്തിലെ മലകളിൽ കാണാനുണ്ട. എന്നാൽ എല്ലാ ലോഹങ്ങളും ഭൂമിയി

ൽനിന്ന എടുക്കുമ്പോൾ കല്ല മണ്ണ മുലായ വസ്തുക്കളോട കൂടിയിരിക്കയാൽ അവയെ വേർതിരിപ്പാനും ഉരുക്കുവാനും നെപ്പാളംകാൎക്ക വശം ഇല്ല.

മതം.—നെപ്പാളംകാരിൽ ചിലർ ഇന്ദുമതക്കാരും ചിലർ ബൌദ്ധമതക്കാരും മററ ചിലർ മഹമ്മതകാരും ആകുന്നു.

വിശേഷാദികൾ.—ഇന്ദുമതക്കാർ വന്ദിച്ചുവരുന്ന സാളഗ്രാമക്കല്ലുകൾ ഗണ്ഡക എന്ന ആറ പുറപ്പെടുന്നിടത്തനിന്ന എടുക്കുന്നത കൊണ്ട ആ ഭാഗത്തിന്ന സാളഗ്രാമീ എന്ന പേർ പറഞ്ഞ വരുന്നു.

ചോ. ഇന്ദുമതക്കാർ സാളഗ്രാമക്കല്ലുകളെ വന്ദിക്കുന്നത എന്തിന?

ഉ. ആ മാതിരികല്ലുകൾ എവിടെ എങ്കിലും ഏറിയ കാലമായിട്ട വെള്ളത്തിൽ കിടന്നാൽ പുഴുക്കൾ അവയെ കടിച്ച തുളെയ്ക്കും ബ്രാഹ്മണർ മുതലായ ആളുകൾ ൦രം മാതിരി തുളകളെ കുറിച്ച പറയുന്നത എന്തെന്നാൽ വിഷ്ണു തന്നെ ആ തുളകളെ ഉണ്ടാക്കി അവയിൽ ആവസിക്കുന്നു എന്നാകുന്നു. അന്ധതയുള്ള തുളയന്മാർ ആ കഥയെ വിശ്വസിക്കയും ചെയ്തുവരുന്നു. നെപ്പാളംകാർ ധാന്യം മുതലായവയെ ചെറിയ നെയ്പട്ടുകളിൽ കെട്ടി ചുമടാക്കി ആടുകളുടെയും കോലാടുകളുടെയും പുറത്ത വച്ച ആ നാട്ടിലെ മലകളിൽ കൂടി വലിയ കൂട്ടമായി നടത്തി ചുമപ്പിച്ചുവരുന്നു അവയെ ആട്ടിടയന്മാരും നായ്ക്കളും സൂക്ഷിക്കയും മണി കഴുത്തെൽ കെട്ടി ശീലിപ്പിച്ച മുട്ടാടുകൾ മുമ്പിൽ നടന്ന വഴി കാണിച്ച നടത്തിക്കയും ചെയ്തുവരുന്നു.

സാക്ഷാൽ ഇന്ദുസ്താനിലെ പ്രധാന ദേശങ്ങളുടെ വിവരം.

൧. ലഹോർ അല്ലെങ്കിൽ പഞ്ചാബ എന്ന ദേശത്തെ കുറിച്ച.

അതിരുകൾ.—ലഹോറിന്റെ വടക്ക ഭാഗം കാശ്മീറിനാലും കിഴക്ക സത്ലജ എന്ന ആററിനാലും തെക്ക മൂൽതാനാലും പടിഞ്ഞാറ ഇന്ദസ്സ എന്ന ആററിനാലും അതൃത്തിയാക്കപ്പെട്ടിരിക്കുന്നു.

പ്രധാന അംശങ്ങൾ.—ലഹോർ എന്ന ദേശം രണ്ടായിട്ട പകുക്കപ്പെട്ടിരിക്കുന്നു. അത ഏതേത എന്നാൽ കോഹിസ്താൻ മലപ്രദേശം എന്നും താണ പഞ്ചാബ എന്നും ആകുന്നു.

പ്രധാന നഗരികൾ.—ലഹോറിലെ പ്രധാന നഗരി ലഹോർ എന്ന തന്നെ പേരുള്ളതാകുന്നു. ഇത കൂടാതെ അത്തോക്ക എന്നും രാവുൽപിന്ദി എന്നും രോതാസ എന്നും കിഷ്ടാവാർ എന്നും അമ്രിതസർ എന്നുമുള്ള പട്ടണങ്ങൾ ൦രം ദേശത്തിൽ ഉണ്ട.

അത്തോക്ക എന്ന പട്ടണം ഇന്ദസ്സിന്റെ കിഴക്ക വശത്ത പണിയിക്കപ്പെട്ടിരിക്കുന്നു. മഹാനായ ആലക്സന്ത്രയോസും തൈമൂരും നെദർശായും ഇന്ദ്യായെ ജയിപ്പാനായിട്ട വന്നപ്പോൾ ൦രം സ്ഥലത്ത വച്ച ഇന്ദസ്സിനെ കടന്നവന്നു.

അമൃതസർ എന്ന പട്ടണം സീക്കുകാരുടെ ശുദ്ധമുള്ള പട്ടണം ആകുന്നു. അവരുടെ പ്രധാന ഗുരുവായ ഗോവിന്ദസിങ്ങിന്റെ പേക്ക ഒരു ക്ഷേത്രം അവിടെ പണിയിക്കപ്പെട്ടിരിക്കുന്നു. അവൻ എഴുതിയ ശാസ്ത്രം ആ ക്ഷേത്രത്തിൽ സൂക്ഷിക്കപ്പെട്ടിരിക്കുന്നു.

രോതാസ ഏറെറവും ബലമുള്ള കോട്ടയാകുന്നു. ഡെല്ലിയിലെ പട്ടാണി രാജാവ അതിനെ ഉണ്ടാക്കി. മഹമ്മദകാർ ഇന്ത്യായെ കീഴടക്കിയപ്പോൾ മേൽ പറഞ്ഞ സ്ഥലം താത്താരിയുടെയും ഇന്ത്യായുടെയും മദ്ധ്യേ അവക്ക പ്രധാനമായ ബലമുള്ള കോട്ടകളിൽ ഒന്നായിരുന്നതിനാൽ ഇന്ത്യായെ കുറിച്ച അവക്കുള്ള ആദ്യകഥയിൽ രോതാസ മഹാകേൾവിപ്പെട്ടതായിട്ട പറയപ്പെടുന്നു.

പ്രധാന ആറുകൾ.—ംരം ദേശത്തിലെ പ്രധാന ആറുകൾ ഇന്ദസ്സ എന്നും ജലം എന്നും ചെനബ എന്നും രവീ എന്നും ബെയാ എന്നും സത്ലുജ എന്നും ആകുന്നു.

ജലത്തെ ഹൈദസ്പിസ എന്നും ചെനബിനെ അകസിനസ്സ എന്നും രവീയെ ഹൈദ്രഓഡെസ എന്നും ബെയായെ ഹൈഫസിസ എന്നുമുള്ള പേരുകളായിട്ട യവനായ കഥകാർ പറയുന്നു.

ദേശർതുപവും ഉത്ഭവങ്ങളും.—കൊഹിസ്ഥാൻ എന്ന മല പ്രദേശം വൽകാലത്ത ബഹു ശീതമുള്ളതായും വേനൽ കാലത്ത ബഹു ഉഷ്ണമുള്ളതായുമിരിക്കുകൊണ്ട വൃക്ഷസസ്യാദികൾ മുതലായവ, നന്നായി ഉണ്ടാകയില്ല എങ്കിലും മലയിറക്കങ്ങളിൽ കോതമ്പും യവവും പയറുകളും ഉണ്ടാകയും ചെയ്യും.

താണ പഞ്ചാബ മൈതാന ഭൂമി ആകുന്നു. അതിൽ മേച്ചിൽ സ്ഥലങ്ങളും കൃഷിസ്ഥലങ്ങളും അനവധി ഉണ്ട. അവിടെ കോതമ്പും യവവും നെല്ലും വലുതരമായ പയറുകൾ മുതലായുള്ളവയും കരിമ്പും പുകയിലയും ഉണ്ടാകും ഒരു വിധത്തിൽ കൊള്ളാകുന്ന അനേകം കൃതിരകളെ ംരം ദേശത്ത വളർത്തുന്നു. ഇവിടത്തെ വൃക്ഷങ്ങളും കന്നുകളും വലിയവയും ബഹു ശക്തിയുള്ളവയും ആകുന്നു. വലസ്ഥലങ്ങളിൽനിന്നും ഇത്തപ്പ എടുക്കപ്പെടുന്നു.

മതം.—ംരം ദേശത്തിലെ കൂടിയാന്മാരിൽ ചിലർ ഇന്ദുമതക്കാരും ചിലർ മഹമ്മദകാരും ആകുന്നു. എന്നാൽ മിക്ക ആളുകളും സീക്ക മതക്കാരാകുന്നു. സീക്ക മതം എന്ന പയുന്നതു, ഗുരുനാണക്കുസാ എന്നവനാൽ ഇപ്പോൾ മുന്നൂറിചില്വാനം സംവത്സരമായിട്ട ഉണ്ടാക്കപ്പെട്ടതാകുന്നു. കാലക്രമം കൊണ്ട അതിൽ വ്യത്യാസം വന്നു. ഇപ്പോൾ നടക്കുന്ന സീക്ക മതം ഗുരു ഗോവിന്ദസിങ്ങ എന്ന ആചാര്യനാൽ സ്ഥാപിക്കപ്പെട്ടിരിക്കുന്നതാകുന്നു മേൽ പറഞ്ഞ ഗുരുക്കന്മാർ, ഇന്ദുമതം വക്കളായി പോയിരിക്കുന്നു എന്നും അതിനെ നന്നാകുന്നില്ലെങ്കിൽ ആത്മനാശം വരുമെന്നും വച്ച ഒരു ദൈവമെ ഉള്ള എന്നും ആ ദൈവം മനുക്ഷ്യജാതിയെ ഒരു പോലെ ഉണ്ടാക്കി എന്നും അതകൊണ്ട വലവല ദൈവങ്ങൾ ഉണ്ടെന്ന നിശ്ചയിച്ച ജാതിക്ക വ്യത്യാസം ഉണ്ടാക്കുന്നതതീരെ ന്യായമല്ലെന്ന അവർ പഠിപ്പിക്കയും ചെയ്യു. അങ്ങിനെ സീക്ക മതക്കാർ ജാതിവ്യത്യാസം ഇല്ല എങ്കിലും ഇന്ദുമതത്തോട ചേരുന്ന കർമ്മങ്ങളെയും ചടങ്ങളെയും അവരും ചെയ്യുവരുന്നു. ഗുരു ഗോവിന്ദസിങ്ങ അവന്റെ കൂട്ടത്തിലുള്ള സീക്ക മതക്കാരായ പുരുഷന്മാരെ എല്ലാവരെ

യും കടുപ്പവും ഭയങ്കരവുമായുള്ള ഭടന്മാരാകി തീർത്തു ഇവർ വളരെ ജാതിക്കാരെ ജയിച്ച പഞ്ചാബ രാജ്യത്തെ പിടിച്ച അതിൽ അവർ ശക്തിയും വലിപ്പവുമുള്ള ഒരു ജാതിയായി തീന്നു. എന്നാൽ അവർക്ക അഹമ്മതിപെരുത്ത ഇംഗ്ലീക്കകാരോട യുദ്ധം തുടങ്ങിയതിനാൽ അവർ തോറ്റപോയി. അവരുടെ രാജ്യമാകുന്ന പഞ്ചാബ ഇപ്പോൾ കമ്പനി രാജ്യമായി തീന്നിരിക്കുന്നു.

൬. ഡെല്ലി എന്ന ദേശത്തെ കുറിച്ച.

അതിരുകൾ.—ഡെല്ലിയുടെ വടക്ക ഭാഗം സെർമൂർ എന്നും ഗുഡാൽ എന്നും കുമാവൊൻ എന്നുമുള്ള ദേശങ്ങളാലും കിഴക്ക നെപ്പാളം എന്നും അയോധ്യ എന്നുമുള്ള ദേശങ്ങളാലും, തെക്ക അഗ്രാ എന്നും അജ്മീർ എന്നുമുള്ള ദേശങ്ങളാലും,തെക്കുപടിഞ്ഞാറ മൂൽതാൻ എന്ന ദേശത്താലും പടിഞ്ഞാറ സട്ലുജ എന്ന ആറിനാലും അതിർത്തിയാക്കപ്പെട്ടിരിക്കുന്നു.

പ്രധാന നഗരികൾ.—ഡെല്ലിഎന്ന സംസ്ഥാനത്തിലെ പ്രധാന പട്ടണം ഡെല്ലി എന്ന തന്നെ പേരുള്ളതാകുന്നു. ൦രം സംസ്ഥാനത്തിലെ മറ്റ കേൾവിപ്പെട്ട നഗരികളുടെ പേരുകൾ ഫെറൊസെപൂർ എന്നും ല്യുദ്ധാനാ എന്നും സെർഹിന്ദ എന്നും ഉംബല്ലാ എന്നും ക്രുനാൽ എന്നും സഹാറൻപൂർ എന്നും പനിപത്ത എന്നും മീറത്ത എന്നും മൂറാദബാദ എന്നും രാംപൂർ എന്നും ബൈരെല്ലി എന്നും ശാജഹൻപൂർ എന്നും ആകുന്നു.

ഡെല്ലി മഹാ കേൾവിപ്പെട്ട പണ്ടെയുള്ള പട്ടണം ആയിരുന്നു. അത മഹമ്മദകാർ ഇന്ദ്യായെ ജയിച്ചതിന്നു മുമ്പെ ഏറവും ശക്തിയുള്ള ഇന്ദു രാജാക്കന്മാരിൽ സുദ്രപ്രസ്ഥാ എന്ന കേൾവിപ്പെട്ട രാജാവിന്റെ പ്രധാന പട്ടണം ആയിരുന്നു. പിന്നത്തേതിൽ അത ഇന്ദ്യായിലുള്ള മഹമ്മദ മഹാ രാജ്യത്തിലെ തലസ്ഥാനം ആയി തീന്നു.

വളരെ വിശേഷപ്പെട്ട വീടുകൾ മുതലായവയുടെ ജീർണ്ണങ്ങളാലും ഇന്നുവരെ നില്ക്കുന്ന ഭംഗിയുള്ള പണ്ടത്തെ ജോനകപ്പള്ളികളാലും തൂണുകളാലും ഡെല്ലി മഹത്വമുള്ള നഗരിയായിരുന്നു എന്ന അറിവാൻ ഇട ഉണ്ട.

മീറത്ത വലിയ പട്ടണവും ഇംഗ്ലീഷ പട്ടാളക്കാരും ഉദ്യോഗസ്തന്മാരും ഇരിക്കുന്ന പ്രധാന സ്ഥലവും ആകുന്നു.

പ്രധാന ആറുകൾ.—യമുനാ എന്നും ഗംഗ എന്നും ആകുന്നു.

ദേശത്രുപവും ഉത്ഭവങ്ങളും.—൦രംദേശം മിക്കതും മൈതാനമായിട്ടുള്ളതാകുന്നു. എങ്കിലും അവിടെ മലപ്രദേശങ്ങൾ ഉണ്ട.പണ്ടത്തെ സമയങ്ങളിൽ ൦രം ദേശം നല്ല വളമുള്ളതും നല്ലപോലെ കൃഷി ചെയ്യപ്പെട്ടതുമായിരുന്നു. എന്നാൽ യുദ്ധങ്ങൾ കൂടെ കൂടെ ഉണ്ടായത കൊണ്ട തോട്ടകൾക്കും കുളങ്ങൾക്കും നാശം വന്നതിനാൽ ദേശം മിക്കവാറും മണലുള്ള കാനനമായി തീരുകയും ചെയ്തു. എന്നാൽ അത ഇപ്പോൾ കമ്പനിയാരുടെ രാജ്യമായിരിക്കയാൽ അവർ തോട്ടകളെ വെട്ടി നന്നാക്കി ഭൂമിയും നല്ല വിളവുള്ളതായിവരുന്നു. അതിലെ പ്രധാന

ഉത്ഭവങ്ങൾ കോതമ്പും മറ്റ ധാന്യങ്ങളും പഞ്ചസാരയും പഞ്ഞിയും ആകുന്നു.

മതം.—ംരം ദേശത്തിലെ കുടിയാന്മാരിൽ ചിലർ ഇന്ദുമതക്കാരും ചിലർ മഹമ്മദകാരും ആകുന്നു. ംരം മഹമ്മദകാരിൽ വളരെ ആളുകളുടെ കാരണവന്മാർ അഫ്ഗാനിസ്ഥാൻ എന്ന ദേശത്തിൽനിന്ന വന്നു. അവർ ഡെല്ലി എന്ന ദേശത്തിലുള്ള റോഹിൽകന്ദ എന്ന ടിക്കിൽ പാർക്കുന്നതുകൊണ്ട അവർ റോഹില്ലക്കാർ എന്നൊ പട്ടാണികൾ എന്നൊ പേർ പറയപ്പെട്ടിരിക്കുന്നു.

വിശേഷാദികൾ.—ഇന്ദ്യയിലുണ്ടായിട്ടുള്ള മഹാ കടുപ്പമായ യുദ്ധങ്ങളിൽ ഏറവും വലിയ രണ്ട യുദ്ധങ്ങൾ പനിപത്ത എന്ന പട്ടണത്തിൽ ചെയ്യപ്പെട്ടിരുന്നത കൊണ്ട ആ പട്ടണം കഥകളിൽ കേൾവിപ്പെട്ടതാകുന്നു. ഒന്നാമത്തെ ശണ്ട മശിഹാ കാലം ൧൫൨൬ ആണ്ടിൽ സുല്ത്താൻ ബൈബർ എന്ന രാജാവും ഡെല്ലിയിലെ പട്ടാണി മഹാരാജാവായ ഇബ്രഹീം ലോദി എന്ന പേരുള്ളവനും തമ്മിൽ ഉണ്ടായിരുന്നു. രണ്ടാമത്തേത ൧൯൫൭ ആണ്ടിൽ മഹമ്മദകാരും മഹാരാഷ്ട്രക്കാരും തമ്മിൽ ഉണ്ടായിരുന്നു.

൩. അയോധ്യ എന്ന ദേശത്തെ കുറിച്ച.

അതിരുകൾ.—ംരം ദേശത്തിന്റെ വടക്കഭാഗം നെപ്പാളത്താലും കിഴക്ക ബാഹാറിനാലും തെക്ക അള്ളഹബാദ എന്ന ദേശത്താലും പടിഞ്ഞാറ അഗ്രാ എന്നും ഡെല്ലി എന്നുമുള്ള ദേശങ്ങളാലും അതിരിയാക്കപ്പെട്ടിരിക്കുന്നു.

പ്രധാന നഗരികൾ.—ലുക്നൌ എന്നും കൈറബാദ എന്നും ബാരൈച്ച എന്നും അയോധ്യ എന്നും ഗോറാക്പൂര എന്നും ഫീസ്യാബാദ എന്നും രായബാരൈള്ളി എന്നും താൻഡാ എന്നും സുൽത്താൻപൂര എന്നും മാനിക്പൂര എന്നും ആകുന്നു.

ലുക്നൌ എന്ന പട്ടണം മൂന്നായിട്ട വിഭാഗിക്കപ്പെട്ടിരിക്കുന്നു. ഒന്നാമത്തെ ഭാഗത്തിൽ നാട്ടുകാർക്കുള്ള പഴയ പട്ടണം ഉൾപ്പെട്ടിരിക്കുന്നു. അത പെരുത്ത വലിയതാകുന്നു. എങ്കിലും ക്ഷേത്രം വീട്ടമുതലായ പുരപണികൾ പീറയും ഏറവും അഴുക്കായുള്ളവയും ആകുന്നു. രണ്ടാമത്തെ ഭാഗത്തിൽ രാജധാനി ആകുന്നു. അവിടെയും മന്ത്രിമാർ മുതലായവരുടെ വേനങ്ങൾ യൂറോപ്പിലുള്ള വീട്ടപണികളുടെ ഭാക്ഷയും ഇന്ദ്യായിലുള്ള പുരപണികളുടെ ഭാക്ഷയും കൂട്ടി പണിയപ്പെട്ടിരിക്കുന്നു. മൂന്നാമത്തെ ഭാഗത്തിൽ പണ്ടത്തെ കാലങ്ങളിലുള്ള നവാബുമാരാൽ പണിയപ്പെട്ടിരുന്ന രാജധാനികളും മതം സംബന്ധിച്ച പണികളും ഉണ്ട.

പ്രധാന ആറുകൾ.—ഗംഗ എന്നും ഗുമ്തി എന്നും ഗൊഗ്രാ എന്നും രാപ്തി എന്നും ആകുന്നു.

ദേശ രൂപം.—ംരം ദേശം മിക്കതും സമനിരപ്പുള്ളതും വേണ്ടും വണ്ണം നനെക്കപ്പെട്ടിരിക്കുന്നതും ഏറവും ഫലമുള്ളതുമായുള്ള ഭൂമി ആകുന്നു.

ഉത്ഭവങ്ങൾ.—ഈ ദേശം സാക്ഷാൽ ഇന്ദുസ്താനിലെ ചെറിയ ദേശങ്ങളിൽ ഒന്നാകുന്നു എങ്കിലും എല്ലാ കാലങ്ങളിലും അത ഏററവും വളമുള്ളവയും ജനപുഷ്ടിയുള്ളവയുമായുള്ള ദേശങ്ങളിൽ ഒന്നായിരിക്കുന്നു. കോതമ്പും യവവും പയറുകളും നെല്ല മുതലായ ധാന്യങ്ങളും കരിമ്പും നീലവും കറുപ്പും പുകയിലയും ഈ ദേശത്തിൽ ഉണ്ടാകുന്നു. വെടിയുപ്പ വളരെ ഉണ്ട.

മതം.—ഈ ദേശത്തിലെ കുടിയാന്മാരിൽ ചിലർ ഇന്ദുമതക്കാരാകുന്നു. മഹമ്മദകാർ അധികം ഉണ്ട.

വിശെഷാദികൾ.—ഈ രാജ്യം പണ്ടത്തെ ഇന്ദുകഥകളിൽ മഹാ കേൾവിപ്പെട്ടതായിരുന്നു. മഹമ്മദകാർ ഒന്നാമത ജയിച്ച ഇന്ദ്യായുടെ പടിഞ്ഞാറെ അതിരിങ്കൽനിന്ന അത ദൂരമായിരിക്കയാൽ കുറെ കാലമായിട്ട അവർ ഇതിനെ പിടിച്ചില്ല എങ്കിലും അവർ ഒടുക്കം ഇതിനെ ജയിച്ചു. അന്ന മുതൽ ഇന്നവരെയും മഹമ്മദകാർ അവിടെ രാജ്യഭാരം ചെയ്തുകൊണ്ടിരിക്കുന്നു. ൧൭൭൫ ആണ്ടിൽ അയോധ്യയിലെ രാജാവ, കുമ്പിനിയാരോട സമാധാന ഉടമ്പടി ചെയ്തുകൊണ്ട അവന്റെ രാജ്യം സകല അന്യ ശത്രുക്കളിൽനിന്നും അവരാൽ രക്ഷിക്കപ്പെട്ടിരിക്കുന്നു.

൪. ബാഹാർ എന്ന ദേശത്തെ കുറിച്ച.

അതിരുകൾ.—ഈ ദേശത്തിന്റെ വടക്ക ഭാഗം നെപ്പാളം എന്ന ദേശത്താലും കിഴക്ക ബൊങ്കളിനാലും തെക്ക ഓറീസായാലും ഗുന്ദ്വാനയാലും പടിഞ്ഞാറ ഗുന്ദ്വാനയാലും അള്ളഹബാദിനാലും അയോധ്യയാലും അതൃത്തിയാക്കപ്പെട്ടിരിക്കുന്നു.

പ്രധാന നഗരികൾ.—ബെട്ടിയാ അല്ലെങ്കിൽ ചുമ്പാറം എന്നും ചുപ്രാ എന്നും ചീറൻ എന്നും ഹജിപൂര എന്നും ബുക്സാർ എന്നും അറാ എന്നും റൊടസ്ഗർ എന്നും ദിനാപൂര എന്നും പത്നാ എന്നും ബാർ എന്നും ബാഹാർ എന്നും ദ്വാഉദ്ഗർ എന്നും ഗായാ എന്നും മൊൻഘീർ എന്നും ചുമ്പനഗർ എന്നും ബൊഗ്ലിപൂര എന്നും ചീർഗൊട്ടി എന്നും പാലാമോവ എന്നും രാമ്ഗർ എന്നും ബുവ്വാ എന്നും ആകുന്നു.

ബുക്സാർ എന്ന പട്ടണത്തിൽ വച്ച കുമ്പനിയാരും മഹമ്മദകാരും തമ്മിൽ ൧൭൭൫ ആണ്ടിൽ കടുപ്പമായുള്ള യുദ്ധം ചെയ്തു. സെർ-ഹ-മണ്ട്രൊ ൭൦൦൦ പടയാളുകളെ കൊണ്ട ൫൦൦൦ മഹമ്മദകാരെ തോല്പിക്കയും ചെയ്തു

പത്നാ എന്ന പട്ടണത്തിൽ വളരെ യൂറോപ്പുകാർ കച്ചവടത്തിനായിട്ട മുമ്പെ പാൎത്തു. അവിടെ ൩൧൨൦൦൦ കുടിയാന്മാർ ഉണ്ട. അത എല്ലായ്പ്പൊഴും പെരുത്ത വ്യാപാരം ഉള്ള ഒരു പട്ടണവും ആകുന്നു.

ഗായാ എന്ന പട്ടണം ഇന്ദുമതക്കാൎക്കും ബൌദ്ധമതക്കാൎക്കും ഏററവും മുഖ്യമായിട്ടിരിക്കുന്നതാകുന്നു ഇന്ദ്യായിലെ എല്ലാ സ്ഥലങ്ങളെക്കാളും ഈ സ്ഥലം തീൎത്ഥസ്നാനത്തിനായിട്ട ആചരിക്കപ്പെട്ടിരിക്കുന്നു. ബൌദ്ധമുനി ഇവിടെ ജനിച്ചിരുന്നു, എന്ന ബൌദ്ധമതക്കാർ പ്രശംസിച്ച പറയുന്നു.

മൊൻഫീർ എന്ന പട്ടണം വ്യാപാരത്തിന്നായിട്ട മുമ്പെ കേൾവിപ്പെട്ടതായിരുന്നു. നല്ല തോൽ ഊറെക്കിടുന്നതിനായിട്ടും തോക്ക മുതലായ ഇരിമ്പും ഉരുക്കും കൊണ്ടുള്ള സൂത്രപണികളിലും ഈ പട്ടണം ഇന്നവരെയും കീൎത്തിപ്പെട്ടിരിക്കുന്നു.

പ്രധാന ആറുകൾ.—ഗംഗ എന്നും ഗണ്ഡക എന്നും കുറമ്നസ്സ എന്നും സോൻ എന്നും ആകുന്നു.

ഉത്ഭവങ്ങൾ.—ഒന്നാം തരം നല്ല കോതമ്പ മുതലായ ധാന്യങ്ങളും കരിമ്പും കറുപ്പും നീലവും പുകയിലയും പഞ്ഞിയും ചണവും ആവണക്കെണ്ണ മുതലായ എണ്ണകളും ഈ സംസ്ഥാനത്തിൽ ഉണ്ട. പനിനീരും അത്തൽ മുതലായി പൂക്കളിൽനിന്ന എടുക്കപ്പെട്ടിരിക്കുന്ന സാരങ്ങളും ഇവിടെ വാററി എടുക്കുന്നവയാകുന്നു. നല്ല തരമായ കുതിരകളെ ഇവിടെ വളൎക്കുന്നു. ഇവിടെ വെടിയുപ്പും ഇരിമ്പും ഈയവും കണ്ടെത്തപ്പെട്ടിരിക്കുന്നു. കൃഷിയും കൌശലപ്പണികളും വ്യാപാരവും എല്ലായ്പ്പോഴും ഈ സംസ്ഥാനത്തിൽ നന്നായി നടപ്പായിരിക്കുന്നു.

മതം.—ഇന്ദുമതക്കാരും കുറെ മഹമ്മദകാരും ആകുന്നു.

വിശേഷാദികൾ.—പണ്ടത്തെ ഇന്ദുകഥകളിൻ പ്രകാരം ഈ ദേശത്തിൽ രണ്ട വലിയ രാജ്യങ്ങൾ ഉണ്ടായിരുന്നു. ആയത വടക്കെ ഭാഗത്ത മൈതിലി അല്ലെങ്കിൽ വടക്കെ ബാഹാർ എന്ന രാജ്യവും തെക്കെ ഭാഗത്തമൂഗധ്ഹ അല്ലെങ്കിൽ തെക്കെ ബാഹാർ എന്ന രാജ്യവും ആയിരുന്നു. മഹമ്മദകാർ ഈ രാജ്യങ്ങളെ പിടിച്ച ഭരിച്ചു. ൧൭൭൫മാണ്ടിൽ കുമ്പിനിയാർ മഹമ്മദകാരോട ഈ സംസ്ഥാനത്തെ ജയിച്ച ഇന്നവരെയും ഭരിക്കയും ചെയ്യുന്നു,

൫. ബെങ്കാൾ എന്ന ദേശത്തെ കുറിച്ച.

അതിരുകൾ—ഈ ദേശത്തിൻെറ വടക്ക ഭാഗം നെപ്പാളത്താലും ബൂത്താൻ എന്ന ദേശത്താലും വടക്ക കിഴക്ക ആസ്സാം എന്ന ദേശത്താലും കിഴക്ക ആവ അല്ലെങ്കിൽ ബൂൎമ്മാ എന്ന ദേശത്താലും തെക്ക കിഴക്ക അറാക്കാനാലും തെക്ക ബെങ്കാൾ കടലിനാലും തെക്ക പടിഞ്ഞാറ ഓറീസാ എന്ന ദേശത്താലും പടിഞ്ഞാറ ബാഹാറിനാലും അതൃത്തിയാക്കപ്പെട്ടിരിക്കുന്നു.

പ്രധാന നഗരികൾ.—ചെല്മറി എന്നും ദീനാപൂര എന്നും സിൽഹത്ത എന്നും മൂൎശിദബാദ എന്നും പ്ലെസ്സി എന്നും ബൎഹ്മപൂര എന്നും കൊസ്സിംബൎസ്സാർ എന്നും ദക്ക എന്നും ബുൎദ്വാൻ എന്നും മിദ്നാപൂര എന്നും കല്ക്കത്താ എന്നും സിറാമ്പൂര എന്നും ചണ്ടനഗർ എന്നും കിഷനഗർ എന്നും ചിട്ടഗൊങ്ങ എന്നും ആകുന്നു.

ചെല്മറി എന്ന പട്ടണം തീൎത്ഥസ്നാനത്തിന്നായിട്ട കീൎത്തിപ്പെട്ടിരിക്കുന്നു. ബ്രഹ്മപുത്ര എന്ന ആററിൽ വരുണിചെൻ എന്ന പേരുള്ള വലിയ മണൽ ചിറ ഉണ്ട. ആണ്ടുതോറും ഇവിടെ അനേകായിരം ആളുകൾ സ്നാനത്തിന്നായിട്ട മാത്രമല്ല കച്ചവടത്തിന്നായിട്ടും കൂടെ വന്നചേരുകയും ചെയ്യും.

മൂൎശിദബാദ എന്ന പട്ടണം ഗംഗയുടെ ഏററവും ശുദ്ധമുള്ള കൈവ

ഴി ആകുന്നു. ഭാഗീരഥി അല്ലെങ്കിൽ കസ്സിംബസ്സാർ എന്ന പേരുള്ള ആറിന്റെ ഇരുവക്കിലേൽ പണിയപ്പെട്ടിരിക്കുന്നു. ൦രം പട്ടണം വലിയതാകുന്നു. എങ്കിലും അതിന്റെ വീടുമുതലായ പണികൾ മോടികേടായിട്ടിരിക്കുന്നു. ഏകദേശം ൧൫൦൦൦ കൂടിയാന്മാർ അവിടെ പാർത്തു വളരെ കച്ചവടം ചെയ്തുകൊണ്ടിരിക്കുന്നു.

പ്ലെസ്സി എന്ന പട്ടണത്തിൽ ൧൭൭൭ാണ്ടിൽ ലൊർഡ്ക്ലൈവ എന്ന വലിയ പടനായകന്റെ കീഴിലുള്ള ഇംഗ്ലീക്കാരും നവാബ സൂറാജ്ദൗല്ല എന്ന പേരുള്ള രാജാവിന്റെ കീഴിലുള്ള സൈന്യവും തമ്മിൽ കടുപ്പമായിട്ട പടപൊരുതി കമ്പിനിയാർ രാജാവിനെയും അവന്റെ സൈന്യത്തെയും തോല്പിച്ചു. അത കാരണത്താൽ തന്നെ ബെങ്കാൾ ദേശവും ഒട്ടുക്കും ഇന്ദ്യാ മുഴുവനും കമ്പിനിയാരുടെ അധികാരത്തിൻകീഴാലായി വന്നു.

ഭക്ക എന്ന പട്ടണം മുന്നാളിൽ ഇന്ദ്യായിലുള്ള ഏറവും വലിയവയും ഐശ്വര്യമുള്ള പട്ടണങ്ങളിൽ ഒന്നായിരുന്നു. അത ബെങ്കാളിൽ മഹമ്മദ സങ്കരുടെ കിഴക്കെ ഭാഗത്തിന്റെ തലസ്ഥാനമായിരുന്നു. ഭക്ക വലിയ പട്ടണം തന്നെ എങ്കിലും ക്രമക്കേടായിട്ട പണിയിക്കപ്പെട്ടിരിക്കുന്നു. ഏകദേശം ൧൫,൦൦൦ കൂടിയാന്മാർ അവിടെ പാർക്കുന്നുണ്ട. ഇത ഒരു വലിയ കച്ചവടസ്ഥലം ആകുന്നു. ൦രം ദേശത്തിലെ വിശേഷമായ നേരിയ തുണികൾക്കും മററ പഞ്ഞികൊണ്ടുള്ള നല്ല വേലകൾക്കും ആയികൊണ്ട യൂറോപ്പിലും ആസിയായിലും കേൾവിപ്പെട്ടിരിക്കുന്നു. ൦രം ദേശം നല്ല വിളവുള്ളതും ആകുന്നു.

കല്ക്കത്താ ഇന്ദ്യായിലെ ഒരു തലസ്ഥാനം ആകുന്നു. അത സമുദ്രത്തിൽനിന്ന ഏകദേശം നൂറനാഴിക ദൂരെ ഗംഗയുടെ പടിഞ്ഞാറെ കൈവഴിയുടെ കിഴക്ക വശത്ത ആകുന്നു. ആ കൈവഴിക്ക യൂറോപ്പുകാർ ഹ്രുഗ്ലി എന്നും നാട്ടുകാർ ഭാഗീരഥി എന്നും പേർ പറഞ്ഞ വരുന്നു. മേലെഴുതിയ ആറിൽ കൂടെ കപ്പൽ പോകും കല്ക്കത്തായിക്ക അതികെ൦രം ആറിന്ന ഒരു നാഴികയിൽ അധികം വീതി ഉണ്ട. കല്ക്കത്തായിക്ക വലിപ്പം വരുത്തിയത ഇംഗ്ലീക്കാരായിട്ട ആകുന്നു. ൧൬൭൭ാണ്ടിൽ അത മൺകുടിലുകളുള്ള ഒരു ചെറിയ ഗ്രാമം ആയിരുന്നു. ഇപ്പോൾ അത രാജധാനികൾ എന്ന പോലെ വേനങ്ങൾ ഉള്ള ഒരു നഗരമായിരിക്കുന്നു. ൧൭൯൩ാണ്ടിൽ ബെങ്കാളിലെ നവാബായ സൂറാജ്ദൗല്ല അതിനെ വളഞ്ഞ ഇംഗ്ലീക്കാരിൽനിന്നും പിടിച്ചു. അപ്പോൾ പറന്ന ഇംഗ്ലീക്കാരെ ഒരു കൂട്ടസ്സായിട്ടുള്ള മുറിയിൽ പിടിച്ചിട്ടാറെ ഒമ്പതേരൊച്ചികെ ശേക്ഷം എല്ലാവരും അന്ന രാത്രികൊണ്ട ശ്വാസം മുട്ടി ചാകയും ചെയ്തു. ആ നഗരത്തിൽ ൪൭൦൦൦ ആളുകൾ ഉണ്ട. അതിൽ ആസിയായിൽ എല്ലാവടത്തുനിന്നും വന്നിട്ടുള്ള ആളുകളും ഉണ്ട.

സിറാംപൂര എന്ന പട്ടണം ബഹു വെടിപ്പും നല്ല വൃത്തിയുമുള്ളതാകുന്നു. അത ഏറിയകാലമായിട്ട ഡെയിൻകാർക്കുള്ളതായിരുന്നു. ഇപ്പോൾ ഇംഗ്ലീക്കാർ വിലെക്ക വാങ്ങിച്ചിരിക്കുന്നു.

ചണ്ടനഗർ ഫ്രാൻസകാർക്കുള്ളതാകുന്നു. അവിടെ ൫൭൦൦൦ കൂടിയാന വന്മാർ ഉണ്ട.

കിഷ്ണഗർ എന്നത ഒരു ദേശത്തിന്നും അതിന്റെ പ്രധാന പട്ടണത്തിന്നും ക്രുടെയുള്ള പേർ ആകുന്നു. എന്നാൽ അവെക്ക നട്ട്യ എന്നും ക്രുടെ ക്രുടെ പറഞ്ഞവരുന്നുണ്ട.

ചിട്ടഗൊങ്ങ എന്നത ഒരു തുറമുഖവും വലിയ കച്ചവടസ്ഥലവും ആകുന്നു. പ്രത്യേകമായിട്ടുള്ള കച്ചവടം തേക്കുതടികളും മറ്റ തടികളും ആകുന്നു. അനേകം വലിയ കപ്പലുകൾ ഇവിടെ പണിയിക്കപ്പെടുന്നു.

പ്രധാന ആറുകൾ.—ഗംഗ എന്നും ഹുഗ്ലി എന്നും രീസ്സ എന്നും ബ്രഹ്മപുത്ര എന്നും ആകുന്നു.

ദേശ വിഭാഗം.—ഒരു ദേശത്തിന്റെ വടക്കെ അതിര മുഴുവനും ൫ നാഴിക മുതൽ ൬൦ നാഴിക വരെ വീതിയിൽ മഹാ വലിയ പുല്ലുകൾ കൊണ്ടും വൻകാടുകൾ കൊണ്ടും മൂടപ്പെട്ടിരിക്കുന്ന താണ ഭൂമി ആകുന്നു. ഇതിന്നപ്പുറത്ത വടക്കെ ഇന്ദുസ്ഥാന്റെ ഉയന്ന പവ്വതങ്ങൾ ആകുന്നു. ഒരു ദേശത്തിലെ ശേഷമുള്ള ഭാഗം ഒക്കെയും ഒരു വലിയ പെളിഭ്രമിയായിട്ട പറയപ്പെടാം. അവിടെ എല്ലാടവും ആറുകളും ചെറിയ തടാകങ്ങളും ഉള്ളവയും ആണ്ടതോറും വെള്ളം പൊങ്ങി കേറി ലോകത്തിൽ മഹാ വിളവുള്ള സ്ഥലങ്ങളിൽ ഒന്നായി തീന്നിരിക്കുന്നവയും ആകുന്നു. ഹുഗ്ലിക്കും മെഗ്നായിക്കും ഇടയിലുള്ള തെക്കെ ഭാഗം മുഴുവനും സുന്ദർബന്സ എന്ന വിളിക്കപ്പെടുന്ന പുതയലുള്ള അനേകം ദ്വീപുകളായിട്ട തീന്നിരിക്കുന്നു. അവിടം കാടുകൊണ്ട മൂടപ്പെട്ടവയും മഹാ വലിയ കടുവാകളും മുതലകളും ഉള്ളവയും ആകുന്നു. അവിടെ കുടിയിരിപ്പില്ല. വേനൽ കാലത്ത മരം മുറിക്കുന്നവരും ഉപ്പ എടുക്കുന്നവരും അവരുടെ ജീവനെ ഉപേക്ഷിച്ച അവിടെ ചെല്ലുന്നുണ്ട.

ഉത്പന്നങ്ങൾ.—നെല്ല ധാരാളമായിട്ട ഉണ്ട. കോതമ്പും യവവും തെനയും മറ്റ ധാന്യങ്ങളും നീലവും പഞ്ഞിയും പട്ടും ചണവും പുകയിലയും കറുപ്പും പഞ്ചസാരയും ഇഞ്ചിയും ചെഞ്ചല്യവും അരക്കും ചായവും ഔഷധികളും പശയും എണ്ണയുള്ള പല വിത്തുകളും വെറിലയും മെഴുക്കും ആനകൊമ്പും ഇരിമ്പും വെടിയുപ്പും ഉപ്പും കല്ലുരിയും ഉണ്ട. ഫലങ്ങൾ വകയിൽ മഹാ വിശേഷമായ നരെങ്ങാകൾ പെരുത്തുണ്ട. കന്നകാലികളും ആട്ടും കുറച്ചെയുള്ള കുതിരയും അപ്രകാരം തന്നെ ആകുന്നു. ആനയും കടുവാകളും കരടികളും പലതരം കുരങ്ങുകളും മറ്റ കാട്ടജന്തുക്കളും പലതരമായ പാമ്പുകളും ബഹുതമുണ്ട. ഒരു ദേശത്തിൽ കാണ്ടാമൃഗത്തെയും കാണാറുണ്ട. കഴുനായ്ക്കളും പെരുത്തുണ്ട.

കൈവേലകൾ.—ബെങ്കാളിലെ കൈവേലകളായ പട്ടിനെയും നേരിയ ശീലകളെയും മറ്റ പഞ്ഞികൊണ്ടുള്ള വേലകളെയും കുറിച്ച ഇന്ത്യായിൽ ഏറിയ കാലമായിട്ട ശ്രുതിപ്പെട്ടിരിക്കുന്നു.

മതം.—ഇന്ദു മതവും മഹമ്മദ മതവും ആകുന്നു.

വിശേഷാദികൾ.—ഇന്ദുകഥകളിൽ ബെങ്കാൾ എന്ന ദേശത്തിന്റെ പേർ ഗൌർ എന്നൊ ഭംഗ ദേശം എന്നൊ പറയപ്പെടുന്നു. ഇതിന്റെ താഴത്തെ ഭാഗം പണ്ടേതന്നെ ഭംഗ എന്ന വിളിക്കപ്പെടുന്നു. ഇപ്പോൾ ബെങ്കാളം എന്ന വിളിക്കപ്പെടുന്നതിന്ന ഇടവന്നത ഇതിൽനിന്ന തന്നെ ആയിരിക്കണം. വെള്ളം കേറാത്ത ഇതിന്റെ മേലത്തെ ഭാഗത്തിന്ന രിന്ദ്രാ എന്നും വിളിക്കപ്പെടുന്നു. അവിടെ പട്ട ഉണ്ടാക്കുന്നത, മുള്ളറി എന്ന ഒരു വൃക്ഷത്തിന്റെ ഇല തിന്നുന്ന ഒരു ചെറിയ പുഴുവിൽനിന്ന വരുന്ന നൂൽകൊണ്ട ആകുന്നു. ഒരു പുഴുവ ന

ന്നായി വളരുമ്പോൾ മിലന്തിവലയെ പോലെ നേരിയ നൂൽ അതി ന്റെ പുറത്തുനിന്ന ഉണ്ടാകുന്നു. അതിനെ ഒരു ഉണ്ട പോലെ ആ പു ഴുവിനു ചുറ്റും ചുറ്റുന്നു. അകത്തിരിക്കുന്ന പുഴുവിനെ കൊല്ലുന്നതു തിനായിട്ട ഒരു ഉണ്ട എടുത്ത മൂട്ടവെള്ളത്തിൽ ഇടുന്നു. ഇങ്ങിനെ പു ഴുവിനെ കൊല്ലാഞ്ഞാൽ അത പട്ടുനൂലിനെ തിന്ന നശിപ്പിച്ചകളയും.

കൂടിയാന്മാർ പലതരത്തിലുള്ള ഇനുക്കാരും മഹമ്മദകാരും ആകുന്നു. നടുപ്രദേശങ്ങളിലെ ഇനുക്കാരെ ബെങ്കാളികൾ എന്ന പറയുന്നു. ഇ വർ വാക്കിൽ സാഹസക്കാരും വഴക്കുകാരും ആകുന്നു എങ്കിലും ചുണയി ല്ലാത്തവരും ഭീരുക്കളും ആകുന്നു. കാട്ടാളന്മാരായ ഒരു വംശക്കാർ ഒരു ദേശത്തിലെ വനങ്ങളിലും മലകളിലും പാർത്തവരുന്നുണ്ട. ഇവരി ൽ പ്രധാനമായിട്ടുള്ളവർ ഗാരോസന്മാരും കാശ്യന്മാരും ക്രകികളും ആ കുന്നു.

ബെങ്കാളിൽ ഉൾപ്പെട്ടിരിക്കുന്ന ചെറിയ ദേശങ്ങളെ കുറിച്ച.

സിഖിം എന്നും ക്രച്ചബാഹാർ എന്നും ബിജ്നി എന്നും ജൈന്ത്യാ എ ന്നും കാച്ചാർ എന്നും ഉള്ള ചെറിയ ദേശങ്ങൾ ബെങ്കാൾ ദേശത്തിൽ ഉൾപ്പെട്ടവയും അരിന്റെ വടക്കേതും കിഴക്കേതുമായുള്ള അതൃത്തിക ളിൽ കിടക്കുന്നവയും ആകുന്നു.

സിഖിം എന്ന ദേശത്തെ കുറിച്ച.

അതിരുകൾ.—ഒരു ദേശത്തിന്റെ വടക്ക ഭാഗം ഹിമാലയ പ വ്വതങ്ങളാലും കിഴക്ക ബൂത്താനാലും പടിഞ്ഞാറ മൊറങ്ങിനാലും തെക്കു ര ങ്ങപൂരിനാലും മൊറങ്ങിന്റെ ഒരു ഭാഗത്താലും അതൃത്തിയാക്കപ്പെട്ടിരി ക്കുന്നു.

പ്രധാനനഗരികൾ.—ഇവിടെ പട്ടണങ്ങൾ കുറച്ചെയുള്ള ഉള്ളത അത്ര സാരമുള്ളതും അല്ല. അവയിൽ പ്രധാനമുള്ളവ സിഖിമും താസിടിങ്ങും ഡാർജലിങ്ങും ആകുന്നു. സിഖിം തലസ്ഥാനം ആകുന്നു. താസിടിങ്ങ സിഖിമിന്ന അടുത്ത മലയുടെ മുകളിൽ ഉള്ള ഒരു കോ ട്ട ആകുന്നു. ഡാർജലിങ്ങ സിഖിമിന്ന കുറെ തെക്ക കിഴക്ക ഒരു കുന്നി ന്മേൽ ആകുന്നു. ഒരു സ്ഥലം തണുപ്പുള്ളതും സൌഖ്യമുള്ളതും ആകകൊ ണ്ട താഴ്ച്ചയിൽപാർക്കുന്ന ഇംഗ്ലീക്കാർ കാറ്റകൊള്ളുവാൻ അവിടെ പോകുന്നുണ്ട.

ഉത്ഭവങ്ങൾ.—ഇത ഒരു മലപ്രദേശം ആകുന്നു. എങ്കിലും വി ളവുള്ളതും നല്ലതിൻവണ്ണം കൃഷിയുള്ളതും ആകുന്നു. ഇവിടെ പ്രധാന മായിട്ട നെല്ലും മഞ്ഞട്ടിയും മെഴുകും പലതരത്തിലുള്ള മരങ്ങളും ഉണ്ട.

മതം.—സിഖിമിൽ അധികം നടപ്പുള്ള മതം തിബേത്തിലെത ആ കുന്നു. അത എന്തെന്നാൽ ലാമാബുദ്ധ മതം.

ക്രച്ചബാഹാർ എന്ന ദേശത്തെ കുറിച്ച.

അതിരുകൾ.—ഒരു ദേശത്തിന്റെ വടക്ക ഭാഗം ബൂത്താനാ

ലും കിഴക്കു ബിജ്ജീയാലും തെക്കു രങ്ങപൂരിനാലും പടിഞ്ഞാറു സിഖിമി നാലും അതൃത്തിയാക്കപ്പെട്ടിരിക്കുന്നു.

പ്രധാന നഗരികൾ.—ബാഹാർ എന്ന ആകുന്നു.

ഉത്ഭവങ്ങൾ.—ഒരു ദേശത്തിന്റെ തെക്കെ ഭാഗം വിളവുള്ള ഇം നല്ല പോലെ കൃഷിചെയ്യപ്പെട്ടതും ആകുന്നു. എന്നാൽ വടക്കോട്ട കാട്ടുപിടിച്ച പുതലായകുന്നു. ഒരു ദേശത്തിൽ പ്രധാനമായിട്ട ഉണ്ടാ കുന്നത കറുപ്പ ആകുന്നു.

മതം.—സാധാരണമായിട്ട ഇന്ദുമതം ആകുന്നു.

ബിജ്ജീ എന്ന ദേശത്തെ കുറിച്ച.

അതിരുകൾ.—ഒരു ദേശത്തിന്റെ വടക്ക ഭാഗം ബൂത്താനാലും കിഴക്ക ആസ്സാമിനാലും ഗാരോസിനാലും തെക്ക രങ്ങപൂരിനാലും പടി ഞ്ഞാറ കൂച്ചബാഹാറിനാലും അതൃത്തിയാക്കപ്പെട്ടിരിക്കുന്നു.

പ്രധാന നഗരികൾ.—ബിജ്ജീ എന്ന ഒരു പട്ടണം തന്നെ ഉള്ളു.

ഉത്ഭവങ്ങൾ.—ഒരു ദേശം വിളവുള്ളതാകുന്നു. ഇവിടെ നെ ല്ലും കോതമ്പും യവവും വെറിലയും പഞ്ചസാരയും ഉണ്ട.

മതം.—ഇവിടത്തെമതം ഇന്ദുമതത്തോട അവരുടെ സ്വന്തമായി ട്ടുള്ള പല കമ്മാദികളെയും കൂടെ കൂട്ടീട്ടുള്ളത ആകുന്നു.

ജെന്ത്യാ എന്ന ദേശത്തെ കുറിച്ച.

അതിരുകൾ.—ജെന്ത്യാ അല്ലെങ്കിൽ ജെന്ത്യപൂര എന്ന ദേശ ത്തിന്റെ വടക്ക ഭാഗം ആസ്സാമിനാലും കിഴക്ക കാച്ചാറിനാലും തെക്ക സി ല്ലെത്തിനാലുംപടിഞ്ഞാറഗാരോസിനാലുംഅതൃത്തിയാക്കപ്പെട്ടിരിക്കുന്നു

പ്രധാന നഗരികൾ.—ഒരു ദേശത്തിൽ ജെന്ത്യപൂര എ ന്ന ഒരു പട്ടണം മാത്രമെ ഉള്ളു. അവിടെ രാജാവ വസിക്കുന്നു.

ദേശ രൂപം.—ഒരു ദേശത്തിന്റെ വടക്കെ അറത്തനിന്നും തെക്കെ അറത്തനിന്നും കുറെ നാഴികയ്ക്ക കാടുപിടിച്ച കുന്നുകളും താ ണ പ്രദേശങ്ങളും ആകുന്നു. എന്നാൽ ഇവെയ്ക്ക നടുവിൽ ഏകദേശം ൪൦ നാഴിക വിസ്താരത്തിൽ കാട്ടുക്രടാതെ മേച്ചിൽ സ്ഥലത്തിന്ന തക്കതാ യിട്ടുള്ള മൈതാനം ഉണ്ട. എന്നാൽ കുടിയിരിപ്പ കുറഞ്ഞും കൃഷി ഇ ല്ലാതെയും ഇരിക്കുന്നു.

ഉത്ഭവങ്ങൾ.—ഇവിടെ പ്രധാനമായിട്ട പഞ്ഞിയും നെല്ലും ഉണ്ടാകുന്നു. ആനയും ആനകൊമ്പും ഇരിമ്പും ഒരു ദേശത്തനിന്ന പോകുചരക്കായിട്ട കേറി അയക്കപ്പെട്ട വരുന്നു. ഇവിടെ ഒരുമാതി രി കട്ടിയുള്ള പട്ട ഉണ്ടാക്കപ്പെടുന്നു.

മതം.—ഇവരുടെ ഇപ്പൊഴത്തെ മതം ഇന്ദു മതം ആകുന്നു.

കാച്ചാർ എന്ന ദേശത്തെ കുറിച്ച.

അതിരുകൾ.—ഒരം ദേശത്തിന്റെ വടക്ക ഭാഗം ആസ്സാമിനാലും കിഴക്ക കാസൈയാലും തെക്ക തിപ്പെറയാലും സില്ലെത്തിനാലും പടിഞ്ഞാറ ജൈന്ത്യായാലും അതൃത്തിയാക്കപ്പെട്ടിരിക്കുന്നു.

പ്രധാന നഗരികൾ.—ധമ്മപൂര എന്നും ഉപുത്തീ എന്നും കൊസ്സൂര എന്നും ആകുന്നു.

പ്രധാന ആറുകൾ.—കാവിലി എന്നും ബ്യാക്ക എന്നും ആകുന്നു.

ദേശ രൂപം.—ഒരം ദേശം മിക്കവാറും മലയുള്ളതും കാട്ടം പുതയലുമുള്ളതും ആകുന്നു. സമനിരപ്പുള്ളിടം ഫലമുള്ളതാകുന്നു എങ്കിലും കുടിയാന്മാർ നല്ലവണ്ണം കൃഷിചെയ്യുന്നില്ല.

ഉത്പവങ്ങൾ.—പഞ്ഞിയും കട്ടിയുള്ള പട്ടും മെഴുകും തടികളും ഇരിമ്പും ഉപ്പും നെല്ലും മറ ധാന്യങ്ങളും ആകുന്നു.

മതം.—ഇന്ദു മതം ആകുന്നു.

൯. മൂൽതാൻ എന്ന ദേശത്തെ കുറിച്ച.

അതിരുകൾ.—ഒരം ദേശത്തിന്റെ വടക്ക ഭാഗം പഞ്ചാബിനാലും വടക്ക കിഴക്ക ദെല്ലിയാലും കിഴക്കും തെക്കും അജ്മീരിനാലും തെക്ക സിന്ധിനാലും പടിഞ്ഞാറ ഇന്ദുസ്സ എന്ന ആറിനാലും അതൃത്തിയാക്കപ്പെട്ടിരിക്കുന്നു.

പ്രധാന നഗരികൾ.—മൂൽതാനും ബഹവൽപൂരും ഊച്ചും ആകുന്നു. മൂൽതാൻ ഇന്ത്യായിൽ ഇതുവോം പഴയ നഗരങ്ങളിൽ ഒന്നും മുമ്പിൽ ഒരു ഇന്ദു രാജ്യത്തിന്റെ തലസ്ഥാനവും പിന്നത്തേതിൽ ദെല്ലി മഹാ രാജാവിന്റെ ആൾപ്പേരുടെ വാസസ്ഥലവും ആയിരുന്നു. എന്നാൽ ഇപ്പോൾ അത ഏറെ സാരമില്ലാത്തതായി തീന്നിരിക്കുന്നു. അവിടെ നൂറിൽ ജനങ്ങൾ ഉണ്ട അവരിൽ മിക്കവരും മഹമ്മദകാരാകുന്നു.

പ്രധാന ആറുകൾ.—ചെനബ എന്നും ഗാറാ എന്നും ആകുന്നു.

ദേശരൂപം.—ഒരം ദേശം മിക്കതും നിരപ്പുള്ളതും വെളിയായുള്ളതും ആകുന്നു. ചിലടം വിളവുള്ളതും നല്ല കൃഷിയുള്ളതും ആകുന്നു. എന്നാൽ ഏറിയ പ്രദേശങ്ങൾ മണലുള്ളതാകകൊണ്ടും മുമ്പിൽ കൂടെ കൂടെ യുദ്ധങ്ങൾ ഉണ്ടായ സ്ഥലമാകകൊണ്ടും ഇപ്പോൾ അത മോശവും ജനകുറവുള്ളതുമായിട്ട തീന്നിരിക്കുന്നു.

ഉത്പവങ്ങൾ.—കോതമ്പും മറ ധാന്യങ്ങളും പഞ്ഞിയും നീലവും ആകുന്നു.

കൈവേലകൾ.—കമ്പിളികൾക്കായിട്ടും പട്ടുതരങ്ങൾക്കായി

ട്ടും അത ശ്രുതിപ്പെട്ടിരിക്കുന്ന ദേശം ആകുന്നു.

മതം.—കുറെ ഇന്തുക്കാരുള്ളവർ ഒഴികെ മഹമ്മദ മതക്കാരാകുന്നു.

൭. അജ്മീർ എന്ന ദേശത്തെ കുറിച്ച.

അതിരുകൾ.—ഒരും ദേശത്തിന്റെ വടക്ക ഭാഗം പടിഞ്ഞാറ മൽതാനാലും വടക്കും വടക്ക കിഴക്കും ഡെല്ലിയാലും കിഴക്ക അഗ്രായാലും മാൽവായാലും തെക്ക കിഴക്ക മാൽവായാലും തെക്ക ഗുജെറാത്തിനാലും കച്ചിനാലും പടിഞ്ഞാറ സിന്ധിനാലും അതുത്തിയാക്കപ്പെട്ടിരിക്കുന്നു.

പ്രധാന നഗരികൾ.—ഭാതനീർ എന്നും ബിഖാനീർ എന്നും നാഗോർ എന്നും യസൽമീർ എന്നും യോദപൂര എന്നും ജയപൂര എന്നും അജ്മീർ എന്നും ചിത്തോൻ എന്നും ഉദയപൂര എന്നും ബുന്ദി എന്നും കോട്ടാ എന്നും നീമക എന്നും ആകുന്നു.

ജയപൂര ഇന്ദ്യായിലുള്ളതിൽ മഹാ ഭംഗിയായിട്ടും ക്രമമായിട്ടും പണിയപ്പെട്ടിട്ടുള്ള ഒരു പട്ടണം ആകുന്നു. അതിലെ തെരുവുകൾ മിക്കതും കാഴ്ചെക്ക യൂറോപ്പിലുള്ള നഗരങ്ങൾക്ക ശരി ആകുന്നു.

അജ്മീർ എന്ന പട്ടണം ഒരു കോട്ട കെട്ടപ്പെട്ട കുന്നിന്റെ താഴെ ആകുന്നു. അത ഒരിക്കൽ ആ ദേശത്തിന്റെ തലസ്ഥാനവും വലിയതും വൽനവുമുള്ള നഗരമായിരുന്നു. ഇംഗ്ലീക്കാക്ക ഇവിടെ ഒരു കച്ചവടസ്ഥലം ഉണ്ടായിരുന്നു. മഹമ്മദകാരുടെ അധികാരം വെച്ച മഹാരാഷ്ട്രന്മാരുടെ അധികാരം തുടങ്ങിയ ഇടകൊണ്ട അതിന്ന മിക്കവാറും നാശം വന്നിരുന്നു. എന്നാൽ കുറച്ചുമാണ്ടിൽ അത ബ്രീത്തീക്ഷാക്ക വന്നതിൽ പിന്നെ അത അധികമായിട്ട നന്നായി ഇപ്പോൾ ബഹു മോടിയുള്ളതായി തീന്നിരിക്കുന്നു.

ചിത്തോർ ഏറിയ കാലം ഉദയപൂരിലെ തലസ്ഥാനമായിരുന്നു. അതിന്റെ ബലം കൊണ്ടും സമ്പത്തുകൊണ്ടും കേൾവിപ്പെട്ടും ഇരുന്നു. മഹമ്മദകാർ പലപ്പോഴും അതിനെ ജയിച്ചു. എങ്കിലും അവരുടെ സ്വന്തരാജ്യമായിട്ട ആകിയില്ല. അത ഇപ്പോഴും നല്ല പട്ടണം ആകുന്നു. അവിടെ നല്ല പണിയായിട്ടുള്ള അനേകം ക്ഷേത്രങ്ങളും മററ പണികളും വിശേഷാൽ ശിവനായിട്ട നുറ അടി പൊക്കത്തിൽ നന്നായി കൊത്തുപണി ചെയ്തായിട്ട വെള്ളക്കല്ലുകൊണ്ട രണ്ട ഗോപുരങ്ങളും ഉണ്ട. ഇന്ദ്യായിൽ മഹാ ശക്തിയുള്ള കോട്ടകൾ ഉള്ളതിൽ ഒന്ന ഇവിടെ പട്ടണത്തിന്റെ അരികെ നാലുനാഴിക നീളത്തിൽ ഒരു കിളന്നകുന്നിന്മേൽ നില്ക്കുന്നു.

ഉദയപൂര, ഇപ്പോഴത്തെ തലസ്ഥാനം ആകുന്നു. അത ഒരു പൊയ്കയുടെ മട്ടെയ്ക്ക ആകുന്നു. പൊയ്കയുടെ മൂന്ന ഭാഗവും കാട്ടം പാറയുമുള്ള കുന്നുകൾ ആകുന്നു. ഒരും പൊയ്കയുടെ വക്കത്തുള്ള രാജധാനി മുതലായവ ഒക്കെയും നന്നായി കൊത്തുപണി ചെയ്ത മാബ്ബൽകല്ലുകൾ കൊണ്ട ആകുന്നു. മാബ്ബൽ കൊണ്ടും പളുങ്കകൊണ്ടും ഉണ്ടാക്കുന്ന സ്വർഗ്ഗവണ്ടും കളിക്കോപ്പുമുതലായവയും ഇവിടെനിന്ന സമീപെ ഉള്ള ദേശങ്ങളിലേക്ക വില്പനായിട്ട കൊണ്ടുപോകയും ചെയ്യുന്നു.

പ്രധാന ആറുകൾ,—ചുംബൽ എന്നും ബന്നാസ്സ എന്നും ലൊനീ എന്നും ആകുന്നു.

ദേശ രൂപം.—അജ്മീറിന്റെ തെക്ക കിഴക്ക പ്രദേശം ഒട്ട ഫലമുള്ളതും നീരോട്ടമുള്ളതുമായ കുന്നുപ്രദേശം ആകുന്നു. പടിഞ്ഞാറോട്ടും വടക്കോട്ടും കുറെ അല്ലാതെ ഒകെയും കാനൽ പ്രദേശം ആകുന്നു. ംരം ദേശം മുഴുവനിലും ഒന്നുകിൽ തുരുതുരയുള്ള മണൽ എങ്കിലും അല്ലെങ്കിൽ തീരുമാനം വിളയാത്ത ഉപ്പുഭൂമി എങ്കിലുമെ ഉള്ളു. മണൽ ചിലടത്ത കാറ്റകൊണ്ട വലിയ കുന്നായിട്ടും ചിറയായിട്ടും അടിച്ച കേറ്റപ്പെടുന്നു. ംരം ചൂടുള്ള മണലിൽ എല്ലാ ഫലങ്ങളെകാളും വെള്ള മുള്ളവലിയ തണ്ണിമത്തെങ്ങാ പെരുപ്പമായിട്ട ഉണ്ടാകുന്നു. ഉഷ്ണകാലത്ത ംരം വനത്തിൽ ക്രൂടെ പോയാൽ മണലിനെ അടിച്ച കൊണ്ടവരുന്ന ചുഴലികാറ്റിനാൽ ശ്വാസം മുട്ടി ചത്തുപോകുന്ന അപകടം ഉണ്ട.

ഉത്ഭവങ്ങൾ.—ഇവിടെ കൃഷിയുള്ള ഭാഗത്ത കോതമ്പും യവവും നെല്ലും കരിമ്പും പഞ്ഞിയും നീലവും പുകയിലയും ഉണ്ടാകുന്നു. ബഹു ഒട്ടകങ്ങളും വലിയ മാതിരി കാളകളും ഉപ്പും ഇവിടെ അനവധി ഉണ്ട. ഉദയപൂരിൽ ചെമ്പും ംരംയവും ഗന്ധകവും ഇരിമ്പും ഉണ്ട.

വ. അഗ്രാ എന്ന ദേശത്തെ കുറിച്ച.

അതിരുകൾ.—ംരം ദേശത്തിന്റെ വടക്ക ഭാഗം ഡെല്ലിയാലും കിഴക്ക അയോധ്യയാലും അള്ളഹബാദിനാലും തെക്ക അള്ളഹബാദിനാലും മാൽവായാലും പടിഞ്ഞാറ അജ്മീറിനാലും അതുത്തിയാക്കപ്പെട്ടിരിക്കുന്നു.

ഗംഗയ്ക്കും യമുനായിക്കും ഇടയിലുള്ള പ്രദേശത്തിന്ന രണ്ട ആറുകൾ എന്ന അർത്ഥമാകുന്ന ദാബ എന്ന പരിവായിട്ട വിളിക്കപ്പെടുന്നു.

പ്രധാന നഗരികൾ.—നാന്തൽ എന്നും അനുപ്പഷ്ടർ എന്നും ഗ്ര എന്നും മത്രാ എന്നും അഗ്രാ എന്നും ട്ടൊൽപൂര എന്നും അത്താഷർ എന്നും അലിഗർ എന്നും കൊയിൽ എന്നും മൂസോം എന്നും സിക്രാ എന്നും ഫത്രാസ എന്നും ഫറക്കബാദ എന്നും ഫഥിഗർ എന്നും കന്യാകബ്ജം എന്നും മിൻപുരി എന്നും എടവെ എന്നും ബീലാം എന്നും ആൽവാർ എന്നും മക്കേരി എന്നും രാജഗർ എന്നും ടീഗ എന്നും ഭരത്പൂര എന്നും ബീയാനാ എന്നും ശ്രവാലിയൊർ എന്നും അന്തി എന്നും പെക്കോർ എന്നും നർവർ എന്നും ഭിന്ദ എന്നും ഗൊഹട്ട എന്നും ജാലോൻ എന്നും കാല്പി എന്നും ക്രഞ്ച എന്നും ആകുന്നു.

നാന്തൽ എന്ന പട്ടണം തുലോം പണ്ടെയുള്ളത ആകുന്നു. എന്നാൽ ഇപ്പോൾ അത്ര സാരമുള്ളത അല്ല.

മത്രാ തുലോം പണ്ടെയുള്ളതും ഇന്ദുമതക്കാരുടെ പുരാണങ്ങളിൽ ബഹു ശ്രുതിപെട്ടതായിട്ട പറഞ്ഞിരിക്കുന്നതും ആയവർ പുണ്യസ്ഥലമെന്ന വിചാരിച്ച വരുന്നതും പണ്ട യവനായ എഴുത്തുകാർ ഒരു വലിപ്പമുള്ള നഗരം എന്ന പറഞ്ഞിരിക്കുന്നതും ആകുന്നു. ംരം പട്ടണത്തിന്റെ ഇരിപ്പ നല്ലത എന്ന വിചാരിക്കയാൽ അത ഇപ്പോഴും പ്രധാനപ്പെട്ട പട്ടണമായി വിചാരിക്കപ്പെടുന്നു. അത ഏകദേശം കാശിക സമം ആകുന്നു. അനേകം കുരങ്ങുകളും മയിലുകളും ചെമ്പരുന്തു മുതലായ പക്ഷികളും ക്ഷേത്രങ്ങളിൽ ഉണ്ട. ഇന്ദുക്കാർ അവയെ ശുദ്ധമുള്ളവ എന്ന വിചാരിച്ച വരുന്നു.

അഗ്രാഎന്ന പട്ടണം മഹമ്മദ രാജ്യത്തിന്ന തലസ്ഥാനമായിരുന്നപ്പോൾ ഇന്ദ്യായിൽ മഹാ മോടിയുള്ള നഗരങ്ങളിൽ ഒന്നായിരുന്നു. എന്നാൽ രാജാസനം ദെല്ഹിയിൽ തന്നെ പിന്നെയും സ്ഥാപിക്കപ്പെടുക കൊണ്ട അതിന്ന അധികമായിട്ട താഴ്ച വരികയും ചെയ്തു. അത ഇപ്പോൾ തുലോം ക്ഷയിച്ചും ഇരിക്കുന്നു. അതിന്റെ മുമ്പിലത്തെ മോടിയെ കാണിക്കുന്നതായ ഏതാനും പണികൾ ഇപ്പോൾ കാണ്മാനുള്ളവയിൽ താജമഹാൽ എന്നത ഇന്ദ്യായിലുള്ളതിൽ ഒരു പണിയും അതിനോട ശരി ഇല്ലാത്ത പ്രകാരം ആസിയാമാതിരി പണികളിൽ വെച്ച മഹാ ഭംഗിയുള്ളതും തികഞ്ഞതുമായ മാതൃകയായിട്ട വിചാരിക്കപ്പെടുന്നു.

കന്യാകുബ്ജം എന്ന പട്ടണത്തിൽനിന്ന രണ്ട നാഴിക നീളത്തിൽ ഒരു തോട ഗംഗയിലോട്ട വീഴുന്നു. ഇന്ദുപുരാണത്തിൽ ആ പട്ടണം ബഹു ശ്രുതിയുള്ളതും മഹമ്മദകാർ അതിനെ പിടിപ്പാനായിട്ട ചെന്നപ്പോൾ അത അന്നുണ്ടായിരുന്ന ശക്തിയുള്ള ഒരു മഹാ രാജ്യത്തിന്ന തലസ്ഥാനവും ആയിരുന്നു. എന്നാൽ ഇപ്പോൾ ആ പണ്ടത്തെ ഇന്ദു നഗരത്തിന്റെ രേഖപോലും കാണ്മാനില്ല. ഇപ്പോൾ ഉള്ള പണികൾ ഒക്കെയും മഹമ്മദകാരായിട്ട ഉണ്ടാക്കിയതും പുത്തനും ആകുന്നു.

ഭൎത്തപൂര, ഭൎത്തപൂര രാജാവിന്റെ തലസ്ഥാനം ആകുന്നു. ൦രം സ്ഥലം ൧൮൫൭മതിൽ ഇംഗ്ലീഷകാർ അതിനെ പിടിപ്പാനായിട്ട നാലപ്രാവശ്യം ചെന്നാറെ ബഹു നഷ്ടത്തോടും കൂടെ മടങ്ങി പോന്ന സംഗതി വശാൽ ബഹു കേൾവിപ്പെട്ടതാകുന്നു. എന്നാൽ രാജാവ, വിരോധിയായി പാൎക്കുന്നതിന്ന ഭയപ്പെട്ടിട്ട കോട്ടയുടെ താക്കോലും കൊടുത്ത ഇംഗ്ലീഷ പാളയത്തിലേക്ക തന്റെ മകനെ പറഞ്ഞയച്ച കീഴടങ്ങി കൊള്ളുകയും ചെയ്തു.

കാല്പി എന്ന പട്ടണം ബഹു കുടിയാന്മാരുള്ളതും അധിക കച്ചവടമുള്ളതും ആകുന്നു. അവിടെ ഉണ്ടാക്കുന്ന കടലാസുകൾക്കായിട്ടും കല്ക്കണ്ടത്തിന്നായിട്ടും അത ശ്രുതിപെട്ടതും ആകുന്നു.

പ്രധാന ആറുകൾ.—ഗംഗയും യമുനായും ചുംബലും ആകുന്നു.

ദേശരൂപം.—൦രം ദേശം യമുനായുടെ വടക്കോട്ട സാമാന്യം ഒപ്പനിരപ്പുള്ളതും വെളിയായുള്ളതും ഏറിയ ഭാഗത്ത മരക്കാലില്ലാത്തതും ആകുന്നു. തെക്കോട്ടും പടിഞ്ഞാറോട്ടും കുന്നും കാടും ആകുന്നു. പലആറുകളും ഉണ്ട. എങ്കിലും മഴ പെയ്യെങ്കിലെ വെള്ളം മതിയാകുംവണ്ണം ഉള്ളു.

ക്ലൈമെട്ട.—ഉഷ്ണകാററ അടിക്കുമ്പോൾ ഉഷ്ണം ബഹു കടുപ്പവും കാട്ടുപ്രദേശങ്ങൾ സൌഖ്യമില്ലാത്തതും ആകുന്നു. മററുള്ള സമയങ്ങളിൽ സാമാന്യം ശീതോഷ്ണവും ചിലപ്പോൾ തണുപ്പും ഉള്ളതാകുന്നു.

ഉത്ഭവങ്ങൾ.—൦രം ദേശത്തിൽ നെല്ല ആറുകളുടെ സമീപത്ത ഒക്കെയും ഉണ്ടാകുന്നു, സാധാരണമായിട്ടുള്ളവ തിനയും യവവും മുതിരമുതലായ ധാന്യങ്ങളും ആകുന്നു. ഇവിടെ പഞ്ഞിയും നീലവും പുകയിലയും പഞ്ചസാരയും വെടിയുപ്പും ഉപ്പും ഉണ്ട. കന്നുകാലിയും ആടും നല്ല മാതി കുതിരകളും ഇവിടെ വളൎത്തപ്പെടുന്നു. കാട്ടുപ്രദേശങ്ങളിൽ അനേകം മയിലുകൾ ഉണ്ട. ൦രം നാട്ടുകാർ അവയെ ബഹു ഭക്തിയോടും കൂടെ വിചാരിച്ച വരുന്നു.

കൈവേലകൾ.—ഒരു മാതിരി കട്ടിയുള്ള തുണി ഇവിടെ ഉണ്ടാക്കുന്നു.

മതം.—ഇന്ദു മതവും മഹമ്മദ മതവും ആകുന്നു.

ൻ. അള്ളഹബാദ എന്ന ദേശത്തെ കുറിച്ച.

അതിരുകൾ.—ഈ ദേശത്തിന്റെ വടക്ക ഭാഗം അഗ്രായാലും അയൊധ്യയാലും വടക്കകിഴക്കും കിഴക്കും ബാഹാറിനാലും തെക്കഗുന്ദ്വാനായാലും മാൽവായാലും പടിഞ്ഞാറ മാൽവായാലും അതൃത്തിയാക്കപ്പെട്ടിരിക്കുന്നു.

പ്രധാന നഗരികൾ.—കാൻപൂര എന്നും ഫഥിപൂര എന്നും ഖറഎന്നും ഷാസദബാദ എന്നും അള്ളഹബാദ എന്നും മനിക്കപൂര എന്നും മഹോൽ എന്നും അസിഗ്ഗർ എന്നും മോവ എന്നും ജ്രൂവാൻപൂര എന്നും ചുനാർ എന്നും ബെനാരെസ എന്നും ഘാസിപൂര എന്നും മെസ്പൂര എന്നും ദിത്തിയാ എന്നും ജാൻസി എന്നും ഖീത്താ എന്നും ബാന്ദാ എന്നും ഖല്ലിൻജെർ എന്നും ചത്തർപൂര എന്നും പന്നാ എന്നും മല്ലോൻ എന്നും ഹത്താ എന്നും ദൌരി എന്നും റീവാ എന്നും ആകുന്നു.

കാൻപൂര എന്നത, ഗംഗയുടെ പടിഞ്ഞാറെ ഭാഗത്ത ആകുന്നു. അവിടെ ഗംഗയ്ക്ക ഒരു നാഴികയിൽ അധികം വീതി ഉണ്ട. ഇത ഒരു പുതിയ പട്ടണവും ആ ദേശത്തിൽ സൈന്യം കിടക്കുന്ന പ്രധാന സ്ഥലങ്ങളിൽ ഒന്നും ആകുന്നു. അത കാരണത്താൽ അത്രെ അതിന്ന വലിപ്പം വന്നിരിക്കുന്നത. അതിന്ന സമീപെയുള്ള പറമ്പുകളിൽ മുന്തിരിങ്ങായും പയറും യൂറോപ്പിലെ പോലെ മററ ഫലമൂലാദികളും അനവധിയായിട്ട ഉണ്ടാകുന്നു.

അള്ളഹബാദ, ഈ ദേശത്തിന്റെ പ്രധാന നഗരം ആകുന്നു. അത യമുനായും ഗംഗയും കൂടെ ഒന്നിച്ച കൂടുന്നിടത്ത പണിയിക്കപ്പെട്ടിരിക്കുന്നു. അവിടത്തെ കോട്ട വലിയതും നല്ല ബലമുള്ളതും മേലെ സംസ്ഥാനങ്ങൾക്കുള്ള പ്രധാന പടശാലയായിട്ട ഇംഗ്ലീഷകാരാൽ സൂക്ഷിക്കപ്പെട്ടിരിക്കുന്നതും ആകുന്നു. ഇന്ദുക്കാർ അള്ളഹബാദിനെ ഭാത്തപ്രായഗ എന്നൊ പ്രായഗ എന്ന തനിച്ചൊപേർ വിളിക്കുന്നു. ഇവിടെ തീൎത്ഥയാത്രക്കാർ അധികമായിട്ട വരത്ത പോക്ക ഉണ്ട. ഇവരിൽ ചിലർ മേൽപറഞ്ഞ ആറുകൾ തമ്മിൽ കൂടുന്നിടത്ത സ്വമേധയായിട്ട ചാടി കുടിച്ച ചാകുന്നത കൂടെ കൂടെ നടപ്പാകുന്നു. പ്രായഗ എന്ന വാക്കിന്നരണ്ടൊ അധികമൊ ശുദ്ധമുള്ള ആറുകൾ ഒരുമിച്ച കൂടുന്നിടംഎന്ന അൎത്ഥം ആകുന്നു.

ജ്രൂവാൻപൂര, മുമ്പിൽ അധിക വലിപ്പമുള്ള സ്ഥലമായിരുന്നു. അവിടെ പണി വിശേഷംകൊണ്ടും ഉറെപ്പുകൊണ്ടും കേൾവിപ്പെട്ടിരിക്കുന്ന ഒരു പാലം ഉണ്ട. അത ഇപ്പോഴും നല്ല ബലമുള്ളതാകുന്നു.

ബെനാരെസ ഇന്ദുസ്താനിൽ മഹാവലിയതും ജനപ്പെരുപ്പമുള്ളതായ ഒരു പട്ടണം ആകുന്നു. അവിടത്തെ ജനങ്ങൾ ഇന്ദ്യായിൽ എല്ലാവിടത്തുനിന്നും വന്ന പാൎക്കുന്ന നാനാജാതിക്കാരും ബഹു തുൎക്കിക്കാരും താൎത്തറിക്കാരും പാർസിക്കാരും അൎമ്മെനായക്കാരും ഉൾപ്പടെ ഏഴ ലക്ഷം ആളുകളിൽ കുറകയില്ലെന്ന മതിക്കപ്പെട്ടിരിക്കുന്നു. എന്നാൽ ആനഗരം

തുലോം മോശമായി പണിചെയ്യപ്പെട്ടിരിക്കുന്നു. തെരുവുകൾ ഏററം ഇടുക്കായുള്ളവയും നഗരം മുഴുവനും ബഹു അഴുക്കായുള്ളതും ആകുന്നു. ഇന്ദുക്കാർ ഇതിനെ കാശി എന്ന പേർ പറഞ്ഞ വരുന്നു. ബ്രാഹ്മണരുടെ കെട്ടകഥയിൽ പറയുന്നത എന്തെന്നാൽ അത മുമ്പെ സ്വർണ്ണം കൊണ്ട ഉണ്ടാക്കപ്പെട്ടിരുന്നു. എന്നാൽ മനുഷ്യരുടെ ദുഷ്ടത കൊണ്ട, കല്ലായി പിന്നെ മണ്ണും ചെററയുമായിട്ട തീർന്നിരിക്കുന്നു. ൦൦ം നഗരത്തിന്ന പത്ത നാഴിക ചുററുമുള്ള ദേശം പുണ്യസ്ഥലം എന്ന ഇന്ദുക്കാർ വിചാരിക്കയും അനേകം തീർത്ഥയാത്രക്കാർ വന്ന കൂടുകയും ചെയ്യുന്നുണ്ട. താനെ വന്നുകാണ്മാൻ വഹിയാത്ത ദൂരദേശത്തുള്ള പ്രധാനികൾ അവർക്ക വേണ്ടി ആൾപ്പേരായിട്ട അവരുടെ പാപങ്ങളെ കഴുകികളവാൻ ഇവിടെക്ക അവരുടെ പേർക്ക ആളുകളെ പറഞ്ഞയച്ച വരുന്നുണ്ട. അത ഒരു വലിയ കച്ചവടസ്ഥലവും ബന്ദൽഖന്ദിൽനിന്ന പ്രധാനമായിട്ട വരുന്ന വൈരക്കല്ല മുഖ്യമായിട്ട വില്ക്കുന്നിടവും ആകുന്നു.

ഗാസിപൂര വലിയതും ജനപ്പെരുപ്പവുമുള്ള പട്ടണം ആകുന്നു. ഇവിടെ ഉണ്ടാക്കുന്ന പനിനീരിനായിട്ട കേൾവിപ്പെട്ടും ഇരിക്കുന്നു. ഒന്നാം തരത്തിൽ ബഹു കുതിരകൾ ഗവൺമെന്ത ലായത്തിൽ വളർത്തപ്പെട്ടവരുന്നു.

മെസ്പൂര വലിപ്പവും വർദ്ധനവുമുള്ള പട്ടണവും നല്ലവണ്ണം പണിയപ്പെട്ടതും ജനപ്പെരുപ്പമുള്ളതും ആകുന്നു. ഇവിടെ ഉൾക്കരെ കച്ചവടം പെരുത്ത ഉണ്ട. അത ദേശത്തിലെ പഞ്ഞിവില്ക്കുന്ന പ്രധാനസ്ഥലവും ആകുന്നു. ഇവിടെ ഉണ്ടാക്കുന്ന പരവിധാനികൾക്കായിട്ടും പഞ്ഞികൊണ്ട ഉണ്ടാക്കുന്ന വസ്തുക്കൾക്കായിട്ടും അത ശ്രുതിപ്പെട്ടതാകുന്നു.

പന്നാ എന്ന പട്ടണത്തിൽ അനേകം ഭംഗിയുള്ള ക്ഷേത്രങ്ങൾ ഉണ്ട. അത വൈരക്കല്ലവിളയുന്ന തുരങ്കങ്ങൾക്കായിട്ട ശ്രുതിപെട്ടും ഇരിക്കുന്നു.

പ്രധാന ആറുകൾ.—ഗുമ്ത്തി എന്നും ഗംഗ എന്നും യമുനാ എന്നും തൊൻസാ എന്നും ബെതുവാ എന്നും ആകുന്നു.

ദേശ രൂപം.—൦൦ം ദേശം ഇന്ദ്യായിൽ മഹാ വളവും വിളവുമുള്ളവയിൽ ഒന്ന ആകുന്നു. ഗംഗയുടെയും യമുനായുടെയും സമീപത്തുള്ള പ്രദേശങ്ങൾ നിരപ്പും ഫലവുമുള്ളവ ആകുന്നു.

ഉത്ഭവങ്ങൾ.—കോതമ്പും യവവും നെല്ലും ചോളവും മററ ധാന്യങ്ങളും കറുപ്പും പഞ്ചസാരയും നീലവും പഞ്ഞിയും ചണവും ആകുന്നു. മലപ്രദേശങ്ങളിൽ ചായം ഉണ്ടാക്കുന്ന വസ്തുക്കളും പശകളും ഇരിമ്പും ഉണ്ട. ചിലപ്പോൾ വലിയമാതിരി വൈരക്കല്ലുകൾ ബന്ദൽഖന്ദിലെ പന്നാ എന്ന പട്ടണത്തിൽ എടുപ്പാൻ ഉണ്ട. ബെനാരെസിലെ പ്രദേശങ്ങളിൽ വലിയ കല്ലുവെട്ടാങ്കുഴികൾ ഉണ്ട. ഗുമ്ത്തിയുടെയും ഗംഗയുടെയും ഇടയിൽ കറാ മുതൽ ബെനാരെസ വരെയുള്ള ദിക്കിൽനിന്ന അനവധി കാരം എടുത്തുവരുന്നു.

കൈവേലകൾ.—൦൦ം ദേശം ഏറിയ കാലമായിട്ട പഞ്ഞികൊണ്ട ഉണ്ടാക്കുന്ന വേലകൾക്ക ശ്രുതിപ്പെട്ടിരിക്കുന്നു. വിശേഷാൽ സാലുവാകൾക്കും കസവിട്ട പൂപ്പട്ടുകൾക്കും ആയിക്കൊണ്ടാകുന്നു. പ

രവിധാനികളും കട്ടിയുള്ള കമ്പിളികളും ഇവിടെ ഉണ്ടാക്കപ്പെടുന്നുണ്ട.

മതം.—ഇന്ദു മതവും മഹമ്മദ മതവും ആകുന്നു.

൧൦. സിന്ധ എന്ന ദേശത്തെ കുറിച്ച.

അതിരുകൾ.—ഈ ദേശത്തിന്റെ വടക്ക ഭാഗം അപ്പ്രാനിസ്താനാലും മൂൽതാനാലും കിഴക്ക അജ്മീറിനാലും തെക്ക കുച്ചിനാലും സമുദ്രത്താലും പടിഞ്ഞാറ ബെലൂചസ്താനാലും അതൃത്തിയാക്കപ്പെട്ടിരിക്കുന്നു.

പ്രധാന അംശങ്ങൾ.—മേലത്തെ സിന്ധ എന്നും താഴത്തെ സിന്ധ എന്നും ആകുന്നു.

പ്രധാന നഗരികൾ.—ശിക്കാപൂര എന്നും സഖർ എന്നും ബഖർ എന്നും രോരി എന്നും ഖിർപൂര എന്നും ലക്ഷ്മാന എന്നും സെഹ്വൻ എന്നും ഹൈദ്രബാദ എന്നും ഒമെർകോട്ട എന്നും താത്താ എന്നും കുരാച്ചി എന്നും മീയർപൂര എന്നും ആകുന്നു.

ഹൈദ്രബാദ എന്ന പട്ടണം ഈ ദേശം മുഴുവന്റെയും ഇപ്പോഴത്തെ തലസ്ഥാനവും മുമ്പിൽ പ്രധാന * അമീർ വസിച്ചിരുന്നിടവും ആകുന്നു. അത ഇന്ദസ്സിന്റെ ഒരു കൈവഴിയായ ഫുലാലി എന്ന ആററമട്ടെക്ക നില്ക്കുന്നു. അവിടെ വച്ച ബ്രിത്തീഷരസിദെന്തിനെ ആ നാട്ടുകാർ എതൃത്തതിനാലും പിന്നീട ബ്രിത്തിഷകാരും മിയർപൂരിലെ അമീറിന്റെ സേനയുമായിട്ട യുദ്ധം ഉണ്ടായി അതിൽ വെച്ച അമീറിന്ന ൨൦൦൦ ആളുകൾ ഉണ്ടായാറെയും അതിലും കുറെ സേനയോടും കൂടെ സേർ, ചാല്സനപ്യർ അവനെ തോല്പിച്ചതിനാലും ആ പട്ടണത്തിന്ന ഈ ഇടെക്ക കേൾവിവന്നിരിക്കുന്നു. അവിടെ ആയുധവൎഗ്ഗങ്ങളെ ഉണ്ടാക്കുന്നവരുടെയും തൊകലിൽ ചിത്രവേലചെയ്യുന്നവരുടെയും കൈവേല വിശേഷമുള്ളതാകുന്നു.

താത്താ എന്ന സിന്ധിയുടെ പണ്ടത്തെ തലസ്ഥാനമായിരുന്ന പട്ടണം യവനായക്കാർ പത്തലാ എന്ന പറഞ്ഞിരിക്കുന്നത ആകുന്നു. എന്ന തോന്നുന്നു. അത മഹമ്മദകാർ പിടിച്ചതിന മുമ്പിൽ ബഹു സാരമുള്ള സ്ഥലം ആയിരുന്നു. അത മഹമ്മദ മഹാ രാജ്യം ഇരുന്നപ്പോൾ ഒക്കെയും വലിയ കച്ചവടസ്ഥലമായിട്ട കേൾവിപ്പെട്ടും അവിടെ ഉണ്ടാക്കുന്ന പട്ടുകൾക്കായിട്ട ശ്രുതിപ്പെട്ടും ഇരുന്നു. അതിൽ പിന്നെ അതിന്ന തുലോം ഇടിവായി പോയി. എന്നാൽ പടിഞ്ഞാറെ ദേശങ്ങളിലെ അനേകം ഇന്ദുക്കാർ ബെലൂചിസ്താനിൽ ഹിങ്ങലാജ്ജ എന്ന അധികം ആൾ കൂടുന്ന പുണ്യസ്ഥലത്തിലെക്ക പോകുന്ന പെരുവഴിയിൽ അത ആകകൊണ്ട ഇപ്പോഴും ജനങ്ങൾ അവിടെ ചെല്ലുന്നുണ്ട.

കുരാച്ചി എന്ന പട്ടണം ഇന്ദസ്സ എന്ന ആററിന്റെ പടിഞ്ഞാറെ അററത്തെ മുഖപ്പിങ്കലുള്ള ഒരു തുറമുഖം ആകുന്നു. അത ഇപ്പോൾ ബ്രിത്തിഷകാൎക്ക ആകുന്നു. അതിന്റെ ഇരിപ്പ കൊണ്ട അത കച്ചവടം ഇടപെട്ടും സൈന്യം ഇടപെട്ടും ബഹു സാരമുള്ളത ആകുന്നു.

---

* അമീർ എന്ന വാക്കിന്റെ അൎത്ഥം കൎത്താവ എന്ന ആകുന്നു.

പ്രധാന ആറുകൾ.—ഇന്ദസ്സും അതിന്റെ പല കൈവഴികളും ആകുന്നു.

ദേശ രൂപം.—ഇന്ദസ്സിന്റെ കിഴക്ക വശത്തുള്ള പ്രദേശം മിക്കവാറും നല്ല സമ ഭൂമിയും ആററിനോട അടുത്ത ഇടമല്ലാതെ ഏറയും മരുഭൂമിയും ആകുന്നു. ഇന്ദസ്സിന്റെ പടിഞ്ഞാറെ വശത്ത അങ്ങിനെ അല്ല. പടിഞ്ഞാറേയും വടക്കെയും അതൃത്തികൾ മല ആകുന്നു.

ക്ലൈമെട്ട.—മേലത്തെ സിന്ധിലെ ക്ലൈമെട്ട ശീതോഷ്ണമായിട്ടുള്ളതാകുന്നു. താഴത്തെ സിന്ധിലേത അത്യുഷ്ണവും ശരീരസൌഖ്യത്തിന്നതുലോം കൊള്ളരുതാത്തതും ആകുന്നു.

ഉത്ഭവങ്ങൾ.—മേലത്തെ സിന്ധിയിൽ കോതമ്പും യവവും മററ ധാന്യങ്ങളും താഴത്തെ സിന്ധിൽ നെല്ലും കരിമ്പും നീലവും വെടിയുപ്പും പൎപ്പടക്കാരവും ആകുന്നു. ആടുമാടുകൾ അനവധി ഉണ്ട. ഒന്നാന്തരമായിട്ടുള്ള കുതിരകളും ഒട്ടകങ്ങളും അല്പമായിട്ട വളൎത്തുന്നുണ്ട.

മതം.—മഹമ്മദ മതം ആകുന്നു.

൧൧. കുച്ച എന്ന ദേശത്തെ കുറിച്ച.

അതിരുകൾ.—ഈ ദേശത്തിന്റെ വടക്ക ഭാഗം അജ്മീറിനാലും കിഴക്ക ഗുജെറാത്തിനാലും തെക്ക സമുദ്രത്താലും പടിഞ്ഞാറ ഇന്ദസ്സിന്റെ കിഴക്കെ അററത്തെ കൈവഴിയായ ലോനീ എന്ന പറയപ്പെടുന്ന ആററ കൈവഴിയാലും അതൃത്തിയാക്കപ്പെട്ടിരിക്കുന്നു.

പ്രധാന നഗരികൾ.—ലഖവതഖന്ദർ എന്നും കോറാ എന്നും ഭൂജ്ജ എന്നും അൻജാർ എന്നും മന്ദാവൈ എന്നും ആകുന്നു.

ഭൂജ്ജ എന്ന പട്ടണം ആ ദേശത്തിന്റെ തലസ്ഥാനവും പുത്തനും ആകുന്നു. അത ഒട്ടനല്ലവണ്ണം പണിയിക്കപ്പെട്ടിരിക്കുന്നു. അതിൽഏക ദേശം ൨൦൦൦ ജനങ്ങൾ പാൎക്കുന്നുണ്ട. അവരിൽ പൊന്നുകൊണ്ടും വെള്ളികൊണ്ടുമുള്ള വേലകൾക്ക മിടുക്കുള്ള നല്ല തൊഴിലുകാർ ഉണ്ട. ൦രം പട്ടണം ൧൮൫൯ മത മിഥുനമാസത്തിൽ ഏററവും കഠിനമായുള്ള ഭൂകമ്പത്താൽ മിക്കവാറും നശിക്കപ്പെട്ട പോയി.

മന്ദാവൈ എന്ന പട്ടണം ൦രം ദേശത്തിലെ പ്രധാന തുറമുഖവും തെക്കെ സമുദ്രതീരത്തിങ്കലും ആകുന്നു. ഇവിടെ ഒട്ട നല്ല ഒരു അഴിമുഖം ഉണ്ട. ഇത ഇന്ദ്യായുടെ പടിഞ്ഞാറെ ഭാഗത്തോടും സിന്ധിനോടും അറാബിയയോടും അഫ്രിക്കയോടും ബഹു കച്ചവടവുമുള്ള ഒരു സ്ഥലം ആകുന്നു. എന്നാൽ ഇവിടെ കൊള്ളാകുന്നതിൽ ഒരു കൈവേലയും ഇല്ല. അത കുച്ചിൽ ഉള്ളതിലേക്കും ജനപെരുപ്പമുള്ള പട്ടണം ആകുന്നു. ൩൫൦൦൦ കുടിയാന്മാർ ഉള്ളതിൽ മിക്കവരും ഭാതിമാരും ബന്യാന്മാരും ബ്രാഹ്മണരും ഏതാനും മഹമ്മദകാരും മററുള്ളവരും ആകുന്നു.

പ്രധാന ആറുകൾ.—൦രം ദേശത്തിന്റെ പടിഞ്ഞാറെ അതൃത്തിയിൽ കൂടി ഒഴുകുന്ന ലോനീ ഒഴികെ അവിടെ ആറ ഇല്ല. മഴക്കാലത്തെ പല വരട്ടാറുകൾ ഉണ്ട. എന്നാൽ മഴ നിന്നാൽ ഉടൻ തന്നെ അവയുടെ ചാലുകൾ സാമാന്യമായിട്ട വറണ്ട പോകുന്നു.

ദേശ രൂപം.—ഈ ദേശത്തെ രണ്ട ഭാഗമായിട്ട പകുക്കപ്പെടാം ഒരു ഭാഗം ഏറിയ വിസ്താരത്തിൽ രന്ന എന്ന പേരായിട്ടുള്ള ഉപ്പ ഊറലുള്ള നിലം ആകുന്നു. മററെ ഭാഗം മലപ്രദേശവും ചുററും ഉപ്പ ഭൂമിയും സമുദ്രവും ഉള്ളത ആകുന്നു.

ഉത്ഭവങ്ങൾ.—ഈ ദേശം വെള്ളചുരുക്കം കൊണ്ടും ഉള്ള വെള്ളം ഉപ്പ ആകകൊണ്ടും ഭൂമി പാറ എങ്കിലും മണൽ എങ്കിലും ആകകൊണ്ടും വിളയുന്നത അല്ല. ആകയാൽ അതിൽ ഉത്ഭവങ്ങളും കുറയും പ്രധാനമായിട്ടുള്ളത പഞ്ഞി ആകുന്നു. അത കൊടുത്തും വെച്ച സിന്ധിൽ നിന്നും മററ ദേശങ്ങളിൽനിന്നും പകരമായിട്ട ധാന്യം വാങ്ങിക്കുന്നു. എന്നാൽ ആ ദേശത്തിലെ കുതിരകൾ ഇന്ദ്യായിൽ ഉള്ളതിലെക്കും നന്ന എന്ന വിചാരിക്കപ്പെടുന്നു. ഒട്ടകങ്ങളും ആടുകളുംനന്നായി വളൎത്തപ്പെടുന്നു. എന്നാൽ കന്നുകാലി നല്ല തരമുള്ളവ അല്ല. ഇരിമ്പും പടിക്കാരവും ഒരു മാതിരി കല്ക്കരിയും പല സ്ഥലങ്ങളിൽനിന്നും എടുപ്പാനുണ്ട. ഈന്തവൃക്ഷങ്ങൾ ചിലപ്രദേശങ്ങളിൽ ഉണ്ട. നല്ല മാതിരി ഈന്തപ്പഴം ഉണ്ടാകുന്നു. എന്നാൽ സമുദ്രതീരത്തിങ്കൽ തന്നെയും തെങ്ങ പ്രയാസത്തോടെ ഉണ്ടാകുന്നുള്ളു. അവിടെ ഉപ്പ എടുപ്പാൻ ഉണ്ട. അവിടെ ഇണക്കമുള്ളകഴുതയെക്കാളും തുലോം വലിപ്പവും ബലവുമുള്ള കാട്ടുകഴുതകൾ ഉണ്ട. ബഹു ചുറുക്കുള്ളവ ആകുന്നു. എങ്കിലും ബഹു കടുപ്പമുള്ളവയും ഒട്ടും തന്നെ ഇണങ്ങാത്തവയും ആകുന്നു. അവയെ ചിലപ്പോൾ കുഴിയിൽ അകപ്പെടുത്തി പിടിക്കുന്നു. എന്നാൽ ഒരിക്കലും ഇണങ്ങീട്ടില്ല. അവയുടെ ഇറച്ചി തിന്നുന്നതിന്ന നല്ലത എന്ന വിചാരിക്കപ്പെടുന്നു.

മതം.—ഇന്ദുമതവും മഹമ്മദ മതവും ആകുന്നു.

൧൨. ഗുജെറാത്ത എന്ന ദേശത്തെ കുറിച്ച.

അതിരുകൾ.—ഗുജെറാത്തിന്റെ വടക്ക ഭാഗം കുച്ച എന്ന കടൽ കൈവഴിയാലും വടക്കുകിഴക്ക അജ്മീർ എന്ന ദേശത്താലും കിഴക്ക മാൽവാ എന്നും കാൻഡെഷ എന്നുമുള്ള ദേശങ്ങളാലും തെക്ക ഓറങ്ങബാദ എന്ന ദേശത്താലും സമുദ്രത്താലും പടിഞ്ഞാറ, സമുദ്രത്താലും അതൃത്തിയാക്കപ്പെട്ടിരിക്കുന്നു.

പ്രധാന നഗരികൾ.—ദീസാ എന്നും പാൽഹൻപൂര എന്നും രാധൻപൂര എന്നും പത്തൻ എന്നും എദേർ എന്നും ദൂങ്ങർപൂര എന്നും ബാൻസാരാ എന്നും പാശ്രി എന്നും ബെജപൂര എന്നും നവനാഗ എന്നും പൂൎബന്ദർ എന്നും യൂനാഗർ എന്നും പത്തൻസോമ്നാത എന്നും ദിയു എന്നും അഹ്മെദബാദ എന്നും കെയിറ എന്നും കവപഞ്ച എന്നും കാംബെ എന്നും ഭൌനാഗർ എന്നും ഗോഗൊ എന്നും സൂന്ത എന്നും ലണവാരാ എന്നും ബാൎയ്യാ എന്നും ചമ്പാനീർ എന്നും ബരോദ എന്നും ചാന്ദോദ എന്നും ജംഭോസീർ എന്നും ബാറോക്ക എന്നും നാന്ദോദ എന്നും രാജപീപ്ലാ എന്നും സൂറാത്ത എന്നും സഖീൻ എന്നും ബത്സാർ എന്നും ദാമാൻ എന്നും ആകുന്നു.

പത്തൻസോമ്നാത, ഇന്ദുക്കാർ തീൎത്ഥയാത്രക്കായിട്ട പോകുന്ന കീൎത്തിപെട്ട സ്ഥലം ആകയാൽ ശ്രുതിപെട്ടതാകുന്നു. അവിടെ പണ്ട ഒ

രു ക്ഷേത്രത്തിൽ കേൾവിപ്പെട്ടതായിട്ട ഒരു വിഗ്രഹം ഉണ്ടായിരുന്നു. ഘുസ്നിക്കാരൻ മഹമ്മദ ആ ക്ഷേത്രത്തിൽ ദ്രവ്യം ഉണ്ടെന്ന കേട്ട മോഹിച്ച അതിനെ വളഞ്ഞ പിടിച്ചു. വിഗ്രഹത്തെ നശിപ്പിക്കുന്നതിന ഭാവിച്ചപ്പോൾ അതിനെ തിരികെ കൊടുത്താൽ ബഹു ദ്രവ്യം കൊടുക്കാമെന്ന ബ്രാഹ്മണർ അപേക്ഷിച്ച പറഞ്ഞു. എന്നാൽ മഹമ്മദ അവരുടെ അപേക്ഷകൾക്ക ചെവികൊടുത്തില്ല. വിഗ്രഹത്തെ തല്ലിപൊട്ടിച്ചാറെ മഹമ്മദകാർ ആഗ്രഹിച്ചത പോലെ അനവധി വില ഏറിയ രത്നങ്ങളും നാണയങ്ങളും അതിനകത്ത മറെച്ച വെച്ചിരുന്നവയെ കണ്ടു. വിഗ്രഹം ബ്രാഹ്മണരുടെ ഭണ്ഡാരം ആയിരുന്നത കൊണ്ട അവക്ക അതിനോട അത്ര വലിയ താല്പൎയ്യം കാണിക്കുന്നതിന്ന സംഗതി ഉണ്ടായി.

ദിയു ഗുജെറാത്തിന്റെ തെക്കെ അററത്ത ഒരു ചെറിയ ദ്വീപ ആകുന്നു. ൧൭൧൭മതിൽ പൊൎത്തഗീസകാർ അതിനെ പിടിച്ചു. അവക്ക അധികാരം ഉണ്ടായിരുന്നതകൊണ്ട അപ്പോൾ ഒക്കെയും അത വലിയ കച്ചവടസ്ഥലം ആയിരുന്നു. എന്നാൽ അത ഇപ്പോൾ ഒട്ടും സാരമുള്ളത അല്ല.

അഹ്മെദബാദ, ആ ദേശത്തിൽ മഹമ്മദകാൎക്കുണ്ടായീരുന്ന തലസ്ഥാനവും ഇന്ദ്യായുടെ ആ ഭാഗത്തുള്ളതിൽ ബഹു ദ്രവ്യം ഉള്ളതും കച്ചവടം ഉള്ളതുമായിരുന്നു. എന്നാൽ ആ ദേശം മഹാരാഷ്ട്രകന്മാരുടെ കീഴിൽ ആയാറെ അതിന്ന ഏകദേശം നാശം വന്നുപോയി എന്നാൽ പിന്നത്തേതിൽ തുലോം നന്നായിരിക്കുന്നു.

കാംബെ എന്ന പട്ടണം കാംബെ എന്ന കടൽ കൈവഴിയുടെ തലയ്ക്കൽ ഉള്ള ഒരു തുറമുഖം ആകുന്നു. അത ഒരു പഴയ പട്ടണവും മുമ്പിൽ അധിക കച്ചവടം നടപ്പ ഉണ്ടായിരുന്നതും ആകുന്നു.

ചാന്ദോദ എന്ന പട്ടണം പുണ്യസ്ഥലമായിട്ട ബഹു ഭക്തിയോടെ ഇന്ദുക്കാരാൽ വിചാരിക്കപ്പെടുന്നത ആകുന്നു.

സൂറാത്ത, രാമായണത്തിൽ പറയപ്പെടുന്നതിൽ ഇന്ദുസ്താനിൽ ഒരു പഴയ പട്ടണം ആകുന്നു. ഗ്രഡ്ഡോപ്പ എന്ന മുനമ്പ വഴിയായി ഇന്ദ്യായിലേക്ക വരുവാൻ അറിഞ്ഞതിന്റെ ശേഷം സൂറാത്ത യൂറോപ്പകാരുടെ കച്ചവടക്കപ്പൽ വരത്തപോക്കുള്ള സ്ഥലമായി തീൎന്നു. യൂറോപ്പിലുള്ള പല ജനങ്ങൾക്കും അവിടെ കച്ചവടശാലകൾ ഉണ്ടായിരുന്നു. എന്നാൽ പിന്നീട സൂറാത്തിലെ കച്ചവടം മററ തുറമുഖങ്ങൾക്ക വിശേഷത വരികകൊണ്ടും സൂറാത്തിലെ കൈവേലകൊണ്ട അത്ര ആവശ്യം ഇല്ലാഞ്ഞതകൊണ്ടും തുലോം ഇടിഞ്ഞ തീൎന്നു. അത ഇപ്പോൾ ഗുജെറാത്തിന്റെ തലസ്ഥാവും പ്രധാനബ്രിത്തിഷ്ക അധികാരികളുടെ ഇരിപ്പിടവും ആകുന്നു ആ പട്ടണം വലിയതാകുന്നു എങ്കിലും വിരൂപമായിട്ടും തില്പായിട്ടും പണിയപ്പെട്ടിരിക്കുന്നു.

പ്രധാന ആറുകൾ.—ബാണാസ എന്നും സുബ്രമത്തി എന്നും മഹി എന്നും നൎബുദ എന്നും തുപ്തീ എന്നും ആകുന്നു.

ദേശ രൂപം.—ംരം ദേശത്തിന്റെ വടക്കേതും തെക്കേതുമായ ഭാഗങ്ങൾ മലപ്രദേശവും കാടുപിടിച്ചതും ആകുന്നു. നടുവ സാമാന്യം നീരോട്ടമുള്ളതും തെളിഞ്ഞതും വിളവുള്ളതുമായ മൈതാനം ആകുന്നു.

ഉത്ഭവങ്ങൾ.—കോതമ്പും നെല്ലും മറ്റ ധാന്യങ്ങളും പഞ്ഞിയും വക്കും നീലവും കറുപ്പും പഞ്ചസാരയും തേനും വെടിയുപ്പും പല മാരിരി എണ്ണയുള്ള വിത്തുകളും കുതിരകളും ഒന്നാന്തരം കന്നുകാലികളും തൊകലും തടികളും ആകുന്നു. രാജപീപ്ലാ എന്ന പട്ടണത്തിൽ ചുവപ്പു രത്നങ്ങൾ എടുക്കുന്ന തുരങ്കങ്ങൾ ഉണ്ട യാസ്റ്റെർ എന്നും അഗെസ്സ എന്നും രണ്ടുവക രത്നങ്ങൾ ഏദേർവരായിൽനിന്നും മറ്റ മല പ്രദേശങ്ങളിൽനിന്നും എടുത്തുവരുന്നു. കാദിവാഡ എന്ന പട്ടണത്തിൽ ഇന്നുകാർ നെറ്റിമേൽ കുറിയിടുന്ന വെളുത്ത ഗോവിമണ്ണ പെരുത്ത ഉണ്ട. രന്ന എന്ന ഉപ്പ പൊയ്കയിൽനിന്ന അനവധി ഉപ്പ എടുക്കുന്നുണ്ട

കൈവേലകൾ.—അവിടത്തെ പ്രധാനമായിട്ടുള്ള കൈവേല പഞ്ഞികൊണ്ടുള്ള ഒരു വക കട്ടിയുള്ള തുണികളും ചവൽക്കാരവും ആകുന്നു.

മതം.—ഇന്നു മതവും മഹമ്മദ മതവും ആകുന്നു. മേല്പറഞ്ഞ ക്രൂട്ടുകാർ ഒക്കെയും സാമാന്യം ഇന്നുമതക്കാർ എന്ന പറഞ്ഞവരുന്നു. എന്നാൽ അവർ ആ ശാസ്ത്രത്തെ കുറിച്ച ഏറെ ഒന്നും അറിയുന്നില്ല. അവർ സൂര്യവന്ദനകാർ ആകുന്നു. ജയിന്മാർ വളരെ ഉണ്ട.

വിശേഷാദികൾ.—ആ ദേശത്തിലെ കുടിയാന്മാർ പലമാതിരി ക്രൂട്ടുകാർ ആകുന്നു. പ്രധാനമായിട്ടുള്ളവ ജനിജാസ എന്നും രാജപുത്തകാരുടെ മറ്റ ഗോത്രക്കാർ എന്നും ജത്തന്മാർ എന്നും കാത്തികൾ എന്നും ക്രൂലികൾ എന്നും ഭീലന്മാർ എന്നും ബന്യന്മാർ എന്നും പാർസികാർ എന്നും ബോരാന്മാർ എന്നും സിദ്ധിമാർ എന്നും ഭാത്തമാർ എന്നും ഗ്രാസിയാമാർ എന്നും മഹരാഷ്ട്രന്മാർ എന്നും ആകുന്നു.

കാത്തികൾ, അവരുടെ സ്വന്ത പുരാണം പറയുന്ന പ്രകാരം ഇന്നു ഉത്ഭവക്കാർ ആകുന്നു. അവർ ഉണ്ടായ നാൾ മുതൽ അവരുടെ തൊഴിൽ മോക്ഷണം ആകുന്നു. അവരെ ഉണ്ടാക്കിയിരിക്കുന്നത മോക്ഷിക്കുന്നതിനായിട്ടാകുന്നു എന്നും അങ്ങിനെ അവരുടെ ഉപജീവനം കഴിക്കുന്നതയുക്തവും ന്യായവുമായിട്ടുള്ളത എന്നും അവർ വിചാരിക്കുന്നു. അവരിൽ മേൽ ജാതിക്കാർ എല്ലായ്പോഴും പെൺകുഞ്ഞുങ്ങളെ കൊന്നുകളയുന്നു. ആ ദേശത്തുള്ള ജനങ്ങളിൽ ഏറ്റവും കാത്തികൾ ആകുന്നു.

ബന്യന്മാർ, ഇന്നു വംശക്കാരാകുന്നു. അവർ എല്ലാവരും വ്യാപാരികൾ ആകുന്നു.

പാർസികൾ. അല്ലെങ്കിൽ പാർസിയക്കാർ പാർസിയ ദേശത്തിലെ ഗ്രെയ്ബ്രീക്കാരുടെ അല്ലെങ്കിൽ തീവന്ദനക്കാരുടെ സന്തതികൾ ആകുന്നു. അവരുടെ മതം മെജൈ മതം എന്ന ഒരിക്കൽ പ്രസിദ്ധം ഉണ്ടായിരുന്നത ആകുന്നു. മഹമ്മദകാർ അവരുടെ ദേശത്തെ ജയിച്ചപ്പോൾ ഇവർ അതിനെ വിട്ടപോയി. അത്യും അവർ പാർസിയക്കടലിലുള്ള ഓർമ്മുസ എന്നദ്വീപിലേക്ക ചെന്ന അവിടെ അവർ കപ്പൽ പണിയുടെ സൂത്രത്തെയും കപ്പൽ കൂടിക്കുന്നതിനെയും അഭ്യസിച്ചു. പിന്നെ കുറെക്കാലം കഴിഞ്ഞശേഷം അവർ അവിടെനിന്നും പുറപ്പെട്ടദിയു എന്ന ദ്വീപിലേക്ക വന്നു അവിടെനിന്ന പിന്നത്തേതിൽ അവർ ഇന്ത്യായുടെ പടിഞ്ഞാറെ ഭാഗങ്ങളിൽ പരന്ന സ്ഥിരമായി കുടിയിരുന്നു. നിമിഷം അവരുടെ അധിക അറിവുകൊണ്ടും അദ്ധ്വാനം കൊണ്ടും സമ്പത്തും കേൾവിയും

ള്ളവരായി തീന്നു. കപ്പൽ പണിക്കായിട്ട അവർ പ്രത്യേകം മിടുക്കുള്ളവർ ആകുന്നു. അവർ എല്ലാം കൂടെ നൂറ്റ ലക്ഷം കുഡുംബക്കാർ ഉണ്ട എന്ന മതിക്കപ്പെട്ടിരിക്കുന്നു.

ബോരാസന്മാർ ഗുജെറാത്തിലെ വലിയ പട്ടണങ്ങളിലും കാൻഡെക്ഷ മുതലായ പ്രദേശങ്ങളിലും കാണ്മാനുള്ള ഒരു പ്രത്യേകമായിട്ടുള്ള കൃട്ടുകാർ ആകുന്നു. അവർ മഹമ്മദമാഷ്ടുകാർ ആകുന്നു. എങ്കിലും അവരുടെ ശീലവും വിധവും മഴ്ശാദകളും നോക്കികണ്ടാൽ അവർ യെഹൂദന്മാരാകുന്നു. അവർ എല്ലാവിടത്തും വേർതിരിഞ്ഞ സമൂഹമായിട്ട ഇരിക്കുന്നു. അവർ കച്ചവടത്തിന്ന സമർത്ഥന്മാരായിട്ടും ലാഭം എടുക്കുന്നതിൽ തുലോം കറാൽകാരായിട്ടും കേൾവിപ്പെട്ടിരിക്കുന്നു. അവരുടെ ഉത്ഭവത്തെ പററി അവക്ക ഒട്ടും തിട്ടം ഇല്ല.

പാത്തന്മാർ ഇന്ത്യായിൽ മററുള്ള ദേശങ്ങളിലെക്കാളും ഗുജെറാത്തിൽ ഏറെ ഉണ്ട അവർ ഗോദരന്മാരായിട്ട സഞ്ചരിക്കുന്നു. നാട്ടരാജാക്കന്മാക്ക അധികാരം ഉണ്ടായിരുന്ന കാലത്ത ഒക്കെയും അല്പകാലം മുമ്പവരെ അവക്ക ബഹു ശക്തി ഉണ്ടായിരുന്നു. രാജാക്കന്മാക്ക ഒക്കെ ഭോഗവതരന്മാർ ഉണ്ടായിരുന്നു. എല്ലാ ജനങ്ങളും അവരെ ശ്രദ്ധമുള്ളവരായിട്ട വിചാരിച്ചും വന്നു. അവർ വല്ല സംഗതിക്കായിട്ടും ജാമ്യം നിന്നിട്ട അതിനെ പററി തക്കം ഉണ്ടായാൽ ഇവർ താനെ ചാകുകയൊ അല്ലെങ്കിൽ അപ്രകാരം നടിക്കയൊ ചിലപ്പോൾ ഉടമ്പടി ലംഘിച്ച കൃട്ടുകാരുടെ മുമ്പിൽ വെച്ച തങ്ങളുടെ വീട്ടിലുള്ളതിൽ ഒരു വയസ്സ ചെന്ന സ്ത്രീയെയൊ ഒരു കൊച്ചുകുഞ്ഞിനെയൊ കൊല്ലുകയൊ ചെയ്യുവന്നു. നാട്ടുകാർ എത്രെയും ഭക്തിയോടും കൂടെ അവരെ വിചാരിച്ച വരുന്നത കൊണ്ട മിക്ക കാര്യങ്ങളിലും അവരുടെ നാട്യങ്ങൾ കൊണ്ട തന്നെ അവർ കാര്യം സാധിച്ചുവരുന്നു.

൧൩. മാൽവാ എന്ന ദേശത്തെ കുറിച്ച.

അതിരുകൾ.—ംരം ദേശത്തിന്നെറ വടക്കെ ഭാഗം അജ്മീർ എന്ന ദേശത്താലും വടക്ക കിഴക്ക അഗ്രാ എന്ന ദേശത്താലും കിഴക്ക അള്ള ഹബാദ എന്ന ദേശത്താലും തെക്ക കിഴക്ക ഗൂന്ദ്വാനാ എന്ന ദേശത്താലും തെക്ക കാൻഡെക്ഷ എന്ന ദേശത്താലും പടിഞ്ഞാറ ഗുജെറാത്ത എന്ന ദേശത്താലും അതൃത്തിയാക്കപ്പെട്ടിരിക്കുന്നു.

പ്രധാന നഗരികൾ.—സാജാഹർ എന്നും ഖെല്ലാസാ എന്നും സെറൊൻജി എന്നും മഹിദപൂർ എന്നും ഊജ്ജിൻഎന്നും സറങ്കപൂർ എന്നും ഭോപാൽ എന്നും ഭീൽസ്സാ എന്നും സാലിമൊ എന്നും മന്ദൂർ എന്നും ഇന്ദൂർ എന്നും ആകുന്നു.

ഊജ്ജിൻ എന്ന പട്ടണം ഇന്ത്യായിൽ തുലോം പണ്ടെയുള്ള പട്ടങ്ങളിൽ ഒന്ന ആകുന്നു. അത ഇന്ദു ഭൂമി ശാസ്ത്രത്തിൽ പ്രത്യേകം പ്രസിദ്ധമുള്ളതും ആകുന്നു. ഇന്ദുക്കാരുടെ വിദ്യയുടെ പ്രധാന സ്ഥലങ്ങളിൽ ഒന്നായിരുന്ന പണ്ടത്തെ പട്ടണം ഇപ്പോൾ നാശംവന്നുപോയിട്ട ഏററിയകാലമായിരിക്കുന്നു. ഇപ്പൊഴത്തെ പട്ടണം അവിടെനിന്നും ഏകദേശം ഒരു നാഴിക തെക്കോട്ട മാറി ആകുന്നു. അത വലിയതും ജനപ്പെരുപ്പമുള്ള സ്ഥലവും പല വിശേഷപ്പെട്ട ക്ഷേത്രങ്ങളും മററ പണികളുമുള്ളതും ആകുന്നു. അവിടെ മുമ്പിൽ ഒരു ഗ്രഹശാസ്ത്രശാല ഉണ്ടാ

യിരുന്നു. എന്നാൽ അത ജീർണ്ണം വന്നുപോയിരിക്കുന്നു.

പ്രധാന ആറുകൾ.—മഹി എന്നും സീപ്രാ എന്നും ഛംബൽ എന്നും പർബതി എന്നും കാളിസിന്ധ എന്നും ബൈത്വാ എന്നും ആകുന്നു. ഇവ ഒക്കെയുടെയും ഉത്ഭവങ്ങൾ വിന്ധ്യ പവതത്തിലും അതിന്ന സമീപത്തിലും നിന്ന ആകുന്നു.

ദേശ രൂപം.—ആ ദേശത്തിന്റെ അതൃത്തികൾ ഒഴികെ ശേഷം പൊക്കമുള്ള മൈതാന സ്ഥലം ആകുന്നു. ഇടെക്കിടെ മുകൾ പരപ്പുള്ള കുന്നുകളും ഉണ്ട.

ക്ലൈമെട്ട.—അവിടത്തെ ക്ലൈമെട്ട ശാന്തതയുള്ളതും സൌഖ്യമുള്ളതും നിലം വർദ്ധനവുള്ളതും വിളവുള്ളതും ആകുന്നു.

ഉത്ഭവങ്ങൾ.—കോതമ്പും പയറും ചോളവും മറെറ കരധാന്യങ്ങളും ആകുന്നു. നെല്ലും ഉണ്ട. എന്നാൽ കുറേശ്ശെ ഉള്ളു. കരിമ്പും പുകയിലയും പഞ്ഞിയും അല്പം നീലവും ഉണ്ട. മാൽവാ പുകയില ഇന്ദ്യായിലുള്ളതിലേക്കും നന്നും ബഹു കവ്വയുള്ളതും ആകുന്നു. ആ ദേശത്തിലെ മുന്തിരിങ്ങാകളും അവയുടെ വിശേഷം കൊണ്ട ഏറിയകാലമായിട്ട കേൾവിപ്പെട്ടതാകുന്നു. എന്നാൽ ഉത്ഭവങ്ങളിൽ പ്രധാനമായിട്ടുള്ള വസ്തു കറുപ്പ ആകുന്നു. കറുപ്പ ഉണ്ടാകുന്ന ചെടികളെ കൃഷിചെയ്യുന്നതിന്ന അവിടത്തെ നിലവും ക്ലൈമെട്ടും തക്കത തന്നെ ഒരു നാശകരമായ വസ്തു ആണ്ടതോറും അനവധിയായിട്ട ആ ദേശത്തിൽനിന്നും കൊണ്ടുപോകുന്നുണ്ട.

മതം.—സാധാരണമായിട്ട ഇന്തു മതവും ഭോവാലിൽ മഹമ്മദ മതവും ആകുന്നു.

ഡെക്കനിലെ പ്രധാന ദേശങ്ങളുടെ വിവരം.

൧. കാൻഡെഷ എന്ന ദേശത്തെ കുറിച്ച.

അതിരുകൾ.—ഈ ദേശത്തിന്റെ വടക്കെ ഭാഗം നർബുദ എന്ന ആറിനാലും കിഴക്ക ഗൂന്ധാനാ എന്ന ദേശത്താലും തെക്ക ബൈറാർ എന്നും ഔറങ്ങബാദ എന്നുമുള്ള ദേശങ്ങളാലും പടിഞ്ഞാറ ഗുജെറാത്ത എന്ന ദേശത്താലും അതൃത്തിയാക്കപ്പെട്ടിരിക്കുന്നു.

പ്രധാന ഭാഗങ്ങൾ.—ഖ്രിത്തിക്ഷകാൻഡെക്ഷഎന്നുംഹൊൽക്കാക്കുള്ളത എന്നും സിന്ധ്യായിക്കുള്ളത എന്നും ആകുന്നു.

പ്രധാന നഗരികൾ.—൧മത. ഖ്രിത്തിക്ഷകാൻഡെക്ഷിലുള്ളവ, നണ്ടെർബാർ എന്നും സിന്ധാ എന്നും ധുല്യ എന്നും ചോപ്ര എന്നു ജാന്നീർ എന്നും മാല്ലിഗോം എന്നും ചാന്ദൂർ എന്നും. ൨മത. ഹോൽക്കാക്കുള്ള ദേശത്തിലുള്ളവ, കുശ്രൻ എന്നും ബജാഗർ എന്നും. ൩മത. സിന്ധ്യായിക്കുള്ള ദേശത്തിലുള്ളവ, ഹോഷങ്ങ്ബാദ എന്നും ഹിന്ധ്യാ എന്നും ഛട്ടാ എന്നും ചാവ്പ എന്നും അസ്സീർഗർ എന്നും ബുഹ്മാപൂര എന്നുമുള്ളവ ആകുന്നു.

ബുഹ്മാപൂര ആ ദേശത്തിന്റെ പണ്ടത്തെ തലസ്ഥാനം ആയിരുന്നു.

അത തുപ്തി എന്ന ആററുമട്ടെയ്ക്കലുള്ള ഒരു വിശേഷമായ മൈതാന ഭൂമിയിൽ ആകുന്നു. അത ഡെക്കനിൽ മഹാ വലിയതും നല്ലതുമായിട്ട പണിയപ്പെട്ടിരിക്കുന്ന നഗരങ്ങളിൽ ഒന്ന ആകുന്നു. വെള്ളം ധാരാളമായിട്ട വഴിക്ക അടിയിൽ കൂടെയുള്ള പാത്തിവഴിയായിട്ട പട്ടണത്തിലേക്ക കേററിക്കൊണ്ടുപോയിട്ട അതാത തെരുവകളിലേക്ക തിരിച്ചവിട്ടിട്ട അവിടവിടെയുള്ള പിളപ്പിൽനിന്നതോല്പാളകൊണ്ട കോരി എടുക്കുന്നു. ആ പട്ടണത്തിന്റെ സമീപത്തും അസിഗർ എന്നപട്ടണത്തിലും ഉണ്ടാകുന്ന മുന്തിരിങ്ങാകൾ ഇന്ദ്യായിലേക്കും മഹാ വിശേഷമുള്ളവ എന്ന വിചാരിക്കപ്പെടുന്നു.

ആറുകൾ.—നൎബുദ എന്നും തുപ്തി എന്നും പൂൎണ്ണാ എന്നും മററും ആകുന്നു.

ദേശ രൂപം.—ആ ദേശം സാമാന്യേന കുന്നാകുന്നു. നടുവിലും കിഴക്കും തെക്കും പടിഞ്ഞാറെയും ഭാഗങ്ങൾ മലയും ആകുന്നു. എന്നാലും അത മിക്കതും ബഹു വിളവുള്ളതും നല്ലനീരോട്ടമുള്ളതും ആകുന്നു. അത ഫ്രാംഫമത വരെക്കും നല്ല കൃഷിയുള്ളതായിട്ടും കുടിയാന്മാർ തിങ്ങി കുടിയിരുന്നതായിട്ടും ഇരുന്നു. അതിൽ പിന്നെ ഹോല്ക്കാർ മഹാരാഷ്ട്രന്മാർ അതിനെ കൊള്ളചെയ്തു അതിന്റെ ശേഷം ഒരു കഠിനമായുള്ള ക്ഷാമത്താൽ ജനങ്ങൾ കുറഞ്ഞ തീരുകയും അന്നുമുതൽക്ക അതിന്ന എളുപ്പത്തിൽ ഇടിവു പിണകയും ചെയ്തു. അക്രമമായുള്ള രാജ്യഭാരം കൊണ്ടും കൊള്ളക്കാരരു മുഖാന്തരത്താലും അത ഏകദേശം ശൂന്യപ്രദേശം പോലെ ആയി തീൎന്നുപോയി. ബ്രിത്തിഷകാർ അവിടെ ചെന്നപ്പോൾ അതിൽ ബഹു പ്രദേശം കാടുകേറിയും കാട്ടുമൃഗങ്ങൾ അല്ലാതെ കുടിയില്ലാത്തതും ആയിരുന്നു. ആ ദേശത്തിന്ന അതിന്റെ മുമ്പിലത്തെ വൎദ്ധന വരുത്തുന്നതിന്ന ഏറിയ കാലം വേണ്ടിവരും.

ഉത്ഭവങ്ങൾ.—ഈ ദേശത്തിൽ അടുത്തുള്ള ദേശങ്ങളിലെ വസ്തുക്കൾ ഒക്കെയും ഉണ്ടാകുന്നു. അതിലെ ഫലമൂലാദികൾ വിശേഷമുള്ളവയാകുന്നു. ഇന്ദ്യായിലുള്ളതിലേക്കും നന്ന എന്നും വിചാരിക്കപ്പെടുന്നു. വിശേഷാൽ മുന്തിരിങ്ങാപ്പഴം ആകുന്നു. കാട്ടുജന്തുക്കളിൽ കടുവാകളും ചെന്നായ്ക്കളും അവിടെ ബഹു ശല്യം ചെയ്യുന്നവ ആകുന്നു.

മതം.—ഇന്ദു മതവും മഹമ്മദ മതവും ആകുന്നു.

൨- ഗുന്ദ്വാന എന്ന ദേശത്തെ കുറിച്ച.

അതിരുകൾ.—ഈ ദേശത്തിന്റെ വടക്കെ ഭാഗംഅള്ളഹബാദ എന്ന ദേശത്താലും വടക്ക കിഴക്ക ബാഹാർ എന്ന ദേശത്താലും കിഴക്ക ഓറീസാ എന്ന ദേശത്താലും തെക്ക കിഴക്ക വടക്കെ സൎക്കാസ എന്ന ദേശത്താലും തെക്ക പടിഞ്ഞാറ ഹൈദ്രബാദ എന്ന ദേശത്താലും പടിഞ്ഞാറ ബെദെർ എന്നും ബെറാർ എന്നും കാൻഡെഷ എന്നുമുള്ള ദേശങ്ങളാലും വടക്ക പടിഞ്ഞാറ മാൽവാ എന്ന ദേശത്താലും അതൃത്തിയാക്കപ്പെട്ടിരിക്കുന്നു.

പ്രധാന നഗരികൾ.—ബന്ദൂഗർ എന്നും സൈപൂര എന്നും ഗരാ എന്നും ജബല്പൂര എന്നും മഹാദ്യൊ എന്നും ചൌരാഗർ എ

ന്നും ചൌപരാ എന്നും മണ്ഡള എന്നും സുഹാജപൂര എന്നും കൎഗ്ഗൊമ്മ എന്നും ഊമെൎക്കന്തക്ക എന്നും ശ്രീനാദു എന്നും ജഷ്ടൂര എന്നും ഗംഗപൂര എന്നും സംഭല്പൂര എന്നും ദ്യോഗർ എന്നും ബാബൈ എന്നും ബൈത്രൂൽ എന്നും ജില്പിഅമ്നീർ എന്നും നാഗപൂര എന്നും ചാന്ദാ എന്നും രഥമ്പൂര എന്നുംകൊങ്കീർ എന്നും ബൈൎഗ്ഗെർ എന്നും വൈരാഗർ എന്നും ബസ്താർ എന്നുംആകുന്നു.

മഹാദ്യൊ എന്ന പട്ടണം മഹാദ്യൊ എന്ന മലയിൽ നില്ക്കുന്നു. അത ഡെക്കനിൽ മഹാ കാട്ടുപ്രദേശങ്ങളുള്ളവയിൽ ഒന്നും ഇന്ദുക്കാർ തീൎത്ഥയാത്രയായി പോകുന്നിടവും ആകുന്നു. അവിടെ ചൂടുള്ള ഗന്ധക ഉറവകൾ ഉണ്ട.

ഗംഗപൂരിലെ ആറുകളിൽ അനവധി സ്വൎണ്ണവും ചിലപ്പോൾ വലിയമാതിരി വൈരക്കല്ലും എടുപ്പാറുണ്ട. എന്നാൽ ആ ദിക്ക യൂറോപ്പകാൎക്ക പിടിക്കുന്നതല്ലായ്കകൊണ്ട അവയെ ശോധന ചെയ്തു എടുക്കുന്നതിന്ന കഴിയുന്നില്ല.

സംഭല്പൂര, പൊന്നും വൈരക്കല്ലും അവിടെ എടുക്കുന്നുണ്ട. ആ ദിക്കും യൂറോപ്പുകാൎക്ക പിടിക്കുന്നത അല്ല.

വൈരാഗർ, എന്ന പട്ടണം മുമ്പിൽ വൈരക്കല്ല വിളയുന്നതായിട്ട കേൾവിപ്പെട്ടിരുന്നു ഇപ്പോൾ അവിടെ ഏറെ ഇല്ല.

ആറുകൾ.—സോണി എന്നും നൎബുദ എന്നും ഗംഗ അല്ലെങ്കിൽ വൈണ ഗംഗ എന്നും വൎദ്ധ എന്നും മഹാ നദി എന്നും ആകുന്നു.

ദേശ രൂപം.—ആ ദേശത്തിൽ ഏറിയ ഭാഗം മലയും വനവും ആകുന്നു. അത സാമാന്യം കൃഷി കുറവും ജനക്കുറവും ഉള്ളതാകുന്നു.

ക്ലൈമെട്ട.—മല പ്രദേശത്തിലെയും വന പ്രദേശത്തിലെയും ക്ലൈമെട്ട ബഹു സൌഖ്യമില്ലാത്തതും മറുദേശക്കാൎക്ക പിടിക്കാത്തതും ആകുന്നു.

ഉത്ഭവങ്ങൾ.—നെല്ലും കോതമ്പും തെനയും യൌ അരിയും മററ കരധാന്യങ്ങളും കരിമ്പും വക്കും പഞ്ഞിയും കറുപ്പും പുകയിലയും കൂവപ്പൊടിയും പാക്കും മെഴുകും ചായം ഉണ്ടാക്കുന്ന വസ്തുക്കളും എണ്ണകളും പശയും കട്ടിയുള്ള പട്ടും ആകുന്നു. വനങ്ങളിൽ അനവധി തേക്കുമുതലായ വൃക്ഷങ്ങൾ ഉണ്ടാകുന്നുണ്ട. കോലരക്ക ംരംച്ച ബഹുത്വം ഉണ്ട. വലിയ മാതി വൈരക്കല്ലും പൊന്നും ആററരികത്ത എടുപ്പാനുണ്ട ഏറയും മഹാ നദിയിൽനിന്ന ആകുന്നു. ഇരിമ്പും കല്ക്കരിയും കാവിമണ്ണും മാൎബൾക്കല്ലും പലടത്തുനിന്നും എടുപ്പാൻ ഉണ്ട. കാട്ടുമൃഗങ്ങൾ ബഹുത്വം ഉണ്ട. പ്രത്യേകം കടുവായും കരടിയും പാമ്പുകൾ വകയിൽ പെരുമ്പാമ്പും വളരെ ഉണ്ട.

മതം.—ഇന്ദു മതവും മഹമ്മദ മതവും ആകുന്നു.

൩മത. ഓറീസാ എന്ന ദേശത്തെ കുറിച്ച.

അതിരുകൾ.—ംരം ദേശത്തിൻെറ വടക്കെ ഭാഗം സുബൻരീക എന്ന ആററിനാലും കിഴക്ക ബെങ്കാൾ ഉൾക്കടലിനാലും തെക്ക വ

ടക്കെ സക്കാസിനാലും പടിഞ്ഞാറ ഗുന്ദാന എന്ന ദേശത്താലും അതു ത്തിയാക്കപ്പെട്ടിരിക്കുന്നു.

പ്രധാന നഗരികൾ.—സിങ്കഭൂം എന്നും ഹരിയൂപ്പൂര എന്നും ബാലാസൊർ എന്നും കഞ്ജർ എന്നും യാജപൂര എന്നും കുത്താക്ക എന്നും ജഗന്നാഥം എന്നും ആകുന്നു.

ബാലാസൊർ എന്നൊ ബാലീശ്വര എന്നൊ പറയുന്ന പട്ടണം ഭ്രനിബാലാങ്ങ എന്ന പറയപ്പെടുന്ന ഒരു ചെറിയ ആറ മുഖപ്പിന്ന അരികത്ത ആ ദേശത്തിലെ പ്രധാന തുറമുഖം ആകുന്നു. ഇത മുമ്പിൽ വഴിച്ച വന്ന പട്ടണം ആയിരുന്നു. ആദ്യത്തിങ്കൽ പൊർത്തുഗിസുകാക്കും ലന്തകൾക്കും ഇംഗ്ലീക്കുകാക്കും അവിടെ കച്ചവടശാലകൾ ഉണ്ടായിരുന്നു. അത ഇപ്പോഴും ആ ദേശത്തിൽ പ്രധാന കച്ചവട സ്ഥലവും മലദ്വീപിലെ കപ്പലുകൾ പതിവായിട്ട വരത്തപോക്ക ഉള്ളിടവും ആകുന്നു. ചെറിയ കപ്പലുകൾ വെക്കാകുന്ന സ്ഥലം അവിടെ ഉണ്ട.

യാജപൂര ഓറീസാ രാജാക്കന്മാരുടെ പണ്ടത്തെ തലസ്ഥാനവും ആ ദേശത്തിൽ മഹമ്മദകാക്ക അധികാരം ഉണ്ടായിരുന്നപ്പോൾ കേൾവിയുള്ള സ്ഥലവും നാട്ടുവാഴികൾ പതിവായിട്ട പാർത്തവന്നിടവും ആയിരുന്നു. ഇപ്പോൾ അത മൺകൂടിലുകളുള്ള ഒരു ഗ്രാമം പോലെ ഏകദേശം ആയിരിക്കുന്നു. എന്നാലും അവിടെ ചില കേൾവിപ്പെട്ട ഇന്ദു ക്ഷേത്രങ്ങൾ ഉണ്ടായിരുന്നവ ഇടിഞ്ഞപൊളിഞ്ഞ കിടക്കുന്നത കാണാറുണ്ട. ഇന്ദുക്കാർ അതിനെ ഒരു പുണ്യസ്ഥലമായിട്ട വിചാരിക്കയും ജഗന്നാഥപുരത്തിന്റെ ഒന്നാമത്തെ പടിവാതിൽ എന്ന പലപ്പോഴും വിചാരിക്കയും ചെയ്യുന്നു. വളരെ തുണി ഇവിടെ ഉണ്ടാക്കുന്നുണ്ട.

കുത്താക്ക എന്ന പട്ടണം മഹാ നദിയുടെ രണ്ട ശിഖരങ്ങളുടെ ഇടയിൽ ആകുന്നു. അത ആ ദേശത്തിന്റെ തലസ്ഥാനവും നന്നായി പണിചെയ്യപ്പെട്ടിരിക്കുന്ന ഒരു പട്ടണവും ആകുന്നു. വക്ക കാലത്ത പട്ടണത്തിന്ന അരികെ മഹാ നദിയുടെ ഒരു വക മതൽ മറുവക്ക വരെ രണ്ട നാഴിക വീതി ഉണ്ട. വറവ കാലത്ത ഒരിക്കോൽ വെള്ളത്തിൽ കുറഞ്ഞ വരുന്നതാകകൊണ്ട ഇറങ്ങികേറാകുന്നതാകുന്നു. പട്ടണത്തിന്ന ചുറ്റിലുള്ള പ്രദേശം താണതും പത്ത നാഴിക ചുറ്റിൽ പലപ്പോഴും വെള്ളം കേറി കിടക്കുന്നതും ആകുന്നു.

ജഗന്നാഥം എന്ന പട്ടണം ഇന്ത്യായിൽ ഇന്ദുക്കാർ തീർത്ഥയാത്ര പോകുന്നതിൽ മഹാ ശ്രേഷ്ഠപ്പെട്ട പട്ടണങ്ങളിൽ ഒന്ന ആകുന്നു. ബഹു ആളുകൾ ആണ്ടുതോറും സ്നാനത്തിന്നും തേരുത്സവത്തിന്നും അവിടെ ചെന്ന എത്തുന്നതിനായിട്ട പോകുന്നുണ്ട. മൂന്ന ബിംബങ്ങൾ ഉണ്ട. അവ മിനുസമില്ലാതെ മരം കൊണ്ട കൂത്തിയുണ്ടാക്കി വെള്ളയും കറുപ്പും മഞ്ഞയുമായുള്ള ചായം ഇട്ടിരിക്കുന്നവയും യേങ്കരവും വിരൂപവുമുള്ളമുഖഭാവമായിട്ട ഇരിക്കുന്നവയും ആകുന്നു. കണ്ടാൽ പേടിയും പലിതവും തോന്നത്തക്കവോത്തിൽ ഉണ്ടാക്കിയിരിക്കുന്നവയും ആകുന്നു. ആറാട്ടബ്ഭവെറിയും പറഞ്ഞ കേട്ടാൽ തുലോം വെറുപ്പ തോന്നത്തക്കതും ആകുന്നു. ജഗന്നാഥത്തിലെ ഇപ്പോഴത്തെ ക്ഷേത്രം ഫ്രൻവ്വമതിൽ ഓറിസായിലെ ഇന്ദു രാജാക്കന്മാരുടെ കാലത്ത പണികഴിച്ച തീർന്ന. ആ പട്ടണത്തിൽ പ്രധാനമായിട്ട പാർക്കുന്നവർ ബ്രാഹ്മണരും ആ ക്ഷേത്ര സംബന്ധമുള്ള മറ്റ ആളുകളും ആകുന്നു. ആ ക്ഷേത്രത്തിന്ന പതിനെട്ട നാ

ഴിക വടക്ക സമുദ്രതീരത്തിങ്കൽ സൂയ്സ്സിന്റെ പേർക്കുള്ള ഒരു പഴയ ക്ഷേത്രത്തിന്റെ ജീർണ്ണങ്ങൾ നില്ക്കുന്നുണ്ട്. അതിൽ കേട്ടുപിടികാതെ ഏറെ ഇല്ല. അത ഇടിവെട്ടിയൊ ഭൂകമ്പത്താലൊ ഇടിഞ്ഞപോയതായിരിക്കണം. ഇപ്പോൾ ഉള്ളത കണ്ടാൽ അത ഇന്ദ്രായിൽ ഉണ്ടാക്കീട്ടുള്ള ബഹു വിശേഷപ്പെട്ട പണികളിൽ ഒന്നഎന്ന തോന്നും ഗോപുരത്തിൽ ഒരു പാതി നില്ക്കുന്നതിന്ന ക്രമം അടി പൊക്കം ഉണ്ട. ജംഗമഹൻ എന്ന പറയുന്ന മാളികയ്ക്ക ക്രമം അടിപൊക്കം ഉണ്ട. അവ പണതിരിക്കുന്നത വലിയ കല്ലുകൾകൊണ്ടും കട്ടിയുള്ള ഇരിമ്പു തൂണുകൊണ്ടും ആകുന്നു. ആ അമ്പലം ഏറിയ കാലം അഴിഞ്ഞ കിടന്നാറെ മാറിസായിലെ ഒരു രാജാവായിട്ട പണിയിച്ചു.

ആറുകൾ.—സുബൻരീക എന്നും ബിതുരുണി എന്നും ബാന്നി എന്നും മഹാ നദി എന്നും ആകുന്നു.

ദേശ രൂപം.—ംരം ദേശം മൂന്ന ഭാഗങ്ങളായിട്ട വിചാരിക്കപ്പെടാം എന്തെന്നാൽ സമുദ്രതീര പ്രദേശങ്ങൾ എന്നും നട്ടവിലത്തെത അല്ലെങ്കിൽ മുഘൽബന്ദി എന്നും പടിഞ്ഞാറെത അല്ലെങ്കിൽ രാജവര എന്നും ആകുന്നു. സമുദ്രതീര പ്രദേശങ്ങൾ ഏകദേശം ൦ം നാഴിക ഉള്ളിലോട്ട താണതും പരപ്പുള്ളതും പുതയലുള്ളതും കാട്ടുപിടിച്ചതും വലടത്തും വെള്ളം കേറികിടക്കുന്നതും വല ആറുകളും അങ്ങോട്ടും ഇങ്ങോട്ടും പോയി കിടക്കുന്നിടവും ആകുന്നു. അവിടെനിന്ന അങ്ങോട്ട മുഘൽബന്ദി എന്ന ഭാഗത്തിൽ ൦ം നാഴികയോളം വെളിയായുള്ളതും ഉണങ്ങിയതും വിളവുള്ളതും ആകുന്നു, പിന്നെയും ഉള്ളിലോട്ട ൦ം നാഴിക കാട്ടുപിടിച്ച കുന്നുകളാകുന്നു. അതിന്ന അപ്പുറം രാജവര എന്ന ഭാഗം ആകുന്നു. അവിടെ മുഴവനും കുന്നുകളെ ഉള്ളു.

ഉത്ഭവങ്ങൾ.—നെല്ലും ചോളവും കോതമ്പും മുതിരയും മറ്റ ധാന്യങ്ങളും അങ്ങാടിമരുന്നുകളും സുഗന്ധവസ്തുക്കളും ചായമിടുന്ന വസ്തുക്കളും പഞ്ചസാരയും പഞ്ഞിയും പുകയിലയും തേനും മെഴുകും ആകുന്നു. രാജവര എന്ന കാട്ടിൽ നല്ല മാതിരി തേക്കുതടികൾ ഉണ്ട. ഇരിമ്പ പെരുത്തുണ്ട. വിലയേറിയതും വിശേഷവുമായ വല ധാതുദ്രവ്യങ്ങളും രാജവരയിൽ ഉണ്ട. പവ്വതങ്ങളിലുള്ള നദികളിൽനിന്ന കനകപ്പൊടി എടുക്കുന്നുണ്ട. വലിയമാതിരി വൈരക്കല്ലുകളും അവിടെ ഉണ്ട. എന്നാൽ ആ ഭിക്ക ശരീരസൌഖ്യത്തിന്ന പിടിക്കാത്തതാകകൊണ്ട അവയെ നല്ലതിൻവണ്ണം തിരക്കി എടുക്കുന്നതിന്ന കഴിയുന്നില്ല. നമ്മലം വെളുത്ത ഉപ്പ അനവധിയായിട്ട സമുദ്രതീരത്തിങ്കൽ ഉണ്ടാക്കപ്പെടുന്നു. ആറുകളിൽ മീൻ പെരുത്ത ഉണ്ട. ംരം ദേശം മുഴവനിലും കാട്ടുമൃഗങ്ങൾ ബഹുതരം ഉണ്ട പ്രത്യേകമായിട്ട വലിയ മാതിരി പുലികളും ഉണ്ട. അവിടെ പാമ്പിന്റെയും മുതലയുടെയും മറ്റ ഇഴജന്തുക്കളുടെയും ഉപദ്രവം അധികമായിട്ട ഉണ്ട.

മതം.—ഇന്ദു മതം ആകുന്നു. ജിയന്മാരും ഉണ്ട.

൫. ബൊറാർ എന്ന ദേശത്തെ കുറിച്ച.

അതിരുകൾ.—ംരം ദേശത്തിന്റെ വടക്കെ ഭാഗം കാൻഡെ

ക്ഷ എന്നും കിഴക്ക ഗുന്ദ്വാന എന്നും തെക്ക ബെദെർ എന്നും ഓറങ്ങ ബാദ എന്നും പടിഞ്ഞാറ ഓറങ്ങബാദ എന്നും കാൻഡെഷ എന്നുമുള്ള ദേശങ്ങളാലും അതൃത്തിയാക്കപ്പെട്ടിരിക്കുന്നു.

പ്രധാന നഗരികൾ.—ഗവീല്ഗര എന്നും നാൎന്നല്ല എന്നും എല്ലിച്ചപൂര എന്നും മല്ക്കാപൂര എന്നും ബാലപൂര എന്നും അക്കോലാ എന്നും ഉമ്രാവത്തി എന്നും അജന്തി എന്നും ജാപ്പരബാദ എന്നും മൈഖെർ എന്നും മാഹ്രര എന്നും അസ്സായി എന്നും അൎഗ്ഗോം എന്നും ആകുന്നു.

അസ്സായി ഒരു ചെറിയ പട്ടണം ആകുന്നു. അവിടെ വെച്ച ജെനെറാൽവെല്ലെസ്ലൈ ൪൭൦൦ ആളുകളോടും കൂടെ ദൌലത്തരായ സിന്ധ്യായുടെയും നാഗപൂര രാജാവിൻെറയും ൩൦൦൦ ആൾവരെയുമുള്ള ഒരുമിച്ച സൈന്യത്തെ ജയിച്ചതകൊണ്ട അത ശ്രുതിപെട്ടതാകുന്നു. അൎഗ്ഗോം ഒരു ഗ്രാമം ആകുന്നു. എങ്കിലും ജെനറാൽ വെല്ലെസ്ലൈ നാഗപൂരിലെ രാജാവിനെ അവിടെ വെച്ച ജയിക്കയാൽ അത കെൾവിപ്പെട്ടതാകുന്നു.

ആറുകൾ.—തുപ്തി എന്നും വൎദ്ധ എന്നും പായീൻ ഗംഗ എന്നും രണ്ട പൂൎണ്ണ നദികൾ എന്നും ആകുന്നു.

ദേശ രൂപം.—ഈ ദേശം മിക്കവാറും ഉയരമുള്ള സമഭൂമി ആകുന്നു. നിലം ജാത്യാൽ വിളയുന്നതാകുന്നു എങ്കിലും അവിടെ ഏറിയ കാലമായി ഉണ്ടായിരുന്ന വഴക്ക ഹേതുവാൽ കൃഷി ഏറ ഇല്ല.

ഉത്ഭവങ്ങൾ.—കോതമ്പും ചോളവും മുതിരയും മററ ധാന്യങ്ങളും പഞ്ഞിയും ചണവും ആകുന്നു. അവിടത്തെ കാളകളുടെ വലിപ്പം കൊണ്ടും ബലം കൊണ്ടും ശ്രുതിപ്പെട്ടതാകുന്നു.

മതം.—ഇന്ദു മതവും മഹമ്മദ മതവും ആകുന്നു.

൫. ഓറങ്ങബാദ എന്ന ദേശത്തെ കുറിച്ച.

അതിരുകൾ.—ഈ ദേശത്തിൻെറ വടക്കെ ഭാഗം ഗുജെറാത്ത എന്നും കാൻഡെഷ എന്നും ബെറാർ എന്നുമുള്ള ദേശങ്ങളാലും കിഴക്ക ബെദെർ എന്ന ദേശത്താലും തെക്ക ബെദെർ എന്നും ബെജപൂര എന്നുമുള്ള ദേശങ്ങളാലും പടിഞ്ഞാറ കടലിനാലും അതൃത്തിയാക്കപ്പെട്ടിരിക്കുന്നു.

പ്രധാന നഗരികൾ.—യൊവാർ എന്നും ബാസ്സീൻ എന്നും കല്ല്യാണി എന്നും ബൊംബെ എന്നും നാസ്സക്ക എന്നും സുങ്ങമ്നിർ എന്നും യൂന്നീർ എന്നും അഹ്മെദനഗർ എന്നും പേരായിന്ദാ എന്നും ഓറങ്ങബാദ എന്നും ദൌലതബാദ എന്നും ജാൽനാ എന്നും പെയ്യൻ എന്നും ആകുന്നു.

ബാസ്സീൻ ഒരു തുറമുഖം ആകുന്നു. അതസാൽസെത്തി എന്ന ദ്വീപിൽനിന്ന ഒരു വിസ്താരം കുറഞ്ഞ കടൽ കൈവഴിയാൽ വേർവിട്ടിരിക്കുന്നു. ഈ സ്ഥലം കാംബെയിലെ സുല്ത്താനിൽനിന്ന ഉടമ്പടി പ്ര

കാരം പൊർത്തുഗീസുകാർ കിട്ടി ഇവരിൽനിന്ന അത മഹാരാക്ഷ്ട്രന്മാർ ആയി. അവരോട പിന്നത്തേതിൽ ഇംഗ്ലീക്കുകാർ അതിനെ പിടിച്ച അനുഭവിച്ചവരുന്നു.

ബൊംബെ ഇന്ത്യായിൽ ഇംഗ്ലീക്കുകാക്കുള്ള മൂന്നാമത്തെ പ്രധാന തല സ്ഥാനം ആകുന്നു. അത സാൽസെത്തി എന്ന ദ്വീപിന തെക്ക ഏക ദേശം പത്ത നാഴിക നീളം മൂന്ന നാഴിക വീതിയിൽ ഒരു ദ്വീപ ആ കുന്നു. അത മുമ്പിൽ സാൽസെത്തിയിൽനിന്ന ഒരു കടൽകൈവഴിയാ ൽ വേർപിരിഞ്ഞിരുന്നു. എന്നാൽ ഇപ്പോൾ അതിനെ ഒന്നിച്ച കൂട്ടിയി രിക്കുന്നു.

യൂറോപ്പുകാരിൽ ആദ്യം ഇവിടെ കുടിയിരുന്നവർ പൊർത്തുഗീസ കാർ ആകുന്നു. ഇവർ ക്രിസ്തുശം ആണ്ടിൽ സാൽസെത്തിയിലുള്ള താണാ യിലെ പ്രധാനിയിൽനിന്ന ആ ദ്വീപിനെ കൈക്കലാക്കി. പിന്നുമാമാ ണ്ടിൽ പൊർത്തുഗീസുകാർ അതിനെ ഇംഗ്ലീക്കുകാക്ക ഒഴിഞ്ഞകൊടുത്തു. അത ലോകത്തിൽ എല്ലാ ഭാഗങ്ങളോടും ബഹു കച്ചവടമുള്ള ഒരു സ്ഥലം ആകുന്നു. അതിലെ തുറമുഖം ഇന്ത്യായിലേക്കും നല്ലതാകുന്നു. അവിടെ കപ്പൽ പണിയിക്കുന്നതിനുള്ള സ്ഥലം വിസ്താരമുള്ളതും നല്ലതും ആകു ന്നു. ഇംഗ്രിത്തിക്ഷ പടക്കപ്പലിനും കച്ചവടക്കാക്കും കൊള്ളിക്കുന്ന മഹാ വലിയ കപ്പലുകളെ ഇംഗ്ലാണ്ടിൽ ഉണ്ടാക്കുന്നവയോട മുഴുവനും ശരി യായിട്ട പാർസി കപ്പൽ പണിക്കാർ ഇവിടെ ഉണ്ടാക്കുന്നുണ്ട. ബൊം ബെ പട്ടണത്തിലെ ജനങ്ങൾ ഇന്തുക്കാർ, പാർസികൾ, മഹമ്മദുകാർ, പൊർത്തുഗീസുകാർ, യൂദന്മാർ, കുറഞ്ഞൊരു അമ്മെനായക്കാർ ഉള്ളവരും ക്രൂടെ ഉൾപ്പടെ രണ്ട ലക്ഷം ആളുകൾ എന്ന മതിക്കപ്പെട്ടിരിക്കുന്നു.

ബൊംബെയിൽനിന്ന ഏകദേശം അഞ്ച നാഴിക കിഴക്ക എലെഫാ ന്ത എന്ന പേരായിട്ട ഒരു ചെറിയ ദ്വീപ ഉണ്ട. അവിടെ മുമ്പിനാ ലെ വിഗ്രാലയമായിട്ട വന്ദന ഉണ്ടായിരുന്ന ഒരു കീർത്തിപെട്ട ഗുഹ ഉ ണ്ട. അതിന്ന പതിനെട്ട അടി പൊക്കവും അമ്പത്തഞ്ചടി നീളവും അ ത്രയും വീതിയും ഉണ്ട. അതിനകത്ത വളരെ ബിംബങ്ങൾ ഉള്ളവയിൽ പ്രധാനമായിട്ടുള്ളത ത്രിമൂർത്തിയുടെ ഒരു വലിയ ബിംബം ആകുന്നു. അത ബ്രഹ്മാ വിഷ്ണു ശിവന്മാരെ മൂവരെയും ഒന്നിച്ച കൊത്തി ഉണ്ടാക്ക പ്പെട്ടിരിക്കുന്നത ആകുന്നു. ആ ഗുഹയിൽ ഇപ്പോൾ ആരാധന ഇല്ല ഗുഹയിലോട്ട പോകുന്നതിനായിട്ട ചെന്നടുക്കുന്ന സ്ഥലത്ത പാറയിൽ വെട്ടി ഉണ്ടാക്കിയിരിക്കുന്ന ഒരു വലിയ ആന ഉണ്ട. അതകൊണ്ട പൊ ർത്തുഗീസുകാർ ആന എന്ന അർത്ഥമുള്ള എലെഫാന്ത എന്ന ഇപ്പോഴത്തെ പേര അതിന്ന ഇട്ടതിന ഇടവന്നു. ഈ ക്രൂടാതെ സാൽസെത്തിലു ള്ള കെന്നറിയിൽ മറെറ ശ്രുതിപെട്ട ഗുഹകൾ ഉണ്ട.

നാസ്സിക ഒരു വലിയ പട്ടണം ആകുന്നു. ൫൦൦൦ ജനങ്ങൾ അ വിടെ കുടിയിരിക്കുന്നതിൽ മിക്കതും ബ്രാഹ്മണർ ആകുന്നു. അത ഒരു പുണ്യസ്ഥലം എന്ന വെച്ച വളരെ ആളുകൾ അവിടെ വരത്ത പോക്ക ഉണ്ട. അതിന സമീപെ ചില വലിയ ബൌദ്ധ ഗുഹകളും ഉണ്ട.

ജൊന്നീര ബലമുള്ള കോട്ടയോട കൂടിയ ഒരു വലിയ പട്ടണം ആ കുന്നു. മുമ്പിൽ ഇത ആ ദേശത്തിന്റെ തലസ്ഥാനം ആയിരുന്നു. ൦൦ം സ്ഥലത്ത ജീയന്മാരായിട്ട ഉണ്ടാക്കീട്ടുള്ളതിൽ പല ഗുഹകളും ഗുഹാലയ ങ്ങളും ഉണ്ട.

അഫ്മെദനഗർ എന്ന പട്ടണത്തെ അഫ്മെദനിസാംശാ പണിയിച്ച

തന്റെ തലസ്ഥാനമാക്കി ഇപ്പോൾ അത ആ ദേശത്തിൽ ബ്രിത്തിഷുകാ
ക്ക ദേശകാര്യം വിചാരിക്കുന്നതിനുള്ള പ്രധാന സ്ഥലങ്ങളിൽ ഒന്നായി
രിക്കുന്നു.

ഓറങ്ങബാദിന്ന പണ്ട ഗ്രഖാ എന്ന പേർ വിളിക്കപ്പെട്ടിരുന്നു.
എന്നാൽ ഓറങ്ങസെബ, ഡെക്കനിലെ നാട്ടുവാഴിയായപ്പോൾ ഇത
ആ ദേശത്തിന്റെ തലസ്ഥാനവും അവന്ന ഇഷ്ടമുള്ള ഇരിപ്പിടവും ആ
യി തീന്നു. അവനിൽനിന്ന ഓറങ്ങബാദ എന്ന പേരുണ്ടായി. ഇത ന
ന്നായി പണിയപ്പെട്ട ഒരു വലിയ നഗരം ആകുന്നു. അവിടെ സമീ
പത്തുള്ള കുന്നുകളിൽനിന്ന കല്ലാത്തികൾ വഴിയായി വെള്ളം കൊണ്ടു
വന്നിട്ട ജലക്ഴലിൽ കൂടെ എല്ലാ ഭാഗങ്ങളിലുമുള്ള കല്ലൊട്ടികളി
ലേക്ക വെള്ളം ധാരാളമായിട്ട കൊണ്ടുപോകപ്പെടുന്നു. ഇവിടെ വലി
യ വിശേഷപ്പെട്ടതിൽ ശാ ഗഞ്ച എന്ന പേരായിട്ട ഒരു ചന്ത ഉണ്ട.
അവിടത്തെ പട്ടകങ്ങൾ സാമുവാകകും വിശേഷാൽ ശ്രുതിപെട്ടവ ആകു
ന്നു. ഓറങ്ങബാദ നിസാം ദേശങ്ങളുടെ വടക്കെ പകുതിയിലെ ഗവ
ണർ പതിവായിട്ട ഇരിക്കുന്നിടം ആകുന്നു.

ദൌലതബാദ ബലവും കീർത്തിയുമുള്ള കോട്ടയുള്ള ഒരു പട്ടണം ആ
കുന്നു. മഹമ്മദകാർ ംരം ദേശം ജയിക്കുന്നതിന്ന മുമ്പിൽ ഇത സ്വയാ
ധിപത്യമുള്ള ഒരു ഇന്ദുരാജ്യത്തിന്ന തലസ്ഥാനമായിരുന്നു. അപ്പോൾ
അത ദ്യോഗർ എന്ന വിളിക്കപ്പെട്ടിരുന്നു. മഹാ രാജാവായ സുല്ത്താൻ
മഹമ്മദ ഇതിനെ തന്റെ രാജ്യത്തിന്ന തലസ്ഥാനം ആക്കുവാൻ ശ്രമി
ച്ച അതിന്റെ പേർ ദൌലതബാദ എന്നാക്കി എന്നാൽ തന്റെ പുതി
യ രാജാസനത്തിൽ ഡെല്ലി നഗരത്തിലെ കുടിയാന്മാരെ വരുത്തി പാ
ർപ്പിക്കുന്നതിനായിട്ട ആ നഗരത്തെ മിക്കവാറും ശൂന്യമാക്കിയാറെയും
അവന്റെ ഭാവപ്രകാരം സാധിക്കുന്നതിന്ന ഇട വന്നില്ല.

ദൌലതബാദിന്ന ഏകദേശം ഒരു നാഴിക കിഴക്ക ഒരു മലയിൽ എ
ല്ലോരാഗുഹകൾ അല്ലെങ്കിൽ നാട്ടകാർ അതിനെ വിളിക്കുന്ന പ്രകാരം
വെറ്റൽ ഗുഹകൾ ഉണ്ട. ംരം ഗുഹകളുടെ വലിപ്പവും വേലയും കണ്ടാ
ൽ ഇന്ത്യയിൽ ഇത്തരത്തിൽ ഉള്ള എല്ലാത്തിനെക്കാളും ഇത വിശേഷമു
ള്ളവ ആകുന്നു. ഇവിടെ പല ക്ഷേത്രങ്ങളും അവയിൽ അനേകം
ബിംബങ്ങളും ഉണ്ട. ചിലത ശിവന്റെയും മറ്റ ചിലത ബൌദ്ധന്മാ
കുള്ളവയും ആകുന്നു. ബ്രാഹ്മണർ പറയുന്ന പ്രകാരം ഏകദേശം
വ്ംം സംവത്സരം മുമ്പെ എല്ലിച്ചപുരിലെ രാജാവായ ംരംകുവിനാൽ
അവ ഉണ്ടാക്കപ്പെട്ട. എന്നാൽ അവ ഉണ്ടാക്കപ്പെട്ടിട്ട ഇപ്പോൾ വ്ംം
സംവത്സരമെ ആയിട്ടുള്ള എന്നും അതിലധികം ആയിട്ടില്ല എന്നും
ശോധനയാൽ തെളിയുന്നു.

യാൽന്നാപ്പുര ഇംഗ്ലീക്ക പട്ടാളം കിടക്കുന്ന ഒരു പട്ടണം ആകുന്നു.
പൊയ്ൻ പൊന്നും വെള്ളിയും പട്ടും കൊണ്ട കസവിട്ട ശീലത്തര
ങ്ങളെ ഉണ്ടാക്കുന്നതിനായിട്ട മുമ്പിനാലെ ശ്രുതിപെട്ടിരിക്കുന്ന ഒരു
സ്ഥലം ആകുന്നു.

നദികൾ.—ഗോദാവരി എന്നും സിനാ എന്നും ഭീമാ എന്നും
മൂതാ എന്നും മൂലാ എന്നും ആകുന്നു.

ദേശ രൂപം.—ംരം ദേശത്തിൽ വടക്കുനിന്ന തെക്കുവരെ
കും പടിഞ്ഞാറെ പവ്തനിര കേറികിടക്കുന്നു. ദേശത്തിന്റെ മുകൾ

മുഴുവനും ക്രമം ഇല്ലാതെയും ഒപ്പനിരപ്പില്ലാതെയും പാറയായിട്ട കാട്ട കേറിയിരിക്കുന്ന കുന്നുകളാകുന്നു. അത സാമാന്യം വിളവുണ്ടാകുന്നതാകുന്നു.

ക്ലൈമെട്ട.—മലകളുടെ മുകളിലെ ക്ലൈമെട്ട ശാന്തമുള്ളതാകുന്നു.

ഉത്പാദനങ്ങൾ.—നെല്ലും മാറ ധാന്യങ്ങളും പഞ്ഞിയും ആകുന്നു. ചൊടിപ്പും ശക്തിയുമുള്ള ചെറിയ കുതിരകളെ ബീമായുടെ തീരത്തിങ്കൽ അനവധിയായിട്ട വളർത്തുന്നുണ്ട. പലമാതിരി നല്ല പഴങ്ങൾ ഇവിടെ അധികം ഉണ്ട. വിശേഷാൽ മുന്തിരിങ്ങായും കുമ്പളങ്ങായും മധുരനാരങ്ങായും അത്തിപ്പഴങ്ങളും ആകുന്നു.

മതം.—പ്രധാനമായിട്ട ഇന്ദു മതം ആകുന്നു.

ന്യ. ബൈഡെർ എന്ന ദേശത്തെ കുറിച്ച.

അതിരുകൾ.—ഒരു ദേശത്തിന്റെ വടക്കെ ഭാഗം ഓറങ്കബാദ എന്നും ബെറാർ എന്നുമുള്ള ദേശങ്ങളാലും കിഴക്ക ഗുണ്ടാന എന്നും ഹൈദ്രബാദ എന്നുമുള്ള ദേശങ്ങളാലും തെക്ക കൃഷ്ണാ എന്ന ആറിനാലും പടിഞ്ഞാറ ബെജപ്പൂർ എന്നും ഓറങ്കബാദ എന്നുമുള്ള ദേശങ്ങളാലും അതിരിയാക്കപ്പെട്ടിരിക്കുന്നു.

പ്രധാന അംശങ്ങൾ.—പുത്രി എന്നും നാന്ദയർ എന്നും കല്ല്യാണി എന്നും ബൈഡെർ എന്നും അക്കൽകോട്ട എന്നും കൽബുർഗാ എന്നും ആകുന്നു.

പ്രധാന നഗരികൾ.—നാന്ദയർ എന്നും നീർമൽ എന്നും കല്ല്യാണി എന്നും ബൈഡെർ എന്നും അക്കൽകോട്ടാ എന്നും കൽബുർഗാ എന്നും ആകുന്നു.

നാന്ദയർ വലിയതും ജനപ്പെരുപ്പവുമുള്ള പട്ടണം ആകുന്നു. ഇവിടെ ഗോവിന്ദ ഗുരുവിനെ കൊന്ന സ്ഥലത്ത ഒരു സീക്ക പാഠകശാല ഉണ്ട. കുടിയാന്മാര പലരും ആ കൂട്ടക്കാരാകുന്നു.

ബൈഡെർ മുമ്പിൽ ഭാമിനി മഹാ രാജ്യത്തിന്റെ തലസ്ഥാനവും ഇപ്പോൾ ഒരു ദേശത്തിന്റെയും ആകുന്നു. മുമ്പിൽ ഒരു പേരു തന്നെ ഉണ്ടായിരുന്ന ഒരു പഴയ ഇന്ദു നഗരം നാശം വന്ന കിടന്നതിന സമീപത്ത അഫൈദാ ഭാമിനിയായിട്ട ഇതിനെ പണിയിച്ചു. അവൻ ഇതിന അഫൈദബാദ എന്ന പേരിടുകയും ചെയ്തു.

കൽബുർഗാ എന്ന പട്ടണം ഇപ്പോൾ ഒട്ടും പ്രതിയുള്ള സ്ഥലം അല്ല. എന്നാൽ പണ്ടത്തെ കാലങ്ങളിൽ അത ഒരു ഇന്ദു രാജ്യത്തിന്നും മഹമ്മദ രാജ്യത്തിന്നും തലസ്ഥാനമായിരുന്നതിനാൽ ബഹു പ്രതിയുള്ളതായിരുന്നു.

അതിരുകൾ.—ഗോദാവരി എന്നും മഞ്ജിരാ എന്നും ഭീമാ എന്നും കൃഷ്ണാ എന്നും മറ്റും ആകുന്നു.

ദേശ രൂപം.—ഒരു ദേശം ഒപ്പനിരപ്പില്ലാത്തതും കുന്നായുള്ളതും ആകുന്നു. എന്നാൽ മല ഇല്ലാതെ സാമാന്യം വെളിയായുള്ളതും വി

ളവ ഉണ്ടാകുന്നതും ആകുന്നു. എങ്കിലും ജനപുരുക്കം കൊണ്ട നല്ല പോലെ കൃഷി ചെയ്യുന്നില്ല. മുമ്പിൽ ഇന്തു രാജ്യഭാരമായിരുന്നപ്പോൾ ബഹുജനം ഉണ്ടായിരുന്നു എന്നും വിളവുള്ളതായിരുന്നു എന്നും പറയപ്പെട്ടുന്നു.

ഉത്പന്നവർഗ്ഗം.—കോതമ്പും ചോളവും മറ്റ കരധാന്യങ്ങളും പഞ്ഞിയും ആകുന്നു.

മതം.—പ്രധാനമായിട്ട ഇന്തു മതം ആകുന്നു. കുറഞ്ഞോരു സീക്ക മതക്കാരും ഉണ്ട.

൭ ഹൈദ്രബാദ എന്ന ദേശത്തെ കുറിച്ച.

അതിരുകൾ.—ഒരു ദേശത്തിന്റെ വടക്കെ ഭാഗം ഗോദാവരി എന്ന ആറിനാലും കിഴക്കു കുന്നുകളുടെ നിരകളാലും തെക്കു കിഴക്കു കൃഷ്ണാ എന്നും ഇംബുദ്ര എന്നുമുള്ള ആറുകളാലും തെക്കു പടിഞ്ഞാറു ബാബ എന്ന ദേശത്താലും പടിഞ്ഞാറു ബെദെർ എന്ന ദേശത്താലും അതിരിയാക്കപ്പെട്ടിരിക്കുന്നു.

പ്രധാന നഗരികൾ.—മെയിദക്ക എന്നും വരൻഗോൽ എന്നും ഹൈദ്രബാദ എന്നും ഗൊൽകൊണ്ടാ എന്നും നീലകുണ്ടാ എന്നും കുമ്മം മൈത എന്നും ആകുന്നു.

വരൻഗോൽ, തെലിങ്ക ഇന്തു രാജ്യത്തിന്റെ പണ്ടത്തെ തലസ്ഥാനം ആയിരുന്നു. ക്രൂരന്മാരാണ്ടിൽ മഹമ്മദകാർ അതിനെപിടിച്ചു. പിന്നെ കുറെക്കാലം കഴിഞ്ഞ ശേഷം ഇന്തുക്കാർ അതിനെ തിരികെ പിടിച്ചു. പിന്നെ ക്രൂരന്മാർ മഹമ്മദകാർ അതിനെ തീർച്ചയായിട്ട പിടികയും ചെയ്തു.

ഹൈദ്രബാദ, മുമ്പിൽ ഭാഗനഗർ എന്ന വിളിക്കപ്പെട്ടിരിക്കുന്നു. അത ഒരു വലിയ പട്ടണം ആകുന്നു. എങ്കിലും മോശമായിട്ട പണിയിക്കപ്പെട്ടിരിക്കുന്നു. അതിൽ ഏകദേശം രണ്ട ലക്ഷം കുടിയാന്മാർ ഉണ്ട അത ഏറിയ കാലമായി മുസൽമാൻ രാജ്യത്തിന്റെ തലസ്ഥാനമായിരുന്നത കൊണ്ട ഡെക്കനിലെ പ്രധാനമായ മഹമ്മദ കുടുംബക്കാർക്ക ഇപ്പോൾ ഇവിടെ പ്രത്യേകമായിട്ട വരത്ത പോക്ക ഉണ്ട.

ഒരു പട്ടണത്തിന്ന നാലുനാഴിക വടക്ക ഇംഗ്ലീക്ക പട്ടാളം കിടക്കുന്ന സിക്കന്തരാബാദ എന്ന കവാത്ത സ്ഥലം ആകുന്നു.

ഗൊൽകൊണ്ടാ, ഒരു ശ്രുതിപ്പെട്ട കോട്ടയും ആയ്ത്തികൾ ഒരു ഇന്തു രാജ്യത്തിന്നും പിന്നത്തതിൽ ഒരു മഹമ്മദ രാജ്യത്തിന്നും അത പണ്ടെ തലസ്ഥാനമായിരുന്നതും ആകുന്നു.

നീലകുണ്ടാ, എന്നത വിളവുണ്ടാകുന്നത എങ്കിലും തരിശായി കൃഷി ചെയ്യാതെ കിടക്കുന്ന ഒരു പ്രദേശത്തിലെ പ്രധാന പട്ടണം ആകുന്നു.

കുമ്മം മൈത എന്നത മോശപ്പെട്ട കൃഷിയും ജനപുരുഷവും കുള്ളന്മാരുടെ ശല്യം അധികവുമുള്ള ഒരു ദേശത്തിലെ പ്രധാന പട്ടണം ആകുന്നു.

ആറുകൾ.—ഗോദാവരി എന്നും മഞ്ജിര എന്നും മൂസി എന്നും കൃഷ്ണാ എന്നും ആകുന്നു.

ദേശ രൂപം.—ംരം ദേശം പൊക്കമുള്ള മൈതാനം ആകുന്നു. കുന്നുകൾ ഉണ്ടെങ്കിലും മല ഇല്ല സാമാന്യം വെളി തന്നെ. ഹൈദ്രബാദിനെ തെക്കോട്ടുള്ള ദേശം ഉലോം കാട്ടുപിടിച്ചതും ജനപുരുക്കമുള്ളതും ആകുന്നു.

ക്ലൈമെട്ട്.—ഇവിടത്തെ ക്ലൈമെട്ട് പതമുള്ളതും നിലം ജാത്യാൽ വിളവുണ്ടാകുന്നതും ആകുന്നു. എന്നാൽ വേണ്ടും വണ്ണം കൃഷി ഇല്ല. പണ്ടത്തെ കാലങ്ങളിൽ ംരം ദേശം തിങ്ങി ജനങ്ങൾ ഉണ്ടായിരുന്നിടവും സുഭിക്ഷമുള്ളതും ആയിരുന്നു. എന്നാൽ മോശപ്പെട്ട രാജ്യഭാരം കൊണ്ടെ അതിന ഏറിയ കാലമായിട്ട താഴ്ചവന്നിരിക്കുന്നു.

ഉത്ഭവങ്ങൾ.—കോതമ്പും ചോളവും മറ്റ കരധാന്യങ്ങളും അല്പം കുരുമ്പും ആകുന്നു.

മതം.—ഇന്ദു മതവും മഹമ്മദ മതവും ആകുന്നു.

൨. വടക്കെ സക്കാസ് എന്ന ദേശത്തെ കുറിച്ച.

അതിരുകൾ.—ംരം ദേശത്തിന്റെ വടക്കെ ഭാഗം ഓറീസാ എന്ന ദേശത്താലും കിഴക്ക ബെങ്കാൾ ഉൾക്കടലിനാലും തെക്ക വടക്കെ കാർനാഠിക്കിനാലും പടിഞ്ഞാറ ഹൈദ്രബാദ എന്നും ഗുണ്ടാന എന്നുമുള്ള ദേശങ്ങളാലും അതിർത്തിയാക്കപ്പെട്ടിരിക്കുന്നു.

പ്രധാന അംശങ്ങൾ.—ഗഞ്ചാം എന്നും ചിക്കാകോൾ എന്നും രാജമന്ദ്രി എന്നും എല്ലൂര എന്നും കൊണ്ടാപ്പള്ളി എന്നും ഗുന്തൂര എന്നും ആകുന്നു. അവയെ വിവരമായി പറയും.

ആറുകൾ.—പ്രധാനമായിട്ട ഗോദാവരിയും കൃഷ്ണായും ആകുന്നു.

ദേശ രൂപം.—ംരം ദേശം നീളത്തിൽ വിസ്താരം കുറഞ്ഞിട്ട ഒരു പ്രദേശം ആകുന്നു. സമുദ്രതീരത്തിന്ന അടുത്തുള്ള ഭൂമി പ്രധാനമായിട്ട മണലുള്ളതാകുന്നു. എന്നാൽ ഉള്ളിലോട്ട നല്ലതും വിളവുണ്ടാകുന്നതും ആകുന്നു.

ക്ലൈമെട്ട്.—ഉഷ്ണമുള്ളതും മലകളിലെ കാറ്റ ശരീര സൌഖ്യത്തിന്ന ഉലോം കൊള്ളരുതാത്തതും ആകുന്നു.

ഉത്ഭവങ്ങൾ.—നെല്ലും മുതിരയും കോതമ്പും മറ്റ ധാന്യങ്ങളും ധാരാളമായിട്ട ഉണ്ട. പഞ്ചസാരയും പഞ്ഞിയും വിശേഷമായ പുകയിലയും ഉണ്ട. അനവധി ഉപ്പ എടുത്ത ഉണ്ടാക്കി പോക്കുചരക്കായിട്ട കേറ്റി അയക്കുന്നു. കാടുകളിൽ വലിയ മാതിരി തേക്ക തടികൾ ഉണ്ട

മതം.—ഇന്ദു മതവും മഹമ്മദ മതവും ആകുന്നു.

വിശേഷാദികൾ.—ംരം ദേശത്തിൽ തെലുങ്കർ എന്നും ഊഡ്യന്മാർ എന്നും പേരായിട്ട രണ്ട വിധം ഇന്തുക്കൾ ഉണ്ട. യൂറോപ്പുകാർ

തെലുങ്കരെ ജെന്ത്രുകൾ എന്ന ക്രൂടെക്രൂടെ പറഞ്ഞവരുന്നു.

സക്കാസ് പലതുള്ളവയും അവയുടെ പ്രധാന പട്ടണങ്ങളും ഇനി വിവരമായിട്ട പറയപ്പെടുന്നു.

൧മത. ഗഞ്ചാം എന്നത, സക്കാസ് ഉള്ളവയിലേക്കും വടക്കെ അറ്റത്ത ആകുന്നു.

പട്ടണങ്ങൾ. അസ്സാ എന്നും ഗഞ്ചാം എന്നും ഭരാംപൂര എന്നും മൻസൂർകോട്ട എന്നും ഇല്ലാപൂര എന്നും ആകുന്നു.

ഗഞ്ചാം ഒരു തുറമുഖം ആകുന്നു. അവിടം മുമ്പിൽ ബഹു കച്ചവടമുള്ളതും ഇംഗ്ലിഷുകാരുടെ പ്രധാന സ്ഥലങ്ങളിൽ ഒന്നും ആയിരുന്നു. എന്നാൽ ഇപ്പോൾ കുറെകാലമായിട്ട ആ ടിക്കിലെ ക്കൈമെട്ട ദോക്ഷം കൊണ്ട അത ഉപേക്ഷിക്കപ്പെട്ടിരിക്കുന്നു.

൨മത. ചിക്കാകോൽ എന്നത, വണ്ട കലിങ്ക ദേശം എന്ന വിളിക്കപ്പെട്ടിരുന്നതാകുന്നു. അത സക്കാസ്കളിലേക്കും വലിയതും ആകുന്നു.

പട്ടണങ്ങൾ. കലിങ്ക പട്ടണം എന്നും ചിക്കാകോൽ എന്നും വിസയ നഗരം എന്നും ഇംലി പട്ടണമെന്നും വിസാഗ പട്ടണം എന്നും ആകുന്നു.

കലിങ്ക പട്ടണം ഒരു തുറമുഖം ആകുന്നു.

ഇംലി പട്ടണവും വിസാഗ പട്ടണവും രണ്ടും തുറമുഖങ്ങളും ബഹു കച്ചവടമുള്ള സ്ഥങ്ങളും ആകുന്നു. പ്രധാനമായി പോക്കുവരവായിട്ട കേറി അയക്കുന്ന വസ്തുകൾ പഞ്ഞികൊണ്ട ഉണ്ടാക്കുന്ന തുണികൾ ആകുന്നു.

൩മത. രാജമന്ത്രി എന്നത, ഗോധാവരിയുടെ രണ്ട ഭാഗത്തും ക്രൂടെ ആകുന്നു. നല്ല നിരോട്ടമുള്ളതാകകൊണ്ട സക്കാസ്കളിലേക്കും വിളവുള്ളതും ആകുന്നു.

പട്ടണങ്ങൾ. സാമൽകോട്ട എന്നും രാജമന്ത്രി എന്നും കൊരിങ്ങ എന്നും ഇജ്ജെരാം എന്നും ബന്ദർമലങ്ക എന്നും നസ്പൂര എന്നും ആകുന്നു

സാമൽകൊട്ടയിൽ വിശേഷ പണിയും ബഹു പഴക്കമുള്ള രണ്ട ഇന്ദ്ര ക്ഷേത്രങ്ങൾ ഉള്ള ഒരു പട്ടണം ആകുന്നു.

രാജമന്ത്രി സമുദ്രത്തിൽനിന്ന അമ്പത നാഴിക അകലെ ഒരു വലിയ പട്ടണവും ദേശത്തിന്റെ തലസ്ഥാനവും ആകുന്നു. മഴക്കാലത്ത ഗോധാവരിക ഇവിടെ ഒരു നാഴിക വിസ്താരം ഉണ്ട. അത പട്ടണത്തിന്ന താഴെ ചെന്നിട്ട പല കൈവഴികളായി പിരിയുന്നു.

കൊരിങ്ങ ഒരു തുറമുഖം ആകുന്നു.

൪മത. എല്ലൂര എന്നത, രാജമന്ത്രിയും കൊണ്ടപ്പള്ളിയും വടക്കും തെക്കുമായിട്ട നടുവിൽ കിടക്കുന്നതാകുന്നു.

പട്ടണങ്ങൾ. എല്ലൂര എന്നൊ പതിവായിട്ട ഉപ്പു എല്ലൂര എന്നൊ പറയപ്പെടുന്നതാകുന്നു. ഇപ്രകാരം വിളിക്കപ്പെടുന്നത ഇതിനെ രാ എല്ലൂരിൽനിന്ന വേർതിരിച്ച അറിയുന്നതിനായിട്ട ആകുന്നു.

എല്ലൂരിന ൪ നാഴിക അകലെ കൊളെർ പൊയ്ക എന്ന പേരായിട്ട നല്ല വെള്ളമുള്ള ഒരു വലിയ പൊയ്ക ഉണ്ട. അവിടെ ചില നിലങ്ങളിൽ നെല്ല അനവധിയായിട്ട ഉണ്ടാകുന്നുണ്ട. ൦രം പൊയ്കയിൽനിന്ന സമുദ്രത്തിലോട്ട വള്ളം പോകുന്നതായി ഉപതനയർ എന്ന പേരായിട്ട ഒരു ചെറിയ ആറ ഉണ്ട.

ുമത. കൊണ്ടോപ്പിള്ളി എന്നത, വടക്ക കൊളർ എന്ന പൊയ്യയാലും ഉപതനയർ എന്ന ആററിനാലും എല്ലൂരിൽനിന്നും തെക്ക കൃഷ്ണാ എന്ന ആററിനാൽ ഗ്രന്ത്രരിൽനിന്നും വേർതിരിയപ്പെട്ടിരിക്കുന്നതാകുന്നു.

പ്രധാന പട്ടണങ്ങൾ. കൊണ്ടോപ്പിള്ളി എന്നും മുസലി പട്ടണം എന്നും ആകുന്നു.

മുസലി പട്ടണം, ബഹു കാലമായിട്ട ബഹു കച്ചവടമുള്ള തുറമുഖം ആയിരിക്കുന്നു. ഫ്രെഞ്ചകാക്ക ഇവിടെ ഒരു കച്ചവട സ്ഥലം ഉണ്ടായിരുന്നു. പിന്നെ അത ഇംഗ്ലീക്ഷകാക്ക ആയി. അത കൊറൊ മണ്ഡൽ തീരത്തിങ്കൽ ഇവക്ക ഒരു പ്രധാനസ്ഥലമായി തീർന്നിരിക്കുന്നു. അവിടെ കടൽ കൊറൊമണ്ഡൽ തീരത്തിങ്കൽ മററുള്ളിടത്തെ പോലെ കര യ്ക്ക അത്ര ശക്തിയോട കൂടെ അടിക്കുന്നില്ല. ആകയാൽ കപ്പലുകൾ വന്ന നില്ക്കുന്നതിനും കൊള്ളാം. മുസലി പട്ടണം പഞ്ഞികൊണ്ട ഉണ്ടാക്കുന്ന വസ്ത്രങ്ങൾക്കായികൊണ്ടും മുകിൽ വലിക്കുന്ന പുകയിലപൊടിക്കായികൊണ്ടും ശ്രുതിപ്പെട്ടതാകുന്നു.

൩മത. ഗ്രന്ത്രര അല്ലെങ്കിൽ മൂർത്തിസഖാദ എന്നത സക്കാസ്കളിലേക്കും തെക്കെ അറാം ആകുന്നു. അത വടക്ക കൃഷ്ണായിക്കും തെക്ക ഗുന്ദിഗാമായിക്കും ഇടയിൽ ആകുന്നു.

പട്ടണങ്ങൾ. ബെല്ലുംകുന്ന എന്നും ഗ്രന്ത്രര എന്നും കൊണ്ടോവീർ എന്നും നിസാം പട്ടണം എന്നും ഐന്നകുന്ന എന്നും ആകുന്നു.

ഐന്നകുന്നിന്ന ൫൨ നാഴിക കിഴക്ക ഭാഗൽകുന്ന എന്ന പേരായിട്ട ഒരു കുന്നു ഉണ്ട അത കെട്ടപോയ ഒരു അഗ്നിപവതം എന്ന തോന്നുന്നു. ഇപ്പോൾ അഗ്നിപവതത്തിൻെറ അല്പഭാവം പോലും കാണുന്നില്ല. എന്നാലും ചിലപ്പോൾ സമീപത്തുള്ള വീടുകളെ മറിച്ചിടുവാൻ തക്കവണ്ണം ശക്തിയുള്ള ഭ്രകമ്പങ്ങൾ കൂടക്കൂടെ ഉണ്ടാകുന്നുണ്ട.

൯. കൊങ്കാൻ ദേശം ഉൾപ്പടെ ബൈജപൂര എന്ന ദേശത്തെ കുറിച്ച.

അതിരുകൾ.—ംറം ദേശത്തിൻെറ വടക്കെ ഭാഗം ഓറങ്ങബാദ എന്ന ദേശത്താലും കിഴക്ക ബെൽഗാം എന്ന ദേശത്താലും തെക്ക കിഴക്ക ഹൈദ്രബാദിനാലും തെക്ക പോബിനാലും പടിഞ്ഞാറ സമുദ്രത്താലും അതുത്തിയാക്കപ്പെട്ടിരിക്കുന്നു.

പ്രധാന നഗരികൾ.—കൊളബാ എന്നും പൂനാ എന്നും സെവെരൻദ്രഗ എന്നും സത്താറാ എന്നും ശൊളപൂര എന്നും പിംഗൊല്ലാ എന്നും ഗോവാ എന്നും ആകുന്നു.

പൂനാ ഒരു വിസ്താരമുള്ള വെളിഭ്രമിയിൽ നില്ക്കുന്നു. അത ഇന്ദുസ്ഥാനിൽ നാട്ടുകാർ പണിയിച്ചിട്ടുള്ള മഹാ നല്ല നഗരങ്ങളിൽ ഒന്ന എന്ന വിചാരിക്കപ്പെടുന്നു. അവിടത്തെ പ്രമാണികളും അവരുടെ കൂട്ടുകാരും സമീപത്തുള്ള ദേശങ്ങളിൽ കൊള്ളെയ്ക്കായി പുറപ്പെടുന്നതിന്ന മുമ്പെ ദുർഗ്ഗയെ കഴിക്കുന്നതിനായിട്ട ആണ്ടുതോറും പതിവായിട്ട കൂടിവന്നിരുന്ന ഇവിടെ ആയിരുന്നു. അത ഇപ്പോൾ ആ ദേശത്തിലേ ഇം

ഗ്ലീഷ സൈന്യം കിടക്കുന്ന പ്രധാനസ്ഥലം ആകുന്നു. അവിടെ ഒരു ലക്ഷം ആളുകൾ ഉണ്ട.

പൂനായിൽനിന്ന ഏകദേശം ൩൦ നാഴിക വടക്ക പടിഞ്ഞാറായിട്ട കാളീഗുഹകൾ ഉണ്ട. അവയിലേക്കും പ്രധാനമായുള്ള ഗുഹയിൽ ൧൨൩ അടി നീളവും ൪൦ അടി വീതിയുമുള്ള ഒരു ശാലയും ദേവാലയവും ഉണ്ട. ആ ആലയത്തിൽ ബിംബം ഇല്ല. എന്നാൽ ശാലയുടെ ഭാഗങ്ങളിൽ നിറച്ച ആനയുടെയും മനുഷ്യന്റെയും രൂപങ്ങൾ കൊത്തി ഉണ്ടാക്കപ്പെട്ടിരിക്കുന്നു. അതിന്നിടയിൽ ബുദ്ധന്റെതും ഉണ്ട.

ശോളപൂര വലിയതും വദ്ധനവുള്ളതും ബലമുള്ള കോട്ടയുള്ളതുമായ പട്ടണം ആകുന്നു. അത ഇംഗ്ലീഷ പട്ടാളം കിടക്കുന്ന ഒരു വിശേഷപ്പെട്ട സ്ഥലവും വളരെ ഉൾക്കര കച്ചവടമുള്ളിടവും ആകുന്നു.

യൂറോപ്പ എഴുത്തുകാർ വിസിയപൂര എന്ന പറയുന്ന ബെജപൂര ൦൦ പേരു തന്നെ ഉണ്ടായിരുന്ന ഒരു മഹമ്മദ രാജ്യത്തിന്ന തലസ്ഥാനവും മുമ്പിലത്തെ കാലങ്ങളിൽ ആസിയായിലുള്ള മഹാ വലിയ നഗരങ്ങളിൽ ഒന്നും ആയിരുന്നു കോട്ടയുടെ പുറവശം വ്യ നാഴിക ചുററിൽ കുറകയില്ല. ഇപ്പോൾ അത ഒട്ടെല്ലാം നാശം വന്ന കിടക്കുന്നു. എങ്കിലും ആ സ്ഥലം പണ്ട വിശേഷമുള്ളതായിരുന്നു എന്ന കാണിക്കുന്നതിന വേണ്ടുവോളം ഉള്ളവ ഇപ്പോഴും നില്ക്കുന്നുണ്ട. അതിൽ പല വിശേഷപ്പെട്ട പണികൾ ഉണ്ടായിരുന്നവയിൽ പലതും ഇപ്പോഴും നല്ല വണ്ണം നില്ക്കുന്നു.

ഗോവാ ൦൦ തീരത്ത ഒരു ചെറിയ ദ്വീപിൽ ആകുന്നു. അതിൽ പഴയ ഗോവാ എന്നും പുത്തൻ ഗോവാ എന്നും രണ്ട പട്ടണങ്ങൾ ഉണ്ട. പഴയ ഗോവാ പണ്ട ഇന്ദ്യായിൽ മഹാ മോടിയുള്ളതായിരുന്നു എങ്കിലും ഇപ്പോൾ ഒരു വിധം നാശമായി കിടക്കുന്നു. രാജ്യകാൎയ്യം വിചാരിക്കുന്നത പഴയ ഗോവായിൽനിന്ന തുറമുഖത്തോട അഞ്ച നാഴിക അടുപ്പമുള്ള ഭംഗിയും നല്ലവണ്ണം പണിയപ്പെട്ടതുമായ പുത്തൻ ഗോവായിൽ ആക്കി.

ഗോവാ ൧൬൩൯മതിൽ ബിജ നഗരിയിലെ ഇന്ദു രാജാക്കന്മാരിൽനിന്ന മഹമ്മദകാരാൽ പിടിക്കപ്പെട്ടു. പിന്നെ ൧൭൧൦ൽ അത കീൎത്തിപെട്ട പൊൎത്തുഗീസ കപ്പൽ സേനാധിപതിയായ അല്ബുക്വെൎക്കിനാൽ പിടിക്കപ്പെട്ടു. ഇവൻ അതിനെ ൦൦ രാജ്യത്തിൽ പൊൎത്തുഗീസ ദേശങ്ങൾക്ക തലസ്ഥാനമാക്കി തീൎത്തു പൊൎത്തുഗീസകാരുടെ ശക്തി ക്ഷയിച്ചതതോറും ഗോവായിക്കും ക്രമത്താലെ അതിന്റെ മുമ്പിലത്തെ വലിപ്പത്തിന്ന കുറവ വന്നുഭവിച്ചു. ഇപ്പോൾ അത പൊൎത്തുഗീസ നാടുവാഴി ഇരിക്കുന്നിടം ആകുന്നു. എങ്കിലും ഒട്ടും വിശേഷമുള്ളതല്ല. ഗോവായും അതിനോട ചേരുന്ന ചില ചെറിയ ദ്വീപുകളും ഉൾപ്പെടെ പൊൎത്തുഗീസകാൎക്ക ൪൦ നാഴിക നീളം ൨൦ നാഴിക വീതിയിൽ അല്പം ദേശം ഉണ്ട.

തുംബുദ്രാ എന്ന ആററുമട്ടെക്ക ജയനഗരം എന്ന അൎത്ഥമാകുന്ന ബിജനഗർ എന്ന പഴയ ഇന്ദു നഗരത്തിന്റെ മുടിവുകൾ ഉണ്ട. അതിൽ ഏറിയകാലമായിട്ട കുറഞ്ഞോരു ബ്രാഹ്മണർ ഉള്ളതല്ലാതെ കുടിപാൎപ്പില്ലാതെ ഇരിക്കുന്നു എങ്കിലും ഇപ്പോഴും നാശം വരാതെ തുലോം വലിയ കരിങ്കല്ല കൊണ്ട ഉണ്ടാക്കപ്പെട്ട ബഹു അമ്പലങ്ങളും ഛത്രങ്ങളും

മറ്റ പണികളും അതിന്റെ മുമ്പിലത്തെ മോടിയ്ക്ക സാക്ഷികളായിട്ട നില്ക്കുന്നുണ്ട. അവിടെ പലവി ശേഷപ്പെട്ട പണികൾ ഉള്ളവയിൽ പട്ടണത്തിന്റെ ഒരു ഭാഗത്ത മഹാ ദേവന്റെ പേരുള്ള ഒരു വിശേഷപ്പെട്ട ആലയം ഉണ്ട. അതിന്റെ ഗോപുരം ഉം അടി പൊക്കത്തിൽ പത്ത നിലയായിട്ട ആകുന്നു.

ആറുകൾ.—ടീമാ എന്നും കൃഷ്ണാ എന്നും ഗുതവ്വാ എന്നും ആകുന്നു.

ദേശ ത്രുപം.—ംരം ദേശത്തിന്റെ പടിഞ്ഞാറെ അതിരാകുന്ന മലയുടെ സമീപത്തുള്ള പ്രദേശങ്ങൾ ഏറ്റവും കുന്നായുള്ളതും പള്ളകൂട്ടം ആകുന്നു. കിഴക്കോട്ട ഏറയും പരപ്പുള്ളതും വെളിയായുള്ളതും ആകുന്നു.

ഉത്ഭവങ്ങൾ.—ചോളവും മുതിരയും മറ്റ കറുധാന്യങ്ങളും കുറെ നെല്ലും പഞ്ഞിയും പഞ്ചസാരയും ആകുന്നു.

മതം.—പ്രധാനമായിട്ട ഇന്ദു മതം ആകുന്നു.

തെക്കെ ഇന്ത്യായിലെ പ്രധാന ദേശങ്ങളെ കുറിച്ച.

൧. ബോബെ അല്ലെങ്കിൽ തെക്കെ മഹാരാഷ്ട്രം എന്ന ദേശത്തെ കുറിച്ച.

അതിരുകൾ.—ംരം ദേശത്തിന്റെ വടക്കെ ഭാഗം ഗുതവ്വാ എന്നും കൃഷ്ണാ എന്നുമുള്ള ആറുകളാലും കിഴക്ക ഹൈദ്രബോദിനാലും തെക്ക കിഴക്ക തുംബുദ്രാ എന്ന ആറിനാലും തെക്ക പടിഞ്ഞാറ കനറാ എന്ന ദേശത്താലും പടിഞ്ഞാറ ഇതിനെ തെക്കെ കൊങ്കൻ ദേശത്തിൽ നിന്ന വേർതിരിക്കുന്ന പവ്വതത്താലും അതൃത്തിയാക്കപ്പെട്ടിരിക്കുന്നു.

പ്രധാന നഗരികൾ.—ബെല്ലൊം എന്നും കല്ലാധിഗി എന്നും കിത്തൂർ എന്നും ധാവ്വാർ എന്നും ഗുജൻദെഗർ എന്നും ഗ്രുബ്ബി എന്നും സവാനൂർ എന്നും ആകുന്നു.

ബെല്ലൊം, ഒരു ഉയന്ന മൈതാനസ്ഥലത്ത പണിയപ്പെട്ട വദ്ധനവുള്ള ഒരു വലിയ പട്ടണം ആകുന്നു. അത ബെല്ലൊം എന്നും ശാപ്പൂർ എന്നും പേരായിട്ട രണ്ട പട്ടണങ്ങൾ ആകുന്നു. ബെല്ലൊമിലെ കൂടികളുടെ കൂട്ടത്തിൽ ജീയന്മാരുടെ കൂട്ടക്കാർ വളരെ ഉണ്ട.

മഹമ്മദകാർ നസ്സരബാദ എന്ന പറഞ്ഞിരിക്കുന്ന ധാവ്വാർ വലിയ കോട്ടയുള്ളതും വെളിയുമായ പട്ടണം ആകുന്നു. അത ദേശകാര്യം വിചാരിക്കുന്നവരുടെ പ്രധാന ഇരിപ്പിടം ആകുന്നു.

ഗ്രുബ്ബി വലിയതും ജനമുള്ളതുമായ പട്ടണവും ഇന്ദ്യായുടെ ംരം ഭാഗത്തിലുള്ള പ്രധാന കച്ചവടസ്ഥലങ്ങളിൽ ഒന്നായിട്ട ഏറിയ കാലമായി കേൾവിപ്പെട്ടിരിക്കുന്നതും ആകുന്നു. ഇവിടെ ഇംഗ്ലീക്കാക്ക ഒരു കച്ചവടസ്ഥലം ഉണ്ടായിരുന്നു.

ആറുകൾ.—ഗുതപൎവ്വാ എന്നും കൃഷ്ണാ എന്നും മാൽപൎവ്വാ എന്നും തുംബുദ്രാ എന്നും ആകുന്നു.

ദേശരൂപവും: ക്ലൈമെട്ടും.—ഈ ദേശത്തിന്റെ പടിഞ്ഞാറെ പ്രദേശങ്ങൾ മലയുള്ളതും കാടുപിടിച്ചതും ആകുന്നു. കിഴക്കോട്ട വെളിയും സാമാന്യം ഒപ്പനിരപ്പുള്ളതും ആകുന്നു. ഭൂമി നല്ലതും ക്ലൈമെട്ട ഗുണമുള്ളതും തന്നെ.

ഉത്ഭവങ്ങൾ.—പ്രധാനമായിട്ട പഞ്ഞിയും കരധാന്യങ്ങളും ആകുന്നു.

മതം.—ഏറയും ഇന്ദു മതം ആകുന്നു. അനേകം ജീയന്മാരും ഉണ്ട.

൨. സിദെദദിക്കുകൾ എന്ന പറയുന്ന ബാലഗ്ഗാട്ട ദേശത്തെ കുറിച്ച.

അതിരുകൾ.—ഈ ദേശത്തിന്റെ വടക്കെ ഭാഗം തുംബുദ്രാ എന്നും കൃഷ്ണാ എന്നുമുള്ള ആറുകളാലും കിഴക്ക വടക്കെ സൎക്കാസ് എന്നും വടക്കെ കാർനാററിക്ക എന്നും നടുവിലെ കാർനാററിക്ക എന്നുമുള്ള ദേശങ്ങളാലും തെക്ക മൈസൂർ എന്ന ദേശത്താലും പടിഞ്ഞാറ മൈസൂർ എന്നും കനറാ എന്നുമുള്ള ദേശങ്ങളാലും അതൃത്തിയാക്കപ്പെട്ടിരിക്കുന്നു.

പ്രധാന നഗരികൾ.—ദുപാദ എന്നും കൎന്നൽ എന്നും അദൊനി എന്നും ക്രമ്മം എന്നും ബെല്ലാരി എന്നും ഗ്രുതി എന്നും ഗന്ദികോട്ട എന്നും കഡപ്പാ എന്നും സിദൌത എന്നും രായിദൂഗ എന്നും ഗറംകൊണ്ടാ എന്നും പഞ്ചനൂർ എന്നും ആകുന്നു.

ദുപാദ എന്ന പട്ടണത്തിൽ നല്ല മാതിരി ചെമ്പ കണ്ടെത്തപ്പെട്ടിരിക്കുന്നു.

ബെല്ലാരി ആ ദേശത്തിന്റെ തലസ്ഥാനവും ഒരു ചെറിയ കോട്ടയും കോട്ടകെട്ടിയ ഒരു പേട്ടയുള്ളതുമായ സ്ഥലം ആകുന്നു.

കഡപ്പ ഏറിയ കാലം ഒരു സ്വയാധിപത്യമുള്ള പട്ടാണി ദേശത്തിന്ന തലസ്ഥാനം ആയിരുന്നു. അതിലെ പ്രധാനിക്ക കഡപ്പ നബാബ എന്ന പേരായിരുന്നു. ഇപ്പോഴും നല്ല വിശേഷമായി ഇന്ദുസ്താനി സംസാരിക്കുന്നവർ എന്ന വിചാരിക്കപ്പെട്ടിരിക്കുന്ന പല പഴയ പട്ടാണി കുഡുംബങ്ങൾ ഇവിടെ ഉണ്ട. ഇതിന സമീപത്ത വളരെ പഞ്ചസാരയും ചക്കരയും ഉണ്ടാക്കപ്പെടുന്നു. ഈ പട്ടണത്തിൽനിന്ന വടക്ക കിഴക്കഏകദേശം ഏഴ നാഴിക അകലെ പെണ്ണാററിന്റെ മട്ടെയ്ക്ക വൈരക്കല്ലുള്ള തുരങ്കങ്ങൾ ഉണ്ട.

ആറുകൾ.—വെദാവതി എന്നും പെണ്ണാർ എന്നും തുംബുദ്രാ എന്നും കൃഷ്ണാ എന്നും മററും ആകുന്നു.

ദേശരൂപവും.—ക്ലൈമെട്ടും.—ഈ ദേശം മിക്കവാറും പൊക്കമുള്ള വെളി ഭൂമി ആകുന്നു. ഇടെക്കിടയ്ക്ക എല്ലാവിടത്തും താണ കുന്നുകളും ഉണ്ട. വൃക്ഷങ്ങൾ സാമാന്യം ചുരുക്കം തന്നെ. തെക്കെ ഭാഗ

ങ്ങൾ താഴ്വരകൾ ആകുന്നു. ഭൂമി തുലോം നല്ലതാകുന്നു. ഇവിടെ ജാ
ത്യാൽ വൃക്ഷങ്ങൾ ഇല്ലാതെ വന്നുപോയത അല്ല. ക്രൂടക്രൂടെ യുദ്ധമുണ്ടാ
യിരുന്ന സമയത്ത ഖഹ സൈന്യം കടന്ന പോകയും പാളയമിറങ്ങുക
യും ചെയ്തിരുന്ന സ്ഥലം ആകയാൽ അത്രെ. ഇവിടത്തെ ക്ലൈമെട്ട അ
തൃഷ്ണമുള്ളതാകുന്നു. ഇവിടെ ഉണക്കിന്നും അത കാരണത്താൽ ക്ഷാമ
ത്തിന്നും ഇടവരുന്നു.

ഉത്ഭവങ്ങൾ.—പഞ്ഞിയും നീലവും പഞ്ചസാരയും നെല്ലും പ
ലമാതിരി കരധാന്യങ്ങളും ഉണ്ട. വൈര തുരങ്കങ്ങൾ കഡപ്പ ദേശങ്ങ
ളിൽ ആകുന്നു. ഇന്ത്യയുടെ ഹരം ഭാഗത്തുള്ളതിൽ മിക്ക വൈരകൽ തുര
ങ്കങ്ങളും കൃഷ്ണാ എന്നും പെണ്ണാർ എന്നുമുള്ള ആറുകളുടെ ഇടെയ്ക്കാകു
ന്നു. അവിടെനിന്ന ഗൊൽകൊണ്ട വൈരങ്ങൾ എടുക്കപ്പെടുന്നു. ബെ
ല്ലാനിയിൽ ഉണ്ടാക്കുന്ന കംബിളികായിട്ട അത ശ്രുതിപ്പെട്ടിരിക്കുന്നു.

മതം.—പ്രധാനമായിട്ട ഇന്തുമതം ആകുന്നു.

൩. വടക്കെ കാർനാററിക്ക എന്ന ദേശത്തെ കുറിച്ച.

അതിരുകൾ.—ഹരം ദേശത്തിന്റെ വടക്കെ ഭാഗം ഗന്ദഗാമ എ
ന്ന ആറരിനാലും കിഴക്ക സമുദ്രത്താലും തെക്ക പെണ്ണാരിനാലും പടി
ഞ്ഞാറ കിഴക്കെ പവ്തങ്ങളാലും അതൃത്തിയാക്കപ്പെട്ടിരിക്കുന്നു.

പ്രധാന നഗരികൾ.—ഓൻഗൊൽ എന്നും നെല്ലൂര എ
ന്നും ആകുന്നു. നെല്ലൂര ജനമുള്ള പട്ടണവും ആ ദേശത്തിന്റെ തല
സ്ഥാനവും ആകുന്നു.

ആറുകൾ.—ഗന്ദിഗാമ എന്നും പെണ്ണാർ എന്നും ആകുന്നു.

ദേശ രൂപം.—ഹരം ദേശത്തിന്റെ പടിഞ്ഞാറെ അതിനികലോ
ട്ട ദേശം കുന്നായുള്ളതാകുന്നു. എന്നാൽ മിക്കവാറും ഒപ്പനിരപ്പുള്ളതും
വെളിയായുള്ളതും ഒട്ട വിളവുള്ളതും ആകുന്നു.

ഉത്ഭവങ്ങൾ.—നെല്ലും മററ ധാന്യങ്ങളും കൃഷി ചെയ്യപ്പെട്ട
ന്നു എന്നാൽ ഉത്ഭവം വകയിൽ പ്രധാനമായിട്ടുള്ള വസ്തു ഉപ്പാകുന്നു.
അത പോക്കുചരക്കായിട്ട കേറി അയക്കുന്നതിന സമുദ്രതീരത്തിങ്കൽ
അനവധിയായിട്ട ഉണ്ടാക്കപ്പെടുന്നു. ചെമ്പ തുരങ്കങ്ങളും ഉണ്ട.

മതം.—ഇന്തുമതവും മഹമ്മദ മതവും ആകുന്നു.

൪. കനറാ എന്ന ദേശത്തെ കുറിച്ച.

അതിരുകൾ.—ഹരം ദേശത്തിന്റെ വടക്കെ ഭാഗം ഗോവായി
ലെ പൊർത്തുഗീസ ദേശങ്ങളാലും കിഴക്ക സിദ്ദെ ദേശങ്ങളാലും മൈ
സൂരിനാലും തെക്ക മലബാറിനാലും പടിഞ്ഞാറ സമുദ്രത്താലും അതൃത്തി
യാക്കപ്പെട്ടിരിക്കുന്നു.

പ്രധാന അംശങ്ങൾ.—ഇത വടക്കെ കനറാ എന്നും തെക്കെ കനറാ എന്നും രണ്ട ഭാഗങ്ങളാകുന്നു. വടക്കേതിൽ ബൂന്ദാ എന്നും ബില്ലീ എന്നും അങ്കൊലാ എന്നും ഊണ്ണൂർ എന്നും കുണ്ടാപ്പൂര എന്നും ഉള്ള പ്രദേശങ്ങൾ ഉണ്ട.

പ്രധാന നഗരികൾ.—ഈ ദേശത്തിലെ കുടിയാന്മാർസാമാന്യം അവരുടെ നിലങ്ങളിൽ തന്നെ പാൎക്കുന്നതകൊണ്ട അതിന്റെ ഉള്ളിൽ പട്ടണങ്ങൾ എങ്കിലും ഗ്രാമങ്ങൾ എങ്കിലും കുറച്ചെ ഉള്ളു. എന്നാൽ സമുദ്രതീരത്തിങ്കൽ പലതും ഉണ്ട. അവയിൽ പ്രധാനമായിട്ടുള്ളവ സെദശെഗർ എന്നും ഊണ്ണൂർ എന്നും കുന്ദപൂര എന്നും മംഗലൂർ എന്നും ആകുന്നു.

മംഗലൂർ വൎദ്ധിച്ച വരുന്ന ഒരു വലിയ പട്ടണം ആകുന്നു. ൧൭൫൩ മതിൽ തിപ്പുസുൽത്താൻ ബഹു സൈന്യത്തോടും പ്രെഞ്ചകാരുടെ സഹായത്തോടും കൂടെ ഈ നഗരത്തെ ഏറിയ നാൾ വളഞ്ഞിരുന്നു. എങ്കിലും കൎണ്ണൽ കാമ്പെലിന്റെ കീഴിൽ ഉണ്ടായിരുന്ന കുറഞ്ഞോരു സൈന്യത്തെ കൊണ്ട തിപ്പുവിന്റെ പ്രയത്നങ്ങളിൽ ഒക്കെയും മടുപ്പിച്ച ഒടുക്കം തീരുമാനം അവനെ തോല്പിച്ചതിനാൽ ഈ സ്ഥലം ശ്രുതി ഉള്ളതാകുന്നു.

ദേശ രൂപം.—സൂന്ദാ എന്ന വെളി ഭൂമി ഒഴികെ കനറാ മുഴുവനും പാറയുള്ള മലപ്രദേശം എന്ന പറയപ്പെടാം. ഇടെയ്ക്കിടെക്ക പൎവ്വതങ്ങളിൽനിന്ന സമുദ്രത്തിലോട്ട ഒഴുകുന്ന ചെറിയ ആറുകളും ഉണ്ട. അത നല്ല വിളവുള്ളതും വലിയ കാടുള്ളതും ആകുന്നു. മഴ സാമാന്യമായി ഇടവമാസത്തിൽ തുടങ്ങി തുലാമാസം വരെയും നില്ക്കുന്നു.

ഉത്ഭവങ്ങൾ.—ആ ദേശത്തിലെ പ്രധാന ഉത്ഭവം നെല്ലാകുന്നു. ഇത കൂടക്കൂടെ ഇന്ദ്യായിലെ മററ ദേശങ്ങളിലേക്കും അറാബിയയിലേക്കും പോക്കചരക്കായിട്ട കേററി അയക്കപ്പെടുന്നു. തേക്കും മററ വൃക്ഷങ്ങളും നല്ലമുളകും സുഗന്ധവൎഗ്ഗങ്ങളും ചന്ദനവും പഞ്ചസാരയും ഉണ്ട. കന്നുകാലികൾ ചെറിയ മാതിരി ആകുന്നു. മനുഷ്യർ തന്നെ വേലചെയ്യുന്നത കൊണ്ട കൃഷീക്ക അവയെ കൊണ്ട ഒട്ടും പ്രയോഗം ഇല്ല. അവിടെ കൈവേലകൾ ഒന്നും ഇല്ല.

മതം.—ആ ദേശത്തിൽ അധികം നടപ്പുള്ള മതങ്ങൾ ഇന്ദു മതവും മഹമ്മദ മതവും ആകുന്നു. എങ്കിലും ക്രിസ്ത്യാനികൾ എന്ന പേരുള്ളവരായിട്ട റോമസഭക്കാരിൽ അനേകായിരങ്ങൾ ഉണ്ട. ഇവർ ഇന്ദു രാജാക്കന്മാരുടെ കാലങ്ങളിൽ അവർ കൊങ്കാനിൽനിന്ന ഈ ദേശത്തിലേക്ക വരുത്തി പല ഗുണങ്ങളും ചെയ്തകൊടുത്ത അവിടെ പാൎത്തുവന്നവരുടെ സന്തതികളാകുന്നു. ജീയന്മാരുടെ കൂട്ടക്കാരും വളരെഉണ്ട. ഈ കൂട്ടക്കാർ വെവ്വെറായി ഇന്ദ്യായിൽ പാൎക്കുന്നുണ്ട. എങ്കിലും ഇവിടെയും മലബാറിന സമീപെയുള്ള ദേശങ്ങളിലുമെ അവരെ കൂട്ടമായിട്ട കാണ്മാനുള്ളു.

൫. മൈസൂർ എന്ന ദേശത്തെ കുറിച്ച.

അതിരുകൾ.—ഈ ദേശത്തിന്റെ വടക്കെ ഭാഗം സിദെദ ദെ

ശങ്ങൾ എന്ന പറയപ്പെടുന്ന ദേശങ്ങളാലും കീഴക്ക മലകളാലും തെക്ക കോയംബത്തൂർ എന്ന ദേശത്താലും പടിഞ്ഞാറ മലബാർ എന്നും കുടഗ എന്നും കനറാ എന്നുമുള്ള ദേശങ്ങളാലും അതൃത്തിയാക്കപ്പെട്ടിരിക്കുന്നു.

പ്രധാന നഗരികൾ.—ഹരിഹര എന്നും ചിത്തിൽദ്ദൂഗ എന്നും നഗര എന്നും സിമൂഗാ എന്നും സെറാ എന്നും കൊളാർ എന്നും ബംഗളൂര എന്നും ശ്രീരംഗ പട്ടണം എന്നും മൈസൂർ എന്നും ആകുന്നു.

നഗര അല്ലെങ്കിൽ ബെദനൂര, പണ്ട വലിയതും ബഹു സമ്പത്തുള്ളതുമായ നഗരം ആയിരുന്നു. ൧൭൩൩മതിൽ ഹൈദർ ആലി ഇതിനെ പിടിച്ച കൊള്ളയിട്ടു. ൧൭൮൩ൽ ജെനരാൽ മത്തിയൂസിന്റെ കീഴിൽ ഉണ്ടായിരുന്ന കുറഞ്ഞോരു ഇംഗ്ലീഷ സൈന്യം അതിനെ പിടിച്ച കൊള്ളയിടുകയും ചെയ്തു. അതിന്റെ ശേഷം ഉടൻ തന്നെ തിപ്പുസുൽത്താൻ പ്രെഞ്ചകാരുടെ സഹായത്തോടു കൂടെ അതിനെ വളകയാൽ കീഴമരുന്നതിന്ന ഇടവന്നുപോയി. സുൽത്താന്റെ കല്പനപ്രകാരം ജെനരാൽ മത്തിയൂസിനെയും ഉദ്യോഗസ്ഥന്മാരിൽ പലരെയും വിഷം കൊടുത്ത കൊല്ലുകയും പട്ടാളക്കാരിൽ മിക്കവരെയും കാരാഗ്രഹത്തിൽ വെച്ച കൊല്ലുകയും ചെയ്തു. അത ഇപ്പോൾ മുടിവായും മിക്കവാറും ജനങ്ങളില്ലാതെയും ഇരിക്കുന്നു.

സിമൂഗ,പണ്ട വലിയതും ജനപ്പെരുപ്പവുമുള്ള ഒരു പട്ടണം ആയിരുന്നു.എന്നാൽ മഹാരാഷ്ട്രകന്മാർ അതിനെരണ്ടുതവണ തീരുമാനം കൊള്ളയിട്ടത കൊണ്ട നാശമായി തീർന്നിരിക്കുന്നു. ൧൭൯൦മതിൽ കപ്പെൻലിത്തിലിന്റെ കീഴിലുണ്ടായിരുന്ന ബൊംബെ സൈന്യത്തിൽ വ്യം പേരും തിപ്പുവിന്റെ മഹാ നല്ല സേനാപതിമാരിൽ ഒരുത്തനായ മഹമ്മദരുസായുടെ കീഴുണ്ടായിരുന്ന ൧൦൦൦ മൈസൂർ സൈന്യവും തമ്മിൽ ൦രം പട്ടണത്തിന്ന അടുക്കൽ വെച്ച ഒരു യുദ്ധം ഉണ്ടായി ഒരു കൾനമായ പിണക്കം കഴിഞ്ഞ ശേഷം ഇംഗ്ലീഷകാൎക്ക തീരുമാനം ജയം ഉണ്ടായിരുന്നു. പരശുരാംഭൌവിന്റെ കീഴിൽ ഉണ്ടായിരുന്ന മഹാരാഷ്ട്ര സൈന്യം യുദ്ധത്തിൽ ഒരു പങ്കും പിടിക്കാതെ ദൂരത്തിങ്കൽ നോക്കി കൊണ്ട നിന്നിരുന്നു. എന്നാൽ യുദ്ധം കഴിഞ്ഞ ഉടനെ പട്ടണത്തെ കൊള്ളയിടുന്നതിനും അതിലെ സഹായമില്ലാത്ത കുടിയാന്മാരെ കൊല്ലുന്നതിനും ബഹു തിറത്തോടെ അവരും കൂടെ അദ്ധ്വാനപ്പെട്ടു.

ബംഗളൂര, വലിയ കോട്ടയുള്ള പട്ടണം അകുന്നു. അത ഇംഗ്ലീഷകാരുടെ പട്ടാളം കിടക്കുന്ന പ്രധാന സ്ഥലങ്ങളിൽ ഒന്നും ആകുന്നു. അവിടത്തെ ക്ലൈമെട്ട താണ ദേശത്തെക്കാൾ തുലോം പതമുള്ളതും ശരീര സൌഖ്യത്തിന്ന കൊള്ളാകുന്നതും ആകകൊണ്ട അവൎക്ക അവിടെ അധികം വരത്തപോക്ക ഉണ്ട. വിസ്താരവും നല്ല ക്രമവുമുള്ള ഒരു കവാത്ത സ്ഥലം പേട്ടയിൽനിന്ന രണ്ട നാഴിക്ക അകലെ ഉണ്ട. കോട്ട മോശമാകുന്നു. നാട്ടുശത്രുക്കളിൽനിന്ന രക്ഷെക്ക വേണ്ടിമാത്രമെ കൊള്ളത്തുള്ളു. അവിടെ കട്ടിയുള്ള തുണിയും പട്ടും കൈവേലചെയ്യപ്പെടുന്നു. ബംഗളൂര ശ്രുതിപെട്ടിരിക്കുന്നത അതിലെ തോട്ടങ്ങളിലുണ്ടാകുന്ന പലതരമായ ഫലമൂലാദികൾക്കായിട്ട ആകുന്നു.

ശ്രീരംഗപട്ടണം, കാവെരീ ആററിലുള്ള ഒരു ചെറിയ ദ്വീപിൽ പ

ണിയപ്പെട്ടിരിക്കുന്നു, അതിലെ കോട്ട തിപ്പുസുൽത്താനായിട്ട പ്രെഞ്ച ഇംജ്ജിനിയെരന്മാരുടെ സഹായത്തോട കൂടെ ഉണ്ടാക്കി എങ്കിലും ഒട്ടും നന്നല്ല. ദ്വീപിന്റെ മദ്ധ്യത്തിലുള്ള ഒരു കിളച്ചയിൽ പട്ടണത്തിൽനിന്ന കുറെ അകലെ ശഹർഗഞ്ചാം എന്ന പേരായിട്ട ഒരു ഗ്രാമം ഉണ്ട. സമീപത്ത ഒരു തോട്ടത്തിൽ ഹൈദർ ആലിയുടെയും അവന്റെ ഭാൎയ്യയുടെയും തിപ്പുസുൽത്താന്റെയും പ്രേതക്കല്ലറ നില്ക്കുന്നുണ്ട.

൧൭൯൯ മതിൽ ലോൎഡ്കൊൎന്ന്വിലിസിന്റെ കീഴിൽ ഇംഗ്ലീഷകാർ തിപ്പുവിനോട ശ്രീരംഗ പട്ടണം പിടിച്ചു. ൧൭൯൯ മതിൽ യുദ്ധം പിന്നെയും ഉണ്ടാകയാൽ ഇംഗ്ലീഷകാർ ജെനരാൽ ഹാരിസ്സിന്റെ കീഴിൽ രണ്ടാം പ്രാവശ്യവും അതിനെ പിടിച്ച തിപ്പുവിനെ കൊന്നു. പിന്നെ ആ ദ്വീപിനെ ഇംഗ്ലിഷ ദേശങ്ങളോട ചേൎത്തു. എന്നാൽ അത ശരീരസൌഖ്യത്തിന്ന തുലോം കൊള്ളരുതാത്തതാകയാൽ പിന്നീട അവർ അതിനെ ഉപേക്ഷിച്ചകളഞ്ഞു.

ഈ ദേശത്തിൽ പണ്ടും ഇപ്പോഴും തലസ്ഥാനമായിരിക്കുന്ന മൈസൂർ ഒരു പഴയ പട്ടണവും ജനപ്പെരുപ്പമുള്ളതും ആകുന്നു ഇതിനോട സംബന്ധം വിട്ട നില്ക്കുന്ന കോട്ട യൂറോപ്പ മാതിരിയായിട്ട പണിയപ്പെട്ടിരിക്കുന്നു. രാജധാനികോട്ടെയ്ക്കകത്തും ബ്രിത്തിഷ രെസിഡെൻസി പുറത്ത കുറെ അകലെ ഒരു കിളന്ന നിലത്തും ആകുന്നു. കോട്ടെക്ക അരികിൽനിന്ന മൈസൂർ കുന്നു വരെക്കും ഒരു കുളം ഉണ്ട. തെക്ക പടിഞ്ഞാറെ ചരുവിൽ ഒരു ബ്രാഹ്മണ ഗ്രാമത്തിന്റെ നടുവിൽ ബഹു ശ്രുതിയുള്ള രണ്ട ക്ഷേത്രങ്ങളുണ്ട. അവിടേക്ക രാജാവ ആണ്ടതോറും പോക പതിവുണ്ട.

ആറുകൾ.—തുംബുദ്രാ എന്നും വെദാവതി എന്നും പെണ്ണാർ എന്നും പനാർ എന്നും പാലാർ എന്നും കാവെരീ എന്നും ആകുന്നു.

ദേശ രൂപം.—ഈ ദേശത്തിന്റെ വിധം ഓരോരൊ പ്രദേശത്തിൽ ഓരോരൊ തരം ആകുന്നു. ഇതിന്റെ രണ്ട വശത്തും കിഴക്കേതും പടിഞ്ഞാറേതുമായ ഘാഥകൾ അല്ലങ്കിൽ പൎവ്വതങ്ങൾ ചുററിയിരിക്കുന്നു. ആകയാൽ ഇത പൊക്കമുള്ള സമ ഭൂമിയായിരിക്കുന്നു. അതിൽ കിളച്ചയുള്ള പല കുന്നുകളും ഉണ്ട. സമീപത്തുള്ള താണ ദേശങ്ങളെ നനെക്കുന്ന മിക്ക ആറുകളുടെയും ഉത്ഭവം അവിടെനിന്ന ഉണ്ടായിരിക്കുന്നു.

ഉത്ഭവങ്ങൾ.—മൈസൂരിലെ ഉത്ഭവങ്ങൾ നെല്ലും പഞ്ഞപ്പുല്ലും കോതമ്പും മററ ധാന്യങ്ങളും കരിമ്പും വെററിലയും കറുപ്പും ആവണക്കെണ്ണയും മററ അനേകം വസ്തുക്കളും ആകുന്നു. പഞ്ഞപ്പുല്ല എന്ന പറയുന്ന ധാന്യം പാവപ്പെട്ടവരുടെ ഒക്കെയും ഭക്ഷണമാകയാൽ അത പ്രധാനമായിട്ട കൃഷിചെയ്യപ്പെടുന്നു. പടിഞ്ഞാറെ കാടുകളിൽ ചന്ദനമരവും മററ വില ഏറിയ തടികളും അധികം ഉണ്ടാകുന്നുണ്ട. ആടുകൾ ചുവന്നിട്ടും വെളുത്തിട്ടും കറുത്തിട്ടും ബഹുത്വം ഉണ്ട. താണമാതിരി കുതിരകളെയും വളൎത്തുന്നുണ്ട. ഇരിമ്പ അധികമായിട്ട എടുപ്പാനുണ്ട. അതകൊണ്ട ആ നാട്ടുകാർ വേലചെയ്യുന്നു എന്നാൽ തുലോം മോശമായുള്ള പ്രകാരത്തിൽ ആകുന്നു.

കൈവേലകൾ.—അവിടത്തെ കൈവേലകൾ കറത്തും വെ

ളുത്തുമുള്ള കംബിളികളും ആട്ടരോമം കൊണ്ടുള്ള പരവിധാനികളും സാലുവകളും ആകുന്നു. പഞ്ഞികൊണ്ടുള്ള വേലകൾ കുറയും ഉള്ളതു താണമാതിരിയും ആകുന്നു.

മതം.—ഇന്തു മതവും മഹമ്മദ മതവും ആകുന്നു.

ന്യ. ചെരമഹാൽ എന്ന ദേശത്തെ കുറിച്ചു.

അതിരുകൾ.—ംരം ദേശത്തിന്റെ വടക്കെ ഭാഗം മൈസൂർ എന്നും നടുവിലെ കാർനാഠിക്ക എന്നുമുള്ള ദേശങ്ങളാലും കിഴക്ക നടുവിലെ കാർനാഠിക്കിനാലും തെക്ക സേലം എന്ന ദേശത്താലും പടിഞ്ഞാറ മൈസൂർ എന്ന ദേശത്താലും അതൃത്തിയാക്കപ്പെട്ടിരിക്കുന്നു.

പ്രധാന നഗരികൾ.—വെങ്കട്ടഗെരി എന്നും സതഹ്ര എന്നും ഊസൂർ എന്നും സൂളഗെരി എന്നും വാനിയാംബാഡി എന്നും രത്നഗെരി എന്നും കിസ്നാഗെരി എന്നും രയകോട്ട എന്നും തിപ്പാശൂർ എന്നും അല്ലാംബാഡി എന്നും ആകുന്നു.

പ്രധാന ആറുകൾ.—പാലാർ എന്നും പനാർ എന്നും ആകുന്നു.

ദേശ രൂപം.—ഇത കിഴക്കെ പവ്വതങ്ങളുടെ ഇടയിൽ ഒരു ചെറിയ ദേശവും കാഴ്ചെക്ക സാമാന്യം ക്രമമില്ലാത്തതും ആകുന്നു. ഇത മുൻകാലങ്ങളിൽ പല മഹാ ചലമുള്ള കോട്ടകളെ കൊണ്ട നിറയപ്പെട്ടിരുന്നു.

ഉത്ഭവങ്ങളും, കൈവേലകളും.—മലഞ്ചരുവിൽ നെല്ലും മററ ധാന്യങ്ങളും ഉണ്ടാകുന്നു. എന്നാൽ പ്രധാനമായിട്ട കൃഷിചെയ്യപ്പെടുന്ന വസ്തുക്കൾ സസ്യാദികളും തെങ്ങ പന മുതലായവയെ നടുന്നതും ആകുന്നു. കൈവേലകൾ ഏറെ ഇല്ല. ഉള്ളത താണ മാതിരി കംബിളികളും പഞ്ഞികൊണ്ടുള്ള ശീലകളും ആകുന്നു.

മതം.—ഇന്തു മതവും മഹമ്മദ മതവും ആകുന്നു.

ൟ. നടുവിലത്തെ കാർനാഠിക്ക എന്ന ദേശത്തെ കുറിച്ചു.

അതിരുകൾ.—ംരം ദേശത്തിന്റെ വടക്കെ ഭാഗം ഇതിനെ വടക്കെ കാർനാഠിക്കിൽനിന്ന വേർതിരിക്കുന്ന പെണ്ണാറിനാലും കിഴക്ക സമുദ്രത്താലും തെക്ക ഇതിനെ തെക്കെ കാർനാഠിക്കിൽനിന്ന വേർതിരിക്കുന്ന കൊളെരുനിനാലും പടിഞ്ഞാറ സേലം എന്നും ചെരമഹാൽ എന്നും മൈസൂർ എന്നും ഉള്ള ദേശങ്ങളാലും അതൃത്തിയാക്കപ്പെട്ടിരിക്കുന്നു.

പ്രധാന നഗരികൾ.—കൊളൂർ എന്നും പുലിക്കാട എന്നും ചിത്തൂര എന്നും മദ്രാസ എന്നും അംബൂര എന്നും വെല്ലൂര എന്നും അർക്കോട എന്നും കൊഞ്ചെവെരാം എന്നും ചിംഗൽപേട്ട എന്നും അ

ണ്ണി എന്നും വാണ്ടിവാശ എന്നും സദാസ എന്നും ശ്രീനൊമല്ലി എന്നും ഗിഞ്ചി എന്നും പുതുച്ചേരി എന്നും ശ്രീകാളൂര എന്നും കഡലൂര എന്നും ചിലംബരം എന്നും ആകുന്നു.

തെക്കെ ഇന്ത്യായിൽ ബ്രിത്തിക്കാക്കുള്ള തലസ്ഥാനമായ മദാസ സമുദ്രതീരത്തിങ്കൽ ബലമുള്ള കോട്ടയോടും കൂടിയ ഒരു വലിയ ജനപ്പെരുപ്പമുള്ള പട്ടണം ആകുന്നു. ഒരു പട്ടണം ക്രമത്തിൽ ഉണ്ടായി. ആ ആണ്ടിൽ തന്നെ ചാന്ദഗെരിയിലെ രാജാവായ ശ്രീരംഗരായിലിൽനിന്ന ഇംഗ്ലീക്കാക്ക ഒരു കോട്ടയും പട്ടണവും ഉണ്ടാക്കുന്നതിന സ്ഥലം കിട്ടി. ഒരു പുത്തൻ പട്ടണത്തിന്ന ശ്രീരംഗരായ പട്ടണം എന്ന പേരിടണമെന്ന രാജാവിന ആഗ്രഹമുണ്ടായിരുന്നു. എന്നാൽ ആ ഭിക്കിലെ നാട്ടുവാഴി തന്റെ അച്ഛനായ ചിന്നപ്പന്റെ പേര ഇതിന്ന ഇടണമെന്ന ഇംഗ്ലീക്കാരോട പറഞ്ഞു. അപ്രകാരം അരിന ചിന്ന പട്ടണം എന്ന പേരിടുകയും ചെയ്തു. കോട്ടയുടെ പേർ ഫൊട്ട, സന്ത, ജോജ്ജ് എന്ന ആകുന്നു. മദാസ നിമിക്ഷം ഒരു വർദ്ധനവുള്ള നഗരവും കൊറൊമണ്ഡൽ തീരത്ത ഇംഗ്ലീക്കാരുടെ പ്രധാന സ്ഥലവും ആയി തീന്നു.

കോട്ടയ്ക്ക അല്പം തെക്ക ശ്രീപ്പിൾകെൻ അല്ലെങ്കിൽ തിരുമൽകെരി എന്ന പറയുന്നിടത്ത അക്കാട്ടിലെ നബാബിന്റെ വാസസ്ഥലം ആകുന്നു ശ്രീപ്പിൾകെന്ന സമീപെ സമുദ്രതീരത്തിങ്കൽ മയിലാപ്പൂര എന്നൊ സന്ത, തോമ എന്നൊ പറയപ്പെടുന്ന ചെറിയ പട്ടണം ആകുന്നു.

വെല്ലൂര, അല്ലെങ്കിൽ നാട്ടുകാർ പറയുന്ന പ്രകാരം നാഎല്ലൂരിൽ വലിയതും ബലവുമുള്ള ഒരു കോട്ടയും അതിന് പുറവും ആഴമുള്ള കിടങ്ങുകഴിയും അതിൽ ബഹു മുതലയും ഉണ്ട.

അക്കാട, മഹമ്മദ നബാബമാരുടെ രാജ്യഭാരത്തിങ്കൽ കാർനാറ്റിക്കിലെ തലസ്ഥാനമായിരുന്നു. അത ഇപ്പോഴും മഹമ്മദ കുഡുംബക്കാക്ക പാപ്പാൻ പ്രിയമുള്ള സ്ഥലം ആകുന്നു. അവിടത്തെ കോട്ട മുമ്പിൽ വലിയതും ഒട്ടബലമുള്ളതും ആയിരുന്നു. എന്നാൽ ഇപ്പോൾ നാശമായി പോയി. ൧൭൬൫മതിൽ കീർത്തിമാനായ ക്ലൈവ അതിനെ പിടിച്ചു. ഉടൻ തന്നെ രാജാസായിബ അതിനെ പ്രെഞ്ചുകാരുടെ സഹായത്തോടും കൂടെ വളഞ്ഞു. എന്നാൽ അന്നത ദിവസത്തെ കഠിനമായ പിണക്കത്തിന്റെ ശേക്ഷം ക്ലൈവ അവരെ അശേക്ഷം തോല്പിച്ചു.

കൊഞ്ചെവെരാം അല്ലെങ്കിൽ കാഞ്ചിപുരം, ഒരു താഴ്വരയിലുള്ള വലിയ പട്ടണം ആകുന്നു. അതിൽ രണ്ട ഭാഗങ്ങൾ ഉണ്ട. ഒന്ന വിഷ്ണുകാഞ്ചി എന്നും മറേത ശിവകാഞ്ചി എന്നും ആകുന്നു. ഒരു സ്ഥലം ശ്രുതിപെട്ടിരിക്കുന്നത അത കാർനാറ്റിക്കിൽ ബ്രാഹ്മണർ അധികമായിട്ട പാർക്കുന്ന സ്ഥലമാകയാൽ ആകുന്നു. ശിവകാഞ്ചിയിലുള്ള വലിയ അമ്പലത്തിലേക്ക കേറുന്നിടത്ത ഒരു ഉയർന്ന ഗോപുരം ഉണ്ട. അതിന്റെ മുകളിൽനിന്ന നോക്കിയാൽ ചുറുപുമുള്ള ദേശങ്ങളെ നല്ലതിൻവണ്ണം കാണാം.

സദാസ അല്ലെങ്കിൽ സദരാശ പട്ടണം, സമുദ്രതീരത്തിങ്കൽ ഡച്ചുകാക്കുള്ളതാകുന്നു. അത മുമ്പിൽ ഒരു വർദ്ധനവുള്ള പട്ടണമായിരുന്നു. ഇപ്പോൾ കുറഞ്ഞൊരു വീട്ടുകളും ഒരു നാട്ടുഗ്രാമവുമെ ഉള്ളു. സദാസിന്നു ഏകദേശം അഞ്ച നാഴിക വടക്ക മഹാ ബലിപുരം എന്ന പേരായിട്ട ഒരു ബ്രാഹ്മണ ഗ്രാമം ഉണ്ട.

ശ്രീനൊമല്ലി ആല്ലെങ്കിൽ തിരുനമല ഇന്നുകാരുടെ പുണ്യസ്ഥലമാകയാൽ പ്രധാനമായിട്ട കേൾവിപ്പെട്ടിരിക്കുന്നു.

പുതുച്ചേരി സമുദ്രതീരത്തിങ്കൽ പ്രെഞ്ചുകാക്കുള്ള നല്ല ഭംഗിയുള്ള നഗരം ആകുന്നു. ഇപ്പോൾ അധികം ക്ഷയിച്ചുപോയിരിക്കുന്നു എങ്കിലും ഇന്ത്യായിൽ യൂറോപ്പ അധിവാസങ്ങളിൽ വിശേഷമുള്ള ഒന്ന ആകുന്നു. ൧൭൦൪മതിൽ പ്രെഞ്ചുകാർ ഒന്നാമത ഇന്ത്യായിൽ വന്ന ബെജപൂരിലെ രാജാവിനോട സ്ഥലം വാങ്ങിച്ച പുതുച്ചേരി പട്ടണവും കോട്ടയും ഉണ്ടാക്കി.

കഡല്ലൂർ, സമുദ്രതീരത്തിങ്കൽ പനാർ എന്ന ആറിനു രണ്ട കൈവഴികളുള്ളവയുടെ ഇടയിൽ ആകുന്നു. അത വിസ്താരവും ജനപ്പെരുപ്പവുമുള്ള പട്ടണവും മുമ്പിൽ ഇംഗ്ലീക്കാരുടെ രാജ്യാസനവും ആയിരുന്നു.

ചിലംബരം സമുദ്രതീരത്തിങ്കൽ വലിയതും ജനപ്പെരുപ്പവുമുള്ള പട്ടണമാകുന്നു. ഇവിടെ നീലം ഉണ്ടാകുന്ന ഒരു വലിയ കച്ചവട സ്ഥലം ഉണ്ട. അവിടെ വലിയതും പഴക്കവുമായുള്ള ക്ഷേത്രങ്ങൾ ഉണ്ടാക കൊണ്ട അത ശ്രുതിപെട്ടതാകുന്നു. ചിലംബരത്തിന്ന ൬കദേശം ഒരു നാഴിക വടക്ക ഹൈദ്ദർ ആലിയായിട്ട നശിപ്പിച്ചകളയുന്നതിന മുമ്പിൽ വലിയതും സമ്പത്തുമുള്ള പട്ടണമായിരുന്ന പൊട്ടൊ, നൊവായുടെ ജീർണ്ണങ്ങൾ ഉണ്ട.

പ്രധാന ആറുകൾ.—പെണ്ണാർ എന്നും പാലാർ എന്നും പനാർ എന്നും ആകുന്നു.

ദേശ രൂപം.—ൟ ദേശം സാമാന്യം ഒപ്പനിരപ്പുള്ളതും വെളിയായുള്ളതും സമുദ്രതീരത്തിങ്കൽനിന്ന തുടങ്ങി കിഴക്കെ പർവതങ്ങൾ വരെക്കും ക്രമത്താലെ കിളർന്നതും പലടത്തും പാറയായും കാടും പിടിച്ച വല കുന്നുകൾ കൊണ്ട ഭേദം വന്നിരിക്കുന്നതും ആകുന്നു. അവിടെ ആറുകളും വലിയ കുളങ്ങളും ഉള്ളത കൊണ്ട നല്ല നീരോട്ടമുള്ളതും വിളവുള്ളതായി വിചാരിക്കപ്പെട്ടിരിക്കുന്നതും ആകുന്നു.

ഉത്പവങ്ങൾ.—നെല്ലും പഞ്ഞപ്പുല്ലും മുതിരയും മറ്റ കരധാന്യങ്ങളും നീലവും ഉപ്പും ആകുന്നു. ഇരിമ്പ പെരുത്തുണ്ട. പൊട്ടൊ, നൊവായിൽ അത നല്ലമാതിരി ഉരുക്കായിട്ട ഉണ്ടാക്കപ്പെടുന്നു. കൊള്ളുന്നീയുടെ സമീപത്ത ചെമ്പും ഉണ്ട.

മതം.—ഇന്ദുമതവും മഹമ്മദമതവും ആകുന്നു.

൨. കുടഗ എന്ന ദേശത്തെ കുറിച്ച.

അതിരുകൾ.—ൟ ദേശത്തിന്റെ വടക്കെ ഭാഗം കനറാ എന്നും മൈസൂർ എന്നുമുള്ള ദേശങ്ങളാലും കിഴക്ക മൈസൂരിനാലും തെക്ക മൈസൂരിനാലും പടിഞ്ഞാറ മലബാറിനാലും അതൃത്തിയാക്കപ്പെട്ടിരിക്കുന്നു.

പ്രധാന നഗരികൾ.—ൟ ദേശത്തിൽ സാരമുള്ളതായിട്ട ഒരു പട്ടണവും ഇല്ല. കുടഗുകാർ താഴ്വരകളിലും അവയുടെ കാട്ടിലും അങ്ങും ഇങ്ങും പാപ്പാൻ പ്രിയപ്പെട്ടന്നവരാകുന്നു.

ൟ ദേശത്തിന്റെ ൬കദേശം നടുവിൽ മെർക്കാ എന്നിടത്ത രാ

ജാവ പ്രധാനമായിട്ട വസിച്ചിരുന്നു. ആകയാൽ അതിനെ തലസ്ഥാനം എന്ന പറയാം. എന്നാൽ കമ്പിനിയാർ ഇപ്പോൾ ആ ദേശത്തെ എല്ലാം പിടിച്ച രാജ്യഭാരം ചെയ്യുകയും ചെയ്യുന്നു.

ആറുകൾ.—കാവെരീ എന്നും ഭദ്രാ എന്നുമുള്ള ആറുകൾ പ്രധാനമായിട്ടുള്ളവ ആകുന്നു.

ദേശ രൂപം.—ഒരു ദേശം പർവതങ്ങളുടെ നടുവിൽ ആയിരിക്കയാൽ കുന്നുകളും താഴ്വരകളും ആകുന്നു. എന്നാൽ ചില സ്ഥലങ്ങൾ വെളിയായിട്ടും വൃക്ഷങ്ങൾ അവിടെയും ഇവിടെയും ഉള്ളതായിട്ടും ഇരിക്കുന്നു. കുന്നുകൾ മിക്കവാറും പുല്ലുകൊണ്ട പിടിച്ചവ ആകുന്നു.

ഉത്ഭവങ്ങൾ.—താഴ്വരകളിൽ നെല്ല അനവധിയായിട്ട ഉണ്ടാകുന്നത കൊണ്ട അവ തുലോം വിളവുള്ളതാകുന്നു. മേച്ചിൽ സ്ഥലം വിശേഷമുള്ളതാകകൊണ്ട നാല്ക്കാലികളും പെരുത്ത ഉണ്ട. കാടുകളിൽ ചന്ദനവും തേക്കും മറ്റ വില ഏറിയ വൃക്ഷങ്ങളും ആനകളും ഉണ്ട. കൈവേല ഒന്നും തന്നെ ഇല്ല.

മതം.—ഇന്ദു മതം ആകുന്നു.

൯. സേലം എന്ന ദേശത്തെ കുറിച്ച.

അതിരുകൾ.—ഒരു ദേശത്തിന്റെ വടക്കെ ഭാഗം മൈസൂർ എന്നും ബരമഹാൽ എന്നും നടുവിലെ കാർനാടറിക്ക എന്നുമുള്ള ദേശങ്ങളാലും കിഴക്ക നടുവിലെ കാർനാടറിക്കിനാലും തെക്ക തെക്കെ കാർനാടറിക്കിനാലും കോയംബത്തൂരിനാലും അതുത്തിയാക്കപ്പെട്ടിരിക്കുന്നു.

പ്രധാന നഗരികൾ.—ധർമ്മപുരി എന്നും സേലം എന്നും നാംക്കൽ എന്നും ആകുന്നു.

സേലം തലസ്ഥാനം ആകുന്നു. അത ശെവെരൈ എന്ന കുന്നുകൾക്ക ഏഴ നാഴിക തെക്ക ഒരു മൈതാന ഭൂമിയിൽ ആകുന്നു. ഇത പഞ്ഞികൊണ്ടുള്ള വസ്തുക്കൾ വില്ക്കുന്ന ഒരു കീർത്തിപെട്ട സ്ഥലം ആകുന്നു

ആറുകൾ.—ആറുകളിൽ ശ്രുതിയുള്ളതായിട്ട കാവെരിയെ ഉള്ളു. അത ആ ദേശത്തിന്റെ പടിഞ്ഞാറെ വശത്ത ക്രൂടെ ഒഴുകുന്നു.

ദേശ രൂപം.—ഒരു ദേശം ഒരു കിളന്ന ഭൂമിയും സാമാന്യം വെളിയായുള്ളതും അവിടവിടെ പല കുന്നുകളുള്ളതും അതിന്റെ പടിഞ്ഞാറെ അതിരിങ്കലോട്ട മലയായുള്ളതും ആകുന്നു. സേലം പട്ടണത്തിന്ന സമീപമുള്ള ശെവെരൈ എന്ന കുന്നുകൾ വിശേഷാൽ കേൾവിപ്പെട്ടതും യൂറോപ്പുകാർ കാറ മാറത്തിനായിട്ട വരുത്തപോകുള്ള ഇടവും ആകുന്നു. ഒരു കുന്നുകൾ മൂന്ന പകുതികളാകുന്നു ആയത സേലം നാട എന്നും മൊകൊ നാട എന്നും മുത്തനാട എന്നും ആകുന്നു.

ഉത്ഭവങ്ങൾ.—ഒരു ദേശത്തിലെ പ്രധാന ഉത്ഭവങ്ങൾ നെല്ലും ചോളവും പഞ്ഞിയും കാപ്പിയും വെടിഉപ്പും കാരവും ആകുന്നു. പഞ്ഞികൊണ്ടുള്ള പലവക കൈവേലകളും പെരുത്തുണ്ട.

മതം.—പ്രധാനമായിട്ട ഇന്ദു മതം ആകുന്നു.

൫. മലബാർ എന്ന ദേശത്തെ കുറിച്ച.

അതിരുകൾ.—ംരം ദേശത്തിന്റെ വടക്കെ ഭാഗംകനറാ എന്ന ദേശത്താലും കിഴക്കെ കുടഗ എന്നും മൈസൂർ എന്നും കോയംബത്തൂർ എന്നുമുള്ള ദേശങ്ങളാലും തെക്കെ തിരുവിതാംകോട എന്ന ദേശത്താലും പടിഞ്ഞാറെ സമുദ്രത്താലും അതിരിയാക്കപ്പെട്ടിരിക്കുന്നു.

പ്രധാന നഗരികൾ.—കണ്ണൂർ എന്നും തലച്ചേരി എന്നും മയ്യ എന്നും മാനാൻതോഡി എന്നും കോഴിക്കോട എന്നും പാലെക്കാട്ടുചേരി എന്നും ആകുന്നു.

കണ്ണൂരും അതിന ചുറ്റിലുള്ള കുറെ പ്രദേശങ്ങളും കുടെ ബീബിഅല്ലെങ്കിൽ രാജ്ഞിയുടെ രാജ്യഭാരത്തിൻ കീഴിൽ പണ്ട ആയിരുന്നു. ഇവളുടെ സന്തരികൾക്കഇപ്പോഴും ആ പേരുണ്ട. ഇംഗ്ലീക്കാരുടെ സംരക്ഷണത്തിൻ കീഴിൽ അവളുടെ രാജധാനിയിൽ പാർത്തും വരുന്നു. ജോനകമാപ്പിളമാരിൽ ഒരു പ്രമാണിയായിരുന്ന ഇവരുടെ കാണ്ണവൻ ഡച്ചകാരിൽനിന്ന ംരം വസൂവിനെ വിലെക്ക വാങ്ങിച്ചു. ഹൈദെർ ആലി ഇതിനെ ഒരിക്കൽ പിടിച്ചു. പിന്നെ അതിനെ ഇംഗ്ലീക്ക ദേശങ്ങളോട ചേർത്ത ബീബീക്ക തക്ക അടിത്തുണം വച്ചിരിക്കുന്നു.

തലച്ചെരി ഒരു ചെറിയ തുറമുഖപട്ടണം ആകുന്നു. അവിടെ ഇംഗ്ലീക്കാക്ക ഒരു കച്ചവടസ്ഥലം ഉണ്ടായിരുന്നതിനാൽ അത ഏറിയ കാലമായിട്ട അവക്ക പടിഞ്ഞാറെ തീരത്തിൽ ഒരു പ്രധാന ഇരിപ്പിടം ആയിരുന്നു. അത ചന്ദന മരവും ഏലവും ഇന്ത്യായിൽ വിളുന്ന ഒരു പ്രധാന സ്ഥലം ആകുന്നു.

മയ്യ, പണ്ട ഇന്ത്യായുടെ ംരം വശത്ത പ്രെഞ്ചകാക്കുള്ള പ്രധാന ഇരിപ്പിടമായിരുന്നു. അത ഇപ്പോഴും അവക്ക തന്നെ ആകുന്നു.

കോഴിക്കോട, പണ്ട ംരം ദേശത്തിന്റെ തലസ്ഥാനമായിരുന്നു. ഇത യുറോപ്പകാക്ക ആദ്യം ഇന്ത്യായിൽ ഉണ്ടായ ഇരിപ്പിടമായിരിക്കയാൽ ശ്രുതിപ്പെട്ടതാകുന്നു. പോർത്തുഗീസകാര വാസ്കോ, ഡി, ഗമായുടെ കീഴിൽ ഇവിടെ വന്നിറങ്ങി.

പാലെക്കാട്ടുചേരി ഹൈദെർ ആലിയുടെ കീഴിൽ ഒരു സൈന്യസ്ഥലമായിരുന്നതിനാൽ ബഹുസാരമുള്ളതായിരുന്നു. അവിടെ ഇപ്പോഴും ഇംഗ്ലീക്കാവൽപട്ടാളം കിടക്കുന്നു. ചുറ്റുമുള്ള ദേശങ്ങളിൽ വിശേഷപ്പെട്ട തേക്ക പെരുത്തുണ്ട.

ദേശത്രുപം.—മുമ്പിൽ കനറായെ കുറിച്ച പറഞ്ഞിരിക്കുന്ന വിധങ്ങൾ ഒക്കെയും മലബാറിനോടും ചേരുന്നവയാകുന്നു.

ഉത്ഭവങ്ങൾ.—നല്ല മുളക ഇവിടത്തെ പ്രധാന ഉത്ഭവം എന്ന പറയപ്പെടാം. അവിടെ നെല്ലും തേങ്ങായും ചക്കരയും ഉണ്ട. കനകപ്പൊടി ചില പവ്തങ്ങളിൽനിന്ന വരുന്ന നദികളിൽ ഉണ്ട. വൈനാടിലെയും പാലെക്കാട്ടിലെയും കാടുകളിൽ വിശേഷപ്പെട്ട തേക്ക തടികളും മുളകളും ഉണ്ട.

മതം.—ഇന്ദു മതം ഉൾപ്രദേശങ്ങളിൽ നടപ്പായിരിക്കുന്നു. മഹമ്മദ മതം പല ഇന്ദു മഴ്യാദകളോട കൂടി കലന്ന സമുദ്രത്തോട അടുത്ത

ഭാഗങ്ങളിൽ ഉണ്ട സുറിയാനി റോമ മുതലായ ക്രിസ്ത്യാനികളും ബഹുത്വം ഉണ്ട. ഉള്ളിലോട്ട അനവധി ജീയന്മാരും ഉണ്ട.

൨൨. കോയംബത്തൂര എന്ന ദേശത്തെ കുറിച്ച.

അതിരുകൾ.—ംരം ദേശത്തിന്റെ വടക്കെ ഭാഗം മൈസൂർ എന്നും സേലം എന്നുമുള്ള ദേശങ്ങളാലും കിഴക്ക സേലം എന്നും തെക്കെ കാർനാഠറിക്ക എന്നുമുള്ള ദേശങ്ങളാലും തെക്ക തെക്കെ കാർനാഠറിക്ക എന്നും തിരുവിതാംകോട എന്നും മലബാർഎന്നുമുള്ള ദേശങ്ങളാലും പടിഞ്ഞാറ മലബാർ എന്ന ദേശത്താലും അതൃത്തിയാക്കപ്പെട്ടിരിക്കുന്നു.

പ്രധാന നഗരികൾ.—സത്തിമംഗലം എന്നും ഭ്രവാണി എന്നും കോയംബത്തൂര എന്നും കാരൂർ എന്നും ദാരപുരം എന്നും ആകുന്നു

ഭ്രവാണി, ഭ്രവാണി എന്നും കാവെരീ എന്നുമുള്ള ആറുകൾ തമ്മിൽ കൂട്ടുന്നിടത്ത പണിയിക്കപ്പെട്ടിരിക്കയാൽ ഒരു പുണ്യസ്ഥലമായിട്ട വിചാരിക്കപ്പെട്ടുന്നു. അതകൊണ്ട ഇന്ദുക്കാക്ക അവിടെ അധികമായിട്ട വരത്തപോക്ക ഉണ്ട. അത ജനപ്പെരുപ്പമുള്ളതും വിശേഷമായി പണിയിക്കപ്പെട്ടിരിക്കുന്നതുമായ ഒരു പട്ടണം ആകുന്നു.

കോയംബത്തൂര, ംരം ദേശത്തിന്റെ തലസ്ഥാനവും മുമ്പിൽ ടിപ്പു സുൽത്താന്റെ സൈന്യങ്ങൾ പ്രധാനമായിട്ട കിടന്നിരുന്ന സ്ഥലങ്ങളിൽ ഒന്നുമാകുന്നു. ഇവിടെനിന്നും മൂന്ന നാഴിക ദൂരെ പേരൂര എന്നിടത്ത മെയിൽചിതംബരം എന്ന പേരായിട്ട ഒരു കീർത്തിപെട്ട ക്ഷേത്രം ഉണ്ട.

കാരൂര കാവെരീയിൽനിന്ന ദൂരമല്ലാതെ തിരുനാപ്പള്ളിയിൽനിന്ന ൬ നാഴിക പടിഞ്ഞാറ അമരാപതി എന്ന ആറിന്റെ വടക്കെ മട്ടെക്ക ആകുന്നു. അമരാപതി പണ്ട മൈസൂർ എന്നും തിരുനാപ്പള്ളി എന്നുമുള്ള ഭിക്ഷകളുടെ അതൃത്തിയായിരുന്നതിനാൽ കാരൂര ബഹു കച്ചവടമുള്ളിടം ആയിരുന്നു. ഇപ്പോഴും അത വിശേഷപ്പെട്ട ഒരു നല്ല പട്ടണം ആകുന്നു.

ദാരപുരം ംരം ദേശത്തിന്റെ തെക്കെ അറ്റത്ത അമരാപതിയിൽ നിന്ന ഏകദേശം അര നാഴിക അകലെ വിശേഷപ്പെട്ട ഒരു വെളിഭ്രമിയിൽ പണിയിക്കപ്പെട്ടിരിക്കുന്നു. അത ജനപ്പെരുപ്പമുള്ളതും നന്നായി പണിയപ്പെട്ടിരിക്കുന്നതും ആകുന്നു. ചുറ്റുമുള്ള ദേശത്തിൽ നെല്ലും പുകയിലയും ധാരാളമായിട്ട ഉണ്ടാകുന്നു.

പ്രധാന ആറുകൾ.—കാവെരീ എന്നും നോയൽ എന്നും ഭ്രവാണി എന്നും അമരാപതി എന്നും ആകുന്നു.

ദേശ രൂപം.—ംരം ദേശം ഉയന്നതാകുന്നു. പ്രത്യേകമായിട്ട വടക്കോട്ടും പടിഞ്ഞാറോട്ടും ആകുന്നു. കുന്നും കുഴിയും കാടും വെളിം പ്രദേശവും സാമാന്യം വിളവുണ്ടാകുന്നതും നന്നായി കൃഷിയുള്ളതും ആകുന്നു. നിലം മികവാറും വരണ്ടുയുള്ളതാകുന്നു. എന്നാൽ കുന്നുകളുടെ സമീപെയും തെക്കെ ഭാഗങ്ങളിൽ ചിലടത്തും അധികം താണ ചേറുള്ള സ്ഥലങ്ങൾ ഉണ്ട. കോയംബത്തൂര എന്ന പ്രദേശത്തിന്റെ പടിഞ്ഞാറെ ഭാഗത്ത കിഴക്കേതും പടിഞ്ഞാറേതുമായ ഘാഥകളെ ഒന്നിച്ച കൂട്ടുന്ന ശ്രുതിപെട്ട നീലഗെരി മലകൾ ആകുന്നു. അവ കിഴക്കുനിന്ന പ

ടിഞ്ഞാറോളം മുപ്പത്തുനാല നാഴികയും വടക്കുനിന്ന തെക്കോളം പതി നഞ്ച നാഴികയുമുള്ളതും തീരുമാനം കാട്ടുകൂടാതെ വിളവുണ്ടാകുന്നതും നല്ല കുക്കിയുള്ളതുമായ ഉയന്ന മൈതാനവും സമുദ്രത്തിൽനിന്ന ൧൦൦ അടിവരെക്കും കിളച്ചുയുള്ളതും ആകുന്നു. അവിടത്തെ വായു തുലോം സച്ചുമുള്ളതാകുന്നു. ൦രം മലയുടെ സാക്ഷാൽ പേര നീലഗിരി എന്ന ആകുന്നു.

ക്ലൈമെട്ട.—യൂറോപ്പിയകാക്ക തക്ക തണുപ്പുള്ളതും സൌഖ്യമുള്ള തും ആകകൊണ്ട അവക്ക സൌഖ്യമില്ലാഞ്ഞാൽ അവക്ക അവിടെ അ ധികം വരത്തുപോക്ക ഉണ്ട.

ഉത്ഭവങ്ങൾ൦.—പ്രധാനമായിട്ട പഞ്ഞിയും നെല്ലും പുകയില യും ആകുന്നു. ൦രം ദേശത്തിൽ അനവധി ഉപ്പുകല്ലും വെടിയുപ്പും ഇരി മ്പും ഉണ്ട. മലകളിൽ യവവും മറ്റ കരധാന്യങ്ങളും ഏറ്റവും വിശേ ഷമായ ഫലമൂലാദികളും ഉണ്ടാകുന്നു. മൃഗങ്ങൾ വകയിൽ കറുത്ത ക ന്നകാലികളും കന്നും ഒരു മാതിരി ആടും കാട്ടകലയും കരടിയും കടുവാ യും ആനയും ഉണ്ട. ൦രം ഒട്ടുക്കും പറഞ്ഞ വക എത്രെയും അനവധി യാകകൊണ്ട ബഹു നാശം വരുത്തുന്നുണ്ട.

മതം.—പ്രധാനമായിട്ട ഇന്തു മതം ആകുന്നു.

൧൨. തിരുവിതാംകോട എന്ന ദേശത്തെ കുറിച്ച.

അതിരുകൾ൦.—൦രം ദേശത്തിന്റെ വടക്കെ ഭാഗം മലബാരിനാ ലും വടക്ക കിഴക്ക കോയംബത്തൂരിനാലും കിഴക്ക ൦രം ദേശത്തെ തെ ക്കെ കാർനാടകികിൽനിന്ന പേർതിരിക്കുന്ന പടിഞ്ഞാറെ പർവതങ്ങളാ ലും തെക്കും പടിഞ്ഞാറും സമുദ്രത്താലും അതിർത്തിയാകപ്പെട്ടിരിക്കുന്നു.

പ്രധാന നഗരികൾ൦.—സ്വദേശികൾ കൂടികളിൽ അവ രുടെ നിലത്തോട അടുത്ത അവിടവിടെ പാപ്പാൻ പ്രിയപ്പെടുന്നത കൊണ്ട ഏറെ സാരമുള്ളവയായിട്ട നഗരികൾ കുറയും. പ്രധാനമാ യിട്ടുള്ളവ തിരുവേലൂര എന്നും കൊട്ടങ്ങല്ലൂര എന്നും കൊച്ചി എ ന്നും ആലപ്പുഴ എന്നും കൊല്ലം എന്ന തിരുവനന്തപുരം എന്നും ഉദയ ഗിരി എന്നും നാഗരകോവിൽ എന്നും ആകുന്നു.

തിരുവേലൂര, ചാവക്കാട്ടിന അരികെ ആകുന്നു. അതിനാൽ മാ ത്രം ശ്രുതിയുള്ളതാകുന്നു. അത കൊച്ചിരാജാവിനുള്ളതാകുന്നു.

കൊട്ടങ്ങല്ലൂര, മുമ്പിൽ ലന്തകൾക്കുള്ളതും കുറെ സാരമുള്ള കച്ചവടസ്ഥ ലവും ആയിരുന്നു. അതിലെ കുടിയാന്മാർ മിക്കവരും യൂദന്മാരാകുന്നു. അവർ പറയുന്ന പ്രകാരം, ൧൯൦൦ കാലം മുതൽക്ക അവർ കൊട്ടങ്ങല്ലൂ രിൽപാർത്തുവരുന്നു.

കൊച്ചി സമുദ്രതീരത്താകുന്നു. ക്രിസ്തുമതത്തിൽ പൊർത്തുഗീസ കപ്പൽ സേനാപതിയും കീർത്തിമാനുമായ അല്ലുകൊക്ക൦രം സ്ഥലത്ത ഒരു കോ ട്ട പണിയിക്കുന്നതിനായിട്ട രാജാവിനോട അനുവാദം വാങ്ങിച്ചു. ഇ ത ഇന്ത്യായിൽ യൂറോപ്പ ജനങ്ങൾക്ക ആദ്യം ഉണ്ടായ സ്ഥലം ആകുന്നു. ഫ്രഞ്ചുകാർ ലന്തക്കാർ അതിനെ പിടിച്ചു. ഇവരുടെ രാജ്യഭാരത്തിങ്കൽ അറാബിയയോടും മറ്റ ദേശങ്ങളോടും അവക്ക വലിയ കച്ചവടം

ഉണ്ടായിരുന്നതിനാൽ ആ പട്ടണം ബഹു വർദ്ധനവുള്ളതായി തീർന്നു. ൧൯൭മതിൽ അത ഇംഗ്ലീക്കുകാരുടെ അധികാരത്തിൻ കീഴിൽ ആയി ഇപ്പോഴും ഇന്ത്യായിലെ മറ്റ ഭാഗങ്ങളോടും അറാബിയയോടും ചീന യോടും കിഴക്കൻ ദീപുകളോടും ബഹു കച്ചവടം ഉണ്ട. കപ്പൽ പ ണിയും ഇവിടെ ഉണ്ട.

കൊച്ചിയിൽനിന്ന ഒരു നാഴിക അകലെ യെഹൂദന്മാർ പാർക്കുന്നമട്ടാ ഞ്ചേരി എന്ന പേരായിട്ട ഒരു ചെറിയ പട്ടണം ഉണ്ട.

ആലപ്പുഴ, കൊച്ചിക്കും കൊല്ലത്തിനും മദ്ധ്യെ സമുദ്രതീരത്തിങ്കൽ ആ കുന്നു. ഇത തിരുവിതാംകോട്ട സർക്കാർ മുളകും തടിയും വില്ക്കുന്ന പ്ര ധാന സ്ഥലം ആകുന്നു.

കൊല്ലം, മുമ്പിൽ ംരം ദേശത്തിലെ പ്രധാന പട്ടണമായിരുന്നു. ഇപ്പോഴും സ്വദേശക്കാരുടെ കച്ചവടം അധികമായിട്ടുണ്ട.

തിരുവനന്തപുരം ംരം ദേശത്തിന്റെ ഇപ്പോഴത്തെ തലസ്ഥാനവും രാജാവ പതിവായിട്ട പാർത്തുവരുന്നിടവും ആകുന്നു. ഇവിടെ ഒരുവ ലിയ രാജധാനിയുള്ളത യൂറോപ്പ പണി മാതൃകയായിട്ട പണിയിച്ച പല മാതിരിമിനുസമില്ലാത്ത ചിത്രങ്ങളും നാഴിക മണികളും മറ്റ യൂ റോപ്പ അലങ്കാരങ്ങളും കൊണ്ട അലങ്കരിക്കപ്പെട്ടിരിക്കുന്നു. ംരം സ്ഥല ത്ത കാട്ടാളന്മാരുടെ ഒരു ശേഖരം ഉണ്ട. എന്നാൽ അതിന്ന ഒരു വി ശേഷവും ഇല്ല.

ഉദയഗിരി പണ്ട ംരം ദേശത്തിലെ സൈന്യം കിടന്ന പ്രധാന സ്ഥ ലങ്ങളിൽ ഒന്നായി ഒരു ചെറിയ കോട്ട ആകുന്നു.

പദ്മനാഭപുരം എന്ന ഗ്രാമം ഇതിന്ന അടുക്കൽ ആകുന്നു. അവി ടെ രാജാവിന ഒരു രാജധാനി ഉണ്ട.

നാഗർകോവിൽ, ആറാംവഴിക്ക പോകുന്ന വഴിയിൽ ആകുന്നത കൊണ്ടുള്ള വിശേഷമുള്ളത അല്ലാതെ ഒട്ടും സാരം ഉള്ളത അല്ല.

അവിടെനിന്ന പതിന്നാല നാഴിക അകലെ ഇന്ത്യായുടെ തെക്കെ അറ്റമാകുന്ന കന്യാകുമാരി എന്ന സ്വദേശികൾ പറയുന്ന കൊമരിൻ എന്ന മുനമ്പ ഉണ്ട.

ഋതുക്കൾ.—അത്ര വലിപ്പമായിട്ട ആരില്ല. എന്നാൽ പല വരട്ടാ റുകൾ ഉണ്ട.

ദേശ ത്രുപം.—ംരം ദേശത്തിന്ന നീളത്തിൽ ഏകദേശം ൧രം നാഴികയും വീതിയിൽ രം നാഴികയും ഉണ്ട. അതിന്റെ കിഴക്കെ വ ശത്ത ഒരു പർവ്വതനിര ഉണ്ട. ംരം ദേശത്തിലേക്ക കടപ്പാനായിട്ട മല കളിൽ ക്രുടി മൂന്ന വഴികൾ ഉണ്ട. ആയവ എന്തെന്നാൽ കോയംബ ത്രുരിലേക്ക പോകുന്ന വടക്കേത അല്ലെങ്കിൽ ചാവക്കാട്ട വഴിയും തിരുന ൽവേലിയിലേക്ക പോകുന്ന നടുവിലെത അല്ലെങ്കിൽ ആയ്ക്കാവ വ ഴിയും തിരുനൽവേലിയുടെ തെക്ക ചെല്ലുന്ന തെക്കേത അല്ലെങ്കിൽ ആറാം വഴിയും ആകുന്നു. സമുദ്രതീരത്തിങ്കൽ നീളത്തിൽ വീതി കുറഞ്ഞ ഒരു മ ണൽ കരയുള്ളതിന ഇപ്പുറത്ത ഒരു കായൽ ഉണ്ട. അത അവിടവിടെ അഴികളാൽ സമുദ്രത്തോട ക്രുട്ടുകയും ചാവക്കാട മുതൽ കൊല്ലം വരെ ക്കും ൧രം നാഴിക നീളത്തിൽ എത്തുകയും ചെയ്യുന്നു. ംരം കായലിന്ന വീതിയും ആഴവും പലടത്തും പലവിധം ആകുന്നു. എങ്കിലും എല്ലാവി ടത്ത ക്രുടെയും വഞ്ചികൾ പോകും കൊല്ലത്തനിന്നും ഒരു തോട ംരംകാ

യലിനെ പരൂർ കായലിനോട കൂട്ടുന്നു. തിരുവിതാംകോട ഇന്ദ്യായിൽ ബഹു വിശേഷവും വിളവുള്ളതുമായ ദേശങ്ങളിൽ ഒന്ന ആകുന്നു. അവിടെ കുന്നും താഴ്ചയും മഹാ ഭംഗിയോടെ ഇടകലശി ഇരിക്കുന്നു. മലകളിൽനിന്ന ഒഴുകുന്ന വളഞ്ഞ നദികൾ താണപ്രദേശങ്ങളെ എപ്പോഴും പച്ചയുള്ളതായി ആക്കി തീർക്കുന്നു. മലകൾ ഉയൎന്ന കാടുകൾ കൊണ്ട മൂടിയിരിക്കയും ചെയ്യുന്നു.

ഉത്ഭവങ്ങൾ.—ഈ ദേശത്തിലെ ഉത്ഭവങ്ങൾ വളരെയും വിലയേറിയതും ആകുന്നു. നല്ലമുളകും ഏലവും എലവംഗവും പാക്കും തേങ്ങായും ചുക്കും ജാതിക്കായും പത്രിയും മെഴുകും ആനക്കൊമ്പും ചന്ദനവും കരിമരം മുതലായവയും ഉണ്ട. നെല്ല എല്ലാപ്പോഴും ധാരാളമായിട്ട ഉണ്ട. ക്ഷാമം തീരുമാനം അറിവാനില്ല. ഇവിടെ പതിവായിട്ട ആണ്ടിൽ മൂന്നപൂപ്പ ഉണ്ട. കന്നുകാലികൾ ചെറിയ മാതിരി ആകുന്നു. വല്ലിടത്തിൽനിന്നും വരുത്തീട്ടുള്ളവയല്ലാതെ കംബിളി ആടുകൾ ഇല്ല. കാടുകളിൽ തേക്കും മററ വിലപിടിച്ച തടികളും ആനകളും പെരുത്തുണ്ട. കന്നുകളും കടുവാകളും അനവധി ഉണ്ട. അങ്ങിനെ തന്നെ വെള്ളകുരങ്ങുകളും കരിങ്കുരങ്ങുകളും മററ കാട്ടുമൃഗങ്ങളും ഉണ്ട. കരിമ്പുലി ഈ നാട്ടിലേത ആകുന്നു.

മതം.—ഇന്ദു മതം ആകുന്നു. മുമ്പിൽ പറഞ്ഞിരിക്കുന്ന പ്രകാരം ഈ ദേശത്തിലും അനവധി സുറിയാനിക്കാരും റോമക്കാരും ഏതാനും മഹമ്മദകാരും യെഹൂദന്മാരും ഉണ്ട.

൧൩. തെക്കെ കാർനാററിക്കിനെ കുറിച്ച.

അതിരുകൾ.—ഈ ദേശത്തിന്റെ വടക്കെ ഭാഗം ഇതിനെ സേലമിൽനിന്നും നടുവിലെ കാർനാററിക്കിൽനിന്നും വേർതിരിക്കുന്ന കാവെരി എന്നും കൊളെരൂൻ എന്നുമുള്ള ആറുകളാലും കിഴക്ക സമുദ്രത്താലും തെക്ക മനാർ എന്ന കടൽ കൈവഴിയാലും പടിഞ്ഞാറ തിരുവിതംകോട്ടിനാലും കോയംബത്തൂരിനാലും അതൃത്തിയാക്കപ്പെട്ടിരിക്കുന്നു.

പ്രധാന അംശങ്ങൾ.—ത്രിശ്ശിനാപ്പള്ളി എന്നും തഞ്ചാവൂര എന്നും തൊണ്ടിമാന്റെ ദേശം എന്നും ദിന്ദിഗൽ എന്നും മഥുര എന്നും തിരുനൽവേലി എന്നും ആകുന്നു,

പ്രധാന നഗരികൾ.—ത്രിശ്ശിനാപ്പള്ളി എന്നും തഞ്ചാവൂര എന്നും കുംഭകോണം എന്നും തരങ്കമ്പാടി എന്നും നാഗ്രുര എന്നും നിഗ പട്ടണം എന്നും ദിന്ദിഗൽ എന്നും പുതുക്കോട്ട എന്നും ശോളവന്ദ്രം എന്നും മഥുര എന്നും ശിവഗംഗ എന്നും രാമനാദ എന്നും തിരുനൽവേലി എന്നും പാളാങ്കോട്ട എന്നും തൂത്തികുടി എന്നും ആകുന്നു.

ത്രിശ്ശിനാപ്പള്ളി ഈ ദേശത്തിന്റെ തലസ്ഥാനവും വലിയതും ജനപ്പെരുപ്പവുമുള്ള പട്ടണം ആകുന്നു. ൧൭൫൧മത മുതൽ ൧൭൫൫ വരെ അവിടെ ഇംഗ്ലീഷകാർ പ്രെഞ്ചകാരോടും അവരുടെ ബന്ധുക്കളായ നാട്ടകാരോടും പൊരുതിനിന്നതിനാൽ അത കേൾവിപ്പെട്ടതാകുന്നു. ഈ കോട്ട കെട്ടപ്പെട്ട നഗരിയിൽ ൩൦൦ അടിപൊക്കമുള്ള ഒരു പാറയും

അതിന്മേൽ ഒരു ക്ഷേത്രവും മറ്റ പണികളും ഉണ്ട. ത്രിശ്ശിനാപ്പള്ളി ഇംഗ്ലീഷ്ക പട്ടാളം കിടക്കുന്ന പ്രധാനസ്ഥലങ്ങളിൽ ഒന്നാകുന്നു.

ത്രിശ്ശിനാപ്പള്ളി പട്ടണത്തിന്നു നേരെ കാവെരി രണ്ട കൈവഴികളായി പിരിഞ്ഞിട്ട ശ്രീരംഗ എന്ന പേരായ ഒരു ദ്വീപിനെ ഉണ്ടാക്കുന്നു. ംരം ആറുകൾ തമ്മിൽ പിരിഞ്ഞിടത്തിൽനിന്ന ഏകദേശം പതിമൂന്ന നാഴിക കിഴക്ക അവ പിന്നെയും തമ്മിൽ അടുത്ത പോകുന്നു എന്നാൽ വടക്കെ കൈവഴി ംരം സ്ഥലത്ത തെക്കേതിനെക്കാളും ഇരുപത അടി താഴ്ച്ചയുള്ളതാകുന്നു. കൊളെരുൻ എന്ന പേരാകുന്ന വടക്കെ കൈവഴി ഉപകാരം ക്വടാതെ സമുദ്രത്തിലേക്ക പോകുന്നു. എന്നാൽ കാവെരി എന്ന പേരുനില്ക്കുന്ന തെക്കെ കൈവഴി തഞ്ചാവൂരിനെന നെപ്പാനായിട്ട പലകൈവഴികളായിട്ട കൊണ്ടുപോകപ്പെട്ടിരിക്കുന്നു. ശ്രീനാഗാമിന്റെ കിഴക്കെ അറ്റത്ത കാവെരിയിലെ വെള്ളം കൊളെരുനിലേക്ക താഴാതെ ഇരിപ്പാനായിട്ട ഒരു മഹാ വലിയ ചിറ കെട്ടിയിരിക്കുന്നു. ആ ദ്വീപിന്റെ പാടിഞ്ഞാറെ അറ്റത്തിൽനിന്ന ഏകദേശം ഒരുനാഴിക അകലെയും കൊളെരുന്റെ വക്കത്തനിന്ന അല്പം ദൂരയും ശ്രീരംഗമിലെ ശ്രുതിപെട്ട ക്ഷേത്രം നില്ക്കുന്നു. അത ഏഴ ചതുര ശാലകൾ ആകുന്നു. ഒന്നിൽനിന്ന ഒന്നിന നൂറം അടി അകലം ഉണ്ട. ഓരൊ ശാലയുടെ ഓരൊവശത്തിന്റെ നടുവിൽ നാലുടിക്കിലോട്ടും നാല വലിയ ഗോപുരവാതിലുകൾ ഉണ്ട. പുറമെയുള്ള മതിലിന ഏകദേശം നാലുനാഴിക ചുറ്റുണ്ട.

തഞ്ചാവൂര ഒരു വിളവുള്ള വെളിഭ്രമിയിൽ ആകുന്നു. ംരം നഗരം ക്രമമായിട്ട പണിയപ്പെട്ടതും വളരെ നല്ല പണികളുള്ളതും ആകുന്നു. കോട്ടെയ്ക്കത്ത ഇന്ത്യായിലെ പണികളിൽ ഒരു മഹാ വിശേഷപ്പെട്ട മാതിരിയായ ഒരു കീർത്തിപെട്ട ക്ഷേത്രം ഉണ്ട. അതിന്റെ പ്രധാന ഗോപുരത്തിന്ന ഫ്രൻൻ അടിപൊക്കം ഉണ്ട. പണ്ടത്തെ കാലങ്ങളിൽ തഞ്ചാവൂര തെക്കെ ഇന്ത്യായിൽ വിദ്യയുടെ പ്രധാന ഇരിപ്പിടങ്ങളിൽ ഒന്നായിരുന്നു.

കുംഭകോണം മുമ്പിൽ ചോളരാജാക്കന്മാരുടെ പഴയ തലസ്ഥനമായിരുന്നു. അത ഇപ്പോഴും വലിയതും ജനപ്പെരുപ്പമുള്ളതും പ്രധാനമായിട്ട ബ്രാഹ്മണർ പാർക്കുന്നതും വളരെ വിശേഷപ്പെട്ട കുളങ്ങളും ക്ഷേത്രങ്ങളും ഉള്ള ഒരു പട്ടണം ആകുന്നു.

തരങ്കമ്പാടി ക്രമമായിട്ട പണിയപ്പെട്ടതും ഏറ്റവും വെടിപ്പുള്ള പട്ടണവും ലന്തകൾക്കുള്ളതും ആകുന്നു. ഇവർ ക്രൂഷ്ണമതിൽ തഞ്ചാവൂര രാജാവിനോട ംരം സ്ഥലത്തെ വിലെക്ക വാങ്ങിച്ച അവിടെ പാർത്തു. ബ്രിത്തിക്ഷ ഗവൺമെണ്ടെ ംരം പട്ടണത്തെ വിലെക്ക വാങ്ങിക്കുന്നതിന വിചാരിച്ച വരുന്നു എന്ന പറയപ്പെടുന്നു.

മധുര, വൈഗാറ എന്ന ആറിന്റെ തെക്കെ വശത്താകുന്നു. ംരം നഗരം ബഹു പഴമയിലെ ഉള്ളതും ഇന്നു പണികളുടെ മഹാ വിശേഷമായ ചില മാതൃകകൾ ഇപ്പോൾ ഉള്ളവയിൽ പല മോടിയുള്ള പണികളുടെ ജീർണ്ണങ്ങളും വിശേഷാൽ ഒരു രാജധാനിയുമുള്ളതാകുന്നു. ഇവിടെ പണ്ട സ്വദേശക്കാർ മഹാ സംഘം എന്ന പറഞ്ഞവരുന്ന ഒരു ശ്രുതിപെട്ട പാഠകശാല ഉണ്ടായിരുന്നു. ഒരു പട്ടണം നില്ക്കുത്തക്കതിൻവണ്ണം ഉള്ള വിസ്താരത്തിൽ മധുരയിൽ ഒരു ക്ഷേത്രം ഉണ്ട.

രാമനാദ എന്ന പട്ടണം, രാമനാദസുമീൻധാരിയുടെ തലസ്ഥാനം

ആകുന്നു. രാമേശ്വര ക്ഷേത്രത്തിൽ പോകയും വരികയും ചെയ്യുന്ന വ
ഴിയാത്രക്കാരെ വഴി മേൽ വെച്ച സൂക്ഷിച്ച രക്ഷിക്കുന്നതിനായിട്ട
സേതുപതി എന്ന പേരോട്ടം ക്രൂടെ മധുരയിലെ ഇന്നു ഗവൺമെന്റി
ൽനിന്ന ഇപ്പോഴത്തെ സുമീൻധാരിന്റെ കൂടുംബത്തിന്ന ഇത കൊ
ടുക്കപ്പെട്ടു. ൦രം പട്ടണം കണ്ടാൽ ക്രമമില്ലാത്തതും വിശേഷം ഒന്നുമി
ല്ലാത്തതും ആകുന്നു.

രാമേശ്വരം രാമനാഥിന നേരെ മനാർ എന്ന കടൽ കൈവഴിയി
ൽ സമുദ്രതീരത്തിങ്കൽനിന്ന ഒരു നാഴിക അകലെ പതിനൊന്ന നാഴി
ക നീളം ആറ നാഴിക വീതിയിൽ കുക്കിയില്ലാതെ മണലായ ഒരു ചെ
റിയ ദ്വീപ ആകുന്നു. ഇന്തുകാർ തീർത്ഥയാത്രെക്ക പോകുന്ന ഒരു സ്ഥല
മായിട്ട ഇന്ത്യായിൽ ഒക്കെയും ൦രം ദ്വീപിന്റെ ശ്രുതി ഉണ്ട. ക്ഷേത്രം
ആ ദ്വീപിലെ തുംമുഖമാകുന്ന പാംഭ്രമിൽനിന്ന ഒമ്പത നാഴിക അ
കലം ആകുന്നു. നല്ല പണി എന്നും വിചാനിക്കപ്പെടുന്നു. നീളത്തിൽ
ഒരു വരി കറുത്ത പാറ രാമേശ്വരത്തിൽനിന്ന സെലോൻ വരെയ്ക്കും
൦രം കടൽ കൈവഴിയിൽ അക്കരെ, ഇക്കരെ, എത്തുന്നുണ്ട. അതിന്ന
ആദാമിന്റെ പാലം എന്ന പറയപ്പെടുന്നു.

തിരുനൽവേലി താമ്രപ്പൂന്നി ആറിന്ന അല്പം പടിഞ്ഞാറോട്ട മാറി
ഒരു ഉൾപ്പട്ടണം ആകുന്നു. അത വലിയതും ജനപ്പെരുപ്പമുള്ളതും ആ
കുന്നു.

പാളാംകോട്ട, തമ്രപ്പൂന്നിയുടെ കിഴക്കെ വശത്താകുന്നു. ആ ആറ
൦രം പട്ടണത്തെ തിരുനൽവേലിയിൽനിന്ന വേർതിരിക്കുന്നു.

തൂത്തിക്കുടി ഒരു വലിയ പട്ടണവും ഏറിയ കാലമായിട്ട അവിടെ
യുള്ള മുത്ത വാരുന്നതിനായിട്ട ശ്രുതിപ്പെട്ടിരിക്കുന്നതും ആകുന്നു. ഇ
പ്പൊഴും അവിടെ മുത്ത വിളയുന്നുണ്ട. എങ്കിലും അവിടത്തെ മുത്ത സെ
ലോനിൽ കൊണ്ടോഹി എന്ന കടൽ കൈവഴിയിൽനിന്ന എടുത്തവരു
ന്നവയെക്കാൾ തില്ല എന്ന വിചാരിക്കപ്പെടുന്നു.

ആറുകൾ.—കൊളെരുൻ എന്നും കാവേരീ എന്നും വൈഗാറ
എന്നും ആകുന്നു.

ദേശ രൂപം.—൦രം ദേശത്തിന്റെ വിധം കാഴ്ചെക്ക പലതര
ത്തിൽ ആകുന്നു. തിരുച്ചിനാപ്പള്ളിയിലെയും തഞ്ചാവൂരിലെയും പ്രദേശ
ങ്ങൾ ഒപ്പനിരപ്പുള്ളവയും വെളിയായുള്ളവയും നല്ല നീരോട്ടമുള്ളവയും
വിളവുള്ളവയും ആകുന്നു. പ്രത്യേകമായിട്ട തഞ്ചാവൂരിൽ ആകുന്നു.
തൊണ്ടിമാന്റെ ദേശം എന്ന പറയുന്നത മികവാറും പള്ളകാടാകുന്നു.
ദിണ്ടിഗലും മധുരയും മലയായിട്ടുള്ളവയും കാട്ടപിടിച്ചവയും നല്ല നീ
രോട്ടമുള്ളവയും വിളവുള്ളവയും ആകുന്നു. തിരുനൽവേലി ഒപ്പനിര
പ്പുള്ളതും വെളിയായുള്ളതും ആകുന്നു.

ഉത്പവങ്ങൾ.—നെല്ലും പുകയിലയും പഞ്ഞിയും ചക്കരയും ആ
കുന്നു. ഒടുക്കം പറഞ്ഞവ, രണ്ട ക്രൂട്ടവും അധികമായിട്ട തിരുനൽവേ
ലിയിൽ ആകുന്നു. മധുരയുടെയും ദിണ്ടിഗലിന്റെ തെക്കേതും പടിഞ്ഞാ
റെതുമായ ഭാഗങ്ങളിലും ആനകൾ ഉണ്ട.

മതം.—ഇന്തു മതവും മഹമ്മട മതവും ആകുന്നു.

ഇന്ദ്യായോട ചേൎന്ന ദ്വീപുകളെ കുറിച്ച.

ഇന്ദ്യായോട ചേൎന്ന ദ്വീപുകൾ ലക്ഷ ദ്വീപ എന്നും മല ദ്വീപ എന്നും സെലോൻ എന്നും ആകുന്നു.

൧. ലക്ഷ ദ്വീപുകളെ കുറിച്ച.

ദേശത്തിന്റെ കിടപ്പും രൂപവും.—ംരം ദ്വീപുകൾ മലബാർ തീരത്തിന്ന നേരെ അക്കരയും അതിൽനിന്ന ൭൫ നാഴിക അകലയും ആകുന്നു. അവ ൩ം ചെറിയ താണ ദ്വീപുകളും തമ്മിൽ തമ്മിൽ വിസ്താരമുള്ള കടൽ കൈവഴികളാൽ സംബന്ധം വിട്ടിരിക്കുന്നവയും ആകുന്നു. ഇവയിലേക്കും വലിയവയ്ക്ക ആറനാഴിക സമചതിരം ഇല്ല.

ഉത്ഭവങ്ങൾ.—തേങ്ങായും കയറും ചക്കരയും കുറെ പാക്കും ഉണ്ടാകുന്നവയല്ലാതെ ംരം ദ്വീപുകളിൽ ഒക്കെയും ഒന്നും ഉണ്ടാകുന്നതല്ല ംരം വസ്തുക്കൾക്ക പകരം നെല്ലും തുണിയും മററ വസ്തുക്കളും വാങ്ങിപ്പാനായിട്ട ഇന്ദ്യായിലേക്ക അവ പോക്കുചരക്കായിട്ട കേററി അയക്കപ്പെടുന്നു.

൨. മല ദ്വീപുകളെ കുറിച്ച.

ദേശത്തിന്റെ കിടപ്പും രൂപവും.—ംരം ദ്വീപുകൾ ലക്ഷ ദ്വീപുകൾക്ക തെക്ക ആകുന്നു. അവ, അരികെ അരികെ പല ദ്വീപുകളും ഒന്നിൽനിന്ന ഒന്ന വിസ്താരം കുറഞ്ഞ കടൽ കൈവഴികളാൽ സംബന്ധം വിട്ടിരിക്കുന്നവയും വലിപ്പം പല മാതിരിയായിട്ട ൧൨ംം ദ്വീപുകളോളമുള്ളവയും ആകുന്നു. അവയിലേക്കും വലിയതിന്ന മൂന്ന നാഴിക ചുററില്ല.

ഉത്ഭവങ്ങൾ.— ഉത്ഭവങ്ങൾ വകയിൽ പ്രധാനമായുള്ളവ കയറും വെളിച്ചെണ്ണയും കൌടിയും ആമഓട്ടിയും ഉണക്കമീനും ആകുന്നു. ഇവയെ ആ ദ്വീപുകാർ നെല്ലിനും പഞ്ചസാരെയ്ക്കും മററ ആവശ്യവസ്തുക്കൾക്കുമായിട്ട തങ്ങളുടെ തോണികളിൽ കേററി ഓറീസായിലേക്കും മളാക്കായിലേക്കും കൊണ്ടുപോകുന്നു.

മതം.—ഇന്ദു മതം കൂടി കലൎന്ന മഹമ്മദ മതം ആകുന്നു.

൩. സെലോൻ എന്ന ദ്വീപിനെ കുറിച്ച.

ദേശത്തിന്റെ കിടപ്പും രൂപവും —സെലോൻ മനാർ എന്ന പേർ പറഞ്ഞ വരുന്ന കടൽ കൈവഴിയാൽ തെക്കെ ഇന്ദ്യായിൽനിന്ന വേൎവിട്ട അതിന്ന തെക്ക കിഴക്കായിട്ട കിടക്കുന്നു. ഇതിന്റെ വടക്കെ അററം മുതൽ തെക്കെ അററം വരെ ഏറിയ നീളം ൨൭ം നാഴികയും ഏറിയ വീതി ൧൪൫ നാഴികയും ആകുന്നു. ഉൾപ്രദേശങ്ങൾ മലയായുള്ളതും കാടായുള്ളതും ആകുന്നു.

പ്രധാന നഗരികൾ.—യാഫ്ന പട്ടണം എന്നും കല്പെന്തി എന്നും ചില്ലൊ എന്നും നിഗോംബാ എന്നും കൊളമ്പ എന്നും കല്ല്യാ റ എന്നും പൊയിന്ത, ഡി, ഗാൽ എന്നും ഉള്ളവ പടിഞ്ഞാറെ തീരത്തിങ്കൽ ആകുന്നു. ത്രിങ്കമാലി എന്നും ബട്ടിക്കൊളൊ എന്നും ഉള്ളവ, കിഴക്കെ തീരത്തിങ്കൽ ആകുന്നു. മഥുര തെക്കെ അറ്റത്ത ആകുന്നു. കാണ്ടി നടുവിലും ആകുന്നു.

ത്രിങ്കമാലി ഇന്ത്യായിലേക്കും വലിയതും വിശേഷവുമായ തുറമുഖം ആകകൊണ്ടും കിഴക്കെ സമുദ്രങ്ങളിൽ ഇംഗ്ലീഷുകാർക്കുള്ള പടക്കപ്പലുകൾ കിടക്കുന്ന സ്ഥലമാകകൊണ്ടും ബഹു സാരമുള്ള സ്ഥലം ആകുന്നു.

ഉത്ഭവങ്ങൾ.—ഇവിടത്തെ പ്രധാന ഉത്ഭവങ്ങൾ കാപ്പിയും ഏലവംഗത്തൊലിയും വെളിച്ചെണ്ണയും കയറും പാക്കും പുകയിലയും ആകുന്നു. ഒന്നാന്തരം ചായംതെങ്ങിലെ കള്ളിൽനിന്ന വാറ്റി എടുക്കുന്നുണ്ട. കരിമ്പു കൃഷിയും അധികമായിട്ട വർദ്ധിച്ചവരുന്നു. ഓരം ടീപ്പിൽ ആനയും മറ്റ മൃഗങ്ങളും പലമാതിരി പാമ്പുകളും പെരുത്തുണ്ട. കാടുകളിൽ പലമാതിരി വിശേഷപ്പെട്ട തടികൾ ഉണ്ട. മല പ്രദേശങ്ങളിൽ വൈഡൂര്യവും അമെതിസ്ത എന്ന ഒരു രത്നവും പുഷ്യരാഗവും ചുവപ്പകല്ല മുതലായവയും ഉണ്ട. സെലോൺറെ വടക്ക പടിഞ്ഞാറെ തീരത്തിങ്കൽ കൊണ്ടാച്ചി എന്ന കടൽ കൈവഴിയിൽനിന്ന അനവധി മുത്തും ശംഖും വാരുന്നുണ്ട.

മതം.—ബുദ്ധ മതം ആകുന്നു. തമിഴ്ക്കാർ ഇന്ദു മതക്കാരാകുന്നു. ക്രിസ്ത്യാനികൾ അധികവും വർദ്ധിച്ചും വരുന്നുണ്ട.

താത്തറി എന്ന ദേശത്തെ കുറിച്ച.

അതിരുകൾ.—താത്തറിയുടെ വടക്കെ ഭാഗം ഉസ്സിയാ താത്തറിയാലും കിഴക്ക ചീന താത്തറിയാലും തെക്ക അല്ലാനിസ്ഥാൻ എന്നും പാർസിയ എന്നുമുള്ള ദേശങ്ങളാലും വടിഞ്ഞാറ പാർസിയയാലും കസ്പ്യിയൻ സമുദ്രത്താലും ഉസ്സിയാ താത്തറിയുടെ ഒരു ഭാഗത്താലും അതിരിയാക്കപ്പെട്ടിരിക്കുന്നു.

പ്രധാന അംശങ്ങൾ.—തുർക്കിസ്ഥാൻ എന്നും ഖിവാ എന്നും കോകാൻ എന്നും ബൊക്കാറാ എന്നും തുർക്കോമനിയാ എന്നും ക്രുണ്ടൂസ എന്നും ആകുന്നു. ഇവയിൽ ഓരോന്നിനെ കുറിച്ച വിവരമായിട്ട പറയും.

മലകൾ.—പ്രധാന മലകൾ കിഴക്കെ അതിരിയിൽ കൂടെപോയി കിടക്കുന്ന ബെലൂതതാഗ എന്നും തെക്ക കൂടെ പൊയ്കിടക്കുന്ന പരൊപമീസാൻ എന്നും ആകുന്നു.

കടലുകൾ.—ഖിവായിക്കും തുർക്കിസ്ഥാനും ഇടയിൽ ൨൦൦ നാഴിക നീളം ൭൦ നാഴിക വീതിയിൽ അറാൽ കടൽ എന്ന പേരായിട്ട ഒരു ഉൾക്കടൽ ഉണ്ട.

അതിരുകൾ.—യക്സാർത്തിസ എന്നും സർ അഫ്ഷാൻ എന്നും ഓക്സസ്സ എന്നും മുഘ്സാബ എന്നും ആകുന്നു.

ദേശ രൂപം.—ഈ ദേശത്തിലെ പല അംശങ്ങളും പലവിധത്തിൽ ഇരിക്കുന്നതിനാൽ ഓരോന്ന വിവരമായി പറയപ്പെടും.

ഉത്ഭവങ്ങൾ.—ഈ ദേശത്തിന്റെ തെക്കേതും കിഴക്കേതുമായ ഭാഗങ്ങളിൽ നെല്ലും കോതമ്പും യവവും മററ ധാന്യങ്ങളും പലമാതിരി ഫലങ്ങളും അനവധിയായിട്ട ഉണ്ടാകുന്നു. കുതിരകളും ഒട്ടകങ്ങളും ആടുകളും നിരപ്പെ അധികമായിട്ട ഉണ്ട. ഇവിടത്തെ കുതിരകളുടെ ബലം കൊണ്ടും ഭാരം വഹിക്കുന്നതിനുള്ള ശക്തികൊണ്ടും വിശേഷാൽ ശ്രുതിപ്പെട്ടിരിക്കുന്നു. ഒട്ടകങ്ങൾ വലിയ മാതിരിയും രണ്ട ഉപ്പൂടിയുള്ളവയും ആകുന്നു. ഇന്ദ്യാ മാതിരി ഒട്ടകത്തിന ഒരു ഉപ്പൂടിയെ ഉള്ളു. കാട്ടുമൃഗങ്ങൾ പ്രധാനമായിട്ട കടുവായും ചെന്നായും കുതിരയും കഴുതയും കാട്ടാടും ആകുന്നു. ഓക്സസ്സ എന്ന ആററമണലിൽ സ്വർണ്ണമുണ്ട. സർ അഫ്ഷാനിലും മററ ആറുകളിലും അല്പമായിട്ടും ഉണ്ട. മലപ്രദേശങ്ങളിൽ വെള്ളിയും ചെമ്പും ഇരിമ്പും തുരിശും പലമാതിരി വിലയേറിയ രത്നങ്ങളും മാർബൾക്കല്ലുകളും ഉണ്ട.

കൈവേലകളും വ്യാപാരവും.—ബൊക്കാറായിൽ പഞ്ഞികൊണ്ടുള്ള കരകൌശലങ്ങൾ അധികമായിട്ടുണ്ട. സമീപെയുള്ള ദേശങ്ങളുമായിട്ട പട്ടും രോമവും ആട്ടിൻതോലും ബഹുത്വമായിട്ട കച്ചവടവും ഉണ്ട.

മതം.—നടപ്പായിട്ട മഹമ്മദ മതം ആകുന്നു. എന്നാൽ കൽമക്കകാര എന്ന ഒരു കൂട്ടക്കാർ ഉണ്ട. അവരുടെത, ലാമാ മതം ആകുന്നു.

൧൦ ദേശത്തിലെ പല അംശങ്ങളെ കുറിച്ച താഴെ വിവരമായി പറയപ്പെടുന്നു.

൧. തുർക്കിസ്താൻ.

ദേശ രൂപവും വിശേഷാദിയും.—തുർക്കിസ്താൻ ൧൦ ദേശത്തിന്റെ വടക്കെ ഭാഗം ആകുന്നു. അത സാമാന്യം വെളിയായുള്ളത എങ്കിലും കൃഷിയില്ലാതെ മിക്കവാറും മേച്ചിൽസ്ഥലമായിട്ട കിടക്കുന്നു അവിടെ തുർക്കമൻകാർ സഞ്ചരിച്ചവരുന്നു. ഇവർക്ക ബഹു കന്നുകാലികൂട്ടങ്ങളും കുതിരകൂട്ടങ്ങളും ഒട്ടകങ്ങളും ആടുകളും ഉണ്ട. അവയെയും കൊണ്ട അവർ അതാത കാലത്തിൽ അങ്ങോട്ടും ഇങ്ങോട്ടും മാറുന്നു. അവർക്ക പട്ടണങ്ങൾ ഇല്ല. എന്നാൽ ആട്ടുരോമം കൊണ്ട കട്ടിയുള്ള കറുത്ത കരിമ്പടം പോലെ ഉണ്ടാക്കീട്ട അവയാൽ പാളയം ഉണ്ടാക്കി പാർത്തുവരുന്നു. ഒരു കൂട്ടക്കാർ മറെറാരു കൂട്ടക്കാരെ വഴങ്ങുന്നില്ല.

൨. ഖിവാ.

ദേശരൂപവും വിശേഷാദിയും.—ഖിവാ ബൊക്കാറായിക്കും കസ്പിയൻ സമുദ്രത്തിന്നും ഇടയിൽ പടിഞ്ഞാറെ ഭാഗം ആകുന്നു. ഓക്സസ്സിന്ന തുലോം അടുത്തുള്ളിടം ഒഴികെ ൧൦ ദേശം മണലായു

ള്ളതാകുന്നു. അതിലെ കുടിയാന്മാർ ഒട്ടകങ്ങളെ അധികമായിട്ട വള
ർത്തിവരുന്നതിനാലും അടുത്ത ദേശങ്ങളായ ഗുസ്സിയായിൽനിന്നും പാർ
സിയയിൽനിന്നും അടിമക്കാരെ പിടിച്ച വില്ക്കുന്നതിനാലും പ്രധാന
മായിട്ട ഉപജീവനം കഴിച്ചവരുന്നു.

പ്രധാന നഗരികൾ.—ംരം ദേശത്തിൽ ശ്രുതിയുള്ളവയാ
യിട്ട നഗരങ്ങൾ ഉണ്ടെന്ന പറവാൻ ഒക്കുഞ്ഞി എന്നും ഖിവാ എന്നും ഉ
ള്ളവയെ ഉള്ളൂ.

൩. കോകാൻ.

ദേശ രൂപം.—കോകാൻ ംരം ദേശത്തിന്റെ വടക്ക കിഴക്കെ
ഭാഗം ആകുന്നു. യക്സാർത്തിസ എന്ന ആറ കിഴക്കപടിഞ്ഞാറായിട്ട ഇ
തിന്റെ നടുവിൽ കൂടി ഒഴുകുന്നു. ഇത വിളവുള്ളതും നല്ല കൃഷിയുള്ള
തുമായ പ്രദേശം ആകുന്നു. അതിലെ ഉത്തവങ്കൽ ഖൊക്കാറായിലെ
പ്പോലെ ആകുന്നു പ്രധാനനഗരി കോകാൻ എന്ന തന്നെ ആകുന്നു.
ംരം ടിക്ക കാൻ എന്ന പേരായിട്ട ഒരു പ്രധാനിയുടെ കീഴിൽ ഇരി
ക്കുന്നു. ഇവൻ തന്റെ ഉത്തവം അലെക്സന്തെരിൽനിന്ന വന്നിരിക്കുന്ന
എന്ന അവകാശം പറയുന്നു.

൪. ഖൊക്കാറാ.

ദേശ രൂപം.—ഖൊക്കാറാ തുർക്കിസ്ഥാനിൽ ഒരു ഭാഗം ആകു
ന്നു. അത വെളിയായുള്ള സമഭൂമിയാകുന്നു. ആറുകളോട അടുത്തുള്ളി
ടം വിശേഷമുള്ളതും വിളവുള്ളതും ആകുന്നു. എന്നാൽ അവിടം വിട്ട
മരുഭൂമിയും കൃഷിയില്ലാത്തതും ആകുന്നു.

ക്ലൈമെട്ട.—ഖൊക്കാറായിലെ ക്ലൈമെട്ട ഖഹ രസമുള്ളതും
സൌഖ്യമുള്ളതും ആകുന്നു. പൊക്കമുള്ള മണൽ പ്രദേശങ്ങളിൽ പതി
വായിരിക്കുന്ന പ്രകാരം അവിടെ വേനല്ക്ക ഖഹ ഉഷ്ണവും വരുക്ക
ത്തിൽ ഖഹ ശീതവും ആകുന്നു. അപ്പോൾ ഓക്സസ്സിലെ വെള്ളം ഉറച്ച
പോകയും ഹിമം മൂന്ന മാസത്തോളം ഖൊക്കാറാ നഗരത്തിൽ കിടക്ക
യും ചെയ്യുന്നു.

പ്രധാന പട്ടണങ്ങൾ.—ഖൊക്കാറാ എന്നും സാമാർകാണ്ട
എന്നും ബാല്ഖ എന്നും ആകുന്നു.

ഖൊക്കാറ സർഅഷ്ടാൻ എന്ന ആറിന്റെ തെക്കെ മട്ടുക്കുനിന്ന
ആറ നാഴിക അകലെ ഖഹ പുരാതനമായിട്ടുള്ള നഗരവും മഹമ്മദ
കാരുടെ വേദം ഉണ്ടായ ഉടനെ അവർ അതിനെ ജയിച്ച അതിലെ
ജനങ്ങളെ വേദത്തിൽ ചേർത്തതിനാൽ വിശേഷാൽ ശ്രുതിപ്പെട്ടതും ആ
കുന്നു. അത ഏറിയ കാലം ഖഹ സമ്പത്തും ജനപ്പെരുപ്പവുമുള്ള നഗ
രമായിരുന്നു. എന്നാൽ മഹമ്മദകാരുടെ ആജ്ഞയിൻ കീഴുള്ള എല്ലാ
ദേശങ്ങളെപ്പോലെ ഇതിന്നും പല ഭേദങ്ങളും വന്ന ഏറെ സാരമി
ല്ലാത്തതായി തീന്നിട്ട ഖഹ കാലമായി. ഇപ്പോഴുള്ള നഗരം എട്ടനാ
ഴിക ചുറ്റും ചതുരുണ്ട വാതിലുകളുള്ള ഒരു കോട്ടയുമുള്ളതാകുന്നു. അവി

ടെ ബഹു വലിയ ജോനകപ്പള്ളികളുള്ളവ കൂടാതെ പലതരത്തിലായിട്ട ൩൭൭ പാഠകശാലകൾ വരെയുമുള്ളവയിൽ ആ ദേശത്തെ പലഭാഗങ്ങളിൽനിന്നും ആളുകൾ വന്ന പഠിച്ചവരുന്നു. അതിൽ ഏകദേശം ഒരു ലക്ഷത്ത അമ്പതിനായിരം ജനങ്ങളുള്ളവയിൽ നാലായിരം യഹൂദന്മാരും ഏകദേശം മുന്നൂറ ഇന്ദുക്കാരും ആകുന്നു. ൦രം നഗരത്തിലെ കച്ചവടസ്ഥലങ്ങളിൽ പാർസികളെയും തുർക്കികളെയും റുസ്സിയാക്കാരെയും താൎത്തറിക്കാരെയും ചീനക്കാരെയും അപ്ഘാൻകാരെയും ഒന്നിച്ച കൂടി കാണാം.

സാമാർകാണ്ട സർ അഫ്ഷാൻ എന്ന ആററരികെ ബൊക്കാറായിക്ക ൧൨൦ നാഴിക കിഴക്ക മഹാനായ അലെക്സണ്ടെരിന്റെ കാലങ്ങളിൽ അല്പ ശ്രുതിയുള്ള നഗരം ആയിരുന്നു. അപ്പോൾ പേര മരക്കാണ്ടാ എന്ന ആയിരുന്നു. ഇത പണ്ടത്തെ സോഗ്ഡിയാനായിലെ തലസ്ഥാനവും ആയിരുന്നു. ഇവിടെ വെച്ച അലെക്സണ്ടെർ തന്റെ മഹാനല്ല സ്നേഹിതനായ ക്ലിത്തസിനെ താൻ മദ്യലഹരിയാൽ സുബോധമില്ലാതെ ഇരുന്നപ്പോൾ കോപത്തോടും കൂടി കൊന്നുകളഞ്ഞു. മഹമ്മദകാൎക്ക അധികാരശക്തിയുണ്ടായിരുന്ന മുൻ കാലങ്ങളിൽ ഇത മഹാ ശ്രുതിയുള്ള നഗരങ്ങളിൽ ഒന്നായിരുന്നു. ഇപ്പോഴും ആ നാട്ടിലെ ജനങ്ങൾ അതിനെ ബഹു ഭക്തിയോടും കൂടി വിചാരിച്ച വരുന്നു. ഇത തൈമൂരിന്റെ തലസ്ഥാനമായിരുന്നു. ഇവന്റെ പ്രേതക്കല്ലറ ഇപ്പോഴും ഇവിടെ നില്ക്കുന്നുണ്ട. ഏതാനും പാഠകശാലകളും മററ പണികളും ഇന്നും ഉണ്ട. അവയിൽ ചിലതിന്റെ പണി ഭംഗിതന്നെ. അവയിൽ കീൎത്തിമാനായ ഗ്രഹശാസ്ത്രക്കാരൻ യുലഗ്ഗബെഗ്ഗിന്റെ ഗ്രഹശാസ്ത്ര ശാലെക്ക പ്രത്യേകം വിശേഷം ഉണ്ട. കടലാസ ഉണ്ടാക്കുന്ന കൌശലത്തെ ഏകദേശം ൯൦൦മാണ്ടിൽ മഹമ്മദകാർ ൦രം നഗരത്തിൽനിന്ന യൂറോപ്പിലേക്ക കൊണ്ടുവന്നു.

ബാല്ഖ ലോകത്തിൽ മഹാ പഴയ നഗരങ്ങളിൽ ഒന്ന എന്ന വിചാരിക്കപ്പെടുന്നു. ൦രം ദേശത്തെ അലെക്സണ്ടെർ ജയിച്ച കഴിഞ്ഞശേഷം ബാൎക്ത്ര്യാ രാജ്യത്തിന്ന തലസ്ഥാനമായിട്ട ഇത ഏറിയ കാലം ശ്രുതി പെട്ടിരുന്നു. പിന്നെ കീൎത്തിമാനായ ജംഗെസ്സഖാൻ ൦രം നഗരത്തെ പിടിച്ച കൊള്ളയിട്ടു. അതിൽ പിന്നെ ഇതിന്ന പല മാററങ്ങളും സംഭവിക്കയാൽ ഇത ഇപ്പോൾ ഒരു സാരമില്ലാത്ത പട്ടണം ആയി തീൎന്നിരിക്കുന്നു. ഇതിൽ പലതരമായ ഫലങ്ങൾ അനവധിയായി ഉണ്ടാകുന്നത കൊണ്ട കേൾവിപ്പെട്ടതാകുന്നു. ദൂരത്ത ഒരു മലയിൽനിന്ന ഹിമംകൊണ്ടുവന്ന വേനൽക്കാലത്ത ഇവിടത്തെ കച്ചവടസ്ഥലങ്ങളിൽ വില്ക്കപ്പെടുന്നു.

൫. തുൎക്കൊമനിയാ.

ദേശരൂപവും വിശേഷാദിയും.—തുൎക്കൊമനിയാ ൦രം ദേശത്തിന്റെ തെക്കേതും പടിഞ്ഞാറേതുമായ ഭാഗത്ത ബാല്ഖ മുതൽ കസ്പിയൻ സമുദ്രം വരെക്കും ആകുന്നു. ഖിവായും ഓക്സസ്സും ഇതിന്റെ വടക്കെ അതിരും പാർസിയയിൽനിന്നും അപ്ഘാനിസ്താനിൽനിന്നും ഇതിനെ വേർതിരിക്കുന്ന പൎവ്വതനിര ഇതിന്റെ തെക്കെ അതിരും ആകുന്നു. തെക്ക പടിഞ്ഞാറെ ഭാഗങ്ങൾ മലയായുള്ളതാകുന്നു. എന്നാൽ ശേ

ക്ഷം ഒക്കെയും വെള്ളം തുലോം ചുരുക്കമായുള്ള മണൽ പ്രദേശം ആകുന്നു. ചിലടം മുഴുവനും പരപ്പായുള്ളതും മറ്റ ചിലടം ചിറയായിട്ട പൊങ്ങിയതും ആകുന്നു.

തുക്കൊമൻകാർ തങ്ങളുടെ ആട്ടിൻ കൂട്ടങ്ങളോടും കന്നുകാലിക്കൂട്ടങ്ങളോടും കൂടി ഒരു കിണറിൽനിന്ന മറെറാരു കിണറിങ്കലേക്ക തങ്ങളുടെ കുച്ചയായിട്ടുള്ള ഉരുണ്ട കൂടിലുകളെയും തങ്ങളോട കൂടി എടുത്തുകൊണ്ട വെള്ളവും മേച്ചിൽസ്ഥലവും തിരക്കി നടക്കുന്ന സഞ്ചാരികളായ കൂട്ടക്കാരാകകൊണ്ട അവക്ക സാക്ഷാൽ പട്ടണങ്ങൾ ഉണ്ട എന്ന പറയുന്നതിന്ന ഒന്നുമില്ല.

ഒരു സ്ഥിരമായ ഇരിപ്പിടം ഉണ്ട എന്ന പറയുന്നതിന്ന ക്ഷരസ്സ എന്ന പറയുന്നതെയുള്ളു. ഇത മിക്കവാറും ജീർണ്ണം ഭവിച്ച ഒരു ചെറിയ കോട്ടയും പാർസിയയിലെ മെശിദിൽനിന്നുള്ള യെഹൂദന്മാർ ഉണ്ടാക്കീട്ടുള്ള കുറഞ്ഞോരു മൺകൂടിലുകളും ആകുന്നു. ഇക്കൂമൻകാരുടെ കൂടിലുകൾ മരം കൊണ്ട കുച്ചയായി ഉരുണ്ട മാതിരിയായിട്ട ഉണ്ടാക്കി പരമ്പ കൊണ്ട ചുറ്റും മൂടി മുകൾതോൽ കൊണ്ട പൊതിയുന്നു.

ന്യ. കൂണ്ടൂസ.

ദേശരൂപവും വിശേഷാദിയും.—ബദക്കശാൻ കൂടെ ഇപ്പോൾ ഉൾപ്പെട്ടിരിക്കുന്ന കൂണ്ടൂസ, ബൊക്കാറായിക്കും ബാല്ലയിക്കും അപ്പാനിസ്ഥാനും ഇടയിൽ ദേശത്തിന്റെ തെക്ക കിഴക്കായും ബെലൂതാഗ്ഗ ഇതിന്റെ കിഴക്കവശത്തായും ഇന്ദു കുഷ തെക്കവശത്തായും ഇരിക്കുന്നു.

കൂണ്ടൂസ എന്ന ഭാഗം കിളച്ച കുറഞ്ഞ കുന്നുകളുടെ ഇടയിൽ ഒരു താഴ്വരയാകുന്നു. വേനല്ക്ക ഉഷ്ണം കടുപ്പമായും വഷ്ടത്തിൽ ഹിമം മൂന്ന മാസം വരെക്കും നിലത്തിൽ കിടക്കയും ചെയ്യുന്നതാകകൊണ്ട അവിടത്തെ ശൈമെട്ട ഏററവും സൌഖ്യകേടുള്ളതാകുന്നു. ഒരു മലയിടുക്കിൽ ഏറിയഭാഗം തുലോംപുതയലായുള്ളതാകകൊണ്ട അതിൽ കൂടെയുള്ള വഴി ഏറിക്കാൽനാട്ടി വരമ്പായിട്ട ഉണ്ടാക്കിയിരിക്കുന്നു.

പ്രധാന നഗരികൾ.—കൂണ്ടൂസ എന്നും ഖുല്ലും എന്നും ആകുന്നു.

ഉത്ഭവങ്ങൾ.—ഇവിടെ നെല്ലും വറ്റുയുള്ള ഭാഗങ്ങളിൽ കോതമ്പും യവവും അധികമായിട്ടുണ്ട ഓക്സസ്സിന്റെ സമീപെ പട്ട ഉണ്ടാക്കപ്പെടുന്നു.

ബദക്ഷാൻ അതിലുള്ള രത്ന ഖനികളിൽക്കായിട്ട കേൾവിപ്പെട്ടിരിക്കുന്നു. അതിൽ ഗന്ധകവും ഇരിമ്പും ഉപ്പും ഉണ്ട.

വ്യാപാരം. ഈ ദേശത്തിലെ പ്രധാന വ്യാപാരം നാല്ക്കാലികളെയും അടിമക്കാരെയും വില്ക്കുന്നതാകുന്നു.

ചീന താത്തറി എന്ന ദേശത്തെ കുറിച്ച.

അതിരുകൾ.—ഈ ദേശത്തിന്റെ വടക്കെ ഭാഗം സിബെറി

Dumphy & Sinclair Lith.

യ എന്ന ദേശത്താലും കിഴക്ക താൎത്തറി എന്ന ഉൾക്കടലിനാലും യാപ്പാൻ എന്ന കടലിനാലും തെക്ക മഞ്ഞക്കടലിനാലും ചീനയാലും തിബെത്തിനാലും പടിഞ്ഞാറ താൎത്തറിയാലും അതൃത്തിയാക്കപ്പെട്ടിരിക്കുന്നു.

പ്രധാന നഗരികൾ.—ഈ ദേശത്തിലെ പലപല വംശക്കാർ സാമാന്യം സഞ്ചാരികളും കൂടാരങ്ങളിൽ പാൎക്കുന്നവരും ആകകൊണ്ട അവയെ അവർ കാലത്തിന്ന തക്കവണ്ണമൊ അവരുടെ നാല്ക്കാലികൾക്ക മേച്ചിലിനെ കണ്ടുകിട്ടുന്നപ്രകാരമൊ അവിടവിടെക്ക മാററികൊണ്ടുപോകുന്നു. അതകൊണ്ട പടിഞ്ഞാറെ ഭാഗത്ത ഒഴികെ പട്ടണങ്ങൾ ചുരുക്കമാകുന്നു. പ്രധാനമായുള്ളവ, കാഷ്ഗർ എന്നും തുൎഫാൻ എന്നും യാൎക്കണ്ട എന്നും ഹാമി അല്ലെങ്കിൽ കാല്മിൽ എന്നും സഗിലിൻ ഔലാ എന്നും ത്സിഛിക്കാർ എന്നും ചിനിയാങ്ങ അല്ലെങ്കിൽ മൂദ്ദെൻ എന്നും ആകുന്നു.

മലകൾ.—ഇതിലെ പ്രധാനമായ പൎവ്വത നിരകൾ വടക്ക അൽത്തായൻ എന്നും പടിഞ്ഞാറ ഇതിനെ താൎത്തറിയിൽനിന്ന വേറാക്കുന്ന ബെലൂതതാഗ്ഗ എന്നും ആകുന്നു. ബെലൂതതാഗ്ഗ എന്ന മലെക്ക മുമ്പിനാൽ ഇമൊസ എന്ന പേർ പറഞ്ഞവന്നു.

ആറുകൾ.—ഇതിൽ പല ആറുകൾ ഉണ്ട. എന്നാൽ സാരമായിട്ടുള്ളവയല്ല പ്രധാനമായിട്ടുള്ളത താൎത്തറി ഉൾക്കടലിലേ ക്കകിഴക്കോട്ട ഒഴുകുന്ന സാഗലിൻ ആറ ആകുന്നു.

ദേശ രൂപം.—ഈ ദേശത്തിൻെറ വിധം ഏറെ കാടില്ലാതെ മലയും മൈതാനവുമായിട്ട ഏറെയും ഇടകലശിയിരിക്കുന്നു. ഏറെയും സമഭൂമി ആകുന്നു. ഇത ലോകത്തിൽ ഏററവും കിളൎച്ചയുള്ള ഒപ്പനിരപ്പ ഭൂമി എന്ന വിചാരിക്കപ്പെടുന്നു.

ഈ സമഭൂമിയിൽ ഒരു ഭാഗത്തിൽ കൊബി എന്നും ഷാന്നൊ എന്നും രണ്ട വലിയ കാനനം ഉണ്ട. ശേഷം മേച്ചിലിന്നായിട്ട ഉപയോഗിക്കപ്പെടുന്നു.

ഉത്ഭവങ്ങൾ.—ഈ ദേശത്തിലെ ഉത്ഭവങ്ങളെ കുറിച്ച അറിഞ്ഞിട്ടുള്ളിടത്തോളം കുറച്ചെ ഉള്ളു. താൎത്തർ വംശക്കാൎക്ക സാമാന്യം കൃഷിക്കും കരകൌശലങ്ങൾക്കും ഒട്ടും തന്നെ താല്പൎയ്യം ഇല്ല. എന്നാൽ അവരുടെ പ്രത്യേക ശ്രദ്ധ അവരുടെ നാല്ക്കാലികൂട്ടങ്ങളിൽ ആകുന്നു. ഇവ അവൎക്ക ബഹുത്വം ഉണ്ട. കാട്ടുകുതിരകളും കഴുതകളും പെരുത്ത ഉണ്ട. കടുവായെയും പലടത്തും കാണാനുണ്ട. പലമാതിരി മാൎദ്ദവമുള്ള തൊകലുകൾ അവരുടെ പ്രധാന കച്ചവടം ആകുന്നു. ചില ആറുകളിൽ മുത്ത ഉണ്ട.

മതം.—നടപ്പായുള്ള മതം ലാമ കൂട്ടക്കാരുടെ ബുദ്ധമതം ആകുന്നു ശാമാൻ മതം എന്ന പറയപ്പെടുന്നതിനെ അനുസരിച്ച നടക്കുന്നവരും പലർ ഉണ്ട. ആയത എന്തെന്നാൽ ഒരു ദൈവം ഉണ്ടെന്ന സമ്മതിക്കയും അനേകം കീൾ ദൈവങ്ങളെ വന്ദിക്കയും ചെയ്യുന്ന വിഗ്രഹാരാധനക്കാരാകുന്നു. മഹമ്മദകാരിൽ ഒരു കൂട്ടക്കാരും ഉണ്ട.

തിബെത്ത എന്ന ദേശത്തെ കുറിച്ച.

അതിരുകൾ.—ംരം ദേശത്തിന്റെ വടക്കെ ഭാഗം ചീന താത്തറിയാലും കിഴക്ക ചീനയാലും തെക്ക ആസ്സാം എന്നും ബൂത്താൻ എന്നും ഇന്ദുസ്ഥാൻ എന്നുമുള്ള ദേശങ്ങളാലും പടിഞ്ഞാറ കാശ്മീർ എന്നും താത്തറി എന്നുമുള്ള ദേശങ്ങളാലും അതിരുത്തിയാക്കപ്പെട്ടിരിക്കുന്നു.

പ്രധാന നഗരികൾ.—ലെ എന്നും ഗരു എന്നും തെശ്രുലുംബു എന്നും ലാസ്സാ എന്നും ആകുന്നു.

മലകൾ.—ഇവിടെ രണ്ട വലിയ പവ്തങ്ങൾ ഉണ്ട. ഇതിന്റെ തെക്കെ അതിരിങ്കൽ കൂടി പൊയ്ക്കിടക്കുന്ന ഹിമാലയനും അതിനോട ഏകദേശം ശരിയായ കൈലാസം പവ്തങ്ങളും ആകുന്നു.

ഹിമാലയനും കൈലാസത്തിനും ഇടയിൽ മനസ്രോര എന്നും രാവണ ഹ്രദ എന്നും രണ്ട ശ്രുതിപ്പെട്ട കായലുകൾ ഉണ്ട. ഒന്നാമത്തെത ഇന്ദുക്കാരുടെ സകല തീർത്ഥസ്ഥലങ്ങളെക്കാളും മഹാ പുണ്യസ്ഥലമായിട്ട അവരാൽ വിചാരിക്കപ്പെടുന്നു. ചീനക്കാരും തിബെത്തുകാരും ക്രടെ ഇതിനെ ശ്രുദ്ധസ്ഥലമായിട്ട വിചാരിച്ച വരുന്നു. രാവണഹ്രദ സത്രുജ എന്ന ആറിന്റെ ഉത്ഭവം ആകുന്നു.

ആറുകൾ.—ഇതിലെ പ്രധാന ആറുകൾ സാമ്പു എന്നും മൌൻച്ചു എന്നും ആകുന്നു. ംരം ദേശത്തിൽനിന്ന ആസിയായിലെ പല പ്രധാന ആറുകൾക്കും ഉത്ഭവം ആകുന്നു. ഇന്ദ്യാ ആറുകളിൽ ഇന്ദസ്സിന്നും സത്രുജിന്നും ബ്രുഹ്മപുത്രയ്ക്കും ചീനയിലെയും വടക്കെ താത്തറിയിലെയും പല ആറുകൾക്കും ഉത്ഭവം ഇവിടെനിന്ന ആകുന്നു. സാമ്പു ആസിയായിലുള്ള മഹാ വലിയ ആറുകളിൽ ഒന്നായി വിചാരിക്കപ്പെടുന്നു. എന്നാൽ ഇതുവരെക്കും അതിനെ പറ്റിയുള്ള വിവരം മുഴുവനും നല്ലതിൻവണ്ണം അറിഞ്ഞിട്ടില്ല.

ദേശ രൂപം.—തിബെത്ത രണ്ട ഭാഗങ്ങളായിട്ട വിചാരിക്കപ്പെടാം ഹിമാലയനും കൈലാസൻ മലകൾക്കും ഇടയിലുള്ള താഴ്വര എന്നും കൈലാസത്തിന്ന അപ്പുറമുള്ള വിസ്താരമുള്ള കിളന്ന മൈതാനം എന്നും ആകുന്നു.

ക്ലൈമെട്ട.—ംരം ദേശത്തിന്റെ വലിയ കിളച്ച കൊണ്ട അതിലെ ക്ലൈമെട്ട ബഹു ശീതമുള്ളതാകുന്നു. പ്രത്യേകമായിട്ട ഹിമാലയ നിരകളോട അടുത്തിടത്ത ആകുന്നു. അവിടെ വഷ്കാലത്തിലെ കൂളിന യൂറോപ്പിലെ വടക്കെ ദേശങ്ങളിലേപ്പോലെ തുലോം കഠിനമാകുന്നു. മത്സ്യമാംസങ്ങൾ റ്റസ്സിയായിലെപ്പോലെ ഏറിയ നാളുകൾ ചെന്നാലും ചീയാതെ ഭക്ഷിക്കുതക്കതായി ഇരിക്കും.

ഉത്ഭവങ്ങൾ.—ഇതിലെ പ്രധാന സമ്പത്തുകൾ നാല്ക്കാലികളും ധാന്യദ്രവ്യങ്ങളും ആകകൊണ്ട അതിൽ സസ്യാദികളായിട്ട ഉത്ഭവങ്ങൾ അധികം ഇല്ല. യവവും മുഴുത്ത പയറുകളും കോതമ്പുമെ ധാന്യങ്ങളായിട്ടുള്ളു. നെല്ല കൃഷി ഇല്ല. നാല്ക്കാലികളും ആടുകളും പലവിധമായ കാട്ടുപറവകളും മൃഗങ്ങളും പെരുത്തുണ്ട. അനവധി കുതിരകളും ഗോവരകഴുതകളും ഉണ്ട. ഒട്ടകം പറയപ്പെട്ടതിനെ പതിവായി

ട്ട വണ്ടിക്ക പ്രയോഗിച്ച വരുന്നു. അങ്ങിനെ തന്നെ ആട്ടകളെയും പ്രയോഗിച്ച വരുന്നു. കാട്ടുകുതിരകളും കഴുതകളും ഉണ്ട്. തിബെത്തിലേക്കും വിശേഷമുള്ള മൃഗങ്ങൾ വെണ്ണമരിമാനും കാളയും കസ്തൂരിമൃഗവും സാധുവ ആട്ടും ആകുന്നു. വെണ്ണമരിമാൻ എന്ന പറയുന്നത മുഴുവനും കട്ടിയുള്ള നീണ്ട രോമം കൊണ്ട മൂടിയിരിക്കുന്നു. അതുകൊണ്ട കയറുകളും പായകളുടെ ശീലകളും ഉണ്ടാക്കപ്പെടുന്നു. പുച്ഛല പോലെയുള്ള അവയുടെ വാൽ ംരംച്ചെ അടിക്കുന്നതിനും കുതിരകൾക്കും ആനകൾക്കും അലങ്കാരങ്ങളായിട്ടും പ്രയോഗിക്കുന്നതിനാൽ തുലോം വിലപിടിച്ചതാകുന്നു. ഇതകൊണ്ട ഇന്ത്യായിലും തുക്കിയിലും അധികം അപേക്ഷ ഉണ്ട്. കസ്തൂരിമൃഗം സാമാന്യം ഒരു പന്നിയുടെ ഭാവവും ഏകദേശം അതിനോളം ഉയരവുമുള്ളതാകുന്നു. കസ്തൂരി ആണിനെയുള്ള അത പൊക്കിളിങ്കൽ ഒരു ചെറിയ സഞ്ചിയിൽ ഇരിക്കുന്നു. സാധുവ ആടഎന്ന ഇപ്രകാരം പേരുണ്ടാകുവാൻ ഇട,ശ്രുതിപെട്ട കാശ്മീർ സാധുവകളെ ഉണ്ടാക്കുന്നത പട്ടുപോലെ ഇരിക്കുന്ന ഇതിന്റെ പുതപ്പുള്ള രോമം കൊണ്ട ആകുന്നതിനാലാകുന്നു. ംരംമാതിരി ആട മറൊരു ദേശത്തിലും ഇല്ല. തിബെത്തിലെ മൃഗങ്ങൾക്ക എല്ലാം അവിടത്തെ ക്ലൈമെട്ടിന്റെ ശീതത്തിന്ന തക്കവണ്ണം ഘനരോമം എങ്കിലും മാട്ടവരോമതോൽ എങ്കിലുംഉണ്ട നാസ്സൂൽ വലിയവയും ശക്തിയുള്ളവയുംആകുന്നു.പാർസി അല്ലെങ്കിൽ ലാമ പൂച്ചകൾ എന്ന പേരായിട്ട ഇന്ത്യായിൽ അറിഞ്ഞിരിക്കുന്ന നീണ്ട രോമമുള്ള മാതിരി പൂച്ചകളും ഉണ്ട. ധാതുദ്രവ്യങ്ങൾ പ്രധാനമായിട്ട സാൽറ്റും രസവും വെടിയുപ്പും ഉപ്പും ആകുന്നു കൈലാസത്തിന്ന അപ്പുറമുള്ള ദേശത്തിൽ വിറകിന ബഹു ചുരുക്കം മൃഗങ്ങളുടെ ചാണകം ഉണക്കുന്നതെ തീ കത്തിപ്പാനുള്ളു.

ലാസ്സാ എന്ന പട്ടണം തിബെത്തിലെ തലസ്ഥാനം ആകുന്നു. ഇവിടെ ദലായി ലാമ എന്ന പേർ പറയുന്ന മഹാ ലാമ പാർക്കുന്നിടം ആകുന്നു.

മതം.—തിബെത്തിലെ മതം ബുദ്ധ മതം ആകുന്നു. അത ഇന്ത്യായിൽനിന്നുണ്ടായി. ഏറിയകാലമായിട്ട ംരം ദേശത്തിൽ ഉറച്ചിരിക്കുന്ന എന്ന തോന്നുന്നു. ആചാര്യന്മാര എല്ലാവരും ലാമകൾ എന്ന വിളിക്കപ്പെടുന്നു. ഇവരിൽ ദലായി ലാമ അല്ലെങ്കിൽ പ്രധാന ലാമയും തെശു ലാമയും വിശേഷാൽ ശ്രദ്ധയുള്ളവരെന്ന വിചാരിക്കപ്പെടുന്നു. പ്രധാന ലാമ ദൈവം മനുഷ്യാകൃതിയായതെന്ന വിചാരിക്കപ്പെടുന്നു. മാനുഷപ്രകൃതിക അഴിവുവരുമ്പോൾ ദൈവം മറൊരു ശരീരത്തിൽ ആവസിച്ച പുതിയ ലാമ ആയി തീരുന്നു. തെശു ലാമയും ബുദ്ധന്റെ ഒരു അവതാരം എന്ന വിചാരിക്കപ്പെടുകയും ചീനത്തെ എമ്പ്രോര അവനെ തന്റെ ആത്മഗുരുവും ഗുണദോഷകാരനുമായിട്ട ബഹുമാനിക്കയും ചെയ്യുവരുന്നു. ലാമ ബൌദ്ധമാര രണ്ട ക്രുക്കാരുണ്ട. ഇവരുടെ ലാമകൾ ചുവപ്പും മഞ്ഞയുമായ തൊപ്പികളെ ധരിക്കുന്നതിനാൽ തമ്മിലുള്ള ഭേദം അറിയപ്പെടുന്നു. പ്രധാന ലാമയും തെശു ലാമയും ചീനത്തെ എമ്പ്രോരും ഒടുക്കം പറഞ്ഞ വിധത്തിൽ ഉള്ളവരാകകൊണ്ട അത പ്രധാനമായുള്ള ക്രുട്ടം എന്ന വിചാരിക്കപ്പെടാം. ചുവന്നത ഉള്ള ക്രുട്ടക്കാരപ്രധാനമായിട്ട ബൂത്താനിൽ ആകുന്നു. ലാമ ബൌദ്ധമാര ജാതിവ്യത്യാസത്തെ മുഴുവനും ധിക്കരിക്കയും ഏതൊരു ജാതികളെയും ക്ര

ട്ടത്തിൽ കൂട്ടുകയും ചെയ്യുന്നു. അവരുടെ ദേവാലയങ്ങളിൽ ഉള്ള മുഖ്യമായ ബിംബം ഇന്ദുസ്താനിൽ ബുധൻ എന്ന പറഞ്ഞവരുന്ന മഹാ മുനിയുടേത ആകുന്നു.

ചീന എന്ന ദേശത്തെ കുറിച്ച.

അതിരുകൾ.—ഈ ദേശത്തിന്റെ വടക്കെ ഭാഗം ചീന താൎത്തറിയാലും കിഴക്ക സമുദ്രത്താലും തെക്ക സമുദ്രത്താലും തങ്കിൻ എന്നും സിയാം എന്നുമുള്ള ദേശങ്ങളാലും പടിഞ്ഞാറ ആവ എന്നും ആസ്സാം എന്നും തിബെത്ത എന്നും ചീന താൎത്തറി എന്നുമുള്ള ദേശങ്ങളാലും അതൃത്തിയാക്കപ്പെട്ടിരിക്കുന്നു.

പ്രധാന നഗരികൾ.—പെക്കിൻ എന്നും സിങ്കൻ എന്നും നാങ്കിൻ എന്നും കാന്തോൻ എന്നും ആകുന്നു.

പെക്കിൻ എന്നത, തലസ്ഥാനവും ൨൦ ലക്ഷം ആളുകളുള്ളതും ആകുന്നു.

നാങ്കിൻ. പണ്ടത്തെ തലസ്ഥാനവും കയൻ ക്യൂ എന്ന ആററിന്റെ കിഴക്കെ മട്ടെയ്ക്കും ആകുന്നു. ഇത പെക്കിനെപ്പോലെ അത്ര ജനപ്പെരുപ്പമുള്ളതല്ല എങ്കിലും ൦രം മഹാ രാജ്യത്തിലേക്കും വലിയതാകുന്നു. വൃവൃ പടിയുള്ളതായിട്ട ഒമ്പത നിലയിൽ ൨൦൦ അടി ഉയരമുള്ളതായ കീൎത്തിപെട്ട * പൊൎസ്‌ലേൻ ഗോപുരം ഇവിടെ ആകുന്നു.

കാന്തോൻ ചീനയിലേക്കും വലിയ തുറമുഖപട്ടണം ആകുന്നു. മുമ്പിൽ യൂറോപ്പകാൎക്ക ഇവിടെക്ക മാത്രമെ ചെല്ലാമായിരുന്നുള്ളു. അത കാന്തംഗ അല്ലെങ്കിൽ പെക്കിയാംഗ എന്ന ആററ മട്ടെക്കൽ ആകുന്നു. ൦രം പട്ടണത്തിന്റെ ഉപഗ്രാമം കൂടാതെ ഇവിടെ ഏകദേശം ൧൫ ലക്ഷം ആളുകളുള്ള ഒരു പട്ടണം ആററിൽ വെള്ളത്തിന്മീതെ പൊങ്ങികിടക്കുന്നുണ്ട.

ഇവിടെ ഇംഗ്ലാണ്ടിന്നും അമെറിക്കായിക്കും യൂറോപ്പിലെ മിക്ക ദേശങ്ങൾക്കും കച്ചവടസ്ഥലങ്ങൾ ഉണ്ട. പരദേശികൾക്ക ഒരുത്തൎക്കും പട്ടണത്തിന്ന പുറത്ത ചെല്ലുന്നതല്ലാതെ അകത്ത കടന്ന കൂടാ. ചീനക്കാൎക്ക റുസ്സിയാക്കാരുമായിട്ട ഒരു കരക്കച്ചവടമുള്ളതകൊണ്ട അവരെ തുറമുഖങ്ങളിലും അടുപ്പിക്കയില്ല.

കാന്തോന്ന വും നാഴിക താഴെ പൊൎത്തുഗീസകാൎക്കുള്ള മക്കൌ എന്ന പട്ടണം നില്ക്കുന്നു. കാന്തോൻ ആററിന്റെ പ്രവേശനത്തിങ്കൽ മക്കൌവിൽനിന്ന അല്പം ദൂരെ ഹൊങ്ങ്കൊൻ എന്ന ചെറിയ ദ്വീപ ആകുന്നു. ഇതിനെ ൧വൃ൦൨മതിൽ ഇംഗ്ലീഷകാൎക്ക തീൎച്ചയായിട്ട ഒഴിഞ്ഞ കൊടുക്കയാൽ അത ഇപ്പോൾ ഒരു ഇംഗ്ലീഷ ഇരിപ്പിടം ആകുന്നു.

ദ്വീപുകൾ.—പ്രധാനമുള്ളവ കൂസാൻ എന്നും ലുക്കു എന്നും ഫൊൎമ്മൊസ എന്നും ഹയിനാൻ എന്നും ആകുന്നു.

---

* പൊൎസ്‌ലേൻ എന്നത ശീമയിൽ നല്ല വിശേഷ മണ്ണകൊണ്ട ഉണ്ടാക്കി വരുന്ന മിനുസമുള്ള പാത്രങ്ങൾ ആകുന്നു.

കടലുകളും കായലുകളും.—മഞ്ഞക്കടൽ എന്നും കിഴക്കൻ കടൽ എന്നും ചീനക്കടൽ എന്നും തെക്കിൻ ഉൾക്കടൽ എന്നും ആകുന്നു. ഇവ എല്ലാം പാസിഫിക്ക സമുദ്രത്തിന്റെ ഭാഗം ആകുന്നു. പല വലിയ പൊയ്കകളും ഉണ്ട്. അവയിൽ തൊങ്ങതിങ്ങ എന്ന പേരായിട്ട ഒരു ഏകദേശം നാം നാഴിക ചുറ്റുള്ളതാകുന്നു.

ആറുകൾ.—ഇതിൽ പല ആറുകൾ ഉണ്ട്. അവയിൽ പ്രധാനമായുള്ളവ, ഹൊയാങ്ങ-ഹൊ, അല്ലെങ്കിൽ മഞ്ഞ ആറ എന്നും കയൻക്യൂ അല്ലെങ്കിൽ നീല ആറ എന്നും ആകുന്നു. ഇങ്ങിനെ പേര വന്നിരിക്കുന്നതു ഒന്നാമതുള്ളതിലെവെള്ളം കലങ്ങിയതും മറേറത തെളിഞ്ഞതും ആകകൊണ്ട അവയുടെ വെള്ളത്തിന്റെ നിറത്തിൽനിന്ന ആകുന്നു. ഈ ആറുകളുടെ ഉത്ഭവങ്ങളെ കുറിച്ച ഏറിയകാലമായി തിരക്കികൊണ്ട വരുന്നു. എന്നാൽ ഇതവരെയും തിട്ടമായിട്ടില്ല. എങ്കിലും അവരിബെത്തിൽനിന്നൊ അതിന്ന സമീപത്തിൽനിന്നൊ ഉണ്ടാകുന്നു എന്ന പറയപ്പെടാം.

ദേശ രൂപം.—വടക്കെ അതിരിങ്കൽക്കുടി ചീനത്തെ വലിയ മതിൽ എന്ന യൂറോപ്പ എഴുത്തുകാർ പറഞ്ഞിരിക്കുന്നത പോയ്കിടക്കുന്നു. ഈ വലിയ മതിൽ താത്തർകാർ ആ ദേശത്തിൽ കേറി അതിക്രമം ചെയ്യാതെ സൂക്ഷിപ്പാനായിട്ട കെട്ടുപ്പെട്ടിരിക്കുന്നു. ഇതിന്ന നീളം ൫൦൦ നാഴികയിൽ അധികം ഉണ്ട്. ചില ഭാഗങ്ങൾ ൪൦൦ അടിയിൽ ഉയരം കുറയാതെയുള്ള മലകളിൽ കൂടി പോയിരിക്കുന്നു. എന്നാൽ ചീനയിൽ താത്തർകാരുടെ രാജത്വം സ്ഥിരമായ ശേഷം ഈ മതിൽ പൊളിഞ്ഞ പോകുന്നതിന്ന സമ്മതിച്ചിരിക്കുന്നു.

ഈ ദേശത്തിലെ വിധം തുലോം പ്രകാരഭേദമുള്ളത ആകുന്നു. ചില ഭാഗങ്ങൾ മലയായുള്ളവയും മറെറ ചിലടം ഒപ്പനിരപ്പുള്ളിടവും ആകുന്നു. എന്നാൽ എല്ലാവിടത്തും മഹാ നന്നായി കൃഷിചെയ്യപ്പെട്ടിരിക്കുന്നു. ഈ സംഗതിയിൽ യൂറോപ്പിലെ തെളിഞ്ഞ ദേശങ്ങളെക്കാൾ ഇത വിശേഷം തന്നെ. കല്ലുകളിരം ഇട്ട വിശേഷമായ വഴികൾ എല്ലാ ഭാഗങ്ങളിലേക്കും ഉണ്ട്. വഴിയാത്രക്കാരുടെ ഉപയോഗത്തിന്നായിട്ട ഛത്രങ്ങൾ എല്ലാവിടത്തിലും ഉണ്ട്.

ഉത്ഭവങ്ങൾ.—ഇന്ത്യായിലുള്ളവ ഒക്കെയും കൂടാതെ വിശേഷമായിട്ടും കൂടെ ഇവിടെ ഉത്ഭവങ്ങൾ ഉണ്ട്. ഇതിലെ പ്രധാനമായ പോകചരക്ക തേയ എന്ന ഒരു നട്ടതലയുടെ ഇല ഒരുക്കി എടുക്കുന്നതാകുന്നു. ഇത യൂറോപ്പിലും അമെറിക്കായിലും സാധാരണമായി പ്രയോഗിച്ച വരുന്നു. ജനങ്ങളുടെ പ്രധാന ക്ഷേണം നെല്ലുകൊണ്ടാകുന്നു. കൈവേലകൾ എല്ലാ വിധവും ഉണ്ട്. ഈ ദേശത്തിലെ പഞ്ഞി കൊണ്ടും പട്ടകൊണ്ടുമുള്ള വേലകൾക്കായിട്ടും മൺപാത്രങ്ങൾക്കായിട്ടും ഏറിയ കാലമായി ഇത പ്രസിദ്ധപെട്ടിരിക്കുന്നു. അവിടെ ഇണക്കമുള്ള എല്ലാ മാതിരി മൃഗങ്ങളും കുതിരയെക്കാൾ ഏറെ വലിപ്പമില്ലാത്ത കുറഞ്ഞൊരു ഒട്ടകങ്ങളും ഉണ്ട്. കാട്ടുമൃഗങ്ങൾ ചെറിയ മാതിരി കടുവാകളും കരടിമുതലായവയും ആകുന്നു. ലോഹാദികളായിട്ട പൊന്നും വെള്ളിയും ചെമ്പും ഇത്തനാഗവും ഈയവും തകരവും ഇരിമ്പും അനവധി ഉണ്ട്. കല്ലുനിയും പൊരുത്ത ഉണ്ട്.

മതം.—ചീനത്തെ നടപ്പായുള്ള മതം എമ്പ്രോർ അനുസരിക്കുന്ന ലാമ മതത്തിൽ മഞ്ഞക്കൂട്ടമാകുന്ന ബുദ്ധമതം ആകുന്നു. ബുദ്ധന്ന ൦രം നാട്ടിൽ പേർ പറയുന്നത ഫൊ എന്ന ആകുന്നു. ഇവന്റെ മതം ക്രിസ്തുവർഷത്തിന്ന ൭൫ സംവത്സരം മുമ്പെ ഇന്ദ്യായിൽനിന്ന ൦രം ദേശത്തിൽ കൊണ്ടുവരപ്പെട്ടു.

താൎത്തർകാരുടെ ഇടിയിൽ മഹമ്മദ മതവും ഉണ്ട.

കോറെയാ എന്ന ദേശത്തെ കുറിച്ച.

ദേശത്തിന്റെ കിടപ്പും വിശേഷാദിയും.—൦രം ദേശത്തിന്റെ വടക്ക ചീന താൎത്തറിയിൽനിന്ന ഇതിനെ വേർ തിരിക്കുന്ന പൎവ്വതത്താലും കിഴക്ക യാപ്പാനിൽനിന്ന ഇതിനെ വേർവിടുവിക്കുന്ന യാപ്പാൻ കടലിനാലും പടിഞ്ഞാറ മഞ്ഞക്കടലിനാലും അതൃത്തിയാക്കപ്പെട്ടിരിക്കുന്ന ഒരു കരനാക്ക ആകുന്നു.

തെക്ക വടക്ക ൯൦൦ നാഴിക നീളവും ൧൫൦ നാഴിക വീതിയുമുള്ള ൦രം ദേശത്തിൽ ഒരു മല ഇതിന്റെ നീളത്തിൽ പോയിരിക്കുന്നു. എന്നാൽ ഏറിയ സ്ഥലം നല്ല വിളവുള്ളതും കൃഷിയുള്ളതും ചിലടം വിളയാത്തതും ആകുന്നു.

പ്രധാന നഗരം.—കിങ്ങ കിത്താവൊ എന്ന ആകുന്നു.

൦രം ദേശത്തിന്റെ ഉള്ളിലോട്ട കരേറുന്നതിന്ന എങ്കിലും അതിനെ പററി വല്ല വിവരവും അറിയുന്നതിന്ന എങ്കിലും എല്ലാ പരദേശക്കാരെയും ൦രം നാട്ടുകാർ വിരോധിക്കുന്നതകൊണ്ട അതിനെ കുറിച്ച ഏറെ ഒന്നും അറിയുന്നില്ല.

യാപ്പാൻ എന്ന ദേശത്തെ കറിച്ച.

ദേശത്തിന്റെ കിടപ്പ.—യാപ്പാൻ മഹാ രാജ്യം ചീന താൎത്തറിയ്ക്കും ചീനയ്ക്കും കിഴക്ക നാല വലിയ ദ്വീപുകളും അനേകം ചെറിയ ദ്വീപുകളും ആകുന്നു.

പ്രധാന നഗരികൾ.—നഗരികൾ പലതുണ്ട. അവയിൽ മിക്കവയും വലിയതും ജനപ്പെരുപ്പമുള്ളവയും ആകുന്നു. പ്രധാനമായിട്ടുള്ളവ യെദൊ എന്നും മൈയാക്കൊ എന്നും സംഗസാകി എന്നും ആകുന്നു.

ദേശ രൂപം.—വലിയ ദ്വീപുകൾ ജെസ്സൊ എന്നും നിപ്പോൻ എന്നും സിക്കൊക്ക എന്നും കിൻസിൻ എന്നും ആകുന്നു. ഇവയിലേക്കും വലിയതും പ്രധാനമായിട്ടുള്ളതും നിപ്പോൻ ആകുന്നു. അതിന്ന ഏക ദേശം വൃഷം നാഴിക നീളം ഉണ്ട. ഇവ ഒക്കെയും മലയായുള്ളതും പല അഗ്നിപൎവ്വതങ്ങളുള്ളവയും ആകുന്നു. അവയിൽ ചിലത സദാ ജ്വലിച്ച കൊണ്ടിരിക്കുന്നു. അവ നല്ല നീരോട്ടമുള്ളവയും നല്ല അദ്ധ്വാനത്തോടും ബുദ്ധിമിട്ടുകോട്ടും കൂടെ കൃഷിചെയ്യപ്പെട്ടവയും ആകുന്നു.

ഉത്ഭവങ്ങൾ.—ഇവയിലെ പ്രധാന ഉത്ഭവങ്ങൾ നെല്ലും മററ

ധാന്യങ്ങളും സസ്യാദികളും തേയിലയും പഞ്ഞിയും പട്ടും വാനിഗ്ഗും കപ്പൂരവും ആകുന്നു. മൃഗങ്ങൾ അധികമായിട്ടില്ല. അവിടെ കുതിരകളും കന്നുകാലികളും ഉണ്ട എങ്കിലും ആട്ടകൾ ഇല്ല. അവയിലെ കാട്ടുമൃഗങ്ങളിലേക്കും വലിയത ചെന്നായ ആകുന്നു. പൊന്ന പെരുത്തുണ്ട. വെള്ളിയും ചെമ്പും ഇരുമ്പും ഗന്ധകവും കല്ക്കരിയും ഉണ്ട.

മതം.—യാപ്പാങ്കാർ വിഗ്രഹാരാധനക്കാർ ആകുന്നു. ചിലർ ബുദ്ധമതക്കാരും മറ്റ ചിലർ ഒരു സത്യദൈവം ഉണ്ടന്ന സമ്മതിക്കയും പല കീൾദേവന്മാരെ സേവിക്കയും ചെയ്യുന്നവരാകുന്നു. ക്രൂരൻമതിൽ പൊർത്തുഗീസ മിസ്യൊനരികൾ യാപ്പാനിൽ ചെന്ന ക്രൂശുവ്വമത വരെയും ബഹു വദ്ധനവോടും കൂടെ അവരുടെ മതത്തെ പഠിപ്പിച്ചും കൊണ്ട വന്നു. അപ്പോൾ ആ ശവണമെങ്കിന അവരുടെ ഭാവങ്ങളെ കുറിച്ച സംശയം തോന്നിട്ട കഠിനമായി പീഡ തുടങ്ങി അനേകായിരങ്ങളെ കൊന്നും കളഞ്ഞ റോമ മതത്തെ തീരുമാനം നിമ്മൂലമാക്കി അന്ന മുതല്ക്കും ഒരം ദേശത്തിലേക്ക ക്രിസ്ത്യാനി മതത്തെ കേറ്റുന്നതിനുള്ള യത്നങ്ങളെ ഒക്കെയും താല്പ്പര്യമായി വിരോധിക്കയും ക്രിസ്ത്യാനി എന്നുള്ള പേരുപോലും പറഞ്ഞുകൂടാതെയും ആക്കി തിരുത്തു യൂറോപ്പുകാരിൽ അവരുടെ ദേശവുമായിട്ട വ്യാപാരം ചെയ്യാൻ അവർ സമ്മതിച്ചിരിക്കുന്നത ലന്തകളെ മാത്രമെ ഉള്ളു.

ബൈത്താൻ എന്ന ദേശത്തെ കുറിച്ച.

അതിരുകൾ.—ഒരം ദേശത്തിന്റെ വടക്കെ ഭാഗം ഇതിനെ തിബെത്തിൽനിന്ന വേർതിരിക്കുന്ന ഹിമാലയ പവ്തങ്ങളാലും കിഴക്ക ചീനയാലും തെക്ക ആസ്സാമിനാലും ബെങ്കാളിലെ അതിര ടിക്കുകളാലും പടിഞ്ഞാറ തീസ്താ എന്ന ആറിനാലും അതൃത്തിയാക്കപ്പെട്ടിരിക്കുന്നു.

പ്രധാന നഗരികൾ.—താസ്സിസൂദൻ എന്നും വാന്ദിപൂര എന്നും തെല്ലാംകോട്ട എന്നും ലകീദവാർ എന്നും ബക്കക്ഷീദവാർ എന്നും കുച്ചഹ്ബാരി എന്നും ആകുന്നു.

ആറുകൾ.—ഇതിൽ പല ആറുകൾ ഉണ്ട. അവയിൽ പ്രധാനമായിട്ടുള്ളവ പടിഞ്ഞാറ തീസ്താ എന്നും നടുവിൽ ഗധധര എന്നും കിഴക്ക മൊനാസ അല്ലെങ്കിൽ ഉമാദി എന്നുമുള്ളവ ആകുന്നു.

ദേശ രൂപം.—ഒരം ദേശത്തിന്റെ വടക്കെ ഭാഗത്ത ക്രമക്കേടായിട്ട പല മലകളുള്ളതും അവയിൽ ചിലത ഹിമം കൊണ്ട മൂടികിടക്കുന്നവയും ചിലത വൻകാട്ടുള്ളവയും ആകുന്നു. ഇവയുടെ ഇടയിൽ ജനപ്പെരുപ്പമുള്ള ഗ്രാമങ്ങളും ചുറ്റും തോട്ടങ്ങളും കൃഷിസ്ഥലങ്ങളും ഉണ്ട. ബെങ്കാൾ അതൃത്തിയിങ്കലുള്ള കുന്നുകളുടെ ചരുവിൽ ഏകദേശം 2 നാഴിക വീതിയിൽ വിശേഷമായി സസ്യാദികൾ ഉള്ള ഒരു മൈതാനവും ആനകൾ മുതലായവ അധികമുള്ള പുതയലുള്ള കാടുകളും ഉണ്ട.

ക്ലൈമെട്ട.—ഇത മലപ്രദേശം ആകകൊണ്ടക്ലൈമെട്ടിന ബഹുഭേദം വരുന്നു. തുലോം കിളുത്തുള്ള ഭാഗങ്ങളിലെ കുടിയാന്മാർ കുളിരുകൊണ്ട കിടുകിടുക്കയും അതിൽ അല്പം താഴെയുള്ളവർ അത്യുഷ്ണംകൊണ്ട സങ്കടപ്പെടുകയും ചെയ്യുന്നു. മലകളുടെ ചരുവുകൾ അധ്വാനപ്പെട്ട

വെട്ടി സമനിരപ്പാക്കി കൊള്ളാകുന്നിടം ഒക്കെയും കൃഷിചെയ്യപ്പെടുന്നു.

ഉത്ഭവങ്ങൾ.—കോതമ്പും മറ്റ ധാന്യങ്ങളും അനവധി ഫല സസ്യാദികളും മെഴുകും ആനക്കൊമ്പും രോമം കൊണ്ട കട്ടിയായിട്ട ഉണ്ടാകുന്ന ശീലകളും ആകുന്നു. വൻകാട്ടിൽ പലമാതിരി ഉപകാരമുള്ള തടികൾ ഉണ്ട. വലിയതും ഭംഗിയുള്ളതുമായ കുരങ്ങുകൾ പെരുത്തുണ്ട. അവയെ ശുദ്ധമുള്ളവയായി വിചാരിക്കയും ചെയ്യുന്നു. ബലത്തിനും ചൊടിപ്പിനുമായിട്ട ശ്രുതിപ്പെട്ടിരിക്കുന്ന വിശേഷ മാതിരി കുതിരകളെ ഇവിടെ വളർത്തുന്നു. അവ ചെറിയതും ഉടൽനീളം കുറഞ്ഞവയും കിളരം കുറഞ്ഞവയും ആകുന്നു. അവയെ തനിയാൻ കുതിരകൾ എന്ന പേരായിട്ട ഇന്ത്യായിൽ പറഞ്ഞവരുന്നു. ഇവയെ അനവധിയായിട്ട ബൂത്താനിൽനിന്ന രങ്കപൂരിലേക്ക വില്പനയായിട്ട ആണ്ടതോറും കറെവാസ്സ കച്ചവടക്കാർ കൊണ്ടുവരുന്നുണ്ട.

മതം.—തിബെത്തിലെ പോലെ ബുദ്ധമതം ആകുന്നു ലാമ മതം ആകുന്നു.

ആസ്സാം എന്ന ദേശത്തെ കുറിച്ച.

അതിരുകൾ.—ംരം ദേശത്തിന്റെ വടക്കെ ഭാഗം ബൂത്താനാലും ഇതിനെ തിബെത്തിൽനിന്ന വേർതിരിക്കുന്ന ഉയരമുള്ള പവ്വതനിരയാലും കിഴക്ക ഇതിനെ ചീനയിൽനിന്ന വേർതിരിക്കുന്ന മറ്റ പവ്വതനിരകളാലും എന്ന തോന്നുന്നു. തെക്ക ശാൻ ദേശത്താലും ആവയിലെ പ്രദേശങ്ങളായ മൊഗാവോങ്ങ എന്നും കാസ്സെ എന്നുമുള്ള ടിക്കകളാലു കാച്ചാർ എന്ന ദേശത്താലും പടിഞ്ഞാറ ജൈന്ത്യാപൂര എന്ന ടിക്കിനാലും ഗാരൊ മലകളാലും ബിഞ്ജിയാലും അതൃത്തിയാക്കപ്പെട്ടിരിക്കുന്നു.

പ്രധാന നഗരികൾ.—ഗൌഹതി എന്നും ജൊഹ്വാത എന്നും ജൈപ്പൊങ്ങ എന്നും രംഗപൂര എന്നും സിദിയാ എന്നും ആകുന്നു.

ആറുകൾ.—ആസ്സാമിലെ ആറുകൾ എണ്ണത്തിലും വലിപ്പത്തിലും പെരുത്ത ആകുന്നു. ആസകലം ന്യൂ ഉണ്ട എന്ന പറയപ്പെടുന്നു. പ്രധാനമായിട്ടുള്ളവ ബ്രഹ്മപുത്ര അല്ലെങ്കിൽ ഇതിനെ ആസ്സാമിൽ പറഞ്ഞവരുന്ന പ്രകാരം ലുഹൈത എന്നും ടിഹൊങ്ങ എന്നും ടിബൊങ്ങ എന്നും ടിഖൊ എന്നും ടിപ്രൊങ്ങ എന്നും ആകുന്നു. ഇവ ഒക്കെയും ബ്രഹ്മപുത്രയിലെക്ക എങ്കിലും അതിന്റെ കൈവഴികളിൽ ചിലതിലേക്ക എങ്കിലും വീഴുന്നു.

ദേശ രൂപം.—ംരം ദേശം മുഴുവനും ബ്രഹ്മപുത്ര ആറിന്റെ താഴ്വരകളായിട്ട വിചാരിക്കപ്പെടാം. ഇതിന്റെ മുറിയ നീളം ൬൭൦ നാഴികയും നിരന്തരമുള്ള വീതി ൯൦ നാഴികയും ആകുന്നു. ഇതിന്റെ എല്ലാ വശത്തും പവ്വതനിരകൾ ചുറ്റി കിടക്കുന്നു. വടക്കും കിഴക്കുമുള്ള പ്രദേശം മുഴുവനും കിളച്ചുയുള്ളവയും അവയുടെ കൊടുമുടികൾ സദാ ഹിമം കൊണ്ട മൂടപ്പെട്ടവയും ആകുന്നു. താഴ്വരയുടെ പല ഭാഗ

ങ്ങളിലും മരങ്ങൾ ഉള്ള കുന്നുമ്പുറങ്ങളുണ്ട. മലകളും വൻകാടുകൾകൊണ്ട മൂടപ്പെട്ടിരിക്കുന്നു.

ഉത്ഭവങ്ങൾ.—ആസ്സാമിലെ ഉത്ഭവങ്ങൾ ഏറയും ബെങ്കാളിലുള്ളവയെപ്പോലെ ആകുന്നു. ആ ദേശം കാഴ്ചെക്ക മിക്കവാറും ഇതിനോടശരിയാകുന്നു. പ്രധാന വസ്തുക്കൾ നെല്ലും കടുകും നല്ലമുളകും മുളകും ഇഞ്ചിയും വെററിലയും പുകയിലയും കറുപ്പും ആകുന്നു. കരിമ്പ നന്നായി ഉണ്ടാകുന്നുണ്ട. എന്നാൽ ആനാട്ടുകാർ അത ഉണ്ടാകുന്ന സ്ഥലത്ത വെച്ച തന്നെ സാമാന്യം അതിനെ തിന്നുകളയുന്നു. തേങ്ങാ പെരുത്ത ചുരുക്കം ആകുന്നു. മധുരനാരെങ്ങാ പെരുത്തുണ്ട. എന്നാൽ ആസ്സാമിലെ മഹാ വ ശേഷമായുള്ള ഉത്ഭവം പട്ട ആകുന്നു. നാലുതരം പട്ടുപുഴുക്കൾ ഉണ്ട. അനവധി പട്ട പോക്കചരക്കായി കേററി അയപ്പാനുള്ളവ കൂടാതെ നാട്ടുകാരുടെ ഉടുപ്പ ഏറയും പലമാതിരി പട്ടാകുന്നു. നാട്ട സ്ത്രീകൾ എല്ലാ തരക്കാരും രാജാവിന്റെ ഭാൎയ്യ മുതൽ കീഴ്ചൊട്ടംരം നാലുതരം പട്ടുകളെ ഉടുക്കുന്നു. തേയ എന്ന കൃഷി കുറഞ്ഞോരു കാലമായിട്ടംരം ദേശത്തിലേക്ക കൊണ്ടുവരപ്പെടുകയും അധികം സാരമുള്ളതായി തീരുവാനുള്ള ഭാവം കാണ്മാനും ഉണ്ട. സ്വൎണ്ണം എല്ലാ ആറുകളിലും പ്രത്യേകം ദിക്രൊങ്ങ എന്ന ആററിലും ഉണ്ട. അവിടെ മററ ലോഹാദികളും ഉണ്ടായിരിക്കെണം കന്നും കാളയും വേണ്ടുവോളം ഉണ്ട. എന്നാൽ കുതിരകളും കമ്പിളി ആടും കോലാടും ചുരുക്കമെ ഉള്ളു കഴുതകൾ ഇല്ല. കാട്ടുമൃഗങ്ങൾ സാമാന്യം ബെങ്കാളിലുള്ളവയെ പോലെ തന്നെ ആകുന്നു.

മതം.—ആസ്സാംകാരുടെ പണ്ടത്തെ മതത്തിന്റെ വിധം ഏതുപ്രകാരം ഇരുന്നു എന്ന നല്ല തെളിവായിട്ട ഏറെ ഒന്നും അറിയുന്നില്ല അവൎക്ക ദ്യോദഹൈങ്ങ എന്ന പേരായിട്ട ആചാൎയ്യന്മാരുണ്ടായിരുന്നു. ഇവരുടെ ഉപദേശത്തിൻ പ്രകാരം അവർ ബഹു രഹസ്യമായിട്ടും ഗൂഢമായിട്ടും ചംഗ എന്ന പേരായിട്ട ഒരു ബിംബത്തെ സേവിച്ചുവന്നു. ൧൭ാം നൂററാണ്ട മുതല്ക്ക ഇന്ദുമതം ക്രമേണ മുമ്പിലത്തെ മൂഢവന്ദനയ്ക്ക പകരമായിതീൎന്നു. ൧൭൭ംമതിൽ അത മുഖ്യമായി തീരുകയാൽരാജാവും അതിനെസ്വീകരിച്ചു. ഇപ്പോൾ അത ആ നാട്ടിലെ മതം എന്ന പറയപ്പെടാം. ബെങ്കാളിന അടുത്തുള്ള ഭാഗങ്ങളിൽ അനേകം മഹമ്മദകാരുണ്ട. എന്നാൽ അവർ ഏററവും ദുൎമ്മാൎഗ്ഗക്കാരാകകൊണ്ട ഇന്ദ്യായിലെ മഹമ്മദകാർ അവരെ മഹമ്മദകാരായിട്ട സമ്മതിക്കുന്നില്ല.

അറാക്കാൻ എന്ന ദേശത്തെ കുറിച്ച.

അതിരുകൾ.—അറാക്കാന്റെ വടക്കെ ഭാഗം ചിത്താഗൊങ്ങിനാലും കിഴക്ക ആവയാലും തെക്ക പെഗു എന്ന ദേശത്തിലുള്ളബാസ്സെയൻ എന്ന പ്രദേശത്താലും പടിഞ്ഞാറ ബെങ്കാൾ ഉൾക്കടലിനാലും അതൃത്തിയാക്കപ്പെട്ടിരിക്കുന്നു.

പ്രധാന അംശങ്ങൾ.—രാംരീ എന്നും സാണ്ടൊപി എന്നും ചെഡുബ എന്നും പേരുള്ളവ ആകുന്നു.

പ്രധാന നഗരികൾ.—അറാക്കാൻ എന്നും അക്കിയബ എ

ന്നും രാംരീ എന്നും സാൻഡൊപി എന്നും ആകുന്നു. അറാക്കാൻ തല സ്ഥാനപട്ടണം ആകുന്നു.

മലകൾ.—അറാക്കാൻെറ കിഴക്കവശത്ത ഒരു പൎവ്വതനിരഉണ്ട. ംരം നിര നെഗ്രായിസ എന്ന മുനമ്പ മുതൽ ആസ്സാം എന്ന ദേശം വരെ വടക്കോട്ട കിടക്കുന്നു. ംരം പൎവ്വതനിരയുടെ പേർ യൊമാദൌണ്ട എന്ന ആകുന്നു.

ദ്വീപുകൾ.—രാംരീ എന്നും ചെഡുബ എന്നും ഹാഡിസ ദ്വീപുകൾ എന്നും പേരുള്ളവ ആകുന്നു.

ദേശ രൂപം.—ംരം ദേശം ഏകദേശം മൈതാന ഭൂമി ആകുന്നു. അതിൽ കൂടി വളരെ ചെറിയ ആറുകൾ ഒഴുകുന്നു. പല കായലുകൾ ഉണ്ട. ംരം നാട തുറുപ്പുകാടുകൾ കൊണ്ട മൂടപ്പെട്ടിരിക്കുന്നു.

ഉത്ഭവങ്ങൾ.—പ്രധാനമായിട്ടുള്ളവ നെല്ലും ഉപ്പും പുകയിലയും നീലവും പഞ്ഞിയും ചണവും ആനകൊമ്പും തേക്കുമുതലായ തടികളും മെഴുകും ആകുന്നു. മലകളിൽ ംരംയം ഉണ്ട. ആറുകളിൽ കുറെ കനകപ്പൊടിയും വെള്ളിപ്പൊടിയും ഉണ്ട.

മതം.—ഇന്ദുക്കാരുടെ മൂഢഭക്തി പ്രവൃത്തികളെ കൂട്ടീട്ടുള്ള ബുദ്ധമതം ആകുന്നു.

വിശേഷാദികൾ.—രാംരീയിലും ചെഡുബിലും പല ചെറിയ അഗ്നിപൎവ്വതങ്ങൾ ഉണ്ട. ചിലപ്പൊൾ അവ പശയുള്ള ഒരു മാതിരിനെയിപോലെയിരിക്കുന്ന മണ്ണിനെ മേല്പോട്ട തെറിപ്പിച്ച പുറത്തുകളയുന്നു. ആ മണ്ണിന്ന ഗന്ധകത്തിൻെറ മണം ഉണ്ട. ചിലപ്പോൾ അഗ്നിജ്വാലകളും ഉരുകിയ ഇരിമ്പും മേല്പോട്ട തെറിക്കയും ചെയ്യും. മൂഗ്സ എന്ന പേരുള്ള അവിടത്തെ കുടിയാന്മാർ ആ മലകളെ വന്ദിക്കയും ചെയ്യുവരുന്നു.

ംരം ദേശംഇംഗ്ലീഷകാരുടെ അധികാരത്തിൻ കീഴിൽആകുന്നു. അവർ ബൂൎമ്മാക്കാരിൽനിന്ന ഇതിനെ പിടിച്ച അനുഭവിക്കുന്നു.

ആവ അല്ലെങ്കിൽ ബൂൎമ്മാ എന്ന ദേശത്തെ കുറിച്ച.

അതിരുകൾ.—ആവയുടെ വടക്കെ ഭാഗം ആസ്സാമിനാലും വടക്ക കിഴക്ക ചിനയാലും കിഴക്ക സിയാമിനാലും തെക്ക സിയാമിനാലും കടലിനാലും പടിഞ്ഞാറ അറാക്കാനിനാലും ബെങ്കാളിനാലും അതൃത്തിയാക്കപ്പെട്ടിരിക്കുന്നു.

പ്രധാന അംശങ്ങൾ.—ആവ എന്നും പെഗു എന്നും മാൎത്താബാൻ എന്നും താവൊയി എന്നും തെനാസ്സെരിം എന്നും പേരുള്ളവ ആകുന്നു.

പ്രധാന നഗരികൾ.—ആവയിൽ അല്ലെങ്കിൽ സാക്ഷാൽ ബൂൎമ്മായിൽ അമര പുരം എന്നും ആവ എന്നും യാൻദാ ബൂഎന്നും

പാഗാം എന്നും മെല്മൻ എന്നും മീയദെ എന്നും പേരുകളുള്ള പട്ടണങ്ങൾ ഉണ്ട. ഇവ എല്ലാം ഇറാവദി എന്ന പേർ പറയുന്ന വലിയ ആറിന്റെ വക്കത്ത പണിയിക്കപ്പെട്ടിരിക്കുന്നു. പെഗു എന്ന ദേശത്തിൽ പ്രോം എന്നും തൊൻഗൊ എന്നും സാറാവാ എന്നും. ഹെൻസാദാ എന്നും ദൊനാബ്യൂ എന്നും ഖാസ്സീൻ എന്നും നെഗ്രായിസ എന്നും സുറിയാം എന്നും ഓള്ള എന്നും റാൻഗ്രൻ എന്നും പേരുകളുള്ള പട്ടണങ്ങൾഉണ്ട.

മാർത്താബാൻ എന്ന ദേശത്തിൽ അംഹെർസ്ത്ത എന്നും മൂൽമേൻ എന്നും പേരുകളുള്ള പട്ടണങ്ങൾ ഉണ്ട. താവോയി എന്ന ദേശത്തിൽ താവോയി എന്ന പേരുള്ള പട്ടണവും ഉണ്ട. തെനാസ്സെരിം എന്ന ദേശത്തിൽ മെർഗി എന്നപേരുള്ള പട്ടണവും ഉണ്ട. ആവ എന്ന പട്ടണം ബ്രഹ്മായിലെ തലസ്ഥാനം ആകുന്നു. റാൻഗ്രൻബ്രഹ്മാക്കാരുള്ള പ്രധാന കച്ചവടവും ദുരമുഖവുമുള്ള പട്ടണം ആകുന്നു.

പ്രധാന ആറുകൾ.—ഇറാവദി എന്നും കിയൻദ്വയം എന്നും സാല്വയൻ അല്ലെങ്കിൽ മാർത്താബാൻ എന്നും പെഗു എന്നും ലൊകിയങ്ങ എന്നും പേരുകളുള്ളവയാകുന്നു. ഇറാവദി എന്ന ആറ തിബെത്തിൽനിന്ന ഉത്ഭവിക്കയും ആവയിലും പെഗുവിലും കൂടി തെക്കോട്ട ഒഴുകി ബെങ്കാൾ എന്ന ഉൾക്കടലിൽ വീഴുകയും ചെയ്യുന്നു. കടലിൽനിന്ന ഏവ നാഴിക ദൂരത്തുള്ള ഇറാവദിയുടെ വക്കത്ത പണിയിക്കപ്പെട്ടിരിക്കുന്ന റാൻഗ്രൻ എന്ന പട്ടണത്തിലേക്ക വലിയ കപ്പലുകൾ ചെല്ലും കടലിൽനിന്ന ഒരം നാഴിക ദൂരത്തുള്ള അമരപുരിയ്ക്ക അപ്പുറം വരെയ്ക്കും വലിയ വഞ്ചികൾക്ക പോകയും ആം.

ദേശ സ്വരൂപം.—മിക്കതും താണ മൈതാന ഭൂമി ആകുന്നു. എന്നാൽ ഇടെയ്ക്കിടെയ്ക്ക ചെറിയ കുന്നുകൾ ഉണ്ട. വേനവർഷങ്ങളുടെ കാലദേശങ്ങൾ തിരുവിതാംകോട്ടുള്ളത പോലെ ആകുന്നു.

ഉത്ഭവങ്ങൾ.—ആറുകൾക്ക അടുത്തുള്ള താണ ഭൂമികൾ നല്ല വിളവുള്ളവയും നന്നായി കൃഷി ചെയ്യപ്പെട്ടവയും ആകുന്നു. നെല്ലും കോതമ്പ മുതലായ ധാന്യങ്ങളും കരിമ്പും പുകയിലയും പഞ്ഞിയും നീലവും അനവധിയായിട്ട ഉണ്ടാകുന്നു. തേയ ഉണ്ടാകുന്ന നട്ടതല ഇവിടെ വളരുന്നു. അത ചീനയിലെപ്പോലെ അത്ര നല്ലത അല്ല താനും എന്നാൽ ൦രം ദേശത്തിൽ വിശേഷമായിട്ടുള്ളത മണ്ണെണ്ണ ആകുന്നു. അത ഭൂമിയിൽനിന്ന എടുക്കപ്പെട്ടിരിക്കുന്ന ചെണ്ണയ്ക്കും എന്ന പോലെ ഒരു വസ്തു ആകുന്നു. ഇവിടെ വെള്ളീയവും അഞ്ജനവും ഇരിമ്പും കല്ക്കരിയും വെടിയുപ്പും വെളുത്ത മാബ്ബും ഉണ്ട. കാടുകളിൽ ഏകദേശം ഇന്ത്യായിലുള്ള മറ്റ ദേശങ്ങളിലെപ്പോലെ തേക്കും മറ്റ വൃക്ഷാദികളും അനവധി ഉണ്ട. ഇന്ത്യായുടെ ൦രം കിഴക്ക ദേശങ്ങളിൽ ഒട്ടകങ്ങൾ ഇല്ല. എന്നാൽ ഇന്ത്യായിൽ എന്ന പോലെ മറ്റെല്ലാ മൃഗങ്ങൾ ബ്രഹ്മായിലും ഉണ്ട. കുതിരകൾ ഏറ വലിയവ അല്ല എങ്കിലും നല്ല ചൊടിപ്പുള്ളവ ആകുന്നു.

പെഗുമട്ടകുതിരകൾ നന്നായി കേൾവിപ്പെട്ടവ ആകുന്നു.

മതം.—ബ്രഹ്മാക്കാരുടെ മതം ബുദ്ധ മതം ആകുന്നു. അത എന്തെന്നാൽ ഒരു ദൈവം ഉണ്ട എന്ന അവർ വിശ്വസിക്കുന്നു. ചിലപ്പോൾ ഏറവും ക്ഷേത്രിമാന്മാരായിട്ടും ബുദ്ധിമാന്മാരായിട്ടുമുള്ള ആളുകൾ മനു

ഷ്യരെ നല്ല മുറകളെ പഠിപ്പിപ്പാനായിട്ട ഉണ്ടായിട്ടുണ്ട എന്ന അവർ പറയുന്നു. എന്നാൽ അവർബുദ്ധിമാന്മാരായിരുന്നു എന്ന വിചാരിപ്പാൻ അവരുടെ പക്കൽ ഒരു ആധാരവും ഇല്ല. സത്യത്തെ അറിവാൻ അവക്ക ഇടയില്ലാത്തതകൊണ്ട വളരെ തെററിൽ അകപ്പെട്ടിരിക്കുന്നു. അതഒട്ടും അതിശയമല്ല, അതിന്ന ദൃഷ്ടാന്തം ഒരു സൎവ്വശക്തിയുള്ള ദൈവം ഉണ്ട എന്ന അവർ ഏററ പറഞ്ഞാറെയും അവനെ വന്ദിക്കുന്നില്ല സേവിക്കുന്നതുമില്ല. എന്നാൽ പലപല മനുഷ്യർ ബൌദ്ധന്മാരായി തീൎന്നു എന്നും അവർ മരിച്ചതിൽ പിന്നെ മനുഷ്യരുടെ മേൽ അധികാരം ലഭിച്ചിരുന്നു എന്നും അതകൊണ്ട അവരെ മാനിച്ച സേവിക്കെണം എന്ന അവർചട്ടം കെട്ടി നടത്തിയിരിക്കുന്നു. ഒടുക്കം ഉണ്ടായിരുന്ന ബൌദ്ധന്റെ പേർ ഗൌതമൻ എന്ന ആകുന്നു എന്ന അവർ പറയുന്നു. അവർ അവന്റെ ബിംബത്തെ ഉണ്ടാക്കി മാനിക്കയും ചെയ്തുവരുന്നു. അവക്ക സൎവ്വശക്തിയും ഏകസ്വരൂപിയുമായുള്ള ദൈവത്തെ കുറിച്ച അറിവില്ലാത്തതകൊണ്ട അവർ വിഗ്രഹാരാധനമുതലായ ദുരിതാവസ്ഥയിൽ ഉൾപ്പെട്ടിരിക്കുന്നു എങ്കിലും ഒരു കാൎയ്യത്തിൽ ഇന്ദുമതക്കാരെക്കാൾ ഇവർ അധികം ബുദ്ധിമാന്മാരാകുന്നു. അത എന്തെന്നാൽ അവക്ക ജാതിഭേദം ഇല്ല. നേരായിട്ട നടക്കുന്നവൻ സ്തുതിക്കപ്പെടുവാനുള്ളവൻഎന്നും ശ്രേഷ്ഠതയുള്ളവൻ എന്നും അവർ പറഞ്ഞ വരുന്നു.

വിശേഷാദികൾ.—പെഗു എന്ന ദേശത്തിൽ അനേകം ആനകൾ ഉണ്ട. ചിലപ്പോൾ കുഷ്ഠരോഗമാകുന്ന പതകരിപിടിച്ച ചിലത വെളുത്തിരിക്കും ബൂൎമ്മാക്കാർ ആ മാതിരി ആനകളെ നന്നായി മാനിക്കും ഒരു നല്ല വെളുത്ത ആനയെ രാജധാനിയുടെ അടുക്കൽ പാൎപ്പിക്കണം അല്ലെങ്കിൽ വലിയ ആപത്ത രാജ്യത്തിന്ന ഭവിക്കും എന്നും കൂടെ അവർ വിചാരിക്കുന്നു. അതിന്റെ വാസസ്ഥലം ഒരു പൊക്കമുള്ള വലിയ ശാല ആകുന്നു. അതിന്റെ മേൽക്കൂട്ട പൊന്ന പൂശപ്പെട്ട തൂണുകളിന്മേൽ നില്ക്കുന്നു. മേൽത്തട്ടും പൊന്ന പൂശപ്പെട്ടിരിക്കുന്നു. ആ ശാല രാജധാനികളോട മേൽക്കൂട്ടില്ലാത്ത നാടകശാലയാൽ കൂട്ടി ചേൎക്കപ്പെട്ടിരിക്കുന്നു. സാമാന്യമായുള്ള ജനം ംരം ശുദ്ധമുള്ള ആനയെ കാണാതിരിപ്പാനായിട്ട പൊൻകസവകൊണ്ട ചിത്രതൈയ്യലുള്ള വില്ലൂസ തിരശീല നാടകശാലയുടെ ഒരു അററത്ത തൂക്കിയിരിക്കുന്നു. ആനയുടെ മുൻകാലുകളെ വെള്ളി ചങ്ങലകൾ കൊണ്ടും പിൻകാലുകളെ ഇരിമ്പ ചങ്ങലകൾകൊണ്ടും തളെക്കപ്പെട്ടിരിക്കുന്നു. അതിന്റെ കിടക്ക ഒരു കനത്ത മെത്ത ആകുന്നു. ആ മെത്തയുടെ മേൽ രണ്ട വിരികൾ ഉണ്ട. മേലത്തെവിരി പട്ടുകൊണ്ടുള്ളതാകുന്നു. അതിന്റെ ചമയങ്ങൾ വൈരക്കല്ലുകളും മററ വിലയേറിയ രത്നങ്ങളും പതിച്ച പൊന്നുകൊണ്ട ഉണ്ടാക്കപ്പെട്ടിരിക്കുന്നു. അതിന്ന ഒരു വെററിലപ്പെട്ടിയും കോളാമ്പിയും കടകങ്ങളും ഭക്ഷണസാധനങ്ങൾ വൈപ്പാൻ ഒരു വലിയ പാത്രവും ഉണ്ട. ഇവ എല്ലാം രത്നങ്ങൾ പതിച്ച പൊന്നുകൊണ്ടുള്ളതാകുന്നു. അതിന്ന ഒരു കാവല്ക്കാരനും ആയിരത്തിചില്വാനം അകമ്പടിക്കാരും ഉണ്ട. അവിടത്തെ രാജാവ കഴിഞ്ഞാൽ പിന്നെ ആ ദേശത്തിൽ ബഹുമാനമുള്ളത ആ ശുദ്ധമുള്ള ആനെക്ക ആകുന്നു. അന്യസ്ഥാനാപതിമാർ ബൂൎമ്മാരാജ്യത്തിൽ ചെല്ലുമ്പോൾ ആ ആനയുടെ മുമ്പാകെ പട്ടുമുതലായ ശീലത്തരങ്ങളെ കാഴ്ചവെക്കണം എന്ന അവിടെ ഒരു ചട്ടം ഉണ്ട.

ഇംഗ്ലീക്കാരും ബൂമ്മാകാരും തമ്മിൽ ഒരുയുദ്ധം ഉണ്ടായാറെ ബൂമ്മാ രാജാവഇംഗ്ലീക്കാക്ക യുദ്ധ ചിലവായിട്ട ൫,൦൦൦,൦൦ രൂപാ കൊടുക്കാം എന്നും ഇംഗ്ലീക്കാക്കായിട്ട ആസ്സാം എന്നും കാസ്സായി എന്നും അറാക്കാൻ എന്നും മാൎത്താബാൻ എന്നും താവോയി എന്നും തെനാസ്സെരിം എന്നുമുള്ള ദേശങ്ങളെ വിട്ടകൊടുക്കാം എന്നും സമ്മതിച്ച ൧൮൫൩മാണ്ടിൽ തമ്മിൽ സമാധാനം ചെയ്തു. ഇംഗ്ലീക്കാക്ക മേൽ പറഞ്ഞ ദേശങ്ങളിലുള്ള പ്രധാന പട്ടണം മൂൽമേൻ എന്ന ആകുന്നു.

ശാൻ ദേശത്തെ കുറിച്ച-

ദേശത്തിന്റെ കിടപ്പുംവിധവും.—൦രം ദേശം ചീനയുടെയും ബൂമ്മായുടെയും സിയാമിന്റെയും ഇടയിൽ ഒരുവിസ്താരമുള്ളപ്രദേശം ആകുന്നു. ഇത മലയായുള്ളതും മരകാലുള്ളതും ആകുന്നു. ലോഹാദികളിൽ പ്രധാനമായി വെള്ളിയും ൦രുയവും ചെമ്പും അഞ്ജനവും ഇതിനും അധികമായിട്ടുള്ള പ്രകാരം പറയപ്പെടുന്നു.

മതം.—ബുദ്ധമതത്തോട സംബന്ധമുള്ളതാകുന്നു എന്ന വിചാരിക്കപ്പെടുന്നു.

കാശ്മൈ എന്ന ദേശത്തെ കുറിച്ച.

ദേശത്തിന്റെകിടപ്പും വിധവും.—൦രം ദേശം ഖൈകാളിന്നും ബൂമ്മായ്ക്കും ഇടയിൽ ആകുന്നു. അത മലയായുള്ളതും കാടുപിടിച്ചതും ആകുന്നു. ഇതിന്റെ തലസ്ഥാനം മണിപ്പുരം എന്ന ആകകൊണ്ട ആ പേര ഇതിന്നും പറഞ്ഞ വരുന്നു.

മതം.—ഇന്ദു മതം ആകുന്നു.

ബൂമ്മായോട ചേൎന്ന ദ്വീപുകളെ കുറിച്ച.

ബൂമ്മായോട ചേരുന്ന ദ്വീപുകൾ അണ്ടാമാൻ എന്നും ഖാരൻ ദ്വീപ എന്നും നികൊബാർ എന്നും ആകുന്നു.

അവിടെ വലിപ്പമുള്ള ആറുകൾ ഇല്ല.

ദേശത്തിന്റെ കിടപ്പ.—അണ്ടാമൻ തെനാസ്സെരിം തീരത്തിന നേരെ അല്പം ദൂരെ ഖൈകാൾ ഉൾകടലിൽ രണ്ട ദ്വീപുകൾ ആകുന്നു.

വടക്കെ അറ്റത്തേത അല്ലെങ്കിൽ വലിയ അണ്ടാമൻ ഏകദേശം ൧൨൦ നാഴിക നീളവും ൫൦ നാഴിക വീതിയുമുള്ളതാകുന്നു. ഇതിനെ ഒറ്റ ദ്വീപായിട്ട വിചാരിച്ചവരുന്നു എങ്കിലും ഇതിൽ രണ്ട സ്ഥലത്തുലോം ചെറിയ കടൽ കൈവഴികൾ ഇതിനെ വേർതിരിക്കുന്നതിനാൽ ഇത സാക്ഷാൽ മൂന്ന ദ്വീപുകളാകുന്നു. വലിയ അണ്ടാമന്ന നടുവിൽ ഏകദേശം ൫൦൦ അടി ഉയരമുള്ളതിൽ സാഡിൽപീക എന്ന പേരായിട്ട ഒരു മല ഉണ്ട.

തെക്കെ അറ്റത്തേത അല്ലെങ്കിൽ ചെറിയ അണ്ടാമൻ ഏകദേശം ൨൨ നാഴിക നീളവും ൧൭ നാഴിക വീതിയുമുള്ളതാകുന്നു.

ഉത്ഭവങ്ങൾ.—ംരം ദ്വീപുകളിൽ പലമാതിരി കാടികൾ ഉണ്ട കരിമരവും ചപ്പങ്ങവും ചെഞ്ചല്ല്യവും മുളയും ചൂരലും ഉണ്ട. പലമാതിരി മൃഗങ്ങളും അനവധി ഉണ്ട്. കാട്ടുകളിൽ കുറഞ്ഞോരു മാതിരി പക്ഷികളും കോഴികളും ഉണ്ട. അവിടെ പന്നി അല്ലാതെ മറെറ മൃഗങ്ങൾ ഇല്ല.

മതം.—അവരുടെ മതത്തെ കുറിച്ച നിശ്ചയമുള്ളത ഇത്രെ ഉള്ളു. അവക്ക മതത്തെ കുറിച്ച പ്രത്യേകം ഒരു വിചാരം ഒന്നുമില്ല. ആദിത്യനെയും കാട്ടുകളെയും വെള്ളങ്ങളെയും മലകളെയും ഭേദിക്കുന്ന എന്ന അവർ വിചാരിക്കുന്ന ആത്മാക്കളെ അവർ വന്ദിക്കുന്നു.

ബാരൻ ദ്വീപിനെക്കുറിച്ചുള്ള വിവരം.—ംരം ദ്വീപ വടക്കെ അണ്ടാമന്ന ഏകദേശം നാഴിക കിഴക്ക ആകുന്നു. ഇതവട്ടത്തിൽഒരുചെറിയ ദ്വീപ ആകുന്നു. നടുവിൽഒരു അഗ്നിമലയും ഉണ്ട

നിക്കൊബാർ ദ്വീപുകളെ കുറിച്ചുള്ള വിവരം.—ംരം ദ്വീപുകൾ ബെങ്കാൾ ഉൾകടലിന്റെ തെക്കെകിഴക്കെ ഭാഗത്തചെറിയ അണ്ടാമൻ മുതൽ സുമാത്രായുടെ വടക്ക പടിഞ്ഞാറെ അറ്റം വരെക്കുമുള്ള സ്ഥലം ആകുന്നു. ംരംദ്വീപുകൾ പലദ്വീപുകളുടെ ഒരുകൂട്ടം ആകുന്നു. അവ സാമാന്യം കുന്നായുള്ളതും ചിലടം വലിയ മലയുള്ളതും ആകുന്നു. അവിടത്തെ പ്രധാന ഉത്ഭവം തേങ്ങായും പാക്കും ആകുന്നു. അവെയ്ക്കായിട്ട ഇന്ത്യായിൽനിന്ന കപ്പലുകൾ അവിടെ കൂടക്കൂടെ ചെല്ലുന്നുണ്ട.

കൊച്ചിൻ ചീന എന്ന ദേശത്തെ കുറിച്ച.

അതിരുകൾ.—ംരം ദേശത്തിന്റെ വടക്കെ ഭാഗം ഇതിനെ ചീനയിൽനിന്ന വേർതിരിക്കുന്ന ഒരു പവ്തനിരയാലും കിഴക്ക ചീന കടലിനാലും തെക്ക മലയകടലിനാലും പടിഞ്ഞാറ സിയാം ഉൾകടലിനാലും ഇതിനെ സിയാമിൽനിന്ന വേർതിരിക്കുന്ന ഒരു പവ്തനിരയാലും അതിരിയാക്കപ്പെട്ടിരിക്കുന്നു. കൊച്ചിൻ ചീന ആസിയായുടെ തെക്ക കിഴക്കെ കോണാകുന്നു.

പ്രധാന ഭാഗങ്ങൾ.—തങ്കിൻ എന്നും കൊച്ചിൻ ചീന എന്നും കാംബോഡിയ എന്നും സിയാമ്പാ എന്നും ആകുന്നു.

പ്രധാന നഗരികൾ.—ഇവിടെ പല നഗരങ്ങൾ പ്രത്യേകമായിട്ട തങ്കിനിൽ ഉണ്ട. അവയിൽ പ്രധാനമായിട്ടുള്ളവ തങ്കിനിൽ തലസ്ഥാനമാകുന്ന കാകൊ എന്നും കൊച്ചിൻ ചീനയിൽ കപിനൊങ്ങ എന്നും ഹ്യൂ എന്നും സായിഗൊൻ എന്നും കാംബോഡിയയിൽ പാനൊമ്പിൻ എന്നുമുള്ളവ ആകുന്നു. ഇവ ഒക്കെയും ഉറമുഖപട്ടണങ്ങൾ ആകുന്നു.

ആറുകൾ.—തങ്കിനെ പോലെയും കോച്ചിൻ ചീനയിലെ താഴ്ചയുള്ള ഭാഗങ്ങളെപ്പോലെയും ഇത്ര നന്നായി നീരോട്ടമുള്ള ദേശങ്ങൾ കുറയും തങ്കിനിൽ ംചിലാനം ആറുകൾ ഉണ്ട. പ്രധാനമായിട്ടുള്ളവ ഞാനായി അല്ലെങ്കിൽ തങ്കിൻ ആറും കാംബോഡിയ ആറും ആകുന്നു.

ദേശ രൂപം.—ംരം ദേശത്തിൽ പല പർവ്വതനിരകൾ കഴക്ക പടിഞ്ഞാറായിട്ട കിടക്കുന്നത ക്രടാതെ ഇതിന പടിഞ്ഞാറെ വശത്ത തെക്ക വടക്കായിട്ട ഒന്നും ഇതിന്റെ കിഴക്കെ വശത്ത മറൊന്നും പ്രധാനമായിട്ടുണ്ട. ഇവയുടെ ഇടയിൽ ംരം ദേശം നീളത്തിൽ നല്ല നീരോട്ടമുള്ള ഒരു താഴ്വരയായിട്ട ഇരിക്കുന്നു.

ഉത്ഭവങ്ങൾ.—ംരം ദേശങ്ങളെ ഒക്കെ ക്രട്ടി വിചാരിച്ചാൽ ഇത ഇന്ത്യായുടെ ംരം ഭാഗത്ത വിളയുള്ളദേശങ്ങളിൽ ഒന്ന ആകുന്നു. അനവധി നെല്ലും കരിമ്പും പഞ്ചസാരയും പഞ്ഞിയും പട്ടും പുകയിലയും പാക്കും നീലവും എലവംഗവും നല്ലമുളകും മെഴുക്കുമുതലായ വിലയെറിയ ഉത്ഭവങ്ങളും പെരുത്തുണ്ട. ഒരു തരം തേയുടെ കൃഷിയും അധികമായിട്ടുണ്ട. വൻകാട്ടുകളിൽ തേക്കും കരിമരവും തേവതാരവും മററ പലതരം തടികളും കോലരക്കും തോട്ടപ്പുളിയും ഉണ്ട. പട്ടപുഴുവിന്റെ ഭക്ഷണം ആകുന്ന മുള്ളുറിമരങ്ങൾ ഉണ്ട. വിശേഷമായ ഇരിമ്പ തുരക്കുൽ ഉണ്ട. പൊന്നും ഉപ്പും വെടിയുപ്പും അവിടെ വിളയുന്നു. മൃഗങ്ങൾ വകയിൽ കമ്പിളി ആട്ടം കഴുതയും ഒട്ടകങ്ങളും നീക്കിശേഷം ഒക്കെയും സാമാന്യം ഇന്ത്യായിലുള്ളവയെപ്പോലെ ആകുന്നു. അവിടെയുള്ളവർ ആനയുടെ മാംസം തിന്നും.

മതം.—ംരം ദേശത്തിലെ മതം ബുദ്ധമതത്തിന്റെ ഒരു ശിഖരം ആകുന്നു. എന്നാൽ മലകളിൽ പാർക്കുന്ന ക്രട്ടക്കാർ കട്ടവായെയും പട്ടിയെയും വന്ദിക്കയും ചെയ്യുന്നു. റോമമതം പലകറിനമായ പീഡകൾ ഉണ്ടായാറെയും ഇവിടെ തുലോം വർദ്ധിച്ചിരിക്കുന്നു. ആ ദേശത്ത എല്ലാം ക്രടെ അവരുടെ മതം അനുസരിച്ച മൂന്ന ലക്ഷത്ത അമ്പതിനായിരം ആളുകൾ ഉണ്ട എന്ന പറയപ്പെട്ടുന്നു.

സിയാം എന്ന ദേശത്തെ കുറിച്ച.

അതിരുകൾ.—ംരം ദേശത്തിന്റെ വടക്കെ ഭാഗം ചീനയാലും കിഴക്ക കൊച്ചിൻ ചീനയാലും തെക്ക സമുദ്രത്തായും മലയി കരനാക്കിനാലും പടിഞ്ഞാറ സമുദ്രത്തായും ഇതിനെ തെനാസ്സെരിം എന്ന ബ്രിത്തിഷ ദേശത്തിൽനിന്ന വേർതിരിക്കുന്ന ഒരു പർവ്വതനിരയാലും ഇതിനെ ബ്രമ്മാ ദേശത്തിൽനിന്ന വേറാക്കുന്ന സാലുയൻ എന്ന ആറിനാലും അതൃത്തിയാക്കപ്പെട്ടിരിക്കുന്നു.

പ്രധാന നഗരികൾ.—യുദിയ എന്നും ബാൻകൊക്ക എന്നും ആകുന്നു. സിയാം എന്ന ഉൾക്കടലിൽ പല തുറമുഖങ്ങളും ഉണ്ട. പ്രധാനമായിട്ടുള്ളത അതിന്റെ പടിഞ്ഞാറെ തീരത്തിങ്കൽ ആകുന്നു.

ബാൻകൊക്ക യുദിയ എന്ന പട്ടണം പിടിച്ച പോയ ശേഷം തല സ്ഥാനമായി തീൻ. ഇത മെനാം എന്ന ആറമട്ടുക്ക പണിയിക്കപ്പെട്ടിരിക്കുന്നു. ഇത സിയാമിലെ പ്രധാന തുറമുഖവും നന്നായി വർദ്ധിച്ച വരുന്ന പട്ടണവും ആകുന്നു. ഇത ഏകദേശം മുഴുവനും മരം കൊണ്ട പണിയിക്കപ്പെട്ടതാകുന്നു. വീടുകൾ വേലിയേററവും കാലത്തോറുമുള്ള വെള്ളപൊക്കവും ഉണ്ടാകുമ്പോൾ അവയിൽ വെള്ളം കേറാതെ

ഇരിക്കുന്നതിൻവണ്ണം തുണിന്മേൽ ആകുന്നു. ഒരു പട്ടണത്തിൽ ഏറിയ വീടുകൾ ആറിൽ മുളച്ചെങ്ങാടത്തിന്മേൽ തീർത്ത രണ്ട വകുത്ത നിന്നും പത്തൊ അധികമൊ പന്തിയായിട്ട വെള്ളത്തിൽ പൊങ്ങി കിടക്കുന്നു.

ആറുകൾ—അവിടെ മെനാം എന്ന പേരായിട്ട ഒരു ആറ ഉണ്ട.

ദേശ രൂപം.—ഒരം ദേശത്തിൽ ഏതാനും മൈതാനമായിട്ടും മറ്റുള്ളവ മലയും കാടും പിടിച്ചതായിട്ടും ഇരിക്കുന്നു.

ഉത്ഭവങ്ങൾ.—സിയാമിലെ ഉത്ഭവങ്ങൾ വളരെയും വിലപിടിച്ചവയും ആകുന്നു. ആറിന്ന അരികെയുള്ള ഭ്രമി വിശേഷാൽ വിളയുന്നതും നെല്ല എത്രയും ധാരാളമായിട്ട ഉണ്ടാകുന്നതും ആകകൊണ്ട ഇവിടെ അതിന്ന ലോകത്തിൽ എല്ലാവിടത്തിലെക്കാളും വില സഹായം ഉണ്ട. അതിൽ കരിമ്പും നല്ലമുളകും പുകയിലയും പശയും കൂടമ്പുളിയും ഏലത്തരിയും ഉണ്ടാകുന്നു. ശാൻ എന്ന ഒരു പ്രദേശത്തിൽ സാമ്പ്രാണിയും കോലരക്കും ഉണ്ടാകുന്നു. ഫലങ്ങളും ഇണക്കമുള്ള മൃഗങ്ങളും സാമാന്യം ഇന്ത്യായിലുള്ളവയെപ്പോലെ ഉണ്ട. അവരുടെ കുതിരകൾ ചെറിയ മാതിരിയാകുന്നു. കാട്ടിൽ കടുവാകളും ആനകൾ വകയിൽ വെകൂത്തവയും ഉണ്ട. ഒരം ആനകളെ ബൂർമ്മായിലെപ്പോലെ ഇവിടെയും വലിയ ബഹുമാനമായും രാജധാനിയിൽ കൂടിയെ മതിയാവു എന്നുള്ള പ്രകാരത്തിലും വിചാരിക്കപ്പെടുകയും ചെയ്യുവരുന്നു. മഹാ വിലയേറിയ തടികൾ തേക്കും ശപ്പങ്ങവും ആകുന്നു. ഒരം ഒടുക്കം പറഞ്ഞിരിക്കുന്നത ബഹുത്വമായിട്ട ചീനത്തേക്ക പോകുചരക്കായിട്ട കേറി അയക്കപ്പെടുന്നു. ഒരം ദേശത്തിന്റെ ഉള്ളിൽ വടക്കോട്ട ഇനിന്നും വെള്ളീയവും ചെമ്പും പൊന്നമുള്ള തുരങ്കങ്ങൾ ഉണ്ട.

മതം.—സിയാങ്കാർ സിംഗാലികളെപ്പോലെ ബുദ്ധമതത്തിൽ ഒരു കൂട്ടക്കാരാകുന്നു. എന്നാൽ എല്ലാ മതവും നടന്നുകൊള്ളുന്നതിന്ന അവർ സമ്മതിക്കുന്നു.

യങ്കസെലൊൻ എന്ന ദേശത്തെ കുറിച്ച.

ദേശത്തിന്റെ കിടപ്പും വിവരവും.—യങ്കസെലൊൻ എന്നത ഒരു ദ്വീപ എന്ന പറയപ്പെടാം. അത സിയാമിന്റെ പടിഞ്ഞാറെ തീരത്തിങ്കൽ ആകുന്നു. അതിന്ന രണ്ട നാഴിക നീളവും ഏഴ നാഴിക വീതിയും ഉണ്ട. ഒരം ദേശം ഉള്ളിലോട്ട മലയായുള്ളതും തീരത്തിങ്കലോട്ട താണതും നല്ല നീരോട്ടമുള്ളതും ഫലമുള്ളതും ആകുന്നു. കുന്നുകൾ വലിയവയും ഉപകാരമുള്ള തടികൾ കൊണ്ട മൂടപ്പെട്ടിരിക്കുന്നവയും ആകുന്നു. അവിടെ സകല വിധ നെല്ലും ഉണ്ടാകുന്നു.നല്ല മാതിരി വെള്ളീയം പെരുത്തുണ്ട.

മതം.—ആ നാട്ടുകാർ സിയാങ്കാരെപ്പോലെ ബുദ്ധമതക്കാരാകുന്നു. കുറെ മഹമ്മദുകാരും ഉണ്ട.

മലയി എന്ന ദേശത്തെ കുറിച്ച.

അതിരുകൾ.—ംരം ദേശത്തിന്റെ വടക്കെ ഭാഗം സിയാം എന്ന ദേശത്തിലെ ദിക്കുകളാലും കിഴക്കും തെക്കും സമുദ്രത്താലും ബെങ്കാൾ ഉൾകടലിനാലും അതൃത്തിയാക്കപ്പെട്ടിരിക്കുന്നു. ംരം ദേശം ആസിയാ വൻകരയുടെ തെക്കെ അറ്റം ആകുന്നു.

പ്രധാന നഗരികൾ.—മളാക്കാ എന്നും യൊഹോര എന്നും ആകുന്നു.

ദേശ രൂപം.—ംരം ദേശത്തിന്റെ നടുവിൽ കൂടി ഇതിന്റെ നീളം മുഴുവനും തെക്കെ വടക്കായിട്ട ഒരു പർവതനിര കിടക്കുന്നു. സമുദ്രത്തിങ്കലേക്കുള്ള രണ്ട വശവും കുന്നും തടവുമായിട്ടുള്ള താണ ഭൂമി ആകുന്നു. അവിടം എല്ലാവിടവും ചെറിയ ആറുകളാൽ നനെക്കപ്പെട്ടുന്നു ഇവ എല്ലാം കൂടെ തൊണ്ണൂറോളം ഉണ്ട. അവിടം വൻകാടും സ്വാദിയും കൊണ്ട മൂടപ്പെട്ടും ഇരിക്കുന്നു.

ഉത്ഭവങ്ങൾ.—അവിടത്തെ പ്രധാന ഉത്ഭവങ്ങൾ നെല്ലും ചൂരൽ വടികളും വെറിലയും ആനക്കൊമ്പും ഉപകാരമുള്ള പലമാതിരി തടികളും ആകുന്നു. എന്നാൽ ംരം കാട്ടിൽ തേക്ക ഇല്ല. മൃഗങ്ങൾ വകയിൽ കമ്പിളി ആടും കുതിരയും ഒഴികെ ശേഷം ഒക്കെയും ഇന്ത്യായിലെ പോലെ ഉണ്ട. വെള്ളീയം പൊരുത്തുണ്ട. കുറെ പൊന്നും ഉണ്ട.

മതം.—മഹമ്മദ മതം ആകുന്നു. ഇത ഇവിടെനിന്ന അയൽദ്വീപുകളിലും പരന്നിരിക്കുന്നു.

മലയിയോട ചേരുന്ന ദ്വീപുകളെ കുറിച്ച.

മലയിയോട ചേരുന്ന ദ്വീപുകൾ പെനാങ്ങ എന്നും സിങ്കപൂർ എന്നും ബിന്താങ്ങ എന്നും ആകുന്നു.

പെനാങ്ങിനെ കുറിച്ചുള്ള വിവരം.—ംരം ദ്വീപകിയെമായിക്ക നേരെ അക്കരെ ആകുന്നു. ഇത മലയായിട്ടുള്ളതും വൃക്ഷാദികൾ ഉള്ളതും നല്ല നീരോട്ടവും കൃഷിയും ഉള്ളതും ആകുന്നു.

ഇതിലെ പ്രധാന ഉത്ഭവം നല്ലമുളക ആകുന്നു. ഇതിൽ വെറിലയും കാപ്പിയും പലവ്യഞ്ജനവും കരിമ്പും കയ്യാപ്പൂതി എന്ന എണ്ണയും ഇന്ത്യാൻ ഗുബർ എന്ന സാമന്യമായി പറഞ്ഞ വരുന്ന ഒരു മാതിരി വശയായ കായൊചൊക്കും ഉണ്ട. കാട്ടുകളിൽ വിശേഷപ്പെട്ട തടികൾ ഉണ്ട.

സിങ്കപൂരിനെ കുറിച്ചുള്ള വിവരം—ഇത മലയിയുടെ തെക്കെ അറ്റത്ത ഒരു ചെറിയ ദ്വീപ ആകുന്നു. ഇത ബ്രിത്തിക്ഷുകാക്ക ആകുന്നു. ഇവർ ഇതിനെ അവിടത്തെ നാട്ടുപ്രധാനിയോട വിലെയ്ക്ക വാങ്ങിച്ച. ഇതിന്റെ കിടപ്പ കടൽ കൈവഴിയോട അടുത്താകകൊണ്ടും അതിലെ ഉറമുഖം നല്ലതാകകൊണ്ടും ഇത കച്ചവടത്തിന്ന ബഹു സാരമുള്ള സ്ഥലമായിട്ട വിചാരിക്കപ്പെട്ടുന്നു.

ബിന്താങ്ങഎന്ന ദ്വീപിനെ കുറിച്ചുള്ള വിവരം—ഇത മലയിയുടെ തെക്കെ കിഴക്കവശത്തുള്ള ഒരു ചെറിയ ദ്വീപാകുന്നു.

ഇത ലന്തകൾക്കുള്ളതാകുന്നു. ഇവക്ക ഇവിടെ ഹ്ലീയൊ എന്ന പേരായിട്ട ഒരു പട്ടണം ഉണ്ട.

കിഴക്കൻ ദ്വീപുകളെ കുറിച്ച.

കിഴക്കൻ ആൎക്കിപെലെഗൊ എന്നും ചിലപ്പോൾ പറഞ്ഞവരുന്നത ലോകത്തിൽ ദ്വീപുകളുടെ മഹാ വലിയ സമൂഹത്തിന്ന ആകുന്നു. അതിൽ താഴെ പറവാൻ പോകുന്ന പ്രധാന ദ്വീപുകൾ അടങ്ങിയിരിക്കുന്നു. വടക്ക ഫീലിഫൈൻ ദ്വീപുകളും നടുവിൽ സൂലൂ ദ്വീപുകളും ബൊൎന്നിയൊ എന്നും സെലെബെസ എന്നും മൊളക എന്നും ബണ്ടാ എന്നുമുള്ള ദ്വീപുകളും കിഴക്ക പാപ്പാ എന്നും തെക്കും പടിഞ്ഞാറും സണ്ടാ ദ്വീപുകളും ആകുന്നു. ഇവയെ കുറിച്ച വെൎത്തേറായി വിവരം പറയപ്പെടും.

൧. ഫീലിഫൈൻ ദ്വീപുകളെ കുറിച്ച.

ദേശത്തിൻെറ കിടപ്പ.—ഫീലിഫൈൻസ് അല്ലെങ്കിൽ മാനിലാസ കൊച്ചിൻ ചീനയിൽനിന്ന നേരെ കീഴക്കുള്ള പല ദ്വീപുകൾ ആകുന്നു. പ്രധാനമായുള്ളവ ലുസോൻ എന്നും മിന്ദൊരൊ എന്നും സമാർ എന്നും സലാവാൻ എന്നും മിന്ദാനവൊ എന്നും ആകുന്നു.

പ്രധാന നഗരി.—മാനിലാ എന്ന ആകുന്നു.

ദേശ രൂപം.—ംരം ദ്വീപുകൾ മലയായുള്ളവയാകുന്നു. അവയിൽ പല അഗ്നിമലകളും ഉണ്ട. പ്രത്യേകമായിട്ടുള്ളത ലുസൊനിൽ ആകുന്നു.

ഉത്ഭവങ്ങൾ.—ംരം ദ്വീപ തുലോം വിളവുള്ളതും ഇന്ദ്യായിൽ നടപ്പായുള്ള ഉത്ഭവങ്ങൾ ഒക്കയും ഉള്ളതും ആകുന്നു. എന്നാൽ അവിടെ കടുവായും മററ വലിയ മൃഗങ്ങളും ഇല്ല എന്ന വിചാരിക്കപ്പെടുന്നു. പൊന്നും ഇരിമ്പുമുള്ള തുരങ്കങ്ങൾ ഉണ്ട. കപ്പൽ പണിക്ക ഏററവും കൊള്ളാകുന്ന വിശേഷപ്പെട്ട തടികളും പെരുത്തുണ്ട.

മതം.—പ്രധാനമായിട്ട വിഗ്രഹാരാധന ആകുന്നു. എന്നാൽ ചില കൂട്ടക്കാർ മഹമ്മദകാരാകുന്നു. റോമ മതവും ഉണ്ട.

൨. സൂലൂ ദ്വീപുകളെ കുറിച്ച.

ദേശത്തിൻെറ കിടപ്പും വിവരവും.—ംരം ദ്വീപുകൾ ഫീലിഫൈൻസിൻെറ തെക്കെ അററം ആകുന്നു. മിന്ദാനൊയായുടെ പടിഞ്ഞാറെ അററത്തിന്നും ബൊൎന്നിയൊയുടെ വടക്ക കിഴക്കെ അററത്തിന്നും ഇടയിലുള്ള അനേകം ചെറിയ ദ്വീപുകളുടെ കൂട്ടം ആകുന്നു.

സൂലൂ പ്രധാനമായിട്ടുള്ളതും ഇതിൽനിന്ന ആ കൂട്ട ദ്വീപിന്ന പേരു വീണിരിക്കുന്നതും ആകുന്നു. ംരം ദ്വീപ വിളവുള്ളതും നല്ല കൃഷിയുള്ളതുംആകുന്നു. അതിൽ നെല്ലും മററ ഇന്ദ്യായിലെ ഫലങ്ങളും ഉണ്ടാകു

ന്നു. അതിന്ന ചുറ്റും ഇടയിലുമുള്ള കടലുകളിൽ മത്തും മുത്തിന്റെ ത ള്ള എന്ന പറയപ്പെടുന്നതും പെരുത്ത ഉണ്ടാകുന്നു.

മതം.—മഹമ്മദ മതം ആകുന്നു.

൩. ബോന്നിയൊ എന്ന ദ്വീപിനെ കുറിച്ച.

ദേശത്തിന്റെ കിടപ്പ.—ആക്കിപെലെഗൊയിലെക്കും വ ലുതാകുന്ന ംരം ദ്വീപ സെലെബെസ ദ്വീപുകളുടെ പടിഞ്ഞാറെ വശ ത്ത ആകുന്നു.

ഇതിലെ തലസ്ഥാനത്തിന്നും ബോന്നിയൊ എന്ന തന്നെ പേരാകു ന്നു.

ദേശ രൂപം.—ഇതിന്റെ ഉള്ളിനെ കുറിച്ച ഏറെ അറിഞ്ഞി ട്ടില്ല. എന്നാൽ അറിഞ്ഞിട്ടുള്ളത ഒക്കയും ംരം ദ്വീപ കടലരികിലോട്ട ഒ പ്പനിരപ്പും കൃഷിയും ഉള്ളതെന്നും ഉള്ളിലോട്ട മലയായുള്ളതും കാടുപിടി ച്ചതും എന്നും ആകുന്നു.

ഉത്ഭവങ്ങൾ.—ഇതിലെ ഉത്ഭവങ്ങൾ പെരുത്ത ആകുന്നു. നെ ല്ലും സെഗൊ അരിയും നല്ലമുളകും കപ്പൂരവും ഏലവംഗവും മെഴുക്കും ചൂ രലും പല ഉപകാരമുള്ള മരങ്ങളും ആകുന്നു. അവിടെ നടപ്പായുള്ള നാട്ടമൃഗങ്ങൾ ഒക്കയും ഉണ്ട. കാട്ടിൽ കടുവാ ഒഴികെ ആനയും പുലി മുതലായ കാട്ടമൃഗങ്ങളും പെരുത്തുണ്ട. അവിടെ പലതരം കുരങ്ങുകൾ ഉണ്ട. അവയിൽ ഒരു വകയ്ക്ക ഔറാങ്ങ ഔറാങ്ങ എന്നൊ അതിന്റെ വലിപ്പവും രൂപവും മനുഷ്യനെപ്പോലെ ഇരിക്കുന്നതുകൊണ്ട മലയിക ൾ കാട്ടമനുഷ്യൻ എന്നൊ പറയുന്ന ഒരുവകയുണ്ട. പൊന്ന പെരുത്തും വൈരക്കല്ല വലിയവയും ഉണ്ട.

മേൽ പറഞ്ഞ സേഗൊ, ഇന്ദ്യായിൽ നെല്ലകൊണ്ട ക്ഷണമായി നിക്കുന്ന പ്രകാരം ആക്കിപെലെഗൊയിൽ ഏകദേശം നടപ്പായുള്ള ഒ രു ക്ഷണസാധനമാകകൊണ്ട അതിനെ കുറിച്ച കുറെ ക്രൂടെ വിവര മായിട്ട പറയുന്നത കൊള്ളാമല്ലൊ. ഇത ഒരു മാതിരി പനയിൽനിന്ന ഉ ണ്ടാകുന്നു. അതിന്റെ തടിക്കകം നിറച്ച പൊങ്ങുപോലെ ഒരു മാതി രി ചോറുണ്ട. അത എടുത്ത ഉരലിലിട്ട പൊടിച്ച പിന്നെ അരിപ്പ പാ ത്രത്തിൽ ഇട്ട അരിക്കുമ്പോൾ മണിപ്പിടിച്ച അത ഇന്ദ്യായിൽ വന്ന നാം കാണുന്ന പ്രകാരം ഇരിക്കുന്നു. ഒരു മരത്തിൽനിന്ന ഏകദേശം നൂറാത്തൽ സേഗൊ ഉണ്ടാകുന്നു. ആ മരം സാമാന്യം ൧൫ സംവ ത്സരം കഴിഞ്ഞാൽ വെട്ടുവാൻ വരുവാം ആകുന്നു.

മതം.—മഹമ്മദ മതവും ഇന്ദു മതവും ആകുന്നു.

൪. സെലെബെസ എന്ന ദ്വീപിനെ കുറിച്ച.

ദേശത്തിന്റെ കിടപ്പ.—ഇത ക്രമമില്ലാത്ത ഒരു വലിയ ദ്വീപും മക്കാസ്സാർ എന്ന കടൽ കൈവഴിയാൽ ബോന്നിയൊയിൽനി ന്ന വേർവിട്ടിട്ട അതിന്റെ കിഴക്ക വശത്ത കിടക്കുന്നതും ആകുന്നു.

പ്രധാന നഗരികൾ.—മക്കാസ്സാർ എന്നും ബൊനിഎന്നും ആകുന്നു.

ഉത്ഭവങ്ങൾ.—അവിടത്തെ പ്രധാന ഉത്ഭവങ്ങൾ പൊന്നും പഞ്ഞിശീലയും സേഗൊയും എലവംഗവും മുത്തും ആകുന്നു.

മതം.—നടപ്പായുള്ള മതം മഹമ്മദ മതം ആകുന്നു. ഉള്ളിലുള്ള കൂട്ടക്കാർ വിഗ്രഹാരാധനക്കാർ ആകുന്നു.

൫. മൊളക എന്ന ദ്വീപുകളെ കുറിച്ച.

ദേശത്തിന്റെ കിടപ്പ.—ഈ ദ്വീപുകളുടെ സമൂഹം സെലെബെസിന കുറെകിഴക്ക ആകുന്നു. പ്രധാനമായുള്ളവ ഗിലൊലൊ എന്നും തെന്നേത്ത എന്നും തിഡൊർ എന്നും സെരാം എന്നും അംബൊയിനാ എന്നും ആകുന്നു.

പ്രധാന നഗരികൾ.—ഒസ്സാ എന്നും അംബൊയിനാ എന്നും ആകുന്നു.

ഉത്ഭവങ്ങൾ.—അവിടത്തെ ഉത്ഭവങ്ങൾ വകയിൽ മഹാ സാരമായിട്ടുള്ളവ ഗ്രാമ്പൂവും ജാതിക്കായും ആകുന്നു. അവിടെ സേഗൊ പെരുത്തുണ്ട. അംബൊയിനായിൽ നീലവും കയ്യാപ്പൂത്തി എണ്ണയും ഉണ്ട.

മതം.—മഹമ്മദ മതവും വിഗ്രഹാരാധനയും ആകുന്നു.

൬. ബണ്ടാ ദ്വീപുകളെ കുറിച്ച.

ദേശത്തിന്റെ കിടപ്പും വിവരവും.—ഇവ അംബൊയിനായിൽനിന്ന ഏകദേശം ൧൨ം നാഴിക തെക്കകിഴക്ക ദ്വീപുകളുടെ ഒരുചെറിയ കൂട്ടമാകുന്നു. പ്രധാനമായിട്ടുള്ളത ബണ്ടാ ദ്വീപ ആകുന്നു.

ഇവ മിക്കവാറും ജാതിക്കാ കൃഷിക്കായിട്ട തന്നെ പ്രയോഗിച്ച വരുന്നു. അത അവിടെ നന്നായി ഉണ്ടാകുകയും ചെയ്യുന്നു.

൭. സണ്ട ദ്വീപുകളെ കുറിച്ച.

ദേശത്തിന്റെ കിടപ്പ.—സണ്ട ദ്വീപുകൾ ആക്കിപെലെഗൊയുടെ തെക്കും പടിഞ്ഞാറേതുമായ ഭാഗങ്ങളിൽ ആകുന്നു. അവയിൽ തിമൊർ എന്നും ഫ്ലൊറീസ എന്നും യാവാ എന്ന സുമാത്ത്രാ എന്നും മററ ചെറിയ ദ്വീപുകളും ഉൾപ്പെട്ടിരിക്കുന്നു.

തിമൊറിനെകുറിച്ചുള്ള വിവരം.—ഇത ഫ്ലൊറീസിനകിഴക്ക ആകുന്നു. ഇതിലെ പ്രധാന ഉത്ഭവങ്ങൾ ചന്ദന മരവും മണ്ണെണ്ണയും ആകുന്നു. നെല്ല കൃഷിയും ഒരു മാതിരി സേഗൊയും ഉണ്ട.

ഫ്ലോറീസിനെ കുറിച്ചുള്ള വിവരം.—ഇത തിമൊറിന്റെ നേരെ പടിഞ്ഞാറ ആകുന്നു.

അതിലെ ഉത്ഭവങ്ങൾ തിമൊറിലെപ്പോലെ തന്നെ ആകുന്നു.

ഇതിന്റെ തെക്കെ തീരത്തിങ്കലുള്ള എണ്ടി എന്ന പട്ടണത്തിൽ ഒരു വിശേഷപ്പെട്ട തുറമുഖം ഉണ്ട.

യാവായെ കുറിച്ചുള്ള വിവരം.—ഇത ഫ്ലൊറിസിന്ന പടിഞ്ഞാറെ വശത്ത ഒരു വലിയ ദ്വീപ ആകുന്നു. ഇതിൽ മഥുര എന്നും ബാല്ലി എന്നുമുള്ള ചെറിയ ദ്വീപുകൾ അടങ്ങുന്നു. ഓരം ദ്വീപിന്റെ ഉള്ളിൽ ഇതിന്റെ ആസകലമായുള്ള നീളത്തിൽ പവ്തങ്ങളുടെ ഒരു നിരമുറിയാതെ കിടക്കുന്നു. അവയിൽ പലതും ക്രുടക്രുടെ പൊട്ടിപുറപ്പെടുന്ന അഗ്നിമലകൾ ആകുന്നു. ആറുകൾ അനവധിയുള്ളതും നിലം ബഹു നന്നും ആകുന്നു.

പ്രധാന നഗരികൾ.—ബട്ടാവിയാ എന്നും സമരാങ്ങ എന്നും സൂയ്യകർത്താ എന്നും സൂയ്യഭയാ എന്നും ആകുന്നു.

ഉത്ഭവങ്ങൾ.—യാവായിൽ ഇന്ത്യായിലുള്ള സകല ഉത്ഭവങ്ങളും പെരുത്തുള്ളിടവും എല്ലാ മാതിരി കാട്ടുമ്രുഗവും ഉള്ളിടവും ആകുന്നു അതിൽ സേഗൊ ഉണ്ട.

മതം.—നടപ്പായുള്ള മതം മഹമ്മദ മതം ആകുന്നു. ബാല്ലി എന്ന ദ്വീപിൽ ഇന്തു മതവും ഉണ്ട.

സുമാത്രായെ കുറിച്ചുള്ള വിവരം.—ഇത യാവായിൽ നിന്ന വടക്ക കിഴക്കായിട്ട ചാഞ്ഞ കിടക്കുന്ന ഒരു വലിയ ദ്വീപ ആകുന്നു. ഇതിൽ പല ആറുകൾ ഉണ്ട. അവയിൽ ചിലതിൽ ക്രൂടെ കപ്പലുകൾ പോകും. ഉയരമുള്ള പവ്തനിരകൾ ഓരം ദ്വീപ മുഴുവനിലും ക്രൂടെ പോയിരിക്കുന്നു. അവയിൽ പലതും അഗ്നിമലകൾ ആകുന്നു ദ്രാവകം ക്രുടക്രുടെ അവയിൽനിന്ന ഒഴുകികൊണ്ടിരിക്കുന്നത കാണാറുണ്ട. ഭ്രുകമ്പങ്ങളും ചിലപ്പോൾ ഉണ്ട. എന്നാൽ അവ സാമാന്യം കഠിനമുള്ളവയല്ല.

പ്രധാന നഗരികൾ.—അച്ചിൻ എന്നും മെനാൻ കബു എന്നും പാലെംബാങ്ങ എന്നും പാദാങ്ങ എന്നും ബെങ്കുലെൻ എന്നും ആകുന്നു.

ഉത്ഭവങ്ങൾ.—ഇന്ത്യായിലുള്ള ഉത്ഭവങ്ങൾ ഒക്കയും ഇതിലും ധാരാളമായിട്ട ഉണ്ടാകുന്നത ക്രുടാതെ ഓരം ദ്വീപിൽ കപ്പൂരവും ഏലവംഗവും ജാതിക്കായും ഗ്രാമ്പൂവും സാമ്പ്രാണിയും ചൂരലും സേഗൊയും ഉണ്ട. കാട്ടുമ്രുഗങ്ങളും നാട്ടുമ്രുഗങ്ങളും ഇന്ത്യായിലെ പോലെ തന്നെ ഉണ്ട. കടുവാ തുലോം വലിപ്പമായിട്ട വളരുന്നു. ഔറാങ്ങ ഔറാങ്ങ എന്ന മാതിരി കുരങ്ങും ഉണ്ട. കുതിരകൾ ചെറിയ മാതിരിയും ചൊടിപ്പുള്ളവയും ആകുന്നു. അവയെ ഇന്ത്യായിൽ അച്ചിമട്ടം എന്ന പറയുന്നു. അവയെ ചിലടത്ത ഭക്ഷിക്കയും ചെയ്യുന്നുണ്ട. പൊന്ന പെരുത്തുണ്ട. ചെമ്പും വെള്ളീയവും ഇരിമ്പുമുള്ള ത്രുരങ്കങ്ങളും ഉണ്ട മണ്ണെണ്ണയും ഗന്ധകവും ധാരാളമായിട്ട ഉണ്ട.

മതം.—അവിടെ മലയികളായിട്ടുള്ളവരുടെ മതം മഹമ്മദ മതം ആകുന്നു. എന്നാൽ ബാട്ടകളും മറുള്ള ആളുകളും മതത്തെകുറിച്ച വിവരം ഇല്ലാതെ മേലധികാരമുള്ളവരായിട്ടും അപ്രത്യക്ഷമായിട്ടും ചില ദേവന്മാർ ഉണ്ടെന്ന അല്പമായിട്ടെ വിചാരിക്കുന്നുള്ളു.

ഓസ്ത്രാലാസിയാ എന്ന ദ്വീപുകളെ കുറിച്ച.

ഓസ്ത്രാലാസിയാ എന്ന പേരപറയുന്നത പാസിഫിക്ക സമുദ്രത്തിലുള്ള ദ്വീപുകളുടെ ഒരു കൂട്ടത്തിന്ന ആകുന്നു. അവയെ കണ്ടറിഞ്ഞിട്ട കുറെ സംവത്സരമെ ആയുള്ളു.

ഓസ്ത്രാലാസിയായിൽ ഓസ്ത്രാലിയാ അല്ലെങ്കിൽ ന്യൂഹോലാണ്ട എന്നും വാൻദീയമസ്സ എന്നും ന്യൂസീലാണ്ട എന്നും പാപ്പുവാ അല്ലെങ്കിൽ ന്യൂഗിനി എന്നും പേരുകളുള്ള ദ്വീപുകളും മററ പല അയൽ ദ്വീപുകളും അടങ്ങി ഇരിക്കുന്നു.

൧. ഓസ്ത്രാലിയയെ കുറിച്ച.

ഓസ്ത്രാലിയാഅല്ലെങ്കിൽ ന്യൂ ഹോലാണ്ട എന്ന ദ്വീപിന്ന ൨൩ം നാഴിക നീളവും ഏകദേശം ൨൦൦ നാഴിക വീതിയും ഉണ്ട. ൦രം ദ്വീപ ഇംഗ്ലീഷകാരുടെ അധികാരത്തിൻ കീഴിൽ ആകുന്നു. എങ്കിലും അതിന്റെ അകത്തുള്ള ദേശങ്ങളെ ഇന്നവരെയും അവർ കണ്ടറിഞ്ഞിട്ടില്ല. അവർ കടലരികെ പട്ടണങ്ങളെ പണിത കുടിയിരിക്കുന്നു. ബോത്തനി എന്ന ഉൾക്കടൽ അരികെ ഒരു പട്ടണം ഉണ്ട. ഇംഗ്ലീഷകാർ ഇംഗ്ലാണ്ടിൽ കുററങ്ങളെ ചെയ്യുവരെ ശിക്ഷെക്കായിട്ട അവിടെ പാർപ്പിച്ച വന്നു. ആ ദേശത്തിന്റെ തലസ്ഥാനം സിഡ്നി എന്ന പേരുള്ളതാകുന്നു. അവിടെയും ഓസ്ത്രാലിയാ എന്ന ദ്വീപിന്റെ മററ സ്ഥലങ്ങളിലും ഇംഗ്ലീഷകാർ അനവധി ഉണ്ട. അത സമ്പത്തിലും മാനത്തിലും നന്നായി വർദ്ധിച്ച വരുന്നു. ആ ദ്വീപിൽ നല്ല മേച്ചിൽ സ്ഥലങ്ങൾ ഉണ്ട. അവിടത്തെ ആട്ടിന്റെ രോമം കുപ്പായങ്ങളെ ഉണ്ടാക്കുന്നതിന്ന ഒന്നാന്തരമാകുന്നു. നല്ല പൊന്നും ചെമ്പുമുള്ള തുരങ്കങ്ങൾ അവിടെ ഉണ്ട. നാട്ടുകാർ കുറെ ഉള്ളു അവർ ഏകദേശം മൃഗങ്ങളെ പോലെയുള്ള കാട്ടാളന്മാരാകുന്നു.

൨. വാൻദീയമസ്സ എന്ന ദേശത്തെ കുറിച്ച.

വാൻദീയമസ്സ എന്ന ദേശം ഓസ്ത്രാലിയയുടെ തെക്കെ വശത്തുള്ള ഒരു നല്ല ദ്വീപ ആകുന്നു. ഇവിടെ ഇംഗ്ലീഷകാർ പാർത്ത ഐശ്വർയ്യത്തിൽ വർദ്ധിച്ചവരുന്നു. അവർ അവിടെ പോയിട്ട കുറെ സംവത്സരമെ ആയിട്ടുള്ളു. എന്നാൽ ഇപ്പോൾ ൨൦,൦൦൦ത്തിൽ ചില്വാനം ആളുകൾ ഉണ്ട. അതിലെ പ്രധാന നഗരി ഹൊബാർട്ടൌൻ എന്ന പേരുള്ളതാകുന്നു. ഇത കച്ചവടത്തിന്ന ഏററവും നല്ല സ്ഥലം ആകുന്നു.

൩. ന്യൂസീലാണ്ട എന്ന ദ്വീപുകളെ കുറിച്ച.

ന്യൂസീലാണ്ട എന്ന ദ്വീപുകൾ ഓസ്ത്രാലിയയുടെ കീഴക്കെ വശത്ത പാസിഫിക്ക സമുദ്രത്തിലുള്ള രണ്ട മഹാ നല്ല ദ്വീപുകൾ ആകുന്നു. അവയിൽ പാർത്ത കുടിയാന്മാർ മൃഗസ്വഭാവമുള്ളവരും മഹാ ക്രൂരന്മാരും മാനുഷഭോജികളും ആയിരുന്നു. എന്നാൽ മിശിയോനരിമാർ അവിടെ പോയി സത്യമാർഗ്ഗത്തെ കുറിച്ച അവരോട അറിയിച്ചു. ദൈവസ

ഹായത്താൽ അവരിൽ മിക്കവരും നല്ല ക്രിസ്ത്യാനികളായി തീന്നിരിക്കുന്നു. ഇംഗ്ലീക്കുകാർ കൂടിയിരിപ്പായിട്ട അവിടെ വന്ന പാർക്കുന്നു. കുറഞ്ഞൊരു സംവത്സരത്തിന്നകം അത നല്ല സ്ഥലമായി തീരുകയും ചെയ്യും. അരിലെ ക്ലൈമെട്ട സൌഖ്യമുള്ളതും ഭ്രമിപുക്കിയുള്ളതും ആകുന്നു. വളരെ നല്ല തരമായ വൃക്ഷാദികളും സസ്യാദികളും അവിടെ പരദേശങ്ങളിൽനിന്ന കൊണ്ടുപോയി വളർത്തുന്നു. പശുക്കളും നാല്ക്കാലികളും പക്ഷികളും നല്ലപോലെ വർദ്ധിച്ചവരുന്നു.

൪. പാപ്പുവായെയും മറ്റ ദ്വീപുകളെയുംകുറിച്ച.

പാപ്പുവാ അല്ലെങ്കിൽ ന്യൂഗിനി എന്നും ന്യൂബ്രിത്തെൻ എന്നും ന്യൂ കലിഡൊനിയ എന്നും ന്യൂഹർലാണ്ട എന്നും സൊലൊമൊസ്സ ദ്വീപുകൾ എന്നും ന്യൂഹെബ്രൈഡിസ എന്നും പേരുകളുള്ളവ വലിയ ദ്വീപുകൾ ആകുന്നു. അവയെ കുറിച്ച ഏറെ അറിഞ്ഞിട്ടില്ല. അവയിൽ കുറെ കാട്ടാളന്മാരായ കുടിയാന്മാർ ഉണ്ട. ഇവയിൽ ന്യൂഗിനി വലിയ ദ്വീപ ആകുന്നു.

പാപ്പുവാ എന്ന ദ്വീപ ഗിലിലോസ്സ കുറെ കിഴക്ക തുടങ്ങി തെക്കുകിഴക്കായിട്ട ചാഞ്ഞുകിടക്കുന്നു. ഇതിന്റെ വടക്കേതും കിഴക്കേതുമായ തീരങ്ങളിൽ പാസിഫിക്ക സമുദ്രവും തെക്ക ഇതിനെ ഓസ്ത്രാലിയയിൽനിന്ന വേർതിരിക്കുന്ന തൊറീസ കടൽകൈവഴികളും ആകുന്നു.

ദേശത്രുപവും ഉത്ഭവവും.—ഇതിന്റെ തീരം തുടങ്ങി പനവൃക്ഷങ്ങളും വലിയ തടികളുള്ള കാട്ടകളും കൊണ്ട നിറഞ്ഞിരിക്കുന്ന മഹാ കിളരമുള്ളകുന്നുകളായിട്ടും ക്രമേണ പൊക്കമുള്ളതായിട്ട ആകുന്നു, അതിൽ തെങ്ങും ഉണ്ട. എന്നാൽ നായ്ക്കളും കാട്ടപൂച്ചകളും പന്നികളും അല്ലാതെ മൃഗങ്ങൾ ഇല്ല.

പൊലിനെസിയ എന്ന ദ്വീപുകളെ കുറിച്ച.

തെക്കെ സമുദ്രത്തിലുള്ള പല ദ്വീപുകളുടെ കൂട്ടങ്ങൾ ഉള്ളവയ്ക്ക പൊലിനെ സിയ എന്ന പേർ വിളിക്കപ്പെട്ടിരിക്കുന്നു. അവയിൽ പ്രധാനമായിട്ടുള്ളവ എന്തെന്നാൽ;

ക. സൊസൈയിട്ടി ദ്വീപുകൾ.

൦രം ദ്വീപുകളിൽ പ്രധാനമായിട്ടുള്ളത ഒത്താഹീത്തി അല്ലെങ്കിൽ തെഹിത്തി എന്ന പേരുള്ളതാകുന്നു. ൦രം ദ്വീപുകളിലെ നാട്ടകാർ വിഗ്രഹാരാധനക്കാരായിരുന്നു. അവർ മൂഢഭക്തന്മാരും തമ്മിൽ തമ്മിൽ കൂടക്കൂടെ യുദ്ധം ചെയ്യുവന്നവരും ആയിരുന്നു. എന്നാൽ ഇപ്പോൾ അവർ ക്രിസ്ത്യാനിമാർഗ്ഗം പഠിച്ചിരിക്കയാൽ ഉസ്വഭാവത്തെ വിട്ട നല്ലവരും ആചാരമുള്ളവരും ആയി തീരുന്നു.

ഖ. ഫ്രൈണ്ട്ലി ദ്വീപുകൾ.

ഇവയിൽ പ്രധാനമായിട്ടുള്ളത തൊൻഗാത്തെബൂ എന്ന പേരുള്ള

ദ്വീപമാകുന്നു. അവയിലുള്ള കുടിയാന്മാർ ഭംഗിയും ബുദ്ധിയും ഉള്ളവർ ആകുന്നു. അവരിൽ മിക്കവരും ക്രിസ്ത്യാനികളായി തീർന്നിരിക്കുന്നു. അവക്കുള്ള ദേശം നന്നായി കൃഷി ചെയ്യപ്പെട്ടതാകുന്നു. ൦രം ദ്വീപുകൾക്ക അടുത്തുള്ള ഫിജ്ജീ ദ്വീപുകൾ എന്നും നവിഗെട്ടോസ് ദ്വീപുകൾ എന്നും പേരുള്ള ദ്വീപുകളെ കുറിച്ച നല്ലപോലെ അറിയപ്പെട്ടിട്ടില്ല. അവയിലുള്ള കുടിയാന്മാർ ഭോഷ്ടാചാരക്കാരാകുന്നു.

൩. മാക്കെസാസ എന്ന ദ്വീപുകൾ.

മാക്കെസാസ എന്ന ദ്വീപുകൾ തെഹിത്തിയുടെ വടക്ക ആകുന്നു. അവിടത്തെ കുടിയാന്മാർ തെഹിത്തിക്കാരെക്കാൾ ഹീനന്മാരും ബോധമില്ലാത്തവരും ആകുന്നു.

൪. സാണ്ട്വിച്ച എന്ന ദ്വീപുകൾ.

സാണ്ട്വിച്ച എന്ന പേരുള്ള ദ്വീപുകളുടെ കൂട്ടം മേൽ പറഞ്ഞ ദ്വീപുകൾക്ക തൂലോം വടക്ക ആകുന്നു. ഒവൈഹി എന്ന ദ്വീപ ആ കൂട്ടത്തിൽ പ്രധാനമായിട്ടുള്ളതാകുന്നു. ആ ദ്വീപുകളിലെ കുടിയാന്മാർ ബോധമുള്ളവരും മാനമുള്ളവരും ആകുന്നു, അവർ എല്ലാവരും ക്രിസ്ത്യാനികളായി തീർന്നിരിക്കുന്നു.

ഇപ്പോൾ വളരെ കച്ചവടം ചെയ്യുവരുന്നു.

ആ ദ്വീപുകൾ മലയായുള്ള ദേശങ്ങൾ ആകുന്നു. അഗ്നി മലകളും അവിടെ ഉണ്ട.

൫. കറോലിനാ ദ്വീപുകൾ.

കറോലിനാ ദ്വീപുകൾ പാസിഫിക്ക സമുദ്രത്തിന്റെ പടിഞ്ഞാറെ ഭാഗത്ത ആകുന്നു. അവയിൽ പ്രധാനമായിട്ടുള്ളവ ഹൊഗൊൽ എന്നും ഓലാൻ എന്നും യാപ്പ എന്നും പേരുകളുള്ള ദ്വീപുകൾ ആകുന്നു. കുടിയാന്മാർ കപ്പൽ വേലശീലമുള്ളവരും അല്പം ആചാരമുള്ളവരും ആകുന്നു. എന്നാൽ അവരെ കുറിച്ച ഏറെ അറിയുന്നില്ല.

൬. ലദ്രോൻസ അല്ലെങ്കിൽ മാറിയാൻ ദ്വീപുകൾ.

ഇവ കറോലിനാ ദ്വീപുകളുടെ വടക്കെ വശത്ത ആകുന്നു. സ്പെയിൻകാർ അവയിൽ കുടിയിരുന്നതിന്റെ ശേഷം നാട്ടുകാരിൽ മിക്കവരും ക്ഷയിച്ചുപോയിരിക്കുന്നു. ഗ്വയം എന്നും തിനിയാം എന്നുമുള്ള ദ്വീപുകൾ അവയിൽ പ്രധാനമായിട്ടുള്ളവ ആകുന്നു.

Dumphy & Sinclair Lith.

യൂറോപ്പ എന്ന വൻകരയെ കുറിച്ച.

അതിരുകൾ.—യൂറോപ്പിന്റെ വടക്കെ ഭാഗം നീരുറെച്ച സമുദ്രം എന്ന പേർ പറയുന്ന ആർക്ടിക്ക സമുദ്രത്താലും; തെക്ക മെഡിത്തെറെനിയൻകടലിനാലും; കിഴക്ക ആസിയാ എന്ന വൻകരയാലും; പടിഞ്ഞാറ അത്ലാന്തിക്ക സമുദ്രത്താലും, അതൃത്തിയാക്കപ്പെട്ടിരിക്കുന്നു.

പ്രധാന അംശങ്ങൾ.—യൂറോപ്പ ൧൪ പ്രധാന അംശങ്ങളായിട്ട പകുക്കപ്പെട്ടിരിക്കുന്നു. അവ ഏതേതെന്നാൽ വടക്ക ൪: ഗ്രേട്ടബ്രിത്തെൻ എന്നും, ഇർലാണ്ട എന്നുമുള്ള ഐക്യരാജ്യവും; റുസ്സിയാ എന്ന മഹാ രാജ്യവും; സ്വെദൻ എന്നും നോവെ എന്നുമുള്ള ഐക്യരാജ്യവും; ഡെന്മാർക്ക എന്ന രാജ്യവും ആകുന്നു.

നടുവിൽ ൫: ഫ്രാൻസ എന്ന രാജ്യവും, ഹോലാണ്ട എന്ന രാജ്യവും, ബെല്ജിയം എന്ന രാജ്യവും, സ്വിത്സ്സല്ലാണ്ട എന്ന ജനാധിപത്യവും, ജെർമൻ നാടുകളും, ആകുന്നു. ജെർമൻ നാടുകളിൽ ഓസ്ത്രിയ എന്ന മഹാ രാജ്യവും,പ്രുസ്സിയാ എന്ന മഹാ രാജ്യവും, സക്സൊനി എന്നും ബാവറിയി എന്നും ഹനോവെർ എന്നും വട്ടെംബുൎഗ്ഗ എന്നും മററ ചെറിയ പ്രഭുവാധിപത്യങ്ങളും ഉണ്ട. ആസകലം ജെർമ്മനിദേശം മുപ്പത്തഞ്ച സ്വയാധിപത്യ നാടുകളായിട്ട പകുക്കപ്പെട്ടിരിക്കുന്നു.

തെക്ക ൫. സ്പേയിൻ എന്ന രാജ്യവും, പോൎത്തുഗാൽ എന്ന രാജ്യവും ഇത്താലി എന്ന രാജ്യവും, തുർക്കി എന്ന മഹാ രാജ്യവും, ഗ്രേക്ക എന്ന രാജ്യവും, ആകുന്നു.

പ്രധാന ദ്വീപുകൾ.—യൂറോപ്പിലുള്ള പ്രധാന ദ്വീപുകൾ ഏതേതെന്നാൽ. ആർക്ടിക്ക സമുദ്രത്തിൽ സ്പിത്സ്സബെൎഗൻ എന്നും, ബാൽത്തിക്ക കടലിൽ സീലാണ്ട എന്നും, വടക്കെ അത്ലാന്തിക്ക സമുദ്രത്തിൽ ഗ്രേട്ടബ്രിത്തെൻ എന്നും, ഇർലാണ്ട എന്നും, ഐസ്ലാണ്ട എന്നും, മെഡിത്തെറെനിയൻ കടലിൽ കോസിക്കാ എന്നും, പണ്ട എൽബാ എന്നും ബലിയാറിസ്സ എന്നും പേരുണ്ടായിരുന്ന മജൊർക്കാ എന്നും, മിനോർക്കാ എന്നും ഇവിക്ക എന്നുമുള്ള ദ്വീപുകളും, സിസ്സിലിഎന്നുംസാർദിനിയാ എന്നും,മൊല്ത്താഎന്നും,കാണ്ടിയാ എന്നും റോദെസ എന്നും കുപ്രൊസ എന്നും മെഡിത്തെറെനിയൻ ആർക്കിപലെഗൊ എന്ന പേർ വിളിക്കപ്പെട്ടവയായിഗ്രേക്കിന്നുംചെറിയ ആസിയായിക്കും ഇടയിലുള്ള വളരെ ചെറിയ ദ്വീപുകളും ആകുന്നു. യൂറോപ്പിയതുർക്കിയുടെ അരികെ മെഡിത്തെറെനിയൻ കടലിന്റെ ഒരു ഭാഗത്ത ൦൪ംയൊനിയാൻ എന്ന പേരുള്ള ഏഴദ്വീപുകൾ ഉണ്ട. അവയിൽ ഓരൊ ദ്വീപിന്റെ പേര എന്തെന്നാൽ കോഫ്ര എന്നും സെഫെലൊനിയാ എന്നും സാന്ത എന്നും, സന്തമോറാ എന്നും, ഇതെക്കാ എന്നും, സിറൈഗൊ എന്നും, പക്സൊ എന്നും ആകുന്നു.

പ്രധാന പൎവ്വതങ്ങൾ.—ആൽപ്സ എന്ന പേരുള്ള വൎവ്വതനിരഇത്താലിയെ ഫ്രാൻസിൽനിന്നും സ്വിത്സ്സല്ലാണ്ടിൽനിന്നും ജെർമ്മനിയിൽനിന്നും വേറാക്കുന്നു. യൂറോപ്പിലുള്ള എല്ലാ മലകളെക്കാളും ആൽപ്സ ഉയരമുള്ളതാകുന്നു. ൦൪ം പൎവ്വതനിരയിൽ മൌന്തബ്ലാൻക എന്ന പേരുള്ള മല ഏററവും ഉയൎച്ചയുള്ളതാകുന്നു.

പിറെനീസ്സ എന്ന പേരുള്ള പൎവ്വതം, സ്പേയിനിൽനിന്ന ഫ്രാൻസിനെ വേറാക്കുന്നു.

അപ്പെനീൻ്സ എന്ന പൎവ്വതം, ഇത്താലിയിൽ കൂടി തെക്കുവടക്കായിട്ടു കിടക്കുന്നു.

ഹിമസ്സ എന്നെങ്കിലും ബാൽകാൻ എന്നെങ്കിലും പേരായ പൎവ്വതനിര യൂറോപ്പിയൻ തുൎക്കിയിൽ ആകുന്നു.

കാൎപ്പതിയൻ എന്നുള്ള പൎവ്വതനിര, ഹൻഗറി എന്നുള്ള ദേശത്തെ പോലൊണ്ട എന്ന ദേശത്തിൽനിന്ന വേറാക്കുന്നു.

ഹാൎഗ്ഗ്സ എന്നുള്ള പൎവ്വതനിര, ജെൎമ്മനിയിൽ ആകുന്നു. ൦രം മലനിരെയ്ക്കു വേറെ പേരുകൾ ഉണ്ട. എന്തെന്നാൽ മലൻ എന്നും ഹൎക്കെന്നിയൻ മലകൾ എന്നും കറുത്ത കാട എന്നും ആകുന്നു.

യൂറാൽ പൎവ്വതങ്ങൾ, യൂറോപ്പിലുള്ള റുസ്സിയായുടെയും ആസിയായിലുള്ള റുസ്സിയായുടെയും ഇടയിൽ ആകുന്നു.

ഡൊഫ്രെഫില്ഡ എന്നുള്ള പൎവ്വതനിര, നോൎവെയുടെയും സ്വെദൻെറയും ഇടയിൽ ആകുന്നു.

അഗ്നി പൎവ്വതങ്ങൾ.—എറ്റ്റാ എന്നുള്ള പൎവ്വതംസിസ്സിലി എന്ന പേരുള്ള ദ്വീപിൽ ആകുന്നു. വെസൂവിയുസ്സ എന്നുള്ള പൎവ്വതം, നെപ്പല്സ എന്നുള്ള ദേശത്തിൻെറ അരികെ ആകുന്നു. ഹെക്ലാ എന്നുള്ള പൎവ്വതം, ഐസ്ലാണ്ട എന്ന പേരുള്ള ദ്വീപിൽ ആകുന്നു.

കടലുകളും ഉൾക്കടലുകളും.—വെള്ള കടൽ, റുസ്സിയായുടെ വടക്ക ഭാഗത്ത ആകുന്നു. ഐരീഷ കടൽ ഇംഗ്ലാണ്ടിന്നും ഇൎലാണ്ടിന്നും ഇടയിൽ ആകുന്നു. ജെൎമൻ കടൽ അല്ലെങ്കിൽ വടക്കെ കടൽ ഗ്രേട്ടബ്രിത്തെൻെറയും ഡെന്മാൎക്കിൻെറയും റുസ്സിയായുടെയും ഇടയിൽ ആകുന്നു. മെഡിത്തെറെനിയൻ കടൽ യൂറോപ്പിൻെറയും അഫ്രിക്കയുടെയും ഇടയിൽ ആകുന്നു. ആസോഫ്ഫ എന്ന കടൽ കരിങ്കടലിൻെറ വടക്കെ ഭാഗത്ത ആകുന്നു. മാൎമ്മൊറാ എന്ന കടൽ കൊൻസ്താന്തിനൊപ്പളിന്ന അടുക്കൽ ആകുന്നു ബിസ്കെ എന്ന പേരുള്ള ഉൾക്കടൽ ഫ്രാൻസിൻെറ പടിഞ്ഞാറെ വശത്തിന്നും സ്പേയിനിൻെറ വടക്കെ വശത്തിന്നും ഇടയിലാകുന്നു. ബോത്നിയാ എന്നും ഫിൻലാണ്ട എന്നും രിഗാ എന്നും മൂന്ന ഉൾക്കടലുകൾ ബാൽത്തിക്ക കടലിനോട് ചേരുന്നു. ലിയോൻസ എന്നുള്ള ഉൾക്കടൽ ഫ്രാൻസിന്ന തെക്ക വശത്ത ആകുന്നു. ജെനോവ എന്ന ഉൾക്കടൽ ഇത്താലിയുടെ അടുക്കൽ ആകുന്നു. വെനീസ എന്ന ഉൾക്കടൽ അല്ലെങ്കിൽ അദ്രിയത്തിക്ക കടൽ ഇത്താലിയുടെയും തുൎക്കിയുടെയും ഇടയിൽ ആകുന്നു. താറാന്ത എന്ന ഉൾക്കടൽ ഇത്താലിയുടെ തെക്ക വശത്ത ആകുന്നു. കോറിന്ത എന്ന ഉൾക്കടൽ ഗ്രേക്ക ദേശത്തിൽ ആകുന്നു.

കടൽ കൈവഴികൾ.—സെന്തജോജിസ കൈവഴി ഇൎലാണ്ടിൻെറ തെക്കെ ഭാഗത്ത ആകുന്നു. ബ്രിത്തിഷ എന്നൊ ഇംഗ്ലീഷ എന്നൊ പേരുള്ള കൈവഴി ഇംഗ്ലാണ്ടിന്നും ഫ്രാൻസിന്നും ഇടയിൽ ആകുന്നു. ൦രം കൈവഴി അത്ലാന്തിക്ക സമുദ്രത്തെ ജെൎമൻ കടലിനോട ചേൎക്കുന്നു. അതിൻെറ വടക്കെ ഭാഗത്തിന്ന ദൊവേർ എന്ന കൈവഴി എന്നും പേർ പറഞ്ഞുവരുന്നു. കററിഗാററ എന്ന പേരുള്ള കായൽ ജെൎമൻ കടലിനെ ബാൽത്തിക്ക കടലിനോട ചേൎക്കുന്നു. ബാൽത്തിക്ക ക

ടലിലേക്ക പ്രവേശിക്കുന്നത മൂന്ന കൈവഴികളായിട്ട ആകുന്നു. അവ യുടെ പേരുകൾ എന്തെന്നാൽ സൌണ്ട എന്നും വലിയ ബെല്ട്ട എന്നും ചെറിയ ബെല്ട്ട എന്നും ആകുന്നു. ജിബ്രാൾത്തർ എന്ന കൈവഴി സ്പേയിനിന്നും അഫ്രിക്കയിക്കും ഇടയിൽ ആകുന്നു. ംരം കൈവഴി അത്ലാന്തിക്ക സമുദ്രത്തെ മെഡിത്തെറെനിയൻ കടലിനോട ചേക്കുന്നു. മെസ്സിന എന്ന കൈവഴി, ഇത്താലിയ്യും സിസ്സിലിയ്യും ഇടയിൽ ആകുന്നു.

പ്രധാന ആറുകൾ.—വൊൽഗാ എന്ന പേരുള്ള ആറ, യൂ റോപ്പിലുള്ള ആറുകളിൽ ഏറവും വലിയതാകുന്നു. അത റുസ്സിയായു ടെ നടുവിൽനിന്ന പുറപ്പെട്ട, യൂറോപ്പിന്റെയും ആസിയായുടെയും ഇടയിൽ ക്രടെ ഒഴുകി അസ്രാക്കാൻ എന്ന ദേശത്തിന്ന സമീപെയുള്ള കസ്പിയൻ കടലിൽ വീഴുന്നു.

ഓന്യൂബ എന്ന ആറ,വൊൽഗാ കഴിഞ്ഞാൽ യൂറോപ്പിലുള്ള മഹാ വ ലിയ ആറ ആകുന്നു. അത ബാഡെൻ എന്ന പേരുള്ള ഇട പ്രഭുവി ന്റെ ദേശത്തിലുള്ള കറുത്ത കാട എന്ന മലയിൽനിന്ന പുറപ്പെട്ട ജെ ർമ്മനിയിലും ഓസ്ത്രിയയിലും ക്രടി ഒഴുകി കരിങ്കടലിലേക്ക പല കൈവ ഴികളായിട്ട വീഴുന്നു.

ഡൊൻ എന്ന ആറ, റുസ്സിയായുടെ നടുവിൽ നിന്നപുറപ്പെട്ട, ആ സോഫ്ത എന്ന പേരുള്ള ദിക്കിന്റെ സമീപെയുള്ള ആസോഫ്ത എന്ന കടലിലേക്ക വീഴുന്നു.

ന്നൈപർ എന്ന ആറ, റുസ്സിയായുടെ നടുവിൽനിന്ന പുറപ്പെട്ട ഖെ സ്സോൻ എന്ന ദിക്കിന്റെ താഴെ കരിങ്കടലിൽ വീഴുന്നു.

വിസ്തൂലാ എന്ന ആറ, കാല്പതിയൻ മലകളിൽനിന്ന പുറപ്പെട്ട, വ ടക്കോട്ട ഒഴുകി, ബാൽത്തിക്ക എന്ന പേരുള്ള കടലിലേക്ക വീഴുന്നു.

ലീനാ എന്നുള്ള ആറ, റുസ്സിയായിൽനിന്ന പുറപ്പെട്ട, തിഗാ എന്ന പേരുള്ള കേൾവിപ്പെട്ടിരിക്കുന്ന പട്ടണത്തിന്റെ അരികെ വെച്ച ബാ ൽത്തിക്ക കടലിലേക്ക വീഴുന്നു. ംരം ആറ ക്രടാതെ റുസ്സിയായിൽനിന്ന പുറപ്പെടുന്ന ലീനാ എന്ന പേരായിട്ട വേറൊരു ആറ ഉണ്ട. അത വട ക്കോട്ട ഒഴുകി അർക്കാൻജെൽ എന്ന പട്ടണത്തിന്ന അരികെ വെള്ള എ ന്ന പേരുള്ള കടലിലേക്ക വീഴുന്നു.

രീൻ എന്ന ആറ, പെരുത്ത വലിയതും വിശേഷപ്പെട്ടതുമായൊരു ആറ ആകുന്നു. അത സ്വീത്സ്സ്ലാണ്ടിൽനിന്ന പുറപ്പെട്ട, ജെർമ്മനിയിലൂ ടെയും ഹോലാണ്ടിലൂടെയും ഒഴുകി, ജെർമ്മൻ കടലിലേക്ക വീഴുന്നു.

രോൻ എന്ന ആറ, രീൻ പുറപ്പെടുന്ന സ്ഥലത്തിന്റെ അരികെ പു റപ്പെട്ട ഫ്രാൻസിലേക്ക കടന്നതിന്റെ ശേഷം ലിയോൻസിന്ന അരി കെയുള്ള കായ്ലിലേക്ക വീഴുന്നു.

എല്ബ എന്ന ആറ, ബൊഹെമിയാ എന്ന ദേശത്തിന്ന അരികെയു ള്ള ഹാസ്സ എന്ന മലയിൽനിന്ന പുറപ്പെട്ട, ജെർമ്മനിയിലൂടെ ഒഴുകി ജെർമ്മൻ കടലിലേക്ക വീഴുന്നു.

താഹുസ്സ എന്ന ആറ, സ്പേയിനിൽനിന്ന പുറപ്പെട്ട പൊർത്തുഗാലിലൂ ടെ ഒഴുകി വടക്കെ അത്ലാന്തിക്കിലേക്ക വീഴുന്നു.

തീബെർ എന്ന ആറ, അപ്പെനിസ്സ മലകളിൽനിന്ന പുറപ്പെട്ട ഇ ത്താലി എന്ന ദേശത്തെ കടന്ന മെഡിത്തെറെനിയൻ കടലിലേക്ക വീ ഴുന്നു.

തേംസ്സ് എന്ന ആറ, ഇംഗ്ലാണ്ടിലുള്ള ഗ്ലൌസെസ്റ്റർ എന്ന മിക്കിൽനിന്ന പുറപ്പെട്ട ജെർമൻ കടലിലേക്ക വീഴുന്നു.

ഗ്രേട്ടബ്രിത്തെൻ എന്നും ഇർലാണ്ട എന്നുമുള്ള ഐക്യ രാജ്യത്തെ കുറിച്ച.

ഗ്രേട്ടബ്രിത്തെൻ എന്നും ഇർലാണ്ട എന്നുമുള്ള ഐക്യ രാജ്യം യൂറോപ്പിൻെറ വടിഞ്ഞാറെ ഭാഗത്ത വടക്കെ അത്ലാന്തിക്ക സമുദ്രത്തിൽ ആകുന്നു. ഗ്രേട്ടബ്രിത്തെനിൽ ഇംഗ്ലാണ്ട എന്നും വേത്സ എന്നും സ്കോത്ലാണ്ട എന്നും പേരുള്ള ദേശങ്ങളും വളരെ ചെറിയ ദ്വീപുകളും ഉൾപ്പെട്ടിരിക്കുന്നു.

ഇംഗ്ലാണ്ട എന്ന ദേശത്തെ കുറിച്ച.

അതിരുകൾ.—ഇംഗ്ലാണ്ടിൻെറ വടക്കെ ഭാഗം സ്കോത്ലാണ്ടിനാലും തെക്ക ഇംഗ്ലീഷ കടൽ കൈവഴിയാലും കിഴക്ക ജെർമൻ കടലിനാലും പടിഞ്ഞാറ ഐരീഷ കടലിനാലും അതൃത്തിയാക്കപ്പെട്ടിരിക്കുന്നു.

പ്രധാന അംശങ്ങളും നഗരികളും.—ഇംഗ്ലാണ്ടിലെ പ്രധാന നഗരി ലൊണ്ടോൻ എന്ന ആകുന്നു. എന്നാൽ ഇംഗ്ലാണ്ട രും അംശങ്ങളായിട്ടും വേത്സ രു ആയിട്ടും ആസകലം ഇ അംശങ്ങളായിട്ട പകുക്കപ്പെട്ടിരിക്കുന്നു. ഓരൊ അംശത്തിന്ന കൌന്തി എന്ന എങ്കിലും ശയർ എന്നെങ്കിലും സാമാന്യേന പേർ പറഞ്ഞവരുന്നു. ഇത കൂടാതെ ഓരോരൊ അംശത്തിന്ന ഓരോരൊ പ്രത്യേകമായ പേരും പ്രധാന നഗരവും ഉണ്ട. എന്തെന്നാൽ,

ഇംഗ്ലാണ്ടിലെ വടക്കെ ഭാഗത്ത ന്യ.

കൌന്തി.	പ്രധാന നഗരി.
നോത്തംബെല്ലാണ്ട.	ന്യൂകാസ്സൽ.
കുംബൈല്ലാണ്ട.	കാല്ലയൽ.
ദുർഹം.	ദുർഹം.
യോൿശയർ.	യോൿ.
വെസ്റ്റുമോലാണ്ട.	അപ്പൽബി.
ലങ്കാശയർ.	ലങ്കാസ്റ്റർ.

വേത്സിനോട ചേരുന്ന ര.

ചെശയർ.	ചെസ്റ്റർ.
ശ്രൊപ്പ്ശയർ.	ശ്രൂസ്ബുറി.
ഹെരെഫോൎഡ്ശയർ.	ഹെരെഫൊൎഡ.
മൊന്മൌത്ശയർ.	മൊന്മൌത്ത.

നടുവിൽ ൧൨.

നൊട്ടിങ്ങ്ഹാംശയർ.	നൊട്ടിങ്ങ്ഹാം.
ദേബിശയർ.	ദേബി.
സ്മാഫ്ഫോഡ്ശയർ.	സ്മാഫ്ഫോഡ്.
ലെസ്മശയർ.	ലെസ്മർ.
റുത്ത്യാണ്ടശയർ.	ഒക്ഹാം.
നൊർത്താമ്പ്ടൻശയർ.	നൊർത്താമ്പ്ടൻ.
വാവിക്ശയർ.	വാവിക്ക.
വോസ്സെസ്മർശയർ.	വൊസ്സെസ്മർ
ഗ്ലൌസെസ്മർശയർ.	ഗ്ലൌസെസ്മർ.
ഒക്സഫൊഡ്ശയർ.	ഒക്സഫൊഡ്.
ബുക്കിങ്ങ്ഹാംശയർ.	ഐത്സബുറി.
ബെഡ്ഫോഡ്ശയർ.	ബെഡ്ഫോഡ്.

കിഴക്ക വ്യ.

ലിങ്കൊൻശയർ.	ലിങ്കൊൻ.
ഹന്തിങ്ങദോൻശയർ.	ഹന്തിങ്ങദോൻ.
കാംബ്രിഡ്ജശയർ.	കാംബ്രിഡ്ജ.
നോഫ്ഫോക്ക.	നോർവ്വിച്ച.
സഫൊക്ക.	ഇപ്സ്വിച്ച.
എസ്സെക്സ.	ചെൽമ്സഫൊഡ്.
ഹെൎത്തഫൊഡ്ശയർ.	ഹെൎത്തഫോഡ്.
മിഡൾസെക്സ.	ലൊണ്ടോൻ

തെക്കുകിഴക്ക. ൩.

സുറി.	ഗില്ലൊഡ്.
കെന്ത.	കന്തെർബുറി.
സുസ്സെക്സ.	ചിച്ചസ്മെർ.

തെക്കു ൪.

ബേൎക്കശയർ.	രെഡിങ്ങ.
വിൽത്ശയർ.	സാത്സബുറി.
ഹാമ്പശയർ.	വിഞ്ചെസ്മർ.
ദോസെത്ശയർ.	ദോർച്ചെസ്മർ.

തെക്കുപടിഞ്ഞാറ ൩.

സൊമെൎസ്സത്ശയർ.	വെല്സ.
ദെവോൻശയർ.	എക്സെത്തർ.
കോൎന്വാൽ.	ലോൻസെസ്മൊൻ.

പ്രധാന മലകളും കുന്നുകളും.—ഒരു പർവതനിര സ്കോ
ട്ലാണ്ടിൽനിന്ന തുടങ്ങീട്ട ഇംഗ്ലാണ്ടിൽ ക്രടി ചിലടത്ത ഇടവിട്ട തെക്ക
വടക്കായിട്ട കിടക്കുന്നു. ഒരം നിരയിലുള്ള ശ്രുതിപെട്ട സ്ഥലങ്ങളുടെ
പേരുകൾ എന്തെന്നാൽ,

ഇംഗ്ലാണ്ടിന്റെയും സ്കോട്ലാണ്ടിന്റെയും ഇടയിലുള്ള ചെവിയോട്ട
എന്നും യോക്ശയരിലുള്ള ഇംഗ്ൾൽബറ എന്നും വാൻസൈഡ എന്നും
ലങ്കാശയരിലുള്ള പെൻഡെൽ എന്നും കുംബെല്ലാണ്ടിലുള്ള സ്കിട്ടാ എ
ന്നും ഹെൽവെല്ലിൻ എന്നും ഗ്ലൗസെസ്റ്ററിലുള്ള കൊസ്സ്വോൾഡ എന്നും
വോസ്സെസ്റ്റർശയരിലുള്ള മാൽവെൻ എന്നും സൊമെസ്സ്റ്റർശയരിലുള്ള മെ
ൻഡിപ്പ എന്നും ദേബിശയരിലുള്ള പീക്ക എന്നും സ്റ്റോപ്പ്ശയരിലുള്ള പ്രൈ
ക്കിൻ എന്നും ആകുന്നു.

ദ്വീപുകൾ.—ജേസി എന്നും ഗേൻസി എന്നും ആൽഡർനീ എ
ന്നും സാക്ക എന്നും പേരായിട്ടിരിക്കുന്ന ജനപുഷ്ടിയുള്ള ചെറിയ തുരു
ത്തുകൾ ഫ്രാൻസിന്റെ അരികെ ആകുന്നു. ഇംഗ്ലാണ്ടിന്റെ തെക്കുവ
ശത്ത വൈറ എന്നും ഇർലാണ്ടിലെ കടലിലുള്ള മാൻ എന്നും വേത്സി
ലുള്ള ആങ്ഗ്ലൽസി എന്നും കോൻവാലിന്ന അരികെയുള്ള സില്ലി എന്ന
ദ്വീപുകൾ എന്നും നോർത്തംബല്ലാണ്ടിന്ന അരികെയുള്ള ഹൊല്ലി ഐ
ലാണ്ട എന്നും കൊക്കട്ട എന്നും കെന്തിലുള്ള തെന്നട്ട എന്നും ശെപ്പി എ
ന്നും ആകുന്നു.

കായല്കൾ.—കുംബെല്ലാണ്ടിലുള്ള ഉത്സ്വാത്തർ എന്നും വെ
സുമൊലാണ്ടിലുള്ള വിൻഡെമീർ എന്നും ലങ്കാശയരിലുള്ള കൊനിസ്റ്റോൻ
എന്നും ആകുന്നു.

ആറുകൾ.—തേമ്സ എന്നും ത്രേന്ത എന്നും ഔസ എന്നും ഹുംബ
ർ എന്നും തയൻ എന്നും മേസി എന്നും മെഴ്സെ എന്നും ആകുന്നു.

ദേശ രൂപം.—ഇംഗ്ലാണ്ടിൽ മൈതാന ഭൂമികളും കുന്നുകളും മേ
ച്ചിൽ സ്ഥലങ്ങളും വനപ്രദേശങ്ങളും നല്ല കൃഷിസ്ഥലങ്ങളും മരുഭൂമി
കളും വലിയ തോട്ടങ്ങളും പാറയുള്ള സ്ഥലങ്ങളും വിശേഷ രാജവഴി
കളും ഇമ്പമുള്ള ആറുകൾ മുതലായ വെള്ളങ്ങളും ഉണ്ടാകകൊണ്ട അത
കാഴ്ചെക്ക നല്ല ചന്തമുള്ള ദേശം ആകുന്നു.

ക്ലൈമെട്ട.—കിഴക്കൻ കരക്കാറും അത്ലാന്തിക സമുദ്രത്തിൽനിന്ന
വരുന്ന ആവിയോട കൂടിയ കാറും തമ്മിൽ അടിച്ച എതുക്കുന്നത കൊ
ണ്ട മിക്ക ദേശങ്ങളിലുള്ളതിനെക്കാളും ഗ്രേട്ടബ്രിത്തെനിലെയും സ്കോട്ലാ
ണ്ടിലെയും ക്ലൈമെട്ട മാറിമാറി വരുന്നു. ഇത കാരണത്താൽ ചില
പ്പോൾ ഋതുക്കൾക്ക വ്യത്യാസം വരുത്തുകയും നെഞ്ചടെപ്പ മുതലായ ദീ
നങ്ങൾക്ക ഇടവരുത്തുകയും ചെയ്യുന്നു. എന്നാൽ മേൽ പറഞ്ഞ ദീന
ങ്ങൾകൊണ്ടുള്ളതല്ലാതെ ഇംഗ്ലാണ്ട ശരീരസൌഖ്യത്തിന്ന കൊള്ളാകുന്ന
ദേശം ആകുന്നു.

ഉത്ഭവങ്ങൾ.—കൃഷിയ്ക്കും മേച്ചിലിന്നും ഇംഗ്ലാണ്ട ഒന്നാന്തരം
ദേശം ആകുന്നു. ഇപ്രകാരം വന്നത വള വിശേഷം കൊണ്ടല്ല ദൈ
വത്തിന്റെ അനുഗ്രഹം കൊണ്ടും കൂടിയാണ്മാരുടെ വലിയ അദ്ധ്വാനം
കൊണ്ടും പഠിത്വത്താൽ വരുന്ന സാമർത്ഥ്യം കൊണ്ടും അത്രെ ആകുന്ന

ത. കോതമ്പ യവം മുതലായ കരധാന്യങ്ങളും പലതരമായ സസ്യാദി
ടികളും പല വക പയറുകളും വൃക്ഷാദികളും ഇംഗ്ലാണ്ടിൽ ഉണ്ടാകുന്നു.
അവിടെ വിശേഷപ്പെട്ട കരുവേലകവൃക്ഷങ്ങളും * ഹോപ്സ് എന്ന പൂ
ക്കളും നന്നായി ഉണ്ടാകുന്നു. കുറുക്കൻ മുയല മുതലായ ചെറിയ ജീവ
ജന്തുക്കൾ അല്ലാതെ കാട്ടുമൃഗങ്ങൾ ഇംഗ്ലാണ്ടിൽ ഇപ്പോൾ ഇല്ല. എന്നാ
ൽ മററു ദേശങ്ങളിൽനിന്ന മുമ്പെ വരുത്തിയ പലതരമായ മൃഗങ്ങൾ
പെറുണ്ടായതായി ഇണങ്ങിയതും ഏററം നല്ലതുമായുള്ള ആടുമാട മു
തലായവയും പലതരമായ ഇണങ്ങിയ കോഴിമുതലായ പക്ഷികളും
ആകാശമണ്ഡലത്തിലുള്ള പലതരമായ പാടുന്ന പറവജാതികളും ശീ
തോഷ്ണകാലത്തിൻ പ്രകാരം ഒരു ദേശത്തിൽനിന്ന മറുദേശത്തേക്ക സ്ഥ
ലം മാറുന്ന പലവക പക്ഷികളും ഒന്നാന്തരമായ തേനീച്ചകളും പല
വക ംറംച്ചകളും ഏതാനും ചെറിയ പാമ്പുകളും ചില തവള പുഴുമുത
ലായ ഇഴയുന്ന ജന്തുക്കളും ഉണ്ട. ഇഗ്ലീക്കടലിലും ആറുകളിലും ഭക്ഷി
പ്പാൻ കൊള്ളാകുന്ന വളരെ ക്രൂട്ടങ്ങളായ മത്സ്യങ്ങളും ഉണ്ട.

ആ ദേശത്തിൽ രാണ്ടായിരത്തിൽ ചിലപാനം സംവത്സരമായിട്ട ഏ
ററവും ശ്രുതിപെട്ടിരിക്കുന്ന തുരങ്കങ്ങളിൽനിന്ന വെള്ളീയത്തെ എടുത്തു
വരുന്നു. ഇത ക്രടാതെ ഇരിമ്പും ചെമ്പും ംറംയവും ഉപ്പും വിശേഷ
പ്പെട്ട കല്ലുനിയും ഉള്ള തുരങ്കങ്ങളും ഉണ്ട. ഇംഗ്ലാണ്ടിലുള്ള ചില ദിക്കുക
ളിൽ പലപല രോഗങ്ങളെ പൊറുപ്പിപ്പാൻ കൊള്ളാകുന്ന ചൂടും തണു
പ്പുമായ ധാതുവെള്ളങ്ങൾ ഉണ്ട.

കൈവേലകളും വ്യാപാരവും.—ഇംഗ്ലാണ്ടിലെ സൂത്രപ
ണികളും കൈവേലകളും പലതരവും ഒന്നാന്തരവും ആകുന്നു. ആയത
എന്തെന്നാൽ തോക്ക വാള മുതലായ ആയുധങ്ങളും കത്തി മുതലായസ
കല വിധ പണികളും യന്ത്രപ്പണികളും എല്ലാമാതിരി കണ്ണാടികളും പി
ഞ്ഞാണങ്ങളും കടലാസും കച്ചതരങ്ങളും ആടുരോമം കൊണ്ടുള്ള തുണി
കളും നൂലുകളും കുശപ്പണികളും ആയ കച്ചവടം ഇംഗ്ലാണ്ടിലെ പോ
ലെ മററ യാതൊരു ദേശത്തിലും അത്ര വളരെ ഇല്ല. ചരക്കുകൾ കൊ
ണ്ട നിറഞ്ഞ അനേകം ഇംഗ്ലിഷ കപ്പലുകൾ ഇങ്ങോട്ടും അങ്ങോട്ടും എ
ല്ലാസ്സോഴും സഞ്ചരിക്കുന്നു. ഇംഗ്ലാണ്ടിൽ പോകുചരക്കുകളും വരവുചര
ക്കുകളും വളരെ ഉണ്ട. ഇംഗ്ലാണ്ടിൽനിന്ന ഇരിമ്പും ചെമ്പും കടലാസും
എല്ലാത്തരമായ ശീലകളും ഇംഗ്ലാണ്ടിലെ മററ എല്ലാ വസ്തുക്കളും പോ
കുചരക്കായിട്ട കേററി അയക്കപ്പെടുന്നു.

---

* ഹോപ്സ് എന്നുള്ളത ഒരു വക നടുതല ആകുന്നു. അത ഏകദേശം
കാച്ചിൽ എന്ന പോലെ വള്ളിയായിട്ട മേല്പോട്ട വളൻ പടരും അതി
ന്റെ പൂക്കൾ നല്ല കൈപ്പുരസം ആകുന്നു. ആ പൂവുകൊണ്ടും ‡ മോല്ത്ത
കൊണ്ടും ബീയറ എന്ന പേരുള്ള ഒരു മാതിരി പാനീയം ഉണ്ടാക്കപ്പെ
ടുന്നു.

‡ മോല്ത്ത എന്നത യവം കൊണ്ട ഉണ്ടാക്കപ്പെട്ടിരിക്കുന്നു. അത എങ്ങി
നെ എന്നാൽ യവം മുളവരുവോളം കുതിർത്തിട്ട ചൂടയടപ്പിൽ ഇട്ട അ
വലിന്ന നെല്ല വറക്കുന്ന പ്രകാരം വറക്കുമ്പോൾ അതിന്ന മോല്ത്ത എ
ന്ന പേർ പറഞ്ഞവരുന്നു.

പഠിത്വവും മതവും.—ഇംഗ്ലീക്കാരുടെ മതം ക്രിസ്ത്യാനിമതം ആകുന്നു പ്രൊത്തെസ്റ്റാന്ത എന്ന പേരുള്ള മതം ആകുന്നു. ഇംഗ്ലാണ്ടിൽ പഠിത്വമുള്ളവരും ബഹു വിദ്വാന്മാരും വളരെ ഉണ്ട. കാംബ്രിഡ്ജ് എന്നും ഒക്സ്ഫൊഡ് എന്നുമുള്ള രണ്ട പട്ടണങ്ങളിൽ ഏറവും ശ്രുതിപെട്ട പാഠകശാലകൾ ഉണ്ട.

വിശേഷാദികൾ.—ഇംഗ്ലീക്കാക്ക വാങ്ങിപ്പാൻ എങ്കിലും കാണ്മാൻ എങ്കിലും ആയിട്ട അന്യദേശങ്ങളിലുള്ള ചില വസ്തുക്കളെ വരുത്തുന്നു. അങ്ങിനെ എല്ലാ മാതിരിയിലുള്ള മൃഗങ്ങളെയും പക്ഷികളെയും പാമ്പുകളെയും വൃക്ഷങ്ങളെയും വിലയേറിയ രത്നങ്ങളെയും പൊന്നവെള്ളി മുതലായ ആഭരണങ്ങളെയും ഇംഗ്ലാണ്ടിൽ കാണ്മാനുണ്ട. അവയെ സൂക്ഷിപ്പാനായിട്ട അവിടെ തക്ക നല്ല സ്ഥലങ്ങൾ ഉണ്ട.

വേത്സ എന്ന ദേശത്തെ കുറിച്ച.

വേത്സ ഇംഗ്ലാണ്ടിന്റെ പടിഞ്ഞാറെ ഭാഗം ആകുന്നു. അത മുമ്പെ സ്വാതന്ത്ര്യമുള്ള ഒരു പ്രഭുത്വം ആയിരുന്നു. ഇപ്പോൾ ഇംഗ്ലാണ്ടിലെ അധികാരത്തിൻ കീഴിൽ ഉൾപ്പെട്ടിരിക്കുന്നു. വേത്സ മലയുള്ള പ്രദേശം ആകുന്നു. പ്രധാന മലകൾ സ്നോദോൻ എന്നും ബെവീൻ എന്നും കഡർ എന്നും ഇദ്രിസ എന്നും പ്ലിൻലിമ്മോൻ എന്നും വാൻ അല്ലെങ്കിൽ ബ്രെക്നോക എന്നും ബീക്കോൻ എന്നും ആകുന്നു.

ഇംഗ്ലാണ്ടിലും വേത്സിലുമുള്ള മലകളിൽ ഏറവും ഉയൎന്ന മല സ്നോദോൻ ആകുന്നു. വേത്സ പന്ത്രണ്ട അംശങ്ങളായിട്ട പകുക്കപ്പെട്ടിരിക്കുന്നു. എന്തെന്നാൽ,

വടക്കെ വേത്സിൽ ൧൨.

ഫ്ലിന്ത്ഷയർ.	ഫ്ലിന്ത.
ഡെൻബ്ഭിശയർ	ഡെൻബ്ഭി.
കേയൎന്നാവോൻശയർ	കേയൎന്നാവോൻ
അങ്ഗ്ലെൽസീ	ബ്ഭ്യൊമരിസ.
മേറിയോനത്ഷയർ.	ഹാല്ലെച്ച.
മോന്തഗോമരിശയർ.	മോന്തഗോമരി.

തെക്കെ വേത്സിൽ ൯.

രാഡ്നൊശ്യർ.	രാഡ്നൊർ.
കാഡിഗ്ഗാൻശയർ.	കാഡിഗാൻ.
പെംബ്രൊക്കശയർ.	പെംബ്രൊക്ക.
കായെമ്മാൎത്തൻശയർ.	കായെമ്മാൎത്തൻ.
ബ്രെക്നോക്കശയർ	ബ്രെക്നോക.
ഗ്ലാമോൎഗൻശയർ.	കാഡീഫ.

വേത്സിലുള്ള പ്രധാന ആറുകൾ ടീ എന്നും ട്ഫ്യെ എന്നും വൈ എന്നും ആകുന്നു.

വേത്സിൽ നല്ല കല്ക്കരിയും ചെമ്പുമുള്ള തുരങ്കങ്ങൾ ഉണ്ട. അവിടെ

നല്ല മാതിരി കമ്പിളി ഉണ്ടാക്കുന്നു. മലകളിൽ ആടുകളെയും ചെറിയ വക മാടുകളെയും വളർത്തുകയും ചെയ്യുവരുന്നു.

സ്കോത്ത്ലാണ്ട എന്ന ദേശത്തെ കുറിച്ചു.

അതിരുകൾ.—സ്കോത്ത്ലാണ്ട ഗ്രേട്ടബ്രിത്തെന്റെ വടക്കെ ഭാഗം ആകുന്നു.

അംശങ്ങളും പ്രധാന നഗരങ്ങളും.—സ്കോത്ത്ലാണ്ട നമ്മ അംശങ്ങളായിട്ട പകുക്കപ്പെട്ടിരിക്കുന്നു. എന്തെന്നാൽ,

വടക്ക ൧൦.

കൌന്തി.	പ്രധാനനഗരി.
ഒാക്ക്നി.	കെക്കോൽ.
കൈത്നെസ്സ.	വിക്ക.
സതെലാണ്ട.	ഡൊനോക്ക.
രോസ്സ.	തെയിൻ-ദിങ്ങവോൽ.
ക്രൊമാർത്തി.	ക്രൊമാർത്തി.
ന്യയർ൯.	ന്യയർ൯.
മോറെഅല്ലെങ്കിൽഎല്ലിൻ.	എല്ലിൻ-ഫോരെസ.
ബാൻഫ.	ബാൻഫ-കല്ലെൻ.
അബേഡീൻ.	അബേഡീൻ പെത്തർഹെഡ.
ഇൻവേനെസ്സ.	ഇൻവേനെസ്സ ഫോട്ട്ജോജ്ജ.

നടുവിൽ ൻ.

പേർത്ത.	പേർത്ത ക്രിയെഫ ദങ്കെൽദ.
അൻഗസ്സ.	ഫോഫർ ദന്ദീ മൊന്ത്രോസ-
മിയസ്സ അല്ലെങ്കിൽകിൻകാർദീൻ.	ഏബെർ
ഡുംബാർത്താൻ.	ഡുംബാർത്താൻ.
സ്റ്റെർലിങ്ങ.	സ്റ്റെർലിങ്ങ ഫാല്ക്കെക ബാനോക്ക്ബൻ.
ക്ലാക്മാന്നൻ.	ക്ലാക്മാന്നൻഅല്ലെങ്കിൽറോസ്സ.
ആർഗൈൽ.	ഇൻവെരേറി കാംബേൽട്ടൌൻ.

കിൻറൊസ്സ.	കിൻറൊസ്സ.
ഫൈഫ്ഫ.	കുപ്പാർ സെന്തഅന്ദ്രയോസ. കെക്കാൽഡി. ദമ്പെല്ല്യിൻ.

തെക്ക ൧൫.

ബ്ലൂത്ത.	രൊതസൈ ലാമ്ലാശ.
രെൻപ്ര്യൂ	രെൻപ്ര്യൂ ഗ്രീനോക്ക പയിസ്ലി പൊട്ട്-ഗ്ലാസ്ഗൌ
ലാനാക്ക	ഗ്ലാസ്ഗൌ ലാനാക്ക ഹാമിൽട്ടൌൻ.
ലീൻലിത്തഗൊ.	ലീൻലിത്തഗോ ബൊനെസ്സ.
എദിൻബൂൎഗ്ഗ.	എദിൻബൂൎഗ്ഗ.
ഹദ്ധിങ്ങത്തോൻ.	ഹദ്ധിങ്ങത്തോൻ ദമ്പാർ.
പീബൎഗ്സ.	പീബൎഗ്സ.
ബേവിക്ക.	ഗ്രീന്ലാ ദുൻസ ലോദർ.
അയർ.	അയർ കിൽമാനോക്ക ഇവിൻ.
വിഗ്ത്തൊൻ.	വിഗ്ത്തൊൻ സ്ത്രൻറെർ. ഫോട്ട്പാത്രിക്ക.
കെക്കുദ്ബ്രയട്ട.	കെക്കുദ്ബ്രയട്ട കാസ്ഥൽദൌഗ്ലാസ.
ദുംമ്പ്രിസ്സ.	ദുംമ്പ്രിസ്സ അന്നൻ സാൻക്വാർ.
സെൽകെക്ക.	സെൽകെക്ക.
റൊക്സബൂൎഗ്ഗ	ജെദ്ബൂൎഗ്ഗ കെൽസൊ മെൽറൊസ്സ.

പ്രധാന മലകളും കുന്നുകളും.—ചെവിയോട്ട കുന്നുകൾ എന്നും ഗ്രാമ്പിയാൻ കുന്നുകൾ എന്നും ബെൻലൊമോണ്ട എന്നും ബെൻനെവിസ്സ എന്നും ഒകിൽ കുന്നുകൾ എന്നും പെന്തലാണ്ട കുന്നുകൾ എന്നും ആകുന്നു. എന്നാൽ ഗ്രേട്ടബ്രിത്തെനിലുള്ള ഏറ്റവും ഉയരമുള്ള മലബെൻനെവിസ്സ ആകുന്നു. അതിന്നു രണ്ടുവും ഇംഗ്ലീഷടി പൊക്കം ഉണ്ട്.

ദ്വീപുകൾ.—സ്കൈഡ എന്ന ഉൾകടലിലുള്ള ബൃത്ത എന്നും അറാൻ എന്നും സ്കോത്ത്ലാണ്ടിലെ പടിഞ്ഞാറെ വശത്ത ഹെബ്രൈഡീസ എന്ന പേരുള്ള ദ്വീപുകൾ അല്ലെങ്കിൽ പടിഞ്ഞാറെ ദ്വീപുകൾ എന്നും ആകുന്നു. ഒരു ദ്വീപുകളിൽ പ്രധാനപ്പെട്ടവയുടെ പേരുകൾ ജൂറാ എന്നും മൂൾ എന്നും കൊൾ എന്നും സ്കൈ എന്നും ലൂവിസ്സ എന്നും സ്കാഫാ എന്നും ഐകൊല്മ്കിൽ അല്ലെങ്കിൽ ഐയോനിയ എന്നും ആകുന്നു. സ്കാഫാ എന്ന ദ്വീപിൽ കൊത്തി ഉണ്ടാക്കാത്ത വളരെ ബാസാൽതീസ എന്ന പേരുള്ള ഒരു വക മാബ്ൾ തൂണുകൾ ഉണ്ടായിരിക്കുന്നതകൊണ്ടും യൂറോപ്പ ദേശക്കാർ എല്ലാവരും അറിവില്ലാത്തതും പഠിതമില്ലാത്തതുമായുള്ള അവസ്ഥയിൽ മുങ്ങികിടന്നപ്പോൾ ഏതാനും വിദ്വാന്മാരും പഠിതമുള്ളവരും ഐകൊലംകിൽ എന്ന ദ്വീപിൽ വസിച്ചിരുന്നതകൊണ്ടും ഒരു രണ്ട ദ്വീപുകളും ശ്രുതിപെട്ടതാകുന്നു.

സ്കോത്ത്ലാണ്ടിലെ വടക്ക വശത്ത ഓക്ക്നി എന്ന പേരുള്ള മൂന്നു ദ്വീപുകൾ ഉള്ളവയിൽ പ്രധാന ദ്വീപിന്റെ പേർ മെയൻലാണ്ട എന്നെങ്കിലും പൊമൊന എന്നെങ്കിലുംആകുന്നു. പ്രധാന നഗരികളുടെ പേരുകൾ കെകോൾ എന്നും സ്കോംനെസ്സ എന്നും ആകുന്നു.

ഓക്ക്നി ദ്വീപുകളുടെ വടക്ക വശത്ത ഷെത്ത്ലാണ്ട എന്ന പേരുള്ള മൂന്നു ചെറിയ ദ്വീപുകൾ ഉണ്ട. ഇവയിൽ പ്രധാന ദ്വീപിന്റെ പേർ മേയൻലാണ്ട എന്ന ആകുന്നു. പ്രധാന നഗരിയുടെ പേർ ലേവിക്ക എന്നും ആകുന്നു.

ഒരു ദ്വീപുകളിൽ ഇരുപത്താറിൽ മാത്രമെ ആളുകൾ പാർക്കുന്നുള്ളു.

ഉൾക്കടലുകളും കായലുകളും.—ഇവയിൽ പ്രധാനമായിട്ടുള്ളവ ദോനൊഖ എന്നും മറി എന്നും തെയ എന്നും ഫോർത്ത എന്നും സൊൽവെ എന്നും സ്കൈഡ എന്നും ഫൈൻ എന്നും ലന്ന എന്നും ആകുന്നു. സ്കോത്ത്ലാണ്ടിലുള്ള കായലുകൾ വളരെ ഉണ്ട. അവയിൽ പ്രധാന കായലുകൾ ഇൻവേനെസ്സ എന്ന കൌന്തിയിലുള്ള ലോഖനസ്സ എന്നും ഡംബിത്തൊൻശയരിലുള്ള ലൊഖലൊമോണ്ട എന്നും അർഗൈൽ എന്ന കൌന്തിയിലുള്ള ലൊഖഓ എന്നും പേർത്തയരിലുള്ള ലൊഖ കാർട്ടീൻ എന്നുംആകുന്നു. ലൊഖലൊമോണ്ട ഗ്രേട്ടബ്രിത്തെനിലുള്ള സകലകായലുകളെക്കാളും വലിയതാകുന്നു.

ആറുകൾ.—സ്സ്വെ എന്നും ദെവെറൊൻ എന്നും ഡീ എന്നും ഡോൻ എന്നും എസ്ക എന്നും തെയ എന്നും അന്നാൻ എന്നും നിത്ത എന്നും സ്കൈഡ എന്നും ആകുന്നു. സ്കോത്ത്ലാണ്ടിലുള്ള എല്ലാ ആറുകളെക്കാളും തെയ ആറ വലിയതാകുന്നു.

ഗ്രേട്ടബ്രിത്തെനിൽ അനേകം തോട്ടകൾ ഉണ്ട. ആറുകളും തോട്ടകളും വഴിയായിട്ട ഗ്രേട്ടബ്രിത്തെനിലുള്ള എല്ലാ പ്രധാന സ്ഥലങ്ങളിൽ

കൂടെ വളരെ കച്ചവട തോണികൾ എല്ലായ്പ്പോഴും സഞ്ചരിച്ച വരുന്നു.

ദേശ രൂപം.—സ്കോത്ത്രാണ്ട താണ ദേശം എന്നും മല ദേശം എന്നും പേരുള്ള രണ്ട വലിയ ഭാഗങ്ങളായിട്ട വിഭാഗിക്കപ്പെട്ടിരിക്കുന്നു.

ക്ലൈമെട്ട.—സ്കോത്ത്രാണ്ടിലെ ക്ലൈമെട്ട ഇംഗ്ലാണ്ടിലുള്ളതിനെക്കാളും തണുപ്പുള്ളതാകുന്നു.

ഉത്ഭവങ്ങൾ.—മലപ്രദേശം കൃഷിക്ക നല്ല സ്ഥലം അല്ല എങ്കിലും ചില സ്ഥലങ്ങളിൽ നല്ല കൃഷി ഉണ്ട. പ്രത്യേകമായിട്ട ഓത്സ എന്ന വക ധാന്യം നന്നായി ഉണ്ടാകും എന്നാൽ വളരെ ആടുകളെയും ചെറിയ വക മാടുകളെയും മലകളിൽ വളർത്തുന്നുണ്ട. സ്കോത്ത്രാണ്ടിലെ കടലുകളിൽനിന്ന ബഹു വിധമായ മത്സ്യങ്ങളെയും പ്രത്യേകമായിട്ട തിമിംഗിലം എന്നും ഹെറിങ്ങ്സ എന്നും സല്മൊൻ എന്നും കോഡ എന്നും പേരായ മീനകളെയും പിടിക്കുന്നു.

കൈവേലകളും വ്യാപാരവും.—ഗ്ലാസ്ഗൌ എന്നും പയിസ്ലി എന്നുമുള്ള പട്ടണങ്ങൾ പഞ്ഞിശീല കൈവേലകൾക്കായിട്ട ഏററവും കേൾവിപ്പെട്ടതാകുന്നു. പഞ്ഞികൊണ്ടും പട്ടുകൊണ്ടും എത്രയും നേരിയതും വിശേഷപ്പെട്ടതുമായുള്ള സാൽവകൾ ഉണ്ടാക്കപ്പെടുന്നു. അവ ഏകദേശം കാശ്മീർ സാൽവകളോട തുല്യമാകുന്നു. ദന്ദീ എന്നും ദംഫേർമ്ലിൻ എന്നുമുള്ള പട്ടണങ്ങൾ ചണശീല കൈവേലയ്ക്കായിട്ട ശ്രുതിപ്പെട്ടതാകുന്നു. ഇത കൂടാതെ സ്കോത്ത്രാണ്ടിൽഇരിമ്പ സൂത്രപണികളും രത്നകമ്പിളികളും രോമശീലകളും സ്പടികവേലകളും കുശവേലകളും ഉണ്ട. ംരം മാതിരി ചരക്കുകളെ പോക്കുചരക്കായിട്ട കേററി അയച്ചവരുന്നു. പലതരം വീഞ്ഞും ബ്രാന്ദിയും പഞ്ചസാരയും അരിയും പുകയിലയും നീലം മുതലായവയും വരവു ചരക്കായിട്ട ഇറക്കപ്പെടുന്നു.

പഠിത്വവും മതവും.—സ്കോത്ത്രാണ്ടകാരുടെ മതം ക്രിസ്തു മതം ആകുന്ന പ്രൊത്തെസ്താന്ത മതം ആകുന്നു. സ്കോത്ത്രാണ്ടിൽ പഠിത്വമുള്ളവരും ഏററവും വിദ്വാന്മാരും അനേകം പേർ ഉണ്ട. എദിൻബൂർഗ്ഗ എന്നും ഗ്ലാസ്ഗൌ എന്നും സെന്ത അന്ദ്രൂസ എന്നും അബെഡീൻ എന്നുമുള്ള പട്ടണങ്ങളിൽ മഹാ കേൾവിപ്പെട്ട പാഠകശാലകൾ ഉണ്ട.

ഇർലാണ്ട എന്ന ദേശത്തെ കുറിച്ച.

അതിരുകൾ.—ഇർലാണ്ട എന്ന ദ്വീപ ഗ്രേട്ടബ്രിത്തെനിൽനിന്ന ഐരീഷ കടലിനാൽ വേർതിരിക്കപ്പെട്ടിരിക്കുന്നു.

അംശങ്ങളും പ്രധാന നഗരികളും.—ഇർലാണ്ട നാലു ഭാഗമായിട്ട പകുക്കപ്പെട്ടിരിക്കുന്നു. അവയുടെ പേരുകൾ കിഴക്കെ വശത്ത ലൈൻസ്റ്റർ എന്നും വടക്കെ വശത്ത ഉൽസ്റ്റർ എന്നും പടിഞ്ഞാറെ വശത്ത കൊന്നോട്ട എന്നും തെക്കെ വശത്ത മൻസ്റ്റെർ എന്നും ആകുന്നു.

ലൈൻസ്തരിൽ ൧൨.

കൌന്തി.	പ്രധാന നഗരി.
ദുബ്ലിൻ.	ദുബ്ലിൻ.
ലൌത്ത.	ദൊഖെഡാ
വിക്ലൊ.	വിക്ലൊ.
വെക്സഫോദ്.	വെക്സഫോദ്.
ലൊങ്ഫോദ്.	ലൊങ്ഫോദ്.
ഇസ്ഥമീത്ത.	ത്രിം.
വെസ്ഥമീത്ത.	മുലിൻഗാർ.
കിങ്സ്കൌന്തി.	ഫില്ലിപ്സത്തൌൻ.
ക്വിങ്സ്കൌന്തി.	മേറിബറ.
കിൽകെന്നി.	കിൽകെന്നി.
കിൽദേർ.	നായാസ.
കാലൊ.	കാലൊ.

ഉൽസ്തരിൽ ൻ.

കൌന്തി.	പ്രധാന നഗരി.
ഡൌൻ.	ഡൌൻപാത്രിക്ക.
ആർമാ.	ആർമാ
മൊനാഘൻ.	മൊനാഘൻ.
കാവൻ.	കാവൻ.
അൻത്രിം.	കാറിക്ഫർഗുസ.
ലൊണ്ടൊൻദെറി.	ദെറി.
തൈറൊൻ.	ഓമാർ.
ഫെർമനാ	ഇന്നിസ്കില്ലിൻ.
ദൊനെഗാൽ.	ലിഫോദ്.

കൊന്നോട്ടിൽ ൫.

കൌന്തി.	പ്രധാന നഗരി.
ലൈത്രിം.	കാറിക്ക.
റൊസ്കൊമൻ.	റൊസ്കൊമൻ.
മെയൊ.	കാസ്ഥൽബാർ ബല്ലിൻറൊബ.
സ്ലൈഗൊ.	സ്ലൈഗൊ.
ഗാൽവെ.	ഗാൽവെ.

മൻസൂരിൽ ൬.

കൌന്തി.	പ്രധാന നഗരി.
ക്ലേർ,	ഇന്നിസ.
കോക്ക്.	കോക്ക്.
കെറി.	ത്രെലീ.
ലിമെറിക്ക.	ലിമെറിക്ക.
തിപ്പെറെരി,	തിപ്പെറെരി ക്ലൊൻമെൽ.
വാട്ടെഫോദ്.	വാട്ടെഫോദ്

പ്രധാന മലകൾ.—കെറി എന്ന കൌന്തിയിലുള്ള മെഗെൽക ദിസറീക്സാ എന്നും മാൻഗൎത്തൊൻ എന്നും മെയൊ എന്ന കൌന്തിയിലുള്ള ക്രൊപാത്രിക്ക എന്നും ഡൌൻ എന്ന കൌന്തിയിലുള്ള മൌൎന്ന എന്നും വിക്ലൊ എന്ന മലകൾ എന്നും ആകുന്നു.

ഉൾക്കടലുകളും കായലുകളും.—പടിഞ്ഞാറെ വശത്ത ദൊനെഗാൽ എന്നും സ്ലൈഗൊ എന്നും ക്ലൂ എന്നും ഗാൽവെ എന്നും ഡിങ്ങൽ എന്നും തെക്ക വശത്ത ബൻത്രി എന്നും കോക്ക് എന്നും വാട്ടെഫൊദ് എന്നും കിഴക്കവശത്ത ബെല്ഫാസ്തഎന്നും ലൌഹ എന്നും ദുൻദാല്ക്ക എന്നും ദുബ്ലിൻ എന്നും പേരുള്ള വിശേഷപ്പെട്ടഉൾക്കടലുകൾഉണ്ട. നീഹാ എന്നും ഏറൻ എന്നും കില്ലാൎന്നി എന്നും പേരുള്ള കായലുകൾ ഉണ്ട. കില്ലാൎന്നി എന്ന പേരുള്ള കായൽ കാഴ്ചയ്ക്ക ഭംഗിയുള്ളതായിട്ട കെൾവിപ്പെട്ടതാകുന്നു.

ഇർലാണ്ടിന്റെ വടക്കെ അററത്തിന്റെ പേർ മാലിൻഹേഡ എന്ന ആകുന്നു. തെക്കെഅററത്തിന്റെ പേർക്ലീയർ മുനമ്പ എന്ന ആകുന്നു. കപ്പലുകൾ മറുദേശങ്ങളിൽനിന്ന ഇംഗ്ലാണ്ടിലേക്ക അടുക്കാറാകുമ്പോൾ കപ്പലുകളിലുള്ളവർ സാമാന്യമായിട്ട കാണുന്ന ഒന്നാമത്തെ കര ക്ലീയർ മുനമ്പ ആകുന്നു.

ആറുകൾ.—പ്രധാന ആറുകൾ ശന്നൻ എന്നും ബ്ലാക്കവാട്ടെർ എന്നും ബൊയിൻ എന്നും ലിപ്പി എന്നും ആകുന്നു.

ദേശരൂപം.—ഏകദേശം ഇംഗ്ലാണ്ടിലെപ്പോലെ ആകുന്നു.

ക്ലൈമെട്ട.—ഇംഗ്ലാണ്ടിലെ ക്ലൈമെട്ട എന്ന പോലെ ഇർലാണ്ടിലെ ക്ലൈമെട്ട അത്ര ഉഷ്ണമുള്ളത എങ്കിലും തണുപ്പുള്ളത എങ്കിലും അല്ല. എന്നാൽ ഇർലാണ്ട സമുദ്രത്തിന്റെ അടുക്കൽ ആകകൊണ്ട അവിടെ നിന്ന വരുന്ന കാററ ഈറമായുള്ളതാകയാൽ ആനാട്ടിലെ മേച്ചിൽ സ്ഥലങ്ങൾഎല്ലാസ്പോഴും പച്ചയായുള്ളതാകുന്നു.

ഉത്ഭവങ്ങൾ.—ഇർലാണ്ട സുഭിക്ഷമായുള്ള ദേശം ആകുന്നു. അതിന്റെ മേച്ചിൽ സ്ഥലങ്ങളിൽ അനേകം ആടുമാട മുതലായ നാല്ക്കാലികളെ വളൎത്തിവരുന്നു. എന്നാൽ കാട്ടുമൃഗങ്ങൾ അവിടെ ഇല്ല കോതമ്പ മുതലായ ധാന്യങ്ങൾ അനവധിയായിട്ട ഉണ്ടാകുന്നു. ഈ

ദേശത്തിലെ മറ്റ ഉത്സവങ്ങൾ ഇംഗ്ലാണ്ടിലുള്ളവ എന്ന പോലെ ആകുന്നു.

കൈവേലകളും വ്യാപാരവും.—പ്രധാനമായിട്ടുള്ള കൈവേല നല്ല തരമായ ചണ ശീലകൾ ആകുന്നു. ഇർലാണ്ടിൽനിന്ന വളരെ ഉപ്പിട്ട മാട്ടിറച്ചിയെയും പന്നി ഇറച്ചിയെയും ചണ ശീലകളെയും പോക്കുചരക്കായിട്ട കേറ്റി അയച്ചവരുന്നു.

പഠിതവും മതവും.—ഇർലാണ്ടുകാർ മിക്കവരും റോമ മതക്കാരാകുന്നു എങ്കിലും ചില പ്രൊത്തെസ്ത്താന്തകാർ ഉണ്ട. ൦രം രാജ്യത്തിൽ പഠിതം ഏറ ഇല്ല അത ഹേതുവായിട്ടും റോമ മതമായ ഉമ്മാഴം ഹേതുവായിട്ടും അനേകം ജനങ്ങൾ ദാരിദ്ര്യവും അറിവില്ലതയുമായുള്ള അവസ്ഥയിൽ കിടക്കുന്നു.

റുസ്സിയാ എന്ന മഹാ രാജ്യത്തെ കുറിച്ച.

അതിരുകൾ.—റുസ്സിയായുടെ വടക്കെ ഭാഗം ആക്ടിക്ക സമുദ്രത്താലും കിഴക്ക വടക്ക പാസിപ്പിക്ക സമുദ്രത്താലും തെക്ക കരികടലിനാലും തുർക്കിയാലും താർത്തറിയാലും പടിഞ്ഞാറ ഓസ്ത്രിയയാലും പ്രുസ്സിയായാലും ബാൽത്തിക്ക എന്ന കടലിനാലും സ്വെദനാലും അതൃത്തിയാക്കപ്പെട്ടിരിക്കുന്നു.

൦രം മഹാ രാജ്യം യൂറോപ്പിന്റെയും ആസിയായുടെയും വടക്കെ ഭാഗങ്ങളിൽ ആകുന്നു.

വിശേഷ ദിക്കുകൾ.—റുസ്സിയായിൽ ൪ം അംശങ്ങൾ ഉണ്ട. കറില്യാ എന്നും എസ്തൊന്യാ എന്നും ഇംഗ്രിയാ എന്നും ലിവൊനിയാ എന്നും ക്രൂല്ാണ്ട എന്നും പേരുള്ള പണ്ടത്തെ രാജ്യങ്ങളും ഡൊൻകൊസാക്ക എന്ന പറയപ്പെടുന്നവരുടെ ദേശവും ഇവയിൽ ഉൾപ്പെട്ടിരിക്കുന്നു.

മേൽ പറഞ്ഞ ൪ം ദിക്കുകളിൽ മിക്കതും അവ അവയുടെ പ്രധാന പട്ടണങ്ങളുടെ പേരുകളിൻ പ്രകാരം പേർ പറയപ്പെട്ടിരിക്കുന്നു.

ലാപ്പ്ലാണ്ട എന്ന ദേശത്തിന്റെ കിഴക്കെ ഭാഗം ഇപ്പോൾ റുസ്സിയാ രാജ്യത്തിൽ ഉൾപ്പെട്ടിരിക്കുന്നു.

മുമ്പെ സ്വേദൻ എന്ന രാജ്യത്തോട ചേർന്നിരുന്ന ഫിൻലാണ്ട എന്ന ദേശം ഇപ്പോൾ റുസ്സിയായുടെ കീഴിൽ ആകുന്നു.

പോലാണ്ട എന്ന രാജ്യം റുസ്സിയായുടെ തെക്ക വശത്ത ആകുന്നു. കുറെ സംവത്സരങ്ങൾക്ക മുമ്പെ റുസ്സിയായിലെ രാജാവും ഓസ്ത്രിയയിലെ രാജാവും പ്രുസ്സിയായിലെ രാജാവും ഒരു അന്യായമായുള്ള ക്രൂരം ക്രൂടി അതിന്റെ രാജാവിനെ തള്ളികളഞ്ഞിട്ട ആ ദേശത്തെ മൂന്നായിട്ട പകുത്ത ഓരോരൊ പങ്ക അവനവന്റെ രാജ്യത്തോട ചേർക്കുകയും ചെയ്തു. ൦രം ഭാഗങ്ങളിൽ ഏറവും വലിയ ഭാഗം റുസ്സിയായോട ചേർക്കപ്പെട്ടതാകുന്നു.

പ്രധാന നഗരികൾ.—റുസ്സിയായിലെ തലസ്ഥാനം പെറെ സ്ബുർഗ എന്ന ആകുന്നു. മോസ്സൌ പണ്ടത്തെ തലസ്ഥാനം ആയിരുന്നു. വാസ്സാ പോലാണ്ടിലെ മുമ്പിലത്തെ തലസ്ഥാനം ആയിരുന്നു.

അർക്കാൻജെൽ എന്ന പട്ടണം റുസ്സിയായുടെ വടക്കെ ഭാഗത്ത ആകു

ന്നു. അവിടെ കേൾവിപ്പെട്ട ഒരു ഉറമുഖം ഉണ്ട്. വളരെ കച്ചവടം മുമ്പെ ആ സ്ഥലത്ത ചെയ്യുവന്നു എങ്കിലും പെറേസ്ലൗഫ് എന്ന തല സ്ഥാനത്തെ ഉണ്ടാക്കിയതിന്റെ ശേഷം മറെറ സ്ഥലത്തിലെ വ്യാപാരം നന്നാക്കുറഞ്ഞുപോയിരിക്കുന്നു.

ഓഡെസാഎന്ന പട്ടണം കരിങ്കടലിന്ന അരികെ ആകുന്നു. കൊൻസ്താന്തിനൊപ്പൾ എന്ന വലിയ പട്ടണത്തിലേക്കും ലെവാന്തിലേക്കും വില്ലാനായിട്ട ഓഡെസിൽനിന്ന കോതമ്പ കൊണ്ടുപോകപ്പെടുന്നു.

നിഗാ എന്ന പട്ടണം ബാൽത്തിക്ക കടലിൽ വീഴുന്ന ദിനാ എന്ന ആറെറ അരികത്ത കടലിൽനിന്ന ൯ നാഴിക ദൂരത്തിൽ പണിയിക്കപ്പെട്ടിരിക്കുന്നു. ഇത പെരുത്ത വലിയ വ്യാപാരമുള്ള പട്ടണം ആകുന്നു. അവിടെനിന്ന കൊണ്ടുവരുന്ന ചണം യൂറോപ്പിലുള്ളതിനെക്കാളും തുലോം വിശേഷമായിട്ടിരിക്കുന്നു.

നൊവൊഗൊറോദ എന്ന പട്ടണംമുമ്പെ കേൾവിപ്പെട്ടതായിരുന്നു. ഫെർകാസ്ല എന്ന പട്ടണം ഡൊൻ എന്ന ആറിന്റെ വായരികെ പണിയപ്പെട്ടിരിക്കുന്നു. അത ഡൊൻകോസാക്കന്മാരുടെ തലസ്ഥാനം ആകുന്നു.

മലകൾ.—യൂറാൽ പവ്തങ്ങൾ യൂറോപ്പിലുള്ള ഉസ്സിയായുടെയും ആസിയായിലെ ഉസ്സിയായുടെയും ഇടയിൽ തെക്കുവടക്കായിട്ട കിടക്കുന്നു.

ദ്വീപുകൾ.ഉസ്സിയായോട ചേരുന്ന ദ്വീപുകൾ ബാൽത്തിക്ക കടലിലുള്ള ആലാന്തും ഒസെലും ഡാഗോയും ആർട്ടിക്ക സമുദ്രത്തിലുള്ള സ്പിത്സ്ബൈർഗെൻ എന്നും ആകുന്നു.

കായലുകൾ.—ഒനെഗാ എന്നും ലാഡൊഗാ എന്നും ഛിക്കാസ്ല അല്ലെങ്കിൽ ഫീല്ലസ്ല എന്നും ആകുന്നു.

ആറുകൾ.—വൊൽഗാ എന്നും ദൊൻ എന്നും ബൊറീസ്തിനീസ്ത്ല എന്ന മുമ്പെ പേർ പറയപ്പെട്ട ന്നൈപ്പർ എന്നും വിസ്ത്യൂലാ എന്നും നീവാ എന്നും ന്നൈസ്തർ എന്നും ആകുന്നു. ഇവ എല്ലാം വലിയ ആറുകളും ആകുന്നു.

ദേശത്രുപം.—യൂറോപ്പിലുള്ള ഉസ്സിയാ മിക്കവാറും സമഭൂമി ആകുന്നു. ഉസ്സിയായിക്ക പ്രത്യേകമായിട്ടുള്ള ഒരു വിശേഷം സ്ഥിപ്പിസ്സ എന്ന പേർ പറയപ്പെടുന്ന അതിലെ വലിയ മൈതാന സ്ഥലങ്ങൾ ആകുന്നു.

കൈമെട്ട.—വടക്ക ഭാഗങ്ങൾ എത്രയും തണുപ്പുള്ളവയാക കൊണ്ട ശീതം സഹിപ്പാൻ ബഹു പ്രയാസം. ആസിയായിലെ ഉസ്സിയായിലുള്ള സിബെറിയ ഏറവും തണുപ്പുള്ളതും സൌമ്യമില്ലാത്തതുമായുള്ളതിക ആകുന്നു. ഉസ്സിയാക്കാരെ കഠിനശിക്ഷെക്ക വിധിക്കുമ്പോൾ അവരെ അവിടേയ്ക്ക കൂടിയിരിപ്പാനായിട്ട അയക്കുകയും ചെയ്യുവരുന്നു. അത വടക്കെ ഭാഗങ്ങളിൽ എല്ലാം ഹിമം വളരെ ഉണ്ട. ചിലപ്പോൾ എട്ട മാസത്തേക്ക ആറുകൾ മുതലായവയിലുള്ള വെള്ളങ്ങൾ കല്ലോളം ഉറച്ച തീരുകയും ചെയ്യുന്നു. ചിലപ്പോൾ വൽക്കാലത്തിൽ എത്രയും വളരെ ഹിമം പെയ്യുന്നതകൊണ്ട അത വഴിയാത്രക്കാരെ പെട്ടെന്ന മൂടുക

യുംഅവർ തങ്ങളെ തന്നെ രക്ഷിപ്പാൻ വഹിയാതെ മൂന്ന നാല ദിവസത്തേക്ക ആ അനിക്ഷ്ടതയായുള്ള അവസ്ഥയിൽ കിടന്ന ദുഃഖത്തോടെ ക്രൂടെ മരിക്കയും ചെയ്യവരുന്നു. അവർ ചാകാതെ കഴിഞ്ഞപോകത്തക്കവണ്ണം ഹിമം ഉരുകിപോയാലും അവരുടെ മുഖം വിരലുകൾ മുതലായ അവയവങ്ങൾ അഴുകി ചൊക്കി പോകയും ചെയ്യും ഉസ്സിയായുടെ തെക്കെ ഭാഗങ്ങളിലെ ക്കൈമെട്ട നല്ല സുഖമുള്ളതാകുന്നു. ശീതോഷ്ണാദികൾ ശരീരസൌഖ്യത്തിന്നും വൃക്ഷസസ്യാദികളുടെ വളച്ചയ്ക്കും തക്കതായുള്ളതു തന്നെ ആകുന്നു.

ഉത്ഭവങ്ങൾ.—വടക്കെ ഭാഗങ്ങളിൽ കടിഞ്ഞാൺ * കലകളും വെള്ള കരടികളും മറ്റ ദേശങ്ങളിലെപ്പോലെയുള്ള കരടികളും ചെന്നായ്ക്കളും കാട്ടപന്നികളും ഉണ്ട. യൂറോപ്പിലുള്ള മറ്റ ദേശങ്ങളിലെപോലെ തന്നെ ഉസ്സിയായുടെ തെക്കെ ഭാഗങ്ങളിൽ പലതരമായ കുതിര മുതലായ മൃഗങ്ങൾ ഉണ്ട. ആറുകളിൽ മീൻ വളരെ ഉണ്ട. ഇവയിൽ വിശേഷമായിട്ട സ്തെജ്യൻ എന്ന പേരുള്ള ഒരു മാതിരി മത്സ്യം ഉണ്ട അതിൽനിന്ന മീനക്കാക്ക ബലം വരുത്തുവാൻ കൊള്ളാകുന്നതായി ഐസ്സിൻഗ്ലാസ്സ എന്ന പേർ പറയുന്ന നല്ല മാതിരിആഹാരത്തെ ഉണ്ടാക്കി എല്ലാ ദേശങ്ങളിലേക്കും കൊണ്ടപോയി വില്ക്കുകയും ചെയ്യവരുന്നു. ംരം ദേശത്തിൽ പൊന്നും വെള്ളിയും ചെമ്പും ഇരിമ്പുമുള്ള ഉരുക്കങ്ങൾ ഉണ്ട. കോതമ്പ യവവും ചണവും നെല്ലും പുകയിലയും പലതരമായ വൃക്ഷാദികളും പഴങ്ങളും ഉസ്സിയായിൽ ഉണ്ടാകുന്നു.

കൈവേലകളും വ്യാപാരവും.—ചണവും രോമവും പട്ടും കൊണ്ടുള്ള ശീലകളെയും വലിയ തോക്കുകളെയും കൈതോക്കുകളെയും കമ്പിയെയും കപ്പലുകൾക്ക വേണ്ടുന്ന കയറുകളെയും പായ്കളെയും കടലാസിനെയും കൊഴുപ്പരിരികളെയും സ്റ്റടികത്തെയും വെടിമരുന്നിനെയും ഉസ്സിയായിൽ ഉണ്ടാക്കുന്നു. ംരം രാജ്യത്തിൽനിന്ന ചണത്തെയും ഇരിമ്പിനെയും ചെമ്പിനെയും കോതമ്പ മുതലായ ധാന്യങ്ങളെ

---

* കലമാൻ മുതലായവ പലതരത്തിൽ ഉണ്ട. ഇവയിൽ കടിഞ്ഞാൺ കല എന്ന പേരു പറയുന്ന മാൻ ഖഹ്ല തണുപ്പുള്ള ദേശങ്ങളിലെ ഉള്ള ആ ദേശക്കാർ മാടുകൾക്കും കുതിരകൾക്കും പകരം മേല്പറഞ്ഞ കലകൾക്ക കടിഞ്ഞാൺ ഇട്ട അവരുടെ വണ്ടികളെ വലിപ്പിക്കുന്നതിനാൽ അവയ്ക്ക കടിഞ്ഞാൺ കല എന്ന പേർ പറഞ്ഞ വരുന്നു. ലാപ്പാണ്ട എന്ന ദേശത്തിൽ കടിഞ്ഞാൺ കലകൾ കൊണ്ട ഖഹ്ല ഉപകാരങ്ങൾ ഉണ്ട. ലാപ്പാണ്ടകാർ അതിന്റെ പാൽ കുടിക്കുകയും അതിന്റെ ഇറച്ചിയെ തിന്നുകയും അതിന്റെ ഞരമ്പ കൊണ്ട നൂൽ ഉണ്ടാക്കുകയും അതിന്റെ തൂകൽ കൊണ്ട കൂപ്പായങ്ങളെ ഉണ്ടാക്കുകയും അതിന്റെ കൊമ്പു കൊണ്ട വീട്ടിൽവേണ്ടുന്ന പാത്രങ്ങൾ മുതലായവയെ തീപ്പിക്കുകയും ചെയ്യവരുന്നു ആണ്ടിൽമിക്കസമയത്തും ഹിമം ഭൂമിയിന്മേൽ കിടന്ന ഉറെക്കുന്നതകൊണ്ട വഴി എല്ലാം ഒരുകദേശം സ്റ്റടികം എന്ന പോലെ കട്ടപ്പുവും നിരപ്പുമായിരിക്കുന്നു. ലാപ്പാണ്ടകാർ മേല്പറഞ്ഞ കടിഞ്ഞാൺ കലകളെ വണ്ടിക്രാടാതെയുള്ള രഥം മുതലായവയോട കെട്ടികൊണ്ടകേറി എത്രയും വേഗമായി സഞ്ചരിക്കയും ചെയ്യവരുന്നു.

യും കൊഴുപ്പിനെയും തടികളെയും തോലുകളെയും * മാട്ടവരോമമുള്ള തോലുകളെയും പോക്കുചരക്കായിട്ട കേറി അയക്കുന്നു. പഞ്ചസാരയെയും കാപ്പിക്കുരുവുകളെയും ചായം ഉണ്ടാകുന്ന തടികളെയും പഞ്ഞിശീലകളെയും വീഞ്ഞിനെയും കല്ക്കരിയെയും മറ്റ വളരെ ചരക്കുകളെയും വരവുചരക്കായിട്ട ഇറക്കുന്നു.

പഠിതവും മതവും.—റുസ്സിയാക്കാർ മിക്കവരും മൂഢന്മാരും അടിമക്കാരും പഠിതമില്ലാത്തവരും ആകുന്നു. എങ്കിലും അവരുടെ ബുദ്ധി തെളിയിപ്പാൻ ചില ആളുകൾ ശ്രമിച്ചവരുന്നു. റുസ്സിയാക്കാർ ഗ്രേക്കുസഭയോട ചേരുന്നു. അത വകുദേശം റോമ സഭപോലെ ആകുന്നു എങ്കിലും റുസ്സിയാക്കാർ വിഗ്രഹങ്ങളെ വന്ദിക്കുന്നില്ല. എന്നാൽ അവരുടെ പള്ളികളിൽ ചിത്ര പടങ്ങളെ ഇട്ടു അവയെ മാനിക്കുകയും ചെയ്യവരുന്നുണ്ട.

സൊദൻ എന്നും നോവ്വെ എന്നുമുള്ള ദേശങ്ങളെ കുറിച്ച.

അതിരുകൾ.—മേൽ പറഞ്ഞ ദേശങ്ങളുടെ വടക്കെ ഭാഗം ആട്ടിക്ക സമുദ്രത്തിലും കിഴക്ക റുസ്സിയാ രാജ്യാധികാരത്തിലുള്ള ലാപ്പാണ്ടിനാലും ബോത്നിയാ എന്ന കായലിനാലും ബാൽത്തിക കടലിനാലും തെക്ക ബാൽത്തിക കടലിനാലും ഡെന്മാക്കിനും സൊദനും ഇടയിലുള്ള കറിഗാറ എന്ന പേരുള്ള ഉൾകടലിനാലും അതുത്തിയാകപ്പെട്ടിരിക്കുന്നു.

പ്രധാന അംശങ്ങൾ.—ഗോത്തൂണ്ട എന്നും സാക്ഷാലുള്ള സൊദൻ എന്നും ബോത്നിയാ എന്നും സൊദനോട ചേരുന്ന ലാപ്പാണ്ട എന്നും ആകുന്നു. നോവ്വെ എന്ന ദേശം സൊദന്റെ പടിഞ്ഞാറെ വശത്ത ആകുന്നു.

പ്രധാന നഗരികൾ.—മെയിലർ എന്ന പേരുള്ള കായൽ ബാൽത്തിക്കിനോട ചേരുന്നിടത്ത ചില ഭംഗിയുള്ള ടീപുകൾ ഉണ്ട. അവയുടെ മേൽ സൊദനിലെ തലസ്ഥാനമാകുന്ന സ്തൊക്ഹോം എന്ന ഒരു പട്ടണം പണിയിക്കപ്പെട്ടിരിക്കുന്നു. മറ്റ വിശേഷപട്ടണങ്ങൾ ഗോത്തൻബുൎഗ എന്നും കൃസ്ത്യാൻസ്ഥാത്ത എന്നും കാൎൽസ്ക്രൂൻ എന്നും ഹെൽസെൻബുൎഗ എന്നും ഉപ്സാൽ എന്നും ആകുന്നു. കൃസ്ത്യനിയാ നോവ്വെയിലെ തലസ്ഥാനം ആകുന്നു. മറ്റ വിശേഷ പട്ടണങ്ങൾ ബെർഗൻ എന്നും ഫിൻമാൎക്ക അല്ലെങ്കിൽ നോവ്വെയിലുള്ള ലാപ്പാണ്ട എന്നും ആകുന്നു. ഉപ്സാൽ എന്ന പട്ടണം സൊദനിലെ പ

---

* മാട്ടവ രോമമുള്ള തോൽ എന്ന പറയുന്നത വളരെ തണുപ്പുള്ള ചില ദേശങ്ങളിലെ കൂടിയാന്മാർ വൎഷകാലത്തിൽ രോമം ചീകികളയാതെ മാട്ടവ രോമമുള്ള തോലുകളെ ഉടുപ്പുകളായിട്ട ധരിക്കുന്നുണ്ട. അവ എമ്മിൻ എന്നും സേബൽ എന്നും പേരുള്ള രണ്ട വക ചെറിയ മൃഗങ്ങളുടെ തുകലുകൾ ആകുന്നു. ഇവയുടെ തോൽ നല്ല മാട്ടവമായുള്ളതാകകൊണ്ട ഏറ്റവും വിലയേറിയതാകുന്നു.

ണ്ടത്തെ തലസ്ഥാനം ആകുന്നു. അവിടെ മഹാ കേൾവിപ്പെട്ടിരിക്കുന്ന ഒരു പാഠകശാല ഉണ്ട.

മലകൾ.—കൊലൻ എന്ന പൎവ്വതനിര നോൎവ്വെയുടെയും സ്വെദൻെറയും ഇടയിൽ ആകുന്നു. ആ നിരയിലുള്ള ഏററവും ഉയരമുള്ള മലകളുടെ പേരുകൾ ഡൊഫ്രേഫില്ഡ എന്നും ലണ്ടഫിൽ എന്നും ആകുന്നു.

ദ്വീപുകൾ.—സ്വെദനോട ചേരുന്ന തുരുത്തുകൾ വളരെ ഉണ്ട. ഇവയിൽ പ്രധാനമുള്ളവ ബാൽത്തിക്കിലുള്ള ഗോത്ലാണ്ട എന്നും ഒലാണ്ട എന്നും ലൊപ്പൊദൻ ദ്വീപുകൾ എന്നും ആകുന്നു.

കായലുകൾ.—മെയിലർ എന്നും വെനെർ എന്നും വെട്ടർ എന്നും ഒറെസങ്ങ എന്നും ആകുന്നു.

ആറുകൾ.—ഗോത്താ എന്നും മൊടല എന്നും തൊൎന്ന്യാ എന്നും ഗ്ലോമ്മ എന്നും അൽതെൻ എന്നും ആകുന്നു.

ദേശരൂപം.—സ്വെദൻ മലപ്രദേശം ആകുന്നു എങ്കിലും അവിടെ വലിയ കായലുകളും ആറുകളും കൃഷിസ്ഥലങ്ങളുംഉണ്ട. എന്നാൽ യൂറോപ്പിലുള്ള മലയുള്ള എല്ലാ ദേശങ്ങളെക്കാളും നോൎവ്വെ ഏററവും മലപ്രദേശം ആകുന്നു.

ക്ലൈമെട്ട.—സ്വെദനിൽ വൎഷകാലം ൻ മാസവും വേനൽ കാലം ൨ മാസവുമായിട്ട ഇരിക്കുന്നു. വൎഷസമയത്ത ബഹു തണുപ്പുള്ള വടക്കെ പ്രദേശങ്ങളിൽനിന്ന ഊതി വരുന്ന ശീതമുള്ള കാററും വേനൽ സമയത്ത ഉഷ്ണവും ഏകദേശം സഹിപ്പാൻ വഹിയാത്തവ ആകുന്നു. എങ്കിലും കാററ നല്ല സ്വഛം ഉള്ളതാകകൊണ്ട ആ ദേശം സൌഖ്യമുള്ളതും അതിലെ കുടിയാന്മാർ സാമാന്യം ദീൎഘായിസ്സായിട്ട ഇരിക്കുന്നവരും ആകുന്നു. നോൎവ്വെ തണുപ്പുള്ള ദേശം ആകുന്നു എങ്കിലും അത അത്ലാന്തിക്ക സമുദ്രത്തിൻെറ അടുക്കൽ ആകകൊണ്ട മററദേശക്കാൎക്ക തോന്നുവാൻ ഇടയുള്ള പ്രകാരം ആ ദേശം അത്ര തണുപ്പുള്ളത അല്ല. സ്വെദൻെറ തെക്കെ ഭാഗങ്ങളിൽ ഓരോരൊ ആണ്ടിലുള്ള ഏററവും ദീൎഘമായ ദിവസത്തിൽ പകൽ സമയത്തിന്ന ൧൮൪ മണിക്കൂറ ഉണ്ട. ലാപ്ലാണ്ട മുതലായ വടക്കെ ഭാഗങ്ങളിൽ വേനൽ സമയത്ത ൫ ദിവസത്തോളം രാവ ഇല്ല. വൎഷസമയത്ത അത്രയും ദിവസത്തോളം പകലും ഇല്ല.

ഉത്ഭവങ്ങൾ.—പയിൻ എന്ന പേരുള്ള വൃക്ഷങ്ങൾ കൊണ്ട നിറഞ്ഞിരിക്കുന്ന വനങ്ങൾ പെരുത്തുണ്ട. ൦രം മാതിരി മരങ്ങൾ കൊണ്ട വലിയ ഉപകാരം ഉണ്ട. അതിൻെറ തടി ഭാരമില്ലാത്തതും നല്ല ചൊവുള്ളതും ആകകൊണ്ട കപ്പൽ പണിക്കും വീട്ടുപണികൾക്കും കൊള്ളാകുന്നത ആകുന്നു. അതിൻെറ കറകൊണ്ട പയിനെണ്ണ എന്നും താര എന്നും കീൽ എന്നും പേരായിട്ട മൂന്ന വസ്തുക്കൾ ഉണ്ടാക്കപ്പെടുന്നു. ൦രം ദേശത്തിലുള്ള നാട്ടുമൃഗങ്ങൾ കുതിരകളും പശുക്കളും പന്നികളും ആടുകളും ആകുന്നു. കാട്ടുമൃഗങ്ങൾ കരടികളും ചെന്നായ്ക്കളും നരികളും മ്ലാവുകളും കടിഞ്ഞാൺകലകളും സേബൽസ എന്നും ബിവെസ് എന്നും പേരുള്ള മൃഗങ്ങളും അണ്ണാൻ എന്ന ജന്തുക്കളും ആകുന്നു. നോൎവ്വെ സ

മീപെ പലതരമായ നല്ല മത്സ്യങ്ങൾ പിടിക്കപ്പെടുന്നു. ഈ ദേശത്തിൽ പല വക വിലയേറിയ തുരങ്കങ്ങൾ ഉണ്ട. ഇവയിൽനിന്ന പൊന്ന വെള്ളി ചെമ്പ ഈയം ഇരിമ്പ മുതലായവ എടുക്കപ്പെട്ടവരുന്നു. സ്വെദനിലെഇരിമ്പ പെരുത്ത നല്ലതാകുന്നു.

കൈവേലകളും വ്യാപാരവും.—ഇരിമ്പ മുതലായ ലോഹങ്ങൾ കൊണ്ട പല മാതിരി വേലകളും ചെയ്യുവരുന്നു. അവിടെ നാഴികമണികളും കപ്പൽപായും ഉണ്ടാകുന്നു. തടികളെയും ഇരിമ്പ ചെമ്പ മുതലായ ലോഹങ്ങളെയും മാട്ടിൻ കൊഴുപ്പിനെയും കീലിനേയും ജീവനോട കൂടിയ കൊഞ്ച മുതലായ മത്സ്യങ്ങളെയും ഉപ്പിലിട്ട ഉണങ്ങിയ മീനുകളെയും ഈ ദേശത്തിൽനിന്ന കേററി അയക്കുന്നു. കോതമ്പും ചണവും പുകയിലയും പഞ്ചസാരയും കാപ്പിയും പലതരമായ മരങ്ങളും പട്ടും പഞ്ഞിയും കൊണ്ടുള്ള ശീലകളും വീഞ്ഞും വരവുചരക്കായിട്ട ഇറക്കുന്നു.

പഠിത്വവുംമതവും.—ഈ ദേശത്തിലെ കുടിയാന്മാരിൽ വളരെ ആളുകൾ നല്ല പഠിത്വമുള്ളവരും ആ ദേശക്കാർ എല്ലാവരും സന്മാൎഗ്ഗമുള്ളവരും ആകുന്നു. അവരുടെ മതം പ്രൊത്തെസ്താന്ത മതത്തിൽ ഒരു പങ്കാകുന്ന ലുത്തർ മതം എന്നെ പേരുള്ളതാകുന്നു.

വിശേഷാദികൾ.—മററ ദേശങ്ങളിൽ ഇല്ലാത്ത ഗാൎന്നേട്ട എന്ന പേരുള്ള ഒരു മാതിരി രത്നക്കല്ലും അതിശയമായ നീർവീഴ്ചകളും ഈ നാട്ടിൽ ഉണ്ട. നോവെയുടെ വടക്ക വശത്തുള്ള അത്ലാന്തിക്ക സമുദ്രത്തിൽ ചില ദ്വീപുകളും മായൽസ്ത്രം എന്ന പേരുള്ള ഒരു ഭയങ്കരമായുള്ള നീർചുഴലിയും ഉണ്ട. ആ ചുഴലി ഉണ്ടാകുന്നതിനുള്ള കാരണം എന്തെന്നാൽ ദ്വീപുകളുടെ ഇടയിൽ ഘോരമായുള്ള ഒഴുക്ക വേലി ഏററത്തിന്നും വേലിയിറക്കത്തിന്നും വിരോധമായിട്ട പാഞ്ഞ ഒഴുകുന്നതിനാൽ ആകുന്നു ആ ചുഴലിയിൽ ഭീഷണവും ഇടിപോലെ മുഴക്കവുമുള്ള വലിയ തിമിംഗിലങ്ങളാകട്ടെ വള്ളം കപ്പൽ മുതലായവ ആകട്ടെ എന്തെങ്കിലും അകപ്പെട്ടപോയാൽ അത അവയെ വലിച്ച താഴ്ത്തി നുറുക്കികളകയും ചെയ്യും. നോവെയിൽ അനേകം ഐദർതാറാവുകൾ ഉണ്ട. അവയുടെനെഞ്ചിലുള്ള നല്ല മാൎദ്ദവമുള്ളപൂട എടുക്കപ്പെടുന്നു. ശീതദേശങ്ങളിൽ ഈ പൂടകൊണ്ട പലതരത്തിലുള്ള കുപ്പായങ്ങൾ ഉണ്ടാകുന്നതല്ലാതെ ഇതകൊണ്ട രണ്ട മെത്ത ഉണ്ടാക്കി രാത്രിയിൽ അവയുടെ ഇടയിൽ കിടക്കുകയും ചെയ്യുവരുന്നു.

ഡെന്മാൎക്ക എന്ന ദേശത്തെ കുറിച്ച.

അതിരുകൾ.—ഈ ദേശത്തിന്റെ പടിഞ്ഞാറെ ഭാഗം ജെൎമൻ സമുദ്രം എന്ന ചിലപ്പോൾ പേർ പറഞ്ഞിരിക്കുന്ന വടക്കൻ കടലിനാലും തെക്കജെൎമ്മനിയാലും കിഴക്ക കററിഗററ എന്ന പേരുള്ള ഉൾക്കടലിനാലും ബാൽത്തിക്ക കടലിനാലും വടക്ക സ്കാഗേർറായെൎക്കിനാലും അതൃത്തിയാക്കപ്പെട്ടിരിക്കുന്നു.

പ്രധാന അംശങ്ങൾ.—ജൂത്ലാണ്ട എന്ന പേരുള്ള കരനാക്ക എന്നും ഫൂനെൻ എന്നും രണ്ട വലിയ ദ്വീപുകളും ലാപ്ലാണ്ട എ

ന്നും ജെൎമ്മനിയിലുള്ള സ്ലെസ്സിക്ക എന്നും ഹോൽസ്റ്റീൻ എന്നും ആകുന്നു അമെറിക്കായുടെ വടക്കകിഴക്കുള്ള ഗ്രീൻലാണ്ട എന്ന ദേശം ഡെന്മാൎക്ക അധികാരത്തിൻ കീഴിൽ ആകുന്നു.

പ്രധാന നഗരികൾ.—സീലാണ്ട എന്ന ദ്വീപിലുള്ള ഡെന്മാൎക്കിലെ തലസ്ഥാന പട്ടണമാകുന്ന കോപെൻഹഗെൻ എന്നും അല്ലോനാ എന്നും സ്ലെസ്സിക്ക എന്നും ആകുന്നു.

ദ്വീപുകൾ.—അത്ലാന്തിക്ക സമുദ്രത്തിലുള്ള ഐസ്ലാണ്ട എന്നും ഫറൊ എന്നും പടിഞ്ഞാറെ ഇന്ദിയസ്സിലുള്ള ചില ദ്വീപുകൾ എന്നുമുള്ളവ ഡെന്മാൎക്കിനുള്ളവ ആകുന്നു.

ഉൾക്കടലുകൾ.—ലൈയംഫിഒദ് ഉൾക്കടൽ എന്നും സ്കാവ എന്നും സൌണ്ട എന്നും ഗ്രേട്ടബെല്ത്ത എന്നും ലിത്തൽബെല്ത്ത എന്നും ആകുന്നു. സീലാണ്ട ദ്വീപിന്നും സ്വെദന്നും ഇടയിലുള്ള സൌണ്ട എന്ന സ്ഥലത്ത ഡെന്മാൎക്കിലെ രാജാവ ബാൽത്തിക്കിലേക്ക കടന്ന പോകുന്ന കപ്പലുകളിൽനിന്ന തീരുവ വാങ്ങിക്കുന്നു.

ആറുകൾ.—എല്ബ എന്നും ഐദർ എന്നും ആകുന്നു.

ദേശ രൂപം.—ഡെന്മാൎക്ക മലയില്ലാത്തതും നല്ല ഫലം തരുന്നതുമായുള്ള ദേശം ആകുന്നു. ഐസ്ലാണ്ട എന്ന ദ്വീപ മലയുള്ളതും ഫലമില്ലാത്തതുമായുള്ള ദേശം ആകുന്നു എങ്കിലും ചില ദിക്കുകളിൽ മേച്ചിൽ സ്ഥലങ്ങൾ ഉണ്ട. ഇവിടെ കേൾവിപ്പെട്ട അഗ്നിപൎവ്വതങ്ങൾ ഉണ്ട. അവയിൽ പ്രധാനമായിട്ടുള്ളത ഹെക്ലാ എന്ന പേരുള്ള അഗ്നി മല ആകുന്നു. ചില ദിക്കുകളിൽ വെള്ളം താനെ തിളെക്കുന്നു. ജെസർ എന്ന തിളെക്കുന്ന നീരുറവ മഹാ കേൾവിപ്പെട്ടതാകുന്നു. വെപ്പുപാത്രത്തിൽ വെള്ളം തിളെക്കുന്നത പോലെ ചൂടുവെള്ളം ഭൂമിയിൽനിന്ന ൧൦൦ അടി മേല്പോട്ട ചാടി തിളെക്കുകയും ചെയ്യുന്നു.

ക്ലൈമെട്ട.—ഡെന്മാൎക്കിലെ ക്ലൈമെട്ട ഃരംപ്പുമുള്ളതും സൌഖ്യത്തിന്ന ശിതോഷ്ണം കൊള്ളാകുന്നതും ആകുന്നു. എങ്കിലും ചിലപ്പോൾ വൎഷകാലം ബഹു തണുപ്പുള്ളതാകുന്നു.

ഉത്ഭവങ്ങൾ.—കരധാന്യങ്ങളും പയിൻ വൃക്ഷങ്ങളും എണ്ണയും ഇരിമ്പും മത്സ്യങ്ങളും കുതിരകളും ആകുന്നു.

കൈവേലകളും വ്യാപാരവും.—ഡെന്മാൎക്കിൽ കൈവേലകൾ ഏറെ ഇല്ല. വളരെ കുതിര മാട മുതലായവയെ ഇവിടെ വളൎത്തുന്നു. കുതിരകളെയും കാള പശുക്കളെയും ആടുകളെയും, ധാന്യങ്ങളെയും എണ്ണയെയും, വെണ്ണയെയും, ചീസ്സുകളെയും, മീൻകളെയും, കൊഴുപ്പുകളെയും, തോലുകളെയും ഇവിടെനിന്ന പോക്കചരക്കായിട്ട കേററി അയക്കുന്നു. സ്വെദനിൽനിന്ന കീലും താരും റുസ്സിയായിൽനിന്ന ചണവും വക്കം ഫ്രാൻസ്സിൽനിന്ന വീഞ്ഞും ബ്രാന്ദി എന്ന പേരുള്ള മദ്യവും പടിഞ്ഞാറെ ഇന്ദിയസ്സിലുള്ള ചരക്കുകളും അമെറിക്കയിൽനിന്ന പുകയിലയെയും ഇംഗ്ലാണ്ടിൽനിന്ന കൽക്കരിയെയും മണ്ണ കൊണ്ടുള്ള പാത്രം മുതലായവയെയും ഉപ്പിനെയും അവിടെ വരവുചരക്കായിട്ട ഇറക്കുന്നു.

പഠിത്തവും മതവും.—ഡെന്മാക്കുകാരുടെ പഠിത്തവും മതവും സ്വീഡനിലെപ്പോലെ ആകുന്നു.

ഫ്രാൻസ എന്ന ദേശത്തെ കുറിച്ച.

അതിരുകൾ.—ഈ ദേശത്തിന്റെ വടക്കെ ഭാഗം ഇംഗ്ലീഷ കടൽ കൈവഴിയാലും, ബെല്ലിയം എന്ന ദേശത്താലും, കിഴക്ക ജെർമനിയാലും, ഇത്താലിയാലും, തെക്ക മെഡിത്തെറെനിയൻ കടലിനാലും, സ്പെയിൻ എന്ന ദേശത്താലും, പടിഞ്ഞാറ ബിസ്കെ എന്ന പേരുള്ള ഉൾക്കടലിനാലും അതിരിടിയാക്കപ്പെട്ടിരിക്കുന്നു.

പ്രധാന ഭാഗങ്ങൾ.—മുമ്പെ ഈ ദേശം എല്ലാം പല ഭാഗങ്ങളായിട്ട പകുക്കപ്പെട്ടിരുന്നു. ഇപ്പോൾ ഫ്രാൻസ വീണ്ടും പകുയിട്ട വിഭാഗിക്കപ്പെട്ടിരിക്കുന്നു. ഓരോരൊ പങ്കിന്നു പ്രത്യേകമായുള്ള പേർ അതാതിന്ന അടുത്ത ആറിൽനിന്ന എങ്കിലും മലയിൽനിന്ന എങ്കിലും ദിക്കിന്റെ വിശേഷതയിൽനിന്ന എങ്കിലും എടുക്കപ്പെട്ടിരിക്കുന്നു. പ്രധാന ഭാഗങ്ങളുടെ പണ്ടത്തെ പേരുകൾ എന്തെന്നാൽ പിക്കാഡി എന്നും നൊർമാണ്ടി എന്നും ബ്രിതാങ്ങ എന്നും പൊയിത്തീസ എന്നും ഗാസ്കോനി എന്നും ലാൻഗ്വീദൊക്ക എന്നും ഡൊഫിനി എന്നും ബുർഗുണ്ടി എന്നും ലൊറെൻ എന്നും ശംപേയിൻ എന്നും അൻജൂ എന്നും ഗുറെൻ എന്നും ബെറി എന്നും ബൂർബോൻ എന്നും ആകുന്നു.

പ്രധാന നഗരികൾ.—പാറീസ എന്ന പട്ടണം ഫ്രാൻസിലെ തലസ്ഥാനം ആകുന്നു. ഇത സെയിൻ എന്ന ആറിന്റെ വക്കത്ത പണിയിക്കപ്പെട്ടിരിക്കുന്നു. പാറീസ മഹാ കേൾവിപ്പെട്ട പട്ടണം ആകുന്നു. വലിയ രാജധാനിയും മറ്റ വിശേഷപ്പെട്ട വീടുകളും രംഗസ്ഥലങ്ങളും നഗരാലങ്കാരത്തിന്നായിട്ട കല്ലുകൊണ്ട ഉണ്ടാക്കിയ മനുഷ്യരും മൃഗങ്ങളും ഇണകൾ മുതലായവയും ഭംഗിയുള്ള രൂപങ്ങളും നല്ല ചന്തമുള്ള നടെയ്ത്തുവുകളും പാറീസിൽ ഉണ്ട. അവിടെ ൻ ലക്ഷം ജനങ്ങൾ പാർക്കുന്നുണ്ട. ലീയോൻസ എന്ന പട്ടണം രോൻ എന്ന ആറരികെ പണിയിക്കപ്പെട്ടിരിക്കുന്നു. ഇത വലിയതും പലതരമായ പട്ടുശീല കൈവേലയ്ക്ക പ്രസിദ്ധപ്പെട്ടതുമായുള്ള നഗരി ആകുന്നു.

മർസെല്ല എന്ന പട്ടണം ലീയോൻസ എന്ന ഉൾക്കടലിന്റെ വക്കത്ത പണിയപ്പെട്ടിരിക്കുന്നു. ഇത ഭൂലോകത്തിലുള്ള വലിയ കച്ചവടപട്ടണംആയിരുന്നു. ഇപ്പോഴും വ്യാപാരത്തിന്ന മഹാ കേൾവിപ്പെട്ട സ്ഥലം ആകുന്നു. അതിൽ നല്ല ഒരു തുറമുഖമുണ്ട. അനേകം ആവികപ്പലുകൾഅവിടെ വരത്തപോക്ക ഉണ്ട. ൧൮൫ ആണ്ടിൽ ൪൦൦൦ ആളുകൾ ആ പട്ടണത്തിൽ പകരുന്ന വ്യാധികൊണ്ട മരിച്ചുപോകയും ചെയ്തു. അവിടെ ൫൦൦൦൦ം കൂടിയാണ്മാർ ഉണ്ട.

ബോഡ്ഡൊ എന്ന പട്ടണം ഗെറൊൻ എന്ന ആറരികെ പണിയിക്കപ്പെട്ടിരിക്കുന്നു വ്യാപാരത്തിന്നും സമ്പത്തിന്നും മോടിയ്ക്കും ജനപ്പെരുപ്പത്തിന്നും ഇത മഹാ കേൾവിപ്പെട്ട നഗരി ആകുന്നു.

നാന്തെസ എന്ന പട്ടണം ലോയിർ എന്ന ആറരികെ പണിയിക്കപ്പെട്ടിരിക്കുന്നു. ഇത വലിയ കച്ചവടസ്ഥലം ആകുന്നു. എന്നാൽ നാ

ന്തെസ പ്രത്യേകമായിട്ട കേൾവിപ്പെട്ടിരിക്കുന്നത ഫ്രാൻസിലെ രാജാവായ നാലാമത്തെ ഹെനറി തന്റെ പ്രജകളായ റോമമതക്കാരുടെ ക്രൂരതയിൽനിന്ന തന്റെ പ്രജകളായ പ്രൊത്തെസ്റ്റാന്തകാരെ രക്ഷിപ്പാനായിട്ട നാന്തെസിൽ വെച്ച ഒരു നല്ല വിളംബരത്തെ പ്രസിദ്ധപ്പെടുത്തിയതകൊണ്ട ആകുന്നു.

സ്ട്രാസ്ബുർഗ എന്ന പട്ടണത്തിൽ ഒരു വിശേഷപ്പെട്ട വലിയ പള്ളി ഉണ്ട. അതിന്റെ മണിമാളിക യൂറോപ്പിലുള്ള എല്ലാ പണികളെക്കാളും ഏറവും ഉയരമുള്ളതാകുന്നു. ആ മണിമാളികയ്ക്ക രണ്ടു ഇംഗ്ലീഷ അടി അല്ലെങ്കിൽ ഏകദേശം രണ്ടും മലയാളം കോൽ പൊക്കം ഉണ്ട.

മററ ശ്രദ്ധിപ്പെട്ട പട്ടണങ്ങളുടെ പേരുകൾ എന്തെന്നാൽ, ലൈയൻ എന്നും എമിയൻസ്സ എന്നും ട്രുവെൻ എന്നും നീമ്സ എന്നും പെഡ്ഡൻ എന്നും നാൻസി എന്നും ഗ്രെനോബൽ എന്നും മൊൻതൊബൻ എന്നും അയി എന്നും അവിഞ്ഞോൻ എന്നും മോന്തപെല്ലിയർ എന്നും തുലൊസ്സ എന്നും പൊയിതീസ് എന്നും ക്ലെമൊന്ത എന്നും ആകുന്നു. തുറമുഖങ്ങളുള്ള പട്ടണങ്ങൾ കലീസ എന്നും ബുലോങ്ങ എന്നും ദീയെപ്പ എന്നും ഹാവർ എന്നും ശറബുഗ എന്നും സെന്തമാലൊ എന്നും മോലെ എന്നും റൊശെൽ എന്നും റൊഷ്ഫ്രാത്ത എന്നും ആകുന്നു. തുറമുഖങ്ങളും കപ്പൽ ഇടപെട്ട ആയുധശാലകളുമുള്ള പട്ടണങ്ങൾ ഡൻകക് എന്നും ബ്രെസ്ത എന്നും തുലൊൻ എന്നും ആകുന്നു.

മലകൾ.—ഇത്താലിയിൽനിന്ന ഫ്രാൻസിനെ വേർതിരിക്കുന്ന ആൽപ്സ എന്ന മലകളിൽ ഒരു ഭാഗം എന്നും സ്പെയിനിൽനിന്ന ഫ്രാൻസിനെ വേർതിരിക്കുന്ന പിറെനീസ്സ എന്ന മലകൾ എന്നും സിവെന്നിസ എന്നും ഓവെങ്ങ എന്നും ആകുന്നു.

ദ്വീപുകൾ.—ഉഷന്ത എന്നും ബെലെയൽ എന്നും ദീ എന്നും ഒലിറോൻ എന്നും ഫ്രാൻസിലെ മഹാ രാജാവായ നാപ്പോലിയോന്റെ ജനനസ്ഥലമായ കോസിക്കാ എന്നും പടിഞ്ഞാറെ ഇന്ദിയസ്സിലും അഫ്രിക്കയിലുമുള്ള ചില ദ്വീപുകളും ദേശങ്ങളും ഫ്രാൻസിന്റെ അധികാരത്തിൻ കീഴിൽ ആകുന്നു.

ആറുകൾ.—പ്രധാന ആറുകൾ രോൻ എന്നും ഗെറൊൻ എന്നും ലോയിർ എന്നും സെയിൻ എന്നും സൊമ്മ എന്നും ആകുന്നു.

ദേശ ഭാഗം.—ചില ഭിക്ഷുകളിൽ കുന്നുകൾ ഉണ്ട. എങ്കിലും ഫ്രാൻസ മികതും മൈതാനമുള്ളതും കാഴ്ചയ്ക്ക ഭംഗിയുള്ളതും ആകുന്നു.

ക്ലൈമെട്ട.—ഫ്രാൻസിന്റെ വടക്കെ ഭിക്ഷുകളിലുള്ള ക്ലൈമെട്ട ഇംഗ്ലാണ്ടിലെപ്പോലെ ആകുന്നു. തെക്കെ ഭിക്ഷുകളിൽ അത അസാരം അധികം ഉഷ്ണമുള്ളതാകകൊണ്ട ചില രോഗങ്ങളെ പൊറുപ്പിക്കുന്നതിനും കായ്കളെയും സസ്യാദികളെയും മുളപ്പിക്കുന്നതിനും അത നല്ല ക്ലൈമെട്ട ആകുന്നു.

ഉത്ഭവങ്ങൾ.—ചില വലിയ വനങ്ങളും പല മാതിരി പഴങ്ങളും നല്ല വിഞ്ഞും കാട്ടപന്നികളും ചെന്നായ്ക്കളും ആകുന്നു. ഫ്രാൻസകാർ കുതിരകളെയും ആട്ടമാടുകളെയും വളർത്തുന്നു. എങ്കിലും അവ വിശേഷപ്പെട്ടവ അല്ല. പണ്ടുള്ള കാലങ്ങളിൽ പൊന്നും ഉരുക്കുകൾ

ഫ്രാൻസിൽ ഉണ്ടായിരുന്നു. ഇപ്പോൾ വെള്ളി, ംരംയം, ചെമ്പ, അഞ്ജനം, കല്ക്കരിയും ഉള്ള തുരങ്കങ്ങൾ ഉണ്ട.

കൈവേലകളും വ്യാപാരവും.—പ്രധാന കൈവേലകൾ രോമവും പട്ടും പഞ്ഞിയും കൊണ്ടുള്ള ശീലത്തരങ്ങൾ ആകുന്നു. കയ്യൊറകളും ഫീത്തയും പൈതങ്ങൾക്കുള്ള കളിക്കോപ്പും ബ്രാന്ദിയും വീഞ്ഞും ഉണ്ടാക്കപ്പെടുന്നു. വളരെ വീഞ്ഞിനെയും ബ്രാന്ദിയെയും കളിക്കോപ്പുകളെയും പഴങ്ങളെയും പോക്കുചരക്കായിട്ട കേറി അയച്ചവരുന്നു. ഇരിമ്പും ചെമ്പും പിച്ചളയും കൊണ്ടുള്ള സൂത്രങ്ങൾ മുതലായവയെയും പഞ്ഞിയും ആട്ടരോമവും കൊണ്ടുള്ള ശീലകളെയും വെള്ളീയത്തെയും കുതിരകളെയും വരവ ചരക്കായിട്ട ഇറക്കിവരുന്നു.

പഠിതവും മതവും.—വിദ്വാന്മാരും പഠിതമുള്ളവരും ഫ്രാൻസിൽ വളരെ ഉണ്ട. പാരിസ എന്ന പട്ടണത്തിൽ മഹാ കേൾവിപ്പെട്ടിരിക്കുന്ന ഒരു വലിയ പാഠകശാല ഉണ്ട. സകലവിധമായിട്ടുള്ള വിദ്യയെയും അവിടെ അഭ്യസിപ്പിക്കുന്നു. എങ്കിലും ഫ്രാൻസകാർ മിക്കവരും പഠിതമില്ലാത്തവരാകുന്നു. ഫ്രാൻസിലുള്ള മതം രോമ മതം ആകുന്നു എങ്കിലും വളരെ പ്രൊത്തെസ്യാന്തകാരും അവിടെ ഉണ്ട.

വിശേഷാദികൾ.—ഫ്രാൻസകാർ ഉപചാരമുള്ളവരും ചുറുക്കുള്ളവരും ജാഗ്രതയുള്ളവരും ആകുന്നു. യുദ്ധമഹത്വത്തിനുള്ള അവരുടെ സ്നേഹത്തിന്നായിട്ടും സൂത്രങ്ങളിലുള്ള അവരുടെ മിടുക്കിന്നായിട്ടും അവർ കീർത്തിപ്പെട്ടവരാകുന്നു. എങ്കിലും അവർ അസ്ഥിരതയുള്ളവരും പരമാർത്ഥക്കേടുള്ളവരും സന്മാർഗ്ഗമില്ലാത്തവരും ആകുന്നു എന്ന പറയപ്പെട്ടിരിക്കുന്നു.

ഫ്രാൻസിൽ പാർക്കുന്ന രോമക്കാർ ൧൭൨൨ ആണ്ടിൽ ബർത്തൊലൊമായുടെ പെരുനാളിൽ തങ്ങളുടെ സ്വന്ത നാട്ടുകാരായ പ്രൊത്തെസ്യാന്ത സഹോദരന്മാരിൽ ൻംംം ആളുകളെ കൊന്നുകളഞ്ഞു. ൧൫൭൫ ആണ്ടിൽ ൪ംംംം പ്രൊത്തെസ്യാന്തകാരെ ഫ്രാൻസിൽനിന്ന മതം ഹേതുവായിട്ട ആട്ടികളകയും ചെയ്തു. ഇപ്രകാരമുള്ള ദോഷങ്ങൾ ചെയ്യുവർ രോമമതത്തിന്റെ പഠിതം മൂലം എത്രയും ക്രൂരന്മാരായി തീന്നവർ ആകകൊണ്ട ആ മതം എത്ര വല്ലാത്തതാകുന്നു എന്ന അറിവാൻ ഇട ഉണ്ടല്ലൊ.

ഹോലാണ്ട എന്ന ദേശത്തെ കുറിച്ച.

അതിരുകൾ.—ഹോലാണ്ടിന്റെ വടക്കും പടിഞ്ഞാറും ജെർമൻ കടലിനാലും കിഴക്ക ജർമ്മനിയാലും തെക്ക ബെല്ജീയം എന്ന രാജ്യത്താലും അതുത്തിയാക്കപ്പെട്ടിരിക്കുന്നു.

പ്രധാന ഭാഗങ്ങൾ.—ഹൊലാണ്ട എന്നും സീലാണ്ട എന്നും ഉത്രെക്ക എന്നും ഗിൽഡെല്ലാണ്ട എന്നും ഒവറിസ്സൽ എന്നും ഫ്രൈസ്ലാണ്ട എന്നും ഗ്രൊനിങ്കൻ എന്നും വടക്കെ ബ്രാബാന്ത എന്നും ലിംബുർഗ്ഗ എന്നുള്ള പ്രദേശത്തിലും ലക്സംബുർഗ്ഗ എന്നുള്ള പ്രദേശത്തിലും ചില ഭാഗങ്ങൾ എന്നും ആകുന്നു.

പ്രധാന നഗരികൾ.—ഹൊണ്ടോൻ കഴിഞ്ഞാൽ പിന്നെ

യൂറോപ്പിൽ മഹാ കച്ചവടതുറമുഖമായും ഹോലാണ്ടിലെ തലസ്ഥാനമായുമുള്ള അംസ്റ്റേഡാം എന്നും റൊട്ടെഡാം എന്നും ഹെഘ എന്നും ലെയഡൻ എന്നും ബ്രീഡാ എന്നും മായസ്ത്രിക്ക എന്നും ലുക്സംബുൎഗ്ഗ എന്നും ആകുന്നു.

റൊട്ടെഡാം ഹോലാണ്ടിലെ രണ്ടാം പട്ടണം ആകുന്നു. ഇറാസ്മുസ എന്ന മഹാ വിദ്വാൻ അവിടെ ജനിച്ചിരുന്നു.

ഹെഘ ഒരു ഭംഗിയുള്ള പട്ടണം ആകുന്നു. അവിടെ ഹോലാണ്ടിലെ രാജാവും മന്ത്രിമാർ മുതലായ പ്രധാനികളും പാൎക്കുന്നു. സ്റ്റെത്സ ജെനറാൽ എന്ന പേരുള്ള രാജചട്ടങ്ങളെയും കാൎയ്യങ്ങളെയും നിശ്ചയിച്ചുണ്ടാക്കുന്ന സഭ ഈ പട്ടണത്തിൽ കൂടി വരുന്നുണ്ട.

ഉത്രെക്കിലും ലെയഡനിലും ഓരോ കേൾവിപ്പെട്ടിരിക്കുന്ന ജ്ഞാനാഭ്യാസശാല ഉണ്ട.

ദ്വീപുകൾ.—തെക്സൽ എന്നും വൂൻ എന്നും വാൽചെറിൻ എന്നും ശ്വൊവെൻ എന്നും ബിവിലാണ്ട എന്നും കാൎദ്സാണ്ട എന്നും ആകുന്നു.

കടലുകളും കായലുകളും.—സുദസ്സി എന്നും ദെല്ലൊൎട്ട്ബെ എന്നും ഹാലംസി എന്നും വൈ എന്നും ആകുന്നു.

പ്രധാന ആറുകൾ.—രീൻ എന്നും ഉസ്സെൽ എന്നും വെക്ക എന്നും എമ്പസ എന്നും ശെൽട്ട എന്നും ദൈൽ എന്നും മെയിയെസ എന്നും ആകുന്നു.

ദേശ രൂപം.—ഹോലാണ്ട മലയില്ലാത്ത നന്നാ താണ പ്രദേശം ആകുന്നു. ആ ദേശം മിക്കതും കടൽ പൊങ്ങുന്ന സമയത്ത അതിനെക്കാൾ താഴ്ചയുള്ളതാകകൊണ്ട കടലരികെയുള്ള സ്ഥലങ്ങൾക്ക വലിയ ചിറയിട്ടിരിക്കുന്നു.

ക്ലൈമെട്ട.—യൂറോപ്പിലുള്ള എല്ലാ ദേശങ്ങളെക്കാളും ഹോലാണ്ട ശരീരസൌഖ്യത്തിന്ന കൊള്ളരുതാത്തതാകുന്നു. അവിടെ വളരെ മഞ്ഞും ഈറനിലങ്ങളിൽനിന്ന പൊങ്ങുന്ന ആവിയും ഉണ്ടാകകൊണ്ട അത വലിയ തണുപ്പും ഈൎപ്പവുമുള്ള ദേശം ആകുന്നു.

ഉത്ഭവങ്ങൾ.—ഹോലാണ്ടിലെ കുടിയാന്മാരുടെ അദ്ധ്വാനത്താലും മിടുക്കിനാലും ദേശത്തിലുള്ള ഈൎപ്പത്താലും കൃഷിതോട്ടങ്ങളും മേച്ചിലും നന്നായിരിക്കുന്ന പുകയിലയും മഞ്ചട്ടിയും വിശേഷ പൂക്കളും വളരെ ഉണ്ട അവിടെയുള്ള പശുക്കൾക്ക വളരെ പാൽ ഉള്ളവയാകകൊണ്ട വെണ്ണയും ഉണങ്ങിയ വെണ്ണയാകുന്ന ചീസ്സും അനവധി ഉണ്ട.

ഹോലാണ്ടിന്ന അടുക്കലുള്ള കടലിൽനിന്ന പലവിധമായ നല്ല മത്സ്യങ്ങളെ പിടിച്ച എടുത്ത വരുന്നു.

കൊക്കുകൾ എന്ന പക്ഷികൾ അവിടെ ഉണ്ട. എന്നാൽ കുതിരകളെയും പശുക്കൾ മുതലായവയെയും മറുദേശങ്ങളിൽനിന്ന കൊണ്ടുവരികയും ചെയ്യുവരുന്നു.

കൈവേലകളും വ്യാപാരവും.—ചണനൂൽ ശീലയും മണ്ണുകൊണ്ടുള്ള പാത്രങ്ങളും ചിത്രമെഴുതിയ ഒരു മാതിരി വിശേഷപ്പെട്ട ഓടും നാഴികമണികളും കളിക്കോപ്പുകളും കോതമ്പ പൊടികൊണ്ടെങ്കിലും ഉരുളകിഴങ്ങ കൊണ്ടെങ്കിലും ഉണ്ടാക്കുന്ന പശയും ചീസ്സും

വെണ്ണയും ആകുന്നു. ഹോലാണ്ടിൽ കച്ചവടം പെരുത്തുണ്ടു. പ്രത്യേകമായിട്ടുള്ളത ജെൎമ്മനിയോടുള്ള ഉൾക്കര കച്ചവടം ആകുന്നു. അനേകം തടികൾ ജെൎമ്മനിയിൽനിന്ന നീൻ എന്ന ആറിൽ കൂടി ഹോലാണ്ടിലുള്ള ഡൊട്ട് എന്ന പട്ടണത്തിലേക്ക ചെങ്ങാടമായിട്ട കൊണ്ടുവരുന്നു. ഓരൊ കൂട്ടം എത്രയും വലിയതാക കൊണ്ട വേണ്ടെന്ന പുരകളും കോപ്പുകളോടും കൂടെ ഉം ചിലപ്പാനം ആളുകൾ ഓരൊ കൂട്ടത്തിന്മേൽ കൂടിയിരിക്കുന്നു. അങ്ങിനെ ഒരു തടിക്കൂട്ടം കണ്ടാൽ അത പൊങ്ങി നടക്കുന്ന ദ്വീപാകുന്നു എന്ന തോന്നും. ഇത കൂടാതെ ഹോലാണ്ടിലെ വ്യാപാരം നാല്ക്കാലികളും മഞ്ഞുട്ടിയും ഹെറിങ്ങ്സ എന്നും കൊഡ എന്നുമുള്ള ഉണങ്ങിയ മത്സ്യങ്ങളും തിമിംഗലവും പുറമികിലെ ഫലങ്ങളും വിശേഷാൽ പഞ്ചസാരയും പലവ്യഞ്ജനങ്ങളുംമറ്റ പലമാതിരി ചരക്കുകളും ആകുന്നു.

പഠിതാവും മതവും.—പഠിതാം വളരെ ഉണ്ട. സാമാന്യമായുള്ള ജനങ്ങളിൽ മിക്കവരും അറിവുള്ളവരാകുന്നു. എന്നാൽ അവരുടെ ജാഗ്രതയ്ക്കായികൊണ്ടും ലുബ്ധിന്നായികൊണ്ടും അവർ കേൾവിപ്പെട്ടിരിക്കുന്നു. ഹോലാണ്ടുകാരും ജെനെവാക്കാരും സ്കോട്ടുലാണ്ടുകാരും ഇംഗ്ലീഷുകാരിൽ ചിലരും കൽവീന്റെ ഉപദേശങ്ങളെ പിന്തുടരുന്നവരാകുന്നു.

ജ്ഞാപകം-ലുത്തർ മതക്കാരും കാൽവീൻ മതക്കാരും തമ്മിലുള്ള വ്യത്യാസങ്ങൾ ചെറിയ കാൎയ്യങ്ങളെ സംബന്ധിച്ച മാത്രമെയുള്ളു. എന്നാൽ ക്രിസ്തുമതത്തിന്റെ വലിയതും സാരവുമായുള്ള ഉപദേശങ്ങൾ എല്ലാത്തെയും സംബന്ധിച്ച അവർ യോജ്യതയുള്ളവരാകുന്നു. റോമ സഭയുടെ വക്ഷളത്വങ്ങൾക്ക വിരോധമായി മറ്റത്ത നില്ക്കുന്ന ക്രിസ്തുമതക്കാർ എല്ലാവരും പ്രൊത്തെസ്താന്തക്കാർ എന്ന വിളിക്കപ്പെടുന്നു.

വിശേഷാധികൾ.—ഹോലാണ്ട മുമ്പെ സ്പെയിൻ എന്ന രാജ്യത്തിൻ കീഴിൽ ഒരംശമായിരുന്നു. എന്നാൽ സ്പെയിനിലെ രാജാവായ പീലിപ്പൊസ റോമ മതക്കാരനായിരുന്നത കൊണ്ട ഹോലാണ്ടുകാരെ മതസംഗതിക്കായിട്ട ഉപദ്രവിച്ച അനേകായിരം ആളുകളെ കൊന്നു. അതകാരണത്താൽ അവർ മത്സരിച്ച അവന്റെ അധികാരത്തെ ഉപേക്ഷിച്ചകളഞ്ഞ തങ്ങൾ തന്നെ ഹോലാണ്ടിൽ രാജ്യഭാരം ചെയ്തു. ആ ദേശത്തിൽ ഏഴ പ്രധാന സ്ഥലങ്ങൾ ഉണ്ടായിരുന്നത കൊണ്ട യോജിപ്പെട്ട ഏഴ പ്രദേശങ്ങൾ എന്ന അതിന്ന പേരിടുകയും ചെയ്തു. അതിന്റെ ശേഷം ഫ്രാൻസിലെ മഹാ രാജാവായ ബൊന്നപ്പാട്ട എന്നവൻ ആ ദേശത്തെ പിടിച്ച അതിനെ ഭരിപ്പാനായിട്ട ഒരു രാജാവിനെ നിശ്ചയിച്ച ആക്കുകയും ചെയ്തു. പിന്നത്തെതിൽ ഹോലാണ്ടും ബെല്ജിയം എന്ന പേരുള്ള അടുത്ത ദേശവും ഒരു രാജ്യമായി തീരുകയും അവയ്ക്ക നെതർലാണ്ട്സ എന്ന പേരിടുകയും ചെയ്തു. എന്നാൽ ആ ദേശങ്ങളിലെ കുടിയാന്മാർ തമ്മിൽ രസമില്ലാതെ ആകകൊണ്ട അവർ വേർപിരിഞ്ഞ ഇപ്പോൾ ആ ദേശങ്ങൾ ഹോലാണ്ട എന്നും ബെല്ജിയം എന്നും ഉള്ള പേരുകളായിട്ട രണ്ട രാജ്യങ്ങളായിരിക്കുന്നു. ഹോലാണ്ട എന്ന ദേശം കഴിഞ്ഞ കാലങ്ങളിൽ ബട്ടെവിയ എന്ന പേർ പറയപ്പെട്ടിരുന്നു.

ബെല്ജിയം എന്ന ദേശത്തെ കുറിച്ച.

അതിരുകൾ.—ബെല്ജിയമിന്റെ വടക്കെ ഭാഗം ഹോലാണ്ടിനാലും കിഴക്ക ജെൎമ്മനിയാലും തെക്ക ഫ്രാൻസിനാലും പടിഞ്ഞാറ വടക്കെ കടലിനാലും അതൃത്തിയാക്കപ്പെട്ടിരിക്കുന്നു.

പ്രധാന അംശങ്ങൾ.—ലിംബുൎഗ്ഗ എന്നും അന്ത്വെൎപ്പ എന്നും പടിഞ്ഞാറെ ഫ്ലാണ്ടെൎസ എന്നും ഹെന്നാല്ത എന്നും തെക്കെ ബ്രാബാന്ത എന്നും നാമുർ എന്നും ലിയജ എന്നും ലക്സംബുൎഗ്ഗിൽ ഒരു ഭാഗം എന്നും ആകുന്നു.

പ്രധാന നഗരികൾ.—ബ്രൂസ്സെൽസ എന്നത പ്രധാന നഗരി ആകുന്നു. ഇത മഹാ ഭംഗിയുള്ള പട്ടണം ആകുന്നു. അന്ത്വെൎപ്പ എന്ന പേരുള്ള ഒരു പട്ടണം കച്ചവടത്തിന്നായിട്ട കേൾവിപ്പെട്ടിരിക്കുന്നു. അതിൽ വിശേഷപ്പെട്ട ഒരു പള്ളി ഉണ്ട. ഇവ കൂടാതെ ഘെന്ത എന്നും ബ്രൂജെസ്സ എന്നും മോൎസ്സ എന്നും നാമുർ എന്നും ലിയജ എന്നുമുള്ള കേൾവിപ്പെട്ട പട്ടണങ്ങൾ ഉണ്ട.

പ്രധാന ആറുകൾ.—മെയിയെസ എന്നും ശെൽട്ട എന്നും ആകുന്നു.

ദേശ രൂപം.—ബെല്ജിയം ഹോലാണ്ടിനെ പോലെ ആകുന്നു.

ക്ലൈമെട്ട—ംരംറമായുള്ളതും വൎഷസമയത്ത ബഹു തണുപ്പുള്ളതും ആകുന്നു.

ഉത്ഭവങ്ങൾ.—വയൽ മുതലായ സ്ഥലങ്ങളെ നന്നായി കൃഷി ചെയ്യുന്നത കാരണത്താൽ കോതമ്പുമുതലായ ധാന്യങ്ങൾ അനവധിയായിട്ട ഉണ്ടാകുന്നു. ഇരിമ്പും ംരംയവും ചെമ്പും കല്ക്കരിയുമുള്ള തുരങ്കങ്ങളും മാൎബൾ എന്ന കല്ലും അവിടെ ഉണ്ട.

കൈവേലകളും വ്യാപാരവും.—മാലിൻസ എന്നൊ മെക്ലീൻസ എന്നൊ പേർ പറയുന്ന പട്ടണത്തിൽ ഒന്നാന്തരം ഫീട്ടയും നല്ല നേരിയ ചണശീലതരങ്ങളും സാല്പയും ധമാസ്ത എന്ന പറയുന്ന ഒരു മാതിരി പൂപ്പട്ടും പരവിധാനികളും തുകലും ഉണ്ടാക്കുന്നു. ബ്രൂസ്സെൽസിലെ ഫീട്ട നന്നായി ശ്രുതിപ്പെട്ടിരിക്കുന്നു. ചിലപട്ടണങ്ങളിൽ നല്ല മാതിരിയായ രോമവും ചണവും പഞ്ഞിയും കൊണ്ടുള്ള ചകലാസ ഉണ്ടാക്കിവരുന്നു. ഇവയെ പോക്കചരക്കായിട്ട കേററി അയക്കുന്നു. വേണ്ടും പ്രകാരം മററ ദേശങ്ങളിലെ ചരക്കുകളെ വരവുചരക്കായിട്ട ഇറക്കിയും വരുന്നു.

പഠിത്വവും മതവും.—പഠിത്വംഹോലാണ്ടിലുള്ളതിനെപോലെ ആകുന്നു. മതം റോമ മതം ആകുന്നു.

വിശേഷാദികൾ.—ബ്രൂസ്സെൽസിന്ന അടുക്കെ ഉള്ള വാട്ടേൎല്ലൂ എന്ന പേരുള്ള സ്ഥലത്ത വെച്ച ഇംഗ്ലീഷ സൈന്യത്തിൽ പടത്തലവനായ വെല്ലിങ്ങ്ടൊൻ എന്നവൻ ഫ്രാൻസിലെ മഹാ രാജാവായ ബൊന്നപ്പാൎട്ട എന്നവനെ തോല്പിച്ചത കൊണ്ട ആ സ്ഥലം മഹാ കീൎത്തിപ്പെട്ടിരിക്കുന്നു. ബെല്ജിയം എന്ന ദേശം കഴിഞ്ഞ കാലങ്ങളിൽ ഗലിയാ

ബെല്ലിക്ക എന്ന പറയപ്പെട്ട ദേശത്തിൽ ഒരു ഭാഗം ആയിരുന്നു.

സ്വിത്സല്ലാന്തേ എന്ന ദേശത്തെ കുറിച്ചു.

അതിരുകൾ.—സ്വിത്സല്ലാന്തേ എന്ന ദേശത്തിന്റെ വടക്കെ ഭാഗം ജെൎമ്മനിയാലും കിഴക്കു ഓസ്ത്രിയയാലും തെക്കു ഇത്താലിയാലും പടിഞ്ഞാറു ഫ്രാൻസിനാലും അതുത്തിയാക്കപ്പെട്ടിരിക്കുന്നു.

പ്രധാന അംശങ്ങൾ.—ബേൻ എന്നും ഫ്രിബുൎഗ് എന്നും സൊലഥൎൻ എന്നും ബാസൽ എന്നും ലൂസെൎൻ എന്നും ഉണ്ടേവാൽഡെൻ എന്നും ഉറി എന്നും ഷ്വിട്സ് എന്നും സൂറിക എന്നും സുഗ എന്നും ഗ്ലറ്റൎസ എന്നും അപ്പെൻസൽ എന്നും ക്ഷാഫ്ഹൌസെൻ എന്നും ഗ്രിസൊൻസ് എന്നും വലായിസ എന്നും ജെനെവാ എന്നും നിയഷ്ഥാത്തെൽ എന്നും സന്തഗാൽ എന്നും കൊൻസ്റ്റാൻസ് എന്നും അഗൊവിയാ എന്നും വാഡ അല്ലെങ്കിൽ ലിമാൻ എന്നും തെസ്സിൻ എന്നും ആകുന്നു.

പ്രധാന നഗരികൾ.—ഓരൊ പ്രധാന അംശത്തിൽ ഓരൊ നഗരി ഉണ്ടു. അവയുടെ പേരുകൾ മിക്കവയും അംശങ്ങളുടെ പേരുകളെ പോലെ ആകുന്നു.

മലകൾ.—യൂരോപ്പിലുള്ള എല്ലാ ദേശങ്ങളെക്കാളും സ്വിത്സല്ലാന്തു തുലോം മലമ്പ്രദേശം ആകുന്നു. ആ മലകളിൽ ഒറ്റവറും ഉയരമുള്ളവയുടെ പേരുകൾ റീത്യാൻ ആൽപ്സ എന്നും ഹെൽവിത്യൻ ആൽപ്സ എന്നും സന്തഗൊതഡ് എന്നും മോന്തബ്യാങ്ക എന്നും സന്തഖൈന്നാഡ എന്നും മൌന്തജൂറാ എന്നും ആകുന്നു.

കായലുകൾ.—കൊൻസ്റ്റാൻസ്, എന്നും ജെനെവാ എന്നും നിയഷ്ഥാത്തെൽ എന്നും ലൂസെൎൻ എന്നും സുഗ എന്നും വാല്ലെൻസ്വാഡ എന്നും ബ്രൈയെന്റ്സ എന്നും തൂൻ എന്നും ആകുന്നു.

ആറുകൾ.—രീൻ എന്നും രോൻ എന്നും ആർ എന്നും ഒസ്സ എന്നും ലിമ്മാത്ത എന്നും തെസ്സിനൊ എന്നും ഇൻ എന്നും ആകുന്നു.

ദേശ സ്വഭാവം.—എല്ലാ ദേശങ്ങളിൽ ഉള്ളതിനെക്കാളും സ്വിത്സല്ലാന്തിലുള്ള ഭിന്നകളുടെ കാഴ്ച തുലോം വ്യത്യാസമുള്ളതാകുന്നു. ചില ഭിന്നകൾ എല്ലാസ്പ്രൊഴും ഹിമം കൊണ്ടു മൂടപ്പെട്ടിരിക്കുന്നു. പല സ്ഥലങ്ങളിൽ ഗ്ലാസീയസ എന്ന പേർ പറയുന്ന ഉറച്ച നീർ കിടക്കുന്നു ഇതിനെ കണ്ടാൽ സമുദ്രം പൊങ്ങാറുകൊണ്ടു അടുത്തിരിക്കുന്ന സമയത്തു ഉറച്ചു പോയി എന്നു തോന്നും. ചില ഭിന്നകൾ മുന്തിരിങ്ങാത്തോട്ടങ്ങളും കൃഷിസ്ഥലങ്ങളും നല്ല തരമായ വൃക്ഷങ്ങളും കൊണ്ടു നിറഞ്ഞിരിക്കുന്നു. ഓരൊ വ്യത്യാസമുള്ള പ്രദേശങ്ങൾ അടുത്തടുത്തിരിക്കുകൊണ്ടു അവയെ കണ്ടാൽ ബഹു അതിശയം തോന്നുന്നതിന്നു ഇടയുണ്ടു.

തൈ്വമെട്ടു.—ദേശസ്വഭാവം എന്നപോലെ സ്വിത്സല്ലാന്തിലെ തൈ്വമെട്ടു പൊരുത്ത വ്യത്യാസം ഉള്ളതാകുന്നു. ചില ഭിന്നകളിലെ ശീതോഷ്ണം തണുപ്പായുള്ളതും ചില സ്ഥലങ്ങളിലേതു ബഹു തണുപ്പുള്ളതും ആകുന്നു.

ഉത്പന്നങ്ങൾ.—മലകളുടെ ചരിവുകളിൽ നല്ല മുന്തിരിങ്ങാ തോ

ങ്ങളും വൃക്ഷാദികളും ധാന്യങ്ങളും ഉണ്ട. എന്നാൽ കൃഷിക്കു ആ ദേശം അത്ര നല്ലതല്ല മേച്ചിലിന്നായിട്ട നന്നതന്നെ. കാട്ടുമൃഗങ്ങളിൽ പ്രത്യേകമായിട്ടുള്ളവ ഐബക്സ എന്ന പേർ പറയുന്ന ഒരു മാതിരി ആടും ക്ഷെമൊയിസ എന്ന പേർ പറയുന്ന ഒരു മാതിരി ആടും മാമ്മോട്ട എന്ന പേർ പറയുന്ന ഒരു മാതിരി എലിയും ആകുന്നു. ഇവ കൂടാതെയുറോപ്പിലുള്ള മറ്റ ദേശങ്ങളിലെ പോലെ നാല്ക്കാലിമൃഗങ്ങളും പക്ഷികളും ഉണ്ട. വെള്ളിയും ചെമ്പും ഇരുമ്പും ഉള്ള തുരുമ്പുകളും ഉണ്ട. കണ്ണാടിയുടെ തെളിവുപോലെയുള്ള സ്ടികക്കല്ലുകളും മറ്റ രത്നക്കല്ലുകളും മലകളിൽനിന്ന കിട്ടുന്നു എടുക്കുന്നുണ്ട.

കൈവേലകളും വ്യാപാരവും.—സന്തഗാൽ എന്ന പ്രദേശത്തിൽ ചണനൂൽതരങ്ങൾ ഉണ്ടാക്കപ്പെടുന്നു. ജെനെവായിൽ ഉണ്ടാകുന്ന ചെറിയ നാഴികമണികൾ ശ്രുതിപ്പെട്ടതാകുന്നു ചിലടിക്കുകളിൽ പട്ടും അച്ചടിച്ച പഞ്ഞിശീലത്തരങ്ങളും ഉണ്ടാക്കപ്പെടുന്നു. വ്യാപാരം വിശേഷമായിട്ടില്ല.

പഠിതവും മതവും.—പഠിതവും ജ്ഞാനവും ഉള്ളവർ ഒരു ദേശത്തിൽ വളരെ ഉണ്ട. ചില ആളുകൾ പ്രൊത്തെസ്ത്താന്തകാരും മറ്റ ചിലർ റോമ മതക്കാരും ആകുന്നു.

വിശേഷാദികൾ.—പണ്ടത്തെ കാലങ്ങളിൽ ഒരു ദേശത്തിന്റെ പേർ ഹെൽവിത്യാ എന്ന ആയിരുന്നു. കാലക്രമം കൊണ്ട അത ഓസ്ത്രിയ രാജാവിന്റെ അധികാരത്തിന്ന കീഴിൽ അകപ്പെട്ടുപോയി. എന്നാൽ ഇപ്പം ചിലവാനം സംവത്സരം മുമ്പെ ഓസ്ത്രിയക്കാരനായ ഗൈസ്ലർ എന്ന പേരുള്ള നാടുവാഴി സ്വിത്സ്ലണ്ടിനെ ഭരിച്ചു. അവൻ മഹാ ഡംഭുള്ളവനും ജനങ്ങളെ നശിപ്പിച്ചവനും ആയിരുന്നു. അവൻ തന്റെ തൊപ്പി ഒരു കുറിയിന്മേൽ വെച്ച കുടിയാന്മാർ അവനെ വണങ്ങി മാനിച്ച വന്ന പ്രകാരം തന്നെ ആ തൊപ്പിയെ മാനിക്കെണം എന്ന വിളംബരം പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. എന്നാൽ വില്ലിയം തെൽ എന്ന പേരുള്ളവൻ അതിനെ അനുസരിച്ചില്ല. അതുകൊണ്ട ആവന്റെ പേരിൽ ആവലാധിബോധിപ്പിച്ചാറെ വില്ലിയംതെൽ തന്റെ മകന്റെ തലയിന്മേൽ അപ്പൾ എന്ന ഒരു ചെറിയ പഴം വെച്ച അപ്പൻ തന്നെ അതിനെ അമ്പ എയ്തു ഖണ്ഡിക്കെണം എന്ന നാടുവാഴി തീർപ്പാക്കുകയും ചെയ്തു. അപ്രകാരം വില്ലിയംതെൽ തന്റെ മകന്ന ഒരു ദോഷം പോലും വരാതെ ആ പഴത്തെ എയ്തു രണ്ടായിട്ട പിളർക്കയും ചെയ്തു. എന്നാൽ അവന്റെ ആവനാഴികയിൽ ഒരു അമ്പു കൂടെ ഉണ്ടെന്ന കണ്ടിട്ട അത എന്തിന്നു എന്ന നാടുവാഴി ചോദിച്ചപ്പോൾ മറ്റെ അമ്പകൊണ്ട എന്റെ മകനെ ഞാൻ കൊന്നുപോയി എന്നുവരികിൽ ഇതകൊണ്ട നിന്നെയും കൊന്നകളയെണം എന്ന ഞാൻ ഉറെപ്പായിട്ട നിശ്ചയിച്ചിരുന്നു എന്ന വില്ലിയംതെൽ ഉത്തരമായിട്ട പറഞ്ഞു. അത കേട്ടാറെ നാടുവാഴി കോപം പൂണ്ട അവനെ കൂട്ടികൊണ്ടുപോയിപാറാവു ഗൃഹയിൽ ആക്കെണം എന്ന കല്പിച്ചാറെ വില്ലിയംതെൽ വഴിയിൽ വെച്ച ഓടിപൊയ്കളഞ്ഞു. പിന്നെ കുടിയാന്മാർ എല്ലാവരും മത്സരിച്ച ഓസ്ത്രിയ രാജാവിന്റെ അധികാരത്തെ ഉപേക്ഷിച്ചുകളഞ്ഞു. അന്ന മുതൽ സ്വിത്സ്ലണ്ടിൽ രാജാധികാരം ഇല്ലാതെ ജനാധിപത്യം തന്നെ ആയിരിക്കുന്നു. അത എന്തെന്നാൽ മേൽ പറഞ്ഞവ

ല പ്രദേശങ്ങളിൽ ഓരോന്നിൽ ജനങ്ങൾ തങ്ങളിൽനിന്ന തന്നെ അധികാരികളെ നിശ്ചയിച്ച ആകി അവരെകൊണ്ട തന്നെ അതാത പ്രദേശങ്ങളിലെ കാര്യങ്ങളെ നടത്തിച്ച വരുന്നു. എന്നാൽ സ്വിത്സ്ലല്ലാണ്ട എന്ന ദേശം എല്ലാം രക്ഷിപ്പാനായിട്ടും എല്ലാ പ്രദേശങ്ങളിലുമുള്ളവക്ക ഒരു പോലെ വേണ്ടുന്ന ചില കാര്യങ്ങളെ നടത്തിപ്പാനായിട്ടും ഓരോരൊ പ്രദേശത്തിൽ ഓരോരൊ ആളിനെ നിശ്ചയികയും ആ നിശ്ചയിക്കപ്പെട്ട ആളുകളെ കൊണ്ട പൊതുവിലുള്ള കാര്യങ്ങളെ നടത്തികയും ചെയ്യുവരുന്നു. ആ ആലോചന സഭയ്ക്ക ഡൈയെട്ട എന്ന പേർ പറഞ്ഞവരുന്നു.

സ്വിത്സ്ലല്ലാണ്ടിൽ അവലാണ്ട സ ഉണ്ട. അത എന്തെന്നാൽ മലകളുടെ മേൽ കിടക്കുന്ന ഹിമം ചിലപ്പോൾ വലിയ കൂട്ടങ്ങളായിട്ട താഴത്തേക്ക ഉരുണ്ടവീഴും ഉരുണ്ട വരുന്തോറും പിണ്ഡഭാക്കായിട്ട തീർന്ന ചുറ്റും കിടക്കുന്ന ഹിമവും ഉംച നീരും കൂടെ കൂടീട്ട വലുതായി വലുതായി വീകയും ചെയ്യിട്ട മനുഷ്യരെയും മൃഗാദികളെയും ചിലപ്പോൾ വലിയ ഗ്രാമങ്ങളെയും മൂടി നശിപ്പികയും ചെയ്യും. സ്വിത്സ്ലല്ലാണ്ടുകാർ ഡൈയ്ത്തിനും പരമാത്മത്തിനും തങ്ങളുടെ ദേശത്തെ കുറിച്ചുള്ള സ്നേഹത്തിനുമായിട്ട കീർത്തിപ്പെട്ടവരാകുന്നു.

ജെർമ്മനി എന്ന ദേശത്തെ കുറിച്ച

അതിരുകൾ.—ജെർമ്മനി യുറോപ്പിന്റെ നടുവിലത്തെ ഭാഗത്ത ആകുന്നു. ജെർമ്മനിയുടെ വടക്കെ ഭാഗം ഡെന്മാർക്കിനാലും ബാൽത്തിക്ക കടലിനാലും കിഴക്ക തുർക്കിയാലും തെക്ക ഇത്താലിയാലും സ്വിത്സ്ലല്ലാണ്ടിനാലും പടിഞ്ഞാറ ഫ്രാൻസിനാലും ഹോലാണ്ടിനാലും അതിരിയാക്കപ്പെട്ടിരിക്കുന്നു എന്ന സാമാന്യമായിട്ട പറഞ്ഞവരുന്നു. എന്നാൽ ഈ ദേശത്തിൽ പല രാജ്യങ്ങളും പ്രഭുത്വങ്ങളും ജനാധിപത്യങ്ങളും ഉണ്ടാകകൊണ്ടും അവയിൽ പാർക്കുന്നവരും അന്യരാജ്യങ്ങളിലുള്ളവരും യുദ്ധം ചെയ്യുടിക്കുകളെ പിടിച്ചവരുന്നതാകകൊണ്ടും അതിനെറ അതിരുകൾ ചിലപ്പോൾ മാറുകയും ചെയ്യും.

പ്രധാന അംശങ്ങൾ.—ജെർമ്മനി നാടുകൾ തങ്ങളുടെ വലിപ്പത്തിനും സാരത്തിനും തക്കവണ്ണം നാല പ്രധാന കൂട്ടങ്ങളായിട്ട വിഭാഗിക്കപ്പെട്ടിരിക്കുന്നു. എന്തെന്നാൽ

൧. ഓസ്ത്രിയ എന്നും പ്രുസ്സിയാ എന്നും സക്സോനി എന്നും ബാവറിയാ എന്നും വിട്ടംബുൎഗ്ഗ എന്നും ആകുന്നു.

൨. ബാഡെൻ എന്നും ഹെസ്സിഡാർസ്റ്റാട എന്നും ലക്സംബുൎഗ്ഗ എന്നും ഹെസ്സികാസ്സൽ എന്നും ഹോൽസ്റ്റിൻ എന്നും ലൊയൻബുൎഗ്ഗ എന്നും ആകുന്നു.

൩. ബ്രൂൻസ്വിക എന്നും മെക്കൽൻബുൎഗ്ഗ എന്നും ശെവറിൻ എന്നും നെസ്സാ എന്നും ആകുന്നു.

൪. സക്സവൈമാർ എന്നും സക്സഗോതാ എന്നും സക്സകൊബുൎഗ്ഗ എന്നും സക്സമൈനിങ്ങെൻ എന്നും മെക്കൽൻബുൎഗ്ഗ്സ്ട്രെലിത്സ എന്നും ഹാംബുൎഗ്ഗ എന്നും ബ്രെമെൻ എന്നും ഫ്രാങ്കഫൊട്ട എന്നും ലുബെക്ക എന്നും ആകുന്നു.

മലകൾ.—ഹൎക്കെന്നിയൻ മലകൾ എന്നും കാൎപ്പതിയൻ മലകൾ എന്നും ആകുന്നു. ഇവ ജെൎമ്മനിയുടെ നടുവിലെ ഭാഗത്തിൽ ആകുന്നു.

പ്രധാന ആറുകൾ.—ദാന്യൂബ എന്നും രീൻ എന്നും എല്ബ എന്നും വെസെർ എന്നും എംസ എന്നും ഓദേർ എന്നും ആകുന്നു.

ദേശ രൂപം.—നടുവിലത്തെ ഭാഗത്ത പൎവ്വതനിര ഉണ്ട. അതിൻെറ വടക്കെവശത്തുള്ള ഭൂമി ബാൽത്തിക്ക കടൽ വരെക്കും ക്രമമായിട്ടും ചൊവ്വായിട്ടുമിരിക്കുന്നു. അത മിക്കതും മണലുള്ള മൈതാന ദിക്കുകളും ംരംറനിലങ്ങളും ആകുന്നു. മലകളുടെ തെക്കവശത്തുള്ള ഭൂമി കുന്നായുള്ളതും ഫലമുള്ളതും ആകുന്നു.

ക്ലൈമെട്ട.—ജെൎമ്മനി വലിയ ദേശം ആകകൊണ്ട അതിൻെറ ക്ലൈമെട്ട പലതരത്തിൽ ഇരിക്കുന്നു വടക്കെ ഭാഗങ്ങളിലേത ംരംറമുള്ളതും മാററമുള്ളതും ആകുന്നു. നടുവിലത്തെ ഭാഗം പൊക്കമുള്ളതാകകൊണ്ട ശീതമുള്ളതാകുന്നു എങ്കിലും വേനൽ സമയത്ത മലഞ്ചരിവുകളിലേത ബഹു ഉഷ്ണമുള്ളതാകുന്നു തെക്കെ ദിക്കുകളിൽ നല്ല ശീതോഷ്ണമുള്ളതാകുന്നു.

ഉത്ഭവങ്ങൾ.—ജെൎമ്മനിയിൽ വിശേഷപ്പെട്ട തുരങ്കങ്ങൾ ഉണ്ട. ബൊഹെമിയാ എന്നും സക്സൊനി എന്നുമുള്ള രാജ്യങ്ങളുടെ ഇടയിലുള്ള മലകളിൽ നല്ല വെള്ളിയും വെള്ളീയവും ചെമ്പുംകാരീയവും ഇരിമ്പും ഉള്ള തുരങ്കങ്ങൾ ഉണ്ട. ചില ദിക്കുകളിൽ പാഷാണവും ഒന്നാന്തരം രസവും ഉണ്ട പല ദിക്കുകളിൽ നല്ല രത്നക്കല്ലുകളും കല്ലുപ്പും വളരെ ഉണ്ട. പൎവ്വതനിരയിൽ പലപല മാതിരി ഉപകാരമുള്ള വൃക്ഷങ്ങളും കാട്ടുമൃഗങ്ങളും ഇണക്കമുള്ള നാല്ക്കാലി മുതലായ മൃഗങ്ങളും ഉണ്ട ചില ദിക്കുകളിൽ കോതമ്പ മുതലായ ധാന്യങ്ങൾ നന്നായുണ്ടാകും.

കൈവേലകളും വ്യാപാരവും.—പ്രത്യേകമായുള്ള കൈവേല ചണശീലത്തരങ്ങളും പിഞ്ഞാണം മുതലായവയും ആകുന്നു. ഇവ കൂടാതെ കടലാസും തോലും സ്പടികവും മണ്ണുകൊണ്ടുള്ള പാത്രങ്ങളും ജെൎമ്മനിയിൽ ഉണ്ടാക്കപ്പെടുന്നു. ജെൎമ്മനി നാട്ടുകാർ തമ്മിൽ തമ്മിൽ വളരെ കച്ചവടം ചെയ്തുവരുന്നു. ആ ദേശത്തിൽനിന്ന ചണവും ഉപ്പിട്ടുണങ്ങിയ പന്നിതുടകളും മരവും ആട്ടുരോമവും പല മാതിരി നല്ല തരമായ വീഞ്ഞുകളും ലോഹാദികളും പോക്കചരക്കായ ട്ട കേററി അയച്ചവരുന്നു.

പഠിത്വവും മതവും.—പഠിത്വം വളരെ ഉണ്ട ജെൎമ്മനിയിൽ വം ചില്വാനം വിശേഷപ്പെട്ട പാഠകശാലകൾ ഉണ്ട. ജെൎമ്മനിക്കാർ മിക്കവരും പഠിത്വമുള്ളവരാകുന്നു ജെൎമ്മനിയുടെ വടക്കെ ഭാഗങ്ങളിൽ പ്രൊത്തെസ്റ്റാന്ത മതക്കാർ അധികം ഉണ്ട തെക്കെ ഭാഗങ്ങളിൽ റോമ മതക്കാർ അധികം തന്നെ എങ്കിലും പ്രൊത്തെസ്റ്റാന്ത മതക്കാരും ഉണ്ട.

വിശേഷാദികൾ,—സ്വിത്സൎല്ലാണ്ടിലെ പോലെ തന്നെ ജെൎമ്മനിയിലുള്ള ഓരൊ സംസ്ഥാനം അതാതിൻെറ നാട്ടുകാൎയ്യങ്ങളെ നടത്തിച്ച വരുന്നു. എന്നാൽ പൊതുവിലുള്ള കാൎയ്യങ്ങളെ നടത്തിപ്പാനായി

ട്ടും ജെൎമ്മനിയിലുള്ള സംസ്ഥാനങ്ങളെ രക്ഷിപ്പാനായിട്ടും അവൎക്കും ഡൈയെട്ട എന്ന പേരുള്ള ആലോചന സഭ ഉണ്ട. മെയൻ എന്ന ആററരികെ ഉള്ള ഫ്രാങ്കപൊൎട്ട എന്ന പട്ടണത്തിൽ ജെൎമ്മനിയിലെ കാൎയ്യങ്ങളെ നടത്തിപ്പാനായിട്ട ഡൈയെട്ട എന്ന സഭ കൂടിവരികയും ചെയ്യുന്നു.

വെസ്റ്റഫെലിയ എന്ന ദിക്കിലുള്ള സ്ഫാ എന്നും പമൊന്തു എന്നുമുള്ള ധാതുവെള്ളങ്ങൾ ഏററവും ശ്രുതിപ്പെട്ടിരിക്കുന്നു അവിടത്തെ ഹെംസ എന്ന പേരായിട്ട ഉപ്പിട്ടുണങ്ങുന്ന പന്നി തുടകൾ ഏററവും വിശേഷമുള്ളവയാകുന്നു.

ഓസ്ത്രിയ എന്ന ദേശത്തെ കുറിച്ച.

അതിരുകൾ.—ഒസ്ത്രിയയുടെ വടക്കെ ഭാഗം പ്രുസ്സിയായാലും റുസ്സിയാ പോലാണ്ടിനാലും തെക്ക തുൎക്കിയാലും വെനീസ എന്ന ഉൾക്കടലിനാലും കിഴക്ക റുസ്സിയാ തുൎക്കിയാലും പടിഞ്ഞാറ ബാവറിയായാലും സ്വിത്തൎല്ലാണ്ടിനാലും അതൃത്തിയാക്കപ്പെട്ടിരിക്കുന്നു.

പ്രധാന അംശങ്ങൾ.—മേലത്തേതും താഴത്തേതുമായുള്ള ഓസ്ത്രിയ എന്നും സാൽസ്ബുൎഗ്ഗ എന്നും സ്ഥിരിയാ എന്നും തൈറൊൽ എന്നും ബൊഹെമിയാഎന്നും മോറവിയാ എന്നും ഓസ്ത്രിയൻ സിലിസിയാ എന്നും ഇല്ലിറിയാ എന്നും ഗല്ലിസിയാ എന്നും ബുകൊവിനാ എന്നും ഹൻഗറി എന്നുംസ്ലാവോനിയ എന്നും ക്രൊയെതിയാ എന്നും ത്രാൻസിൽവാനിയാഎന്നും ദാല്മത്തിയാ എന്നും ലൊംബാൎഡി എന്നും വെനീസ എന്നുംആകുന്നു ഒസ്ത്രിയ മഹാരാജാവ ൦രം ദേശങ്ങളെ പിടിച്ചതിന്നു മുമ്പെ ഇവയിൽ ചില മഹാ കേൾവിപ്പെട്ട സ്വന്ത അധിപതിയുള്ള സംസ്ഥാനങ്ങൾ ഉണ്ടായിരുന്നു പ്രമാണപ്പെട്ടവ എന്തെന്നാൽ

തൈറൊൽ എന്ന ദേശം ഓസ്ത്രിയൻ രാജ്യത്തിന്ന പടിഞ്ഞാറെ ഭാഗത്ത ആൽപ്സ എന്ന മലകളിൽ ആകുന്നു. ൦രം ദേശം മൂന്നായിട്ട പകുത്തിരിക്കുന്നു. ഏതേതെന്നാൽ തൈറൊൽ എന്നും ത്രെന്ത എന്നും ബ്രിസ്സെൻ എന്നും ആകുന്നു. തൈറൊൽകാർ ധൈൎയ്യവും ചുണയുമുള്ളവരാകുന്നു. ൧൭൦൭ ആണ്ടിൽ ത്രെന്ത എന്ന പ്രദേശത്തിൽ വെച്ച മതകാൎയ്യങ്ങളെ കുറിച്ച ചിന്തിപ്പാനായിട്ട പൊതുവിലുള്ള ഒരു ആലോചന സഭ കൂടപ്പെട്ടു. തൈറൊലിൽ വെള്ളിമുതലായ ലോഹങ്ങൾ ഉള്ള തുരങ്കങ്ങൾ ഉണ്ട. അവിടെ നല്ല തരമായ നാല്ക്കാലി മൃഗങ്ങളും ധാന്യങ്ങളും രത്നക്കല്ലുകളും ഉണ്ട. അവിടെ നല്ല മാതിരി വീഞ്ഞ ഉണ്ടാക്കപ്പെടുന്നു.

ബൊഹെമിയാ എന്ന ദേശം ഓസ്ത്രിയൻ രാജ്യത്തിന്ന വടക്ക പടിഞ്ഞാറെ ഭാഗത്ത ആകുന്നു ഇത മുമ്പെ കേൾവിപ്പെട്ട സ്വാതന്ത്ര്യമുള്ള രാജ്യം ആയിരുന്നു. നല്ല പൊന്ന മുതലായ ലോഹങ്ങളുള്ള തുരങ്കങ്ങളും ഒന്നാന്തരമായ മേച്ചിൽസ്ഥലങ്ങളും കോതമ്പ മുതലായ ധാന്യങ്ങളും അവിടെ അനവധി ഉണ്ട.

റോമ മതക്കാർ കൊൻസ്റ്റാൻസ എന്ന പട്ടണത്തിൽ വെച്ച ബൊഹെമിയാക്കാൎക്കുള്ള പട്ടക്കാരായ യോഹന്നാൻ ഹുസ്സ എന്നവനെയും പ്രാഗ്ഗിലെ ജെറൊം എന്നവനെയും അന്യായമായിട്ട ജീവനോട ചുട്ടകൊ

ന്നതകൊണ്ടും ഓസ്ട്രിയൻ മഹാരാജാവ മതം ഹേതുവായിട്ട ബൊഹേമിയാക്കാരെ നശിപ്പിപ്പാനായിട്ട ശ്രമിച്ചിരുന്നത കൊണ്ടും അവർ സിസ്കാ എന്ന പേർ പറയുന്നവനെ അവരുടെ സേനാപതിയായിട്ട തെരിഞ്ഞെടുത്തും കൊണ്ടെ ഓസ്ട്രിയ മഹാരാജാവിനോട യുദ്ധം തുടങ്ങി ബൊഹൊമിയായിലെ പ്രധാന നഗരിയായ പ്രാഗ്ഗ എന്ന പട്ടണത്തിൽനിന്ന ഏകദേശം പത്ത നാഴിക ദൂരത്ത ഒരു പാറമലയിന്മേൽ പാളയം ഇറക്കി നല്ല ബലമുള്ള കോട്ടകൾ മുതലായ രക്ഷസ്ഥലങ്ങളെ ഉണ്ടാക്കി ആ സ്ഥലത്തിന്ന തേബോർ എന്ന പേരിട്ടുകയും ചെയ്തു. തക്ക സമയം നോക്കിട്ട അവിടെനിന്ന പുറപ്പെട്ട ശത്രുക്കളെ ജയിച്ച തേബോർ എന്ന സ്ഥലത്തെ പിടിപ്പാനായിട്ട വന്ന സൈന്യങ്ങളെ എല്ലാം തോല്പിക്കയും ചെയ്തു. അങ്ങിനെ ൫ സംവത്സരത്തേക്ക യുദ്ധം ഉണ്ടായതിന്റെ ശേഷം സിസ്കായെ ജയിപ്പാൻ കഴികയില്ല എന്ന വിചാരിച്ച ഓസ്ട്രിയ മഹാ രാജാവ സമാധാനത്തെ ചോദിച്ചു സിസ്കാ രാജാവിനെ എതിരേല്പാൻ പോകും വഴിയിൽ വെച്ച മരണവേദന പിടിപെട്ട ചാകാറായപ്പോൾ നിനക്ക വിശേഷ ആഗ്രഹം ഉണ്ടോ എന്ന തന്റെ സ്നേഹിതന്മാർ അവനോട ചോദിച്ചാറെ ഞാൻ ചാകുമ്പോൾ എന്റെ തോൽകൊണ്ട ഒരു ചെണ്ട പൊതിഞ്ഞ ഉണ്ടാക്കി അതിനെ കൊട്ടുമ്പോൾ നമ്മുടെ ശത്രുക്കൾ ഭയം കൊണ്ട ഓടിപോകും എന്ന ഉത്തരമായിട്ട പറഞ്ഞു.

൦രം ദേശത്തിലുള്ള തൊപ്ലിസ്ക എന്ന പട്ടണത്തിൽ കേൾവിപ്പെട്ടിരിക്കുന്ന ചൂടുള്ള ഉറവകൾ ഉണ്ട.

മോറവിയാ എന്ന പ്രദേശം ബൊഹെമിയായുടെ കിഴക്ക വശത്ത ആകുന്നു ഇത ഒരു സുദിക്ഷമുള്ള ദേശം ആകുന്നു. മൊറവിയായിലുള്ള പ്രധാന പട്ടണങ്ങൾ ഒൽമ്മുസ് എന്നും ബ്രുൻ എന്നും ആകുന്നു.

ബ്രുൻ, രോമം കൊണ്ടുള്ള ശീലത്തര കൈവേലയ്ക്കായിട്ട കീർത്തിപ്പെട്ടിരിക്കുന്നു

൦രം പ്രദേശത്തിലുള്ള ഓസ്സെഗ്ഗിന്ത എന്ന പട്ടണത്തിൽ വെച്ച ഫ്രാൻസ മഹാ രാജാവായ ബൊന്നപ്പാട്ടിന്ന താൻ ചെയ്തിരുന്ന എല്ലാജയങ്ങളെക്കാളും ഏറവും വലുതായിട്ടുള്ള ഒരു ജയം ഉണ്ടായി.

ഹൻഗറി എന്ന ദേശം ഓസ്ട്രിയ രാജ്യത്തിന്ന തെക്ക കിഴക്ക വശത്ത ആകുന്നു ഇത മുമ്പെ സ്വാതന്ത്ര്യവും ബലവുമുള്ള രാജ്യം ആയിരുന്നു അവിടെ വിലയേറിയ തുരുങ്ങുകളും പൊരുത്ത പക്ഷിമൃഗാദികളും മുന്തിരിങ്ങാ തോട്ടങ്ങളും വൃക്ഷാദികളും മേച്ചിൽ സ്ഥലങ്ങളും ഉണ്ട. കൈവേലകളും വ്യാപാരവും ഉണ്ട. തൊക്കെ എന്ന പട്ടണത്തിൽ ഉണ്ടാക്കുന്ന വീഞ്ഞും ശ്രുതിപെട്ടിരിക്കുന്നു.

ഹൻഗറിയിൽ പ്രസ്സുർ എന്നും പ്രധാനമായൊരു പട്ടണം ഉണ്ട. അവിടെ ഹൻഗറിയിലെ രാജാക്കന്മാർ കിരീടം ധരിക്കപ്പെട്ടവരുന്നു.

ബുഡാ എന്നത തലസ്ഥാന പട്ടണം ആകുന്നു. ഇവിടെ മഹാ കേൾവിപ്പെട്ടിരിക്കുന്ന ചൂട ധാതുവെള്ളങ്ങൾ ഉണ്ട. പെസ്ത എന്ന പട്ടണം കേൾവിപ്പെട്ടത ആകുന്നു.

ലൊംബാഡി എന്ന ദേശം ഇത്താലിയുടെ വടക്ക ഭാഗത്ത ആകുന്നു. അതിലെ തലസ്ഥാനം മിലാൻ എന്ന ആകുന്നു. ലൊംബാഡി മുമ്പെ കീർത്തിപ്പെട്ട പ്രാന്തം ആയിരുന്നു. ഇപ്പോൾ പ്രധാന സ്ഥലം ആകു

ന്നു. നിലപുഷ്ടിക്കും പലപല കച്ചവടത്തിന്നുമായിട്ട അത ശ്രുതിപ്പെട്ടിരിക്കുന്നു.

വെനീസ എന്ന ദേശം ലൊംബാൎഡിയുടെ കിഴക്കെ ഭാഗത്ത ആകുന്നു. വെനീസ എന്ന പേർ ദേശത്തിന്നും പട്ടണത്തിന്നും ഇട്ടിരിക്കുന്നു. ഇത രണ്ടും അതിശയമായുള്ളവ ആകുന്നു. പട്ടണത്തിലുള്ള വീടുമുതലായവ ൭൨ ദ്വീപുകളിന്മേൽ പണിയിക്കപ്പെട്ടിരിക്കുന്നു. അവിടെ ൫൦൦ പാലങ്ങൾ ഉണ്ട. മിക്ക വീടുകൾക്ക ഒരു വശത്ത വിസ്താരം കുറഞ്ഞ തെരുവീഥിയും മറെറ വശത്ത തോടും ആകുന്നു. അതകൊണ്ട എവിടെ എങ്കിലും പോകുവാൻ ആവശ്യം വന്നാൽ കരവഴിയായിട്ടൊ വള്ളംവഴിയായിട്ടൊ ബോധിച്ചപ്രകാരം പോകാം ഇന്ദ്യായിലേക്ക ശ്രഡ്ഹൊപ്പ എന്ന മുനമ്പ വഴിയായിട്ട വരുവാൻ അറിഞ്ഞതിന്ന മുമ്പെ യൂറോപ്പിലെ മറെറല്ലാ രാജ്യങ്ങളെക്കാളും വെനീസ മഹാ ശക്തിയും വ്യാപാരവും കപ്പൽ കാൎയ്യാദികളിൽ സാമൎത്ഥ്യവുമുള്ള സംസ്ഥാനം ആയിരുന്നു. ഇപ്പോൾ ഓസ്ത്രിയ രാജ്യത്തിൻ കീഴിൽ ഹീനമുള്ള അവസ്ഥയിൽ ഇരിക്കുന്നു എങ്കിലും അവിടെ ഇന്ന വരെ വിശേഷമായ പട്ടുശീലത്തരങ്ങളെയും ദൎപ്പണങ്ങളെയും എല്ലാ മാതിരി കണ്ണാടികളെയും ഉണ്ടാക്കിവരുന്നു.

പ്രധാന നഗരികൾ.—വീയെന്ന എന്നതഓസ്ത്രിയയിലെതലസ്ഥാന പട്ടണം ആകുന്നു.

മററ പ്രധാന നഗരികൾ പ്രാഗ്ഗ എന്നും ബൂധാ എന്നും പെസ്റ്റ എന്നും പ്രെസ്ബെൎഗ് എന്നും ലിംബെൎഗ് എന്നും ത്രിയസ്ഥ എന്നും വെനീസ എന്നും ബ്രൻ എന്നും ദെബ്രെഥ്സിൻ എന്നും തൊപ്ലിസ എന്നും മെന്തൌ എന്നും വേറൊനാ എന്നും പെദൌ എന്നും ആകുന്നു.

ത്രിയസ്ഥ എന്ന പട്ടണം വെനിസ എന്ന ഉൾക്കടലിന അരികെ ആകുന്നു. അത ഓസ്ത്രിയ രാജ്യത്തിലെ പ്രധാന തുറമുഖം ആകുന്നു.

പ്രധാന ആറുകൾ.—ദാന്യൂബ എന്നും തൈസിനൊ എന്നും അദ്ദാ എന്നും ആകുന്നു.

വിശേഷാദികൾ—ഇപ്പോഴത്തെ ഓസ്ത്രിയ എന്ന മഹാ രാജ്യത്തിൽ ഉൾപ്പെട്ടിരിക്കുന്ന പണ്ടത്തെ ദേശങ്ങൾ എന്തെന്നാൽ വിൻദിലിസിയാ എന്നും നൊറിക്കം എന്നും ഇല്ലിറിക്കും എന്നും പാന്നോനിയ എന്നും സാർമാതിയ എന്നും ജെൎമ്മനിയ എന്നും റിതിയ എന്നും ഇത്താലിയാ എന്നുള്ള ദേശങ്ങളിലെ ചില ഭാഗങ്ങൾ എന്നും ആകുന്നു.

പ്രുസ്സിയാ എന്ന ദേശത്തെ കുറിച്ച.

അതിരുകൾ.—പ്രുസ്സിയായുടെ വടക്കെ ഭാഗം ബാൽത്തിക്ക കടലിനാലും കിഴക്ക റുസ്സിയായാലും തെക്ക ഓസ്ത്രിയയാലും പടിഞ്ഞാറ ജെൎമൻ നാടുകളാലും അതൃത്തിയാക്കപ്പെട്ടിരിക്കുന്നു.

പ്രധാന അംശങ്ങൾ.—കിഴക്കെ പ്രുസ്സിയാ എന്നും പടിഞ്ഞാറെ പ്രുസ്സിയാ എന്നും പൊസൻ എന്നും പൊമിറേനിയാ എന്നും ബ്രാൻഡെൻബൂൎഗ്ഗ എന്നും സിലിസിയാ എന്നും പ്രുസ്സിയൻസക്സൊനി

എന്നും വെസ്റ്റഫെലിയാ എന്നും ക്ലീവ്സ എന്നും ബെർഗ് എന്നും താഴത്തെ രീൻ എന്നും ആകുന്നു.

പ്രധാന നഗരികൾ.—ബെർല്ലിൻ എന്ന പട്ടണം പ്രുസ്സിയായിലെ തലസ്ഥാനം ആകുന്നു. ബ്രെസ്ലൊ എന്നും കൊനിഗസ്ബെർഗ് എന്നും കൊലോങ എന്നും ദാന്സിക്ക എന്നും മാഗ്ഡിബെഗ എന്നും അയിലാശാപ്പൾ എന്നും പൊഥസ്ദാം എന്നും സ്റ്റെട്ടിൻ എന്നും കൊബ്ലെന്സ എന്നും തോറൻ എന്നും വിട്ടെൻബുർഗ്ഗ എന്നും ത്രെവ്സ എന്നും ആകുന്നു. കൊൽബെഗ എന്നും മെമ്മെൽ എന്നും സ്ത്രാൽസാണ്ട എന്നുമുള്ള പട്ടണങ്ങൾ പ്രധാന തുറമുഖങ്ങൾ ആകുന്നു.

പ്രധാന ആറുകൾ.—മെമ്മെൽ എന്നും വിസ്ത്യൂലാ എന്നും ഓദേർ എന്നും എല്ബ എന്നും രീൻ എന്നും ആകുന്നു.

ഉത്ഭവങ്ങൾ.—പ്രുസ്സിയാ ഏറെ ഫലമുള്ള ദേശം അല്ല എങ്കിലും വളരെ ചണവും വക്കം ഉണ്ടാകുന്നു. ഈ രാജ്യത്തിൽ പ്രത്യേകമായിട്ടുള്ള ഉത്ഭവം അംബർ എന്ന പേരുള്ള വസ്തു ആകുന്നു. ഇത ഒരു മാതിരി വൃക്ഷത്തിന്റെ രസം ഉറച്ചതാകുന്നു എന്ന തോന്നുവാൻ ഇട ഉണ്ട. അതിന്ന പല നിറങ്ങളുള്ളതിൽ പ്രത്യേകമായിട്ട മഞ്ഞൾ നിറം ആകുന്നു. രത്നക്കല്ലായിട്ട ഇതിനെ ധരിക്കുന്നത കൂടാതെ അതകൊണ്ട പലപ്രയോജനങ്ങളും ഉണ്ട. അയിലാശാപ്പളിൽ ബഹു ശ്രുതിപ്പെട്ട ചൂടുധാതുവെള്ളങ്ങൾ ഉണ്ട.

കൈവേലകളും വ്യാപാരവും.—പ്രധാനമായിട്ടുള്ള കൈവേലകൾ പട്ടും ചണവും രോമവും കൊണ്ടുള്ള ശീലത്തരങ്ങൾ ആകുന്നു. എന്നാൽ പോക്കുചരക്കുകളും വരവ ചരക്കുകളും വളരെ ഉണ്ട. ലോകത്തിലുള്ള യാതൊരു സ്ഥലത്തിൽനിന്ന പോക്കുചരക്കായിട്ട കേററി അയക്കുന്നതിനെക്കാൾ ദാന്സിക്കിൽനിന്ന അധികം കോതമ്പ കേററി അയക്കപ്പെട്ട വരുന്നു. മെമ്മെൽ എന്ന തുറമുഖപട്ടണം വലിയ തടിക്കച്ചവട സ്ഥലം ആകുന്നു. ഇവിടെനിന്നും പലതരമായ ചരക്കുകളെ കേററി അയച്ചവരുന്നു.

വിശേഷാദികൾ.—പ്രുസ്സിയാ ഒരു പുതിയ രാജ്യം ആകുന്നു. മുമ്പെ ആ ദേശം പോലാണ്ട എന്ന രാജ്യത്തിന്റെ കീഴിൽ ആയിരുന്നു. എന്നാൽ ൧൭൨൫ ആണ്ടിൽ യോഹന്നാൻ സിഗിസമോണ്ട എന്നവൻ ഇപ്പോഴത്തെ പ്രുസ്സിയാ എന്ന ദേശത്തിലുള്ള ബ്രാൻഡെൻബുർഗ് എന്ന പ്രദേശത്തിലെ പ്രഭുവായി തീൎന്നു. അവന്റെ സ്ഥാനത്തിന്റെ പേർ ഇലെക്ടൊർ എന്ന ആയിരുന്നു. ആയാളിന്റെ മകനായ ഫ്രദ്ദീക്കവില്ലിയം എന്നവൻ ൧൭൨൫ ആണ്ടിൽ ഒരു സ്വാതന്ത്ര്യരാജ്യമായിട്ട പ്രുസ്സിയായെ ആക്കുവാൻ തക്കവണ്ണം പോലാണ്ടിലെ രാജാവിനെ നിബന്ധിക്കയും ചെയ്തു ആ സമയം മുതൽ പ്രുസ്സിയാ എന്ന രാജ്യം വലിയതായി തീൎന്നു. ഇപ്പോൾ മഹാ ശക്തിയും സാരവുമുള്ള രാജ്യം ആകുന്നു.

സക്സൊനി എന്ന ദേശത്തെ കുറിച്ച.

അതിരുകൾ.—സക്സൊനി ബൊഹെമിയായുടെയും പ്രുസ്സിയായുടെയും ഇടയിൽ ആകുന്നു.

പ്രധാന നഗരികൾ.—ദ്രെസ്ദൻ എന്ന പട്ടണം സക്സൊനിയിലെ തലസ്ഥാനം ആകുന്നു. ലൈപ്സിക്ക എന്ന പട്ടണം പ്രധാന പട്ടണം ആകുന്നു.

ഈ സംസ്ഥാനത്തിലെ ക്ലൈമെട്ട നല്ലതും ഭൂമി നല്ല ഫലമുള്ളതും ആകുന്നു. ആ ദേശത്തിലുള്ള ആട്ടുരോമം മഹാ കേൾവിപ്പെട്ടതും തുരങ്കങ്ങൾ വിലയേറിയതും ആകുന്നു.

ദ്രെസ്ദൻ എന്ന പട്ടണം ജെൎമ്മനിയിൽ ഏററവും ഭംഗിയുള്ള പട്ടണങ്ങളിൽ ഒന്ന ആകുന്നു. നല്ല ചിത്രം എഴുത്തുകൾക്കായിട്ടും കൊത്തി ഉണ്ടാക്കിയ രൂപങ്ങൾക്കായിട്ടും മറെറല്ലാ പട്ടണങ്ങളെക്കാൾ ദ്രെസ്ദൻ അധികം ശ്രുതിപ്പെട്ടതാകുന്നു. അവയെവെച്ച വന്ദിപ്പാൻ എങ്കിലുംതൊഴുവാൻ എങ്കിലും അല്ല. അവയെ ഉണ്ടാക്കിയവരുടെ സാമൎത്ഥ്യം കാണിപ്പാനും കീൎത്തിയുള്ള ആളുകളെ ഓൎമ്മപ്പെടുത്തുവാനും അത്രെ ആകുന്നത. ആ പട്ടണത്തിൽ പൊന്നും വെള്ളിയും കൊണ്ടുള്ള കസവും തങ്കരത്നാദികളും സ്ഫടികവും ചീന പിഞ്ഞാണപോലെയുള്ള നല്ല പാത്രങ്ങളും ചണവും രോമവും കൊണ്ടുള്ള ശീലത്തരങ്ങളും പലതരമായ വായുവാദ്യങ്ങളും ഉണ്ടാക്കപ്പെട്ടവരുന്നു.

ലൈപ്സിക്ക എന്ന പട്ടണത്തിൽ കേൾവിപ്പെട്ടിരിക്കുന്ന ഒരു പാഠകശാല ഉണ്ട. ഇവിടെ ആണ്ടുതോറും രണ്ട പ്രാവശ്യം വലിയതും ശ്രുതിപ്പെട്ടതുമായുള്ള ചന്തദിവസങ്ങൾ ഉണ്ട. അവിടെ പലപല ചരക്കുകളെയും പ്രത്യേകമായിട്ട വളരെ പുസ്തകങ്ങളെയും വില്ക്കയും വാങ്ങിക്കയും ചെയ്തുവരുന്നു.

ബാവറിയാ എന്ന ദേശത്തെ കുറിച്ച.

അതിരുകൾ.—ബാവറിയാ ബൊഹെമിയായുടെയും വിട്ടെംബുൎഗ്ഗിന്റെയും ഇടയിൽ ആകുന്നു.

ബാവറിയായിലെ തലസ്ഥാനം മുന്നിക്ക എന്ന പേരുള്ള പട്ടണം ആകുന്നു.

പ്രധാന നഗരികൾ.—ഓഗ്സബുൎഗ്ഗ എന്നും നൂരെംബെൎഗ്ഗ എന്നും രാത്തിസ്ബൊൻ എന്നും ബ്ലെൻഹെം എന്നും ആകുന്നു.

൧൫൩ാം മാണ്ടിൽ ലൂത്തെരും മെലാങ്ക്തൊനും എഴുതിയ പ്രൊത്തെസ്താന്തമതത്തിന്റെ വിശ്വാസരീതികൾ ഓഗ്സബുൎഗ്ഗിൽ വെച്ചഡൈയെട്ട മുമ്പാകെ ബോധിപ്പിക്കപ്പെട്ടിരുന്നു അതിനാൽ ഓസ്ഗബുൎഗ്ഗ കേൾവിപ്പെട്ടതാകുന്നു.

നൂരെംബെൎഗ്ഗ കേൾവിപ്പെട്ടിരിക്കുന്നത വെടിമരുന്നും ചെറിയ നാഴികമണികളും അവിടെ ഒന്നാമത ഉണ്ടാക്കപ്പെട്ടിരുന്നതകൊണ്ട ആകുന്നു.

വിട്ടെംബുൎഗ്ഗ എന്ന ദേശത്തെ കുറിച്ച.

അതിരുകൾ—വിട്ടെംബുൎഗ്ഗ ജെൎമ്മനിയുടെ തെക്ക പടിഞ്ഞാറെ ഭാഗത്ത ആകുന്നു.

അത ജെൎമ്മനിയിലുള്ള രാജ്യങ്ങളെക്കാളും ചെറിയ രാജ്യം ആകുന്നു. അതിലെ നിലം സുഭിക്ഷമുള്ളതും അതിലേ മലകളിൽനിന്ന നല്ല തരമായുള്ള ലോഹാദികളെ എടുക്കുന്നതും ആകുന്നു.

സ്തുത്തുട് എന്ന പട്ടണം വിട്ടെംബുൎഗ്ഗിലെ തലസ്ഥാനം ആകുന്നു.
ഉലം എന്ന പട്ടണം പണ്ടെയുള്ളതും ബലമുള്ളതും ആകുന്നു.

ഹനൊവെർ എന്ന ദേശത്തെ കുറിച്ച.

അതിരുകൾ.—ഹനൊവെർ പ്രുസ്സിയായുടെയും ഹോലാണ്ടിന്റെയും ഇടയിൽ ആകുന്നു.

ഹനൊവെർഎന്ന പേരുള്ള പട്ടണം ഹനൊവെർ എന്ന ദേശത്തിലെ തലസ്ഥാനം ആകുന്നു.

എമ്ഡൻ എന്നും ബ്രെമലി എന്നും ഉള്ള പട്ടണങ്ങൾ തുറമുഖപട്ടണങ്ങൾ ആകുന്നു. ഗൊട്ടിൻഗെൻ എന്ന പ്രദെശത്തിൽ കെൾവിപ്പെട്ട ഒരു പാഠകശാല ഉണ്ട.

ജെൎമ്മനിയിലുള്ള ചെറിയ ദേശങ്ങളെ കുറിച്ച.

ജെൎമ്മനിയിൽ പല ചെറിയ സംസ്ഥാനങ്ങൾ ഉണ്ട. ഇവയിൽ ചിലത സാരമുള്ളവ ആകുന്നു. എന്തെന്നാൽ

ബാഡെൻ എന്ന സംസ്ഥാനത്തെ കുറിച്ച.

അതിരുകൾ.—ബാഡെൻവിട്ടെംബുൎഗ്ഗിന്റെ പടിഞ്ഞാറെ വശത്തും സ്വിത്സൎല്ലാണ്ടിന്ന അരികത്തും ആകുന്നു.

കറുത്ത കാട എന്ന പേരുള്ള മലപ്രദേശം ൦രം സംസ്ഥാനത്തിൽ ആകുന്നു.

കൎല്ലു എന്ന പട്ടണം ബാഡെൻ എന്ന ദേശത്തിലെ തലസ്ഥാനം ആകുന്നു.

മാനൈയിം എന്ന പട്ടണം ഭംഗിയുള്ള പ്രധാന പട്ടണം ആകുന്നു.

ബാഡെനെ ഭരിക്കുന്നവന്ന ഗ്രാണ്ടദൂക്ക എന്ന ഉദ്യോഗ പെരിട്ടതകൊണ്ട ആ സംസ്ഥാനത്തിന്ന ഗ്രാണ്ടദൂച്ചി എന്ന പേർ പറഞ്ഞ വരുന്നു.

ഹെസ്സിഡാൎമ്ഡാട എന്ന ദേശത്തെ കുറിച്ച.

അതിരുകൾ.—ഹെസ്സിഡാൎമ്ഡടാ ബാഡന്റെ വടക്ക വശത്ത ആകുന്നു. ഇതിലെ പ്രധാന നഗരി മെന്ത്സ എന്ന പേരുള്ളതാകുന്നു.

ഹെസ്സികാസ്സൽ എന്ന ദേശത്തെ കുറിച്ച.

അതിരുകൾ.—ഹെസ്സികാസ്സൽ ഹെസ്സിഡാൎമ്ഡാടിന്റെ വടക്ക വശത്ത ആകുന്നു. അതിലെ പ്രധാന നഗരി കാസ്സൽ എന്ന പേരുള്ളത ആകുന്നു.

ബ്രുൻസ്വിക്ക എന്ന ദേശത്തെ കുറിച്ച.

ബ്രുൻസ്വിക്ക ഹാൎഗ്സ എന്നുള്ള മലയുടെ അടുക്കൽ ആകുന്നു. ദൂക്സ എ

ന്ന ഉദ്യോഗപേർ പഠഞ്ഞിരിക്കുന്ന അതിലെ അധിവതികളുടെ ധൈ
ര്യം കൊണ്ടും ഇംഗ്ലീക്ഷ രാജാക്കന്മാർ അവരുടെ വംശത്തിൽനിന്ന ഉ
ല്ലാദിച്ചിരിക്കുന്നത കൊണ്ടും ംരം ചെറിയ ദേശം കേൾവിപ്പെട്ടതാകു
ന്നു.

ജെമ്മനിയിലെ സ്വാതന്ത്ര്യമുള്ള പട്ടണങ്ങളെ
കുറിച്ച.

മുമ്പെ ജെമ്മനിയിൽ സ്വാതന്ത്ര്യമുള്ള പട്ടണങ്ങൾ വളരെ ഉണ്ടായി
രുന്നു. ഇപ്പോൾ നാലെ ഉള്ളു. പേരുകൾ എന്തെന്നാൽ

൧. ഹാംബൂൎഗ എന്ന പട്ടണം തുറമുഖപട്ടണം ആകുന്നു. അത വട
ക്കെ കടലിൽ വീഴുന്ന എല്ബ എന്ന ആറിന്റെ വക്കത്ത പണിയ
പ്പെട്ടിരിക്കുന്നു. ഹാംബൂൎഗ ജെമ്മനിയിലുള്ള എല്ലാ പട്ടണങ്ങളെക്കാളും
വലിയ കച്ചവടസ്ഥലം ആകുന്നു. ംരം കച്ചവടം മിക്കതും ഇംഗ്ലീക്കാ
രാൽ ചെയ്യപ്പെട്ട വരുന്നു.

൨. മെയിൻ എന്ന ആറിൻ അരികെയുള്ള ഫ്രാങ്കപൊട്ട ംരംപട്ടണം
കേൾവിപ്പെട്ടിരിക്കുന്ന ഉൾകര കച്ചവടമുള്ള സ്ഥലം ആകുന്നു. അതി
ൽ ജെൎമൻ ഡൈയെട്ട കൂട്ടുകയും ചെയ്യുവരുന്നു.

൩. ലുബെക്ക എന്ന പട്ടണം മുമ്പെ ശ്രുതിപ്പെട്ട പട്ടണം ആയിരു
ന്നു. പല സ്വാതന്ത്ര്യമുള്ള പട്ടണങ്ങൾ കൂടി തങ്ങളുടെ കച്ചവടചരക്ക
കളെ കള്ളന്മാരിൽനിന്ന രക്ഷിക്കുതകുവണ്ണം ഉടമ്പടി ചെയ്തിട്ടുണ്ട. ഇ
വരുടെ കായ്ങ്ങളെ നിൎത്തുയിച്ച നടത്തിപ്പാനുള്ള ആലോചന സഭ ലു
ബെക്ക എന്ന പട്ടണത്തിൽ കൂട്ടുകയും ചെയ്യുവരുന്നു.

൪. ബ്രെമൻ എന്ന പട്ടണം വടക്കെ കടലിൽ വീഴുന്ന വെസെർ എ
ന്ന ആറിന്റെ വക്കത്ത പണിയപ്പെട്ടിരിക്കുന്നു. ഇത കച്ചവടമുള്ളതും
തുറമുഖമുള്ളതുമായ പട്ടണം ആകുന്നു.

സ്പെയിൻ എന്ന ദേശത്തെ കുറിച്ച.

അതിരുകൾ.—സ്പെയിനിന്റെ വടക്കെ ഭാഗം ബിസ്കെ എന്ന
ള്ള ഉൾകടലിനാലും പിരെനീസ്സ എന്നുള്ള പൎവതങ്ങളാലും പടിഞ്ഞാറ
പോൎത്തുഗാലിനാലും അത്ലാന്തിക സമുദ്രത്താലും തെക്കും കിഴക്കും മെ
ഡിത്തെറെനിയൻ കടലിനാലും അതൃത്തിയാക്കപ്പെട്ടിരിക്കുന്നു.

പ്രധാന അംശങ്ങൾ.—സ്പെയിൻ ൧൬ അംശങ്ങളായിട്ട
വകുക്കപ്പെട്ടിരിക്കുന്നു. പേരുകൾ എന്തെന്നാൽ ഗലിസിയാ എന്നും അ
സ്തൂറിയസ എന്നും ബിസ്കെ എന്നും നവാർ എന്നും അറാഗൊൻ എന്നും
കത്താലൊനിയാ എന്നും വലെൻസിയാ എന്നും മെർസിയാ എന്നും ഗ്ര
നഡാ എന്നും അണ്ടാലൂസിയാ എന്നും എസ്ത്രമദൂറാ എന്നും ലെയോൻ
എന്നും പഴയ കസ്തീൽ എന്നും പുത്തൻ കസ്തീൽ എന്നും ആകുന്നു.

പ്രധാന നഗരികൾ.—മദ്ധ്യ എന്ന പട്ടണം സ്പെയി
നിലെ തലസ്ഥാനം ആകുന്നു. ശേഷം പ്രധാന നഗരികൾ ബാൎസ്സെ
ലോനിയാ എന്നും സെവിൽ എന്നും ഗ്രനഡാ എന്നും വലെൻസിയാ

എന്നും കാഡീസ എന്നും സാറാഗോസ എന്നും മലാഗാ എന്നും കാർതെജീനാ എന്നും കോഡ്ഡോവ എന്നും തൊലെഡൊ എന്നും സാലാമാങ്ക എന്നും ഫെറൊൽ എന്നും അലികാന്ത എന്നും ആകുന്നു.

പ്രധാന മലകൾ.—സ്വിത്സ്സല്ലാണ്ട കഴിഞ്ഞാൽ സ്പെയിൻ യൂറോപ്പ ദേശങ്ങളിലെക്കാൾ അധികം മലയുള്ള ദേശം ആകുന്നു. പവ്തനിരകളിൽ പ്രധാനമായിട്ടുള്ളവയുടെ പേരുകൾ കാന്താബ്രിയൻ മലകൾ എന്നും സിറാമൊറിനാ മലകൾ എന്നും സിറാനിവെദ മലകൾ എന്നും ആകുന്നു.

ദ്വീപുകൾ.—സ്പെയിനിന്ന കിഴക്കെവശത്തമജോർക്കാഎന്നും മിനോർക്കാ എന്നും ഇവിക്ക എന്നും ഫ്രൊമെന്തെറാ എന്നും ഉള്ളദ്വീപുകൾ ഉണ്ട. ൦രം ദ്വീപുകൾക്ക ബലിയാറിക്ക എന്ന പേർ പറഞ്ഞ വരുന്നു.

ഉൾക്കടലുകൾ.—കൊറന്ന എന്നും കെസിസ എന്നും കാൎത്താജിനാ എന്നും അലിക്കാന്ത എന്നും വലെൻസിയാ എന്നും താറാഗൊനിയാ എന്നും പേരുള്ളവ എല്ലാം ഉൾക്കടലുകൾ ആകുന്നു.

മുനമ്പകൾ.—ഓർതിഗാൽ മുനമ്പ എന്നും ഫിനിസ്ഥെർ മുനമ്പ എന്നും ത്രാഫൽഗാർ മുനമ്പ എന്നും ഗാടാ മുനമ്പ എന്നും സെന്തമാർതീൻ മുനമ്പ എന്നും സെന്തസിബാസത്തിയൻ മുനമ്പ എന്നും ആകുന്നു.

ആറുകൾ.—പ്രധാനമായുള്ളവ താഗുസ്സ എന്നും ഡൌറൊ എന്നും എബ്രൊ എന്നും ഗൌദിയാനാ എന്നും ഗൊദാൽക്വിവെർ എന്നും ആകുന്നു.

ദേശരൂപം.—സ്പെയിൻ മലദേശം ആകകൊണ്ട ദിക്കുകൾക്ക വളരെ ഭേദം ഉണ്ട. എങ്കിലും മിക്ക സമയങ്ങളിലും മേച്ചിൽ സ്ഥലങ്ങൾ പച്ചയായുള്ളത തന്നെയുമല്ല അവിടെ വളരെ പൂന്തോട്ടങ്ങളും പലതര ഫലങ്ങളെ കായിക്കുന്ന വൃക്ഷങ്ങളും ആറുകളും ഉണ്ടാകകൊണ്ട ദേശരൂപം പെരുത്ത ഇമ്പമുള്ളത ആകുന്നു.

ക്ലൈമെട്ട.—തെക്കെ പ്രദേശങ്ങളിൽ ഉഷ്ണമുള്ളതും ശരീരത്തിന്ന സൌഖ്യമില്ലാത്തതും ആകുന്നു. എന്നാൽ മലകളുടെ മുകളിൽനിന്നും കടലിൽനിന്നും ഊതുന്ന തണുപ്പുള്ള കാററിൻെറ ഗുണത്താൽ സ്പെയിനിലുള്ള പ്രദേശങ്ങൾ മിക്കവയും നല്ല സുഖമുള്ളതും പ്രമോദമുള്ളതും ആകുന്നു.

ഉത്ഭവങ്ങൾ.—ഒന്നാന്തരം കോതമ്പും യവവും മഞ്ഞളും തേനും വെടിയുപ്പും, ഉപ്പും കാരവും കരിമ്പും നല്ല മാതിരി അണ്ടികളും പലപല വിശേഷമായ മധുരനാരെങ്ങാകൾ മുന്തിരിങ്ങാപഴങ്ങൾ മുതലായവയും ൦രം ദേശത്തിൽ ഉണ്ടാകുന്നു. മെറിനൊ എന്ന പേരുള്ള ഒരു വക ആടുകളും കുതിരകളും ഭംഗിയുള്ളവയും വലിയ ഉപകാരവുമുള്ളവയും ആകുന്നു. കഴുതകളും കോവർകഴുതകളും യൂറോപ്പിലെ മറെറല്ലാ ദേശങ്ങളിലുമുള്ളവയെക്കാൾ ഇവിടെയുള്ളവ ഏററവും നല്ലവ ആകുന്നു. കാട്ടുമൃഗങ്ങൾ കരടികളും ലിങ്ക്സകൾ എന്ന പേരുള്ള ഏകദേശം പുള്ളിപുലികളെ പോലെയുള്ള മൃഗങ്ങളും ചെന്നായ്ക്കളും ആകുന്നു.

രത്നക്കല്ല മുതലായ ധാതുക്കളും പൊന്ന മുതലായ ലോഹാദികളും ധാതുവെള്ളങ്ങളും സ്പെയിനിൽ ഉണ്ട. എന്നാൽ തെക്കെ അമെരിക്കായിൽ പൊന്നും വെള്ളിയുമുള്ള തുരുങ്ങുകളെ കണ്ടെത്തിയതിൽ പിന്നെ അവിടത്തെ പൊന്നും വെള്ളിയും കിളെച്ചെടുക്കുന്നത സഹായമായിരിക്കയാൽ സ്പെയിനിലുള്ള പൊന്നും വെള്ളിയും എടുക്കുന്നില്ല എന്നാൽ ഏകദേശം ൫൦൦ സംവത്സരത്തിന്ന മുമ്പെ കാർത്തെജിനാ എന്ന പട്ടണത്തിന്ന അരികെയുള്ള ടിക്കിൽ ഒരു വിശേഷ വെള്ളി തുരുങ്കം ഉണ്ടായിരുന്നു. അതിൽനിന്ന വെള്ളി എടുക്കുന്നതിന്ന ൯൦൦൦ പേർ ടിവസം തോറും വേലചെയ്യുവന്നു.

കൈവേലകളും വ്യാപാരവും.—റോമമതം ആകുന്ന ഉമ്മാക്കും മൂലം സ്പെയിനിൽ ഉണ്ടായിരുന്ന കൈവേലകൾക്ക നാശം വന്നു. ആ ദേശത്തിൽനിന്ന നല്ല വീഞ്ഞിനെയും ബ്രാന്ടിയെയും മധുരവും പുളിയുമുള്ള നാരെങ്ങാകളെയും പലതരത്തിലുള്ള ഉണങ്ങിയ മുന്തിരിങ്ങാ മുതലായ പഴങ്ങളെയും ഒലിവ എണ്ണയെയും ആട്ടുരോമത്തെയും * കോക്ക എന്ന പേരുള്ള ഒരു മരത്തിന്റെ തൊലിയെയും കാരത്തെയും രസത്തെയും പോക്കുചരക്കായിട്ട കേറ്റി അയച്ചുവരുന്നു. ചണവും വക്കും പഞ്ഞിയും ഉണങ്ങിയ മീനും ശീലത്തരങ്ങൾ മുതലായ ചരക്കുകളെയും വരവ ചരക്കായിട്ട ഇറക്കുകയും ചെയ്യുവരുന്നു.

പഠിത്തവും മതവും.—മുമ്പെ പഠിത്തമുള്ളവർ വളരെ ഉണ്ടായിരുന്നു. ൫ം കേൾവിപ്പെട്ട പാഠകശാലകളും ഉണ്ടായിരുന്നു. അവയിൽ പ്രധാനമായിട്ടുള്ളത സാലാമാങ്ക എന്ന പേരുള്ള പട്ടണത്തിൽ ആകുന്നു. എന്നാൽ റോമമതം വരുത്തുന്ന ഉദ്യാധികാര ശീലം ഹേതുവായിട്ട പഠിത്തം നന്നാകുറഞ്ഞുപോയിരിക്കുന്നു. സ്പെയിനിലുള്ളവരുടെ മതം റോമമതം ആകുന്നു. ആ മതം സ്പെയിനിലും പോർത്തുഗാലിലും പ്രബലപ്പെട്ടിരിക്കുന്നതകൊണ്ട ആ രാജ്യങ്ങൾ ദരിദ്രതയും നിസ്സാരവുമായുള്ള അവസ്ഥയിൽ വീണുപോയിരിക്കുന്നു. സ്പെയിൻകാർ സ്വഭാവത്താൽ ഭയമുള്ളവരും സുകൃതമുള്ളവരും ആകുന്നു. എങ്കിലും റോമമതത്തിന്റെ ദുഷ്പ്രബലങ്ങളാൽ അവർ ഭോഷ്കത്തമുള്ള ഡംകോരും മടിയുള്ളവരും മൂഢഭക്തിയുള്ളവരുമായി തീന്നു. അവർ എത്രയും മതപക്ഷവാദികൾ ആകകൊണ്ട മതസംഗതികളിൽ ആരെങ്കിലും അവരെ പോലെ ശഠിയായിട്ട വിശ്വസിച്ച പ്രവൃത്തിക്കുന്നില്ലെങ്കിൽ അവർ അവരെ പകച്ച അവരെ ഭണ്ഡിപ്പിക്കയും കൊന്നുകളകയും ചെയ്യും. മുന്നൂറിച്ചില്വാനം സംവത്സരം മുമ്പെ പറങ്കികാർ എന്ന സാമാന്യമായിട്ട പറഞ്ഞവരുന്നപോർത്തുഗാൽകാർ കോഴിക്കോട മുതലായ ടിക്കുകളിൽ കുറെ ശക്തി ഉണ്ടായിരുന്നപ്പോൾ ഗോവായിൽ ഒരു വലിയ പാറാവ ഉണ്ടാക്കി പല മതക്കാരെ അതിൽ ഇട്ട നന്നാ ദുഃഖിപ്പിച്ച അനേകം ആളുകളെ പാറാവിൽ വെച്ച തന്നെ രഹസ്യമായിട്ട കൊന്നുകളഞ്ഞതുമല്ലാതെ ആണ്ടുതോറും ചില വിലങ്ങുകാരെ പുറത്ത കൊണ്ടുവന്ന ജീവനോട പരസ്യമായിട്ട ദഹിപ്പിച്ചുകളകയും ചെയ്യുവന്നു.

---

* കോക്ക എന്ന ഒരു മാതിരി മരത്തിന്റെ തൊലി നല്ല മയമുള്ളതാകകൊണ്ട കൂപ്പി മുതലായ പാത്രങ്ങളെ അടെപ്പാനായിട്ട നല്ലത ആകുന്നു.

വിശേഷാദികൾ.—തൊലെഡൊ എന്ന പട്ടണം നല്ല വാ
ളുകളെ ഉണ്ടാക്കുന്നതിനായിട്ട പണ്ടെ ഏറെറവും ശ്രുതിപ്പെട്ടിരുന്നു.
സ്പെയിൻ പണ്ടെ മഹാ കേൾവിപ്പെട്ട ദേശം ആയിരുന്നു. പലപ
ല ശത്രുക്കൾ പ്രത്യേകമായിട്ട, മൂസ് അല്ലെങ്കിൽ സറാസെന്റ്സ് എന്ന പേ
രുള്ളവരായി ആഫ്രിക്കയിലുള്ള മൊറിത്തെനിയ എന്ന ദേശത്തിലുള്ള
വർ സ്പെയിനിനെ കീഴടക്കി അവിടെ വളരെ സംവത്സരമായിട്ട രാ
ജ്യഭാരം ചെയ്കയും ചെയ്തു.
ജിബ്രാൽത്തെർ എന്ന സ്ഥലം മഹാ കേൾവിപ്പെട്ടതാകുന്നു. ഇതു
സ്പെയിനിന്റെ തെക്കെ അറ്റത്ത വാഴുള്ള ഒരു കരനാക്കിന്മേൽ
സ്ഥാപിക്കപ്പെട്ടിരിക്കുന്നു. ഇതു മെഡിത്തെറെനിയൻ കടലിനോട
ചേരുന്ന ജിബ്രാൽത്തെർ എന്ന കടൽ കൈവഴിയുടെ വക്കിന്മേൽ പ
ണിയിച്ചിരിക്കുകൊണ്ടും ആ കടൽ കൈവഴിവിസ്താരം കുറഞ്ഞതാക
കൊണ്ടും ജിബ്രാൽത്തെർ തുലോം വിലയേറിയതാകുന്നു. എന്തുകൊ
ണ്ടെന്നാൽ അവിടെ പാർക്കുന്നവരുടെ സമ്മതം ഇല്ലെങ്കിൽ കപ്പലുകൾ
ക്ക ഇങ്ങോട്ടും അങ്ങോട്ടും കടപ്പാൻ പ്രയാസം ആകുന്നു.
ജിബ്രാൽത്തെർ സ്പെയിൻ എന്ന ദേശത്തോട ചേർന്നിരുന്നു. സ്പെയി
നിന്റെ അധികാരത്തിലും ആയിരുന്നു. എന്നാൽ ഇംഗ്ലീക്ഷകാർ അതി
നെ പിടിച്ച നന്നായി ബലപ്പെടുത്തുകയും ചെയ്തു.
സ്പെയിൻ എന്ന ദേശത്തിന്റെ പണ്ടത്തെ നാമങ്ങൾ ഹിസ്പാനിയാ
എന്നും ഐബിറിയ എന്നും ഹെസ്പീറിയാ എന്നും ആയിരുന്നു.

പോർത്തുഗാൽ എന്ന ദേശത്തെ കുറിച്ച.

അതിരുകൾ.—പോർത്തുഗാലിന്റെ വടക്കും കിഴക്കും സ്പെയി
നിനാലും തെക്കും പടിഞ്ഞാറും അത്ലാന്തിക സമുദ്രത്താലും അതൃത്തിയാ
ക്കപ്പെട്ടിരിക്കുന്നു.
പ്രധാന അംശങ്ങൾ.—എന്തുമിൻഹൊ ഇഡൌറൊ എ
ന്നും ത്രെസഒസമൊന്തിസ എന്നും ഐബൊ എന്നും എസ്തുമെഡുറാ എ
ന്നും അലെൻതിജൊ എന്നും അല്ഗാവ് എന്നും ആകുന്നു.
പ്രധാന നഗരികൾ.—ലിസ്ബൊൻ എന്ന നഗരി പോ
ർത്തുഗാലിലെ തലസ്ഥാനം ആകുന്നു. കപ്പൽ രക്ഷയ്ക്കായിട്ട അതിന്ന ന
ല്ല തുറമുഖം ഉണ്ട. മറെറ പ്രധാന നഗരികൾ ഒപ്പൊർട്ടൊ എന്നും കൊ
യിമ്ബ്ര എന്നുള്ള പണ്ടത്തെ തലസ്ഥാനം എന്നും ബ്രാഗാ എന്നും സിത്തു
വാൽ അല്ലെങ്കിൽ സെന്തഉഛിസ എന്നും ബ്രാഗാൻസാ എന്നും ആകു
ന്നു.
മനുഷ്യർ.—പൊർത്തുഗാൽകാർ എന്നും സെന്തവിൻസെന്ത മനുഷ്യർ എ
ന്നുംമൊൻടിഗൊ മനുഷ്യർ എന്നും ആകുന്നു.
തുറകൾ.—മിൻഹൊ എന്നും ഡൌറൊ എന്നും താഹുസ്സ എന്നും
ഗാടിയന എന്നും മൊൻഡിഗൊ എന്നും കാഡായൊൻ എന്നും ആകു
ന്നു.
ദേശരൂപം.—പോർത്തുഗാൽ മലയുള്ള ദേശവും കാഴ്ചയ്ക്ക ഏകദേശം സ്പെയിൻ എന്ന പോലെയും ആകുന്നു.

ക്ലൈമെട്ടും ഉത്ഭവവും.—സ്പെയിനിൽ ഉള്ളവയെ പോലെ ആകുന്നു.

കൈവേലകളും വ്യാപാരവും.—കൈവേലകൾ വിശേഷമായിട്ടൊന്നുമില്ല. വ്യാപാരം കുറെ ഉള്ളു. ഒപ്പൊട്ടോ എന്ന പട്ടണത്തിൽനിന്ന വളരെ ഒപ്പൊട്ടോ വീഞ്ഞിനെ പോക്കുചരക്കായിട്ട കേറ്റി അയക്കുന്നു. എന്നാൽ അത മിക്കതും ഇംഗ്ലീഷുകച്ചവടക്കാരാൽ തന്നെ ആകുന്നു.

പഠിതവും മതവും—സ്പെയിനിലുള്ളത പോലെ ആകുന്നു. റോമമതം ഇവിടെ പ്രബലമായിരിക്കുന്നത കൊണ്ട ജനങ്ങൾക്കും ദേശത്തിന്നും നാശം തന്നെ.

വിശേഷാദികൾ.—മുന്നൂറ്റി ചിലാനം സംവത്സരങ്ങൾക്ക മുമ്പെ ചില ആളുകളുടെ സാമർത്ഥ്യം കൊണ്ടും പ്രത്യേകമായിട്ട കപ്പലുകളിലുള്ള മിടുക്കും പ്രയത്നങ്ങളും കൊണ്ടും പോർത്തുഗാൽ ശക്തിയുള്ള രാജ്യമായി തീന്നു ഇന്ത്യായിലും തെക്കെ അമെരിക്കായിലും വളരെ ദേശങ്ങളെ പിടിച്ച അനുഭവിക്കയും ചെയ്തു. എന്നാൽ നിഗളം കൊണ്ടും മൂഢഭക്തികൊണ്ടും റോമമതം മനസ്സിൽ ഉണ്ടാകുന്ന കുരുട കൊണ്ടും അവരുടെ ശക്തിയും മിടുക്കും ക്ഷയിച്ച പോയി. അവർ ഇപ്പോൾ ഗതിയില്ലാത്തവരും സാരമില്ലാത്തവരുമായി തീന്നിരിക്കുന്നു. അവർ പിടിച്ച മിക്ക ദേശങ്ങളെയും മറ്റാളുകൾ അവരോട ജയിച്ച അനുഭവിച്ചു വരുന്നു. ഇപ്പോൾ പോർത്തുഗീസുകാക്കുള്ള അന്യദേശങ്ങൾ ൦രം താഴെ പറയുന്നവയാകുന്നു.

൧. അസോസ് അല്ലെങ്കിൽ വടിഞ്ഞാറെ ദ്വീപുകൾ എന്ന പേരുള്ള ദ്വീപുകൾ ഇവ ഇംഗ്ലാണ്ടിന്നും അമെരിക്കായിക്കും ഇടയിൽ വടക്കെ അത്ലാന്തിക്ക സമുദ്രത്തിൽ ആകുന്നു. ഇവയിൽ നല്ല തരമായ വഴങ്ങൾ ഉണ്ട. നല്ല വീഞ്ഞിനെ ഉണ്ടാകുന്നു. എന്നാൽ ഇവിടെ ഭൂകമ്പങ്ങൾ കൂടക്കൂടെ ഉണ്ടാകുന്നു.

൨. മദേറ എന്ന പേരുള്ള ദ്വീപ. ഇത അഫ്രിക്കയ്ക്ക അടുക്കൽ വടക്കെ അത്ലാന്തിക്ക സമുദ്രത്തിൽ ആകുന്നു. അവിടെ വിശേഷ വീഞ്ഞിനെ ഉണ്ടാകുന്നത കൊണ്ട അത കേൾവിപ്പെട്ടതാകുന്നു.

൩. കേയ്പുവേഡ് ദ്വീപുകൾ; ഇവമദേറയിൽനിന്ന തെക്ക ആകുന്നു.

൪. ഇന്ത്യായിൽ ഗോവാ എന്ന ദിക്കും ചീനയിൽ മക്കൌ എന്ന പേരുള്ള ദിക്കും പൊർത്തുഗാൽ രാജ്യത്തിന്റെ കീഴിൽ ആകുന്നു.

൧൭൫൫മാണ്ടിൽ ലിസ്സ്വോൻ എന്ന പട്ടണം മിക്കവാറും ഒരു ഭൂകമ്പത്താൽ നഷ്ടപ്പെട്ടുകയും. ൬൦,൦൦൦ ആളുകൾ നശിച്ചുപോകയും ചെയ്തു. പോർത്തുഗാൽ എന്ന ദേശത്തിന്റെ പണ്ടത്തെ പേർ ലുസിത്തെനിയാ എന്ന ആയിരുന്നു.

ഇത്താലി എന്ന ദേശത്തെ കുറിച്ച.

അതിരുകൾ.—ഇത്താലി, ഒരു കരനാക്ക ആകുന്നു. അതിന്റെ വടക്കെ ഭാഗം ഓസ്ത്രിയയാലും സ്വിത്സ്ലാണ്ടിനാലും; പടിഞ്ഞാറ ഫ്രാൻസിനാലും മെഡിത്തെറെനിയനാലും; തെക്ക മെഡിത്തെറെനിയനാ

ലും; കിഴക്ക വെനീസ ഉൾക്കടലിനാലും; അതുത്തിയാക്കപ്പെട്ടിരിക്കുന്നു.

പ്രധാന അംശങ്ങൾ.—വടക്കെ ഭാഗവും, നടുവിലെ ഭാഗവും; തെക്കെ ഭാഗവും ഇങ്ങിനെ മൂന്നായിട്ട ആകുന്നു. പണ്ടത്തെ കാലങ്ങളിൽ ഇത്താലി എല്ലാം ഒരു മഹാ രാജാവിന്റെ കീഴിൽ ആയിരുന്നു. എന്നാൽ ഇപ്പോൾ അത പല ആധിപത്യങ്ങളായിട്ട വിഭാഗിക്കപ്പെട്ടിരിക്കുന്നു. അവയുടെ പേരുകൾ എന്തെന്നാൽ.

വെനീസ എന്നും മിലാൻ എന്നും മാന്തുവാ എന്നും പേരുള്ള ദേശങ്ങൾ മുമ്പെ സ്വയാധിപത്യങ്ങൾ ആയിരുന്നു. ഇപ്പോൾ അവ എല്ലാം ഒസ്ത്രിയ രാജ്യത്തിന്റെ കീഴിൽ ആകുന്നു. മേൽ പറഞ്ഞ ദേശങ്ങൾ ഇത്താലിയുടെ വടക്കെ വശത്ത ആകുന്നു.

സാർദിനിയ എന്ന രാജ്യം; ഇതിൽ പീയഡ്മൊന്ത എന്നും സാവോയി എന്നും ജെനോവ എന്നുമുള്ള ദേശങ്ങളും സാർദിനിയ എന്ന ദ്വീപും ഉൾപ്പെട്ടിരിക്കുന്നു. പീയഡ്മൊന്തും സാവോയിയും ജനൊവയും ഫ്രാൻസിനും ഇത്താലിയ്ക്കും ഇടയിൽ ആകുന്നു സാർദിനിയ ദ്വീപ മെഡിത്തെറെനിയൻ കടലിൽ ആകുന്നു.

പാമ്മ എന്ന ദേശം ഒരു ഡുച്ചി ആകുന്നു. ംരം ആധിപത്യത്തിൽ മ്ലോറെൻസ എന്നും ഗാസ്സുല്ലാ എന്നുമുള്ള ദിക്കുകൾ ഉൾപ്പെട്ടിരിക്കുന്നു. ഇവ മിലാൻ എന്ന ദേശത്തിന്റെ തെക്ക കിഴക്ക വശത്ത ആകുന്നു

മൊഡെന എന്ന ഡുച്ചിയിൽ, മാസാകാറാറാ എന്ന ദിക്ക ഉൾപ്പെട്ടിരിക്കുന്നു. അവ പൊ എന്ന ആറിന്റെ തെക്ക വശത്തുള്ള പാമ്മ എന്ന ദേശത്തിന്റെ അടുക്കൽ ആകുന്നു.

ലുക്ക എന്ന ഡുച്ചി ജെനോവ എന്ന ഉൾക്കടലിന്റെ കിഴക്കെ വശത്ത തുസ്കനി എന്ന ദേശത്തിന്റെ അടുക്കൽ ആകുന്നു.

തുസ്കനി എന്ന ദേശം ഒരു ഡുച്ചി ആകുന്നു. അത ഇത്താലിയുടെ നടുവിലെ ഭാഗത്ത മെഡിത്തെറെനിയൻ കടലരികെ ആകുന്നു.

റോം എന്ന ദേശം; ഇത പാപ്പായുടെ സ്വന്ത അധികാരത്തിൻ കീഴിൽ ആകുന്നു. ംരം ആധിപത്യത്തോട ചേരുന്ന ദേശങ്ങൾ ബൊലോഗ്ന എന്നും ഫെറാറാ എന്നും റോമാഗ്ന എന്നും അൻകോനാ എന്നും ആകുന്നു. ഇവ ഇത്താലിയുടെ നടുഭാഗത്ത ആകുന്നു. അവയുടെ കിഴക്ക വശം അഡ്രിയാത്തിക കടൽ എന്ന പേർ പറഞ്ഞിരിക്കുന്ന വെനീസ ഉൾക്കടൽ എന്നും പടിഞ്ഞാറെ വശം മെഡിത്തെറെനിയൻ കടൽ എന്നും വടക്കെ വശം തുസ്കനി എന്നും തെക്കെവശം നെപ്പല്സ രാജ്യം എന്നും ആകുന്നു.

മറിനൊ അല്ലെങ്കിൽ സാൻമറിനൊ എന്ന പേരുള്ള ദേശം ഒരു ജനാധിപത്യം ആകുന്നു. യൂറോപ്പിലുള്ള എല്ലാ ആധിപത്യങ്ങളെക്കാൾ ഇര തുലോം ചെറിയതായിട്ടുള്ളതാകുന്നു. ഇത പാപ്പായുടെ നാടുകളുടെ വടക്ക വശത്ത ആകുന്നു.

നെപ്പല്സ എന്ന രാജ്യം; അബ്രുസ്സൊസ എന്നും, കലാബ്രിയ എന്നുമുള്ള ദേശങ്ങളും സിസ്സിലി എന്ന കേൾവിപ്പെട്ടിരിക്കുന്ന ദ്വീപും നെപ്പല്സ രാജ്യത്തിൽ ഉൾപ്പെട്ടിരിക്കുന്നു. സിസ്സിലി എന്ന ദ്വീപ ഇത്താലിയുടെ തെക്കെ ഭാഗത്തുള്ള മെഡിത്തെറെനിയൻ കടലിന്റെ കിഴക്ക വശത്ത ആകുന്നു നെപ്പല്സിലെ ശേഷം ദേശങ്ങൾ ഇത്താലിയുടെ തെക്കെ ഭാഗത്ത ആകുന്നു.

പ്രധാന നഗരികൾ.—ക. വെനീസ എന്ന പട്ടണം വെനീസ എന്ന സംസ്ഥാനത്തിലെ തലസ്ഥാനം ആകുന്നു. ഇത മുമ്പെമഹാകേൾവിപ്പെട്ട പട്ടണവും ഒന്നാന്തരം കച്ചവട സ്ഥലവും ആയിരുന്നു.

ഖ. മിലാൻ എന്ന പട്ടണം മിലാൻ എന്ന സംസ്ഥാനത്തിന്റെ തലസ്ഥാനം ആകുന്നു. വെനീസ എന്ന പോലെ മഹാ കേൾവിപ്പെട്ട നഗരിയും ആയിരുന്നു. ഇപ്പോഴും കച്ചവടം അനവധി ഉണ്ട.

ഗ. മാന്തുവാ ഇത ബലവും കേൾവിപ്പെട്ടതുമായുള്ള പട്ടണം ആകുന്നു. മുമ്പെ അത സ്വയാധിപത്യ ഡുച്ചി ആയിരുന്നു.

ഘ. ഉറിൻ എന്ന പട്ടണം സാദ്ദിനിയ എന്ന രാജ്യത്തിലെ തലസ്ഥാനം ആകുന്നു. ജെനൊവ എന്ന പട്ടണം നല്ല ബലവും ഭംഗിയുമുള്ള പട്ടണം ആകുന്നു. കാഗ്ലിയറി എന്ന പട്ടണം സാദ്ദിനിയ എന്ന ദ്വീപിലെ തലസ്ഥാനം ആകുന്നു.

ങ. പാമ്മ എന്ന പട്ടണം പാമ്മയിലെ തലസ്ഥാനം ആകുന്നു. മൊഡെന എന്ന പട്ടണം മൊഡെനയിലെ തലസ്ഥാനം ആകുന്നു. ഒരൊ ഡുച്ചിയിൽ റെഗ്ഗിയൊ എന്ന പേരുള്ള ഒരു പട്ടണം ഉണ്ട.

ന. ലുക്ക എന്ന പട്ടണം ലുക്കയിലെ തലസ്ഥാനം ആകുന്നു.

ഩ. മറൊരു പട്ടണത്തിന്റെ പേർ വിയറെഗ്ഗിയൊഎന്ന ആകുന്നു

വ. ഫ്ലൊറെൻസ എന്ന പട്ടണം ഇസ്കനിയിലെ തലസ്ഥാനം ആകുന്നു. ഒരൊ സംസ്ഥാനത്തിൽ ലെഗ്ഹൊൻ എന്നും പിസാ എന്നും പേരുള്ള രണ്ട വിശേഷപ്പെട്ടിരിക്കുന്ന പട്ടണങ്ങൾ ഉണ്ട.

ശ. റോം എന്ന പട്ടണം പാപ്പായുടെ നാടുകളിലെ തലസ്ഥാനം ആകുന്നു.

ഷ. നാവെന്നാ എന്ന പട്ടണം മുമ്പെ കേൾവിപ്പെട്ട പട്ടണവും ഇത്താലിയിലെ തലസ്ഥാനവും ആയിരുന്നു. ഇരം നാടുകളിൽ ബൊലൊഗ്നാ എന്നും അൻകോനാ എന്നും പേരുള്ള രണ്ട വിശേഷപ്പെട്ട നഗരികൾ ഉണ്ട.

സ. നെപ്പൽസ എന്ന പട്ടണം നെപ്പൽസ എന്ന രാജ്യത്തിലെ തലസ്ഥാനം ആകുന്നു.

ഹ. പലെർമൊ എന്ന പട്ടണം സിസ്സിലി എന്ന ദ്വീപിലെ തലസ്ഥാനം ആകുന്നു.

ഺ. സൈറാക്കൂസ എന്ന പട്ടണം സിസ്സിലിയിലെ പണ്ടത്തെ തലസ്ഥാനം ആയിരുന്നു. മെസ്സിന എന്നും മാർസെല എന്നും പേരുള്ള പട്ടണങ്ങൾ ഇറമുഖങ്ങൾ ആകുന്നു.

഻. കെട്ടെനിയ എന്ന പട്ടണം എറ്റ്ന എന്ന അഗ്നി പവ്വതത്തിന്റെ ചുവട്ടിൽ ആകുന്നു. എന്നാൽ ഭൂകമ്പങ്ങൾ കൊണ്ടും ലാവ കൊണ്ടും അത ക്രൂരക്രൂരമായി നശിപ്പിക്കപ്പെട്ടിരുന്നു. പിന്നെയും പിന്നെയും അത പണിയിക്കപ്പെട്ടും ഇരിക്കുന്നു.

മലകൾ.—അപ്പെനിസ്സ എന്ന പേരുള്ള പവ്വതനിര വടക്കെ പടിഞ്ഞാറും തെക്കുകിഴക്കുമായിട്ട ഇത്താലിയിൽ കൂടി കിടക്കുന്നു.

ദ്വീപുകൾ.—സിസ്സിലി എന്നും സാദ്ദിനിയ എന്നും എല്ലാ എന്നും ലിപറി ദ്വീപുകൾ എന്നും ആകുന്നു.

കായലുകളും ഉൾക്കടലുകളും.—വടക്കെ ഇത്താലിയിൽ ലാ

ഗൊമാഴ്ഗിയൊ എന്നും കൊമ്മൊ എന്നും ഗാഡ്ദാ എന്നും പേരുള്ള പ്രധാന കായലുകൾ ഉണ്ട്. നടുവിലത്തെ ഇത്താലിയിലുള്ള ബൊൽസിനൊ എന്നും ഫുസിനൊ എന്നുമുള്ള കായലുകൾ കേൾവിപ്പെട്ടവ ആകുന്നു. പ്രധാന ഉൾക്കടലുകൾ അദ്രിയത്തിക്ക കടലിന്റെ വടക്കെ അറ്റത്ത തീയസ്സ ഉൾക്കടൽ എന്നും ഇത്താലിയുടെ കിഴക്ക വശത്ത മൻഫ്രിദോനിയാ ഉൾക്കടൽ എന്നും തെക്കെ വശത്ത താറാന്തൊ ഉൾക്കടൽ എന്നും പടിഞ്ഞാറെ വശത്ത സാലെന്നൊ എന്നും നെപ്പല്സ എന്നും ജെനൊവ എന്നും പേരുകളുള്ളവയാകുന്നു.

മുനമ്പുകൾ.—ഗാർഗെനൊ എന്നും ല്യൂക്കാ എന്നും സ്പാർത്തി വെന്തൊ എന്നും പേരുള്ളവ പ്രധാന മുനമ്പുകൾ ആകുന്നു.

ആറുകൾ.—പ്രധാന ആറുകൾ പൊ എന്നും ആദിജ എന്നും തിബെർ എന്നും ആർനൊ എന്നും പേരുള്ളവയാകുന്നു.

ദേശ രൂപം.—നടുവിലത്തെ ഇത്താലിയിൽ വളരെ ഒരുമുള്ള ഭിക്കുകൾ ഉണ്ടാകകൊണ്ട അവ രൂപകേടായുള്ളവ ആകുന്നു. മറെറ ഭിക്കുകൾ മിക്കവയും കാഴ്ചയ്ക്ക നല്ല ഇമ്പമുള്ളവയാകുന്നു താനും. ഇത്താലിയിൽ ഒരു വലിയ മലയും വളരെ കുന്നുകളും കായലുകളും ആറുകളും തോടുകളും ഉണ്ട. അതിനാൽ മിക്ക ഭിക്കുകൾ നല്ല വളമുള്ളവയും വച്ചയായുള്ളവയും കാഴ്ചയ്ക്ക നല്ലതായുള്ളവയും ഏറെറവും ഭംഗിയായുള്ളവയും ആകുന്നു.

ക്ലൈമെട്ട.—ഇത്താലിയിലെ ക്ലൈമെട്ട പലതരത്തിൽ ആകുന്നു. ഹിമം എല്ലായ്പോഴും ആൽപ്സ മലകളിമേൽ കിടക്കുന്നു. അതിന്റെ മേൽ അടിക്കുന്ന കാററിന്ന ഹിമത്തിൽനിന്ന തണുപ്പ പിടിക്കുന്നതകൊണ്ട അവിടെ അടുക്കലുള്ള വടക്കെ ഇത്താലിയിലെ ക്ലൈമെട്ട നല്ല ശാന്തതയുള്ളതും പതമുള്ളതും ശരീരത്തിന്ന നല്ല സുഖമുള്ളതും ആകുന്നു. എങ്കിലും ചിലപ്പോൾ വക്ഷകാലത്തിൽ ബഹു ശീതമുള്ളതാകുന്നു. നടുവിലത്തെ ഇത്താലിയിലുള്ള ചില ഭിക്കുകൾ ഒരുമുള്ളവയാകയാൽ വേനൽ സമയവും ഫലം എടുക്കുന്ന സമയവും ഏറെറവും സൌഖ്യമില്ലാത്തവ ആകുന്നു. മറെറ ദേശങ്ങൾ നല്ല തക്ക ശീതോഷ്ണമുള്ളതും ശരീര സുഖത്തിന്ന കൊള്ളാകുന്നതും ആകുന്നു. എന്നാൽ തെക്കെ ദേശങ്ങളിൽ സൈറൊകൊ എന്ന പേരുള്ള കാററ ചിലപ്പോൾ ഊതുന്നു. ഇത വൃക്ഷസസ്യാദികൾക്കും മനുഷ്യർക്കും മൃഗങ്ങൾക്കും നാശകരമായുള്ളതാകുന്നു. അതിനെ സഹിപ്പാൻ ബഹു പ്രയാസമുള്ളതും ആകുന്നു.

ഉത്ഭവങ്ങൾ.—പല പല നല്ല തരമായുള്ള മുന്തിരിങ്ങാകളും യൂറോപ്പിലുള്ള ഏറെറവും നല്ല ഒലിവ എണ്ണയും പല മാതിരി ധാന്യങ്ങളും കരിമ്പും അനവധി മധുരനാരെങ്ങാ മുതലായ പഴങ്ങളും മുല്ബറി വൃക്ഷങ്ങളും അത്തിവൃക്ഷങ്ങൾ മുതലായ പഴം തരുന്ന വൃക്ഷങ്ങളും വെരുത്ത നല്ല തരമായ പട്ടുനൂൽ ഉണ്ടാകുന്നു. പുഴുക്കളും നല്ല മേച്ചിൽ സ്ഥലങ്ങളും പലതരമായ കാട്ടുപക്ഷികളും പലമാതിരിയിലായ ഒന്നാന്തരം ഇണങ്ങിയ കന്ന, മാട, മുതലായ നാല്ക്കാലികളും വെള്ളിയും ഇരിമ്പും എടുക്കുന്ന തുരങ്കങ്ങളും പടിക്കീക്കാരവും ഗന്ധകവും മാബ്ൾ മുതലായ നല്ല കല്ലുകളും പലതരം സുഗന്ധതൈലവും വാസനകളെയും തരുന്ന വൃക്ഷ സസ്യാദികളും ഇത്താലിയിൽ ഉണ്ട.

കൈവേലകളും വ്യാപാരവും.—ഇത്താലിയിലുള്ള ചിലസം സ്ഥാനങ്ങളിൽ കുറെ കൈവേലകളെ ഉള്ള എങ്കിലും വിശേഷമായി ട്ടൊന്നുമില്ല. പാമീസ്യൻചീസ്സ കേൾവിപ്പെട്ടതാകുന്നു. തുസ്കനിയിൽ സ്ത്രീകൾ ധരിക്കുന്ന വസ്ത്രോൽ കൊണ്ട പിന്നിയ നല്ല മാതിരി തൊപ്പി കളെ ഉണ്ടാക്കുന്നതിനാൽ അത ശ്രുതിപ്പെട്ടതാകുന്നു. എന്നാൽ ചിത്ര മെഴുത്തിന്നായിട്ടും കല്ലുകളിലും മരത്തിലും കൊത്തുവേലകൾക്കായിട്ടും ഇത്താലിക്കാർ മഹാ കേൾവിപ്പെട്ടവരാകുന്നു. വ്യാപാരങ്ങൾ സമ്പന്നാ ടികളിൽനിന്ന എട്ടത്ത സുഗന്ധ തൈലങ്ങളും ഒലിവ എണ്ണയും പലത രമായ ഫലങ്ങളും പട്ടകളും പട്ടനൂലുകളും മാബൽ മുതലായ കല്ലുകളും വീഞ്ഞുകളും തുസ്കനിയിലെ പിന്നിയ വസ്ത്രോലും കടലാസും ഇരിമ്പും ചെമ്പും കൊണ്ടുള്ള പാത്രവും കട്ടിമുതലായവയും നെപ്പല്സിലെ ഗന്ധക വും ആകുന്നു. മിലാൻ എന്ന പട്ടണത്തിൽ കച്ചവടം വളരെ ഉണ്ട. വിശേഷമായിട്ട അരിയും പാമീസ്യൻ ചീസ്സും പലമാതിരി പുന്നുകങ്ങ ളുമായ വ്യാപാരം അനവധി ഉണ്ട.

പഠിതവും മതവും.—ഇത്താലിക്കാർ പ്രകൃതിയാൽ നല്ല ശീ ലമുള്ളവരും മുമ്പെ അവരിൽ അനേകം പേർ പഠിതമുള്ളവരും ആ യിരുന്നു. എന്നാൽ റോമമതം അവിടെ വാഴുന്നതകൊണ്ട പഠിതം നന്നായി കുറഞ്ഞുപോയി. ജനങ്ങൾ വാദ്യത്തിലും കവിതയിലും മിട്ട ക്കു കാണിക്കുന്നു. എങ്കിലും അവർ മൂഢഭക്തിയുള്ളവരും പ്രതിക്രിയ ചെ യ്യുന്നവരും മടിയുള്ളവരും സന്മാർഗ്ഗമില്ലാത്തവരും ആയി തീന്നിരിക്കുന്നു.

വിശേഷാദികൾ.—ഏകദേശം പന്തം സംവത്സരം മുമ്പെ റോമ രാജ്യം മഹാ വലിയതും കേൾവിപ്പെട്ടതുമായിരുന്നു. അനേകം വലിയവയും ശക്തിയുള്ളവയുമായ ദേശങ്ങൾ അതിന്റെ കീഴിൽ ഉ ണ്ടായിരുന്നു. എന്നാൽ ഇപ്പോഴത്തെ ഇത്താലിക്കാർ ഉൽമാർഗ്ഗമാകുന്ന റോ മ മാർഗ്ഗം മൂലം നാനാ പ്രകാരത്തിലും കുറവുള്ളവരായി തീന്നിരിക്കുന്നു. അവരുടെ ബുദ്ധിക്ക എത്ര താഴ്ചവന്നിരിക്കുന്നു എന്ന താഴെ പറയുന്ന കഥകൊണ്ട അറിയാം പാപ്പാ നാടുകളിൽ വെനീസ ഉൾക്കടൽ അരി കെ ലൊറെത്തൊ എന്ന പേരുള്ള ഒരു പട്ടണം ഉണ്ട. അവിടെനിന്ന വളരെ ദൂരെ മറെറാരു ദേശത്തിൽ നസറേത്ത എന്ന പേരുള്ള ഒരു നഗരവും ഉണ്ട. ക്രിസ്തുവിന്റെ അമ്മയായ കന്യക മറിയ പാർത്ത ന സറേത്തിലേക്ക ദൈവദൂതന്മാർ സ്വർഗ്ഗത്തിൽനിന്ന ഇറങ്ങി ചെന്ന മറി യയുടെ വീടിനെ പൊളിക്കാതെ മുഴുവനോടെ എടുത്തകൊണ്ട ആകാ ശത്തിലൂടെ പറന്ന ലൊറെത്തൊ എന്ന പട്ടണത്തിൽ ആ വീടിനെ കൊണ്ടുവന്ന വെക്കയും ചെയ്തു എന്ന പാപ്പാ കള്ളമായിട്ട പഠിപ്പിക്കു ന്നു. അന്ധതകടലിൽ മുങ്ങികിടക്കുന്ന ജനങ്ങളും ആ കഥയെ വിശ്വ സിച്ചിട്ട ആ വീട്ടിങ്കൽ പലമാതിരി സാമാനങ്ങളെ കാഴ്ചവെക്കയും ചെ യ്യുവരുന്നു.

നെപ്പല്സിൽ വെസൂവിയുസ്സ എന്ന പേരുള്ള ഒരു വലിയ അഗ്നിമല യും സീസ്സിലി എന്ന ദ്വീപിൽ എറ്റ്ന എന്ന പേരുള്ള ഒരു അഗ്നിമല യും ഉണ്ട ഇവെയ്കുത്ത എല്ലായ്പോഴും തീ കത്തുന്നുണ്ട. എങ്കിലും അ കത്ത നോക്കുന്നില്ലെങ്കിൽ മിക്ക സമയത്തും ഭാരത്തിൽ നിന്ന കുറെ പു ക വരുന്നതല്ലാതെ ഒന്നും കാണാനില്ല. എന്നാൽ ചിലപ്പോൾ വളരെ ഭയം തോന്നിക്കുത്തക്കവണ്ണം അഗ്നിജ്വാലകളും ചുട്ടപഴുത്ത കല്ലുകളും മേ

ല്ലോട്ട ചാടി തെറിക്കയും ഉരുകിയലാവ എന്ന പേരുള്ള ഒരു വക ദ്രാവകം പൊങ്ങി ഭാരത്തിന്റെ വക കവിഞ്ഞ കീഴോട്ട പാഞ്ഞൊലിച്ച ആക്കം തട്ടുപ്പാൻ വഹിയാത്തവണ്ണം ഒരു വലിയ ആറ എന്ന പോലെ ഒഴുകി വൃക്ഷങ്ങൾ ആകട്ടെ പട്ടണങ്ങൾ ആകട്ടെ എന്തെങ്കിലും വഴിയിൽ നിന്നാൽ അതിനെ നശിപ്പിച്ചകളകയും ചെയ്യുന്നു.

എന്നാൽ ലിപറി ദ്വീപുകളിൽ ഒന്നിൽ സ്ത്രോംബൊലി എന്ന പേരുള്ള ഒരു അഗ്നി മല ഉണ്ട്. ൦രം അഗ്നിമല മറ്റെല്ലാ അഗ്നി മലകളിൽനിന്ന വ്യത്യാസമുള്ളതാകുന്നു. എന്തെന്നാൽ മറ്റ അഗ്നി മലകളിൽ നിന്ന അഗ്നിജ്വാലകൾ ചിലപ്പോഴെ പുറപ്പെട്ടുന്നുള്ള. എന്നാൽ സ്ത്രോംബൊലി എന്നുള്ള അഗ്നിമല എപ്പൂയ്യോഴും ജ്വലിച്ചിരിക്കുന്നു. മെഡിത്തെറെനിയൻ കടലിൽ സഞ്ചരിക്കുന്ന കപ്പൽക്കാക്ക ആ മല, വഴികാട്ടുന്ന ചന്ദ്രൻ എന്ന പോലെ ആകുന്നു.

യൂറോപ്പിലെ തുക്കി എന്ന ദേശത്തെ കുറിച്ച.

അതിരുകൾ—യൂറോപ്പിലെ തുക്കിയുടെ വടക്കെ ഭാഗം ഓസ്ത്രിയയാലും റുസ്സിയായാലും കിഴക്ക കരിങ്കടലിനാലും മാമ്മോറാ കടലിനാലും തെക്ക ആക്കിപെലെഗൊയാലും ഗ്രേക്കിനാലും പടിഞ്ഞാറ വെനീസ ഉൾകടലിനാലും ദാല്മത്തിയാ ഉൾകടലിനാലും അതുത്തിയാക്കപ്പെട്ടിരിക്കുന്നു.

പ്രധാന ഭാഗങ്ങൾ.—ബുൽഗറിയ എന്നും റുമെലിയ എന്നും അല്ബാനിയാ എന്നും ദാന്യൂബ എന്ന ആറിൻ സമീപെ മൽദവിയ എന്നും വാല്ലച്ചിയ എന്നും ബോസ്നിയ എന്നും സെർവീയ എന്നും ആകുന്നു.

പ്രധാന നഗരികൾ.—കൊൻസ്തന്തിനോപ്പൾ എന്ന പട്ടണം തുക്കി രാജ്യത്തിലെ തലസ്ഥാനവും യൂറോപ്പിൽ ഏറ്റവും വലിയ പട്ടണവും ആകുന്നു.

അദ്രിയാനോപ്പൾ എന്ന പട്ടണം യൂറോപ്പിയൻ തുക്കിയിൽ കൊൻസ്തന്തിനോപ്പൾ കഴിഞ്ഞാൽ ഏറ്റവും വിശേഷ പട്ടണം ആകുന്നു. ഇത മുമ്പെ യൂറോപ്പിലുള്ള ഒട്ടൊമാൻ മഹാ രാജ്യത്തിലെ തലസ്ഥാന പട്ടണം ആയിരുന്നു.

ബുക്കാരെസ്ത എന്ന പട്ടണം വാല്ലച്ചിയായിലെ തലസ്ഥാനം ആകുന്നു.

സാലൊനിക്കാ എന്ന പട്ടണം മക്കെദോനിയായിൽ ആകുന്നു. അതിന്റെ പണ്ടത്തെ പേർ തെസ്സലോനിക്ക എന്ന ആയിരുന്നു.

ബെൽഗ്രെഡ എന്ന പട്ടണം, സെർവിയ എന്ന ദേശത്തിൽ ആകുന്നു.

കാവാല്ലാ എന്ന പട്ടണം, മക്കെദോനിയായിൽ ആകുന്നു. അതിന്റെ പണ്ടത്തെ പേർ നിയാപ്പൊലീസ എന്ന ആയിരുന്നു.

മലകൾ—ഹിമസ്സ എന്നൊ ബാൽകാൻ എന്നൊ പേരുള്ളത ആകുന്നു. ഇത ആൽപ്സിനോട ചേരുന്നതും ഓസ്ത്രിയയിക്കും തുക്കിക്കും ഇടയിൽ കിടക്കുന്നതും ആകുന്നു. പിൻഡസ്സ എന്ന പേരുള്ള പർവതനിര തെസ്സാലിയിൽ ആകുന്നു. അത ബാൽകാൻ മലനിരയോട ചേരുന്നു

ഇവ ക്രൂടാതെ കലിനുസ എന്നും ഒസ്സാ എന്നും അതോസ എന്നും പേരുകളുള്ള മൂന്ന ശ്രുതിപ്പെട്ടിരിക്കുന്ന മലകൾ ഉണ്ട.

ദപീപുകൾ.—പ്രധാനമായിട്ടുള്ള ദപീപ കണ്ടിയാ എന്ന പേരുള്ളതാകുന്നു. ഇതിന്റെ പണ്ടത്തെ പേർ ക്രെത്ത എന്ന ആയിരുന്നു.

കടലുകളും ഉൾക്കടലുകളും കടൽ കൈവഴികളും.—ദാർദ്ദനെൽസ എന്നൊ ഹെലെസ്പോന്ത എന്നൊ പേരുള്ളത കടലും ആത്താഎന്നും വൊലൊ എന്നും സെലൊനിക്കാ എന്നും കാസ്സാണ്ട്ര എന്നും മൊന്തിസാന്തൊ എന്നും ഹെല്ലിസ എന്നും കൊൻസ്സൊ എന്നും പേരുകളുള്ളവ ഉൾക്കടലുകളും ആകുന്നു. കൊൻസ്സന്തിനോപ്പൽ എന്നത കടൽ കൈവഴി ആകുന്നു.

മലനിരകൾ.—വൈല്ലറി എന്നും ഗിവാനൊ എന്നും മൊന്തിസാന്തൊ എന്നും ഹെല്ലിസ എന്നും പേരുകളുള്ളവ ആകുന്നു.

ആറുകൾ.—ദാന്യൂബ എന്നും പ്രുത എന്നും സാവ എന്നും മാരിസ്സാ എന്നും വാർദ്ദാർ എന്നും ആകുന്നു.

ദേശ ഭാഗം.—തുർക്കി മല ദേശം ആകുന്നു എങ്കിലും വളരെ നല്ല ഫലം തരുന്ന മൈതാന സ്ഥലങ്ങൾ ഉണ്ട. കാഴ്ചയ്ക്ക തുർക്കി പൊരുത്ത ഭംഗിയുള്ള ദേശം ആകുന്നു.

ക്ലൈമെട്ട.—നല്ല ഇമ്പമുള്ളതും ശരീരസൌഖ്യത്തിന്ന കൊള്ളാകുന്നതും ആകുന്നു.

ഉത്പന്നങ്ങൾ.പലമാതിരി ധാന്യങ്ങളും പഴങ്ങളും ഉണ്ട. എങ്കിലും തുർക്കിക്കാർ ഏറെ കൃഷി ചെയ്യുന്നില്ല. മുമ്പെ വിശേഷപ്പെട്ട പൊന്നും വെള്ളിയും എടുക്കുന്ന തുരങ്കങ്ങൾ ഉണ്ടായിരുന്നു. എന്നാൽ തുർക്കിക്കാരുടെ ഉദാസീനത കൊണ്ടും അറിവില്ലായ്മ കൊണ്ടും ആ തുരങ്കങ്ങളിൽ നിന്ന ഇപ്പോൾ ഒന്നും എടുക്കുന്നില്ല.

കൈവേലകളും വ്യാപാരവും.—പരവിധാനികളെ ഉണ്ടാകുന്നതിനായിട്ട അല്ലാതെ മറ്റ കൈവേലയ്ക്കായിട്ട തുർക്കിക്കാർ കേൾവിപ്പെട്ടവരല്ല. പട്ടുകളെയും പരവിധാനികളെയും തൊലുകളെയും ആട്ടരോമത്തെയും അല്ലാതെ അവർ ഒന്നും വിശേഷമായിട്ട പോകുചരക്കായി കേറ്റി അയക്കുന്നില്ല.

പഠിപ്പവും മതവും.—പഠിപ്പം വിശേഷമായിട്ട ഒന്നുമില്ല. തുർക്കിക്കാർ മഹമ്മദമതക്കാരാകുന്നു.

വിശേഷാദികൾ.—തുർക്ക എന്ന വാക്കിന്റെ അർത്ഥം അവരുടെ ഭാഷയിൽ സഞ്ചാരി എന്ന ആകുന്നു. അതകൊണ്ട അവർ പിടിച്ചിരിക്കുന്ന ദേശങ്ങൾക്ക തുർക്കി എന്ന പേരിട്ടിരിക്കുന്നു. അവർ താർത്തരികാരിൽ ഒരു ജാതിയായിരുന്നു. കസ്പിയൻ കടലരികെ പാർക്കുകയും ചെയ്തു. എന്നാൽ ഫെരമോന്ദിൽ അവർ ഒട്ടൊമാൻ എന്ന പേരുള്ള അവരുടെ പ്രമാണി മൂലം നടത്തപ്പെട്ട, അന്യരാജ്യങ്ങളെ പിടിച്ച ശ്രേഷ്ഠതയുള്ളവരായി തീരുകയാൽ അവർക്ക ഒട്ടൊമാൻകാർ എന്ന പേർ ലഭിക്കയും അവർ ഒരു ശക്തിയും വലിപ്പവുമുള്ള ജാതിയായി തീരുകയും ചെയ്തിരിക്കുന്നു. ആകയാൽ അവർക്ക ഇപ്പോൾ ഒട്ടൊമാൻകാർ എന്നെങ്കിലും തുർക്കികൾ എന്നെങ്കിലും പേരും വന്നിരിക്കുന്നു.

Dunphy & Sinclair lith. Madras

ഗ്രേക്ക എന്ന രാജ്യത്തെ കുറിച്ച.

അതിരുകൾ.—ഗ്രേക്കിന്റെ വടക്കെ ഭാഗം തുക്കിയാലും കിഴക്ക ആക്കിപെലെ ഗൊയാലും തെക്കും പടിഞ്ഞാറും മെഡിത്തെറെനിയനാലും അതുത്തിയാക്കപ്പെട്ടിരിക്കുന്നു.

പ്രധാന അംശങ്ങൾ.—ലിവഡിയ എന്ന ദേശത്തിലുള്ള ഒരു ഭാഗം എന്നും ആക്കിപെലെഗൊയിലുള്ള നെഗ്രൊപോന്ത ദ്വീപ എന്നും സിക്ലൈദ ദ്വീപുകൾ എന്നും ആകുന്നു.

പ്രധാന നഗരികൾ.—അതെൻസ എന്ന പട്ടണം ഗ്രേക്കിലെ തലസ്ഥാനം ആകുന്നു. മറ്റ നഗരികൾ ലിവഡിയ എന്നും മിസ്സൊലോങ്കി എന്നും തിപ്പോലിസാ എന്നും പാത്രാസ എന്നും കൊറിന്ത എന്നും ആകുന്നു.

മലകൾ.—പിൻഡസ്സ എന്ന പേരുള്ള മലനിര ലിവഡിയായിൽ കൂടി കിടക്കുന്നു. ലിയാകൈറ എന്നും സാഗാറാ എന്നും പേരുള്ള വയായി രണ്ട മലകൾ ഉണ്ട. ലിയാകൈറ എന്ന മലയുടെ പണ്ടത്തെ പേര പാന്നാസ്സസ്സ എന്ന ആയിരുന്നു. സാഗാറാ എന്ന മലയുടെ പണ്ടത്തെ പേർ ഹെലികോൻ എന്നും ആയിരുന്നു. മോറെയായിൽ മലനിരകൾ ഉണ്ട.

ദേശ രൂപം.—ഗ്രേക്കിൽ ഇടെസ്സിടെസ്സ മലകളും കുന്നുകളും താഴ്വരകളും ആറുകളും എല്ലായ്പ്പോഴും പച്ചയുള്ള മേച്ചിൽ സ്ഥലങ്ങളും വൃക്ഷാടികളും ഉണ്ടാകകൊണ്ട ഗ്രേക്ക, കാഴ്ചയ്ക്ക നല്ലതും ശരീര സൌഖ്യത്തിന്ന കൊള്ളാകുന്നതും ആകുന്നു.

വിശേഷ്യാദികൾ,—ഗ്രേക്ക, ഏറിയ സംവത്സരങ്ങൾ തുക്കാരുടെ അധികാരത്തിൻ കീഴിൽ ആകപ്പെട്ടിരുന്നു. എന്നാൽ ഗ്രേക്കാരുടെ സ്വന്ത ധൈര്യം കൊണ്ടും ക്രിസ്ത്യാനി രാജാക്കന്മാരുടെ സഹായം കൊണ്ടും സ്വാതന്ത്ര്യമുള്ള രാജ്യമായി തീന്നു. രാജകാര്യങ്ങളെ നടത്തിപ്പാനായിട്ട ഒരു ക്രിസ്ത്യാനി രാജാവിനെ നിത്ത്യയിച്ച ആക്കുകയും ചെയ്തിരിക്കുന്നു. പണ്ടത്തെ കാലങ്ങളിൽ ഗ്രേക്ക ലോകത്തിലുള്ള എല്ലാ ദേശങ്ങളെക്കാളും ഏറവും ശ്രുതിപ്പെട്ട ദേശം ആയിരുന്നു. പഠിതത്തിലും മറൊല്ലാവിദ്യയിലും, പടസാമർത്ത്യത്തിലും അന്നുണ്ടായിരുന്ന എല്ലാ ജാതിക്കാരെക്കാളും ഗ്രേക്കന്മാർ കേൾവിപ്പെട്ടവരായിരുന്നു.

അഫ്രിക്ക എന്ന വൻ കരയെ കുറിച്ച.

അതിരുകൾ.—ഇതിന്റെ വടക്ക ഭാഗം മെഡിത്തെറെനിയനാലും; കിഴക്ക ചെങ്കടലിനാലും, ഇന്ത്യാൻ സമുദ്രത്താലും; തെക്ക, തെക്കെ സമുദ്രത്താലും; പടിഞ്ഞാറ അത്ലാന്തിക സമുദ്രത്താലും; അതുത്തിയാക്കപ്പെട്ടിരിക്കുന്നു.

ഈ വൻകര യൂറോപ്പിനെക്കാൾ വലിയതാകുന്നു. എങ്കിലും ആസിയായെയും അമെറിക്കായെയുംകാൾ ചെറിയതാകുന്നു.

പ്രധാന അംശങ്ങൾ.—എജിപ്പുഎന്നും നുബിയാഎന്നും അ
ബിസിനിയാ എന്നും ബാബ്വറി എന്ന ദേശത്തിലുള്ള നാടുകൾ എന്നും
നടുവിലത്തെ അഫ്രിക്ക എന്നും പടിഞ്ഞാറെ വശത്തെ നാടുകൾ എ
ന്നും തെക്കുള്ള നാടുകൾ എന്നും കിഴക്കുള്ള നാടുകൾ എന്നും ആകുന്നു.

പ്രധാന മലകൾ.—അത്ലാസ മലകൾ എന്നും, ലുപാത്താ മ
ലകൾ എന്നും, ഡൊൻഗാ മലകൾ എന്നും, ജിബെൽകുംറാ അല്ലെങ്കിൽ
ചന്ദ്രഗിരികൾ എന്നും, അബിസിനിയൻ മലകൾ എന്നും; ആകുന്നു.

പ്രധാന ദ്വീപുകൾ.—അസോസ് അല്ലെങ്കിൽ പടിഞ്ഞാ
റെ ദ്വീപുകൾ എന്നും മദേറ എന്നും കനറി ദ്വീപുകൾ എന്നും കേപ്പ
വേഡ് എന്നും സന്തതോമാസ എന്നും സന്തമത്തായി എന്നും അസ്സെൻ
ക്ഷ്യൻ എന്നും സന്തഹെലെന എന്നും മഡഗാസ്കാർ എന്നും മൊറിക്ഷ്യ
സ എന്നും ബൂബ്വോൻ എന്നും പേരുകളുള്ളവ ആകുന്നു.

കടലുകളും കായലുകളും ഉൾക്കടലുകളും കടൽ
കൈവഴികളും.—ചെങ്കടൽ; ഭെംബിയ എന്നും, ചാഡ എന്നും, മാ
റാവി എന്നും പേരുകളുള്ളവ കായലുകൾ ആകുന്നു. ഗിനി എന്നും സാ
ൽഡെന എന്നും തെബൽ എന്നും അൽഗൊവ എന്നും ടെലഗൊ എ
ന്നും സൈദ്ര എന്നും കെബിസ എന്നും പേരുകളുള്ളവ ഉൾകടലുകൾ
ആകുന്നു. മോസാംബിക്ക എന്നും ബാബെൽമണ്ടെൽ എന്നും ജിബ്രാൽ
ത്തർ എന്നും പേരുകളുള്ളവ കടൽകൈവഴികളും ആകുന്നു.

മുനമ്പുകൾ.—ബജഡോർ എന്നും ബ്ലാങ്കൊ എന്നും വേഡ് എ
ന്നും റൊക്സൊ എന്നും പാൽമാസ എന്നും ത്രപൊയിന്റ്സ എന്നും ഫോ
മ്മോസാ എന്നും നിഗ്രൊ എന്നും ഗ്രഡ്ഡൊപ്പ എന്നും കൊറിയന്റ്സെസ
എന്നും ഗ്രയർദെഫുയി എന്നും പേരുകളുള്ളവയാകുന്നു.

പ്രധാന ആറുകൾ.—നീൽ എന്നും നിജേർ എന്നും സെ
നെഗാൽ എന്നും ഗാംബിയ എന്നും കൊൻഗൊ എന്നും ആകുന്നു.

നീൽ എന്ന ശ്രുതിപ്പെട്ടിരിക്കുന്ന ആറ അബിസിനിയായിൽനിന്ന
ഒഴുകീട്ട നുബിയ എന്ന ദേശത്തിൽ വെച്ച രണ്ട ആറുകളായി തീരുന്നു.
പിന്നെ ഒരു വലിയ ആറായിട്ട നുബിയായിലും എജിപ്പിലും ക്രൂടെ ഒഴു
കി മെഡിത്തെറെനിയൻ കടലിൽ വീഴുന്നു.

നിജേർ എന്ന ആറ, നിഗ്രൊലാണ്ടിലെ മലകളിൽനിന്ന പുറപ്പെട്ട
പലപല ദേശങ്ങളിൽ ക്രൂടെ ഒഴുകീട്ട പല കൈവഴികളായി വേർതി
രിഞ്ഞ എവിടെ വീഴുന്നു എന്ന ഇന്നെ വരയ്ക്കും നിശ്ചയമില്ല.

സെനെഗാൽ ആറും ഗാംബിയ ആറും പടിഞ്ഞാറോട്ട ഒഴുകി അ
ത്ലാന്തിക്ക സമുദ്രത്തിൽ വീഴുന്നു.

കൊൻഗൊ എന്ന ആറ താഴത്തെ ഗിനിയിൽ ക്രൂടി ഒഴുകി അത്ലാ
ന്തിക്ക സമുദ്രത്തിൽ വീഴുന്നു.

ക്ലൈമെട്ട —അഫ്രിക്ക മിക്കതും പ്രത്യേകമായിട്ട അതിന്റെ ഉൾ
ഭാഗങ്ങളും ബഹു ഉഷ്ണമുള്ളവ ആകുന്നു. വഷ്കാലത്തിൽ അത യൂറോ
പ്പുകാക്ക ഏറെറവും സൌഖ്യമില്ലാത്തതാകുന്നു.

വിശേഷാദികൾ.—അഫ്രിക്കയിൽ പ്രത്യേകമായിട്ടുള്ളവ അ

തിലെ മരു ഭൂമിയായ പെരുത്ത വലിയ മണൽ ദേശങ്ങളും അതിലെ എണ്ണമില്ലാത്ത മഹാ ക്രൂരതയുള്ള കാട്ടുമൃഗങ്ങളും അതിലെ കൂടിയാന്മാരിൽ മിക്കവരുടെ ഹീനാവസ്ഥയും ആകുന്നു.

എജിപ്ത എന്ന ദേശത്തെ കുറിച്ച.

അതിരുകൾ.—എജിപ്തിന്റെ വടക്കെ ഭാഗം മെഡിത്തെറെനീയൻ കടലിനാലും കിഴക്ക സൂയെസ എന്ന പേരുള്ള കരയിടുക്കിനാലും ചെങ്കടലിനാലും തെക്ക നുബിയായാലും പടിഞ്ഞാറ ബാക്ക എന്ന പേരായ മണലുള്ള പ്രദേശത്താലും അതൃത്തിയാക്കപ്പെട്ടിരിക്കുന്നു. എജിപ്ത നീളവും വിസ്താരക്കുറവുമുള്ള ദേശം ആകുന്നു.

പ്രധാന അംശങ്ങൾ.—പണ്ടത്തെ കാലങ്ങളിൽ എജിപ്ത പകുക്കപ്പെട്ടിരുന്ന പ്രകാരം തന്നെ ചില ആളുകൾ ഇപ്പോഴും അതിനെ വിഭാഗിക്കുന്നു. അത എന്തെന്നാൽ മേലത്തെ എജിപ്ത എന്നും നടുവിലത്തെ എജിപ്ത എന്നും താഴത്തെ എജിപ്ത എന്നും ആകുന്നു.

പ്രധാന നഗരികൾ.—കയിറൊ എന്ന മഹാ പട്ടണം എജിപ്തിലെ തലസ്ഥാനം ആകുന്നു. മറ പ്രധാന നഗരികൾ മഹാനായ ആലെക്സന്തെരിനാൽ പണിയിക്കപ്പെട്ട ആലെക്സാന്ത്രിയാ എന്നും സൂയെസ എന്നും അറബിക്കാരോട കൂടെ കച്ചവടം ചെയ്യുന്ന പ്രധാന സ്ഥലവും ചെങ്കടലിലെ തുറമുഖപട്ടണവുമായ കൊസ്സെർ എന്നും റൊസെത്ത എന്നും ദമിയത്ത എന്നും ദെൻദെര എന്നും ഗെർജെ എന്നും പണ്ടത്തെ പട്ടണമായ തീബ്സിന്റെ ഇടിവുകളുടെ ഇടയിൽ പണിയിക്കപ്പെട്ടിരിക്കുന്ന ചില ഗ്രാമങ്ങളുടെ ഇടയിൽ വെച്ച പ്രധാനമാകകൊണ്ട മാത്രം പുകഴപ്പെട്ടിരിക്കുന്ന ലുക്സോർ എന്നും ആകുന്നു.

ദേശരൂപം.—എജിപ്ത താണ സമഭൂമി ആകുന്നു. മഴ അല്ലമെ പെയ്യുന്നുള്ളു. എന്നാൽ നീൽ എന്ന ആറ അതിൽ കൂടി ഒഴുകുന്നു. ഇവിടത്തെ ആറുകൾ എന്ന പോലെ ആണ്ടതോറും അതിന്റെ വക്കുകവിഞ്ഞൊഴുകുമ്പോൾ വെള്ളത്തോട കൂടെ വരുന്ന എക്കലിന്റെ ഗുണത്താൽ എജിപ്ത നല്ല ഫലമുള്ള ഭൂമിയായി തീരുന്നു.

ക്ലൈമെട്ട.—എജിപ്ത ഉഷ്ണമുള്ള ദേശം ആകുന്നു. മുമ്പിലത്തെപ്പോലെ കൃഷി നന്നായി ചെയ്യാത്തതിനാൽ ശരീരത്തിന്ന അത്ര സൌഖ്യമുള്ള ദേശം അല്ല.

ഉത്പന്നങ്ങൾ.—പണ്ടെ കാലങ്ങളിൽ എജിപ്തിൽ എത്രയും വളരെ ധാന്യങ്ങൾ ആണ്ടതോറും കൃഷി ചെയ്യുവരുന്നതകൊണ്ട അത ലോകത്തിന്റെ നെല്ലറ ആകുന്നു എന്ന പഴഞ്ചൊല്ലായി പറയപ്പെട്ടിരുന്നു. ഇപ്പോഴും നെല്ലും കോതമ്പും അത്തിപ്പഴങ്ങളും ഓറഞ്ചുപഴങ്ങളും നന്നായി ഉണ്ടാകുന്നു.

വ്യാപാരം.—ഗ്രൂട്ടൊപ്പ എന്ന മുനമ്പിൽ കൂടെയുള്ള വഴിയെ അറിഞ്ഞതിന്ന മുമ്പെ എജിപ്ത വലിയ കച്ചവടസ്ഥലം ആയിരുന്നു. എന്നാൽ ഇപ്പോൾ ഏറെ ഇല്ല. ചെറിയ കണ്ണാടികളും മാല മണികളും പിച്ചള കൊണ്ടുള്ള മോതിരം മുതലായ അല്ല വസ്തുക്കളും തോക്കുകളും

അഫ്രിക്കയുടെ ഉൾഭാഗങ്ങളിൽ കൊണ്ടുചെന്ന വിറ്റ പകരമായിട്ട കനകപ്പൊടിയെയും ആനകൊമ്പുകളെയും അടിമക്കാരെയും വാങ്ങിച്ച എജിപ്തിലേക്ക കൊണ്ടുവന്ന വില്ക്കയും ചെയ്യുവരുന്നു. ൦രം ദേശത്തിൽ നിന്ന നല്ല മാതിരി പഞ്ഞിയും ചണവും ചെറുചണത്തിന്റെ വിത്തും സെന്നാ ഇലയും പശയും പോക്കുചരക്കായിട്ട കേറ്റി അയച്ച വരുന്നു.

പഠിതവ്വും മതവും.—പഠിതം വിശേഷമായിട്ടില്ല. എജിപ്തിൽ പാർക്കുന്നവർ മിക്കവരും മഹമ്മദകാരാകുന്നു. എന്നാൽ കൊപ്തുകാരെന്ന വിളിക്കപ്പെട്ടവരായ പണ്ടത്തെ എജിപ്തുകാരിൽ ഏതാനും പേർ ഇപ്പോൾ ഉണ്ട. അവരുടെ മതം ക്രിസ്ത്യാനി മതം ആകുന്നു. എങ്കിലും തുർക്കാരുടെ ഞെരുക്കത്താൽ അവർ മോശക്കാരായി തീർന്നത തന്നെയുമല്ല: സത്യമാർഗ്ഗത്തിൽനിന്ന വിട്ട മാറി റോമക്കാരെന്ന പോലെ ആയിതീർന്നിരിക്കുന്നു.

വിശേഷാദികൾ.—എജിപ്തു മഹാ പണ്ടെയുള്ള രാജ്യവും മറെല്ലാ രാജ്യങ്ങളെക്കാൾ ഏറവും ശ്രേഷ്ഠതയുള്ളതുമായിരുന്നു. അതിന്റെ ഒന്നാമത്തെ പേർ മിസ്രയിം എന്ന ആയിരുന്നു. അന്നുണ്ടായിരുന്ന എജിപ്തുകാർ മഹാ വിദ്വാന്മാരായിരുന്നു. അനേകം സംവത്സരങ്ങൾക്ക മുമ്പെ ഉണ്ടാക്കിയ പണികളുടെ മുടിവുകൾ വളരെ ഉണ്ട. അത തന്നെയുമല്ല. പിരാമീഡ് എന്ന പേരുള്ള ഒരു മാതിരി ആലയങ്ങളെ ഏകദേശം നാലായിരം സംവത്സരമായി പണിയിച്ചിരിക്കുന്നത ഇന്നെവരെയും ഒട്ടും കേടുകൂടാതെ ഇരിക്കുന്നവ ഇപ്പോഴും കാണാറുണ്ട.

നുബിയാ എന്ന ദേശത്തെ കുറിച്ച.

അതിരുകൾ.—നുബിയാ എന്ന ദേശം എജിപ്തിന്റെ തെക്കെ ഭാഗത്ത ആകുന്നു.

പ്രധാന അംശങ്ങൾ.—സെന്നാർ എന്നും ഡൊൻഗൊലാ എന്നും പേരുള്ള ദേശങ്ങൾ ആകുന്നു. ഓരോന്നിന്റെ പ്രധാന പട്ടണം അതാത ദേശത്തിനുള്ള പേര പോലെ ആകുന്നു.

൦രം ദേശം മിക്കതും മണലുള്ളതാകുന്നു. അതിലെ കൂടിയാന്മാർ ഭടാചാരക്കാരാകുന്നു. ൦രം ദേശം എജിപ്തിലെ അധികാരത്തിൻ കീഴിൽ ആകുന്നു.

അബിസീനിയാ എന്ന ദേശത്തെ കുറിച്ച.

അതിരുകൾ.—അബിസീനിയാ എന്ന ദേശം നുബിയായുടെ തെക്കെ വശത്ത ആകുന്നു.

പ്രധാന നഗരികൾ.—ഗോണ്ടാർ എന്നുള്ള പട്ടണം അബിസീനിയായിലെ തലസ്ഥാനം ആകുന്നു. മറെ പ്രധാന നഗരികൾ അക്സും എന്നും ദിക്സാൻ എന്നും മാസുഫ എന്നും ആകുന്നു.

ദേശരൂപം.—അബിസീനിയാ മല ദേശവും വെള്ളമുള്ള ദേശവും ആകുന്നു.

ംരം ദേശക്കാരുടെ മതം ക്രിസ്ത്യാനി മതം ആകുന്നു. എന്നാൽ അവർ അതിനെ അറിയാത്തതകൊണ്ടും പ്രമാണിക്കാത്തതകൊണ്ടും ഹീനന്മാരായും ക്രൂരന്മാരായും തീന്നിരിക്കുന്നു. പച്ചമാംസത്തെ തിന്നുന്നവരും മൂഢന്മാരും ആകുന്നു. അഫ്രിക്കയിലുള്ള മിക്ക രാജ്യങ്ങളെക്കാൾ ംരം രാജ്യം പുരാണമായിട്ടുള്ളതായിരുന്നു. പണ്ടത്തെ കാലങ്ങളിൽ അബിസീനിയാക്കാരിൽ വളരെ ആളുകൾ ഭടന്മാരായും കച്ചവടക്കാരായും ഇന്ത്യാ ദേശങ്ങളിൽ ക്രൂക്രൂടെ വന്ന പോകയും ചെയ്തു. ംരം ദേശത്തിലെ മലകളിൽ സിംഹം പുലി മുതലായ കാട്ടുമൃഗങ്ങളും പക്ഷികളും പലതരം ലോഹാടികളും ഉണ്ട. എങ്കിലും കൂടിയാന്മാർ ഭടാചാരക്കാരാകകൊണ്ട ലോഹാടികളെ കിളച്ചെടുപ്പാൻ അവക്ക സാമർത്ഥ്യം ഇല്ല.

ൎഷിയാ എന്നും അബിസീനിയാ എന്നുമുള്ള ദേശങ്ങളുടെ പണ്ടത്തെ പേർ എഥിയോഹിയാ എന്ന ആയിരുന്നു.

ആദ്യ കാലങ്ങളിൽ എഥിയോഹിയായും എജിപ്തും മഹാ കേൾവിപ്പെട്ട രാജ്യങ്ങളായിരുന്നു. പലപല വിദ്യകളും ഇവിടെനിന്ന ഉണ്ടായി.

ബാബ്വേറി എന്ന ദേശത്തിലുള്ള നാടുകളെ കുറിച്ച.

ബാബ്വേറി എന്ന ദേശം, അഫ്രിക്കയുടെ വടക്കെ വശത്ത അത്ലാന്തിക്ക സമുദ്രം മുതൽ എജിപ്ത വരെ എത്തിയിരിക്കുന്നു. അത മെഡിത്തെറെനിയൻ കടലിന്റെ തെക്കെ ഭാഗത്ത ആകുന്നു.

പ്രധാന ഭാഗങ്ങൾ.—മോറോക്കൊ എന്നും അല്ജീസ് എന്നും ഇനീസ എന്നും ത്രിപ്പോലി എന്നും ബാക്കാ എന്നും ആകുന്നു.

മോറോക്കൊ എന്ന ദേശത്തിന്റെ പണ്ടത്തെ പേർ മൊറിത്തെനിയ എന്ന ആയിരുന്നു. മോറോക്കൊ എന്നും ഫെസ്സ എന്നും താഫിലെല്ല എന്നും പേരുകളായ മൂന്ന രാജ്യങ്ങൾ ഒന്നിച്ച കൂടിട്ട മോറോക്കൊ എന്ന ഐക്യ രാജ്യമായി തീന്നിരിക്കുന്നു.

ഫെസ്സ മോറോക്കൊയുടെ വടക്കെ ഭാഗത്തആകുന്നു. ഇത മുമ്പെ മഹാ കേൾവിപ്പെട്ട സ്ഥലമായിരുന്നു. മഹമ്മദകാർ പഠിക്കുന്ന വേദത്തെയും വിദ്യയെയും പഠിപ്പിക്കുന്ന ശ്രുതിപ്പെട്ട പാഠകശാലകൾ ഫെസ്സിൽ ഉണ്ട. രാജാവ അവിടെ പാൎക്കുന്നു. അവിടെ വളരെ കച്ചവടവും ചെയ്യുവരുന്നു. അവിടെനിന്ന തിംബുക്തുയിലേക്ക ആണ്ടുതോറും രണ്ട പ്രാവശ്യം കാറാവാന്സ പോകയും ചെയ്യുന്നു.

മോറോക്കൊയിലുള്ള കൂടിയാന്മാർ മൂഢഭക്തിയുള്ള മഹമ്മദകാരാകുന്നു. അവക്ക മൂസ് എന്ന പേർ പറയപ്പെടുകയും ചെയ്യും. അവർ ക്രൂരന്മാരും ഭടാചാരക്കാരും ആകുന്നു.

അല്ജീസ് എന്ന ദേശത്തിന്റെ പണ്ടത്തെ പേർ നമിഡിയ എന്ന ആയിരുന്നു. ഇത ഇപ്പോൾ ഫ്രാൻസകാരുടെ കീഴിൽ ആകുന്നു.

ഇനീസ എന്ന ദേശവും ത്രിപ്പോലി എന്ന ദേശവും സ്വാതന്ത്ര്യമുള്ള ദേശങ്ങളാകുന്നു. എങ്കിലും തുൎക്കി മഹാ രാജാവ അവയെ സൂക്ഷിച്ച രക്ഷിക്കയും ചെയ്തു വരുന്നു. അവയുടെ അധികാരിയുടെ സ്ഥാനപേർ ദേയി എന്ന ആകുന്നു.

ബാക്കാ എന്ന ദേശത്തിന്റെ പണ്ടത്തെ പേർ ലിബിയാ എന്ന

ആയിരുന്നു. ഒരും ദേശം മിക്കതും ഫലമില്ലാത്ത മണൽ ദേശം ആകുന്നു. ഇക്കി മഹാ രാജാവിന്റെ അധികാരത്തിൻ കീഴിൽ ആകുന്നു.

നടുവിലത്തെ ആഫ്രിക്കയെ കുറിച്ചു.

ഒരും ഭാഗത്തിൽ വളരെ ആധിപത്യങ്ങൾ ഉണ്ട. എങ്കിലും ജനങ്ങൾ ഭടാചാരക്കാരും ദേശം പെരുത്ത ഉഷ്ണമുള്ളതും സൌഖ്യമില്ലാത്തതും ആകകൊണ്ട അതിനെ കുറിച്ച ഇന്നവരെയും ഏറെ അറിവാൻ ഇട വന്നിട്ടില്ല.

പ്രധാന സ്ഥലങ്ങളുടെ പേരുകൾ എന്തെന്നാൽ നിഗ്രിത്തിയാ അല്ലെങ്കിൽ സൌഡാൻ എന്നും ബോന്നോ എന്നും തിംബുക്തു എന്നും ഹൌസ്സാ എന്നും യാറിബാ എന്നും സാഹാറാ അല്ലെങ്കിൽ വലിയ മണലുള്ള വനം എന്നും ഭാഫർ എന്നും ബൊർഗു എന്നും ആകുന്നു.*

സാഹാറാ എന്ന പേരുള്ള വനത്തിന്ന വംം നാഴിക നീളവും നൂം നാഴിക വീതിയും ഉണ്ട. അതിൽ ഇടെക്കിടെയ്ക്ക ഫലമുള്ള ചെറിയ സ്ഥലങ്ങൾ ഉണ്ട. എങ്കിലും മിക്കതും മണലുള്ളതാകുന്നു. അത കാറ്റ കൊണ്ട ഇളകപ്പെട്ടുമ്പോൾ കടലിലെ ഓളം പോലെ ഇളകും ചില പ്പോൾ വഴിയാത്രക്കാരെ മൂടി നശിപ്പിക്കയും ചെയ്യും.

പ്രധാന നഗരികൾ.—തിംബുക്തു എന്നും സാക്കാത്തു എന്നും കൌക്കാ എന്നും കോബെ എന്നും കെനെം എന്നും കൊന്നാ എന്നും ആകുന്നു.

തിംബുക്തു എന്ന പട്ടണം, നിഗ്രിത്തിയാ എന്ന പേരായ ദേശത്തിലുള്ള തിംബുക്തു എന്ന പേരുള്ള രാജ്യത്തിൽ ആകുന്നു. അത ജനപുഷ്ടിയും സമ്പത്തുമുള്ള പട്ടണം ആകുന്നു. ഇവിടെ വളരെ കച്ചവടം, പ്രത്യേകമായിട്ട ഉപ്പുകച്ചവടം ചെയ്യുവരുന്നു.

സാക്കാത്തു എന്ന പട്ടണം ഹൌസ്സാ എന്ന രാജ്യത്തിലെ തലസ്ഥാനം ആകുന്നു.

കൌക്കാ എന്ന പട്ടണം ബോന്നോ എന്ന രാജ്യത്തിലെ തലസ്ഥാനം ആകുന്നു. ഒരും രണ്ട രാജ്യങ്ങളും നടുവിലത്തെ ആഫ്രിക്കയിലുള്ള രാജ്യങ്ങളിൽ പ്രധാനമായിട്ടുള്ളവയാകുന്നു.

ഒരും രാജ്യങ്ങൾ ആറുകൾ കൊണ്ടും ചാഡ എന്ന കായലിന്റെ വെള്ളം കൊണ്ടും നന്നായി നനെക്കപ്പെട്ടിരിക്കയാൽ പഞ്ഞിയും നീലവും കോതമ്പുമുതലായ ധാന്യങ്ങളും സന്യാഭികളും പഴങ്ങളും അനവധിയായിട്ട ഉണ്ടാകുന്നു. എന്നാൽ മിക്ക സ്ഥലങ്ങളും താഴ്ചയും ഒരംപ്പുമുള്ളവയാകകൊണ്ട ആ ദേശങ്ങൾ സൌഖ്യമുള്ളവ അല്ല.

ഒരും രാജ്യങ്ങളിലും ചുറ്റുമുള്ള രാജ്യങ്ങളിലും കച്ചവടം പെരുത്തുണ്ട. ഒരും ദേശങ്ങളിൽ കച്ചവടം ചെയ്യുന്നത കാറവാന്മാരായിട്ട ആകുന്നു. അത എന്തെന്നാൽ വളരെ കച്ചവടക്കാർ വഴിയിൽ വെച്ച തമ്മിൽ തമ്മിൽ സഹായിപ്പാനായിട്ട ഉടമ്പടി ചെയ്തിട്ട അവർക്കുള്ള ചരക്കുകളെ ഒട്ടകപ്പുറത്ത കേറ്റി സംഘടിച്ച രക്ഷയുള്ള സ്ഥലങ്ങളിൽ ചന്തകളെ ഉണ്ടാക്കി കച്ചവടം ചെയ്യുവരുന്നു. ഒരും രാജ്യങ്ങളിലെ പ്രധാനമായിട്ടുള്ള കച്ചവടം കനകപ്പൊടിയും ആനക്കൊമ്പുകളും അടിമ ആളുകളും ആകുന്നു. ചന്ദ്രഗിരി മുതലായ മലകളിൽ പൊന്ന വളരെ ഉണ്ട. അവിടെനിന്ന ഒഴുകുന്ന വെള്ളത്തോട കൂടെ വരുന്ന മണലിൽ പൊൻതരികൾ ഉണ്ട. മണലിൽനിന്ന കൂടിയാന്മാർ പൊൻതരിയെ എടുത്ത വില്ക്കയും ചെയ്യുവരുന്നു.

* ഹൌവ

കൊനൊ എന്ന പട്ടണം ഫ്രൌസ്സി എന്ന രാജ്യത്തിൽ ആകുന്നു. ഇ ത പ്രധാന കച്ചവട സ്ഥലം ആകുന്നു.

ംരം ദേശങ്ങളിലെ കൂടിയാന്മാർ മിക്കവരും മഹമ്മദകാരാകുന്നു. എ ന്നാൽ അജ്ഞാനികൾ വളരെ ഉണ്ട. അവിടെ പാർക്കുന്നവരുടെ പേർ നീഗ്രോയസ എന്നു ആകുന്നു.

അഫ്രിക്കയുടെ പടിഞ്ഞാറെ വശത്തെ നാട്ടുകളെ കുറിച്ചു.

പ്രധാന അംശങ്ങൾ.—സെനഗാംബിയ എന്നും മേല ത്തെ ഗിനി എന്നും താഴത്തെ ഗിനി എന്നും ആകുന്നു.

സെനഗാംബിയാ സെനെഗാൽ എന്നും ഗാംബിയ എന്നും റിയൊ ഗ്രാണ്ട എന്നും പേരുകളായ ആറുകൾക്ക അടുക്കൽ ആകുന്നു. ആ ദേ ശത്തിൽ പല ആധിപത്യങ്ങൾ ഉണ്ട. അവയിൽ പ്രധാനമായി മൂന്നു ണ്ട. ആയത മാൻഡിൻഗൊയസ എന്നും ഫൌലാസ എന്നും യാലോഫ്സ എന്നും പേരുള്ളവ ആകുന്നു.

മേലത്തെ ഗിനിയിലുള്ള ദേശങ്ങൾ സിയറലിയോൻ എന്നും ഗ്രേൻ കോസ്ത്ത എന്നും * ഐവെറികോസ്ത്ത എന്നും ഗോല്ലകോസ്ത്ത എന്നും സ്ലേവ കോസ്ത്ത എന്നും ആക്ഷാന്തി എന്നും ദാഹൊമി എന്നും ബെനിൻ എന്നും ആകുന്നു.

താഴത്തെ ഗിനിയിലുള്ള ദേശങ്ങൾ ലൊയാൻഗൊ എന്നും കൊൻ ഗൊ എന്നും അൻഗോലാ എന്നും ബേൻഗ്വയല എന്നും മാത്താമാൻ എ ന്നും ആകുന്നു.

സെനഗാംബിയായിൽ പല യൂറോപ്പിയകാർക്ക തോട്ടങ്ങളും കൂടിയി രിപ്പിടങ്ങളും ഉണ്ട. ഫ്രാൻസകാർ പശ കച്ചവടത്തിന്നായിട്ട സെ റെ ഗാൽ എന്ന ആറിൻ അരികെ പാർക്കുന്നു.

സിയംലിയൊൻ ഇംഗ്ലീഷകാർക്കുള്ള ദേശം ആകുന്നു. അവർ ആ ദേശത്തിൽ പാർക്കുന്ന കാരണം എന്തെന്നാൽ നിഗ്രോയസ എന്ന പേ രുള്ള അഫ്രിക്കകാരിൽ ഒരു ജാതിക്കാർ ശരീരബലമുള്ളവരായിട്ടുണ്ട. എ ന്നാൽ ഇവർ ഭോചാരക്കാരും മിക്കവരും ക്രൂരന്മാരും ആകുന്നു. തമ്മിൽ തമ്മിൽ ക്രൂരക്രൂടെ യുദ്ധവും ചെയ്യുന്നു. യുദ്ധത്തിൽ തോറ്റവരെയും ര ഹസ്യമായിട്ട മോക്ഷിക്കപ്പെട്ടവരെയും കെട്ടിച്ച മൃഗങ്ങൾ എന്ന പോ ലെ സമുദ്രതീരത്ത തള്ളിക്കൊണ്ടുപോയിട്ട അവിടെ ദുഷ്ട യൂറോപ്പുകാർ അവരെ വിലെക്ക വാങ്ങിച്ച കപ്പലുകളിൽ കേറി അന്യദേശങ്ങളിൽ പുലയരെ പോലെ വേലചെയ്വാനായിട്ട അടിമയായി വില്ക്കുയും ചെ യുവരുന്നു. എന്നാൽ ഈത മഹാ ദുഷ്പ്രവൃത്തിയും പാപവും ആകകൊ ണ്ട ഇംഗ്ലീഷകാർ അടിമ കപ്പലുകളെ പിടിപ്പാനായിട്ട ആ ദേശങ്ങൾ ക്ക അടുത്തുള്ള സമുദ്രങ്ങളിലേക്ക പടകപ്പലുകളെ അയക്കുന്നു. അടിമ ക

---

* ഐവെറി എന്ന വാക്ക ആനകൊമ്പ എന്നും ഗോല്ല എന്നത പൊന്ന എന്നും സ്ലേവ എന്നത അടിമക്കാരൻ എന്നും ആകുന്നു. കോ സ്ത്ത എന്നത സമുദ്രതീരം എന്നും ആകുന്നു.

പ്പല്ലുകളെ പിടിക്കുമ്പോൾ നിഗ്രോമാരെ ഇറക്കി സിയറലിയോനിൽ പാർപ്പിക്കയും മിശിനാനരിമാരെ കൊണ്ടു അവരെ സൂക്ഷിപ്പിച്ചു പഠിപ്പിക്കയും ഭടാചാരശീലം മാറുമ്പോൾ നിഗ്രോമാർക്കു മനസ്സുണ്ടെങ്കിൽ സിയറലിയൊനിൽ കൂടിയിരുത്തുകയും അല്ലെങ്കിൽ അവരവരുടെ സ്വദേശത്തിലേക്കു പറഞ്ഞയക്കയും ചെയ്യുവരുന്നുണ്ടു.

അഷാന്തീ എന്നും ദാഹൊമി എന്നും പേരുകളുള്ള രാജ്യങ്ങൾ ശക്തിയുള്ള രാജ്യങ്ങൾ ആകുന്നു. ജനങ്ങൾ സൂത്രപ്പണികളെ കൂടേശ്ശു പഠിച്ചിരിക്കുന്നു. എങ്കിലും അവർ ഭടാചാരക്കാരും ക്രൂരതയുള്ളവരും ഒട്ടും പഠിപ്പമില്ലാത്തവരും ആകുന്നു. അവരുടെ മതം അജ്ഞാനി മതം ആകുന്നു. എങ്കിലും ഇന്നു മതം എന്ന പോലെ അല്ല.

ദാഹൊമിയിലെ രാജാവിന്റെ പടയാളികളിൽ ചിലർ സ്ത്രീകൾ ആകുന്നു. ആ സ്ത്രീകളുടെ പ്രത്യേകമായുള്ള മുറ രാജാവിനെയും രാജധാനികളെയും സൂക്ഷിപ്പാൻ ആകുന്നു. എങ്കിലും യുദ്ധം ചെയ്യുന്ന സമയത്തു ധൈര്യമായിട്ടു പോരാടുകയും തോറവരോടു കടുപ്പമായി ക്രൂരത ചെയ്കയും ചെയ്യുവരുന്നു.

പോർത്തുഗാൽക്കാർ ഒന്നാമത, താഴത്തെ ഗിനിയെ കണ്ടെത്തി ഇന്നവരെയും അവിടെ പാർക്കയും കൂടിയാന്മാരോടു ക്രൂരമായ കച്ചവടം ചെയ്കയും ചെയ്യുന്നു. ംറം ദേശങ്ങളിൽ മിക്കതും ബഹു ഉഷ്ണമുള്ളതും സൌഖ്യമില്ലാത്തതും ആകുന്നു. അതിലെ കാടുകളിൽ അനേകങ്ങൾ കടുവാക്കളും പലതരമായ ക്രൂരമൃഗങ്ങളും വളരെ വലിയ പാമ്പുകളും കിളുകിളുപ്പൻ എന്ന മഹാ വിഷമുള്ള ഒരു വക പാമ്പുകളും പാണ്ടർ എന്ന പേരുള്ള ഘോരമായുള്ള ഒരു മാതിരി പുലികളും കന്ന മുതലായ മൃഗങ്ങളും അനവധിയായിട്ടുണ്ടു. വലിയ ആറുകളിൽ ഹിപ്പൊപ്പോത്തമസ എന്ന പേരുള്ള മൃഗവും മുതല ചിങ്കണ്ണി മുതലായവയും ബഹുതരം ഉണ്ടു.

ആഫ്രിക്കയുടെ തെക്കുള്ള നാടുകളെ കുറിച്ചു.

പ്രധാന അംശങ്ങൾ.—കേയ്പ്പകൊലോനി എന്നും ഹൊത്തെൻതൊത്തുകാരുടെ ദേശം എന്നും കാഫ്രേറിയാ എന്നും ആകുന്നു.

കേയ്പ്പകൊലോനി എന്ന ദേശം ആഫ്രിക്കയുടെ തെക്കെ അറ്റത്ത ആകുന്നു മുമ്പെ ഹോലാണ്ടുകാർ അതിനെ പിടിച്ചു അനുഭവിച്ചു. ഇപ്പോൾ അതു ഇംഗ്ലീഷ രാജ്യത്തിൻ കീഴിൽ ആകുന്നു. അതിലെ പ്രധാന പട്ടണം കേയ്പ്പതൌൻ എന്ന ആകുന്നു. അതിന്റെ ക്ലൈമെട്ടു നല്ല ശാന്തതയുള്ളതും അതിന്റെ നിലം ഫലമുള്ളതും ആകുന്നു.

ഹൊത്തൻതൊത്തുകാരുടെ ദേശം കേയ്പ്പകൊലോനിയുടെ വടക്കെ വശത്ത ആകുന്നു. കാഫ്രേറിയാ ഹൊത്തൻതൊത്തുകാരുടെ കിഴക്കെ ഭാഗത്ത ആകുന്നു.

ഹൊത്തൻതൊത്തുകാരുടെ പ്രധാന നഗരികൾ ലാത്താക്കു എന്നും കൂറീച്ചാനി എന്നും ആകുന്നു.

പ്രധാന ആറുകൾ.—ഗാറിയവ അല്ലെങ്കിൽ ഒറെഞ്ചെ എന്നും ഗ്രെട്ടഫിഷ എന്നും പേരുകളുള്ളവയാകുന്നു.

ഹൊത്തൻതൊത്തുകാരിൽ പല ജാതികൾ ഉണ്ടു. എന്നാൽ അവർ എല്ലാവരും ഭടാചാരക്കാരും ഏറ്റവും അഴുക്കുള്ളവരും ആകുന്നു. അ

വർ അഴുക്കുള്ള ആട്ടത്തോലുകളെ ധരിക്കുയും കറിക്കുട്ടിയ നാറ്റമുള്ള നെയ്യുകൊണ്ട തങ്ങളുടെ ശരീരങ്ങളിൽ തേക്കുയും ചെയ്യുവരുന്നു. അവരിൽ ചിലർ ചേരകളെയും ചിലന്തികളെയും പുഴുക്കളെയും വെട്ടുക്കിളികളെയും ചുള്ളക്ഷയോടുകൂടെ ഭക്ഷിക്കുയും ചെയ്യുവരുന്നു. കാഫ്രിമാർ ഹൊത്തൻതൊത്തുകാരെക്കാൾ കറുത്ത നിറമുള്ളവരും മഹാ ധൈര്യമുള്ളവരും ആകുന്നു. അവരും ഹൊത്തൻതൊത്തുകാരും വിഗ്രഹാരാധനക്കാർ ആകുന്നു.

കാഫ്രറിയായുടെ വടക്കെ വശത്ത സുലാസ്സ എന്ന പേരുള്ള ഒരു ദേശക്കാർ ഉണ്ട. ഇവർ ഭടാചാരക്കാരും മഹാ ക്രൂരന്മാരും ഏകദേശം കാട്ടാളരും ആകുന്നു.

ആഫ്രിക്കയിലുള്ള കിഴക്കെ നാടുകളെ കുറിച്ച.

പ്രധാന ഭാഗങ്ങൾ.—ആഡെൽ എന്ന രാജ്യം. അതിലെ പ്രധാന നഗരി സൈലാ എന്ന ആകുന്നു. പ്രധാന ആറ ഹാവേഷ എന്ന പേരുള്ളതാകുന്നു.

അജാൻ എന്നുള്ള ദേശത്തിൽ ബ്രാവാ എന്നും മഗൊദൊക്കൊ എന്നും പേരുകളുള്ള മഹമ്മദകാരുടെ ഗ്രാമങ്ങൾ ഉണ്ട.

സാൻഗിബാർ എന്ന ദേശത്തിൽ മെലിണ്ടാ എന്നും മൊംബാസ്സ എന്നും കിലോയ എന്നും പേരുകളുള്ള പട്ടണങ്ങൾ ഉണ്ട.

മൊസാംബീക്ക എന്നുള്ള ദേശത്തിൽ മോസാംബീക്ക എന്ന പേരുള്ള പട്ടണം ഉണ്ട.

മൊകാറാങ്ങ എന്ന പേരുള്ള രാജ്യത്തിൽ സൊഫാലാ എന്നും സാബിയ എന്നും പേരുകളുള്ള പ്രധാന സ്ഥലങ്ങൾ ഉണ്ട.

മാഷുമൊ എന്ന പേരുള്ള ആറ ദെലഗൊ ഉൾക്കടലിൽ വീഴുന്നു.

നാത്താൽ എന്നുള്ള ദേശം ഇതിൽ ചെറുതായിട്ട തന്നെ ഒരു ആറ്റം ഉൾക്കടലും ഉണ്ട.

ആഡെൽ എന്നുള്ള രാജ്യം അബിസിനിയാ രാജ്യത്തിന്റെ അധികാരത്തിൻ കീഴിരിക്കുന്നു. ഇത നല്ല വളമുള്ള ദേശവും നറുംപശ്ശും കുന്തുരുക്കത്തിനും പ്രത്യേകം കേൾവിപ്പെട്ടിരിക്കുന്ന ദേശവും ആകുന്നു.

അജാൻ ആനകൊമ്പും അംബെർഗ്രിസും പൊന്നും കച്ചവടമുള്ള സ്ഥലം ആകുന്നു.

സാൻഗിബാർ ചെറുപ്പമുള്ളതും സൌഖ്യമില്ലാത്തതുമായുള്ള ദേശം ആകുന്നു. അവിടെ ആനകൾ അനവധി ഉണ്ട.

മൊസാംബീക്ക സുഭിക്ഷമായുള്ള ദേശം ആകുന്നു. അവിടെ പൊന്ന വളരെ ഉണ്ട. പലപല മാതിരി മൃഗങ്ങളും അനവധി ഉണ്ട.

മൊകാറാങ്ങ, എന്ന ദേശത്തിലുള്ളവർ അടുത്ത ദേശങ്ങളിലുള്ളവരെക്കാളും ആചാരമുള്ളവരാകുന്നു. എന്നാൽ ചെറു രാജ്യങ്ങൾ മിക്കവയും പൊർത്തുഗാലുകാരുടെ അധികാരത്തിൻ കീഴിൽ ആകകൊണ്ടും ഇവർ ബുദ്ധിഹീനന്മാരായി തീന്നിരിക്കകൊണ്ടും ചെറു ദേശങ്ങളെ കുറിച്ച വിവരമായിട്ട എഴുതീട്ടില്ലാത്തതിനാൽ അവയെ കുറിച്ച ഏതും അറിയുന്നില്ല.

മാഹുമൊ എന്ന ആറ അരികെ വലവല ടോചാര ജാതികൾ പാക്കുന്നുണ്ട.

ആഫ്രിക്കയോട ചേരുന്ന പ്രധാന ദ്വീപുകൾ.

മഡഗാസ്കർ എന്നത ആഫ്രിക്കയുടെ കിഴക്കെ ഭാഗത്ത ഒരു മഹാ വ ലിയ ദ്വീപും സുഭിക്ഷമായുള്ള ദേശവും അതിലെ കൂടിയാന്മാർ ടോ ചാരക്കാരും ആകുന്നു. അത സ്വാതന്ത്ര്യമുള്ള രാജ്യം ആകുന്നു. അതി ന്റെ അരികെ കൊമൊറൊ എന്ന പേരുള്ള ചെറിയ ദ്വീപുകൾ ഉ ണ്ട. ഇവ സ്വന്ത നാട്ടുകാരാൽ ഭരിക്കപ്പെട്ടുന്നു.

മഡഗാസ്കരിന്റെ കിഴക്കെ വശത്ത മൊറിഷ്യസ എന്നും ന്യൂബ്ബോ ൻ എന്നും പേരുകളായ രണ്ട ദ്വീപുകൾ ഉണ്ട.

മൊറിഷ്യസ ഇംഗ്ലീക്കാക്കുള്ളതാകുന്നു. ബൂബ്ബോൻ ഫ്രാൻസിന്റെ കീഴിൽ ആകുന്നു. രേംരണ്ട ദ്വീപുകളിലും നല്ല തരമായ കാപ്പിക്കുരു ഉ ണ്ടാകയും ചെയ്യുന്നു.

അസോസ് അല്ലെങ്കിൽ പടിഞ്ഞാറെ ദ്വീപുകളും കേയ്പ്പവേഡ് ദ്വീ പുകളും മദേര എന്ന ദ്വീപും സന്തതോമാസ എന്നും സന്തമത്തായി എന്നുമുള്ള ദ്വീപുകളും പൊർത്തുഗാൽ രാജാവിന്റെ അധികാരത്തിൻ കീഴിൽ ആകുന്നു.

കനറിസ എന്ന ദ്വീപുകൾ സ്പെയിൻ എന്ന രാജ്യത്തിൻ കീഴിൽ ആ കുന്നു.

സന്തഹെലെന എന്ന ദ്വീപ ഇംഗ്ലീക്കാരുടെ കീഴിൽ ആകുന്നു.

അമെറിക്കാ എന്ന വൻകരയെ കുറിച്ച.

അതിരുകൾ.—അമെറിക്കായുടെ വടക്ക ഭാഗം വടക്കെ സമു ദ്രത്താലും കിഴക്ക അത്ലാന്തിക്ക സമുദ്രത്താലും തെക്ക അൻതാക്ടിക്ക സമു ദ്രത്താലും പടിഞ്ഞാറ പാസിപ്പിക്ക സമുദ്രത്താലും അതിർത്തിയാക്കപ്പെട്ടി രിക്കുന്നു.

പകുതികൾ.—ഇത വടക്കെ അമെറിക്കാ എന്നും തെക്കെ അ മെറിക്കാ എന്നുമുള്ള രണ്ട വലിയ ഭാഗങ്ങളായിട്ട പകുക്കപ്പെട്ടിരിക്കുന്നു ംരം ദേശങ്ങൾ ഡറിയെൻ എന്ന എങ്കിലും പനാമാ എന്ന എങ്കിലും പേരുള്ള കരയിട്ടുകിനാൽ തമ്മിൽ കൂട്ടി ചേക്കപ്പെട്ടിരിക്കുന്നു.

വടക്കെ അമെറിക്കായെ കുറിച്ച.

പ്രധാന അംശങ്ങൾ.—ബ്രിത്തിശ അമെറിക്കാ എന്നും ഐക്യനാട്ടുകൾ എന്നും മെക്സിക്കൊ എന്നും തെക്സാസ എന്നും ഗ്വാത്തെ മാല എന്നും ഹ്രീൻലാണ്ട എന്നും ലാബ്രഡോർ എന്നും ആദ്യ നാട്ടുകാർ പാർത്ത പല ദേശങ്ങൾ എന്നും ആകുന്നു.

മലകൾ.—വടക്കെ അമെറിക്കായിലും തെക്കെ അമെറിക്കായി ലും കൂടി തെക്ക വടക്കായിട്ട ഒരു വലിയ പർവ്വതനിര കിടക്കുന്നു. ംരം

Dumphy & Sinclair, Lith: Madras

പവ്വതനിര അമെരിക്കായുടെ പടിഞ്ഞാറെ വശത്തോട്ട അടുത്തിരിക്കുന്നു. വടക്കെ അമെരിക്കായിലുള്ള പവ്വതനിര പാറയുള്ള മലകൾ എന്ന പേർ വിളിക്കപ്പെട്ടിരിക്കുന്നു. വടക്കെ അമെറിക്കായിലെ കിഴക്കെ വശത്ത അപ്പലക്കിയൻ അല്ലെങ്കിൽ അല്ലിഘാനി എന്ന പേരുള്ള ഒരു പവ്വതനിര ഉണ്ട.

ദ്വീപുകൾ.—പ്രധാന ദ്വീപുകൾ ന്യൂഫൌണ്ടലാണ്ട എന്നും ബൈർഡസ എന്നും വാൻകൂവേസ് എന്നും പേരുള്ളവയാകുന്നു,

കായലുകളും ഉൾക്കടലുകളും കടൽ കൈവഴികളും.

സുപ്പിരിയോർ എന്നും മിഷിഗാൻ എന്നും ഹുരൊൻ എന്നും ഇരി എന്നും ഒൻതെറിയൊ എന്നും ചമ്പ്ലെയൻ എന്നും നീകരാഗ്വ എന്നും സേവലെക്ക എന്നും വിന്നിപെഗ എന്നും പേരുള്ളവ വലിയ കായലുകൾ ആകുന്നു. ബഫിൻസ് ഉൾക്കടൽ എന്നും ഒവിസ ഇടുക്ക എന്നും ഹഡ്സ്സ്സ ഉൾക്കടൽ എന്നും സന്തലോറൻസ ഉൾക്കടൽ എന്നും മെക്സിക്കൊ ഉൾക്കടൽ എന്നും ഫ്ലൊറിദ ഉൾക്കടൽ എന്നും കമ്പീച്ചി ഉൾക്കടൽ എന്നും കലിഫോന്യ ഉൾക്കടൽ എന്നും ആകുന്നു. നൂത്ത്സൌണ്ട എന്നും ബെറിങ്ങസ കടൽ കൈവഴി എന്നും ഉള്ളവ കടൽ കൈവഴികളാകുന്നു.

പ്രധാന ആറുകൾ.—വടക്കെ അമെറിക്കായിലുള്ള ഏറ്റം വലിയ ആറ മിസിസ്സിപ്പി എന്ന പേരുള്ളതാകുന്നു. സന്തലോറൻസ എന്നും ഓഹിയൊ എന്നും കൊലുംബിയാ എന്നും മെകൻസിസ എന്നും ചെമ്പ തുരുമ്പ എന്നും ഉള്ള ആറുകളും ഉണ്ട.

അമെറിക്കായിലുള്ള ആദ്യ കുടിയാന്മാർ ഇന്ത്യാൻകാർ എന്ന വിളിക്കപ്പെട്ടിരിക്കുന്നു.

അമെറിക്കായിൽ വിശേഷമായിട്ടുള്ളവ അതിന്റെ വലിയ കായലുകളും ആറുകളും നീർവീഴ്ചകളും ആകുന്നു. നിർവീഴ്ചകളിൽ വിശേഷമായിട്ടുള്ളത വടക്കെ അമെറിക്കായിലുള്ള നിയാഗറ എന്ന പേരുള്ള നീർവീഴ്ച ആകുന്നു. വെള്ളം ഏഴുന്നൂറടി പൊക്കത്തിൽനിന്ന കീഴ്പ്പോട്ട പാഞ്ഞൊഴുകി വീഴുന്നു. അതിനാൽ ഉള്ള അലച്ച എത്രയും വലിയതാകകൊണ്ട ൨൦ നാഴിക ദൂരത്തോളം കേൾക്കയും ആം.

ബ്രിത്തിശ അമെറിക്കായെ കുറിച്ച.

ദേശങ്ങൾ.—വടക്കെ അമെറിക്കായിൽ ഗ്രേട്ടബ്രിത്തെന്റെ അധികാരത്തിൻ കീഴിലുള്ള ദേശങ്ങൾ കനഡ എന്നും ലബ്രദോർ എന്നും നൊവസ്സൊത്തിയ എന്നും ന്യബ്രുൻസ്വിക്ക എന്നും ന്യൂഫൌണ്ടലാണ്ട എന്നും ബെമ്മൂഡസ എന്നും മറ്റ ദ്വീപുകളും ആകുന്നു.

കനഡ എന്ന ദേശത്തെ കുറിച്ച.

കനഡ രണ്ട ഭാഗമായിട്ട പകുക്കപ്പെട്ടിരിക്കുന്നു. ആയത മേലത്തെ കനഡ എന്നും താഴത്തെ കനഡ എന്നും ആകുന്നു. കനഡയിലെ പ്രധാന തലസ്ഥാന പട്ടണം കീബെക്ക എന്ന ആകുന്നു. മറ്റ വിശേഷപട്ടണങ്ങൾ മൊൻത്രിയാൽ എന്നും യോക്ക എന്നും കിങ്ങസ്റ്റോൻ എന്നും ആകുന്നു. കനഡയിലെ ശൈത്യമെട്ട സുഖമുള്ളതാകുന്നു. എങ്കിലും

വേനൽക്കാലം ബഹു ചൂടുള്ളതും വർഷകാലം ഏറെയും തണുപ്പുള്ളതും ആകുന്നു. കനഡ മലയുള്ള ദേശം ആകുന്നു. എങ്കിലും താണ ഭിക്കുകൾ വളരെ ഉണ്ട്. മലകളിൽ പലതരം ഉപകാരമുള്ള വൃക്ഷങ്ങൾ ഉണ്ടാകുന്നു. മെപ്പൽ എന്ന പേരുള്ള വൃക്ഷത്തിൽനിന്ന ഒരു നല്ല മാതിരി പഞ്ചസാരയെ ഉണ്ടാകുന്നു. താണ ഭിക്കുകളിൽ കോതമ്പും പുകയിലയും പലവക പഴങ്ങളും ഉണ്ടാകുന്നു. പ്രധാന പോക്കുവരക്കൽ മാട്ടുവർഗ്ഗമുള്ള തോലുകളും കോതമ്പും തടികളും ആകുന്നു. കനഡ മുമ്പെ ഫ്രാൻസിന്റെ അധികാരത്തിൻ കീഴിൽ ആയിരുന്നതുകൊണ്ട വളരെ ഫ്രാൻസുകാർ ഇന്നവരെയും അവിടെ പാർക്കുന്നു, ൦രം ആളുകളിൽ ഏതാനും പേരുടെ മതം പാപ്പാ മതവും ശേഷം പേരുടെ മതം പ്രൊതെസ്തൂന്ത മതവും ആകുന്നു.

ലബ്രദോർ എന്ന ദേശത്തെ കുറിച്ച.

ലബ്രദോർ സന്തലോറൻസ എന്ന ഉൾക്കടലിന്റെ വടക്കെ വശത്തുള്ള ഒരു വലിയ ദേശം ആകുന്നു. അത തണുപ്പും ഫലമില്ലാത്തതുമായുള്ള ദേശം ആകുന്നു. കുടിയാന്മാർ ഏറ ഇല്ല. അവർ നായാട്ടിനാലും മീൻപിടിത്തത്താലും ഉപജീവനം കഴിക്കുന്നു.

നൊവസ്കോത്തിയ എന്ന ദേശത്തെ കുറിച്ച.

നൊവസ്കോത്തിയ സന്തലോറൻസ എന്ന കടലിന്റെ തെക്കെ ഭാഗത്ത ആകുന്നു. ഹലിഫാക്സ അതിന്റെ തലസ്ഥാന പട്ടണവും തുറമുഖവും ആകുന്നു ഇവിടെനിന്ന തഴകളും വളരെ ഉണങ്ങിയ മീനും പോക്കുവരകായിട്ട കേറി അയച്ചവരുന്നു.

ന്യൂബ്രൻസ്വിക്കിനെ കുറിച്ച.

ന്യൂബ്രൻസ്വിക്ക നൊവസ്കോത്തിയയുടെ പടിഞ്ഞാറെ വശത്ത ആകുന്നു. വൃക്ഷങ്ങൾ അവിടെ വളരെ ഉണ്ട എങ്കിലും ദേശം തണുപ്പുള്ളതും ഭൂമി ഫലമില്ലാത്തതും ആകുന്നു.

ന്യൂഫൌണ്ടലാണ്ട എന്ന ദേശത്തെ കുറിച്ച.

ന്യൂഫൌണ്ടലാണ്ട സന്തലോറൻസ എന്ന ഉൾക്കടലിന്റെ വടക്കകിഴക്കെ ഭാഗത്തുള്ള ഒരു വലിയ ദ്വീപ ആകുന്നു. ൦രം ദ്വീപ കൊഡ എന്ന മീൻ അനവധിയായി പിടിക്കുന്നതിനാൽ വിശേഷമുള്ളതാകുന്നു. ആ മീൻ ഉപ്പിട്ടുണങ്ങീട്ട വില്ക്കുയും ചെയ്യുവരുന്നു. ൦രം ദ്വീപിലെ തലസ്ഥാനം സെന്തജോൎസ്സ എന്ന പേരുള്ളതാകുന്നു.

ബൈമ്മൂഡസ മുതലായ ദ്വീപുകളെ കുറിച്ച.

ബൈമ്മൂഡസ എന്ന പേരുള്ളത നാല ചെറിയ ദ്വീപുകൾ ആകുന്നു.

അവ ഐക്യനാടുകളുടെ കിഴക്കെ ഭാഗത്ത അത്ലാന്തിക്ക സമുദ്രത്തിൽ ആകുന്നു. സെന്തജോൺസ്, എന്ന പേരുള്ള ദ്വീപ നൊവസ്കോത്തിയയുടെ അടുക്കൽ ആകുന്നു. അന്തികൊസ്തി എന്നുള്ള ദ്വീപ സന്തലോറൻസ എന്ന ആറിന്റെ വടക്കെ അറ്റത്ത ആകുന്നു. പിക്കു എന്നും സെന്തപിയറ എന്നും മികിലോൻ എന്നും പേരുകളുള്ള മൂന്ന ചെറിയ ദ്വീപുകൾ ന്യൂഫൌണ്ടലാണ്ടിന്ന അടുക്കൽ ആകുന്നു.

ഐക്യനാടുകളെ കുറിച്ച.

അതിരുകൾ.—ഐക്യനാടുകൾ ബ്രിത്തിശ അമെരിക്കായുടെ തെക്കെ വശത്ത ആകുന്നു.

ഐക്യനാടുകൾ താഴെ വരുന്ന പ്രകാരം പകുക്കപ്പെട്ടിരിക്കുന്നു.

വടക്കെ നാടുകൾ.

ദേശം.	പ്രധാനപട്ടണം.
മെയൻ.	പൊർത്ത്ലാണ്ട.
ന്യൂഹാമ്പശയർ.	കൊൻകോഡ.
വെർമൊന്ത.	ബെന്നിങ്ങ്ടൊൻ.
മസച്ചുസെത്ത്സ.	ബോസ്ടൊൻ.
രോഡ്ദ്വീപ.	പ്രൊവിദേൻസ.
കൊനെക്തികൂത്ത.	ഹാർട്ഫൊർഡ.

നടുവിലത്തെ നാടുകൾ.

ന്യൂയോർക്ക.	ന്യൂയോർക്ക.
ന്യൂജേർസ്സി.	ത്രെൻതൊൻ.
പെൻസിൽവനിയ.	ഫിലദല്ഫിയാ.
ദെലാവാർ.	ദൊവെർ.

തെക്കെ നാടുകൾ.

മെരിലാണ്ട.	അന്നാപോലിസ.
വെർജ്ജിനിയാ.	രിച്ച്മൊണ്ട.
കൊലംബിയ എന്ന ദിക്ക.	വഷിങ്ങ്ടൊൻ.
വടക്കൻ കാറോലിനാ.	റെലി.
തെക്കൻ കറോലിനാ.	ചാൎല്സ്തൊൻ.
ജൊൎജ്ജിയ.	സാവാന.
അലാബാമാ.	കാഹാബാ.
മിസിസ്സിപ്പി.	നെത്ചെസ്സ.

പടിഞ്ഞാറെ നാട്ടുകൾ.

ലൂസിയാന.	ന്യൂഒല്യൻസ്.
അർക്കാൻസാസ്സ.	അർക്കൊലിസ.
തെന്നെസ്സി.	നെഷ്വിൽ.
കെന്തക്കി.	ലെക്സിങ്ങ്ടൻ.
ഓഹിയൊ.	ശില്ലികൊത്ത.
മിഷിഗാൻ.	ഡെത്രൊയിത്ത.
ഇണ്ടിയാന.	വിൻസെന്നെസ.
ഇല്ലിനൊയസ.	കാസ്കാസ്കിയ.
മിസ്സൌറി.	ജെഫെർസൊൻ

ദിക്കുകൾ.

ഫ്ലൊറിദ.	തല്ലാഹാസ്സീ
വിസ്കൊൻസിൻ.	മിൽവാൻഹീ.
അയൊവാ.	അയൊവാ.

വക്കിണ്ടൻ എന്ന പട്ടണത്തിൽ പൊതുവിലുള്ള ആലോചന സഭ കൂടി വരുന്നു.

ന്യായോക്ക എന്ന പട്ടണം കച്ചവടത്തിന്നായിട്ട അമൈക്യനാട്ടുകളിലെ തലസ്ഥാനം ആകുന്നു.

ക്ലൈമെട്ട.—ചില ദിക്കുകളിലേവ ഒഴികെ ശീതോഷ്ണം ശരീര സൌഖ്യത്തിന്ന നല്ലതാകുന്നു. എന്നാൽ ഓരൊ ദേശത്തിലെ ക്ലൈമെട്ടിന്ന വിശേഷമുള്ളത ശീതവും ഉഷ്ണവും ക്ഷണം മാറുന്നത കൊണ്ട ആകുന്നു. അതകൊണ്ട ചിലപ്പോൾ വേനൽ കടുപ്പമുള്ള സമയത്ത ഉഷ്ണം ക്ഷണം പോകും ബഹു തണുപ്പ വരികയും ചെയ്യും.

ഉത്ഭവങ്ങൾ.—വടക്കെ അമെരിക്കാകാർ നല്ല കൃഷിക്കാർ ആകുന്നു. അവിടെ പഞ്ഞിയും ചണവും പല തരമായ ധാന്യങ്ങളും സസ്യാദികളും പുകയിലയും നല്ല പോലെ ഉണ്ടാകും മലകളിൽ വൃക്ഷാദികൾ വളരെ ഉണ്ട. നാല്ക്കാലികളും പക്ഷികളും മികവയും യൂറോപ്പിലുള്ളവയെപ്പോലെ ആകുന്നു. ഓരൊ ദേശങ്ങളിൽ വെള്ളിയും ഇരിമ്പും ചെമ്പും ഓരൊയവും കല്ക്കരിയും ഉള്ള തുരങ്കങ്ങളും രത്നക്കല്ലുകളും ഉണ്ട.

കൈവേലകളും വ്യാപാരവും.—പഞ്ഞിയും ചണവും കൊണ്ടുള്ള ശീലത്തരങ്ങളും പഞ്ചസാരയും ചില ദിക്കുകളിൽ കൂറെ വീഞ്ഞും ഉണ്ടാക്കപ്പെടുന്നു. വ്യാപാരം വളരെ ഉണ്ട.

വിശേഷാദികൾ.—അമൈക്യ നാട്ടുകൾ ബ്രിത്തീശകാരുടെ കീഴിൽ ആയിരുന്നു. എന്നാൽ ഓരൊ രണ്ട ദേശക്കാരും തമ്മിൽ യുദ്ധം ഉണ്ടായതിന്റെ ശേഷം അമെരിക്കാകാർ ൧൭൭൬ ആണ്ടിൽ സ്വാതന്ത്ര്യമുള്ളവരായി തീരുകയും ചെയ്തു.

ഓരൊ നാട്ടുകളിൽ ൧൦ ലക്ഷം ജനങ്ങൾ ഉണ്ട. അവരിൽ മികവരും ഇംഗ്ലീഷുകാരുടെ സന്തതികൾ ആകകൊണ്ട അവരുടെ ഭാഷയും നടപ്പുകളും ഇംഗ്ലാണ്ടിലെ പോലെ ആകുന്നു.

ഈ ഐക്യ സംസ്ഥാനങ്ങളിൽ പലനാട്ടുകളും ചില ദിക്കുകളും ഉണ്ട. ഓരോരൊ നാട്ടിൽ അതാതിലെ കുടിയാന്മാർ അവരവരുടെ നാട്ടുകാൎയ്യങ്ങളെ നിശ്ചയിച്ച നടത്തിക്കുന്നു. എന്നാൽ ഈ ഐക്യ സംസ്ഥാനങ്ങളിലുള്ളവർ എല്ലാവരും തമ്മിൽ തമ്മിൽ രക്ഷിക്കുന്നതിന തമ്മിൽ ഐകമത്യം ചെയ്കയും അവൎക്ക പൊതുവിൽ വേണ്ടുന്ന കാൎയ്യങ്ങളെ നടത്തിക്കുന്നതിനായിട്ട ഓരൊ നാട്ടിൽനിന്ന ആളുകളെ നിശ്ചയിച്ച അയക്കുകയും ഈ ആളുകൾ സാമാന്യകാൎയ്യാദികളെ നിശ്ചയിച്ച നിവൃത്തിക്കുന്നതിന്ന ഒരു സ്ഥലത്ത ആലോചന സഭയായിട്ട കൂടുകയും ചട്ടങ്ങളെയും കല്പനകളെയും നിയമിക്കയും ചെയ്യുവരുന്നു. ഇപ്രകാരം അവൎക്ക രാജാക്കന്മാർ എങ്കിലും കൎത്താക്കന്മാർ എങ്കിലും ഇല്ല. ഓരൊ നാട്ടിന്ന ഓരൊ പ്രത്യേകമായിട്ടുള്ള ജനാധിപത്യവും എല്ലാവൎക്കും കൂടെ പൊതുവിൽ ഒരു ജനാധിപത്യവും ഉണ്ട.

മെക്സികൊ എന്നും തെക്സിയസ എന്നും ഗ്വാത്തെമാല എന്നും ഉള്ള ദേശങ്ങളെ കുറിച്ച.

ഈ ദേശങ്ങൾ വടക്കെ അമെറിക്കായുടെ തെക്കെ വശത്ത ആകുന്നു. അവ മുമ്പെ സ്പെയിൻ എന്ന രാജ്യത്തിന്റെ അധികാരത്തിൻ കീഴിൽ ആയിരുന്നു. ഇപ്പോൾ അവ മൂന്ന സ്വാതന്ത്ര്യമുള്ള ജനാധിപത്യങ്ങളായി തീരുകയും ചെയ്തിരിക്കുന്നു.

മെക്സികൊ എന്ന ദേശത്തെ കുറിച്ച.

മെക്സികൊ എന്ന ജനാധിപത്യത്തിൽ പണ്ടത്തെ പഴയതും പുതിയതുമായുള്ള മെക്സികൊ എന്നും കലിപൊൎന്ന്യാ എന്നുമുള്ള ദേശങ്ങൾ ഉൾപ്പെട്ടിരിക്കുന്നു, അവിടെ ഏകദേശം ൭ം ലക്ഷം ജനങ്ങൾ ഉണ്ട. അതിലെ പ്രധാന നഗരികൾ മെക്സികൊ എന്നും അക്കപ്പുല്ക്കൊ എന്നും വെറാക്രുസ എന്നും ആകുന്നു.

മെക്സികൊയിലെ വിശേഷാദികൾ.—മെക്സികൊ സമുദ്രത്തെക്കാൾ ഏകദേശം ൭൦൦൦ അടി പൊക്കത്തിൽ മുകൾപരപ്പുള്ള ദേശം ആകുന്നു. അവിടെ ചില ഉയരമുള്ള മലകളും അഗ്നിപൎവ്വതങ്ങളും സുഭിക്ഷമായുള്ള താണ മൈതാന ഭൂമികളും കാഴ്ചയ്ക്ക നല്ല കായലുകളും ആറുകളും നീൎവ്വീഴ്ചകളും അമെറിക്കായിലും യൂറോപ്പിലും ഉണ്ടാകുന്ന വൃക്ഷസസ്യാദികളും ഉണ്ട. മെക്സിക്കോയിൽ പഞ്ഞിയും നീലവും കരിമ്പും പുകയിലയും മുളകളും മുന്തിരിങ്ങാ വള്ളികളും നന്നായി ഉണ്ടാകുന്നു. ഈ ദേശത്തിലുള്ള കാമ്പീച്ചിയിൽ വിലയേറിയ ചപ്പങ്ങത്തടി ഉണ്ട. അവിടെ പലതരമായ പക്ഷിമൃഗാദികളും ഉണ്ട. നിലങ്ങളിലുള്ള പുഴുക്കൾ എലി മുതലായവയെ നശിപ്പിപ്പാനായിട്ട പാമ്പുകൾ ഇണക്കമുള്ളവയായിട്ട വളൎത്തപ്പെടുന്നു. മെക്സിക്കോയിൽ ഉറുമ്പോളം വലിപ്പമുള്ള ഒരു ചെറിയ പ്രാണി ഉണ്ട. അത തേനീച്ച ഉണ്ടാക്കുന്ന തേനിനെപ്പോലെ തേൻ ഉണ്ടാക്കുന്നു. വേനൽ തുടങ്ങുമ്പോൾ അതിന്റെ വയറ തേൻകൊണ്ട ചെറുവിരലിന്റെ അററത്തോളം വണ്ണത്തിൽ വീൎക്കും ആ തേൻ അവർ വില്ക്കയും ഭക്ഷിക്കയും ചെയ്യുവരുന്നു. ആ ദേശത്തിൽ കോ

ച്ചനിൽ എന്ന പേരായിട്ട ഉറുമ്പോളം വലിപ്പത്തിൽ പറക്കുന്ന ഒരു മാതിരി ജന്തുക്കൾ ഉണ്ട. അവ തന്നെ നല്ല ശോഭയുള്ള ചുവന്ന ചായം ആകുന്നു.

മെക്സിക്കോയിലും കലിപോൎന്യായിലും മഹാ വിശേഷപ്പെട്ട വിലയെറിയ പൊന്നും വെള്ളിയുമുള്ള തുരങ്കങ്ങൾ ഉണ്ട. ചെമ്പും രസവും ഇരിമ്പും ഈയവും വെള്ളീയവുമുള്ള തുരങ്കങ്ങളും ധാതുവെള്ളങ്ങളും ആ ദേശത്തിൽ ഉണ്ട. യൂറോപ്പകാർ അമെറിക്കായിൽ കുടിയിരിക്കുന്നതിന്ന മുമ്പെ അവിടെ പാൎത്ത കുടിയാന്മാർ പലപല ജാതികളായിട്ട പകുക്കപ്പെട്ടിരുന്നു. മിക്കവരും കാട്ടാളാവസ്ഥയിൽ ഇരുന്നു താനും. എന്നാൽ മെക്സിക്കൊ മഹാ ശക്തിയുള്ളതും ജനപെരുപ്പമുള്ളതുമായ രാജ്യം ആയിരുന്നു. അവർ വിഗ്രഹാരാധനക്കാർ ആയിരുന്നു. യുദ്ധത്തിൽ പിടിച്ചിരുന്ന ശത്രുക്കളെ മഹാ ക്രൂരമായി ഭണ്ഡിപ്പിച്ച കൊന്നതിന്റെ ശേഷം അവരുടെ തലകളെയും ഹൃദയങ്ങളെയും ദൈവങ്ങൾക്ക ബലിയായിട്ട കഴിക്കയും ഉടലുകളെ ജയിച്ചവർ ഭക്ഷിക്കയും ചെയ്യുവരുന്നു. ൧൫൨൧ ആണ്ടിൽ സ്പെയിൻകാർ അവിടെ ചെന്ന മെക്സിക്കൊകാരെ ജയിച്ചു. അങ്ങിനെ മെക്സിക്കൊ സ്പെയിനിന്റെ അധികാരത്തിൻ കീഴായി പോകയും ചെയ്തു. ഇപ്പോൾ ഐക്യനാടുകൾ എന്ന പോലെ അത സ്വാതന്ത്ര്യമുള്ള ജനാധിപത്യമായി തീൎന്നിരിക്കുന്നു.

തെക്സിയസ എന്ന ദേശത്തെ കുറിച്ച.

തെക്സിയസ എന്ന ദേശം മെക്സിക്കൊയുടെ വടക്ക കിഴക്ക ആകുന്നു. അതിലെ തലസ്ഥാനം ഔസ്റ്റിൻ എന്ന ആകുന്നു.

ഗ്വാത്തെമാല എന്ന ദേശത്തെ കുറിച്ച.

ഈ ദേശം മെക്സിക്കോയുടെ തെക്ക കിഴക്ക ആകുന്നു. അതിലെ പ്രധാന നഗരികൾ പുതിയ ഗ്വാത്തെമാല എന്നും പുതിയ വെല്ലിദൊലിഡ എന്നും സെന്തസാൽവഡോർ എന്നും ആകുന്നു. ഹൊണ്ടൂറാസ എന്ന പേരുള്ള പ്രദേശം ഈ ദേശത്തിൽ ആകുന്നു. ഇവിടെനിന്ന മഹൊഗെനി എന്നും ലൊഗപ്ലൎഡ എന്നും പേരുകളുള്ള വിശേഷപ്പെട്ട തടികൾ വരുന്നു.

തെക്കെ അമെറിക്കായെ കുറിച്ച.

ഈ ഭാഗത്തിൽ വലിപ്പവും ശ്രേഷ്ഠവുമുള്ള വിശേഷമായ ആറുകളും ഉയരവും വിസ്താരവുമായുള്ള മലകളും പൊന്നും വെള്ളിയുമുള്ള തുരങ്കങ്ങളും ഉണ്ട.

പ്രധാന അംശങ്ങൾ.—കൊലംബിയ എന്നും പെറു എന്നും ബൊലിവ്യാ അല്ലെങ്കിൽ മേലത്തെ പെറു എന്നും ചിലി എന്നും പത്താഗോനിയ എന്നും ബ്യൂയെനോസെറിയസ അല്ലെങ്കിൽ ലാപ്ലാത്താ എന്നും ബ്രസ്സിൾ എന്നും ഗ്വീയാനാ എന്നും പറാഗ്വൈ എന്നും ആകുന്നു.

മലകൾ.—ഒരു വിസ്താരമുള്ള പൎവ്വതനിര തെക്കെ അമെറിക്കാ

യിൽ കൂടെ തെക്കവടക്കായിട്ട അതിന്റെ പടിഞ്ഞാറെ വശത്ത കിടക്കുന്നു. അതിന്റെ പേർ അണ്ടസ അല്ലെങ്കിൽ കൊദ്ദില്ലിറിസ എന്ന ആകുന്നു. ആ നിരയിലുള്ള ഏററവും ഉയരമുള്ള മലയുടെ പേർ കിംബൊറെസൊ എന്ന ആകുന്നു. ആ മലെക്ക ൨൧,൯൯൦ അടി പൊക്കം ഉണ്ട. യാതൊരുത്തരും അതിന്റെ മുകളിൽ എത്തീട്ടില്ല. കിട്ടൊ എന്ന ദേശത്തിൽ കൊഡൊവക്സി എന്ന പേരുള്ള അഗ്നിഗിരി ഉണ്ട. അത ൧൯,൦൦൦ അടി പൊക്കമുള്ളതാകുന്നു. ഇത എല്ലാ അഗ്നി മലകളെക്കാൾ തുലോം ഭയങ്കരമായിട്ടുള്ളതും ആകുന്നു. ചിലപ്പോൾ അത ചൂടുവെള്ളത്തെയും മത്സ്യത്തെയും പുറത്തെക്ക ചാടിക്കുന്നുണ്ട. അഗ്നിയും ദ്രാവകം മുതലായവയും മേല്പോട്ട ചാടി തിളെച്ച താഴെയോട്ട പാഞ്ഞൊഴുകുമ്പോൾ അലച്ച എത്രയും ഘോരമുള്ളതാകകൊണ്ട ൧൦൦ നാഴിക ദൂരത്ത ആ ശബ്ദം കേൾക്കാം.

പ്രധാന ദ്വീപുകൾ.—ഗെല്ലിപെഗൊ ദ്വീപുകൾ എന്നും ജുവൻഫെൎന്നാണ്ടിസ എന്നും ചൈലൊ എന്നും മെദ്രദിദിയോസ എന്നും തെറാദെൽഫുഗൊ എന്നും ഫാൽക്ലാണ്ട ദ്വീപുകൾ എന്നും ത്രിനിദാദ എന്നും ഫെൎന്നാണ്ടൊ എന്നും മാറാൻഹാ എന്നും സ്ഥെതെൻലാണ്ട എന്നും മാസിഫുറൊ എന്നും സെന്ത ഫീലിക്സ എന്നും ന്യൂസൌഥഷെത്ലാണ്ട എന്നും പേരുകളുള്ളവ ആകുന്നു.

മുനമ്പുകൾ.—റോക്ക എന്നും മെറി എന്നും അന്തോനിയൊ എന്നും ഹൊൻ എന്നും പേരുകളുള്ളവ ആകുന്നു.

ഉൾക്കടലുകളും കടൽകൈവഴികളും.—പനാമാ എന്നും ബൂയനാവെന്തുറ എന്നും ഗ്വെയകിൽ എന്നും ആൽസെന്തസ എന്നും ഡറിയൻ എന്നും പേരുകളുള്ളവ ഉൾക്കടലുകൾ ആകുന്നു. മെഗെൽഹയനസ എന്നും ലാമെയർ എന്നും പേരുകളുള്ളവ കടൽകൈവഴികൾ ആകുന്നു.

പ്രധാന ആറുകൾ.—അമസൊൻ എന്നും ഒറിനൊക്കൊ എന്നും രിയൊദെലാപ്ലാത്താ എന്നും ഫ്രാൻസിസ്കൊ എന്നും തൊക്കാന്തിൻ എന്നും മാഗ്ദാലിന എന്നും എസ്സിക്വീബൊ എന്നും ദിമിറാറാ എന്നും ബെൎബീസ എന്നും സുറിനാം എന്നും പേരുകളുള്ളവ ആകുന്നു.

അമസൊൻ എന്ന ആററിന്ന മാറാഗ്നൊൻ അല്ലെങ്കിൽ ഒറെല്ലന എന്ന പേർ വിളിക്കുന്നു. ആ ആറ മറെറല്ലാ ആറുകളെക്കാൾ തുലോം വലിപ്പമുള്ളതാകുന്നു.

സ്പെയിൻകാർ ൦൦൦ വൻകരയിലുള്ള വളരെ നല്ല ദേശങ്ങളെ ജയിച്ച അവയെ ഭരിക്കയും ചെയ്തു. എന്നാൽ അവ എല്ലാം ഇപ്പോൾ സ്വാതന്ത്ര്യമുള്ള ജനാധിപത്യങ്ങൾ ആകുന്നു. കുടിയാന്മാരുടെ കാരണവന്മാരിൽ മിക്കവരും സ്പെയിനിൽനിന്ന വന്നതകൊണ്ട തെക്കെ അമെറിക്കാകാരുടെ മതം റോമ മതം ആകുന്നു.

കൊലംബിയ എന്ന ദേശത്തെ കുറിച്ച.

കൊലംബിയ എന്ന ദേശം തെക്കെ അമെറിക്കായുടെ വടക്കെ ഭാഗത്ത ആകുന്നു. അതിലെ പ്രധാന നഗരികൾ സാന്തഫെദിബൊഗൊ

ത്ത എന്നും കപിട്ടൊ എന്നും ഗ്വെയകീൽ എന്നും കാറാക്കസ എന്നും ആകുന്നു.

ഗ്വെയകീൽ എന്ന പട്ടണം മഹാ കേൾവിപ്പെട്ട തുറമുഖ പട്ടണം ആകുന്നു.

ക്ലൈമെട്ട.—ഈ ദേശത്തിലെ ക്ലൈമെട്ട പെരുത്ത വ്യത്യാസമുള്ളതാകുന്നു. മലകളുള്ള പ്രദേശങ്ങൾ തണുപ്പുള്ളതും കിഴക്കോട്ടുള്ള താണ ദേശങ്ങളിൽ ഉഷ്ണം ബഹു കടുപ്പമുള്ളതും സൌഖ്യമില്ലാത്തതും ആകുന്നു.

ഉത്ഭവങ്ങൾ.—ഈ ദേശത്തിൽ പഞ്ഞിയും പുകയിലയും കരിമ്പും കാപ്പിയും കൊകോയും നീലവും ചായം ഉണ്ടാകുന്ന നല്ല വൃക്ഷാദികളും ഉണ്ടാകുന്നു. മൃഗങ്ങളും പാമ്പുകളും കുരങ്ങുകളും വളരെ ഉണ്ട. പൊന്നും വെള്ളിയും ഇരിമ്പും ചെമ്പുമുള്ള തുരങ്കങ്ങൾ അവിടെ ഉണ്ട. ഈ ദേശത്തിലും അടുത്തുള്ള ദേശങ്ങളിലും കാട്ടുനാല്ക്കാലികളെ ലാസ്സൊകൊണ്ട പിടിച്ചുവരുന്നു. അത എന്തെന്നാൽ രണ്ട ആളുകൾ ശീലിപ്പിച്ച കുതിരപ്പുറത്ത കേറി ഓരൊ നീളമുള്ള കയറ എടുത്ത അതിന്റെ അററത്ത കുരുക്കിട്ടും കൊണ്ട നായാട്ടിന്ന പോകും കാട്ടുപോത്ത മുതലായ നാല്ക്കാലിയെ കണ്ടാൽ കുതിരപ്പുറത്ത ഇരുന്നും കൊണ്ട ഒരു നായാട്ടുകാരൻ ഒരു വശത്തും മറെറ ആൾ അങ്ങെ വശത്തും എത്തുമ്പോൾ ഉടനെ ഓരൊ കയറ കാട്ടുനാല്ക്കാലിയുടെ തലയിന്മേൽ എറിഞ്ഞ പിടിക്കും.

പെറു എന്നും ബോലിവ്യാ അല്ലെങ്കിൽ മേലത്തെ പെറു എന്നുമുള്ള ദേശങ്ങളെ കുറിച്ച.

പെറു തെക്കെ അമെറിക്കായുടെ പടിഞ്ഞാറെ വശത്തും കൊലംബിയായുടെ തെക്കെ വശത്തും ആകുന്നു. പെറുവും ബോലിവ്യായും മുമ്പെ ഒരു സംസ്ഥാനം ആയിരുന്നു. ഇപ്പോൾ രണ്ട ജനാധിപത്യങ്ങളായിട്ട തീന്നിരിക്കുന്നു.

ലീമ എന്നും ത്രുസ്സില്ലൊ എന്നും പേരുകളുള്ള പട്ടണങ്ങൾ പെറുവിലെ പ്രധാന പട്ടണങ്ങൾ ആകുന്നു. ബോലിവ്യായിലെ പ്രധാന നഗരികൾ ലാപാസ എന്നും പൊത്തോസി എന്നും ആകുന്നു. പെറു മലയുള്ള ദേശം ആകുന്നു. പൊത്തോസി എന്ന പട്ടണം മറെറല്ലാ പട്ടണങ്ങളെക്കാൾ ഉയരമുള്ള ഭൂമിയിന്മേൽ പണിയപ്പെട്ടിരിക്കുന്നു. ഇവിടെയുള്ള തുരങ്കത്തിൽനിന്ന കുഴിച്ചെടുക്കുന്ന വെള്ളി മറെറല്ലാ വെള്ളിയെക്കാളും ഏററവും വിശേഷമുള്ളതാകുന്നു. പെറുവിലെ പൊന്നും വെള്ളിയും രസവും ഉള്ള തുരങ്കങ്ങൾ മഹാ കേൾവിപ്പെട്ടതാകുന്നു.

ഈ ദേശത്തിൽ അഗ്നിപൎവ്വതങ്ങൾ ഉണ്ട. ഭൂകമ്പങ്ങൾ കൂടക്കൂടെ വരുന്നു. ൧൭൭൭ ആണ്ടിൽ ലീമാ മിക്കതും ഒരു ഭൂകമ്പം കൊണ്ട നശിക്കയും ബഹു ആയിരം ആളുകൾ ചാകുകയും ചെയ്തു.

ജലാപ്പ എന്നും ബാൎക്ക എന്നും പേരുകളുള്ള വിശേഷ മരുന്നുകൾ ഇവിടെ ഉണ്ടാകുന്നു. നല്ല വൃക്ഷാദികളും സസ്യാദികളും വളരെ ഉണ്ട.

ജീവജന്തുക്കളിൽ വിശേഷമായിട്ടുള്ളവ ലാമാ എന്നും കൊണ്ടൊൾ

എന്നും ഉള്ളവ ആകുന്നു. ലാമാ എന്നുള്ളത ഒരു ആടിനെക്കാൾ വലിപ്പമുള്ള മൃഗം ആകുന്നു. അത പെരുകാക്ക ഏറെറവും വിലയേറിയിട്ടുള്ളതാകുന്നു. അവ മലകളിൽ സഞ്ചരിക്കുന്നു. ഏറെ വെള്ളം കുടിപ്പാൻ അവയ്ക്ക ആവശ്യം ഇല്ല ഒട്ടും പ്രയാസം കൂടാതെയും അബദ്ധം കൂടാതെയും അവ അപകടമുള്ള സ്ഥലങ്ങളിൽ കൂടി ചാടി നടക്കയും ചെയ്യുന്നു. കുതിരകൾക്ക പകരം അവയുടെ പുറത്ത ചരക്കുകളെ കേററി എടുപ്പിക്കയും ചെയ്യുവരുന്നു. അവയുടെ മാംസം തിന്മാൻ നല്ലതും അവയുടെ രോമം കമ്പിളി മുതലായ ശീലഞ്ഞരങ്ങളെ ഉണ്ടാക്കുവാൻ കൊള്ളാകുന്നതും ആകുന്നു.

കൊണ്ടൊർ എന്നുള്ളത ഏകദേശം കഴുക എന്ന പോലെയുള്ള ഒരു മാംസഭോജി പക്ഷി ആകുന്നു.

സ്പെയിൻകാർ പെറുവിനെ പിടിപ്പാനായിട്ട ൧൫൩൨ ആണ്ടിൽ അമെരിക്കായിലേക്ക ചെന്നപ്പോൾ പെറു ശക്തിയുള്ളതും വലിപ്പമുള്ളതുമായ രാജ്യം ആയിരുന്നു. അവർ ചില കായ്ക്കുങ്ങളിൽ ആചാരമുള്ളവരും പണികൌശലങ്ങളിലും പഠിതപ്പിലും അഭ്യസിച്ചവരും ആയിരുന്നു. എന്നാൽ അവർ വിഗ്രഹാരാധനക്കാരായിരുന്നു. ആദിത്യനെ വന്ദിപ്പാനായിട്ട ഉണ്ടാക്കിയ ക്ഷേത്രത്തിന്റെ മുടിവുകൾ ഇന്നെവരെക്കും നില്ക്കുന്നുണ്ട.

ചിലി എന്ന ദേശത്തെ കുറിച്ച.

ചിലി എന്ന ദേശം പെറുവിന്റെ തെക്കുവശത്ത ആകുന്നു. അത അണ്ടെസ എന്ന മലെക്കും പടിഞ്ഞാറെ സമുദ്രത്തിനും ഇടയിലുള്ള നീളമുള്ളതും വിസ്താരം കുറഞ്ഞതും വളരെ ഫലമുള്ളതുമായ ദേശം ആകുന്നു അതിലെ പ്രധാന നഗരി സന്തിയാഗൊ എന്ന പേരുള്ളതാകുന്നു. വല്പറായിസൊ എന്നും കൊൻസെക്ക്യൻ എന്നും വൽദിവിയ എന്നും പേരുകളുള്ള മൂന്ന തുറമുഖപട്ടണങ്ങൾ അവിടെ ഉണ്ട. ചിലിയിലെ ക്ലൈമെട്ട ശരീരസൌഖ്യത്തിന്ന നല്ലതാകുന്നു. അത ചൂടുള്ള ക്ലൈമെട്ടിൽ ആകുന്നു. എങ്കിലും ഒരു വശത്ത കടലിൽനിന്നും മറെറ വശത്ത മലകളിൽനിന്നും തണുപ്പുള്ള കാററ ചിലിയിൽ കൂടി ഊതുന്നതിനാൽ കടുപ്പ ഉഷ്ണം അവിടെ എങ്ങും ഇല്ല. വൃക്ഷാദികളും സസ്യാദികളും കോതമ്പ മുതലായ ധാന്യങ്ങളും പഴങ്ങളും അവിടെ നന്നായി ഉണ്ടാകുന്നു. അവിടെ പൊന്നും വെള്ളിയും ചെമ്പും ൦രുമയുമുള്ള നല്ല ഉരുങ്ങങ്ങൾ ഉണ്ട. പെറു എന്ന പോലെ ചിലി ഒരു ജനാധിപത്യം ആകുന്നു.

പത്തഗോനിയാ എന്ന ദേശത്തെ കുറിച്ച.

പത്തഗോനിയാ എന്ന ദേശം തെക്കെ അമെരിക്കായുടെ തെക്കെ അറററ ഒരു ദേശം ആകുന്നു.

൦രം ദേശം അതിലെ നാട്ടുകാരുടെ അധികാരത്തിൻ കീഴിൽ ആകുന്നു. അവർ ക്രൂര ഭടാചാരക്കാരും മററ മനുഷ്യരെക്കാൾ നെടിയവരും ആകുന്നു. അവരുടെ കുപ്പായങ്ങൾ മൃഗങ്ങളുടെ തോൽ ആകുന്നു. ഉഷ്ണത്തിനായിട്ട രോമമുള്ള വശത്തെ അവരുടെ ദേഹത്തോട തിരിച്ചു

ടുകയും ചെയ്യുവരുന്നു. പത്താഗോനിയാ മലയുള്ളതും ഫലമില്ലാത്തതുമായുള്ള ദേശം ആകുന്നു. കൊടുങ്കാററുകളും ഭൂകമ്പങ്ങളും വളരെ ഉണ്ട.

ലാപ്ലാത്താ എന്ന ദേശത്തെ കുറിച്ച.

ലാപ്ലാത്താ എന്ന ദേശം ചിലിയുടെ കിഴക്കെ വശത്ത ആകുന്നു. ബ്യൂയെനോസെറിയസ എന്ന പേരുള്ള പട്ടണം അതിലെ തലസ്ഥാനം ആകുന്നു.

ഈ ദേശം വലിയ താണ മൈതാന ഭൂമി ആകുന്നു. ഇതിലുള്ള വയലുകൾക്ക പാമ്പാസ എന്ന പേർ വിളിക്കപ്പെടുന്നു. ഇവ എല്ലാം വിശേഷപ്പെട്ട മേച്ചിൽ സ്ഥലങ്ങൾ ആകുന്നു. അവയിൽ കാട്ടുമൃഗങ്ങൾ അനവധി ഉണ്ട. ഈ ദേശത്തിലെ പ്രധാനമായിട്ടുള്ള കച്ചവടം അവയുടെ തോൽ വില്ക്കുന്നത ആകുന്നു.

ഇന്ദ്യാൻറബ്ബർ എന്ന പേരുള്ള തോൽ പോലെ ഒരു വക ഉണങ്ങിയ പശ ഈ ദേശത്തിൽ വളരുന്ന മരത്തിൽനിന്ന ഉണ്ടാകുന്നതാകുന്നു.

ബ്രസ്സീൾ എന്ന ദേശത്തെ കുറിച്ച.

ബ്രസ്സീൾ എന്ന ദേശം തെക്കെ അമെറിക്കായുടെ കിഴക്കെ വശത്ത കൊലംബിയായുടെയും ഗ്വിയനായുടെയും തെക്കെ വശത്തുള്ള ഒരു പെരുത്ത വലിയ ദേശം ആകുന്നു. ഈ ദേശം യൂറോപ്പിനെക്കാളും വലിയതാകുന്നു. ഈ ദേശത്തിലെ മണ്ണ സുഭിക്ഷമുള്ളതാകുന്നു. എങ്കിലും അവിടെ കാട്ടുപ്രദേശങ്ങളും വൃക്ഷാദികളും അനവധി ഉണ്ട. നല്ല വൈരക്കല്ലുകളും പൊന്നും വെള്ളിയും ഇവിടെ ബഹുത്വം ഉണ്ട.

ഔഷധങ്ങളാകുന്ന പല വക നടുതലകളും ചായമരങ്ങളും നല്ല മിനുസമുള്ള വൃക്ഷങ്ങളും കാപ്പിയും കരിമ്പും പഞ്ഞിയും ഈ ദേശത്തിൽ ഉണ്ടാകുന്നു. രീയൊജനയിരൊ എന്ന പേരുള്ള പട്ടണം ബ്രസ്സീളിലെ തലസ്ഥാനം ആകുന്നു. ബാഹീ അല്ലെങ്കിൽ സന്തസാൽവഡോർ എന്നും പേർനാംബുക്കൊ എന്നും പേരുകളുള്ള പട്ടണങ്ങൾ തുറമുഖപട്ടണങ്ങൾ ആകുന്നു. ബ്രസ്സീൾ സ്വാതന്ത്ര്യമുള്ള രാജ്യം ആകുന്നു.

ഗ്വീയാനാ എന്ന ദേശത്തെ കുറിച്ച.

ഗ്വീയാനാ എന്ന ദേശം ബ്രസ്സീളിന്റെ വടക്കെ വശത്ത ഒരു ചെറിയ ദേശം ആകുന്നു. സമുദ്രത്തോട അടുത്ത ദിക്കുകൾ ഇംഗ്ലീഷകാരായിട്ടും ലന്തക്കാരായിട്ടും ഫ്രാൻസകാരായിട്ടും പകുത്ത എടുത്തിരിക്കുന്നു. ഉള്ളിലുള്ള ദേശം പോർത്തുഗാൽകാർക്കുള്ളതാകുന്നു. എങ്കിലും ഭടാചാരക്കാരായ നാട്ടുകാർ അവിടെ പാർത്ത മിക്കതും അനുഭവിക്കുന്നു.

ഗ്വീയാനായുടെ പടിഞ്ഞാറെ ഭാഗം ഇംഗ്ലീഷകാർക്കുള്ളതാകുന്നു.

ദിമെറാറാ എന്നും ബെൎബിസ എന്നും പേരുകളുള്ള രണ്ട ദേശങ്ങൾ ഇംഗ്ലീഷ ഗ്വീയാനായിൽ ഉൾപ്പെട്ടിരിക്കുന്നു.

ലന്തക്കാർക്കുള്ള ഗ്വീയാനാ ഇംഗ്ലീഷ ഗ്വീയാനായുടെ കിഴക്കെ ഭാഗ

ത്ത ആകുന്നു. അതിന്റെ പേർ സുറിനാം എന്ന ആകുന്നു.

ഫ്രാൻസകാൎക്കുള്ള ഗ്വീയാനാ സുറിനാം എന്ന ദേശത്തിന്റെ കിഴക്കെഭാഗം ആകുന്നു. അതിന്റെ പേർ കായെൻ എന്ന ആകുന്നു.

യൂറോപ്പിയക്കാർ പാൎക്കുന്ന ഗ്വീയാനായുടെ ഭാഗം ഏററവും ഉഷ്ണമുള്ളതും സൌഖ്യമില്ലാത്തതും ആകുന്നു. എന്നാൽ ഭൂമി നല്ല ഫലമുള്ളത ആകുന്നു. കരിമ്പും പഞ്ഞിയും മുളകും കാപ്പിയും നന്നായി ഉണ്ടാകുന്നു.

ഗ്വീയാനായിലുള്ള നാട്ടുകാൎക്ക കാറിബ്സ എന്ന പേർ പറയുന്നു. അവരിൽ മിക്കവരും മാനുഷഭോജികൾ ആകുന്നു. ഏകദേശം ഇന്ദ്യായിൽ എന്ന പോലെയുള്ള നാല്ക്കാലികൾ മുതലായ ജീവജന്തുക്കൾ അവിടെ ഉണ്ട. എന്നാൽ അവിടെ പ്രത്യേകമായിട്ടുള്ളത തോപ്പിദൊ എന്ന പേരുള്ള മീൻ ആകുന്നു. മിന്നൽ ജീവജന്തുക്കളെ അടിച്ചാൽ അവയെ കൊല്ലുകയൊ അല്ലെങ്കിൽ അവയെ ഞെടുക്കി നോവിക്കയൊ ചെയ്യുന്ന പ്രകാരം മേൽ പറഞ്ഞ മീനിനെ തൊട്ടാൽ ഉടനെ അതിൽനിന്ന പുറപ്പെടുന്ന മിന്നൽ പോലെയുള്ള ശക്തിയാൽ തൊട്ടവർ ഞടുങ്ങി അവൎക്ക നോവ തട്ടുകയും ചിലപ്പോൾ മററ മീൻ മുതലായ ജന്തുക്കൾ ചാകയും ചെയ്യും. ൦രം മാതിരി മിന്നൽ മീനുകൾ മൂന്നൊ നാലൊ ജാതികൾ ഉണ്ട.

പറാഗ്വൈ എന്ന ദേശത്തെ കുറിച്ച.

പറാഗ്വൈ എന്ന ദേശം ബ്രസ്സീളിന്റെ തെക്ക പടിഞ്ഞാറെ വശത്തുള്ള ഒരു ചെറിയ ദേശം ആകുന്നു.

൧൫൨൦ ആണ്ടിൽ ജെസുയിട്ടകാർ ൦രം ദേശത്തിൽ ചെന്ന അതിലെ കുടിയാന്മാരെ റോമമതത്തോട ചേൎത്ത രാജാക്കന്മാർ എന്ന പോലെ വാഴുകയും ചെയ്തു. ൧൭൩൭ ആണ്ടിൽ സ്പെയിനിലെ രാജാവ ജെസുയിട്ടകാരെ പുറത്ത ആട്ടികളഞ്ഞ രാജ്യഭാരംചെയ്കയും ചെയ്തു. കാലക്രമം കൊണ്ട വളരെ കലഹം ഉണ്ടായി. ഇപ്പോൾ ദോൻഫ്രാൻസ്യ എന്ന പേരുള്ള സ്പെയിൻകാരൻ സ്വെച്ഛപ്രകാരം ആ ദേശത്തെ ഭരിക്കയും ചെയ്യുന്നു.

൦രം ദേശത്തിലെ നിലങ്ങൾനല്ല സുഭിക്ഷമായുള്ളവയാകുന്നു. അവിടെ പൊന്നും വെള്ളിയും ചെമ്പും വെള്ളീയവും ൦രംയവും ഉള്ള തുരങ്കങ്ങൾ ഉണ്ട. ൦രം ദേശത്തിൽ പ്രത്യേകമായിട്ടുള്ളത മാത്തെ എന്ന പേരുള്ള ഒരു സസ്യം ആകുന്നു. തെക്കെ അമെറിക്കായകാർ തേയിലെയ്ക്ക പകരമായിട്ട മാത്തെകൊണ്ട ഉണ്ടാക്കിയ പാനീയത്തെ കുടിച്ചവരുന്നു.

പടിഞ്ഞാറെ ഇന്ദിയസ്സ എന്ന പേരുള്ള ദ്വീപുകളെ കുറിച്ച.

പടിഞ്ഞാറെ ഇന്ദിയസ്സ എന്ന ദ്വീപുകൾ അമെറിക്കായുടെ കിഴക്കെ വശത്ത മെക്സികൊ ഉൾക്കടലിന്റെ അരികെ വടക്കെ അത്ലാന്തിക്ക സമുദ്രത്തിൽ ആകുന്നു.

൦രം ദ്വീപുകൾ താഴെ പറയുന്ന പ്രകാരം പകുക്കപ്പെട്ടിരിക്കുന്നു.

൧മത. വലിയ അന്തില്ലസ എന്ന പറയപ്പെട്ടിരിക്കുന്നവയിൽ ക്യൂബാ എന്നും യമയക്കാ എന്നും സന്തദൊമിൻഗൊ അല്ലെങ്കിൽ ഹെ

ത്തി എന്നും പൊരെത്താറിക്കൊ എന്നുമുള്ള ദ്വീപുകൾ ഉണ്ട്.

൫മത. ചെറിയ അന്തില്ലസ എന്നവയിൽ മാഗറിത്താ എന്നും ബൊനൈർ എന്നും കുറകൊയ് എന്നും അറുബാ എന്നും ഉള്ള ദ്വീപുകൾ ഉണ്ട്.

൬മത. ലിവാർഡ് ദ്വീപുകൾ എന്ന പറയപ്പെട്ടവയിൽ അൻഗ്വില്ലാ എന്നും സെന്തമാർത്തിൻസ് എന്നും സെന്തയുസ്താക്ഷ്യ എന്നും സെന്തബർത്തൊലൊമ്യൂ എന്നും സെന്തക്രിസ്റ്റൊഫർ എന്നും ബാബുഡാ എന്നും അൻതിഗ്വാ എന്നും മൊന്തസെറാത്ത എന്നും നെവിസ എന്നും ഗ്വാദാലൂപ്പ എന്നും മെസിയാദം എന്നും മാറിഗാലാന്റെ എന്നും ദൊമിനിക്കാ എന്നും ഉള്ള ദ്വീപുകൾ ഉണ്ട.

൭മത. വിന്റ്വാർഡ് ദ്വീപുകളിൽ മാർത്തിനിക്കൊ എന്നും സെന്ത ലൂസിയ എന്നും ബാർബഡോസ എന്നും തൊബെഗൊ എന്നും സെന്തവിൻസന്ത എന്നും ഗ്രനഡാ എന്നും ത്രിനിദാദ എന്നും ഉള്ള ദ്വീപുകൾ ഉണ്ട.

ലിവാർഡ് എന്നും വിന്റ്വാർഡ് എന്നുമുള്ള ദ്വീപുകൾ ചിലപ്പോൾ കാരിബ്യൻ ദ്വീപുകൾ എന്ന പറയപ്പെട്ടിരിക്കുന്നു.

൪മത. വെർജീൻ എന്നുള്ള ദ്വീപുകളിൽ പ്രധാനമായിട്ടുള്ളവ സെന്തതോമാസ എന്നും തൊർത്തൊലാ എന്നും വെർജീൻഗൊർഡാ എന്നും അനഗാദാ എന്നും സെന്തയോസ്സ് എന്നും സെന്താക്രൂസ എന്നും ആകുന്നു.

൯മത. ബഹാമ അല്ലെങ്കിൽ ലുകായ എന്ന പേരുള്ള ദ്വീപുകളിൽ പ്രധാനമായിട്ടുള്ളവ ബഹാമ എന്നും ലുകായ എന്നും പ്രൊവിഡെൻസ് എന്നും സെന്തസാൽ വെഡൊർ എന്നും ആകുന്നു.

൦രം ദ്വീപുകളിൽ പ്രധാനമായിട്ടുള്ളവ

൧. ക്യൂബാ

ക്യൂബാ എന്ന ദ്വീപിന ൭ാം ഇംഗ്ലീഷനാഴിക നീളവും ൬കദേശം ൩ാം നാഴിക വീതിയും ഉണ്ട്. ൧൪൯൨ ആണ്ടിൽ സ്പെയിൻകാർ അതിനെ ജയിച്ചു. അന്ന മുതൽ അത സ്പെയിൻ രാജ്യത്തിന്റെ അധികാരത്തിൻ കീഴിൽ ഉൾപ്പെട്ടിരിക്കുന്നു. സ്പെയിൻകാർ അവിടെ ഒന്നാമത കുടിയിരുന്നപ്പോൾ നാട്ടുകാർ വളരെ ഉണ്ടായിരുന്നു. എന്നാൽ സ്പെയിൻകാരുടെ ഉപദ്രവം കൊണ്ടും ലഹരിദ്രവം കൊണ്ടും മസൂരിദീനം കൊണ്ടും അവർ എല്ലാവരും നശിച്ച പോകയും ചെയ്തു.

൦രം ദ്വീപുകളിലുള്ള പുകയില മറെറല്ലാ പുകയിലയെക്കാളും നല്ലതാകുന്നു. ഇവിടെ നല്ല ഔഷധം ഉണ്ടാകുന്നു. സസ്യാദികളും ഒന്നാന്തരം കരിമ്പും വാൽമുളകും ഇഞ്ചിയും കൊക്കോയും നന്നായി ഉണ്ടാകുന്നു. കാട്ടുകളും നല്ലതരമായ വൃക്ഷാദികളും കാട്ടുമൃഗങ്ങളും ൦രം ദ്വീപിൽ ഉണ്ട. നല്ല ചെമ്പ തുരങ്കങ്ങളും ഇവിടെ ഉണ്ട.

൦രം ദ്വീപിലെ പ്രധാന പട്ടണങ്ങൾ ഹാവാണ എന്നും ക്യൂബാ എന്നും പേരുകളുള്ളവ ആകുന്നു.

൨. സെന്തൊമിൻഗൊ

ംരം ദ്വീപിന്ന രംം നാഴിക നീളവും ക്രം നാഴിക വീതിയും ഉണ്ട. സ്പേയിൻകാർ ഇതിനെ ഒന്നാമത പിടിച്ച കൂടിയിരിക്കുമ്പോൾ അതിന്ന ഹിസ്പാനിയാല എന്ന പേരിട്ട. പിന്നത്തേതിൽ ഫ്രാൻസകാർ ഒരു ഭാഗം പിടിച്ച കൂടിയിരിക്കയും ചെയ്ത.

ംരം ദ്വീപിലെ ഭൂമി പെരുത്ത ഫലമുള്ളതാകുന്നു. കൃഷിചെയ്വാനായിട്ട അവിടെ വളരെ അഫ്രിക്കകാർ അടിമകളായിട്ട ഉണ്ടായിരുന്നു. ഇവർ ൧൭൯൩ ആണ്ടിൽ മത്സരിച്ച വെള്ളക്കാരെ തോല്പിച്ചു. അന്ന മുതൽ അത സ്വാതന്ത്ര്യമുള്ള രാജ്യമായി രീന്നു. അഫ്രിക്കകാർ തന്നെ രാജ്യഭാരം ചെയ്യുവരുന്നു. ംരം ദ്വീപിന്റെ ഇപ്പൊഴത്തെ പേർ ഹെത്തി എന്ന സാമാന്യമായിട്ട പറയുന്നു.

൩. യമയക്കാ

ംരം ദ്വീപിന്ന ക്രം നാഴിക നീളവും ന്തം നാഴിക വീതിയും ഉണ്ട. ഫ്രൂട്ടഉ ആണ്ടിൽ ഇംഗ്ലീക്കകാർ അവിടെ പോയി കൂടിയിരുന്നു. ഇന്ന വരെയും ആ ദ്വീപ ഇംഗ്ലാണ്ടകാരുടെ അധികാരത്തിൻ കീഴിൽ ആയിരിക്കുന്നു. അത മൂന്ന കൌന്തികളായിട്ട പകുക്കപ്പെട്ടിരിക്കുന്നു. എന്തെന്നാൽ പടിഞ്ഞാറെ വശം കൊൻവാൽ എന്നും കിഴക്ക വശം സുറി എന്നും നടുവിലത്തെ വശം മിഡൽസെക്സ എന്നും ആകുന്നു. സെന്തജാഗൊ അല്ലെങ്കിൽ സ്പെനിഷ്ടൌൻ എന്ന പട്ടണം യമയക്കായിലുള്ള പ്രധാന പട്ടണം ആകുന്നു. കിങ്സ്ടൌൻ എന്ന പേരുള്ളത തുറമുഖ പട്ടണം ആകുന്നു.

യമയക്കായിലെ ക്ലൈമെട്ട ബഹു ഉഷ്ണമുള്ളതാകുന്നു. ഇവിടെ കുരിമ്പും കാപ്പിയും നീലവും ഇഞ്ചിയും പൈമിന്തൊ എന്ന വാൽമുളകും നന്നായി ഉണ്ടാകുന്നു. ഇവിടെ പഞ്ചസാരയും റം എന്ന പേരുള്ള ചാരായവും ഉണ്ടാക്കപ്പെടുന്നു. ഒരു പവ്തനിര കിഴക്ക പടിഞ്ഞാറായിട്ട കിടക്കുന്നു. ഇതിൽ ഒരു ഉയരമുള്ള മലയുടെ പേർ നീല മല എന്ന ആകുന്നു.

൪. പൊത്തറിക്കൊ

ംരം ദ്വീപിന്ന ക്രം നാഴിക നീളവും രം നാഴിക വീതിയും ഉണ്ട. അത സ്പെയിൻകാരുടെ അധികാരത്തിൻ കീഴിൽ ആകുന്നു. അത സുഭിക്ഷമായുള്ളതും ഭംഗിയുള്ളതും നന്നായി നനെക്കപ്പെടുന്നതുമായുള്ള ദ്വീപ ആകുന്നു.

അതിലുള്ള പ്രധാന കച്ചവടം പഞ്ചസാരയും ചുക്കും പഞ്ഞിയും തോലുകളും ഔഷധങ്ങളും പഴങ്ങളും പലഹാരവും ആകുന്നു. അവിടെ പൊന്നും തുരുങ്ങുകളും ഉണ്ട എന്ന രോന്നുവാൻ ഇട ഉണ്ട.

൫. കരിബ്ബെ ദ്വീപുകൾ

ഇവ എല്ലാം നല്ല സുഭിക്ഷമായുള്ളതും വളരെ ഉപകാരമുള്ളതും ആ

കുന്നു. അവയിൽ പ്രധാനമായിട്ടുള്ളത ബാബ്ഡൊസ എന്ന പേരുള്ള തുകുന്നു. സെന്തവിൻസെന്ത എന്ന ദ്വീപിൽ കൂടി ഒരു പർവതനിര കിടക്കുന്നു. ഇതിൽ ഒരു അഗ്നിഗിരി ഉണ്ട. അതിൽനിന്ന പുക എല്ലാ പ്പൊഴും പുറപ്പെട്ടവരുന്നു.

ംരം ദ്വീപുകളുടെ ഉത്ഭവങ്ങൾ മേൽ പറഞ്ഞ പോലെ തന്നെ ആകുന്നു.

ന്യ. ബഹാമ അല്ലെങ്കിൽ ലുകായ എന്ന ദ്വീപുകൾ.

ംരം ദ്വീപുകൾ ഒംം ഉണ്ട. അവയിൽ പല ചെറിയ പാറകളെ ഉള്ളു. ഈ ദ്വീപുകൾ വലിയവയും നല്ല ഫലം തരുന്നവയും ആകുന്നു. അവയിൽ മിക്കവയും കൂടിയില്ലാത്തവയാകുന്നു. അവ എല്ലാം ഇംഗ്ലീക്ഷകാരുടെ അധികാരത്തിൻ കീഴിൽ ആകുന്നു. അവിടെ പഞ്ഞിയും ചായമരങ്ങളും ഉണ്ടാകുന്നു. അവിടെനിന്ന കടലാമകളെയും ഉപ്പിനെയും പോക്കുചരക്കായി കേറ്റി അയച്ചവരുന്നു.

1922 G 7733.

ഭൂമിശാസ്ത്രം

GEOGRAPHY

BY THE

REV. JOSEPH PEET.

COTTAYAM:
PRINTED AT THE CHURCH MISSION PRESS.

1853.

Copyright 4/1999 YxyMaster GmbH www.yxymaster.com
VierFarbSelector Standard * - Euroskala Offset